മഹാകവി മേല്പത്തൂർ നാരായണഭട്ടതിരിപ്പാട്ടിലെയും

മററു കവികളുടേയും കൃതിയായ

പ്രബന്ധരത്നാവലി.

(ഭാഷാവ്യാഖ്യാനസഹിതം)

ഒന്നാംഭാഗം.



വ്യാഖ്യാതാ,

ചേപ്പാട്ട് കെ. അച്യുതവാര്യർ.

[വില ൧ ക.]

മഹാകവി മേല്പുത്തൂർ നാരായണഭട്ടതിരിപ്പാട്ടിലേയും മററു

കവികളുടേയും കൃതിയായ

പ്രബന്ധരത്നാവലി.

(ഭാഷാവ്യാഖ്യാനസഹിതം)

ഒന്നാംഭാഗം.

വ്യാഖ്യാതാ,

ചേപ്പാട്ട കെ. അച്യുതവാൎയ്യർ.

പ്രകാശകൻ,

കെ. ജി. പരമേശ്വരൻപിള്ള.

"ശ്രീരാമവിലാസം" പ്രസ്സ്, കൊല്ലം.

(കോപ്പിറൈററ് പ്രകാശകനില്.)

൨-ാം പതിപ്പ് കാപ്പി ൫൦൦.

൧൧൦൮.

മുഖവുര.

പ്രക്രിയാസർവ്വസ്വം, നാരായണീയം, ധാതുകാവ്യം മുതലായ
പ്രൗഢസംസ്കൃതഗ്രന്ഥങ്ങളുടെ നിർമ്മാതാവായ ബ്രഹ്മശ്രീ മേല്പുത്തൂർ
നാരായണഭട്ടതിരിപ്പാട്ട് അവർകളെപ്പററി കേട്ടിട്ടില്ലാത്തവർ കേര
ളീയരിൽ ആരുംതന്നെ ഉണ്ടാവാൻ തരമില്ല. ചാക്യാന്മാർ കൂത്തു
പറയുന്നതിനും മററു ചിലർ പാഠകം പറയുന്നതിനും ഉപയോഗി
ക്കുന്നവകളായ സംസ്കൃതപ്രബന്ധങ്ങൾ മിക്കവയും ഭട്ടതിരിപ്പാട്ടി
ലെ കൃതികളാണ്- സരസമധുരമായ അദ്ദേഹത്തിന്റെ കവിതാ
മൃതാസ്വാദനം സംസ്കൃതാനഭിജ്ഞന്മാരായ ആളുകൾക്കു ദുസ്സാധമാ
യിട്ടാണിരിക്കുന്നതു്. ഇതിനും പുറമെ ആ വക പ്രബന്ധങ്ങൾ ഹി
ന്ദുമതതത്വങ്ങളെ ഉൽഘോഷിക്കുന്നവയും യഥാർത്ഥകവിതാരൂപത്തി
ന് ഉത്തമദൃഷ്ടാന്തങ്ങളുമാണ്. ഇങ്ങനെ ഉള്ള പ്രബന്ധങ്ങൾക്കു
ഒരു മലയാളവ്യാഖ്യാനം എഴുതിച്ചേർക്കുന്നതായാൽ അതു് ഏററ
വും ഉപകാരപ്രദമായിരിക്കുമെന്ന് എന്റെ മാന്യസുഹൃത്തുകൾ
എന്നോട്ട് ഉപദേശിക്കയും നിർബന്ധിക്കയും ചെയ്തതിന്റെ ഫല
മാണ ഞാൻ ഇതിലേയ്ക്കു പ്രവേശിച്ചതു്. ഭട്ടതിരിപ്പാട്ടിലെ കൃതി
കളെ വ്യാഖ്യാനിക്കാനുള്ള വിദ്യാസമ്പന്നതയോ മററുവിധമായ
യോഗ്യതകളോ യാതൊന്നും എനിക്കില്ല. എങ്കിലും ഒഴിച്ചുകൂടാ
ത്തതായ ഒരു പ്രേരണാശക്തിയാൽ ഞാൻ കഴിയുന്നതു ഇതിൽ മ
നസ്സിരുത്തി ശ്രമിച്ചിട്ടുണ്ടു്. പ്രബന്ധങ്ങളെ ശേഖരിച്ചു് അവകൾ
തമ്മിൽ പരിശോധിച്ചപ്പോൾ പല പാഠഭേദങ്ങളും കണ്ടവയെ യ
ഥാവിധി ശരിപ്പെടുത്തി ഇതിൽ ചേർത്തിട്ടുണ്ടു്. ഇതിൽ ഇപ്പോൾ
ആകപ്പാടെ എട്ടു പ്രബന്ധങ്ങളുടെ വ്യാഖ്യാനങ്ങൾ മാത്രമാണ ചേ
ർത്തിട്ടുള്ളു. ബാക്കിയുള്ളവകളെ അടുത്ത പുസ്തകമായി പ്രസിദ്ധം
ചെയ്യാമെന്നു വിചാരിക്കുന്നു. വിസ്താരഭയന്നാണ് വ്യാഖ്യാ
നം ഒന്നു ചുരുക്കിയതു്. എന്റെ ഈ ശ്രമത്തിൽ പ്രബന്ധങ്ങൾ
തന്നു സഹായിച്ചിട്ടുള്ള മാന്യന്മാരോടുള്ള കൃതജ്ഞത പ്രത്യേകം പ്ര
സ്താവ്യമാണ്. അതിനുപുറമെ വൃത്തിയായും ഭംഗിയായും
വേഗത്തിലും ഈ പുസ്തകം അച്ചടിച്ചുതന്ന കൊല്ലം ശ്രീരാമവിലാ
സം പ്രസ്സ് ഉടമസ്ഥന്മാരോടു ഞാൻ ഏററവും കടപ്പെട്ടിരിക്കുന്നു.
ഈ വിഷയത്തിൽ എന്നെ സഹായിച്ചിട്ടുള്ള മററു സുഹൃത്തുക്കളോ
ടും എന്റെ നന്ദിയെ അറിയിച്ചുകൊള്ളുന്നു. അങ്ങുമിങ്ങും കിട
ക്കുന്ന അമൂല്യരത്നങ്ങളായ ഈ പ്രബന്ധതല്ലജങ്ങൾക്ക് ഒരുവിധമെ
ങ്കിലും ഉള്ള ഈ വ്യാഖ്യാനംകൊണ്ടു മഹാകവി ഭട്ടതിരിപ്പാട്ടിലെ

വിതാനസാരസ്യവും പ്രബന്ധമഹിമയും കുറഞ്ഞതാണെങ്കിലും സാധാരണക്കാൎക്കു ഗ്രഹിക്കാൻ കഴിയുന്നതാണെങ്കിൽ ഞാൻ അതുകൊണ്ടു ചരിതാൎത്ഥനാകയും ഇതിൽ മഹാജനങ്ങളുടെ അഭിപ്രായം എങ്ങിനെ ഇരിക്കുന്നുവെന്ന് അറിഞ്ഞു് അടുത്ത പുസ്തകം പുറപ്പെടുവിക്കാമെന്നുവിചാരിച്ചും ഇതിനെ സജ്ജനസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

ചേപ്പാട്,
14-1-108.

വ്യാഖ്യാതാ,
കെ. അച്യുതവാൎയ്യർ.



കിരാതംപ്രബന്ധം.

മംഗളം.

നാരായണം ബുധഹിതം മനസാ നിധായ വിദ്യാ
സാരജ്ഞമാശ്രിതകൃപാനിലയം ഗുരും ച
നാരായണാഖ്യ മുനിസൂരികൃതപ്രബന്ധ-
വ്യാഖ്യാം കരോമ്യ പടുലോകസുബോധനാർത്ഥം.

കൃതേ ച ക്രമീരവധേ ബകാരിണാ
വനം ഗതഃ കാമ്യകമസ്തകണ്ടകം
യുധിഷ്ഠിരോ ധൗമ്യമുഖൈർദ്വിജൈഃ സഹ
സ്ഥിതിം വ്യധാദ്ദ്വൈതവനാന്തികേ ചിരം॥ (൧)

അന്വയം — ബകാരിണാ - ക്രമീരവധേ - കൃതേ - അസ്തകണ്ടകം - കാമ്യകം - വനം - ഗതഃ - യുധിഷ്ഠിരഃ - ധൗമ്യമുഖൈഃ - ദ്വിജൈഃ - സഹ - ദ്വൈതവനാന്തികേ - ചിരം - സ്ഥിതിം - വ്യധാത് - ച.

അർത്ഥം — ബകാരിയാൽ (ഭീമനാൽ) ക്രമീരവധം - (ക്രമീരൻ എന്ന അസുരന്റെ വധം) കൃതമായിരിക്കുമ്പോൾ (ചെയ്യപ്പെട്ടപ്പോൾ) അസ്തകണ്ടകമായ (നശിപ്പിക്കപ്പെട്ട ശത്രുക്കളോടുകൂടിയ) കാമ്യകമെന്ന വനത്തെ (കാമ്യകവനത്തെ) ഗതനായ (പ്രാപ്തനായ) യുധിഷ്ഠിരൻ (ധർമ്മപുത്രൻ) ധൗമ്യമുഖന്മാരായ (ധൗമ്യൻ മുതലായ) ദ്വിജന്മാരോടു (ബ്രാഹ്മണരോടു) കൂടെ ദ്വൈതവനത്തിന്റെ അന്തികത്തിൽ (സമീപത്തിൽ) വളരെക്കാലം സ്ഥിതിചെയ്തു (പാർത്തു).

യുധിഷ്ഠിരസ്സത്യവതീസുതാന്മുനേ-
രവാപ്യ വിദ്യാമതിനിർജ്ജിതാസുഹൃത്
ജിഷ്ണും സമാഹൂയ വചഃ സമാദദേ
പുരോദിതഃ പാശുപതാസ്ത്രലബ്ധയേ॥ (൨)

അന്വയം — യുധിഷ്ഠിരഃ - അതിനിർജ്ജിതാസുഹൃത് - സത്യവതീസുതാൽ - മുനേഃ - വിദ്യാം - അവാപ്യ - പുരോദിതഃ - പാശുപതാസ്ത്രലബ്ധയേ - ജിഷ്ണും - സമാഹൂയ - വചഃ - സമാദദേ.

അൎത്ഥം.—യുധിഷ്ഠിരൻ അഭിനിർജ്ജയോത്സുകനായിട്ട് (ശത്രുജയത്തിൽ ഉത്സാഹത്തോടുകൂടിയവനായിട്ട്) സത്യവതീസുതനായ മുനിയിൽനിന്ന് (വേദവ്യാസങ്കൽനിന്ന്) വിദ്യയെ (ശിവനെ സേവിക്കേണ്ടുന്ന മന്ത്രത്തെ) അവാപിച്ചിട്ട് (പ്രാപിച്ചിട്ട്) പുരഭിത്തിങ്കൽനിന്ന് (ശിവങ്കൽനിന്ന്) പാശുപതാസ്ത്രലബ്ധികാമായിട്ട് (പാശുപതാസ്ത്രം ലഭിക്കുന്നതിനായിട്ട്) ജിഷ്ണുവിനെ (അൎജ്ജുനനെ) സമാഹ്വാനം ചെയ്തിട്ട് (വിളിച്ചിട്ട്) വചസ്സിനെ ആദാനംചെയ്തു (പറഞ്ഞു.)

ഗാന്ധാരീതനയാന്നിർവ്യാജതയാരാജ്യംനനോദീയതേ
ഭീഷ്മദ്രോണകൃപാദിഭിർഗ്ഗുണജനൈസ്സാകംവിരോധോഭവേൽ
തസ്മാദൎജ്ജുന!ദുർജ്ജനാന്തക!തതസ്സ്വസ്ത്യസ്തുഗത്വാഗിരിം
ബാണംപാശുപതംഗ്രഹീതുമധുനാമാഹേശമാരാധയ. (൩)

അന്വയം.—ഹേ ദുർജ്ജനാന്തക! അൎജ്ജുന! ഗാന്ധാരീതനയാന്നിർവ്യാജതയാ-നഃ-രാജ്യം-നദീയതേ- ഭീഷ്മദ്രോണകൃപാദിഭിഃ ഗുണജനൈഃ-സാകം-വിരോധഃ-ഭവേൽ-തസ്മാൽ-(ത്വം) ഗിരിം-ഗത്വാ പാശുപതം ബാണം- ഗ്രഹീതും- അധുനാ- മഹേശം- ആരാധയ-തേ സ്വസ്തി-അസ്തു.

അൎത്ഥം.—അല്ലയോ ദുർജ്ജനാന്തകനായ (ദുർജ്ജനത്തിന്റെ നാശത്തെ ചെയ്യുന്നവനായ) അൎജ്ജുന! ഗാന്ധാരീതനയന്റെ (ദുര്യോധനന്റെ) നിർവ്യാജതയാൽ (കപടമില്ലായ്കയാൽ) നമ്മൾക്കായിട്ട് രാജ്യം ദാനംചെയ്യപ്പെടുന്നില്ല. ഭീഷ്മദ്രോണകൃപാദികളായ ഗുണജനങ്ങളോടുകൂടെ വിരോധം ഭവിക്കും. അതിനാൽ നീ ഗിരിയെ (കൈലാസത്തെ) ഗമിച്ചിട്ട് പാശുപതമാകുന്ന ബാണത്തെ ഗ്രഹിക്കാനായിട്ട് ഇപ്പോൾ മഹേശനെ (ശിവനെ) ആരാധിച്ചാലും! നിനക്ക് സ്വസ്തി (മംഗളം) ഭവിക്കട്ടെ.

ഗുരോരനുജ്ഞാമധിഗമ്യശുദ്ധഃ
സമേത്യകൈലാസഗിരേസ്സകാശം
ഹരംസമാരാധയിതുംയതാത്മാ
ധനഞ്ജയസ്തത്രതപശ്ചചാര. (൪)

അന്വയം.—ധനഞ്ജയഃ ശുദ്ധഃ-ഗുരോഃ- അനുജ്ഞാം-അധിഗമ്യ കൈലാസഗിരേഃ- സകാശം- സമേത്യ- ഹരം-സമാരാധയിതും-യതാത്മാ-തത്ര-തപഃ- ചചാര.

അൎത്ഥം.—ധനഞ്ജയൻ പിന്നീട് ഗുരുവിന്റെ അനുജ്ഞയെ അധിഗമിച്ചിട്ട്-(ധൎമ്മപുത്രനെക്കൊണ്ട് സമ്മതിപ്പിച്ചിട്ട്) കൈലാസഗിരിയുടെ സകാശത്തെ (സമീപത്തെ) പ്രാപിച്ചിട്ട്-ഹരനെ (ശിവനെ) സമാരാധിക്കാനായിക്കൊണ്ട് യതാത്മാവായിട്ട് (നിയമിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ട്) അവിടെ തപസ്സിനെ ചരിച്ചു (അനുഷ്ഠിച്ചു)

ഫലേന പൎണ്ണേന ജലേന വായുനാ
സ്ഥിതിം ശരീരസ്യ സ കല്പയൻ ക്രമാൽ
ഉപോഢകാൎശ്യോ/ധികനിൎമ്മലോ/ന്വഹം
ബഭൗ വിപക്ഷബഹുളേ ശശീ യഥാ. ൭

അന്വയം—സഃ-ക്രമാൽ-ഫലേന-പൎണ്ണേന-ജലേന-വായുനാ-ശരീരസ്യ-സ്ഥിതിം-കല്പയൻ-ബഹുളേ-പക്ഷേ-ശശീ-യഥാ അന്വഹം-ഉപോഢകാൎശ്യഃ-അധികനിൎമ്മലഃ-ബഭൗ.

അവൻ ക്രമേണ ഫലങ്ങളെക്കൊണ്ടും പൎണ്ണം (ഇല) കൊണ്ടും ജലംകൊണ്ടും വായുവിനെക്കൊണ്ടും-ശരീരത്തിന്റെ സ്ഥിതിയെ (രക്ഷയെ) കല്പിക്കുന്നവനായിട്ട് (ചെയ്യുന്നവനായിട്ടു) ബഹുളമായ പക്ഷത്തിൽ (കൃഷ്ണപക്ഷത്തിൽ) ശശി (ചന്ദ്രൻ) എന്നപോലെ ദിവസംതോറും ഉപോഢകാൎശ്യനായി (വഹിക്കപ്പെട്ട കാൎശ്യത്തോടുകൂടിയവനായി) അധിക നിൎമ്മലനായിട്ടു (ഏറ്റവും നിൎമ്മലചിത്തനായിട്ട് കളങ്കമില്ലാത്തവനായിട്ട് എന്നും) ശോഭിച്ചു (കൃഷ്ണപക്ഷത്തിലെ ചന്ദ്രൻ ക്രമേണ ചടച്ചും കളങ്കമില്ലാത്തവനും ആകുന്നതുപോലെ അൎജ്ജുനൻ ചടച്ചും നിൎമ്മലനായും ശോഭിച്ചു എന്ന സാരം)

തതഃ സൎവ്വാൻ പരിത്യജ്യ നിയമാൻ മുനിസേവിതാൻ।
സ പഞ്ചാഗ്നിമദ്ധ്യസ്ഥഃ പാദാംഗുഷ്ഠാഗ്രപീഡിതഃ (നിഷ്ഠിതഃ
ഇന്ദ്രിയപഞ്ചകഗ്രാമമിന്ദ്രസൂനുരേകമനോനിലയേ
ചന്ദ്രാൎദ്ധസ്തംഭകേ ഹന്ത ബബന്ധാശു ധൈൎയ്യപാശതഃ ൮

അന്വയം—തതഃ-സഃ-ഇന്ദ്രസൂനുഃ-മുനിസേവിതാൻ-സൎവ്വാൻ-നിയമാൻ-പരിത്യജ്യ-പഞ്ചാഗ്നിമദ്ധ്യസ്ഥഃ-പാദാംഗുഷ്ഠാഗ്രപീഡിതഃ-ഇന്ദ്രിയപഞ്ചകഗ്രാമം-ഏകമനോനിലയേ-ചന്ദ്രാൎദ്ധസ്തംഭകേ-ധൈൎയ്യപാശതഃ-ആശു-ബബന്ധ-ഹന്ത-

അന്വയാൎത്ഥം—അനന്തരം ആ ഇന്ദ്രസൂനു (അൎജ്ജുനൻ) മുനികളെ, മുനിസേവിതങ്ങളായി സൎവ്വങ്ങളായ നിയമങ്ങളെ പരിത്യജിച്ചിട്ടു പഞ്ചാഗ്നിമദ്ധ്യസ്ഥനായിട്ട് (പഞ്ചാഗ്നി=അഞ്ചഗ്നിയുടെ മദ്ധ്യത്തിൽ നില്ക്കുന്നവനായിട്ട്) പാദാംഗുഷ്ഠാഗ്രപീഡിതനായിട്ട് (പാദത്തിന്റെ പെരുവിരലിന്റെ അറ്റംകൊണ്ടു പീഡിപ്പിക്കുന്നവനായിട്ട്) ഇന്ദ്രിയപഞ്ചകഗ്രാമങ്ങളെ (പഞ്ചേന്ദ്രിയങ്ങളാകുന്ന കുതിരകളെ) ഏകമനോനിലയത്തിൽ (മനസ്സാകുന്ന വാജിശാലയിൽ) ഉള്ള ചന്ദ്രാൎദ്ധസ്തംഭത്തിൽ (ശിവനാകുന്ന തൂണിൽ) ധൈൎയ്യപാശംകൊണ്ടു (ധൈൎയ്യമാകുന്ന കയറുകൊണ്ടു) വേഗത്തിൽ ബന്ധിച്ചു. ആശ്ചൎയ്യം! കുതിരകളെ വാജിശാലയിലുള്ള തൂണിൽ കയറുകൊണ്ടു കെട്ടുന്നതുപോലെ അൎജ്ജുനൻ പഞ്ചേന്ദ്രിയങ്ങളെ മനസ്സിൽ ഇരിക്കുന്ന ശിവങ്കൽ ധൈൎയ്യത്തോട് ഉറപ്പിച്ചു എന്ന സാരം.

അഹംശിവഃശിവശ്ച സർവ്വം-സർവ്വംചാസാവഹംശിവഃ।
ശിവാദന്യജ്ജഗത്യസ്മിൻ-നകിഞ്ചിൽപ്രതിപദ്യതേ॥ (൬)

അന്വയം — അഹം-ശിവഃ-ശിവഃസർവ്വം-സർവ്വംസഃ-അസൌ-അഹം-ശിവഃ-അസ്മിൻ-ജഗതി-ശിവാൽ-അന്യൽ-കിഞ്ചിൽ-ന-പ്രതിപദ്യതേ.

അന്വയാർത്ഥം — ഞാൻശിവനാകുന്നു, ശിവനാകുന്നു സർവ്വവും. സർവ്വവും ആ ഞാനാകുന്നു ഞാൻശിവനാകുന്നു ഈ ജഗത്തിൽ (ലോകത്തിൽ) ശിവങ്കൽനിന്ന് അന്യമായി (വേറെ) ഒന്നും പ്രതിപാദിക്കപ്പെടുന്നില്ല (അറിയുന്നില്ല) എല്ലാം ശിവമയമായിരിക്കുന്നു എന്നു സാരം।

ഉദഗ്രതേജോഭിഹതൈർമ്മഹർഷിഭി
ന്നിവേദിതേഽത്യുദ്ധതി സവ്യസാചിനി।
തപശ്ചരന്തം ത്വമനന്യദൈവതം
വിജ്ഞാപയാമോ ഗിരിശമംബികേ॥ (൭)

അന്വയം — ഉദഗ്രതേജോഭിഹതൈഃ-മഹർഷിഭിഃ-താദൃശേ-സവ്യസാചിനി-നിവേദിതേ-അംബികേ-തപഃ-ചരന്തം-അനന്യദൈവതം-ത്വം-ഗിരിശം-വിജ്ഞാപയാമഃ.

അർത്ഥം — ഉദഗ്രതേജോഭിഹതന്മാരായ (ഉൽകൃഷ്ടമായ അർജ്ജുനന്റെ തേജസ്സിനാൽ ഉദിച്ച തേജസ്സിനാൽ ബാധിതന്മാരായ) മഹർഷികളാൽ ചെയ്യപ്പെട്ട (അപേക്ഷിക്കപ്പെട്ട) സവ്യസാചി (അർജ്ജുനൻ) നിവേദിതനായപ്പോൾ (അറിയിക്കപ്പെട്ടപ്പോൾ) അംബികേ (പാർവ്വതി) തപസ്സിനെ ചെയ്യുന്നവനായി (അനുഷ്ഠിക്കുന്നവനായി) അനന്യദൈവതനായ അവനെ (ശിവനല്ലാതെ വേറെ ദൈവത്തെ കൂടാതെയുള്ള അർജ്ജുനനെ) ഗിരിശനോട് (ശിവനോട്) അറിയിച്ചു.

ചില ഗ്രന്ഥങ്ങളിൽ "ഉദഗ്രതേജാ" എന്ന പദ്യത്തിന്നു പാഠാന്തരം।

ത്ര്യൈലോക്യനാഥമുഖാത്തപഃപ്രഭാവം
ശ്രുത്വാ ത്രിജഗതാമധിപോ ഹരശ്ച॥
ദ്രഷ്ടും സ ഭക്തസചിത്തവൃത്തിരക്ഷാ
ഭിലാഷീ കപിലക്ഷ്യകരോമനോഭൂൽ॥

അന്വയം-അഥ-ത്രിജഗതാം-അധിപഃ-ശൈലസുതാ-ഹരഃ-നാരദമുഖാൽ-അസ്യ-തപഃ-പ്രഭാവം-ശ്രുത്വാ-സഖേദ-ഭക്ത-സ്വചിത്തവൃത്തിഃ-ഭക്തരക്ഷാ-അഭിലാഷീ-കിരാതൻ അപിലക്ഷ്യകരം-അകരോൽ.

അർത്ഥം. — അനന്തരം ത്രിജഗത്തുക്കളുടെ അധിപനായിരിക്കുന്ന ഹരൻ (ശിവൻ) നാരദമുഖത്തിൽനിന്നും അവന്റെ തപസ്സി

ന്റെ പ്രഭാവത്തെ ശ്രവിച്ചിട്ട് ദേവിയാൽ സംസ്തുതനായി [illegible] (കണ്ടുകൊണ്ട്) സ്വചിത്തത്തിൽ [illegible] (സ്മരിപ്പിക്കപ്പെട്ട അവന്റെ [illegible]) അമിതന്മാരായ [illegible] ([illegible] ചെയ്യാനിച്ഛിക്കുന്നവനായിട്ടും) ലുബ്ധകതയെ (കാട്ടാളത്തെ) പ്രാപിച്ചു (ഇവിടെ അമിതന്മാരെക്കൊണ്ട് ഇച്ഛിച്ചിട്ടും ലുബ്ധനായി എന്നു വിരോധം. കാട്ടാളനായി എന്നു സമാധാനം.

ദേവോ ലോകശിവങ്കരശ്ശിവ [illegible] ദേവേന്ദ്രസൂനോർമ്മദാ
ദ്യുദ്വൃത്തം [illegible] അമിതൈരാത്മാ [illegible] വിധേയീകൃതൈഃ
[illegible] വപുരാസ്ഥിതഃ സ്ഥിരപരാക്രമാലങ്കൃതാന്തരം
[illegible] പ്രക്രമതേ സ്മ വിക്രമനിധിം പാർത്ഥം [illegible]   (൧൦)

അന്വയം — ലോകശിവങ്കരഃ - സ്ഥിരപരാക്രമാലങ്കാരം - ശിവഃ - ദേവഃ - ദേവേന്ദ്രസൂനോഃ - ഉദ്വൃത്തം - അപാസ്യ - വിധേയീകൃതൈഃ - അമിതൈഃ - [illegible] - വപുഃ - ആസ്ഥിതഃ - കൃതാന്തരം - വിക്രമനിധിം - തം - [illegible] - [illegible] - പ്രക്രമതേ - സ്മ - [illegible]

ലോകശിവങ്കരനും സ്ഥിരപരാക്രമാലങ്കൃതനും ആയ ശിവനാകുന്ന ദേവൻ (ലോകങ്ങൾക്കു [illegible] ആയ ശിവൻ) ദേവേന്ദ്രസൂനുവിന്റെ ഉദ്വൃത്തത്തെ (ഉദ്ധതപ്പെട്ടതിനെ) അപാസിച്ചിട്ട് (കളഞ്ഞിട്ട്) വിധേയീകൃതന്മാരായി അമിതന്മാരായ [illegible] കൊണ്ട് [illegible] (കിരാതസംബന്ധിയായ) വപുസ്സിനെ (ശരീരത്തെ) ആസ്ഥിതനായിട്ട് (പ്രാപ്തനായിട്ട്) കൃതാന്തരനായി (കൃതാന്തരങ്ങളിൽ [illegible] ഉത്തമനായി) വിക്രമനിധിയായ അവനെ (അർജ്ജുനനെ) [illegible] (നായാട്ട് എന്നുള്ള വ്യാജേന) ഗമിക്കാനായിട്ട് (പ്രാപിക്കാനായിട്ട്) പ്രക്രമിച്ചു (ആരംഭിച്ചു).

ദേവീ ദേവം [illegible] സ്വയം [illegible]
പ്രേമാ [illegible] പ്രാപ്ത [illegible]
പ്രേക്ഷം പ്രേക്ഷം [illegible]
[illegible]   (൧൧)

അന്വയം — [illegible] - സാ - ഉമാ - ദേവീ - പ്രാപ്ത [illegible] - [illegible] - ദേവം - പ്രേക്ഷം - പ്രേക്ഷം - [illegible] - [illegible] - [illegible] - [illegible]

അർത്ഥം — [illegible] (പ്രേമത്തോടുകൂടിയവളായ) ആ ഉമയാകുന്ന ദേവി (പാർവ്വതി) പ്രാപ്ത [illegible] (കിരാതവേഷത്തെ പ്രാപിച്ചവനായ) [illegible] ദേവനെ (ശിവനെ) പ്രേക്ഷിച്ചിട്ട് പ്രേക്ഷിച്ചിട്ട് (നോക്കീട്ട് നോക്കീട്ട്) അപ്പോൾ ത

ൽസദൃക്ഷമായി (അതിനോടു സമാനമായി) ചാരുതരശബരിയുടെ (കാട്ടാളസ്ത്രീയുടെ) രൂപത്തെ ഉദ്വഹിച്ചു (സ്വീകരിച്ചു.)

കേചിദുന്നതപ്രശ്രുതാഃ കടുതരഘനവ്യൂഹരവാഃ കക്ഷ[illegible]
[illegible] കോദണ്ഡധനുഷഃ കതിചന കതിചിദ് [illegible]
[illegible] കേചിൽ പാശകാഃ കതിചന കതിചിൽ വാദ്യ[illegible]
[illegible] ചാപ[illegible] പുള്ളിനേത്രവേഷഃ (പ്ര.)

അന്വയം — കേചിത് - ഉന്നതാഃ - കടുതരഘനവ്യൂഹരവാഃ - കക്ഷ[illegible] - പ്രശ്രുതാഃ - കതിചന - കോദണ്ഡധനുഷഃ - അതഃ - കതിചിൽ - [illegible] - കേചിൽ - [illegible] - കതിപയേ - പാശകാഃ - കതിചന - വാദ്യ[illegible] - അന്യേ - ചാപ[illegible] - പുള്ളിനേത്രവേഷം - പുരഹരം - അന്വഗുഃ.

അർത്ഥം — ചില പ്രമഥന്മാർ കടുതരഘനവ്യൂഹരവങ്ങളായ (അതിപരുഷവും ഘനവുമായ വ്യൂഹശബ്ദത്തോടുകൂടിയ) കക്ഷ[illegible]ങ്ങളായി പ്രശ്രുതങ്ങളായിട്ടും (പോരാളികളുടെ സംഘങ്ങളായി നിന്നിട്ടും) ചിലർ കോദണ്ഡധനുസ്സുകളായി [illegible] (വില്ലിന്റെ ആകൃതിയോടുകൂടിയവരായി ജനിച്ചിട്ടും) ചിലർ വാളുകൾ ഏന്തിയവരായിട്ടും (വാൾപ്പിടിയുടെ സ്വരൂപത്തോടുകൂടിയവരായിട്ടും) ചിലർ [illegible]ങ്ങളായിട്ടും (വലക്കയറുകളായിട്ടും) ചിലർ പാശങ്ങളായിട്ടും (കയറുകളായിട്ടും) ചിലർ വാദ്യങ്ങളെ (പറ മുതലായതിനെ) വഹിക്കുന്നവരായിട്ടും അന്യന്മാർ ചാപ[illegible]ങ്ങളായിട്ടും (കയ്യിൽ വില്ലും അമ്പും ധരിച്ചവരായിട്ടും) പുള്ളിനേത്രവേഷനായ (കാട്ടാളന്മാരുടെ വേഷത്തോടുകൂടിയ) പുരഹരനെ (ശിവനെ) അനുഗമിച്ചു.

ഗദ്യം — അഥാസൌ ഗൌരവാൽ പരമകാരുണികഃ പരമേശഃ പരിഗൃഹീതശബരവേഷഃ [illegible] ശിഖണ്ഡിബർഹബന്ധകേശഃ [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible].

അർത്ഥം — അനന്തരം ഗൌരവനായി (ഗാംഭീര്യമുള്ളവനായി) പരമകാരുണികനായി (അത്യന്തം ദയാലുവായി) പരമേശ്വരനായ ഗിരീശൻ (ശിവൻ) പരിഗൃഹീതശബരവേഷനായി (ധരിക്കപ്പെട്ട കാട്ടാളവേഷത്തോടുകൂടിയവനായി) ശിഖിബർഹബന്ധകേശനായി (ശോഭിച്ചിരിക്കുന്ന ബർഹിബർഹംകൊ

യിൽപീലികൊണ്ടു സുന്ദരമായ കേശഭാരത്തോടുകൂടിയവനായി) അഗ്രേ തരളസ്ഫുരന്മുക്താഗുച്ഛതിലകിതനാസികാഗ്രനായി (ഏറ്റവും ചുവന്ന ഗുഞ്ജാഫലം=മുത്തുമണികൾകൊണ്ടും [illegible] ഏറ്റവും മനോഹരമായ മൂക്കിന്റെ അറ്റത്തോടുകൂടിയവനായി) കാചഗുഞ്ജാമയ ഹാരജാലവിരാജിതവക്ഷോദേശനായി (പളുങ്കുകൊണ്ടും കുന്നിക്കുരുകൊണ്ടുമുള്ള മുത്തുമാലകളെക്കൊണ്ടു ശോഭിച്ച വക്ഷഃപ്രദേശത്തോടുകൂടിയവനായി) ശൈവലവലയാങ്കിതബാഹുമണ്ഡലകലിതകോദണ്ഡബാണസംയുതനായി (ശൈവലവള്ളികൊണ്ട് അടയാളപ്പെട്ട കയ്യിൽ ധരിച്ച വില്ലിനോടും ബാണങ്ങളോടും കൂടിയവനായി) നീലതരവസനാഞ്ചലകലിതനായി (ഏറ്റവും നീലമായ വസ്ത്രംകൊണ്ടു ശോഭിക്കുന്ന അരക്കെട്ടോടുകൂടിയവനായി) ചരണവിന്യാസകമ്പിതധരണീമണ്ഡലനായിട്ട്) കാലുവയ്ക്കുകൊണ്ടു ഇളക്കപ്പെട്ട ഭൂമണ്ഡലത്തോടുകൂടിയവനായിട്ട്) അതിനെ കണ്ടിട്ട്, കിരാതരൂപധാരിയായി (ശിവനൊത്ത [illegible] വേഷത്തോടുകൂടിയവളായി) ഗൃഹീതവനചരവനിതാരൂപയായി (ധരിക്കപ്പെട്ട കാട്ടാളസ്ത്രീയുടെ വേഷത്തോടുകൂടിയവളായ) വേത്രാദിഗിരിപുത്രിയായ (ചൂരൽകൊണ്ടു നിർമ്മിക്കപ്പെട്ട [illegible] മൺവെട്ടിയോടുംകൂടിയ) ശൈലരാജപുത്രിയോട് (പാർവ്വതിയോടു) കൂടെ സ്വൈരാനുഗതവിനോദ (അനുഗ്രഹം) അവനെ അനുഗ്രഹിപ്പാനായിട്ട് (അനുഗ്രഹിക്കാൻ ഇച്ഛയോടുകൂടിയവനായിട്ട്) ഗിരിശൻ=ഗിരിശികരത്തിന്ന് (കൈലാസത്തിൽ നിന്ന്) പ്രസ്ഥാനമെയ്തു=പുറപ്പെട്ടു.

N. B. ചില ഗ്രന്ഥത്തിൽ ഈ ഗദ്യത്തിനു പകരം പദ്യം കാണുന്നു.

> ഏവം ഭൂതഗണൈഃ പരീതോ
> ഭൂതാധീശഃ പ്രസ്ഥിതഃ പ്രസ്ഥതസ്സൻ ।
> കൈലാസാദ്ര്യാർദ്ധ്യയാ സാർദ്ധമാഭ്രം
> [illegible] ॥ ഇതി ॥

അന്വയം — ഏവം+ഭൂതഗണൈഃ—ഭൂതഗണൈഃ—പരീതഃ—കൈലാസാദ്രേഃ—പ്രസ്ഥതഃ—ആര്യയാ—പ്രസ്ഥിതഃ—സൻ ഏഷഃ—ഭൂതാധീശഃ—[illegible]—ഇതി.

അർത്ഥം—ഏവം ഭൂതങ്ങളായ (ഇപ്രകാരം വേഷിച്ചവരായ) ഭൂതജാലങ്ങളാൽ പരീതനായി (ചുറ്റപ്പെട്ടവനായി) കൈലാസാദ്രിയുടെ (കൈലാസത്തിന്റെ) പ്രസ്ഥത്തിൽനിന്ന് (അഗ്രത്തിൽനിന്ന്) ആര്യയോടുകൂടി (പാർവ്വതിയോടുകൂടി) പ്രസ്ഥിതനായി (പുറപ്പെട്ടവനായി ഭവിച്ചു) ഈ ഭൂതാധീശൻ (ശിവൻ) അടവികളിൽ (വനങ്ങളിൽ) അവാർദ്ധ്യമായതൊക്കെയും (തങ്ങൾക്കു വല്ലതും

[illegible] (വ്യാജത്തോടുകൂടെ) ചെയ്തു.

(മാതൃകാപാഠം)— [illegible]

[illegible]

[illegible]

[illegible] (൧൧)

അന്വയം — [illegible]

അർത്ഥം — [illegible] (പാൎവ്വതിക്ക്) [illegible] ഗണപതി-സുബ്രഹ്മണ്യൻ [illegible] അനുസന്ധാനം.

[illegible]

[illegible]

[illegible]

[illegible] (൧൨)

അന്വയം — [illegible]

അർത്ഥം — [illegible] (യുദ്ധത്തിൽ കളിക്കാനായിട്ട്) [illegible] (ശിവൻ) [illegible] (വനപ്രദേശത്തിൽ) സ്ഥിതിചെയ്തു.

[illegible]

ഭിന്ദന്നുപോഢാംബുധരോക്ഷിതിം മാവനൗകസാമോത്ഭവത്ഭൂരിഹിംസഃ
മൂകദൈത്യഃ കോപി മദൈത്യഃ നാമ ഗതഭയസ്തൽപ്രദേശം പ്രപേദേ।
(൧൩

അന്വയം.—ഏതസ്മിന്‍- അന്തരേ- അതര്‍ക്കിതസമുപാഗമഃ- പാര്‍ത്ഥവ്യാപാദനായ- ധാര്‍ത്തരാഷ്ട്രൈഃ- ചോദിതഃ പ്രകടിതകപടസ്ഥൂലദേഹസമ്പത്- ഉപോഢ- ഭൂധരോത്ഥ- ക്ഷിതിം- ഭിന്ദന്‍- അവനൗകസാമോത്ഭവല്‍ഭൂരിഹിംസഃ- മൂകദൈത്യഃ- കോപി- ദൈത്യഃ ഗതഭയഃ- സപദി- തത് പ്രദേശം- പ്രപേദേ.

അര്‍ത്ഥം— ഈ അവസരത്തില്‍ അതര്‍ക്കിതസമുപാഗമനായി (തര്‍ക്കിക്കപ്പെടാത്ത ആഗമനത്തോടുകൂടിയവനായി) വിചാരിക്കാത്ത വന്നവനായ എന്നു സാരം. പാര്‍ത്ഥവ്യാപാദനത്തിനായിട്ട് (അര്‍ജ്ജുനവധത്തിനായിട്ട്) ധാര്‍ത്തരാഷ്ട്രന്മാരാല്‍ (ദുര്യോധനാദികളാല്‍) ചോദിതന്‍ (പ്രേരിതന്‍) ആയി പ്രകടിതകപടസ്ഥൂലദേഹസമ്പന്നനായി (പ്രകാശിതമായ വ്യാജശരീരത്തിന്റെ ആകൃതിയോടുകൂടിയവനായി) ഉപോഢമായ ഭൂധരോത്ഥമായ (കുന്നുകളുടെ അറ്റംകൊണ്ടു) ക്ഷിതിയെ (ഭൂമിയെ) ഭിന്ദനായി (പിളര്‍ക്കുന്നവനായി) അവനൗകസാമോത്ഭവത്ഭൂരിഹിംസനായി (വനവാസികള്‍ക്കുണ്ടായ അധികഹിംസയോടുകൂടിയവനായി) മൂകദൈത്യനായ ഒരു ദൈത്യന്‍ (മൂകാസുരന്‍) ഗതഭയനായിട്ട് (നിര്‍ഭയനായിട്ട്) തത്പ്രദേശത്തെ (ആ പ്രദേശത്തെ അര്‍ജ്ജുനന്‍ തപസ്സുചെയ്യുന്ന സ്ഥലത്തെ) പ്രാപിച്ചു.

നിര്‍വ്യാജതാമാത്മനി ദര്‍ശയന്തം ചരിതം സ്വതന്ത്രം
വൃത്രാരേര്‍ന്നുവന്യം ഭൂഷണിമന്തം ഘോരാകൃതിഃ സൂകരഃ।
ദൈത്യഃ കോപി നിഭാസ്വരം സമുത്തമോദാത്തഭീമാകാരവഹിത
ക്രോധാകാരമമും നാമഭിരധാദത്യാമന്ത്രസായകഃ ॥ ൧൪

അന്വയം—വൃത്രാരേഃ- സൂനു- ഉദാത്തം- ഉദാരാശയം- നാരീയന്തം- അരിയം- ചരം- നിര്‍വ്യാജം, ഘോരാകൃതിഃ- ഏഷഃ- സൂകരഃ- ഇ- നിയന്തം- നഃ വന്യഃ, അംസോന്നതഃ- കോപി- ദൈത്യഃ- ഭം- അഭിലാഷഃ- സ്വഃ- ആയാതി- മായാവഹിതക്രോധാകാരഃ- അമും- യമധാമ- നയാമി- ഇതി (നിശ്ചിത്യ) സായകം- ആദദേ-

അര്‍ത്ഥം—വൃത്രാരിയുടെ സുതന്‍ (അര്‍ജ്ജുനന്‍) ഉദാത്തനായും (ശ്രേഷ്ഠനായും) ഉദാരാശയമാകുമാറുള്ളും അരിയനായും (അനേകം വഴിനടന്നവനായും) (അമിയന്തം എന്നും ചിലര്‍ക്ക് പാഠമുണ്ട്) അമിതനായും (ചപലതയില്ലാത്തവനായും) ഇരിക്കുന്ന അവനെ (മൂകാസുരനെ) നിര്‍ദ്ധ്യാനം ചെയ്തിട്ട് (കണ്ടിട്ട്) ഘോരാകൃതിയായ ഈ സൂകരം (പന്നി) ആകട്ടെ നിശ്ചയമായിട്ടും വന്യമല്ല (വനത്തിലുള്ളതല്ല) അംസോന്നതനായ (അത്യന്ത ബലവാനായ) ഒരു ദൈത്യന്‍ എന്നെ ജിഘാംസുവായിട്ട് (കൊ

നിക്കൽ ഇച്ഛയോടുകൂടിയവനായിട്ട്) വരുന്ന—മായാരചിതക്രോധാകാരനായ (മായയാൽ ധരിക്കപ്പെട്ട വരാഹാകൃതിയോടുകൂടിയവനായ) ഇവനെ (ഈ അസുരനെ) യമസദനത്തെ (അന്തകപുരത്തെ) പ്രാപിപ്പിക്കണമെന്ന് എന്നു നിശ്ചയിച്ചിട്ട് സായകത്തെ (ബാണത്തെ) ആദാനംചെയ്തു (എടുത്തു)

"നിശ്ചിത്യ" എന്ന ശ്ലോകത്തിന്റെ പാഠാന്തരം

അംവീക്ഷ്യമത്രുവപുഷം മൃഗശാവകേഷു
ത്രാസാദിശത്സു കരിലംബിത വല്ലഭാഗാൻ
പശ്ചാകുല കളുകളൈരപി പക്ഷിജാലൈ
പാർത്ഥോഭിനിവൃത്യ നിയമാജ്ജഗൃഹേ ശരാസം॥

സാരം—ആ സൂകര ശരീരമായ അതിനെ കണ്ടിട്ട് മാൻകുട്ടികൾ പേടിയാൽ അവയിൽ നിന്നു ഓടിക്കളഞ്ഞു മരവിരിയുടെ അറ്റത്തു പ്രാപിച്ചപ്പോഴും പക്ഷിക്കൂട്ടം കളകളശബ്ദത്തോടെ പറന്നു പോയപ്പോഴും അർജ്ജുനൻ നിയമത്തെ മതിയാക്കിട്ട് വില്ലു കൈയിലെടുത്തു.

വിശിഖോ വിജയേന വേഗതസ്സൃഷ്ടോ ബാണസോപി ശപോത്രിണോങ്ഗമം വൃതനോമതനു പപാത ചമസ വിപുലായാംവിപുലോരു പാംസുഃ॥ ൧൨॥

അന്വയം—വിജയേന– ശബരേണ– അപിച– വേഗതഃ–അസൃഷ്ടഃ– വിശിഖഃ– പോത്രിണഃ– അംഗമം വൃതനോൽ അതനുഃ– അസൌ– വിപുലോരവഃ– പാംസുഃ– വിപുലായാം– പപാത– ച

അർത്ഥം—വിജയനാലും (അർജ്ജുനനാലും) ശബരനാലും (കാട്ടാളനാലും) വേഗത്തിൽ അസൃഷ്ടമായ (പ്രയുക്തമായ) വിശിഖം (ബാണം) പോത്രിയുടെ (പന്നിയുടെ) അംഗമത്തെ ഭേദിച്ചു (ശരീരത്തെമുറിച്ചു). അതനുവായ (മഹത്തായ) ഇത് (പന്നി) വിപുലാരവമായി (മഹത്തായ ശബ്ദത്തോടുകൂടി) പാംസുവായിട്ട് (ഭൂതനായിട്ട്) വിപുലയിൽ (ഭൂമിയിൽ) പതിക്കയുംചെയ്തു.

തമുദ്ഗ്രഹീതുമഭ്യേത്യ തസ്മിൻമാർഗ്ഗതിമാർഗ്ഗണം.
സചാപഃ കോപിശബരസ്സമുപേത്യാബ്രവീദിദം॥ (൧൩)

അന്വയം—തസ്മിൻ– തം– മാർഗ്ഗണം– ഉദ്ഗ്രഹീതും– അഭ്യേത്യ മാർഗ്ഗതി– സചാപഃ കോപിശബരഃ തം– ഉപേത്യ. ഏവം– അബ്രവീത–

അർത്ഥം— അവൻ (അർജ്ജുനൻ) ആ മാർഗ്ഗണത്തെ (പ്രയോഗിച്ച ശരത്തെ) ഉദ്ധരിക്കുന്നതിന്ന് (എടുക്കുന്നതിന്ന്) ഉദ്യുക്തനായി (ഉത്സാഹത്തോടുകൂടിയവനായി) മാർഗ്ഗനായപ്പോൾ (അന്വേഷിക്കുമ്പോൾ) സചാപനായ (വില്ലോടുകൂടിയവനായ) കോശബരൻ (കാട്ടാളൻ) അവനെ (അർജ്ജുനനെ) പ്രാപിച്ചിട്ട് ഇപ്രകാരംപറഞ്ഞു.

സവിധഗഹനവർത്തീ ഭൂധരസ്യാസ്യഭർത്താ
നൃവര! ശബരരാജഃ പ്രേക്ഷിതും കാംക്ഷതേ ത്വാം
അപരിമിതമഹിമ്നസ്തസ്യ ഭൃത്യം വിവക്ഷും
കിമപി സമുപയാതം വിദ്ധി മാം തന്നിയോഗാത് ॥ ൨൦

അന്വയം ഹേ നൃവര! സവിധഗഹനവർത്തീ അസ്യ-ഭൂധരസ്യ-ഭർത്താ-ശബരരാജഃ-ത്വാം-പ്രേക്ഷിതും-കാംക്ഷതേ (ത്വം) മാം-തന്നിയോഗാത്-കിമപി- വിവക്ഷും-സമുപയാതം- അപരിമിതമഹിമ്നഃ- തസ്യ-ഭൃത്യം-വിദ്ധി.

അർത്ഥം —അല്ലയോ രാജാവേ! സവിധഗഹനവർത്തിയും (അടുത്തകാട്ടിൽപാർക്കുന്നവനും) ഈ ഭൂധരത്തിന്റെ(പർവ്വതത്തിന്റെ) ഭർത്താവുമായ ശബരരാജൻ അങ്ങയെ കാണ്മാനായിട്ട് ആഗ്രഹിക്കുന്നു അങ്ങ് എന്നെ തന്നിയോഗത്താൽ ഒന്നിനെ വിവക്ഷുവായി(പറവാൻ ഇച്ഛയുള്ളവനായി) സമുപാഗതനായ (വന്നിരിക്കുന്ന) അപരിമിതമഹിമാവായ (വളരെ മാഹാത്മ്യമുള്ള) തദ്ദേഹത്തിന്റെ (കാട്ടാളന്റെ) ഭൃത്യനെന്ന് അറിഞ്ഞാലും.

തദീയശരസംഹനാഹതമവേഹി ചൈനം മൃഗം
ലഘീയസി തവാശുഗേ കഥയ ശക്തിരീദൃശീ
മഹത്തരമഹീധ്രപ്രവരപക്ഷവിച്ഛേദനേ
പവിഃ പ്രഭവതി സപദി നഖലു തൂലലേശഃ ക്വചിൽ (൨൧)

അന്വയം—ഏനം-മൃഗം- ച- തദീയ ശരാഹസാ-ഹതം- അവേഹി- ലഘീയസി- തവ-ആശുഗേ-ഈദൃശീ-ശക്തിഃ-കുതഃ-കഥയ- മഹത്തരമഹീധ്രപ്രവരപക്ഷവിച്ഛേദനേ- പവിഃ-സപദി-പ്രഭവതി-തൂലലേശഃ ക്വചിത്-ന-പ്രഭവതി-ഖലു.

അർത്ഥം—ഈ മൃഗത്തെ തദീയശരാഹസ്സിനാൽ(കാട്ടാളനെ സംബന്ധിച്ച ബാണത്തിന്റെ ശക്തിയാൽ) ഹതമെന്ന്(കൊല്ലപ്പെട്ടതെന്ന്) അറിഞ്ഞാലും. ലഘീയസ്സായ(ഏറ്റവും നിസ്സാരമായ) നിന്റെ ആശുഗത്തിൽ (ബാണത്തിൽ) ഈദൃശമായ(ഇപ്രകാരമുള്ള ശക്തി എവിടെ(ഉണ്ടാകയില്ല എന്ന സാരം) മഹത്തരനായ മഹീധ്ര പ്രവരന്റെ (പർവ്വതശ്രേഷ്ഠന്റെ) പക്ഷ വിച്ഛേദനത്തിൽ (ചിറക മുറിക്കുന്നതിൽ) പവിഃ(വജ്രം)പ്രഭവിക്കുന്നു (സമർത്ഥമാകുന്നു) തൂലലേശം (പഞ്ഞിയുടെ ലേശം)എവിടെ പ്രഭവിക്കുന്നു (വജ്രംകൊണ്ട പർവ്വതപക്ഷം മുറിപ്പാൻ സാധിക്കുമ്പോലെ പഞ്ഞിയ്ക്കു സാധ്യമല്ല, അതുപോലെ നിന്റെ നിസ്സാരശരം കൊണ്ടാൽ പ്രാണി മരിക്കയില്ല എന്ന സാരം)

ലക്ഷിതാന്യചക്രപാതേപഹൃതം അവാതതായസ്സ്വാമിനാ
സംരക്ഷ്യഃ കൃതമന്യപൃഷത്കൈഃ ക്ഷുദ്രോഽഹിതലോകോത്തമൈഃ

ബാണം ഭുജപ്രണിപാത്യ ഷേധിശമഥാൻ കോപപ്രശാന്തമിദം
ലോകേ ത്രൈവാസ്ത്രിഷു ക്ഷണമവസ്ഥാതും ച ശക്യം നവാ ॥ ൧൫ ॥

അന്വയം— ഭവാൻ— തദാ— ദൃഷ്ടപദേ ?— അസ്യ— ലക്ഷ്യം അഭവത്. ഇദം— അദ്യ— അപി— ഭുതളേഷു— അപി— സമേതേഷു ലോകേഷു— ലോകത്രയേഷു— സങ്കല്പിതം— പ്രശമനീയം— കോപം— ശമയൻ— പ്രണിപത്യ— ബാണം— മേധി— ഭോഗയോ— ന— അത്ര ത്രൈവസ്ത്രിഷു— ക്ഷണം— അവസ്ഥാതും— ച. ന— ശക്യം—

അർത്ഥം— ഇദ്ദേഹം നിന്നാൽ ദൃഷ്ടപദിയായ (ശരവേഗേനാപതിതയായ) ഇദ്ദേഹത്തിന്റെ ലക്ഷ്യം (ലക്ഷ്യമായിനി) അഭവത്തായി (അപഹരിക്കപ്പെട്ടു) ഇത് ഇരിക്കട്ടെ (ലക്ഷ് അപഹരിച്ചു ഇരിക്കട്ടെ കോപിച്ചുണ്ടെന്നാൽ) ഭവാനെന്നാൽ കൃതമനസ്സുവമെങ്കിലും, അപകീർത്തിയുണ്ടാവുമെങ്കിലും) അവനെന്നാൽ (ശരണമില്ലാത്തവനായ) ഭക്തൻ (അല്പന്മാരായ ലോകരോട് (ലോകത്തിൽ ഉത്കൃഷ്ടന്മാരായി ഭവിക്കുന്നവരോ) സങ്കല്പൻ (ക്ഷമിക്കപ്പെടുവാൻ യോഗ്യൻ) എങ്കിലും നിർമ്മലമായ (നിറഞ്ഞുള്ള) കോപത്തെ ശമയൻ (ശമിപ്പിക്കുന്നവൻ) അദ്ദേഹം പ്രണിപതിച്ചിട്ടു (നമസ്കരിച്ചിട്ടു) ബാണത്തെ ആകട്ടെന്നാലും, അല്ലെങ്കിൽ നിങ്ങൾക്ക് ഇവിടെ അവസ്ഥ ചെയ്യുന്നതിനും ക്ഷണം സ്ഥിതിചെയ്യുന്നതിനു ശക്യമല്ല (ബാണത്തെ കൊടുത്തു നമസ്കാരപൂർവ്വകം തന്റെ ക്ഷമിക്കണമെന്ന് പ്രാർത്ഥിച്ചില്ലെങ്കിൽ ഇവിടെ നില്ക്കുന്നവനോ കാണ്മനേയെങ്കിലും നില്പാനോ സാധിക്കയില്ലെന്ന സാരം)

ഹേ ഹേ കശ്മലകിരാത! സ്പൃഹാവിഷയം ഇതു ഭൂരിശൗര്യപാത്രം
മർത്ത്യപ്രവൃത്തികൈ ന ഐശ്വര്യവിശേഷമസ്ത്രൈകമാത്രശാലിനേ
അസ്മൽബാണമനന്യദൃശ്യമഹിമാവേഗം തദാലിപ്സസേ
യത്ത്വക്ഷമം ... ശരീരമക്ഷതമേവാക്ഷമ ॥ (൧൬)

അന്വയം— ഹേ കശ്മലകിരാത!— ഭൂരിശൗര്യപാത്രം വസ്തു അവിജ്ഞാത— അസ്ത്രൈകമാത്രശാലിനേ— ഇദം— മർത്ത്യ. പ്രവൃത്തി— ഐശ്വര്യ വിശേഷ— ക ത്ത അനന്യദൃശ്യമഹിമാവേഗം അസ്മത് ബാണം— ലിപ്സസേ, തദാ ... യത്— ഇ— ദക്ഷം— ശരീരമക്ഷതം— അക്ഷമ ഏതു ക്ഷമ ॥

അർത്ഥം— അല്പയോഗ്യ കശ്മലൻ (അല്പൻ) ആയ കിരാത! അല്പം ശൗര്യം ഉള്ളവനേ! മഹത്തായ സ്പൃഹാവിഷയത്തെ (അന്യർക്കുള്ളതിനെ) സാധിക്കുവാൻ അറിയാത്തവൻ ആയി (ഭൂമണ്ഡലങ്ങളിലുള്ളവരല്ലാതെ വേറെ ഒന്നും അറിയാത്തവൻ എന്നർത്ഥം) അസ്ത്രൈകമാത്രശാലിയായ (ലോകത്തെ ചെയ്യുന്ന അസ്ത്രത്തെ മാത്രം അറിയുന്നവനായ) നിന്നെക്കൊണ്ടു— മർത്ത്യക്ക് (എന്നെപ്പോലെ

ലെയുള്ളവൻ) കോപിക്കുന്ന എന്നിൽ മൈത്രീവിശേഷം (ശത്രുവായികൃാ) എന്നാകുന്ന (നിസ്സാരനായതിനാൽ കോപിച്ചു പ്രാകൃതനാകയല്ല എന്നസാരം) അന്യദുഃഖമഹിമാനോഗമായ (അന്യന്ന് കാണാൻ പാടില്ലാത്തതായ മാഹാത്മ്യാതിശയമുള്ള) അസ്സൽബോധനത്തെ (എന്റെ ശരീരത്തെ) ലിപ്സു (ലഭിക്കാൻ ഇച്ഛയോടുകൂടിയവൻ) ആയതിനാൽ പരുഷമായ (ക്രൂരമായ) ബാണങ്ങളാകട്ടെ (ബാണങ്ങളാകുന്ന വാക്കുകളെ) ഉക്തമായി (പറയപ്പെട്ട) ത്വദന്തഃശരീരകളുടെ ഭാവായിട്ട (ആ വാക്കുകളെ ഉത്തരത്തെ പറയുന്നതായിട്ട്) ഇതുതന്നെ (ഈ ബാണംതന്നെ) ക്ഷമമാകുന്ന (ശക്തമാകുന്ന) നിർബന്ധപക്ഷപാതകമാണ (ഉത്തരം പറയുന്നത് എന്റെ ശരമാകുന്നു എന്നസാരം)

കിഞ്ചാച്യുതാത്മപ്രസിതൈര്യത്രവനേ വിവിക്തേ ന ച ദൃശ്യമിദം -ന-
മിശമവീക്ഷണമാക്ഷനാനിതൽശല്യ ത്വത്തമിദ്ധിതാനാമിഹ ചതി
മാനി സൌജന്യംധനാഃ കരസ്ഥതാവിശിഖമേ തീക്ഷ്ണഃ 24

അന്വയം—കിഞ്ച- അച്യുതം- വിവിക്തേ- അത്ര-വനേ- തപസ്വിതഃ (അഹം) വഃ അമിശമവീക്ഷണമാക്ഷനാനി - ന. ഇച്ഛാമി, തൽ. സന്തപം - ഇതഃ- ശല്യ. നാദിമചൻ- ഇദാനീം— സൌജന്യം-ധനഃ- കരസ്ഥതാം— തീക്ഷ്ണ—വിശിഖഃ —ച —കരസ്ഥഃ

അർത്ഥം — അതുതന്നെയുമല്ല, ഇപ്രകാരം വിവിക്തമായ (വിജനമായ) ഈ വനത്തിൽ തപസ്വിതൻ (തപസ്സുചെയ്യുന്നവൻ) ആയ ഞാൻ നിങ്ങളുടെ അമിശമവീക്ഷണമാക്ഷനാങ്ങളെ (ചേച്ചുരയേയും മറ്റാരെയും സംരക്ഷണത്തെയും) ഇച്ഛിക്കുന്നില്ല. അതിനാൽ വേഗത്തിൽ ഇവിടെ നിന്ന ഗമിച്ചാലും. അല്ലെങ്കിൽ ഇപ്പോൾ സൌജന്യം (തൊണ്ടുകൂടിയതു) ആയ ധനുസ്സും കരസ്ഥമായി (കൈകയിൽ വെക്കപ്പെട്ട) തീക്ഷ്ണം(മൂർച്ചയുള്ളതു) ആയ വിശിഖവും (ബാണവും) കരസ്ഥിതമായി (നിഷണത്തിൽ ഇവിടെ നിന്നു പോകാതെ പക്ഷം യുദ്ധത്തിനു സന്നദ്ധനായിരിക്കുന്നു എന്നു സാരം)

നിരത്യയം സാമകലാമസൂയിതം
തസ്മിൻകരേ ചജമല്ലേ! പിതാമഹനിതേ
സ്വാതന്ത്ര്യജാതേതി ചമാവമിന്ത—
മപോഢ വാനസ്യ ഭവലോപാതന്ദ (൨൫)

അന്വയം —(ത്വം) അസ്മീയാകുലം മാനിതസ്യാഃ. ഭോജല്ലേ! തേ അതസ്യ പിതാമഹി തസ്മിൻകമല ജാതാ ഇതി വചാവലം തം പാദഃ അന്യഭവലോ അപോഢവാൻ.

അർത്ഥം — അതു് അസ്മീയം (തങ്ങളെ സംബോധിച്ചുള്ള) ആയ കലമതനിസംശയം. അല്ലയോ ഭാല്ലേ! (അവിവേകി) നി

ന്റെ താതന്റെ (അച്ഛന്റെ പാണ്ഡുവിന്റെ) പിതാമഹി(മുത്തശ്ശി) (സത്യവതി എന്നർത്ഥം) ഏതുതരം കുലത്തിങ്കൽ ജാതയായി എന്നിങ്ങനെ വദിച്ചവൻ (പറയുന്നവൻ) ആയ അവനെ (കിരാതഭൃത്യനെ) പാർത്ഥൻ (അർജ്ജുനൻ) അസ്ത്രബലത്താൽ അപോഢവാദനായി (നിരസിച്ചു)

സാരം— അല്ലയോ അർജ്ജുന! നിന്റെ അച്ഛന്റെ മുത്തശ്ശിയായ സത്യവതി മുക്കുവന്റെ വംശത്തിലാണ ജനിച്ചത്. അതോർക്കാതെ ഞങ്ങളുടെ വംശത്തെ നിന്ദിച്ചത് അവിവേകമായിപ്പോയി എന്നിങ്ങനെ പറയുന്ന കാട്ടാളനെ അർജ്ജുനൻ ശരം പ്രയോഗിച്ച് ഓടിച്ചു.

ആരാദസ്ത്രാർദ്ദിതേ ദ്രുതമധിവിലുഠതി ഭ്രാന്തചിത്തേ സഭൃത്യേ
ഗ്രസ്താമോദഃ കിരാതാധിപതിരഭിനീതോഗ്രസംരംഭമേഷഃ
വിഷ്വഗ്ദ്രീചീം വികർഷൻ പ്രസൃമരവിവിധപ്രോതപാതാഖിലാശാം
പതാകിനീം വാഹിനീം താം വലമഥനഭുവഃ സന്നിധിം സംപ്രപേദേ (൨൬)

അന്വയം— അസ്ത്രാർദ്ദിതേ– സഭൃത്യേ– ഭ്രാന്തചിത്തേ– ദ്രുതം ആരാത്‌വിലുഠതി- കിരാത പ- അധിപതിഃ- ഗ്രസ്താമോദഃ- അഭിനീതോഗ്രസംരംഭഃ –പ്രസൃമരവിവിധപ്രോതപാതാഖിലാശാം– പതാകിനീം– വാഹിനീം– വിഷ്വഗ്ദ്രീചീം– വികർഷൻ– വലമഥനഭുവഃ– സന്നിധിം– സംപ്രപേദേ.

അർത്ഥം— അസ്ത്രാർദ്ദിതൻ (അസ്ത്രത്താൽപീഡിതൻ) ആയി ഭൃത്യൻ സംഭ്രാന്തചിത്തനായിട്ട് വേഗേനാ സമീപത്തിൽ വിലുഠൻ (ഉരുളുന്നവൻ) ആയിരിക്കുമ്പോൾ കിരാതന്മാരിൽ അധിപതി ഗ്രസ്താമോദൻ (മാഞ്ഞുപോയ സന്തോഷത്തോടുകൂടിയവൻ) ആയി. അഭിനീതോഗ്രസംരംഭൻ (അഭിനയിക്കപ്പെട്ട ഭയങ്കരമായ കോപാവേശത്തോടുകൂടിയവൻ) ആയി (ഏറ്റവും കോപാധിക്യത്തെ നടിച്ചിട്ട് എന്നർത്ഥം) പ്രസൃമരവിവിധപ്രോതപാതാഖിലാശയായ്‌(വ്യാപിച്ചിരിക്കുന്ന ബഹുവിധങ്ങളായ കൊടിക്കൂറകളാൽ എല്ലാ ദിക്കിനെ മറച്ചതായി) പതാകിനിയായ (കൊടിക്കൂറകളോടുകൂടിയ) സംബന്ധിച്ചതായ ആ വാഹിനിയെ (സേനയെ) വിഷ്വദ്രീചിയാക്കി(എല്ലായിടവും വ്യാപിച്ചതാക്കി ചെയ്യുന്നവനായിട്ട് വലമഥനഭൂവിന്റെ (ഇന്ദ്രപുത്രന്റെ) സന്നിധിയെ (സമീപത്തെ) പ്രാപിച്ചു:

ക്ഷേത്രജ്ഞാതമന്! കിരാതാധിപ[illegible]
[illegible]
[illegible]
[illegible] (൨൭)

അന്വയം — ഹേ ക്ഷുദ്രാത്മൻ കിരാത! ശ്വഗണപരിവൃതഃ - ക്ഷുദ്രകൈഃ - ഏഭിഃ സാർദ്ധം - ഗിരിതടഭുവി - അടിഷ്ണുഃ - മർത്ത്യാണി വൃത്താനി - മർത്ത്യൻ (ത്വം) രാജ്ഞാം വൃത്താനി - ന - വേത്സി - അമരപുരവധൂഗീയമാനാപദാനം - മാം ഏതാദൃശം - അജ്ഞാത്വാ - യുദ്ധായ - പ്രവൃത്തഃ - അസി - തസ്യ - അവിവേകസ്യ - ഫലം - സദ്യഃ - അനുഭവ.

അർത്ഥം — അല്ലയോ ക്ഷുദ്രാത്മാവായ കിരാത! ശ്വഗണപരിവൃതനായി (ശ്വാവിന്റെ കൂട്ടത്താൽ ചുറ്റപ്പെട്ടവനായി) ക്ഷുദ്രകന്മാർ (അല്പന്മാരായ) ഇവരോടുകൂടി ഗിരിതടഭൂവികൽ (പർവതസാനുപ്രദേശത്തിൽ) എല്ലായ്പോഴും മർത്ത്യങ്ങളായ വൃത്തങ്ങളെ (മൃഗനായാട്ടുകളെ സംബന്ധിച്ചകാര്യങ്ങളെ) മർത്ത്യൻ (അന്വേഷിക്കുന്നവൻ) ആയ നീ രാജാക്കന്മാരുടെ വൃത്തങ്ങളെ (ചരിത്രങ്ങളെ) അറിയുന്നില്ല. അമരപുരവധൂഗീയമാനാപദാനനായ (ദേവസ്ത്രീകളാൽ ഗാനം ചെയ്യപ്പെടുന്ന അത്ഭുതകർമ്മത്തോടുകൂടിയ) എന്നെ (അപദാനം കർമ്മവൃത്തം എന്ന് അമരം) പരമാർത്ഥമായി അറിയാതെ യുദ്ധത്തിനായിട്ടു പ്രവൃത്തനായി (ഒരുമ്പെട്ടവനായി) ഭവിക്കുന്നു. ആ അവിവേകത്തിന്റെ ഫലത്തെ തൽക്ഷണം അനുഭവിച്ചാലും.

> ക്ഷുദ്രക്ഷിതിപതിവംശകീട! സാക്ഷാത്
> കർത്താരം ജഗതാമവേഹി സന്തതം മാം।
> യദ്വംശം വ്യപദിശസി സ്ഫുടം തമേനം
> ജാനാമി പ്രകടകളങ്കാവഭാസിനം॥ (ചമ്പു)

അന്വയം — ഹേ - ക്ഷുദ്രക്ഷിതിപതിവംശകീട! (ത്വം) മാം സന്തതം ജഗത്സാക്ഷാത് കർത്താരം അവഗച്ഛ (ത്വം) യദ്വംശം വ്യപദിശസി പ്രകടകളങ്കാവഭാസിനം തം - ഏനം - സ്ഫുടം - ജാനാമി.

അർത്ഥം — എടാ ക്ഷുദ്രരാജാക്കന്മാരുടെ വംശത്തിനു പുഴുവായുള്ളവനേ - നീ എന്നെ ഇപ്പോഴും ജഗത്തിനെ (ലോകത്തെ) സാക്ഷാൽ കർത്താവെന്ന് (പ്രത്യക്ഷമായിട്ടു സൃഷ്ടിക്കാൻ കഴിയുന്നവനെന്ന്) അറിഞ്ഞാലും (ലോകത്തിനു സാക്ഷാൽ കർത്താവെന്നു പറഞ്ഞതിനാൽ ശിവനെന്നും ധ്വനിയുണ്ട്) നീ, യദ്വംശത്തെ (യാതൊരു ചന്ദ്രന്റെ വംശത്തെ) വ്യപദേശിക്കുന്ന (പറയുന്ന) പ്രകടകളങ്കാവഭാസിയായ (പ്രകാശിച്ചിരിക്കുന്ന സ്വഗുരുജാരത്വാദികളും കളങ്കത്തോടുകൂടിയ) ആ ഇവനെ (ചന്ദ്രനെ) സ്പഷ്ടമായിട്ടു (വ്യക്തമായിട്ടു) അറിയുന്നു.

സാരം — നീ ഉൽകൃഷ്ടമാണെന്നു ഘോഷിക്കുന്നതായ ചന്ദ്രവംശത്തിന്റെ ആദിഭൂതനായ ചന്ദ്രൻ തന്നെ വളരെ കളങ്കമുള്ളവനാണെന്ന് എന്നു ഭാവം.

ചന്ദ്രൻതന്നെയല്ല ചന്ദ്രന്റെ മകനായ ബുധനേയും ചന്ദ്രവംശ മുഖ്യനായ യയാതിയേയും കാട്ടാളൻ നിന്ദിക്കുന്നു.

പാരമൈഷ്ഠ്യേണയം ബുധം തസ്യാത്മജന്തം
ജനാമ്യേവ താരാഭവം വംശബീജം.
തദ്വംശ്യാനാം വേദ്മി മുഖ്യം യയാതിം
വിപ്രസ്ത്രീം താം യോ/മികഃ പര്യഗൃഹ്ണാത്॥ വൻ.

അന്വയം—പാരമൈഷ്ഠ്യേണയം—താരാഭവം—വംശബീജം—തസ്യ ആത്മജം ച—ജാനാമി—ഏവ—തദ്വംശ്യാനാം—മുഖ്യം—യയാതിം—വേദ്മി—യഃ കാമികഃ—താം—വിപ്രസ്ത്രീം—പര്യഗൃഹ്ണാത്.

അർത്ഥം——പാരമൈഷ്ഠ്യേണയനാം (പരസ്ത്രീജാതനാം) താരയ്ക്കുള്ള (നിന്നെപ്പോലെ ദുർവൃത്തരുടെ) വംശബീജവും (വംശപിതാവും) പ്രസിദ്ധനാം ആയ (അവന്റെ) (ചന്ദ്രന്റെ) ആത്മജനേയും അറിയുന്നുതന്നെ. തദ്വംശ്യന്മാരിൽവച്ചു (ആ വംശത്തിൽ ജനിച്ചവരിൽവച്ചു്) മുഖ്യനായ, യയാതിയേയും അറിയുന്നു. യാവനൊരുത്തൻ (യയാതി) കാമികൻ(കാമുകൻ) ആയിട്ട് ആ വിപ്രസ്ത്രീയെ (ദേവയാനിയെ) പരിഗ്രഹിച്ചു.

ഭാവം—ചന്ദ്രൻ ഗുരുവായ ബൃഹസ്പതിയുടെ ഭാര്യയിൽ ജനിപ്പിച്ച ആ ബുധന്റെ അവസ്ഥയും ബുധന്റെ വംശജാതന്മാരിൽവച്ചു് മുഖ്യനാം ശുക്രപുത്രിയായ ദേവയാനിയെ വിവാഹം ചെയ്തവനാം ആയ യയാതിയുടെ അവസ്ഥയും എനിക്കു നല്ലവണ്ണം അറിയാം. കാട്ടാളൻ ഇനിയും ശന്തനുവിനേയും പാണ്ഡവന്മാരേയും നിന്ദിക്കുന്നു.

തദ്വംശ്യസ്യ ച ശന്തനോർന്ന ചരിതം കേനാപി വിജ്ഞായതേ
യസ്താം ദാശപുത്രീമുപായത സ്വയം കാമാതുരഃ പുംശ്ചലീം
തത്പുത്രസ്യ സുതം ച ഗോളകമമും ജാനാമി പാണ്ഡും പുന
സ്തസ്മാൽ പഞ്ച ച ജാതാൻ സുതരാം ജാനാമി കുണ്ഡാനിമാൻ॥ ശാ.

അന്വയം—തദ്വംശ്യസ്യ—ശന്തനോഃ—ച—ചരിതം—കേന—അപി—ന—വിജ്ഞായതേ—യഃ—കാമാതുരഃ—പുംശ്ചലീം—താം ദാശപുത്രീം—സ്വയം—ഉപായത—തത്പുത്രസ്യ—സുതം—ഗോളകം—അമും—പാണ്ഡും—ച—ജാനാമി—പുനഃ—തസ്മാത്—ജാതാൻ—കുണ്ഡാൻ—ഇമാൻ—പഞ്ച—ച—സുതരാം—ജാനാമി—

അർത്ഥം—തദ്വംശ്യനായ (യയാതിയുടെ വംശജാതനായ) ശന്തനുവിന്റെയും ചരിതം ഇവിടെ ആരാൽ അറിയപ്പെടുന്നില്ല (എല്ലാവരും അറിയുന്നു എന്നു ഭാവം) യാവനൊരുത്തൻ (ശന്തനു) കാമാതുരനായിട്ടു പുംശ്ചലിയായ (പതിവ്രതയല്ലാത്തവളായ) (വിവാഹംകഴിയുന്നതിനു മുമ്പുതന്നെ ഗംഗാനദിയുടെ മദ്ധ്യത്തിൽവച്ചു പരാശരന്റെ

സംഗമത്താൽ വ്യാസനെ ജനിപ്പിച്ചു എന്നസാരം) ആ ദാശപതിയുടെ സുതയെ (മുക്കുവരാജാവിന്റെ പുത്രിയായ സത്യവതിയെ) ഉപയമിച്ചു (വിവാഹംചെയ്തു) തൽപുത്രന്റെ സുതനായി (സത്യവതീപുത്രനാം വേദവ്യാസന്റെ മകനായി) ഗോളകൻ (ഭർത്താവുമരിച്ചിട്ടു ജാരങ്കൽനിന്നു ജനിച്ചവൻ) ആയ ഈ പാണ്ഡുവിനെയും അറിയുന്നു. പിന്നീടു ഉള്ളവരായി തദാത്മജന്മാരായി (പാണ്ഡുവിന്റെ പുത്രന്മാരായി) കുണ്ഡന്മാർ (ഭർത്താവിരിക്കുമ്പോൾ ജാരങ്കൽനിന്നു ജനിച്ചവർ) ആയ ഈ നിങ്ങളെ അഞ്ചുപേരെയും നല്ലവണ്ണം അറിയുന്നു. (വിചിത്രവീര്യൻ മരിച്ചതിന്റെശേഷം വ്യാസങ്കൽനിന്നു ജനിച്ചവനാകയാൽ പാണ്ഡുവിനെ ഗോളകൻ എന്നും പാണ്ഡു ജീവിച്ചിരിക്കുമ്പോൾതന്നെ കാലൻമുതലായവരിൽനിന്നു ഉത്ഭവിച്ചവരാകയാൽ പാണ്ഡവന്മാരെ കുണ്ഡന്മാരെന്നും പറയുന്നു) അമൃതേജാരജഃ കുണ്ഡോമൃതേ ഭർത്തരിഗോളകഃ എന്ന് അമരം. നിങ്ങളുടെ പൂർവ്വന്മാരെ തന്നെ അല്ല, നിങ്ങളെയും കൃത്സ്നം നിന്ദ്യമാണെന്നു പറയുന്നു.

> അഥ കിമപി രഹസ്യം ത്വാം പൃച്ഛാമി കസ്മാ
> ദ്ദ്രുപദദുഹിതരമേകാം പഞ്ച പര്യഗ്രഹീഷ്ട (ഢ്വം)
> ഉചിതപരമപീതസ്സമ്പ്രദാസ്യേ ചതസ്രഃ
> പരിണയത കിരാതീഃ സാധു മാം പ്രാർത്ഥയധ്വം (൧൫)

അന്വയം.- അഥ—(അഥം)—അത്ര—ത്വാം—രഹസ്യം—കിമപി—പൃച്ഛാമി—(ഞാൻ) പഞ്ചകസ്മാൽ—ഏകാം—ദ്രുപദദുഹിതരം—പര്യഗ്രഹീഢ്വം—ഉചിതം—ഇതഃ—പരം—അപി (ആകട്ടെ) ചതസ്രഃ കിരാതീഃ സമ്പ്രദാസ്യേ—(ഞാൻ) പരിണയത—മാം—സാധു—പ്രാർത്ഥയധ്വം

അർത്ഥം — ഇനിയും ഞാൻ ഇപ്പോൾ നിന്നോടു രഹസ്യമായിട്ട് ഒന്നിനെ പൃച്ഛിക്കുന്നു. (ചോദിക്കുന്നു) നിങ്ങൾ അഞ്ചുപേർ എന്തുകൊണ്ട് ഏകയായ ദ്രുപദദുഹിതാവിനെ (ദ്രുപദരാജപുത്രിയെ) പരിഗ്രഹിച്ചു (വിവാഹംചെയ്തു). അതുപോകട്ടെ, ഇതിനുമേലിൽ എങ്കിലും ഞാൻ നാലു കിരാതികളെ സമ്പ്രദാനംചെയ്യുന്നുണ്ട്. നിങ്ങൾപരിണയംചെയ്താലും (വിവാഹംചെയ്താലും) എന്നോടു വഴിപോലെ പ്രാർത്ഥിച്ചാലും (നിങ്ങൾ എന്നോടുവന്നു വഴിപോലെ യാചിച്ചാൽ ഇനിയെങ്കിലും ഞാൻ നാലു കാട്ടാളസ്ത്രീകളെക്കൂടെ തരാം. ആ നാലുസ്ത്രീകളെയും പാഞ്ചാലിയെയുംകൂടി നിങ്ങൾ ഓരോരുത്തരും പ്രത്യേകിച്ചു വിവാഹം ചെയ്താലും എന്നസാരം.)

> ഉദ്വൃത്താജ്ഞസഭാഹരണനിവാരതാം ഗ്രഹണപ്രയത്നം
> പതിരിഹതനാമല്ലിവായമിപുളിസ്തൊവൽതഥാമല്ല താം
> തേജസ്സ്വകവാലകയൻയശോവസ് ത്രുസ്സിതൈതതതയതേ
> വിക്രാന്തിസ്സുവതാദൃശോ ഗതിയശശ്ശൈത്യേ ഹ്യലോകൃതമാക്രാമതി (൧൬)

അന്വയഃ—മഹാദ്യുതേ! ബലാത്— അഗ്രതഃ— ഏനാം— അന്യൈഃ— കൃഷ്ടാം— രിപുഭിഃ— തഥാ— ക്ലേശിതാം— പ്രേയസീം— പത്നീം— പാഞ്ചാലീം— അവലോകയൻ— യത്— (ത്വം) തൂഷ്ണീം— അഭൂഃ— അതഃ— തവ— വിക്രാന്തിഃ— ഇതി മത്വാ— തദ്യശഃ— യദി — യശഃ— ത്രൈലോക്യം— ആക്രാമതി.

അർത്ഥം— മഹാദ്യുതിയായുള്ളവനേ ബലാൽക്കാരേണ ശത്രുക്കളാൽ ഇവളെ അഗ്രതിങ്കൽ (മുമ്പിൽ) വച്ചു തന്നെ കഷ്ടം! കഷ്ടം! രിപുക്കളാൽ (ശത്രുക്കളാൽ) അപ്പ്രകാരം അപ്രകാരം ക്ലേശിതയായി (വസ്ത്രാക്ഷേപാദികൊണ്ടു ദുഃഖിപ്പിക്കപ്പെട്ടവളായി (പ്രേയസിയായ) ഏറ്റവും ഇഷ്ടയായ) പത്നിയെ (പാഞ്ചാലിയെ) നല്ലവണ്ണംകൊണ്ടു അവലോകയൻ (കാണുന്നവൻ) ആയിട്ടു യാതൊന്നിനാൽ നീ മൌനി (മിണ്ടാതെ വനായിട്ടു) ഇരുന്നു. അതിനാൽ നിന്റെ വിക്രാന്തി (വിക്രമം) അറിയപ്പെടുന്നു തദ്യശസ്സ് എങ്കിൽ (അപ്രകാരം ഉള്ള പരാക്രമമാണ് എന്നു വിചാരിക്കുന്നു എങ്കിൽ) യശസ്സ് ത്രൈലോക്യത്തെ ആക്രമിക്കുന്നു (പാഞ്ചാലിയുടെ വസ്ത്രാക്ഷേപത്തിൽ മിണ്ടാതെ ഇരുന്നതു കൊണ്ടുതന്നെ നിന്റെ പരാക്രമം സ്പഷ്ടമാകുന്നു എന്നു സാരം)

തിഷ്ഠതേതദശേഷമവബോദ്ധമന്ത്യപുരസ്താത്കം
വൃത്തംവേദ്മി വിശിഷ്ടസേവ്യമുചിതം ബുദ്ധ്യായമാസേവസേ।
ക്ഷേത്രം ബ്രാഹ്മണശിഷ്ടൈർനവസതിർഭക്ഷ്യോപഭോഗാസകം
ഭൂതപ്രേതപതിസ്ത്വയൈവ പശുപതിഃ കസ്യാപരൈരർച്യതേ॥ (ച.ന.

അന്വയഃ—ഏതത്— അശേഷം— ഏവാ— തിഷ്ഠതു—പുരഃ— ബോദ്ധവ്യം— താവകം— വൃത്തം— (അഹം) വേദ്മി (ത്വം) യം— വിശിഷ്ടസേവ്യം
ബുദ്ധ്യാ ആസേവസേ ഉചിതം ബ്രാഹ്മണശിഷ്ടൈഃ ക്ഷേത്രം ശ്മശാനം വസതിഃ ഭക്ഷ്യോപഭോഗാസകഃ ഭൂതപ്രേതപതിഃ ത്വം പശുപതിഃ അപരൈഃ കേന അർച്ച്യതേ ഏവ

അർത്ഥം— ഇതു് അശേഷവും ഇരിക്കട്ടെ (ഇക്കാര്യങ്ങൾ എല്ലാം പോകട്ടെ എന്നു സാരം) ഇനിയും ബോദ്ധവ്യമായി (അറിയപ്പെടേണ്ടവയായി) താവകം (നിന്നെ സംബന്ധിച്ചതു്) ആയ വൃത്താന്തത്തെ ഞാൻ അറിയുന്നു. നീ യാതൊരുവനെ (ശിവനെ) വിശിഷ്ടസേവ്യനായി ബുദ്ധിച്ചിട്ടു സേവിക്കുന്നു. യുക്തം തന്നെ— ബ്രാഹ്മണശിഷ്ടന്മാരാൽ ത്യജിക്കപ്പെട്ട ക്ഷേത്രമായിരിക്കുന്ന (കഴുത്തുമുറിച്ചവനും) ശ്മശാനവാസത്തിലും ഭക്ഷ്യോപഭോഗം സകലവും (ഭക്ഷ്യമായതിനെ നശിപ്പിച്ചവനും) ഭൂതപ്രേതപതിയും ആയ ആ പശുപതി (ശിവൻ) അപരന്മാരാൽ (അന്യന്മാരാൽ) ആരാൽ അർച്ചിക്കപ്പെടുന്നു (പൂജയിൽ പാൽക്കി മുതലായതുകൊണ്ടു നിന്ദ്യനായ ശിവനെ നീ അല്ലാതെ വേറെ ആരും പൂജിക്കയില്ല എന്നു സാരം)

> പ്രണിദധാനം ത്രിപുരവ്യുദാസമഹിമാ
> ജഗതഃപതേർന്നിശമയതഃ കിരീടിനഃ
> ഏധിക്ഷണാദയാചിതകല്പപാദപഃ
> പ്രവവർത്തേ പ്രതിഘാതമാനസഃ പുരഃ॥ (൨൨)

അന്വയം:- ജഗതഃ പതേഃ-ത്രിപുരവ്യുദാസമഹിമ-പ്രണിദധാനം. നിശമയതഃ-കിരീടിനഃ. ഏധി-ക്ഷണാത്. അയാചിതകല്പപാദപഃ-പ്രതിഘാതമാനസഃ-പുരഃ-പ്രവവർത്ത.

അർത്ഥം: ജഗൽപതിയായ ത്രിപുരവ്യുദാസമഹിമയുടെ (ത്രിപുരന്മാരുടെ മദത്തെ ശമിപ്പിച്ച ത്രിപുരാന്തകന്റെ എന്നർത്ഥം) പ്രണിധാനത്തെ- (അതു ശമനമായുള്ളതിനെ) നിശമയൻ (കേൾക്കുന്നവൻ) ആയ കിരീടിയുടെ (അർജ്ജുനന്റെ) ഏധത്തിൽ (മനസ്സിൽ) ക്ഷണേന അയാചിതകല്പപാദപനായ (പ്രഭുമഹേശ്വരൻ തന്നെ) പ്രതിഘാതമാനസൻ (കോപമില്ലാതെ) വർത്തിച്ചു. (പുരഃ എന്ന അവ്യയത്തിന്റെ അർത്ഥം മുമ്പിലെന്ന് ഏവം എന്നു സൂത്രം.

> ഹേ ഹേ മാനസികപാലക! യത്ര ഭവദ്ഭുതാമലമന്ദസ്യവാദ്യകലം
> സാക്ഷാന്നിരാസിശർവ്വം സമപിനാകധർവ്വം തരാ സർവ്വസഹ
> യത്തു പാവത്രിപുരമഹാഭഗവതഃ കഥംവിധാതവ്യതമം
> തരച്‌ഛൃത്രാന്താരമംചഃ ചിരശർവ്വപ്രസാദം ച വിഗ്രഹാഗാധിവാസഹേശകാന്ത്‌ (൨൩)

അന്വയം: ഹേ-ഹേ-മാനസികപാലക!-ഭവ-അത്ഭുത- ചന്ദ്രവാദ്യ-കല- സാക്ഷാത്-നിരാസ-ത്വൽ-നഃ-അപി-ശർവ്വഗ-യത്-തത്-ഏതൽ-സർവ്വം-സഹ-ഏതു-ത്രിപുരദ്രഹഃ-ഭഗവതഃ- കഥാ-വിധാതവ്യതമം-ഭവ- അത്ര-തൽ -ശ്രുത്വാമാരമായോഷ്‌-ഹേ ഭവം-ഗാധിവാസ-ശരൻ-യാക്‌-ഹ-ഭവതു.

അർത്ഥം. എട്ടും എട്ടും മാനസികപാലക! (നിത്യമായ മാനസത്തെ ഭക്ഷിക്കുന്നവനേ) നീ ഇപ്രകാരം ചന്ദ്രന്റെ വദ്യമായ കലയെ സാക്ഷാൽ നിരസിക്കുന്നു. എന്നുള്ള യാതൊന്ന് ശൈലങ്ങളെയും നിരസിക്കുന്നു എന്നുള്ള യാതൊന്ന്. ആ ഇതിനെ സർവ്വത്തെയും സഹിക്കുന്നു. ഇപ്രകാരം ത്രിപുരദ്രുട്‌ (ത്രിപുരാന്തകൻ) ആയ ഭഗവാന്റെ കഥയെ(നിന്നെ) ഏറ്റവും വിധാനം ചെയ്യുന്ന എന്നുള്ള യാതൊന്ന്. ഇപ്രകാരം അതിനെ ശ്രുത്വാവായ എന്നെയും നിവേദിക്കുന്നു. കഷ്ടം! ഗാധിവരതേയും ശരങ്ങളേയും നിരസിക്കുന്ന കഷ്ടം! കഷ്ടം!

> ഇതരംവാഗ്‌മിതഷിതപ്പുള്ളതരദ്ധ്യയരജേന്ദ്രസൂത്ര
> ശങ്കരാന്തരകലുഷിതദ്ദശശക്തിഭിഷണസ്യ
> അധ്യാപതിരക്ഷ്ണതിഗിതർക്കിരെപ്പൂരയമഹേകപീഡയന്താ
> വന്ത്യാന്തമൈഹനിഖിലതമംകുത്രസമ്പ്രദാനം. (൨൪)

അന്വയം — ഇത്ഥം - വാഗ്ഭിഃ - ക്ഷുഭിതസ്വഭാവൈഃ - വ്യായാമദക്ഷൈഃ - ഗൃഹീതശസ്ത്രൈഃ - കലുഷിതദൃഷ്ടിഭിഃ - ദ്രുതമിളിതമന്ത്രാസ്ത്രൈഃ - അതിശിതശരൈഃ - തീക്ഷ്ണൈഃ - ബാണൈഃ - പീഡയന്തൗ - അന്യോന്യം - നിഖിലമയം - സമ്പ്രഹാരം - ചക്രതുഃ.

അർത്ഥം — ഇപ്രകാരം വാക്കുകൾകൊണ്ട ക്ഷുഭിതസ്വഭാവന്മാരായ (കോപിച്ച മനസ്സോടുകൂടിയവരായ) ആയുധാഭ്യാസങ്ങളിൽ സമർത്ഥന്മാരും ശസ്ത്രങ്ങളെ ഗ്രഹിച്ചവരും (അഭ്യസിച്ചവരും) കലുഷിതങ്ങളായ കണ്ണുകളും (കലങ്ങിയ കണ്ണുകളോടുകൂടിയവരും) ദ്രുതമിളിതമന്ത്രാസ്ത്രന്മാരും (പ്രയോഗിക്കപ്പെട്ട മന്ത്രാസ്ത്രങ്ങളോടുകൂടിയവരും) അത്രയുമല്ല അതിശിതശരങ്ങളും (മൂർച്ചയുള്ള അഗ്രങ്ങളോടുകൂടിയവയും) തീക്ഷ്ണങ്ങളും ആയ ബാണങ്ങൾകൊണ്ട പീഡയേറ്റുന്നവരും ആയിട്ട് അന്യോന്യം നിഖിലമയം (സകലവിധം ഭയങ്കരമാകുന്നതായ) ആയ സമ്പ്രഹാരത്തെ (യുദ്ധത്തെ) ചെയ്തു.

കാരുണ്യപൂർണ്ണഹൃദയേന ഹൃദാ കിരാതോ
രോഷാതിരേകകലുഷേണ ച പാണ്ഡുസൂനുഃ
അല്പം മഹാന്തമപി വിക്രമമാദധാനൗ
ആതേനതുശ്ചിരതരം സമരം സമാനം ([illegible]

അന്വയം — കാരുണ്യപൂർണ്ണേന - ഹൃദാ - കിരാതഃ - രോഷാതിരേകകലുഷേണ - ഹൃദാ - പാണ്ഡുസൂനുഃ - ച - അല്പം - മഹാന്തം - അപി - വിക്രമം - ആദധാനൗ - ചിരതരം - സമാനം - സമരം - ആതേനതുഃ

അർത്ഥം — കാരുണ്യപൂർണ്ണമായ (ദയാർദ്രമായ) ഹൃത്തിനോട് കിരാതനും രോഷാതിരേകകലുഷമായ (കോപാധിക്യംകൊണ്ട കലങ്ങിയ) ഹൃത്തിനോട് (മനസ്സിനോട്) പാണ്ഡുസൂനുവും (അർജ്ജുനനും) അല്പവും മഹത്തും ആയ വിക്രമത്തെ ആദധാനന്മാർ (ചെയ്യുന്നവർ) ആയിട്ട് ചിരകാലം സമാനം (തുല്യം) ആയ സമരത്തെ (യുദ്ധത്തെ) ചെയ്തു.

സാരം — ശിവൻ, ദയയോടെ അല്പവിക്രമത്തോടും അർജ്ജുനൻ കോപത്തോട്, മഹാപരാക്രമത്തോടും യുദ്ധം ചെയ്തു എന്നു സാരം.

അർജ്ജുനസ്യ ധനുർമ്മുക്തോ ബാണജാലോഽനലപ്രഭഃ
ശിവം ഭിത്വാ ഭുവം ഭിത്വാ ത്രൈലോക്യം സഞ്ചചാര ച ([illegible]

അന്വയം — അർജ്ജുനസ്യ - ധനുർമ്മുക്തഃ - അനലപ്രഭഃ - ബാണജാലഃ ശിവം - ഭിത്വാ - ഭുവം - ഭിത്വാ ച - ത്രൈലോക്യം - സഞ്ചചാര.

അർത്ഥം — അർജ്ജുനന്റെ - ധനുർമ്മുക്തമായി (വില്ലിൽനിന്നും വിട്ടതായി) അനലപ്രഭം (അഗ്നിയെപ്പോലെ ശോഭയുള്ളത്) ആയ ബാണജാലം (ബാണസമൂഹം) ശിവനെ ഭേദിച്ചിട്ടും - ഭുവിനെ ഭേദിച്ചിട്ടും - ത്രൈലോക്യത്തിൽ (മൂന്നുലോകത്തിലും) സഞ്ചരിച്ചു.

ആഗ്നേയം വാരുണേനാഥ മാഹേന്ദ്രം മാരുതേന ച ।
ബ്രാഹ്മം ച വൈഷ്ണവേനായമേവം സർവ്വാണ്യപാകരോത് ॥ (൨൨)

അന്വയം — അഥ — അയം — ആഗ്നേയം — വാരുണേന — മാഹേന്ദ്രം — മാരുതേന — ച — ബ്രാഹ്മം — വൈഷ്ണവേന — ച — ഏവം — സർവ്വം — വ്യപാകരോൽ —

അർത്ഥം — അനന്തരം — ഇവൻ — (ശിവൻ) ആഗ്നേയത്തെ (ആഗ്നേയാസ്ത്രത്തെ) വാരുണം (വാരുണാസ്ത്രം) കൊണ്ടും മാഹേന്ദ്രത്തെ (മഹേന്ദ്രാസ്ത്രത്തെ) മാരുതനെക്കൊണ്ടും (വായവ്യാസ്ത്രത്തെക്കൊണ്ടും) ബ്രാഹ്മത്തെ (ബ്രഹ്മാസ്ത്രത്തെ) വൈഷ്ണവം (വൈഷ്ണവാസ്ത്രം) കൊണ്ടും ഈ പ്രകാരം സർവ്വത്തെയും നശിപ്പിച്ചു.

അർജ്ജുനസ്യ — നിർമ്മുക്തം — ഏവം — ആഗ്നേയം വാരുണേനേ. എന്നും കാണുന്ന ശ്ലോകങ്ങൾക്കു പാഠഭേദം.

നാഗാസ്ത്രം വപുഷോ വിഭൂഷണമഭൂദാഗ്നേയമത്യുജ്ജ്വലം
നിർവ്വാണം സുരസിന്ധുപാഥസി തതസ്ത്യക്താർജ്ജുനഃ
ഭൂഷാജാതഭുജംഗമൈഃ കബളിതം വായവ്യമസ്ത്രം പുരഃ
സിക്തം യത്തു വിശിഖം തൽ ഖലു ശശീ സസ്യം നിഷേചാമൂലമന്തഃ

അന്വയം — നാഗാസ്ത്രം — വപുഷഃ — വിഭൂഷണം — അഭൂൽ — അത്യുജ്ജ്വലം — ആഗ്നേയം — സുരസിന്ധുപാഥസി — നിർവ്വാണം — ഭൂഷാജാതഭുജംഗമൈഃ — വായവ്യം — അസ്ത്രം — കബളിതം — പുരഃ — യൽ — തു — വിശിഖം — സിക്തം — തൽ ശശീ — സസ്യം — അമൃതൈഃ — നിഷേചയാം — ചകാര — തദാ — അർജ്ജുനഃ — അത്യന്തഖിന്നഃ

അർത്ഥം — നാഗാസ്ത്രം — വപുസ്സിന്റെ (ശരീരത്തിന്റെ) വിഭൂഷണം (അലങ്കാരം) ആയി ഭവിച്ചു. അത്യുജ്ജ്വലം (ഏറ്റവും പ്രകാശിക്കുന്നതും) ആയ ആഗ്നേയം (ആഗ്നേയാസ്ത്രം) സുരസിന്ധുപാഥസ്സിൽ (ഗംഗാജലത്തിൽ) നിർവ്വാണമായി — (ശമനത്തെ) പ്രാപിച്ചു. ഭൂഷാജാതഭുജംഗങ്ങൾ (അലങ്കാരപ്പാമ്പുകൾ) വായവ്യം ആകുന്ന അസ്ത്രം (വായുദേവതാകമായ അസ്ത്രം) കബളിതമായി (വിഴുങ്ങി) പിന്നീടു യാതൊരു ശരങ്ങളെ (യാതൊരു ശരങ്ങളെ) വിഷംകൊണ്ടു സിക്തമായി (നനയ്ക്കപ്പെട്ട) അതിനെ ശശി (ശിവന്റെ ശിരസ്സിലിരിക്കുന്ന ചന്ദ്രൻ) തന്റെ അമൃതജലംകൊണ്ടു സേചനം ചെയ്തു (നനച്ചു) അപ്പോൾ അർജ്ജുനൻ അത്യന്തഖിന്നനായിട്ടും ഭവിച്ചു. (തന്റെ പ്രയോഗിച്ച ദിവ്യാസ്ത്രങ്ങൾ എല്ലാം വ്യർത്ഥമായിക്കണ്ടതുകൊണ്ട് അർജ്ജുനൻ ഏറ്റവും കോപിച്ചു എന്നർത്ഥം,

തതഃ ക്രുദ്ധോ ന്യസ്യൻ പ്രഹരതി ശിലാതൈക്ഷ്ണ്യശകലൈർ-
വ്വിരിഞ്ചാംഗശ്രേഷ്ഠപ്രതിജപതിമസ്യാവകലമനാഃ

ഭൂയാസുഃ പുഷ്പതാം തേ പദിവിശിഖാസ്സായകാസ്സകൃത
സ്സ്വേത്യാശാപം വ്യസൃജദിഹതമൈന്ദ്രിം ഗിരിസുതാ ॥ (൩൯)

അന്വയം — തതഃ— അസ്മിൻ —ക്രുദ്ധ്യതി -ശിരോഭിഃ —സായകഗ ണൈഃ പ്രഹരതി — ഭവേര — ഗിരിസുതാ — നിജപതിം — വിദ്ധാംഗം— ദൃഷ്ട്വാ — ആകുലമനാഃ; സാഹസകൃതഃ— തവ — വിശിഖാഃ സപദി- ഇഹ- പുഷ്പതാം ഭജന്തു— ഇതി— തമൈന്ദ്രിം—ശാപം—വ്യസൃജത്.

അർത്ഥം — അനന്തരം — ഇവൻ — ക്രുദ്ധൻ (കോപിക്കുന്നവൻ) ആയിട്ട് ശിതങ്ങളായ (കൂർത്തുള്ളവയായ) സായകഗണങ്ങളെ (ബാണ സമൂഹങ്ങളെ) കൊണ്ടു പ്രഹരൻ (പ്രഹരിക്കുന്നവൻ) ആയിരിക്കു മ്പോൾ ഈ ഗിരിസുതാ (പാർവ്വതി) നിജപതിയെ (തന്റെ ഭർത്താവി നെ) വിദ്ധാംഗൻ (മുറിയപ്പെട്ട ശരീരത്തോടു കൂടിയവൻ) ആയിക ണ്ടിട്ട് ആകുലമനസ്സ് (സംഭ്രമിച്ച മനസ്സോടുകൂടിയവളും) ആയിട്ട് സാ ഹസകൃത്ത് (സാഹസത്തെ ചെയ്യുന്നവൻ) ആയ നിന്റെ വിശിഖ ങ്ങളും (ശരങ്ങളും) തൽക്ഷണം ഇവിടെ പുഷ്പഭാവത്തെ (പുഷ്പമാവതെ) പ്രാപിക്കട്ടെ. എന്ന് അവന് (അർജ്ജുനന്) ആയിട്ട് ശാപത്തെ കൊടുത്തു.

താവത്തൂണീമുഖാത്താനഥ ശരനിവഹാൻ വീക്ഷ്യ പുഷ്പാണി പാർത്ഥഃ
ക്രുദ്ധോ ഭോഗാനസ്യേൻ കിരാതം സമഹതി പുഷ്പവൃഷ്ടിം കിരാത
ദൃഷ്ട്വാ സാ ശൈലകന്യാപ്രിയമഥ സുമനോഗ്രഹമൂർത്തിം വിഷണ്ണാ
ചക്രേ ശക്രാത്മജം തം പുനരപി സമരേ പുഷ്പബാണൈർന്ന്യഹിതാം (൪൦)

അന്വയം — താവത്- പാർത്ഥഃ- തൂണീമുഖാത്- ശരവരാൻ- അഥ- പുഷ്പാണി- വീക്ഷ്യ- ക്രുദ്ധഃ- ഭോഗാൻ- അസ്യേൻ- കിരാതം- സമ ഹതിം- പുഷ്പവൃഷ്ടിം- വ്യധിത- അഥ- സാ- ശൈലകന്യാ- പ്രിയം- സുമ നോഗ്രഹമൂർത്തിം- ദൃഷ്ട്വാ- വിഷണ്ണാ- പുനഃ- അപി- തം- ശക്രാത്മജം- പുഷ്പബാണൈഃ- വിഹിതാം- ചക്രേ

അർത്ഥം — അപ്പോൾ പാർത്ഥൻ (അർജ്ജുനൻ) തൂണീമുഖാത ങ്ങളും (ആവനാഴിയുടെ മുഖത്തിൽനിന്ന എടുത്തവ) ആയ ശരവര ങ്ങളെ (ശ്രേഷ്ഠശരങ്ങളെ) ആശ്ചര്യത്തോടുകൂടെ പുഷ്പങ്ങളായിട്ട് കണ്ടി ട്ട് ക്രുദ്ധനായിട്ട് ഭോഗങ്ങൾ ആ കിരാതങ്കൽ സമഹതി (ഏറ്റവും വ ലിച്ചുള്ള) ആയ പുഷ്പവൃഷ്ടിയെ ചെയ്തു അനന്തരം ആ ശൈലക ന്യാ (പാർവ്വതി) പ്രിയനെ (ഭർത്താവിനെ) സുമനോഗ്രഹമൂർത്തി (പുഷ്പ ങ്ങൾകൊണ്ടു മറപ്പിടിക്കുന്ന ശരീരത്തോടുകൂടിയവൻ) ആയി ദർശിച്ചി ട്ട് (കണ്ടിട്ട്) വിഷണ്ണയായിട്ട് (ദുഃഖിതയായിട്ട്) പിന്നെയും ആ ശക്രാ ത്മജനെ (അർജ്ജുനനെ) പുഷ്പബാണങ്ങളോടു വിഹിതൻ (കൂടിയ വൻ) ആക്കിച്ചു.

ശരവർഷരഹിതേനിഷംഗശുദ്ധേ –
സുരവംശ്യസ്തദതീവരോഷശാലീ ।
വ്യതനോദ്ധനുഷാഥ താഡനം തം
ശബരവരം കഠിനേന ഗാണ്ഡിവേന ॥ (൪൧)

അന്വയം — നിഷംഗശുദ്ധേ – ശരവർഷരഹിതേ – സുരവംശ്യഃ – അതീവ രോഷശാലീ – അഥ – തം – ശബരവരം – കഠിനേന – ഗാണ്ഡിവേന – ധനുഷാ – താഡനം – വ്യതനോത് –

അർത്ഥം — നിഷംഗശുദ്ധേ (ആവനാഴി ഒഴിഞ്ഞ) ശരവർഷരഹിതമായപ്പോൾ (അസ്ത്രങ്ങളെല്ലാം വേർപെട്ടപ്പോൾ) സുരവംശ്യൻ (ഇന്ദ്രപുത്രൻ) ഏറ്റവും രോഷശാലിയായിട്ട് (കോപത്തോടുകൂടിയവനായിട്ട്) അനന്തരം ആ ശബരവരനെ (കാട്ടാളരാജനെ) കഠിനമായ ഗാണ്ഡിവമായ ധനുസ്സുകൊണ്ട് (വില്ലുകൊണ്ട്) താഡനത്തെ ചെയ്തു (അടിച്ചു)

തദനു പ്രഹരേണാതിരുഷ്ടധീ –
വ്യാധരാഡപി വിസ്മിതമാനസഃ ॥
പാർത്ഥമാത്മധനുഷാഥ താഡനം
കർത്തുമാരഭത ഘോരമൂർത്തനഃ ॥ (൪൨)

അന്വയം — അഥ തദനു പ്രഹരേണ അതിരുഷ്ടധീഃ – വ്യാധരാട് – അപി – വിസ്മിതമാനസഃ – ഘോരമൂർത്തനഃ – പാർത്ഥം – ആത്മധനുഷാ – താഡനം – കർത്തും – ആരഭത

അർത്ഥം — അനന്തരം (അർജ്ജുനൻ ധനുസ്സുകൊണ്ട് അടിച്ചതിനുശേഷം) തദ്ധനുസ്സിന്റെ (അർജ്ജുനന്റെ വില്ലിന്റെ) പ്രഹരണത്താൽ (അടിയാൽ) അതിരുഷ്ടധിയായ (ഏറ്റവും കുപിതനായ) വ്യാധരാട്ടും (കാട്ടാളരാജനും) വിസ്മിതമാനസനായി (വിസ്മയിച്ച മനസ്സോടുകൂടിയവനായി) ഘോരമൂർത്തനായിട്ട് (ഭയത്തെ ജനിപ്പിക്കുന്ന മൂർത്തിയോടുകൂടിയവനായിട്ട്) പാർത്ഥനെ (അർജ്ജുനനെ) ആത്മധനുസ്സുകൊണ്ട് (തന്റെ വില്ലുകൊണ്ട്) താഡനത്തെ ചെയ്യുന്നവനായിട്ട് (അടിക്കുന്നവനായിട്ട്) ആരംഭിച്ചു.

പ്രാദുഷ്ഷന്തം വിശ്വസംഹാരകാലേ
കദാപി കദാപി ക്രോധാനലം പുരാരേഃ
മാമാ പാർത്ഥസ്സോഢയിത്യനുതർക്കിതി
ശാന്തിം നിത്യേ സ്മാരയന്തി കിരാതീ ॥

അന്വയം — വിശ്വസംഹാരകാലേ – കദാപി – കദാപി – പ്രാദുഷ്ഷന്തം – പുരാരേഃ – ക്രോധാനലം – കിരാതീ – അനുതർക്കിതി – മാ – മാ – ഗാ – ഗം – സഃ – പാർത്ഥഃ – ഇതി – സ്മാരയന്തി – ശാന്തിം – നിത്യേ –

അർത്ഥം— വിശ്വസംഹാരദക്ഷരായി (ലോകങ്ങളെ സംഹരിക്കുന്നതിനു സമർത്ഥന്മാരായി) ചില തെറ്റു് ചില തെറ്റു് പ്രദോഷത്തായ (പ്രകാശിച്ചിരിക്കുന്നതായ) പുരാരിയുടെ (ശിവന്റെ) കോപാലേശത്തെ—കിരാതികളെ (സ്ത്രീയായ പാർവ്വതി) ഉത്തരീതിയായിട്ടു ഗ്രഹിക്കപ്പെട്ട ഭയത്തോടുകൂടിയവളായിട്ടു) അരുതു അരുതു (കോപിക്കരുതു) ഇവൻ അർജ്ജുനനാകുന്നു (കുന്തീപുത്രനായ അർജ്ജുനനാകുന്നു) എന്നിങ്ങനെ സൂചയന്തിയായിട്ടു (ഭാവിക്കുന്നവളായിട്ടു്) ശാന്തിയെ നയിച്ചു (ശമിപ്പിച്ചു) ഭവാനു് കോപത്താൽ മതിമറന്നു് മഥിപ്പിച്ചെങ്കിലും എന്നു വച്ചു് പാർവ്വതി—ഇടക്കിടയ്ക്കു് ഇതു് അർജ്ജുനനാണു് എന്നു ഓർമ്മിപ്പിച്ചു കോപത്തെ ഇല്ലാതാക്കി എന്നു സാരം.

ശിരസി ധനുരഗ്ര്യേ താഡ്യമാനസ്യ ശംഭോഃ—
ജ്വലിതനയനകോണേ കിഞ്ചിദാരക്തമാനേ
ഉപനിഷദുപഗ്രഹം ഭദ്രമുൽഘോഷയന്തീ
പരിഹരതി കിരാതീ മദ്ധ്യമം പാണ്ഡവാനാം॥ ൪൪

അന്വയം —ശിരസി—ധനുരഗ്ര്യേ—താഡ്യമാനസ്യ—ശംഭോഃ—ജ്വലിതനയനകോണേ—കിഞ്ചിത്—ആരക്തമാനേ—കിരാതീ—ഉപനിഷദുപഗ്രഹം—ഭദ്രം—ഉൽഘോഷയന്തീ—പാണ്ഡവാനാം—മദ്ധ്യമം—പരിഹരതി—

അർത്ഥം —ശിരസ്സിൽ ധനുരഗ്രത്താൽ (ധനുസ്സിന്റെ അഗ്രത്താൽ) താഡ്യമാനനായ (അടിക്കപ്പെടുന്നവനായ) ശംഭുവിന്റെ ജ്വലിതനയനകോണം (നെറ്റിയിലെ കണ്ണിന്റെ കോണു) കുറേശ്ശെ ആരക്തമായപ്പോൾ (ചുവന്നപ്പോൾ) കിരാതി ഉപനിഷത്തിനാൽ ഉപഗ്രഹനായ (മറയ്ക്കപ്പെട്ടവനായ) ഭദ്രനെ ഉൽഘോഷയന്തിയായിട്ടു (ഘോഷിക്കുന്നവളായിട്ടു) പാണ്ഡവന്മാരിൽവച്ചു മദ്ധ്യമനെ (മദ്ധ്യമപാണ്ഡവനായ അർജ്ജുനനെ (പരിഹരിക്കുന്നു (തടുക്കുന്നു) പാണ്ഡവന്മാരിൽവച്ചു മദ്ധ്യമനെന്നു് ഉൽഘോഷയന്തിയായിട്ടു് ഭദ്രനെ പരിഹരിക്കുന്നു എന്നും അർത്ഥമുണ്ടു് ശിവനാണെന്നു് ഘോഷിച്ചും കൊണ്ടു് അർജ്ജുനന്റെ അടുക്കലും അർജ്ജുനനാണെന്നു ഘോഷിച്ചും കൊണ്ടു ശിവന്റെ അടുക്കലും ദേവി നടക്കുന്നു എന്നു സാരം.

ബീഭത്സുനാ ധനുഷാ—താഡിതം ചന്ദ്രശേഖരം
ദൃഷ്ട്വാ ഭവാനീ തസ്യ—ശരാസനമപാഹരദ്ബലാൽ ൪൫

(അന്വയം)—അഥ ചന്ദ്രശേഖരം—ബീഭത്സുനാ—ധനുഷാ—താഡിതം—ദൃഷ്ട്വാ—ഭവാനീ—തസ്യ—ശരാസനം—ബലാൽ—അപാഹരൽ—

(അർത്ഥം)—അനന്തരം ചന്ദ്രശേഖരനെ ബീഭത്സുവിനാൽ (അർജ്ജുനനാൽ) ധനുസ്സുകൊണ്ടു് (വില്ലുകൊണ്ടു്) താഡിതനായിട്ടു്

(അടിക്കപ്പെട്ടവനായിട്ട്) കണ്ടിട്ട് - ജാഹ്നവിയാൽ (ഗംഗയാൽ) അവന്റെ (അർജ്ജുനന്റെ) ശരാസനം (ഗാണ്ഡീവം എന്ന വില്ല്) ബലാൽകാരേണ അപഹൃതമായി (ഗ്രഹിക്കപ്പെട്ടു)

അസിമുല്ലസ്യ തരസാ—പാർത്ഥോഽത്രമമിത്രഹ!
ചിച്ഛേദ വിശിഖേനാ—നന്യച്ഛേദ്യമസിമീശപാദഃ ൫൮

(അന്വയം)—പാർത്ഥഃ— തരസാ—അസിം—ഉല്ലസ്യ—അഗ്രം— അമിത്രഹാ— ഈശപാദഃ— അനന്യഃ— അച്ഛേദ്യം— അസിം— വിശിഖേന— ചിച്ഛേദ—

(അർത്ഥം)— പാർത്ഥൻ (അർജ്ജുനൻ) വേഗത്തിൽ ഖഡ്ഗത്തെ (വാളിനെ) ഉല്ലസിച്ചിട്ട് (ഉയർത്തിട്ട്) ഉഗ്രനായ അമിത്രഹനായി (ശിവന്റെ നേരെ ഓടിച്ചെന്നു) ഈശപാദൻ അനന്യനായി അച്ഛേദ്യമായ (മുറിക്കപ്പെടാൻ വയ്യാത്തതായ) അസിയെ വിശിഖംകൊണ്ട് (ബാണംകൊണ്ട്) ഛേദിച്ചു - (മുറിച്ചു)

ഛുരികാം ജിഷ്ണുരുല്ലസ്യ—ഹരസ്യോരസി താഡയൻ
പ്രകോഷ്ഠേനാശു ചിച്ഛേദ—താം തദാ വൃഷഭധ്വജഃ ൫൯

(അന്വയം)—ജിഷ്ണുഃ ഛുരികാം—ഉല്ലസ്യ— ഹരസ്യ—ഉരസി—താഡയൻ തദാ വൃഷഭധ്വജഃ ആശു—താം—പ്രകോഷ്ഠേന—ചിച്ഛേദ—

(അർത്ഥം)—ജിഷ്ണു (അർജ്ജുനൻ) ഛുരികയെ (ആയുധവിശേഷത്തെ) ഉയർത്തിട്ട് ഹരന്റെ ഉരസ്സിൽ (മാറിൽ) താഡിച്ചു—അപ്പോൾ വൃഷഭധ്വജൻ (ശിവൻ) വേഗത്തിൽ അതിനെ—(ഛുരികയെ) പ്രകോഷ്ഠംകൊണ്ട് (കൈത്തണ്ടുകൊണ്ട്) ഛേദിച്ചു (മുറിച്ചു)

ശിലാസംഘൈർവൃക്ഷസംഘൈർ—
ജഘ്നതുശ്ചാപരസ്പരം
താവുഭൗ രോഷസംഭൃതൗ—
ശോണിതശോണിതാംഗൗ

(അന്വയം) —ശോണിതശോണിതാംഗൗ— തൗ— ഉഭൗ— രോഷസംഭൃതൗ— ശിലാസംഘൈഃ— വൃക്ഷസംഘൈഃ— ച— പരസ്പരം— ജഘ്നതുഃ

(അർത്ഥം)—ശോണിതശോണിതാംഗന്മാരായിരിക്കുന്ന (അർജ്ജുനനും ശിവനുമാകുന്ന) ആ രണ്ടുപേർ രോഷസംഭൃതന്മാരായിട്ട് (കോപത്തോടുകൂടിയവരായിട്ട്) ശിലാസംഘങ്ങളെക്കൊണ്ടും വൃക്ഷസംഘങ്ങളെക്കൊണ്ടും അന്യോന്യം ഹനിച്ചു (താഡിച്ചു)

ശൈലമുഷ്ടിതലജാനുനിപാതൈ
ബാഹുപൂരിതശിരോനിഗളൈശ്ച-

ശരമഴ പെയ്യുകശത്രുസ്യമസ്യുദാം-
വ്യാധാംഗജസ്യ ശൈലകമാലതേ ॥ ൪൮ ॥

(അന്വയം)— അത്ര- വ്യാധാംഗജസ്യ ശൈലകമാലയേ- ഗാഢമൂർച്ഛിതഭടാദിപാതരോധനപൂരിത ദിഗന്തരികമെന്ന- ചിരായ- നിയുദ്ധം- കഥിതസ്യ-

(അർത്ഥം)— ആ വ്യാധാംഗജനും സുതാംശകന്മാരും (ഭൂതപുത്രന്മാർ) ഗാഢമാകുംവണ്ണം ഉള്ള മൂർച്ഛിതന്മാരുടേയും ഭടന്മാരുടേയും (ശത്രുക്കളുടേയും) നിപതനത്തിന്റെ (വീഴ്ചയുടെ) രോദനത്താൽ (ശബ്ദത്താൽ) പൂരിതമായ (നിറയപ്പെട്ടതായ) ദിഗന്തരികങ്ങളോടു (ദിഗന്തങ്ങളുടെ അന്തർഭാഗത്തോടുകൂടിയതായിട്ട്) ചിരകാലം നിയുദ്ധത്തെ (ബാഹുയുദ്ധത്തെ) ചെയ്തു ॥

ബാഹുഭ്യാമിതി വൃത്തതാലകഠിനസ്ഥൂലായതാഭ്യാം ഹഠാ-
ത്പീഡ്യോരസി വിസ്തൃതേ ഗുരുണാ വ്യൂഢ്വാ ജവാന്മുക്തോഽർജ്ജുനഃ ।
വിസ്രസ്താവയവഃ ക്ഷണാദ്വ്യപഗതാശേഷാഭിമാനഃ ശ്വസൻ
മൂർച്ഛാകന്ദളിതേക്ഷണഃ സ്രവദസൃഗ്വക്ത്രഃ പപാത ക്ഷിതൗ ॥

(അന്വയം)— ഇതി വൃത്തതാലകഠിനസ്ഥൂലായതാഭ്യാം- ബാഹുഭ്യാം- വിസ്തൃതേ- ഉരസി- ഹഠാൽ- പീഡ്യ- ഗുരുണാ- വ്യൂഢ്വാ- ജവാൽ- മുക്തഃ- അർജ്ജുനഃ- വിസ്രസ്താവയവഃ- ക്ഷണാൽ- വ്യപഗതാശേഷാഭിമാനഃ- ശ്വസൻ- മൂർച്ഛാകന്ദളിതേക്ഷണഃ- സ്രവദസൃഗ്വക്ത്രഃ- പപാത ॥

(അർത്ഥം)— വർദ്ധിച്ചവങ്ങളായ (വളർന്നവയായ) താലങ്ങൾ (പനകൾ) പോലെ കഠിനങ്ങളും സ്ഥൂലങ്ങളും (തടിച്ചവയും) ആയതങ്ങളും (ദീർഘങ്ങളും) ആയ ബാഹുക്കളാൽ (കൈകളാൽ) വിസ്തൃതമായ ഉരസ്സിൽ (മാറിൽ) ബലാൽക്കാരേണ പീഡിപ്പിച്ചിട്ട് (ഞെരുക്കിച്ചിട്ട്) ഗുരുവായിരിക്കുന്ന (കാട്ടാളവേഷനായ ശിവനാൽ) വ്യൂഢനാം ചെയ്തിട്ട് (ഏറിയിട്ട്) വേഗത്തിൽ മുക്തനായ (എറിയപ്പെട്ടവനായ) അർജ്ജുനൻ വിസ്രസ്താവയവനായി (അഴിഞ്ഞ സന്ധിബന്ധങ്ങളോടുകൂടിയവനായി) ക്ഷണത്തിൽ വ്യപഗതാശേഷാഭിമാനനായി (നഷ്ടമായ സകലാഭിമാനത്തോടുകൂടിയവനായി) ശ്വസനനായി (ദീർഘശ്വാസംവിടുന്നവനായി) മൂർച്ഛാകന്ദളിതേക്ഷണനായി (മോഹത്താൽ അടയ്ക്കപ്പെട്ട കണ്ണുകളോടുകൂടിയവനായി) സ്രവദസൃഗ്വക്ത്രനായിട്ട് (വായിൽനിന്നു ചോര ഒഴുകുന്നവനായിട്ട്) പതിച്ചു (ഭൂമിയിൽ വീണു)

(ഗദ്യം)— ഹാ! കഷ്ടം! പിണ്ഡീഭൂതന്മാരഹോ, കിന്നുബലമയി- നാന്തകുലേ ഭഗവാൻ- ത്ര്യംബകനേ കിമുബലപീഡനമമപാരാക്രമ

ന്ത്യ പരിഭാവഃ, കിന്നഖല്വവക്ഷ്യാമി താങ്ങസ്നാമാതൃത്വം, കഥമപി ധാർത്തരാഷ്ട്രാണാം പുരതോനിർല്ലജ്ജോ ഗച്ഛാമി, ഹാകഷ്ടം! ധർമ്മരാജസഹജ- ശ്രീകൃഷ്ണപ്രിയവയസ്യാ-വൃകോദരസോദരേണ-ഗാണ്ഡീവധന്വനാ-തേനാപി-വിജയേനൈകേനാപിവനചരേണ നസ്ത്രശസ്ത്രാപാത്രാത്യയോഷാനിപുണേനാപരാജിതോ ഭവിതി, സകലജനോപഹാസ്യാ ഭവിഷ്യാമി, ഹാ ഹരേ! കന്തി! ഭോജരാജതനയേ! അർജ്ജുനാഗതമപത്യസ്നേഹമന്യേഷ്ടു പതസ്യസ്വവിജയസ്യ

(അർത്ഥം)—ഹാ കഷ്ടം ഞാൻ പണ്ഡിതനായി (പണ്ഡിതനെപ്പോലെ ഭാവിച്ചു ദേഹത്തോടുകൂടിയവനായി), വ്യാസഭഗവാനായ ഭഗവാൻ (ശ്രീപരമേശ്വരൻ) എന്തുകൊണ്ടാണ് എനിക്ക് അനുകൂലനായില്ല, എന്റെ പൂർവ്വകർമ്മത്തിന്റെ പരിപാകം എന്താണ്. ഇങ്ങിനെയുള്ള (ഈ പ്രകാരമുള്ള), അജാതശത്രുവായ ധർമ്മരാജനോട് (ധർമ്മപുത്രനോട്) എന്ത് പറയും, ധാർത്തരാഷ്ട്രന്മാരുടെ (ദുര്യോധനാദികളുടെ) മുമ്പിൽ എങ്ങിനെ നിർല്ലജ്ജനായിട്ട് ഗമിയ്ക്കും, കഷ്ടം! ധർമ്മരാജന്റെ സഹജനും ശ്രീകൃഷ്ണന്റെ പ്രിയവയസ്യനും വൃകോദരന്റെ (ഭീമസേനന്റെ) സഹോദരനും-ഗാണ്ഡീവധന്വാവും (ഗാണ്ഡീവമെന്ന വില്ലോടുകൂടിയവനും ആയി സനാതനനും (വിഷ്ണുസ്വരൂപനെങ്കിലും) വിജയൻ (അർജ്ജുനൻ) അസ്ത്രശസ്ത്രാദിയുദ്ധങ്ങളിൽ (അസ്ത്രശസ്ത്രങ്ങളോടു കൂടിയ യുദ്ധപ്രയോഗങ്ങളിൽ) അതിനിപുണനും (അസാമർത്ഥ്യനും) ആയ ഏതോ ഒരു വനചരനാൽ (കാട്ടാളനാൽ) പരാജിതനായി ഭവിച്ചു (തോൽപ്പിക്കപ്പെട്ടവനായിത്തീർന്നു) എന്നിങ്ങനെ സകലജനോപഹാസ്യനായി (സർവ്വജനങ്ങളാലും പരിഹസിക്കപ്പെടുവാൻ യോഗ്യനായി) ഭവിയ്ക്കാൻ പോകുന്നു. അല്ലയോ മാതാവേ-കുന്തി-ഭോജരാജപുത്രി, അർജ്ജുനഗതമായ അപത്യസ്നേഹത്തെ (അർജ്ജുനനിലുള്ള പുത്രസ്നേഹത്തെ) മറ്റുള്ളവരിലും വിഭജിച്ചാലും (ഭാഗിച്ചാലും)

> അപമാനോപമൃത്യുഃ
> ക്ഷത്രിയാണാം വിശേഷതഃ।
> തസ്മാദ്ഭസ്മീകരിഷ്യാമി-
> നാത്രാഹം ജീവിതസ്പൃഹഃ॥ (൩൨)

അന്വയം—അപമാനഃ-മൃത്യുഃ-വരഃ-ക്ഷത്രിയാണാം. വിശേഷതഃ-വരഃ-തസ്മാൽ-ഭസ്മീകരിഷ്യാമി-ഇഹ-അഹം-ന-ജീവിതസ്പൃഹഃ.

അർത്ഥം—അപമാനത്തെക്കാളും മൃത്യു (മരണം) വരമാകുന്നു (ശ്രേഷ്ഠമാകുന്നു) ക്ഷത്രിയന്മാർക്ക് വിശേഷിച്ചും വരമാകുന്നു അതിനാൽ ഇപ്പോൾ മരിക്കുന്നുണ്ട്. ഇവിടെ ഞാൻ ജീവിതസ്പൃഹനല്ല-(ജീവിതത്തിന്ന വിഷയമല്ല) അപമാനം സംഭവിക്കയാൽ-ഈ ലോകത്തിൽ ജീ

വിച്ഛിത്തിക്കുന്നതിന് അർജ്ജുനന് ആശയില്ലാതായി എന്നു സാരം.

ധർമ്മസൂനോർഗ്ഗതോമോഹോ,
ദുര്യോധനാഗതാമഹീ
ചണ്ഡാലപീഡിതസ്യാസ്യ
കുതോമമേ ഹരമർദ്ദനം. (൨)

അന്വയം — ധർമ്മസൂനോഃ - മോഹഃ - ഗതഃ - മഹീ - ദുര്യോധനാഗതാ - ചണ്ഡാലപീഡിതസ്യ - അസ്യ - മേ - ഹരമർദ്ദനം - കുതഃ.

അർത്ഥം — ധർമ്മസൂനുവിന്റെ മോഹം (ആഗ്രഹം) ഗതമായി (പോയി) മഹീ (ഭൂമി) ദുര്യോധനാഗതയായി (ദുര്യോധനന്റെ കൈവശമായി) ചണ്ഡാലപീഡിതനായ (ചണ്ഡാലനാൽ പീഡിപ്പിക്കപ്പെട്ടവനായ) ഈ എനിക്ക് ഹരമർദ്ദനം (ശിവന്റെ മർദ്ദനം) എവിടെ - ശിവനെക്കൊണ്ടെന്തു പ്രയോജനമാണ് എന്നു സാരം.

ശ്രീചന്ദ്രശേഖര! ഭവന്തമഹം തപസ്യൻ
കേനാപി ലുബ്ധകകുലേന പരാജിതോസ്മി।
മാഭൂത്തവായശ ഇതോ ബഹുശോ നമസ്തേ
ക്ഷിപ്രം പ്രസീദ മയി ലുബ്ധകലുപ്തജീവേ ॥ (൩൨)

അന്വയം — ഹേ ശ്രീചന്ദ്രശേഖര! അഹം - ഭവന്തം - തപസ്യൻ - കേനാപി - ലുബ്ധകകുലേന - പരാജിതഃ അസ്മി. ഇതി - അയശഃ - തവ - മാ - ഭൂത് - ലുബ്ധകലുപ്തജീവേ - മയി - ക്ഷിപ്രം - പ്രസീദ - തേ - ബഹുശഃ നമഃ

അർത്ഥം അല്ലയോ ശ്രീചന്ദ്രശേഖര! (ചന്ദ്രക്കലാധരനേ) ഞാൻ ഭവാനെ തപസ്യനായിട്ട് (തപസ്സുചെയ്യുന്നവനായിട്ട്) എന്തോ ഒരു ലുബ്ധകകുലത്താൽ (കാട്ടാളജാതിയാൽ) പരാജിതനായിട്ട് ഭവിക്കുന്നു. (തോല്പിക്കപ്പെട്ടവനായിട്ട് തീരുന്നു) എന്നിങ്ങനെയുള്ള അയശസ്സ് (ദുഷ്കീർത്തി) അങ്ങേയ്ക്ക് ഭവിക്കരുത്. ലുബ്ധകലുപ്തജീവനായ (കാട്ടാളനാൽ നശിപ്പിക്കപ്പെട്ട ജീവനോടുകൂടിയ) എന്നിൽ വേഗത്തിൽ പ്രസാദിച്ചാലും, അങ്ങേക്കായിട്ട് വളരെ നമസ്കാരം ॥

ഇത്ഥം പ്രലാപം കലയൻ മൂർദ്ധാനം കൃത്വാ ഗിരീശം ഭൃശമാകുലിതചേതാഃ ॥
അഭ്യാകപുഷ്പാഞ്ജലിരാരാധയൻ തസ്ഥൗ സ കിരീടീ വിവശാന്തരാത്മാ ॥

അന്വയം — ഇത്ഥം - പ്രലാപം - കലയൻ - കിരീടി - ഭൃശമാകുലചേതാഃ - മൂർദ്ധാനം - ഗിരീശം - കൃത്വാ - അഭ്യാകപുഷ്പാഞ്ജലിഃ - ആരാധയൻ - വിവശാന്തരാത്മാ - തസ്ഥൗ -

അർത്ഥം — ഇപ്രകാരം പ്രലാപത്തെ (രോദനത്തെ) കലയനായ (ചെയ്യുന്നവനായ) കിരീടി (അർജ്ജുനൻ) ഭൃശമാകുലചേതസ്സായി (ഏ

റവും ഭക്തിഭാരത്തോടുകൂടിയവനായി) മൃത്തുകൊണ്ട് (മണ്ണുകൊണ്ട്) ആ ഗിരീശനെ (ശിവനെ) ഉണ്ടാക്കിട്ട് അനല്പകല്പ പുഷ്പങ്ങളാലിയേ (വളരെ പുഷ്പങ്ങളാലിയേ) ആരാധ്യനായി (പൂജിച്ചവനായി) വിവശാന്തരാത്മാവായിട്ടു (പ്രവേശിച്ചിരുന്നിട്ടു) സ്ഥിതി ചെയ്തു.

“മൃത്സാം പ്രലാപം” എന്ന ശ്ലോകത്തിന്റെ പാഠഭേദത്തെ ചേർക്കുന്നു

> ഇതിസ്തുവൻ നിസ്തുലഭക്തിഭാരസ്സാർദ്ധം നിർമ്മലചിത്തവൃത്തിഃ
> മഹേശബിംബം മഹനീയകീർത്തിർമൃത്സാഭിരുത്സാഹിതഹസ്തയുഗ്മഃ ॥

അന്വയം—ഇതി-സ്തുവൻ-നിർമ്മലചിത്തവൃത്തിഃ- മഹനീയകീർത്തിഃ- സഃ നിസ്തുലഭക്തിഭാരഃ- ഉത്സാഹിതഹസ്തയുഗ്മഃ- മൃത്സാഭിഃ -മഹേശബിംബം-നിർമ്മമേ-

അർത്ഥം—ഇപ്രകാരം സ്തുവനായി (സ്തുതിക്കുന്നവനായി) നിർമ്മല ചിത്തവൃത്തിയായി മഹനീയകീർത്തിയായ (പൂജ്യകീർത്തിയായ) അവൻ (അർജ്ജുനൻ) നിസ്തുലഭക്തിഭാരനായി) സാദൃശ്യമില്ലാത്ത ഭക്തിഭാരത്തോടുകൂടിയവനായി) ഉത്സാഹിതമായ (തിട്ടപ്പെട്ടതായ) ഹസ്തയുഗ്മത്തോടുകൂടിയവനായിട്ട് (രണ്ടുകൈയും നീട്ടിയിട്ട്) എന്നാശയം. മൃത്സകൾകൊണ്ട് (മണ്ണുകൾകൊണ്ട്) മഹേശബിംബത്തെ (ശിവബിംബത്തെ) നിർമ്മിച്ചു.

> പത്രപുഷ്പമഹോലിംഗേ
> യദ്യത്സർവ്വംസമർപ്പിതം,
> തത്തത്സർവ്വംതദാപശ്യൽ
> കിരാതശിരസിസ്ഥിതം ॥ (൫൭)

അന്വയം—പത്രപുഷ്പം-യത്-യത്-സർവ്വം-ലിംഗേ-സമർപ്പിതം, തത്-തത്- സർവ്വം- തദാ- കിരാതശിരസിസ്ഥിതം- അപശ്യൽ അഹോ.

അർത്ഥം—പത്രവും പുഷ്പവും ആയ യാതൊന്നു യാതൊന്നു സർവ്വം ലിംഗത്തിൽ (ശിവബിംബത്തിൽ) സമർപ്പിതമായി (സമർപ്പിക്കപ്പെട്ടു) അതു സർവവും (എല്ലാം) കിരാതശിരസ്സിൽ സ്ഥിതമായിട്ട് (ഇരിക്കുന്നതായിട്ട്) ദർശിച്ചു (കണ്ടു) ആശ്ചര്യം!! അർജ്ജുനൻ അർച്ചിച്ച പത്രപുഷ്പാദി കാട്ടാളന്റെ ശിരസ്സിൽ ഇരിക്കുന്നതായി കണ്ടു എന്ന സാരം.

> ഉജ്ജ്വലദ്വിലസദ്ഭക്തിപവിത്രതോഽഥ
> പാർത്ഥസ്സമേനമനസാസ്മൃതവാംശിവാഖ്യം
> ഉന്മീലയന്നയനതാമരസേകിരാത
> മന്യൂനഭക്തിപുളകാഞ്ചിതമിത്യലോകത് (൫൮)

അന്വയം.—പാൎത്ഥഃ-ശ്രദ്ധ-ശിവാംഘ്രിയുഗളഭക്തിപവിത്രിതാന്തഃ- സമേന മനസാ- സദ്വ്രതഃ- വിമൃശ്യ- നയനാംബുജേ ഉന്മീലയൻ- കിരാതം-അന്യാദൃശം-ഉപയാതം-ഉദ്വ- ആലുലോകെ॥

അൎത്ഥം—പാൎത്ഥൻ (അൎജ്ജുനൻ) പിന്നെയും ശിവാംഘ്രിയുഗളഭക്തിപവിത്രിതനായി (ശിവന്റെ പാദദ്വയത്തിലുള്ള ഭക്തിയാൽ ശുദ്ധമാക്കിച്ചെയ്യപ്പെട്ടവനായി) സമമായ മനസ്സുകൊണ്ട് ഏറ്റവും വിചാരണം ചെയ്തിട്ട് (വിചാരിച്ചിട്ട്) നയനാംബുജങ്ങളെ (താമരപ്പൂക്കൾപോലെ ഇരിക്കുന്ന കണ്ണുകളെ) ഉന്മീലയന്നായി (തുറന്നുകൊണ്ട്) കിരാതനെ (കാട്ടാളനെ) അന്യാദൃശനെ (വേറൊരുവിധത്തിലുള്ളവൻ എന്നതിനെ) ഉപയാതം (പ്രാപ്തനായ) എന്ന ഭാവത്തോടു ആലോകനം ചെയ്തു (കണ്ടു)

ഗംഗാകല്ലോലമാലാഭുജഗവരജടാമാലികാചന്ദ്രലേഖാ
ശ്രീമദ്രുദ്രാക്ഷകപാലാവലിമണിമകുടം ചന്ദ്രസൂൎയ്യാഗ്നിനേത്രം
ക്ഷ്വേളഗ്രൈവേയരത്നം പരശുമൃഗകപാലം പിനാകം കരാഗ്രേ
വക്ഷോഭാഗേഽനന്തഹാരം ലസദജിനകുലം മഹാന്തപ്രാഹിം. (൩൭)

അന്വയം—ഗംഗാകല്ലോലമാലാ ഭുജഗവരജടാമാലികാ ചന്ദ്രലേഖാ ശ്രീമദ്രുദ്രാക്ഷകപാലാവലിമണിമകുടം- ചന്ദ്രസൂൎയ്യാഗ്നിനേത്രം- ക്ഷ്വേളഗ്രൈവേയരത്നം- പരശുമൃഗകപാലം- കരാഗ്രേ പിനാകം -വക്ഷോഭാഗേ- അനന്തഹാരം- ലസദജിനകുലം- മഹാന്തപ്രാഹിം- ദൃഷ്ടനെ॥

അൎത്ഥം—ഗംഗാകല്ലോലമാലയും (ഗംഗയുടെ തിരമാലയും) ഭുജഗവരജടാമാലികയും (സൎപ്പശ്രേഷ്ഠന്മാരും ജടാബന്ധവും) ചന്ദ്രലേഖയും (ചന്ദ്രകലയും) ശ്രീമദ്രുദ്രാക്ഷകപാലാവലിമണിമകുടവും (ശോഭയേറിയ രുദ്രാക്ഷങ്ങളും കപാലസമൂഹവും രത്നകിരീടവും) ചന്ദ്രസൂൎയ്യാഗ്നിനേത്രവും ക്ഷ്വേളഗ്രൈവേയരത്നവും (കാളകൂടവിഷമാകുന്ന കണ്ഠാലങ്കാരത്തോടും) (പരശുമൃഗകപാലവും) കരാഗ്രത്തിൽ പിനാകവും (പിനാകമെന്ന വില്ലും) വക്ഷോഭാഗത്തിൽ അനന്തഹാരവും ലസദജിനകുലവും (ശോഭിച്ചിരിക്കുന്ന അജിനമാകുന്ന ഉത്തരീയവസ്ത്രവും-മഹാന്തപ്രാഹിയും (മഹത്തായ സൎപ്പമായ കൗപീനവും) ദർശിക്കപ്പെട്ടു॥

സാക്ഷാൽശ്രീപാൎവ്വതിയും സഹവിജയജയാഷണ്മുഖന്മാരും കാളി
ശാസ്താനന്ദിമഹാഭൃംഗിഗണപതിമുഖവീരഭദ്രാദികളും
ഇന്ദ്രാദ്യഷ്ടദിക്പാലന്മാരും സകലമുനിഗണങ്ങളും സിദ്ധഗന്ധൎവ്വയക്ഷ-
ന്മാരും വിദ്യാധരന്മാരും സകലസുരഗണങ്ങളുമേതാനൊക്കെയും വന്നിരുന്നു. (൩൮)

അന്വയം — ഇയം-സഭാ-വിജയാ-ജയാ-സാക്ഷാൽ- ശ്രീപാർവ്വതീ- ഷൺമുഖഃ-ഭൃംഗിരിട്ടി-ശാസ്താ-നന്ദീ-ച-ഭൃംഗീ- ഗണപതിഃ-ഇമേ- സിംഹകുംഭോദരാദ്യാഃ-ഇന്ദ്രാദ്യാഃ-ലോകപാലാഃ-സകലസുരഗണാഃ- സിദ്ധഗന്ധർവ്വമുഖ്യാഃ-സാദ്ധ്യാഃ-വിദ്യാധരേന്ദ്രാഃ. സകലവസുഗണാഃ-നാരദാദ്യാഃ-മുനീന്ദ്രാഃ- ച-ദൃശ്യന്തേ.

അർത്ഥം — ഇതാ സാക്ഷാൽ ശ്രീപാർവ്വതിയും ജയവിജയകളെന്ന സഖികളും ഷൺമുഖനും-(സുബ്രഹ്മണ്യനും) ഭൃംഗിരിട്ടിയും ശാസ്താവും നന്ദിയും (നന്ദികേശ്വരനും) ഭൃംഗിയും ഗണപതിയും ഇവരെല്ലാം (ഒക്കയും) സിംഹം കുംഭോദരൻ ഇതുമുതലായവരും ഇന്ദ്രാദ്യന്മാരായ ലോകപാലന്മാരും സകല സുരഗണങ്ങളും സിദ്ധഗന്ധർവ്വമുഖ്യന്മാരും സാദ്ധ്യന്മാരും വിദ്യാധരേന്ദ്രന്മാരും സകല വസുഗണങ്ങളും (അഷ്ടവസുക്കളും) നാരദാദ്യന്മാരായ മുനീന്ദ്രന്മാരും കാണപ്പെടുന്നു॥

ആശ്ചര്യം മഹദാശ്ചര്യ
മഹോ സർവ്വം മമാഗ്രതഃ ।
ദൃശ്യതേ ശാംഭവം തേജോ
വിശ്വാദ്യേകകാരണം॥ (൨൯)

അന്വയം — ആശ്ചര്യം-മഹത്-ആശ്ചര്യം- വിശ്വാദ്യേക കാരണം-ശാംഭവം-തേജഃ-സർവ്വം-മമ-അഗ്രതഃ-ദൃശ്യതേ-അഹോ.

അർത്ഥം — ആശ്ചര്യം-അത്യാശ്ചര്യം -വിശ്വാദ്യേകകാരണവും (സർവ്വലോകങ്ങൾക്കും മുഖ്യകാരണവും) ശാംഭവവും (ശ്രീപരമശിവനെ സംബന്ധിച്ചുള്ളതും) ആയ തേജസ്സു സർവ്വം എന്റെ അഗ്രഭാഗത്തിൽ (മുമ്പിൽ) കാണപ്പെടുന്നു; ആശ്ചര്യം.

നമസ്തേ നാരായണവല്ലഭപ്രഭോ
നമസ്തേ നാരീലളിതാർദ്ധദേഹ
നമോഽസ്തു തേ ഗംഗാധര! ചന്ദ്രമൌലേ!
നമോഽസ്തു തുഭ്യം ശരണാഗതോഽസ്മി॥ (൩൦)

അന്വയം — ഹേ നാരായണവല്ലഭപ്രഭോ! - തേ - തുഭ്യം- നമഃ- അസ്തു-ഹേ നാരീലളിതാർദ്ധദേഹ! നമഃ. അസ്തു ഗംഗാധര! നമഃ-അസ്തു-ഹേ ചന്ദ്രമൌലേ! നമഃ-അസ്തു-ശരണാഗതഃ-അസ്മി.

അർത്ഥം — [illegible] നാരീലളിതാർദ്ധദേഹ (നാരിയെക്കൊണ്ടു മനോഹരമായ അർദ്ധദേഹത്തോടുകൂടിയവനേ) എന്നു അർത്ഥമാക്കിയിട്ടു നമസ്കാരം। ശേഷം അർത്ഥം സ്പഷ്ടമാകുന്നു.

നമസ്തേ സകലാദ്ധ്യക്ഷ!
നമസ്തേ ഭക്തവത്സല!
നമസ്തേ പാർവ്വതീകാന്ത!
നമസ്തേ വൃഷഭധ്വജ! (൩൧)

അല്ലയോ സകലാദ്ധ്യക്ഷ! അങ്ങേക്കായിട്ട നമസ്കാരം. ശേഷം സ്പഷ്ടം.

പ്രസീദമേപാർവ്വതരാജകന്യേ!
പ്രസീദമേശങ്കരജീവനാഥേ
പ്രസീദമേദേവമുനീന്ദ്രവന്ദ്യേ!
പ്രസീദമേദേവിദയാംബുരാശേ! (സ്വ.)

അർത്ഥം—ഹേ പാർവ്വതരാജകന്യേ–മേ–പ്രസീദ (അല്ലയോ ഹിമവൽപുത്രി! എനിക്കായിട്ട പ്രസാദിച്ചാലും) ശേഷവും ഇതുപോലെ അറിക.

കൃതോമയായദജ്ഞാനാൽ വിമർദ്ദോയംതവാനഘ!
ശരണംസമ്പ്രപന്നോസ്മി തൽക്ഷമസ്വാദ്യശങ്കര!

അന്വയം—ഹേ അനഘ! തവ–അജ്ഞാനാൽ–മയാ–അയം–വിമർദ്ദഃ–കൃതഃ–യത്, ഹേ ശങ്കര! അദ്യ– തൽക്ഷമസ്വ– അഹം–ശരണം–സമ്പ്രപന്നഃ–അസ്മി.

അർത്ഥം—അല്ലയോ അനഘ (നിർമ്മലസ്വരൂപ) അങ്ങേക്ക് അജ്ഞാനത്താൽ എന്നാൽ ഈ വിമർദ്ദം (മർദ്ദനം) കൃതമായി (ചെയ്യപ്പെട്ടു) എന്നുള്ള യാതൊന്ന് അല്ലയോ ശങ്കര! അങ്ങ് ഇപ്പോൾ അതിനെ ക്ഷമിച്ചാലും. ഞാൻ ശരണത്തെ സമ്പ്രാപ്തനായിട്ട (പ്രാപ്തനായിട്ട) ഭവിക്കുന്നു.

(പാർത്ഥൻ)

സ്വാമിൻമയാജ്ഞധിയാത്വയിദേവദേവ
ബാണൈശ്ശരൈർദ്ധനുഷാമുഷ്ടിനാച
യദ്യച്ചതുർവ്വിധമകാരിരണേതദാഗഃ
ക്ഷന്തവ്യമദ്യഭവതാകരുണാസ്പദേന॥ (സ്വ.)

അന്വയം—ഹേ സ്വാമിൻ! അജ്ഞധിയാ–മയാ–ദേവദേവേ– ത്വയി–ബാണൈഃ–ശരൈഃ–ധനുഷാ– മുഷ്ടിനാ–ച–ചതുർവ്വിധം–യത്–യത്–രണേ അകാരി–തത് ആഗഃ–അദ്യ–കരുണാസ്പദേന–ഭവതാ–ക്ഷന്തവ്യം.

അർത്ഥം—അല്ലയോ സ്വാമിൻ! അജ്ഞധിയായ (മന്ദബുദ്ധിയായ) എന്നാൽ ദേവദേവനായ അങ്ങേക്ക് ബാണങ്ങൾകൊണ്ടും ശരംകൊണ്ടും ധനുസ്സുകൊണ്ടും (വില്ലുകൊണ്ടും) മുഷ്ടികൊണ്ടും ചതുർവ്വിധമായ (നാലുപ്രകാരത്തിലുള്ള) യാതൊന്നു യാതൊന്ന് (യാതൊരു യാതൊരു അപരാധം) രണത്തിൽ (യുദ്ധത്തിൽ) ചെയ്യപ്പെട്ടു ആ ആഗസ്സ് (അപരാധം), ഇപ്പോൾ കരുണാസ്പദനായ (ദയയ്ക്കു സമുദ്രമായ) ഭവാനാൽ (അങ്ങയാൽ) ക്ഷന്തവ്യമാകുന്നു (ക്ഷമിക്കപ്പെടുവാൻ യോഗ്യമാകുന്നു)

കരുണാമൃതതുല്യശീതളൈഃ കടാക്ഷൈഃ ശമിതാശേഷപരിശ്രമഃ പുരാരേഃ
ഉദതിഷ്ഠദുദാരകാന്തിഭാരഃ പ്രസഭം ബാഷ്പസമുക്ഷിതഃ കിരീടീ॥ ൩൯

അന്വയം—കിരീടി- കരുണാമൃതതുല്യശീതളൈഃ- പുരാരേഃ- കടാക്ഷൈഃ- ശമിതാശേഷപരിശ്രമഃ- ഉദാരകാന്തിഭാരഃ- പ്രസഭം ബാഷ്പസമുക്ഷിതഃ- ഉദതിഷ്ഠത്.

അർത്ഥം—കിരീടി (അർജ്ജുനൻ) കരുണാമൃതതുല്യശീതളങ്ങളായ (കരുണാമൃതങ്ങളെക്കൊണ്ടു ശീതളങ്ങളായ) പുരാരിയുടെ കടാക്ഷങ്ങളാൽ ശമിതാശേഷപരിശ്രമനായി (ശമിപ്പിക്കപ്പെട്ട സകല പരിശ്രമങ്ങളോടു കൂടിയവനായി) “ശിവനമായിട്ടുള്ള യുദ്ധം ഏതെല്ലാമായ കഷ്ടങ്ങളൊക്കെയും നശിച്ചിട്ട്” എന്നു സാരം. ‘ഉദാരമായ (വർദ്ധിക്കപ്പെട്ടതായ) കാന്തിഭാരത്താൽ പ്രസന്നനായ (തെളിഞ്ഞവനായ) ബാഷ്പത്താൽ (സന്തോഷാശ്രുവിനാൽ) സമുക്ഷിതനായിട്ട് (നനയ്ക്കപ്പെട്ടവനായിട്ട്) ഉത്ഥാനംചെയ്തു (എഴുന്നീററു)

“കരുണാമൃത”എന്ന ശ്ലോകത്തിനു പകരം പാഠാന്തരമായിക്കാണുന്ന ശ്ലോകത്തെ താഴെ ചേർക്കുന്നു.

ശ്ലോകം—ഇതി വിജ്ഞാപയന്തമേനം പാരിജാതപല്ലവതല്ലജപാടിതൈരമൃതപാണിതലസ്യ പരാമർശനേന പ്രമുഷിതരുജം സമുച്ചങ്ങും പ്ര വഞ്ചകമനംഗശാസനോ വ്യാജഹാര.

അർത്ഥം—ഇപ്രകാരം വിജ്ഞാപയന്നായി (അറിയിപ്പിക്കുന്നവനായി) പാരിജാതത്തിന്റെ (കല്പവൃക്ഷത്തിന്റെ) പല്ലവതല്ലജംപോലെ (പ്രശസ്തപല്ലവംപോലെ) “തല്ലജശബ്ദം പ്രശസ്തവാചിയാകുന്നു” പടിമയുള്ളതായ (മാർദ്ദവമുള്ളതായ) പാണിതലത്തിന്റെ പരാമർശനം കൊണ്ട് (സ്പർശനംകൊണ്ട്) പ്രമുഷിതരുജനായ സമുച്ചങ്ങളായ നശിക്കപ്പെട്ട ദുഃഖത്തോടുകൂടിയവനായ അംഗങ്ങളോടുകൂടിയവനായ ഇന്ദ്രവംശകേതുവിനോട് (കപിധ്വജനായ അർജ്ജുനനോട്) അനംഗശാസനൻ (കാമാന്തകൻ) ഇപ്രകാരം പറഞ്ഞു.

ഭോ ഭോ ഫൽഗുന! തുഷ്ടോസ്മി കർമ്മണാപ്രതിമേന തേ!
വിക്രമേണാനന്യസാദൃശ്യശൗര്യേണ ക്ഷത്രിയോചിതേന ച॥ ൪൦

അന്വയം—ഭോ ഭോ ഫൽഗുന! അപ്രതിമേന- തേ- കർമ്മണാ- (അഹം) തുഷ്ടഃ അസ്മി, അനേന- വിക്രമേണ-ശൗര്യേണ-ച- തേ-സമക്ഷത്രിയോചിതേന- അസ്മി-

അർത്ഥം—അല്ലയോ അർജ്ജുന! അപ്രതിമമായ (സദൃശമില്ലാത്തതായ) നിന്റെ കർമ്മംകൊണ്ടു ഞാൻ തുഷ്ടനായി ഭവിക്കുന്നു!

ളുര വീൎയ്യംകൊണ്ടും ധൃതികൊണ്ടും (ധൈൎയ്യംകൊണ്ടും) നിന്നെ സമ
നായ ക്ഷത്രിയൻ ഭവിക്കണില്ല.

“[illegible].” എന്ന ശ്ലോകത്തിന്ന പാഠഭേദമായിക്കാണു
ന്ന പദ്യം താഴെ ചേൎക്കുന്നു.

ഭേദൈസ്ത്രിഭിസ്സന്നയധിപ്രവീര–ത്വയാപരായോധനഭേദദുഷ്ടഃ
തഥാ ഭക്ത്യാ തപസാ വിഭൂത്യാ–തവപ്രസൂനാൎച്ചനയാ മഹത്യാ

അന്വയം—ഹേപ്രവീര! (അഥവാ) യധി–ത്രിഭിഃഭേദൈഃ–ത്വയാ–അ
പരായോധനഭേദ–ദുഷ്ടഃ–ഭവാൻ, തഥാ–ഭക്ത്യാ–തപസാ–വിഭൂത്യാ
മഹത്യാ–തവപ്രസൂനാൎച്ചയാ–ന–തുഷ്ടഃ–ഭവാൻ.

അത്ഥം—അല്ലയോ പ്രവീര (മഹാവീര)യുദ്ധത്തിൽ(യുദ്ധത്തിൽ)
നിന്റെ ത്രിവിധമായ അപരായോധനത്താൽ (വില്ലുകൊണ്ടുള്ള അടിയാൽ
എന്നൎത്ഥം) എന്റെ ശരീരം–ദുഷ്ടനായിട്ട് (സന്തുഷ്ടനായിട്ട്) ഭവിക്കുന്നു
അപ്രകാരം ഭക്തിയാലും തപസ്സുകളുടെ വിഭൂതിയാലും (ഐശ്വൎയ്യ
ത്താലും) മഹത്തായ (വലുതായ) തവപ്രസൂനാൎച്ചനയാലും (പുഷ്പങ്ങ
ളുടെ പൂക്കൾകൊണ്ടുള്ള പൂജയാലും) സന്തുഷ്ടനായിട്ട ഭവിക്കുന്നില്ല.
വില്ലിന്റെ അടികൊണ്ടു സന്തോഷിച്ചതുപോലെ ഭക്തി മുതലായതു
കൊണ്ടു സന്തോഷം ഉണ്ടായില്ല എന്നൎത്ഥം.

ഇത്യുക്തവാൻ പ്രണതം പ്രഗൃഹ്യ ഭഗവാൻ മുഹുരാശ്ലിഷ്യ പാൎത്ഥം മുഹു
ൎത്തസൗമുഖ്യസമന്വിതഃ കൎമ്മകഠോരൻ തസ്മൈ പ്രസാദസൌമുഖഃ
ശിഷ്യഗുണകൃപാലുഃ ശിവസ്തസ്മൈ ത്രിലോകീമപി
പ്രീതഃ പാശുപതം സമന്ത്രമുപദിശ്യാസ്ത്രം തിരോഭൂൽ ഗതഃ ॥ (൪൮)

കിരാതം പ്രബന്ധം സമ്പൂൎണ്ണം.

അന്വയം—ഇതി–ഉക്തവാൻ–ഭഗവാൻ–പ്രണതം–പാൎത്ഥം–പ്ര
ഗൃഹ്യ–മുഹുഃ–ആശ്ലിഷ്യ–പ്രസാദസൌമുഖഃ–തസ്മൈ–ഗുണകൃപാണകൎ
മ്മകഠോരൻ–ശിവഃ–ശിഷ്യഗുണകൃപാലുകൻ–പരം–ഉന്നതം–ത്രിലോ
കിം–അപി–ജേതും–പ്രീതഃ–പാശുപതം–അസ്ത്രം–സമന്ത്രം–ഉപദി
ശ്യ–ഗതഃസൻ–തിരോഭൂൽ.

അൎത്ഥം—ഇപ്രകാരം പറഞ്ഞിട്ട് ഭഗവാൻ (ശിവൻ) പ്രണത
നായ (നമസ്കരിക്കുന്നവനായ) പാൎത്ഥനെ (അൎജ്ജുനനെ) പ്രഗ്രഹി
ച്ചിട്ട് (പിടിച്ച്) പിന്നെയും പിന്നെയും ആശ്ലേഷിച്ചിട്ട് (ആലിംഗ
നം ചെയ്തിട്ട) പ്രസാദസൌമുഖനായി അവനായിട്ട് (അൎജ്ജുനനായിട്ട്)

തൂണകൃപാണകാർമ്മുകശരങ്ങളെ(തൂണങ്ങളെയും (ആവനാഴികളെയും വാളിനെയും വില്ലിനെയും ശരങ്ങളെയും) ദാനംചെയ്തിട്ട് ഭീഷ്മദ്രോണകൃപാദികളായവരെത്തന്നെ ജയിക്കട്ടെ. അല്ല ത്രിലോകിയേയും ജയിക്കാനായിട്ട് "ഭീഷ്മർ-ദ്രോണർ-കൃപർ മുതലായവരേയും ത്രൈലോക്യവാസിജനത്തേയും ജയിക്കാനായിട്ട്" എന്നു സാരം). പ്രീതനായിട്ട് പാശുപതമാകുന്ന (പശുപതി (ശിവൻ) ആകുന്ന ദൈവതത്തോടുകൂടിയ) അസ്ത്രത്തെ (പാശുപതാസ്ത്രത്തെ) സമന്ത്രമാകുംവണ്ണം ഉപദേശിച്ചിട്ട് ഗണങ്ങളോടു (ഭൂതഗണങ്ങളോടു)കൂടെ തിരോദധേ (മറഞ്ഞു).

കിരാതം പ്രബന്ധത്തിന്റെ വ്യാഖ്യാനം സമാപ്തമായി.



കൌന്തേയാഷ്ടകം

പ്രബന്ധം

കൌന്തേയാനവബുദ്ധ്യ സിദ്ധ്യൈ കാനനോപയാതാൻ കുരൂണാം പതിഃ
ശ്രീദുർവ്വാസസമേകദാ കലിമയീമാത്യന്തികാം നാഗശാലായാം
ശിഷ്യാണാമയുതേന സാകമധികപ്രാജ്യൈശ്ച ഭോജ്യാദിഭിഃ
പൂജ്യന്തം സമഭീഭവത് സ മുനിസ്തുഷ്ടോ വരം പ്രാപ്തവാൻ   ൧

അന്വയം — കലിമയീം - സഃ - കുരൂണാം പതിഃ - കൌന്തേയാൻ - സിദ്ധ്യൈ കാനനോപയാതാൻ - അവബുദ്ധ്യ - ഏകദാ - ശ്രീദുർവ്വാസസം - നാഗശാലായാം - ആത്യന്തികം - പൂജ്യം - തം - ശിഷ്യാണാം - അയുതേന - സാകം - അധികപ്രാജ്യൈഃ ഭോജ്യാദിഭിഃ - സമഭീഭവൽ - സഃ - മുനിഃ - ച - തുഷ്ടഃ സൻ വരം പ്രാപ്തവാൻ.

ആ — കലിമയിയായ (ദുർബ്ബുദ്ധിയായ) ആ കുരുക്കളുടെ പതി (ദുര്യോധനൻ) കൌന്തേയന്മാരെ (പാണ്ഡവന്മാരെ) സിദ്ധ്യൈ കാനനോപയാതന്മാരെന്നു് (സിദ്ധിക്കായിക്കൊണ്ടു കാനനത്തിലേക്കു ഉപയാതന്മാരെന്നു് ധരിച്ചിട്ടു്) ഒരിക്കൽ ശ്രീദുർവ്വാസസ്സിനെ - നാഗശാലയിൽ (ഹസ്തിനാപുരത്തിൽ) ആത്യന്തികം പൂജിച്ചിട്ടു് (ഏററവും ബഹുമാനിച്ചിട്ടു്) പൂജ്യനായ അദ്ദേഹത്തെ ശിഷ്യന്മാരുടെ അയുതത്തോടു് (പതിനായിരം ശിഷ്യന്മാരോടു കൂടെ) അധികപ്രാജ്യങ്ങളായ-(ഏററവും വിശിഷ്ടങ്ങളായ) ഭോജ്യാദികൾകൊണ്ടു് (ഭക്ഷണസാധനാദികൾകൊണ്ടു്- സംഭാവനംചെയ്തു (സൽക്കരിച്ചു) ആ മുനിയും (ദുർവ്വാസാവും) ഇഷ്ടനായിട്ടു് - വരത്തെ പ്രാപിച്ചവനായി (ഭോജി ച്ചു)

യസ്മിന്നന്നമയേ ഭവേത് കലപാതിർദ്ദൂരസ്ഥമസ്തു ത്വദോ
തസ്യൈ പ്രീതവശാദ്ദദൌ ദ്രുപദജാ [illegible] കലശം ഇതി
ഏതാവാൻ പുനരായതീശ്വര! യഃ കിന്തു ത്വയാപേക്ഷ്യതേ
പാഞ്ചാലീ ക്ഷുധയാ പുനസ്തു ഭഗവൻ ഭുക്തവതീം ശ്രൂയതാം   ൨

അന്വയം — ഹേ ഭഗവതി! യസ്മാത് - അസ്മാകം - കലപാതിഃ - അത്ര യസ്മിൻ - വനേ - ഭവേൽ - അസ്തു - ദൂരസ്ഥം - കലശത്രയം - തസ്യൈ - അപി - അനുഗ്രഹാർത്ഥം - ഏതാവാൻ - [illegible] - ആയതി - വരം ദത്തവാൻ - കിന്തു - ഭോജനസമയം - പാഞ്ചാലീ - ക്ഷുധയാ - പുനഃ - സ്ഥിരം - അസ്തി - തദാ - ഭുക്തവതീം - ശ്രൂയതാം.

അർത്ഥം—അല്ലയോ യതിശ്രേഷ്ഠ! (യോഗീന്ദ്രന്മാരേ) ധർമ്മാത്മാവും (ധർമ്മബുദ്ധിയും) ഞങ്ങളുടെ കുലപതിയും ആയ ആ ധർമ്മജൻ (ധർമ്മപുത്രൻ) വനത്തിൽ സ്ഥിതിചെയ്യുന്നുവല്ലോ. ഇപ്രകാരം കുലത്തെ ഉദ്ധരിപ്പാനായിട്ട് അദ്ദേഹത്തിന്റെയും അനുഗ്രഹത്തിനു വിഘ്നമുണ്ടാകാതെ വനത്തെ ദാനംചെയ്യണം. ഇപ്പോഴും വരം ഇതുമാത്രമാണ്. ഇതിങ്കൽ എന്നു പറഞ്ഞ് ... (ഭൂമിയെ സാധിക്കാൻ വയ്യാത്ത വളായ) പാഞ്ചാലി ഖേദമാർന്ന് (വിരപ്പിനാൽ) ക്ഷീണിക്കയാൽ. അതുകൊണ്ട് അവളാൽ (പാഞ്ചാലിയാൽ) ദുഃഖമാർന്നിരിക്കുമ്പോഴും ശമിക്കാറാകണം.

ഇത്ഥം പാർത്ഥിവകേതുനാർത്ഥിതവരസ്സ്ഥൈര്യസ്സമേതോമുനിഃ
ത്രിവൃത്താനാവിലോകിതശ്രുപങ്ങൾക്കുതിസ്സമാധ്യമിനോ
അസ്സ്വാഭിതിസങ്ക്രന്ദ്രതുഷ്ടസ്വജനാസ്സിദ്ധ്യന്തികം ധർമ്മജം
പ്രാപത്സോപി ചനന്ദനാമരഃ ഖവാ സാക്ഷാൽ ത്രിക്ഷണം നമ.

അന്വയം—ഇത്ഥം—പാർത്ഥിവകേതു—നാ—അർത്ഥിതവരഃ—സഃ—മുനിഃ—ശിഷ്യസമേതഃ—ത്രിവൃത്താനാവിലോകിതശ്രുപങ്ങൾ—കുതിസമാധ്യമിനാ—അസ്സ്വാഭിതിസങ്ക്രന്ദ്രതുഷ്ടസ്വജനാസ്സിദ്ധ്യന്തികം—ധർമ്മജം—പ്രാപത്—സഃ—അപി—മാ—ദ്ധവാ—സാക്ഷാത്—ത്രിക്ഷണം—ഇ—ഗം—ന നാമ—

അർത്ഥം—ഇപ്രകാരം പാർത്ഥിവകേതുവിനാൽ (രാജശ്രേഷ്ഠനായ ദുര്യോധനനാൽ) അർത്ഥിതവരനായ (യാചിക്കപ്പെട്ട വരത്തോടുകൂടിയവനായ) ആ മുനി (ദുർവ്വാസാവ്) ശിഷ്യന്മാരോടു സമേതനായി (കൂടിയവനായി) ത്രിവൃത്താനാവിലോകിതശ്രുപങ്ങളുതിയായിട്ട് (ത്രിവൃത്തിയുടെ വിലോകിതമാകുന്ന ... പങ്ങളുടെ ... ജനത്തോടുകൂടിയവനായിട്ട്) മദ്ധ്യാഹ്നത്തിൽ (മദ്ധ്യാഹ്നസമയത്തിൽ) അസ്സ്വാഭിതിസങ്ക്രന്ദ്രതുഷ്ടസ്വജനാസ്സിദ്ധ്യന്തികനായ (എന്നിങ്ങനെ ... ഇഷ്ടന്മാരായ സ്വജനങ്ങളാൽ ചുറ്റപ്പെട്ട സമീപത്തോടുകൂടിയവനായ) ധർമ്മജനെ പ്രാപിച്ചു. അദ്ദേഹവും (ധർമ്മപുത്രനും) മാധവൻ (ഇന്ദ്രൻ) സാക്ഷാൽ ത്രിക്ഷണനായ (ശിവനെ) എന്നപോലെ അദ്ദേഹത്തെ (മഹർഷിയെ) നമസ്കരിച്ചു.

അഭ്യൃതമസ്യ വിധിവദ്ധർമ്മതനയസ്സ്വയം മാധ്യമികം
കൃതപ്രാർത്ഥനമാശിഷോ മഹർഷിമുഖത്തേ ന്യാസലോചനൻ
തോവർത്തുസമസമുദ്ധൃതഭക്ത്യാ പാനാലയമതു തേ
ക്ഷുത്സ്വേദമാവരിതോ വത ഭവതിസിദ്ധ നമോ വാഹനം ശ്രേയോ ൪.

അന്വയം—അത്യൃതമസ്യ—വിധിവത്—ധർമ്മതനയഃ—ഇ—മഹർഷിം—കരോ—ഇതി—അനാമയോചിതൻ സ്വയം എന്ന മാധ്യമികം—കൃതപ്രാ—

[illegible] അവസ്ഥാം ഭേജേ.

[illegible]

[illegible]
[illegible]
[illegible]
[illegible] ൯

[illegible]

[illegible]

[illegible]
[illegible]

മദ്യം മേ ഹി ഭിതം സസാനാധികവിപശയാ
പ്രോക്തസഖ്യാന്നാഥാന്തിഃ
സഥാലീലഗ്നാസശോകപ്രതിസജലമുപാ
നാസ്സു ഭവിശ്വമൂർത്തിർ
ഉത്കണ്ഠാദുസ്പൃഷ്ടസ്സിതാസ്യഗദം സ ചലിതസഖിമുഹു
ർന്നാഥ പായയത്യാദി ദേശ. ൧൫

അന്വയം—പ്രസ്താത്യം—ഉപസൃതം. വാർത്താം—പ്രോക്തം അ—ക്ഷ്യദ്യോതം—മദ്യം—ലബ്ധം—അന്നം. മേഹി—ഇതി—തേനാൽ—അധിക വിപശയാ—നാഥ—പ്രോക്ത സഖ്യാന്നാഥാന്തിഃ—സഃ—വിശ്വമൂർത്തിഃ—സഥാ ലീലഗ്നാ—ശോകപ്രതി—സജലം—ഉപഗമ്യ—ഉത്കണ്ഠയാ—മേനസഖി!—സഃ—അദ്യ—ഉപസ്പൃഷ്ടം—അസ്സി—സചലിതസ്മിത—ആദായ—മുക്തി—ആദി ദേശ.

അന്വയാർത്ഥം—പ്രസ്താത്യയായ (വാരികളെപ്പട്ട ആർത്തിയോടു കൂടി യവളായ) ഉപസൃതയായ (പാദമൊലിയാൽ) വാർത്തയായ പ്രോക്ത നായി (പറയപ്പെട്ടവനായി) കഷ്ടക്ഷ്യദ്യോതയ (വിശക്കുന്നവനായ) എ ന്നിക്കയിട്ട ലബ്ധമായ (ലഭിക്കപ്പെട്ടതായ) അന്നമത്രെ തന്നാലും, എന്നി ങ്ങനെ ശം സൻ ആയി (പറയുന്നവനായി) അധികവിപശയായ അവ ളാൽ പ്രോക്ത സഖ്യന്നാഥനായ (പറയപ്പെട്ട സർവ്വാന്നത്തിന്റെ ഫാദിയോടുകൂടിയവനായ) ആ വിശ്വമൂർത്തി (സകലാത്മരൂപനായ ശ്രീകൃഷ്ണൻ) സഥാലീലഗ്നമായ (പാത്രത്തിൽ പറ്റിയതായ) ശാകമാത്ര ത്തെ (ശാകപ്രതി എന്നതു് സ്വല്പപ്രതിനാമാത്രാർത്ഥം എന്ന സൂത്രം കൊണ്ടു അവ്യയീഭാവസമാസമാകുന്നു) സജലമായുള്ള (വെള്ള ത്തോടുകൂടെ) സമുപാദായിച്ചിട്ടു (കൊണ്ടു വന്നിട്ടു) അതിനെ (വെള്ളത്തോടുകൂടിയ ശാകമാത്രത്തെ ഭുജിച്ചിട്ടു. അപ്പോൾ സഖി! ആ ഞാൻ (വിശപ്പുള്ളവനായ ഞാൻ) ഇപ്പോൾ തൃപ്തനായി. ത രിക്ഷണം മുനിമാർക്കു ആഹാരം വെച്ചാലും (വിളിച്ചാലും) എന്നി ങ്ങനെ ആദേശിച്ചു. (നിയോഗിച്ചു.)

താവത്ഭോജനഗതാസ്സുവർശിവശിവാ
ഭുക്താശ്ച പൂർണ്ണാപൂർണ്ണാ
സ്സംപൂർണ്ണാതിർണ്ണാക്ഷുദ്ധാമി വ മെയ്യിള മഴി—
ച്ചതിമതാക്ഷാതല ദശാപശ
യോഗീന്ദ്രാവ്യർത്ഥപാകേദ മഫകിതയിരു
ഭ്രുദ്ദതം വിദ്രുതമസ്സു
മുക്തിശോപി പ്രകാശോദ്യപതിമപിട്ടശാം
പ്രീണയിതപാതിമോദ്യൽ. ൧൬

അന്വയഃ — തദാ — യോഗേശ്വരാഃ — തേ — യോഗീന്ദ്രാഃ — അയി — ശിവ! ശിവ! ഇതി — ബ്രുവാണാഃ — അത്യന്താഗതാഃ — പൂർണ്ണപൂർണ്ണാഃ — ഉത്ക്രമം — നിർഗ്ഗതകല്മഷാഃ — (ഭവന്തി) (തദാ) ജയ — ജീവ — ഇതി — ജനഘോഷസമേതാഃ — വ്യത്യസ്തപാദകരയോഗികളായ്‌ — പ്രവൃദ്ധരൂപം — വിശ്രുതഃ — വൃഷ്ണീശഃ — അപി — പ്രകടഃ — നൃപതിം — അപി — ഭൃശം — പ്രീണയിത്വാ — തിരോദധൗ

അർത്ഥം — അപ്പോൾ യോഗേശ്വരന്മാരായ (കർമ്മകുശലന്മാരായ) ആ യോഗീന്ദ്രന്മാർ അല്ലയോ ശിവ! ശിവ! എന്നു ഉച്ചരിച്ചു അത്യന്താഗതന്മാരായി (അത്യന്തസ്വീകാരം ... പ്രാപ്തന്മാരായി) പൂർണ്ണപൂർണ്ണന്മാരായി (ഏറ്റവും നിറഞ്ഞവരായി) യോഗേന നിർഗ്ഗതകല്മഷന്മാരായിട്ടു (പാപമില്ലാത്തവരായിട്ടു) ഭവിക്കുന്നു. അങ്ങു ജയിച്ചാലും ജീവിച്ചാലും എന്നിങ്ങനെ ജനഘോഷത്തോടുകൂടിയവരായി (സന്തോഷം കൊണ്ടുള്ള ശബ്ദത്തോടുകൂടിയവരായി) വ്യത്യസ്തപാദകരയോഗികളായി (തിരിച്ച പാദങ്ങളെക്കൊണ്ടു് സംഭ്രാന്തബുദ്ധികളായിട്ടു) വേഗത്തിൽ വിശ്രുതന്മാരായി (കേൾപ്പെട്ടവരായി) വൃഷ്ണീശനും (ശ്രീകൃഷ്ണനും) പ്രകടനായിട്ട് (പ്രത്യക്ഷനായിട്ടു) നൃപതിയേയും (ധർമ്മപുത്രരേയും) ഏറ്റവും പ്രീതിപ്പിച്ചിട്ട് (സന്തോഷിപ്പിച്ചിട്ട്) തിരോഭവിച്ചു (മറഞ്ഞു).

അഥ കൃത്രിമപക്ഷിപ്രവിചിന്ത്യ ഭേദം
ബ്രഹ്മൻ മുനിർമ്മിത്രശതൈർവിദിത്വാ
നനാമ കൃഷ്ണം പ്രശശംസ കൃഷ്ണാം
നൃപം ച തം കൈതവമപ്യനിന്ദീത്

അന്വയഃ — അഥ — കൃത്രിമപക്ഷി — ഭേദം — പ്രവിചിന്ത്യ — ബ്രഹ്മൻ — മുനിഃ — മിത്രശതൈഃ — വിദിത്വാ — കൃഷ്ണം — നനാമ — കൃഷ്ണാം — നൃപം — ച — പ്രശശംസ — തം — കൈതവം — അനിന്ദീത് — അപി.

അർത്ഥം — അഥ കൃത്രിമപക്ഷിയുടെ (വിചാരിക്കാതെ ... പക്ഷിയുടെ) ഭേദത്തിനെ വിചിന്തിച്ചിട്ടു (വിചാരിച്ചിട്ടു) ബ്രഹ്മൻ (വേദജ്ഞൻ) ആ മുനി (ദുർവ്വാസാവ്) മിത്രശതങ്ങളെക്കൊണ്ടു (ശിഷ്യന്മാരെക്കൊണ്ടു്) അറിഞ്ഞിട്ടു കൃഷ്ണനെ നമിച്ചു. കൃഷ്ണയേയും (പാഞ്ചാലിയേയും) നൃപനേയും (ധർമ്മപുത്രരേയും) പ്രശംസിച്ചു. ആ കൈതവനെ (ദുര്യോധനനെ) നിന്ദിക്കയും ചെയ്തു.

പാർവ്വതീസ്വയംവരം

പ്രബന്ധം

അദ്രീശസ്സ്വതനയാം [illegible]
[illegible]
[illegible]
[illegible] ൧॥

അന്വയം — അഥ — അദ്രീശഃ — വാതോദ്ധൂതാം — ലതാം — ഇവ — അതിവേപമാനാം — തനയാം — ദോർഭ്യാം — പരിഷ്വജ്യ — അത്യാമോദാമൃതരസാപ്ലവശീതളാഭിഃ — വാഗ്ഭിഃ — ആശ്വാസ്യ — ആ പരിതപ്തഹൃദയാം — അകരോത്.

അർത്ഥം — അനന്തരം (കാമദഹനാനന്തരം) അദ്രീശൻ (ഹിമവാൻ) വാതോദ്ധൂതയായ (കാറ്റിനാൽ ഇളക്കപ്പെട്ടതായ) ലതയെപ്പോലെ അതിവേപമാനയായ (ഏറ്റവും വിറയ്ക്കുന്നവളായ) തനയയെ (പുത്രിയെ — പാർവ്വതിയെ) ദോസ്സുകൾകൊണ്ട് (കൈകൾകൊണ്ട്) പരിരംഭണം ചെയ്തിട്ട് (ആലിംഗനംചെയ്തിട്ട്) അത്യാമോദമാകുന്ന അമൃതരസത്തിന്റെ ആപ്ലവംകൊണ്ട് (മുഴുകൽകൊണ്ട്) ശീതളങ്ങളായ (തണുത്തവയായ) വാക്കുകൾകൊണ്ട് ആശ്വസിപ്പിച്ചിട്ട് ആ പരിതപ്തഹൃദയയെ (ആ പരിതാപത്തോടുകൂടിയ ഹൃദയത്തോടുകൂടിയവളാക്കി) മയമില്ലാത്തവളാക്കി എന്ന ഭാവം[illegible]॥

തസ്മിൻ പുഷ്പശരേ പുരാരിനയനജ്യോതിർഭിരസ്മീകൃതേ
ഭഗ്നാനല്പമനോരഥാ ഗിരിസുതാ [illegible]
[illegible]
[illegible] ൨॥

അന്വയം — തസ്മിൻ — പുഷ്പശരേ — [illegible] — പുരാരി — ഭ
സ്മീകൃതേ — ഭഗ്നാനല്പമനോരഥാ — [illegible] — ഗിരിസുതാ — [illegible] —
നിജസ്യ — വപുഷഃ — [illegible] — [illegible], എന്നിട്ടും —
[illegible] — [illegible] — ഹി.

അർത്ഥം — ആ പുഷ്പശരൻ (കാമൻ) [illegible] (കാമിനിമാർ)
[illegible] (ശിവനാൽ) [illegible] (മുമ്പിൽവെച്ച്) ഭ
സ്മീകൃതനായിരിക്കുമ്പോൾ (ഭസ്മമാക്കി ചെയ്യപ്പെട്ട സമയത്തിൽ) ഭ
ഗ്നാനല്പമനോരഥയും (നശിച്ചതായ വളരെ മനോരഥങ്ങളോടുകൂടിയ

വളും) തന്റെ അനുഗ്രഹം ഒക്കെയും നശിച്ചുവളും എന്നഭാവം. ഏററവും അവമാനനായും (ഉണ്ടായ അവമാനത്തോടുകൂടിയവളും) ആയ ഗിരിസുത (പാർവതി) ദീനയായിട്ടു നിജമായ (തന്നെ സംബന്ധിച്ചു ആയ) വപുസ്സിന്റെ (ശരീരത്തിന്റെ) ചാരുത്വത്തെ (സൌന്ദര്യത്തെ) അകമേ മനസ്സുകൊണ്ടു നിന്ദിച്ചു—, ശിവൻ കാമനെ ദഹിപ്പിക്കയാൽ അനുഗ്രഹം നശിച്ചു എന്നവച്ച് എന്തൊന്ന് പാർവതി സൌന്ദര്യത്തെ നിന്ദിച്ചതു് എന്നുള്ളതിനെ അർത്ഥാന്തരംകൊണ്ടു പരിഹരിക്കുന്നു. എന്തിട്ടുകൾക്കുളുടെ (സ്ത്രീകളുടെ) സൌന്ദര്യം വല്ലഭന്മാരാൽ ഇഷ്ടം സൌഭാഗ്യഫലമാകുന്നു. (സൌഭാഗ്യമാകുന്ന മുഖ്യഫലത്തോടുകൂടിയതാകുന്നു എന്നു പ്രസിദ്ധം. (സ്ത്രീകളുടെ സൌന്ദര്യത്തിന് ഭർത്തൃജനം ഉണ്ടെങ്കിലേ ഫലം സിദ്ധിക്കയുള്ളൂ. കാമനെ നശിപ്പിച്ചതുകൊണ്ട് ശിവൻ തന്റെ ഭർത്താവായിവരാൻ അസാദ്ധ്യമെന്നോർത്തു പാർവതി തന്റെ സൌന്ദര്യം നിഷ്ഫലമെന്നു വിചാരിച്ചു നിന്ദിച്ചു എന്നഭാവം.)

സമുപേത്യ പുരഃ സ ഏവ ഭാവാൻ
സ്മരവൈരിവിനിഷേവ്യശേഷകാമാൻ।
അതനോദ്യൗ സമമദ്രികന്യാ
തപസേ ശങ്കരതോഷണായ ഭാവം॥ ൫॥

അന്വയം — അദ്രികന്യാ - സ്മരവൈരി - പുരഃ - സമുപേത്യ - അശേഷകാമാൻ - ഭവൻ - വിതരതി - ഭവൻ - അന്ത്രാസമപാസ്യം - അദ്രികന്യാ - തപസേ - വൃത്തമനം - അതനോത്.

അർത്ഥം — സ്മരവൈരി (കാമാന്തകൻതന്നെ) മുൻപിൽ വന്നിട്ട് അശേഷകാമങ്ങളെ എപ്പോഴും വിതരണം ചെയ്യുന്നു, അതുവരെ അന്തരായസമ്പാദനമായ (പൂർണ്ണമനോരഥപൂർണ്ണതാസമയത്തോടുകൂടിയവളായ) അദ്രികന്യ (പാർവ്വതി) തപസ്സിനായിട്ട് വ്യവസായത്തെ ചെയ്തു. ശിവൻ മുൻപിൽ വന്നു കാമങ്ങളെ തരുന്നവരെ തപസ്സിനെ അനുഷ്ഠിച്ചു എന്നു ഭാവം.

കാനനമതപഃ കർത്തും മനസാ കൃതനിശ്ചയാം।
മാനിനീം തനയാം മേനാ ദീനാ വാചമബ്രവീത്॥ ൬

അന്വയം — കാനനമതേ - തപഃ - കർത്തും - മനസാ - കൃതനിശ്ചയാം - മാനിനീം - എന്നാം - തനയാം - മേനാ - ദീനാ - വാചം - അബ്രവീത്.

അർത്ഥം — കാനനമദ്ധ്യത്തിൽ - തപസ്സിനെ ചെയ്വാൻ മനസ്സിൽ കൃതനിശ്ചയയായി (നിശ്ചയിക്കപ്പെട്ടവാം ആയി) മാനിനിയായ (അഭിമാനവതിയായ) ഈ തനയയോടുമേനാ (പാർവ്വതീമാതാവ്) ദീനയായിട്ട് വചസ്സിനെ ബ്രവീച്ചു (പറഞ്ഞു)

കഥം വിതാലംബോ വസസി വിപിനേ ഭാമിനി! ഭവാൻ,
കഥം വാ മുഗ്ദ്ധേ! തപസി [illegible],
അസഹ്യാ [illegible] കഥമിവ [illegible]
സ്വജന [illegible] ജാതികുസുമസുകുമാര [illegible] ॥ [illegible]

അന്വയം — ഭാമിനി! (ത്വം) വിതാലംബാ [illegible] — വിപിനേ — കഥം — വസസി [illegible] — മുഗ്ദ്ധേ [illegible] — തപസി [illegible] — സ്വജന [illegible] — ജാതികുസുമസുകുമാര [illegible] — അസഹ്യാഃ — വാതാതപാദികഃ — കഥം — ഇവ — സഹ്യന്തേ —

അർത്ഥം — അല്ലയോ ഭാമിനി! നീ വിതാലംബവും (ആശ്രയമില്ലാത്തതും) [illegible] ആയ വിപിനത്തിൽ (കാട്ടിൽ) എങ്ങിനെ വസിക്കുന്നു? അല്ലയോ മുഗ്ദ്ധേ! (സുന്ദരി) [illegible] (അനുഷ്ഠിക്കാൻ [illegible] അസഹ്യമായ) തപസ്സിനെയും എങ്ങിനെ അനുഷ്ഠിക്കുന്നു; സ്വജനങ്ങളും (സ്വന്തക്കാരും) ജാതികുസുമസുകുമാരങ്ങളും (പിച്ചകപ്പൂപോലെ മൃദുക്കളും) ആയ നിന്റെ അവയവങ്ങൾ കൊണ്ട് അസഹ്യങ്ങളായ വാതാതപാദികളെയും എങ്ങിനെ സഹിക്കപ്പെടുന്നു [illegible] പറയപ്പെടുന്നു.

[illegible] — ഇതിനെല്ലാമായിട്ട് [illegible] സാപത്നത്തിൽ [illegible] തിരിച്ചറിയുന്നു [illegible] —

അർത്ഥം — ഇപ്രകാരം [illegible] (യുക്തിയുക്തമായും) [illegible] മറ്റുമായി [illegible] (തടഞ്ഞുപോരാൻ കഴിയാത്തതായി [illegible]) [illegible] എന്ന് ഇനിയും പറയപ്പെടുന്ന ശ്ലോകത്തോട് അന്വയം.

കർണ്ണേഷു കാന്ത [illegible]
നിമ്നോന്മുഖീ ച തടിനീ [illegible],
[illegible] നിജാത്മജാഭ്യാം
[illegible] ॥ [illegible]

അന്വയം — [illegible] — കർണ്ണേഷു — ഉജ്ജ്വലാ — [illegible] — നിമ്നോന്മുഖീ — തടിനീ — ച — [illegible] — ഇതി — [illegible] — വിചിന്ത്യ — [illegible] — നിജാത്മജാഭ്യാം — [illegible] അകരോൽ.

അർത്ഥം — കാന്തദ്യുതികൾ (സ്ത്രീകൾ) [illegible] ഉജ്ജ്വലാനായ (ഉത്സാഹിച്ചുനിൽക്കുന്ന) [illegible] (അനുരാഗവും) നിമ്നോന്മുഖിയായ (കീഴ്പോട്ട് ഒഴുകുന്നതായ) തടിനിയും (നദിയും)

നിവാരണീയകളല്ല (തടുക്കപ്പെടുവാൻ ശക്യകളും അല്ല) എന്ന് മന
സ്സിൽ വിചാരിച്ചിട്ട് മേനാ—തപസ്സിൽ സ്ഥിരയായ (ഉറപ്പോടുകൂടിയ
വളായ) നിജതനൂജയെ (തന്റെ പുത്രിയെ) മേനാനുവാദമതൈ ചെയ്തു.

അദ്രീശാപത്യസ്തനായാംതങ്ങണാഗ്ര്യൂഹദോ
ശ്രുത്വാനിബദ്ധയോഗ്യമയമൈരിശ മന്തരാത്മ।
കാന്താരവാസോവിധായകലിതാത്യുരമിരയാ
തമെന്ദ്യമതാമന്തിംവിനാശയാജ്ഞ്യാപാതമമ॥

അന്വയം —അദ്രീശാപത്യ—ശ്രു—തനയാം—തങ്ങണാഗ്ര്യൂഹദോ. നിബ
ദ്ധയോഗ്യമയം—ശ്രുത്വാ— മുനിശാന്തരാത്മാ— കാന്താരവാസവിധായയെ —കലി
താത്യുരമയെ— വിനാശയാജ്ഞാപാതമയെ—തമെന്ദ്യ— അന്തമതിം—മമമ—

അർത്ഥം — അദ്രീശാനാകളുടെ തനയയെ തങ്ങണാഗ്ര്യൂഹങ്ങൾ
(ശിവന്മാർ) നിബദ്ധയോഗ്യമയമന (ചേർന്ന തപസ്സോടുകൂടിയവളും എന്ന്)
കേട്ടിട്ട്—മുനിശാന്തരാത്മാവ് (നല്ല ചിത്തൻ) ആയിട്ട് കാന്താ
രവാസവിധിക (കാട്ടിൽ പാർക്കുന്നതിന്ന) കലിതോത്യുരമയും (ഉത്സാഹത്തെ
ചെയ്യുവളും) വിനാശയാജ്ഞാപായും (വനങ്ങളെ തന്റെ പ്രകാശിക്കുന്നവളും)
ആയ അവളെ കണ്ടിട്ട് അന്തമതിയായ മമാദരം ചെയ്തു (അന്തരംഗമാക്കി
ട്ടതു)

ശബ്ദം —[illegible]

[illegible]

അൎത്ഥം — അനന്തരം അവളും മനസ്സിൽ ആഹിതമായ (ചെലുത്തപ്പെട്ടതായ) തപസ്യാനിശ്ചയത്തോട് (തപോനുഷ്ഠാനനിശ്ചയത്തോട്) കൂടിയവളായി, സന്തതവാശ്യകളായ (എല്ലായ്പോഴും അധീനകൾ ആയ) വയസ്യകളോടു (സഖികളോടു)കൂടെ വിപ്രയോഗംകൊണ്ട് (വിരഹംകൊണ്ട്) വിധുരന്മാരായ (പരവശന്മാർ ആയ) പിതാക്കന്മാരെയും അതിമാത്രസമ്പന്നകളായ അനാഥദൈവതങ്ങളെയും (കുലദൈവങ്ങളെയും) അഭിവന്ദിച്ചിട്ട് സുന്ദരിമാരുടെ (നല്ലവർകളുടെ) നിദ്ധ്യാനം കൊണ്ട് നിശ്ചിതനിശ്ചയബുദ്ധിയായിട്ട്, — മനസ്സംഘം (നിബന്ധിക്കപ്പെട്ട മനസ്സന്തോഷത്തോടുകൂടും വണ്ണം) ഔഷധിപ്രസ്ഥത്തിൽനിന്ന (ഔഷധിപ്രസ്ഥം എന്ന പേരായ ഹിമവൽപുരത്തിൽനിന്ന്) പുറപ്പെട്ടിട്ട് മനോജ്ഞങ്ങളും (സുന്ദരങ്ങളും) ലളിതങ്ങളും (കോമളങ്ങളും) തരളങ്ങളും (ചപലങ്ങളും) ആയ താരകളുടെ (കൃഷ്ണമണികളുടെ) സ്നിഗ്ദ്ധവലിതങ്ങളോട് (മസൃണവീക്ഷണങ്ങളോടു) കൂടിയ നയനാഞ്ചലങ്ങളുടെ സഞ്ചാരലോകം (മന്ദം)കൊണ്ട് സമ്യൂപചീയമാനമായ (വർദ്ധിച്ചുവരുന്ന) സൌന്ദൎയ്യത്തോടുകൂടിയവരായ കുസുമശരമിത്രങ്ങളുടെ, മന്ദം (മന്ദം) ആകുംവണ്ണം ഉള്ള പദങ്ങളുടെ സുന്ദരമായ സഞ്ചാരത്തിന്റെ അവലോകം (മന്ദം)കൊണ്ട് സംക്ഷോഭിതങ്ങളുകൾ (വർദ്ധിച്ചുകൊണ്ടുകൂടിയവ ആയ സിന്ധുവോപ്പുകളിലും, (കടൽതിരകളിലും) കൈകൾകൊണ്ടു കലത്തിന്റെ (കേശഭാരസൌന്ദൎയ്യത്തിന്റെ) അവലോകംകൊണ്ടു കരുതികിട്ടികൾ (കളങ്കത്തോടുകൂടിയവ) ആയ മേഘനികളിലും (മഴമുകിലുകളിലും) സംപ്രമം (സന്തോഷത്തോടുകൂടെ) പ്രത്യർപ്പിതമായ (എതിരേൽക്കപ്പെട്ടവളോ) എന്ന തോന്നുമാറും ഉന്നതമായ (ഉന്നതമായ) ഹിമഗിരിശൃംഗമാകുന്ന (തന്റെ ശൈലാഗ്രം ആകുന്ന) രംഗത്തിലെ സ്വയംവരിക (സ്വയംവരിതാ)കൊണ്ടു മുടിഞ്ഞവ (നടുക്കപ്പെട്ടവ) ആയ പക്ഷിവൃന്ദങ്ങളുടെ (പക്ഷികൂട്ടങ്ങളുടെ) കളാരവം (മധുരനിസ്വനം) ആകുന്ന സ്വാഗതവാക്കിനോടു (സ്വാഗതവചനത്തോടു) കൂടിയവയും മഞ്ജുളങ്ങളായ മഞ്ജരീപുഞ്ജങ്ങളിൽ (പൂങ്കുലക്കൂട്ടങ്ങളിൽ) നിന്ന നിഷ്യന്ദമാനം (പുറപ്പെടുന്നതു) ആയ മകരന്ദമയമായ പാദ്യോദകത്തോടു (കാലുകഴുകുന്നതിനുള്ള ജലത്തോടു)കൂടിയവയും മന്ദപവനന്റെ (മന്ദവായുവിന്റെ) ആന്ദോളനം (വീജനം)കൊണ്ട് നിപതിക്കുന്ന (വീഴുന്നവയും) അതിബാലങ്ങളും (അല്പങ്ങളും) സുരഭികളും ആയ കുസുമങ്ങൾ (പുഷ്പങ്ങൾ)കൊണ്ട് സംഭാവിതമായ (കൊടുക്കപ്പെട്ടതു ആയ) ഉപായനത്തോടു (കാഴ്ചദ്രവ്യങ്ങളോടു) കൂടിയവയും ആയ മാർഗ്ഗോപാന്തവനഭൂമികളിൽ (വൃക്ഷസമൂഹങ്ങളിൽ) വിചരിക്കുന്നവരായ (പൂജിക്കപ്പെടുന്നവളോ) എന്ന തോന്നുമാറും ഉൾപ്പുളകിതനായിട്ട് പാദചാരിണിയായ (കാൽനടയായി) ഒരു വനാന്തരം (വനമദ്ധ്യത്തെ) പ്രാപിച്ചിട്ട് സന്തോഷമായി

(മകരന്ദത്തോടുകൂടിയതു് ആയ) സരോജഷണ്ഡത്തിൻ വിലാസമാണോ മായ (കളിക്കുന്നതു് ആയ) മധുപകുലത്തിന്റെ (വണ്ടിൻകൂട്ടത്തിന്റെ) കോലാഹലത്താൽ വാചാലിതമായ (ശബ്ദിക്കപ്പെട്ടതു ആയ) കല്ലോലത്തോടു (ജലപ്രവാഹങ്ങളോടു) കൂടിയതും സാന്ദ്രസലിലത്തിൽ ആരു ഐക്യവും (ഒരു കൂട്ടപ്പെട്ടവൻ ഭാഗ്യവും) വിശാലതയും ആയ വാപീകാസാരത്തോടു (കുളത്തിനൊപ്പമായതോടു) കൂടിയതും ആയ ഒരു കാസാരത്തിന്റെ (സരസ്സിന്റെ) പരിസരത്തിൽ (സമീപത്തിൽ) ഉള്ളതായ കനത്താൽ ധരിക്കപ്പെട്ട കസ്തൂരി (കർപ്പൂരിക)യെക്കു് ക്രമം (മറിക്കപ്പെട്ടതു) ആയ ചെമ്പിലതാപല്ലവാദികളാലുളവാക്കപ്പെട്ട പുണ്യപർണ്ണശാലയോടുകൂടിയവരുമായിട്ട് നിജമാതാപിതാക്കളുടെ മകനും (തന്റെ ഇഷ്ടം പിതാവിനു ലഭിക്കുന്ന) പശ്ചാത്താപത്തോടു കൂടിയും, വിശീർണ്ണപിശിതാദികളാലാശ്ചര്യം, (യോഗിജനങ്ങൾക്കു് ആശ്ചര്യത്തെ കൊടുക്കുന്നതും) ആയ തപശ്ചര്യയ്ക്കു (തപസ്സിനു ത്തിനു) ആയിട്ടു സമാരംഭിച്ചു ॥

സൗഭാഗ്യം നയനാഞ്ചലസ്യ ഹരിണീവൃന്ദേഷു, മന്ദാം ഗതിം
മാതംഗാധിപസുന്ദരീഷു, മധുരാം വാണീം പികസ്ത്രീജനേ,
വാതാധൂതലതാവലീഷു നിജാം ലീലാം നിസർഗ്ഗോജ്ജ്വലാം,
ന്യാസീകൃത്യ തപസ്വിനീസമുചിതാമംഗീചകാരാകൃതിം ൮

അന്വയം — നയനാഞ്ചലസ്യ — സൗഭാഗ്യം — ഹരിണീവൃന്ദേഷു — മന്ദാം — ഗതിം — മാതംഗാധിപസുന്ദരീഷു — മധുരാം — വാണീം — പികസ്ത്രീജനേ — നിസർഗ്ഗോജ്ജ്വലാം — നിജാം — ലീലാം — വാതാധൂതലതാവലീഷു — ന്യാസീകൃത്യ — തപസ്വിനീസമുചിതാം — ആകൃതിം — അംഗീചകാര ॥

അർത്ഥം — നയനാഞ്ചലത്തിന്റെ (കടാക്ഷത്തിന്റെ) സൗഭാഗ്യത്തെ ഹരിണീവൃന്ദങ്ങളിലും (മാൻകൂട്ടങ്ങളിലും) മന്ദയായ ഗതിയെ മാതംഗാധിപസുന്ദരികളിലും (ഗജശ്രേഷ്ഠന്റെ കാമിനികളിലും) മധുരയായ വാണിയെ പികസ്ത്രീജനത്തിലും നിസർഗ്ഗോജ്ജ്വലയും (സ്വഭാവപ്രകാശിക്കുന്നതും) നിജയും ആയ ലീലയെ — വാതത്താൽ ആധൂതയായ (ഇളക്കപ്പെട്ടതു് ആയ) ലതയുടെ ആവലികളിലും (സമൂഹങ്ങളിലും) ന്യാസീകരിച്ചിട്ട് (വച്ചിട്ട്) തപസ്വിനീസമുചിതയായ (യോഗിനിക്കു് യോഗ്യയായ) ആകൃതിയെ അംഗീകരിച്ചു (സ്വീകരിച്ചു)

മുക്താലുക്കുലമന്ദലതേരചമ്പാരാളീ
വിസ്മാരശാലിനിഹിമാനജവാതാവലാന,
തസ്യാരചിർമ്മവിളുണ്ണരജദമലതാനമഹാസ്ഥിം,
പുഷ്പസ്യകിംനോപുഷ്പേഷുവിതനോതിമഹോത്സവം ൯

(അന്വയം)—ശൗരി-ഇക്ഷുചാപ-മുക്താ— അനവധി-നാരാചധാരാ— വിസ്താരശാലിനീ-ഘന-ജഘന-ഭരാ- താന്തമധ്യാ- കചിര- ചിത്രാംഗരാഗം—അംഗജന്- ഏതസ്യാഃ പുരഃ— കിം ന കരോതി.

അർത്ഥം—ശൗരിപുത്രനായ (വിഷ്ണുപുത്രനായ) കാമൻ വിട്ടിട്ടുള്ള അനവധം (അത്യുഗ്രമായ) ഇക്ഷുചാപത്തിൽ നിന്നു വിട്ട നാരാചധാര (അമ്പുകളുടെ) വിസ്താരശാലിനിയും (വിസ്താരമുള്ളതും) ഘനവും ഭാരമുള്ള ജഘനഭരം (അരയിൽ) തളർന്നു, അതിപ്രൗഢമായ ചിത്ര (ചിത്രമായി) കചി (കാന്തി) ചിന്തുന്നതായ അംഗരാഗം ഏതസ്യാ പുരസ്സ (ഇവളുടെ മുമ്പിൽ) എന്തു ശോഭയെ ചെയ്യുന്നില്ല? എല്ലാം ശോഭയെ ചെയ്യുന്നു എന്നർത്ഥം.

> അസിതചികുരരമ്യം പാടലാരക്തഭാളി
> സപദി സ്വരസമാസീദുത്തമാംഗം നവീനം;
> നളിനമളികദംബേനൈവ നോപൈതി ശോഭാം
> മിളിതമപി വിധത്തേ ശൈവലേനാളിരാമ്യം. ൧൦

അന്വയം അസിതചികുരരമ്യം നവീനം— ഉത്തമാംഗം— പാടലാരക്തഭാളി—സപദി—സ്വരസം— ആസീത്; നളിനം അളികദംബേന— മിളിതം—ഏവ—ശോഭാം—ന ഉപൈതി, ശൈവലേന—മിളിതം—അപി— ആളിരാമ്യം—വിധത്തേ.

അർത്ഥം— അസിതങ്ങളും (കറുത്തതും) ആയ ചികുരങ്ങളും (തലമുടികളും) കൊണ്ടു രമ്യമായി തീർന്നതായ ഉത്തമാംഗം (ശിരസ്സ്) പാടലകളായ (പാടലവർണ്ണങ്ങൾ ആയ) ഭാളികൾ കൊണ്ടു തൽക്ഷണം സ്വരസം (സുന്ദരം) ആയിട്ടു ഭവിച്ചു. ചികുരംകൊണ്ടു രമ്യമായ ശിരസ്സിനു ഭാളികൾകൊണ്ടു ശോഭാതിശയം എന്നതിനെ ഉത്തരാർദ്ധംകൊണ്ടു പരിപോഷിക്കുന്നു- നളിനം (താമരപ്പൂവ്) അളികദംബത്തോടു (വണ്ടിൻകൂട്ടത്തോടു) മിളിതമായിട്ടു (ചേർന്നു ആയിട്ടു) തന്നെ ശോഭയെ പ്രാപിക്കുന്നില്ല. ശൈവലത്തോട് (പായലിനോട്) മിളിതം (ചേർന്നു) ആയിട്ടും ആളിരാമ്യത്തെ (അളിരാമണീയകത്തെ) ചെയ്യുന്നു.

> ഉന്നത്യാഃ ഫലമസ്തി കിം മമ വൃഥാ സഞ്ജാതയോരേതയോ-
> ർന്നിർഗ്ഗച്ഛാമകരാജപുംഗവസ്തനയോഃ പാർശ്വതഃ
> അന്തർഗ്ഗാഢമുപാഗതേ വസ്ത്രാനിത്യം വിചിന്ത്യേവ തു
> മുഗ്ധാക്ഷീ ചിന്തയാ ബന്ധവസ്ത്രമപ്ലുതനാവരണ്ണം

അന്വയം—വൃഥാ—സഞ്ജാതയോഃ മമ! ഏതയോഃ—ഉന്നത്യാ— കിം—ഫലം—അസ്തി, പാർശ്വതഃ—മയോഃ- പുംഗവാം— മകരാജ, നിർഗ്ഗച്ഛ—ശ്ലോ—ഗോപാൽ—ച—അന്തർഗ്ഗാഢം— ഉപാഗതാ—ഇത്ഥം—വിചി

ന്ത്യ- ധ്രുവം- മൃഗലോചനാക്ഷീ- ഝഷിതം- വല്കേന- വക്ഷോജതടൗ- സ്വൽ
ദൃഢം ബബന്ധ-

അർത്ഥം — ഫലമില്ലാതെ ജാതങ്ങളായ എന്റെ ഉപവാദ്യകർമ്മങ്ങളെ (സ്തനങ്ങളെ) ഉന്നതി (ഉയർച്ച) കൊണ്ട് എന്തുഫലം ഭവിക്കുന്നു. പശ്യത്സുകർ (നോക്കിയിരിക്കുന്നവർ) ആയ യൗവനപിശാചുകളെ (സ്തനങ്ങളെ) ആദരിക്കാതെ കണ്ട് "ഷഷ്ഠീ ചാനാദരേ" എന്നതുകൊണ്ട് യ ഷേ:-എന്നത് അനാദരഷഷ്ഠിയാണ്. പുരമഥനനാൽ (ശിവനാൽ) മകരധ്വജൻ (കാമൻ) നിർദ്ദഗ്ധൻ (ദഹിപ്പിക്കപ്പെട്ടവൻ) ആയി കഷ്ടം. ഭഗവാനും അനങ്ഗാരാതി ഉപാഗതനായി (മറന്നു) എന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറു് മൃഗാക്ഷി (പാർവ്വതി) ഋഷിത (കോപിച്ചവൾ) ആയിട്ടു വല്കം (മരവുരി) കൊണ്ടു് വക്ഷോജതടങ്ങളെ (സ്തനങ്ങളെ) മുറുകെ ബന്ധിച്ചു (കെട്ടി)

ശിവൻ കാമനെ ദഹിപ്പിക്കയാൽ എന്റെ സ്തനങ്ങൾ ഫലമില്ലാതെ തീർന്നുപോയി എന്നിട്ടും സ്തനങ്ങളുടെ ഉയർച്ചകൊണ്ട് എന്താണ് എന്നിങ്ങനെ വിചാരിച്ചാണോ പാർവ്വതി കോപിച്ചു് മരവുരി കൊണ്ടു മുറുകെ ബന്ധിച്ചതു് എന്നു സാരം.

കാഞ്ചീം വിമുച്യ കലിതേതര കല്പനാം ജ്ഞാ
മൗഞ്ജീം ബബന്ധ ഗിരിജാ ത്രിഗുണാം നിതംബേ।
യസ്യാ ഗുണേന മഹതാ ത്രിഗുണാതിഗോപി
ബദ്ധോ ബഭൂവ ഭഗവാനമൃതാംശുമൗലിഃ॥ ൧൨.

അന്വയം — ജ്ഞാ- ഗിരിജാ- കലിതേതര കല്പനാം- കാഞ്ചീം- വിമുച്യ- ത്രിഗുണാം- മൗഞ്ജീം- നിതംബേ- ബബന്ധ, യസ്യാഃ- മഹതാ- ഗുണേന ത്രിഗുണാതിഗഃ- അപി- അമൃതാംശുമൗലിഃ, ഭഗവാൻ- ബദ്ധഃ- ബഭൂവ-

അർത്ഥം — ജ്ഞാ (ജ്ഞാനത്തെ അറിയുന്നവൾ) ആയ ഗിരിജാ (പാർവ്വതി) കലിതേതരകല്പനായായ (മറ്റുള്ളവരാൽ ഉണ്ടാക്കപ്പെട്ടതായ) കാഞ്ചിയെ (അരഞ്ഞാണത്തെ) ഉപേക്ഷിച്ചിട്ടു ത്രിഗുണായായ മൂന്നു ചുറ്റുള്ളതായ) മൗഞ്ജിയെ (മേഖലയെ) നിതംബത്തിൽ ബന്ധിച്ചു. യാതൊന്നിന്റെ (മേഖലയുടെ) മഹത്തായ ഗുണംകൊണ്ടു് ത്രിഗുണാതിഗൻ (സത്വാദി ത്രിഗുണങ്ങളെ അതിക്രമിച്ചവൻ) ആണെങ്കിലും അമൃതാംശുമൗലി (ചന്ദ്രചൂഡൻ) ആയ ഭഗവാൻ ബദ്ധൻ (ബന്ധിക്കപ്പെട്ടവൻ) ആയി ഭവിച്ചു.

കരാവസജ്ജൽകലശീപരമ്പരേ
പ്രഭാതമാഹാസ തത്രനാളം
ജനിഷ്യമാണാത്മനാഥ ശശാസ്യൻ
ഷഡാനനാദ്യാധികലോകനീയൻ ॥ ൫൩ ॥

അന്വയം—(സഃ) ജനിഷ്യമാണൻ— ശശാസ്യൻ— തനയൻ— ഷഡാനനാദ്—അനന്തരൻ—ച അധികലോകനീയൻ—തത്ര— അന്തഃ—കരാവസജ്ജൽകലശീപരമ്പരേ പ്രഭാതമാഹാസ।

അർത്ഥം—അപ്പോൾ ജനിഷ്യമാണൻ (ജനിക്കുവാൻ പോകുന്നവൻ) ആയ ശശാസ്യൻ (ചന്ദ്രൻ) ആകുന്ന തനയനെ ഉപലക്ഷ്യ സ്വന്ത (സ്വപുത്രന്റെ) ആകുന്ന ഷഡാനനാദികളും (പുത്രന്മാരും) അധികലോകനീയരും (ഏറ്റവും വന്ദ്യരും) ആയ തനയരെ (പുത്രന്മാരെ) സമീപത്തിൽ കരത്തിൽ അവസജ്ജ (ചേർന്ന) കലശികളെ (കുടങ്ങളെ) പാത്രസ്ഥമാം (ജലത്തെ) കൊണ്ട് പ്രഭാഹിപ്പിച്ചു (വർദ്ധിപ്പിച്ചു.)

പ്രഭാതസുസ്നാതസ്യ ഫലമൂലാഹാര ജിതവാസനാ
ജപാനുസക്തസ്യോപവിഷ്ട ഭൂതല ഉപലക്ഷ്യ ബലയാ
വിതഥാപ്രവൃത്തിം വിപിനേഷു വിരോധിനാ വപുഷാ
പ്രാണനാഷി സോകാലം നിനായ അതിഥിപൂജാപ്രണയിനി। ൫൪

അന്വയം— സുപ്രഭാതേ—സുസ്നാതഃ—ഫലമൂലാഹാരഃ— ജിതവാസനാ ജപാനുസക്തഃ ഉപവിഷ്ട ഭൂതലഃ ഉപലക്ഷ്യബലയാ—വിപിനേഷു വി-വിരോധിനാ—വപുഷാ— വൃത്തിം—വിതഥാ അപി—അതിഥിപൂജാപ്രണയിനീ—കിഞ്ചകാലം—അനയൽ.

അർത്ഥം—അവൻ പ്രഭാതത്തിൽ സുസ്നാതനായും (സ്നാനം ചെയ്തവനും) ഫലമൂലാഹാരനായും (ആത്മാവിനെ ഫലമൂലങ്ങളാൽ സന്തോഷിപ്പിച്ചവനും) ജിതവാസനായും (കർമ്മവാസനയെ ജയിച്ചവനും) ജപാനുസക്തനായും (ജപത്തിൽ തല്പരനും) എപ്പോഴും ഭൂതലത്തിൽ ഉപവിഷ്ട ബലയായും (ചേർന്നിരുന്ന ബലത്തോടുകൂടിയവനും) വിപിനങ്ങളിൽ (വനപ്രദേശത്തിൽ) വിരോധിയായ (ശത്രുവായ ഫലങ്ങളെക്കൊണ്ട്) വപുസ്സിന്റെ (ദേഹത്തിന്റെ) വൃത്തിയെ (ജീവനത്തെ) അനുഭവിച്ച (ചെയ്തു വന്നു) എങ്കിലും അതിഥിപൂജാപ്രണയിനിയും (അതിഥിപൂജയിൽ തല്പരയും) ആയിട്ട് വളരെ-കാലത്തെ-നയിച്ചു (കഴിച്ചുകൂട്ടി)

പ്രതിജ്ഞാമനസ്യസ്യ പരിശീലനസ്യ ദാതുരിത്ഥം
പ്രതിജ്ഞാം ക്ലിഷ്ടനേതം പ്രവൃത്തിക്കുകൊണ്ടു പുണ്യമേ ॥

* ൧ *

വസിഷ്ഠാദ്യൈഃ പ്രശാന്തൈർമുനികുലവരിഷ്ഠൈസ്സ്വതുഷ്ടം,
ഗരിഷ്ഠത്വം ലോകേ ഭവതി തപസാ നൈവ വയസാ॥ ൫൬

അന്വയം — വസിഷ്ഠാദ്യൈഃ മുനികുലവരിഷ്ഠൈഃ- ഏതസ്യാഃ- ഗിരിശസ്യ-ഭാര്യായാഃ-തപസി-പ്രതിഷ്ഠാം-താം-പ്രതിഷ്ഠാം-ദൃഷ്ട്വാ- പ്രചുരകഞ്ചുകാക്രാന്തദേഹൈഃ, തൽക്ഷണേ-പ്രശംസി-ലോകേ- ഗരിഷ്ഠത്വം-തപസാ-ഭവതി-വയസാ-ന ഏവ-ഇതി-ഏതി।

അർത്ഥം — വസിഷ്ഠൻ മുതലായ മുനികുലവരിഷ്ഠന്മാർ (മുനിശ്രേഷ്ഠന്മാർ) ഈ ഗിരിരാജന്റെ പുത്രിയുടെ (പാർവ്വതിയുടെ) തപസ്സുകൊണ്ടുള്ള പ്രതിഷ്ഠയായ (അതിമഹിമയായ) ആ പ്രതിഷ്ഠയെ (ഉത്കർഷാധിക്യത്തെ) കണ്ടിട്ട് പ്രചുരം (വർദ്ധിച്ചുള്ള) ആയ കഞ്ചുകത്താൽ അനുക്രാന്തദേഹന്മാർ (വ്യാപിച്ച ദേഹത്തോടുകൂടിയവർ) ആയിട്ട്-രോമാഞ്ചമുള്ളവരായിട്ട് എന്നു സാരം। തൽക്ഷണത്തെ (അവളുടെ തപസ്സിനെ) പ്രശംസിച്ചു. ബാലയായ പാർവ്വതിയുടെ തപസ്സിനെക്കാണുന്നതിനു വസിഷ്ഠൻ മുതലായ മഹാമുനികൾ എന്താണ് വന്നത് എന്നുള്ളതിനെ സമർത്ഥിക്കുന്നു. ലോകത്തിൽ ഗരിഷ്ഠത്വം (മഹത്ത്വം) തപസ്സുകൊണ്ടു ഭവിക്കുന്നു. വയസ്സുകൊണ്ടു ഭവിക്കുന്നില്ലതന്നെ. പാർവ്വതിയ്ക്ക് അത്യന്തം തപോമാഹാത്മ്യം ഉള്ളതിനാലാണ് മഹർഷികൾ വന്നത് എന്നു സാരം॥

അഥ മന്ത്രതപസ്യയാ നിജമനസ്സമുത്ഭവോദയം
ധൈര്യം നിശ്ചലവ്യവസിതാ നിശ്ചിത്യ വിശാലാക്ഷീ।
അംഗനാനവേക്ഷ്യ ബാലകബ്ജീകാന്തശ്രീ താം ധൈര്യം
ചക്രേ മന്ത്രതപസ്യയാ സമാധിം നിശ്ചലാന്തരാ॥ ൫൭

അന്വയം — നിശ്ചലവ്യവസിതാ, വിശാലാക്ഷീ- താം മന്ത്രതപസ്യയാ-നിജമനസ്സമുത്ഭവോദയം- ധൈര്യം-ഏവ, നിശ്ചിത്യ-ബാലകബ്ജീകാന്തശ്രിയം-അംഗനാം-ഉൾവശം- അനവേക്ഷ്യ-ഉദയപ്രാപ്തിം- ചക്രേ-തപസി-മന്ത്രതപസ്യാം-ചക്രേ।

അർത്ഥം — നിശ്ചലവ്യവസിത (ഇളകാത്ത ഉദ്യമത്തോടുകൂടിയവൾ) ആയ (ഫലസിദ്ധിവരെ പ്രവർത്തിക്കുന്നവൾ എന്നു സാരം) വാമലോചന (പാർവ്വതി) തപോമന്ത്രതപസ്യ (അത്യുഗ്രമായുള്ള തപസ്സു) കൊണ്ട് നിജമനസ്സമുത്ഭവത്തിന്റെ (തന്റെ മനോരാജ്യപ്രാപ്തിയുടെ) ഉദയത്തെ (ആവിർഭാവത്തെ) തന്റെ ഇഷ്ടസിദ്ധിയെ എന്നു സാരം; ധൈര്യം (അന്തരംഗം) എന്നതിൽ (മനസ്സിൽ) നിശ്ചയിച്ചിട്ട് ബാലകബ്ജീകാന്തശ്രീ ആയ (ബാലകബ്ജീകാന്തത്തിന്റെ

ശോഭാംപോലെയുള്ള ശോഭയോടുകൂടിയവളായ) അംഗങ്ങളുടെ മാർദ്ദവത്തെ വിചാരിക്കാതെ ത്രിഭുവനപ്രക്ഷോഭണത്തിൽ (മൂന്നുലോകത്തേയും ഇളക്കുന്നതിൽ) ക്ഷമിഷ്ഠവും (സമർത്ഥവും) ഘോരതരവും (അതിഭയങ്കരവും) ആയ തപസ്സിനെ ചെയ്തു.

ശുചീനാം പഞ്ചാനാമഥ മഹസി ശുചികാലേ സ്ഥിതിമതീ
സ്ഥിതാ പ്രാവൃട്കാലേ പയസി ഗളദഘ്നേ ച സുമുഖീ-
തുഷാരം വാതം വാ ശിശിരമവിചിന്ത്യൈവ ശിശിരേ,
തപസ്തേപേ ബാലാ പശുപതിപരാധീനഹൃദയാ॥ ൧൭

അന്വയം—സ്ഥിതിമതീ-സുമുഖീ-ബാലാ-പശുപതിപരാധീനഹൃദയാ-ശുചികാലേ-പഞ്ചാനാം-ശുചീനാം-മഹസി-പ്രാവൃട്കാലേ-ഗളദഘ്നേ-പയസി-ച-സ്ഥിതാ-ശിശിരേ-തുഷാരം, ശിശിരം-വാതം-വാ-അവിചിന്ത്യ-ഏവ-തപഃ-തേപേ.

സ്ഥിതിമതിയും (ഉൽക്കർഷത്തോടുകൂടിയവളും) സുമുഖിയും ആയ ബാല പശുപതി (ശിവൻ) നിമിത്തം പരാധീനഹൃദയയായിട്ട് ശുചികാലത്തിൽ (ഗ്രീഷ്മകാലത്തിൽ) അഞ്ചു ശുചികളുടെ (അഗ്നികളുടെ) മഹസ്സിങ്കലും പ്രാവൃട്കാലത്തിൽ (വർഷകാലത്തിൽ) ഗളദഘ്നം (ഗളപ്രമാണം-കഴുത്തുവരെയുള്ളതു്) ആയ പയസ്സിലും സ്ഥിതയായിട്ട് ശിശിരത്തിൽ (ശിശിരകാലത്തിൽ) തുഷാരത്തെയും (മഞ്ഞിനെയും) ശിശിരം (തണുത്തതു്) ആയ വാതത്തെയും (കാറ്റിനെയും) വിചാരിക്കാതെതന്നെ തപസ്സിനെ തപിച്ചു (തപസ്സുചെയ്തു.)

ആമീലന്നയനാരവിന്ദയുഗളീ മൗലൗ നിബദ്ധാഞ്ജലിഃ
സോമാപീഡമശേഷദൈവതമയം സഞ്ചിന്തയന്തീ ധിയാ।
ശ്യാമാ ശ്വാസനിരോധനിശ്ചലതനുഃ, സംവത്സരേഷ്വവേപഥുർ
വാതാംബൂഷ്ണവിപീഡിതക്ഷിതി തപസ്തേപേ സഹസ്രം സമാഃ॥ ൧൮

അന്വയം—ശ്യാമാ-സാ- ആമീലന്നയനാരവിന്ദയുഗളീ- മൗലൗ-നിബദ്ധാഞ്ജലിഃ അശേഷദൈവതമയം സോമാപീഡം-ധിയാ-സഞ്ചിന്തയന്തീ-ശ്വാസനിരോധനിശ്ചലതനുഃ വർഷേ അവേപഥുഃ വാതാംബൂഷ്ണവിപീഡിതക്ഷിതി, സഹസ്രം-സമാഃ തപഃ തേപേ.

അർത്ഥം—ശ്യാമ (യൗവനമധ്യസ്ഥ)യായ അവൾ ആമീലന്നയനാരവിന്ദയുഗളിയും (അടച്ചിരിക്കുന്ന നയനാരവിന്ദയുഗളത്തോടുകൂടിയവളും) മൗലിയിൽ നിബദ്ധാഞ്ജലിയും (കെട്ടപ്പെട്ട കൂപ്പുകൈയോടുകൂടിയവളും) അശേഷദൈവതമയൻ (സർവ്വദേവസ്വരൂപൻ)

ആയ ശശാങ്കചൂഡനെ (ചന്ദ്രശേഖരനെ) ധീ (ബുദ്ധി)കൊണ്ട് സങ്കല്പിച്ചുകൊണ്ടും (വിചാരിക്കുന്നവളും) ശാസനത്തിന്റെ നിരോധം (തടവു) കൊണ്ട് നിശ്ചലതയും (ഇളകാത്ത ദേഹത്തോടുകൂടിയവളും) ആയിട്ട വാഞ്ഛിതാവാപ്തിക്ക് (ഇഷ്ടപ്രാപ്തിക്ക്) ആയിട്ട വരമാംഗല്യം (ഇങ്ങനെ തപോബലത്തിൽ) കൊണ്ട് നിപീഡിതക്ഷിതിയായിരുന്നു (പീഡിപ്പിക്കപ്പെട്ട ഭൂമിയോടുകൂടിയവളും) ഇങ്ങനെ തപസ്സിനാൽ ഭൂമിയിൽ ഉറപ്പിച്ചിട്ട് എന്നർത്ഥം. സഹസ്രം സമകരം (ആയിരം സംവത്സരക്കാലം) മുഴുവനും തപസ്സിനെ തപിച്ചു (തപസ്സുചെയ്തു)

താദൃശം സാ തപശ്ചക്രേ ലോകേ നാജഗതുര്യയാ,
താദൃശപ്രണയോ ഭർത്താ താദൃശഃ പരിലഭ്യതേ. ൧൮

അന്വയം—താദൃശീ—ജഗതുഃ യ—യയാ (തപസാ) താദൃശപ്രണയഃ ഭർത്താ—പരിലഭ്യതേ, സാ—താദൃശം—തപഃ—ചക്രേ।

അർത്ഥം—താദൃക്കിന്ന് (അവളെപ്പോലെയുള്ളവർക്ക്) ജഗത്തുകളിൽ യാതൊന്ന് (ഏതൊരുപ്രകാരം) ആയ തപസ്സുകൊണ്ട് താദൃശപ്രണയൻ (അവളെപ്പോലെ സ്നേഹമുള്ളവൻ) ആയ ഭർത്താവു ലഭിക്കപ്പെടുന്നു അവൾ താദൃശം (അപ്രകാരം) ആയ തപസ്സിനെ ചെയ്തു എത്രയും കഠിനമായ തപസ്സുചെയ്താലെന്നേ തങ്കൽ ഏററവും പ്രണയമുള്ള പരമശിവൻ ഭർത്താവായി വരികയുള്ളൂ എന്നു കരുതി അത്രയും കഠിനമായ തപസ്സു പാർവതി ചെയ്തു എന്നർത്ഥം.

ഗദ്യം ൧൯.

ഇതിന്റെ ശേഷമുണ്ടായതിന്റെ ക്രിയമാണ തപോവിശേഷമായ മഹാക്ഷേത്ര ഗത്സാവിത്രി മഹിമകളായ, പുരാണതീർത്ഥരചിതമായാൽ പ്രധാനങ്ങളെ എല്ലാം പ്രദേശമായ തിങ്ങി വിശാലമായ ഖണ്ഡിതമായ വിശ്വതത്ത്വങ്ങളായ ക്രമത്തിൽ ഉറപ്പിച്ചിട്ട് ശാസിച്ചുള്ള—സമാധാനത്തിനാൽ—മനസ്സിലാക്കി ശങ്കരൻ തിരിച്ചു, പ്രാപ്തനായ പ്രത്യക്ഷപ്രമാണങ്ങളും പ്രതിബിംബമായ ജീവാത്മാവും പ്രതിഷ്ഠാപ്യവിശേഷം പരിക്ഷീണമായി ഗിരികന്യ എന്ന ഭാവം ഉപേക്ഷിക്കാതെ ധ്യാനമഗ്നയായി സ്വശരീരപീഡകൾ വകവെക്കാതെ വേർപിരിഞ്ഞ ശിവനെ സ്മരിക്കുന്ന സമയത്തിൽ ദേവന്മാരുടെ തിരുവുള്ളം പ്രകടിതം—കരുണയോടുകൂടി തന്റെ ഭക്തയായ സ്വാമിനിയെ പരീക്ഷിക്കണം—എന്നുള്ള സങ്കല്പത്തോടുകൂടി ബ്രഹ്മചാരിവേഷത്തിൽ ലക്ഷണയുക്തനായ തപസ്വിയുടെ വേഷം പൂണ്ടു ജടാധാരിയായി ദണ്ഡം—കമണ്ഡലുവും ധരിച്ചു അജിനം ധരിച്ചവനായി ചെമ്പട്ടുടയാടയോടുകൂടി സ്വയം—വന്ന് പർണ്ണശാലയിൽ—പ്രവേശിച്ചു—ഈ—ഗിരീശൻ—ആ

തിവികസൽകക്ഷിയുഗളാലക്ഷ്യമാവസവ്യസ്ത പാർവ്വതിപഞ്ചസ്താലയം—
പ്രതി–പ്രതസന്ധ്യ

അന്വയം—അശേഷജഗൽ സവിത്രി (സകലലോകമാതാവ്) ആയ അദ്രിപുത്രി (പാർവ്വതി) ഇപ്രകാരം നിരന്തരം (എല്ലായ്പ്പോഴും) ഉരരീകൃതകരണമായ (അംഗീകരിക്കപ്പെട്ടതായ) ... ക്രിയയോടുകൂടിയിരിക്കുമ്പോൾ, പുരാരാതി (ശിവൻ) ആയ ... ശരീരവ്യാപ തികൽനിന്ന (... ദേഹത്തിൽനിന്ന) പ്രാദക്ഷിണ്യേന അതിൽതന്നെ പ്രസവായുധനാൽ (പുഷ്പബാണനാൽ) പ്രയുക്തബീജാവാപം (പ്രയോഗിക്കപ്പെട്ട ബീജാവാപത്തോടുകൂടിയത്) ആയി, കാമൻ വിത്തുവിതച്ചത് ആയി എന്ന സാരം. ഗർഭത്വകം (അസഹ്യം) ആയ പർവ്വതരാജതനയാക്രമം (പാർവ്വതിയുടെ സംക്രമം) ആകുന്ന നിരവിഘ്നധാന്യസ്ഥിരയോഗം (തടവില്ലാത്ത ... യോഗം) കൊണ്ട് പരിപുഷ്ടമായി (വളർന്നതായി) സംപന്നഫലയോഗം (അടുത്തിരിക്കുന്ന ഫലയോഗത്തോടുകൂടിയത്) ആയി മനസ്സിൽ വിജൃംഭമാണം (വർദ്ധിച്ചുള്ള) ആയി മഹത്തായ ... കാമവൃക്ഷത്തിൽ (കല്പകവൃക്ഷത്തിൽ) പ്രാഗ്ജന്മപ്രരൂഢ പ്രേമാങ്കുരിതം (മുൻപത്തെ ജന്മത്തിൽ മുളച്ച സ്നേഹാങ്കുരം) പ്രതിദിനം അനാവൃതം (...) പ്രതിഭാവം (ഉദയം) ആയ തപസ്യാവിശേഷംകൊണ്ട് ... ക്ഷീണമായവളും (ക്ഷീണിച്ച ശരീരത്തോടുകൂടിയവളും) ആയ, ... അനുഗ്രഹിക്കുവാൻ (അനുഗ്രഹിക്കാൻ ഇച്ഛയോടുകൂടിയവനായ) ആയ ... (തന്റെ ... തയെ) ഇവളുടെ ... പരീക്ഷിക്കുവാനും (പരീക്ഷിക്കുവാൻ ഇച്ഛയോടുകൂടിയവനും) ആയ ... (... ക്കപ്പെട്ടതായ ...) ഉദിച്ചവൻ (... കാരി) എന്ന ... (... ഇച്ഛയോടുകൂടിയവൻ) ആയ വൃകാസുരന്റെ (വൃകൻ എന്ന അസുരശ്രേഷ്ഠന്റെ) ... പണ്ട് (എല്ലാവരും) ആയ മുരാരാതിയാൽ (മഹാവിഷ്ണുവിനാൽ) പ്രകടിതവും (പ്രകടിപ്പിക്കപ്പെട്ടതും) ആയ ... പണ്ട് പരമശിവൻ വൃകാസുരനിട്ട തന്റെ വരത്താൽ ആരുടെ ശിരസ്സിൽ തൊടുന്നോ അവന്റെ ശിരസ്സ് ഉടൻതന്നെ പൊട്ടിത്തെറിച്ചുപോകട്ടെ എന്ന വരംകൊടുക്കയും അവൻ അതിന്റെ പരീക്ഷയ്ക്കായിട്ട് ശിവന്റെ തലയിൽതന്നെ തൊടുന്നതിന് ആരംഭിച്ചപ്പോൾ ശിവൻ സംഭ്രമിച്ച് നാനാദിക്കുകളിലും ഓടുന്നതിനെ കണ്ട് മഹാവിഷ്ണു, ബ്രഹ്മചാരിവേഷത്തോടു കൂടി മദ്ധ്യത്തിൽ നിന്ന് വൃകാസുരനെ തന്റെ വാക്ചാതുര്യത്താൽ മോഹിപ്പിച്ച്, അവന്റെ ശിരസ്സിൽതന്നെ തൊടീക്കുകയും അപ്പോൾ അവന്റെ ശിരസ്സ് പൊട്ടിത്തെറിച്ചുപോകയും ചെയ്തു എന്നുള്ള പുരാണകഥ ഓർത്തുകൊള്ളുക

ണം. കപടനാടകനാടനനർത്തകനായ (വ്യാജനാടകത്തെ നടിയ്ക്കുന്നതിനുള്ള നർത്തകനായ) അവങ്കൽ (വിഷ്ണുവിങ്കൽ) നിന്ന പരിശിക്ഷിതമോ (അഭ്യസിച്ചതോ) എന്ന തോന്നുന്നതും സമുല്ലസല്ലളല്ലികമപരിധാനംകൊണ്ട്. (ശോഭിച്ച ഒരു ലതയോടുകൂടിയ മുല്ലവള്ളിയാകുന്ന വസ്ത്രം കൊണ്ട്) ഭാസമാനം ആയ ജഘനത്തിൽ (ജഘനപ്രദേശത്തിൽ) അവലംബമായ (ചേർന്ന) വിമലമേഖലയോടുകൂടിയതും മതിവിരചിതമായ (മനസ്സുകൊണ്ട് ഉണ്ടാക്കപ്പെട്ടതായി) മഹിതമായ തിലകമാകുന്ന (തിലകവിശേഷമാകുന്ന) മണ്ഡനത്തോടു (അലങ്കാരത്തോടു) കൂടിയതും കചയുഗളത്തിൽ (തലമുടിയിൽ) കലിതങ്ങളായ (ധരിക്കപ്പെട്ട) ആയ കണ്ഠാഭരണങ്ങളോടു കൂടിയതും ഒരു കയ്യിൽ ജലപാത്രവും ഒരു കയ്യിൽ ദണ്ഡം ധരിച്ചതും എന്ന സാരം. സ്ഫുടം ആകുംവണ്ണം വിസൃതം (ധരിയ്ക്കപ്പെട്ടത്) ആയ ചടുലവചനപാടവത്തോടു (പ്രിയവചനസാമർത്ഥ്യത്തോടു) കൂടിയതും വടുവും (വടുവിനെ ബ്രഹ്മചാരിയെ സംബന്ധിച്ചതും) ആയ വപുസ്സിനെ അവലംബമാനൻ (ധരിയ്ക്കുന്നവൻ) ആയിട്ട്. ബ്രഹ്മചാരി വേഷധാരിയായിട്ട് എന്ന സാരം. ശരീരവാനായ പ്രശമത്തിന്മമോ എന്ന തോന്നമാറ് ബ്രഹ്മചര്യത്തിന്റെ മൂർത്തിമത്തായി വന്നിരിയ്ക്കയോ എന്ന തോന്നുമാറ് എന്ന സാരം അതിവിചിത്രതമായ അക്ഷിയുഗളത്തിൽ അവലക്ഷ്യം (കണ്ടെപ്പെടാവുന്ന ശോഭ) ആയ ഭാവസർവ്വസ്വത്തോടു (സകലഭാവത്തോടു) കൂടിയവനായിട്ട് പാർവ്വതിപർണ്ണശാലയെക്കുറിച്ച് പ്രസ്ഥാനം ചെയ്തു. (പുറപ്പെട്ടു.)

യഥാ യഥാ സന്നിധിമാപ പശ്യുഃ പർണ്ണാലയഃ പർവ്വതകന്യകായാഃ
തഥാ തഥാ ബഭൗ ഭാവസംഗ-ഹൃദി പ്രസാദം ഹരിണാങ്കമൗലേഃ(൨൦)

അന്വയം — പർവ്വതകന്യകായാഃ പർണ്ണാലയഃ യഥായഥാ സന്നിധിം ആപ, തഥാതഥാ — ഹരിണാങ്കമൗലേഃ ബഭൗ ഭാവസംഗ-ഹൃദി-പ്രസാദഃ-അവലത.

അർത്ഥം — പർവ്വതകന്യകയുടെ (പാർവ്വതിയുടെ) പർണ്ണാലയം (പർണ്ണശാല) ഏതുപ്രകാരം ഏതുപ്രകാരം സന്നിധിയെ പ്രാപിച്ചു-അപ്രകാരം അപ്രകാരം ഹരിണാങ്കമൗലിയുടെ (ശിവന്റെ) ഭാവസംഗം (സംബന്ധിക്കപ്പെട്ട അനുരാഗത്തോടുകൂടിയത്) ആയ ഹൃദയത്തിൽ (മനസ്സിൽ) പ്രസാദം വർദ്ധിച്ചു-പാർവ്വതിയുടെ പർണ്ണശാല അടുക്കുംതോറും ശിവന് ഉള്ളിൽ സന്തോഷം വർദ്ധിച്ചു എന്നസാരം.

തമാഗതം വർണ്ണിവരം യഥാവൽ
സംഭാവയാമാസ സമുജ്ജ്വലാംഗം

വപുർവ്വിശേഷേണ വിശേഷവത്യാ
സപര്യയാസാമമദ്രികന്യാ। (൩൧)

അന്വയം — അദ്രികന്യാ-വപുർവ്വിശേഷണ-സമുജ്ജ്വലാംഗം ആഗതം തംവർണ്ണിനം വിശേഷവത്യാ-സപര്യയാ സാമം-പ്രോവൽസലം ഏവമാനയൽ.

അർത്ഥം — അദ്രികന്യാ വപുർവ്വിശേഷം (ശരീരത്തിന്റെ അതിശയം) കൊണ്ട് സമുജ്ജ്വലാംഗൻ (പ്രകാശിക്കുന്നവൻ) ആയി ആഗതൻ (വന്നവൻ) ആയ ആ വർണ്ണിനം (ശ്രേഷ്ഠനായ ബ്രഹ്മചാരിയെ) വിശേഷവതിയായ (വിശേഷങ്ങളോടുകൂടിയതായ) സപര്യ (പൂജ) കൊണ്ട് സംഭാവനംചെയ്തു (ബഹുമാനിച്ചു)

സമ്മാനിതസ്തയാ സമ്യക് - ചർമ്മാസനഗതോവടുഃ
മുഖപ്രസാദസ്യന്ദമുദ്രിതാം വാചമാദദേ। (൩൨)

അന്വയം — തയാ-സമ്യക്-സമ്മാനിതഃ- ചർമ്മാസനഗതഃ വടുഃ മുഖപ്രസാദസ്യന്ദമുദ്രിതാം-വാചം-ആദദേ.

അർത്ഥം — അവളാൽ (പാർവ്വതിയാൽ) വഴിപോലെ സമ്മാനിതനായി ചർമ്മാസനഗതൻ (തോലുകൊണ്ടുള്ള ആസനത്തിൽ ഇരിക്കുന്നവൻ) ആയ-വടു (ബ്രഹ്മചാരി) മുഖം (സ്വന്തം) ആയ പ്രസാദത്തിന്റെ സ്യന്ദത്താൽ (പ്രവാഹത്താൽ) മുദ്രിത (അടയാളപ്പെട്ടത്) ആയ വാക്കിനെ ആദാനംചെയ്തു (മന്ദഹാസപൂർവ്വം പറഞ്ഞു എന്നു സാരം)

അപി സുതനോ! സുഖം തേ കാനനേ പാവനേസ്മി-
ന്നപി കുസുമകലാപം ബിഭ്രതി ഹൃദ്യശീലേ!
അപി രചയസി പൂജാമാശ്രമാദാഗതാനാ—
മനിശമതിഥീനാം സാകമാഭ്യാം സഖീഭ്യാം. (൩൩)

അന്വയം — ഹേ സുതനോ- പാവനേ- അസ്മിൻ- കാനനേ- തേ സുഖം- അപി- ഹേ ഹൃദ്യശീലേ- കുസുമകലാപം ബിഭ്രതി അപി-(തഥാ) ആശ്രമാൽ ആഗതാനാം അതിഥീനാം ആഭ്യാം സഖീഭ്യാം സാകം-പൂജാം രചയസി-അപി।

അർത്ഥം — അല്ലയോ- സുതനോ (ശോഭനാംഗി) പാവനം (ശുദ്ധം) ആയ ഈ കാനനത്തിൽ നിനക്ക് സുഖമല്ലേ? അല്ലയോ ഹൃദ്യശീലേ (മനോഹരമായ ശീലത്തോടുകൂടിയവളേ) കുസുമകലാപം (പുഷ്പങ്ങൾ

മുതലായതു്) ഒളിയ്ക്കപ്പെടുന്നില്ല; ഡി ആരെക്കൊണ്ട് ഭൂഗതന്മാർ (വ ണങ്ങുന്നവർ) ഏതൊരു അതിഥികൾക്ക് ഈ സൽഗുണങ്ങളോടുകൂടെ പൂജയെ ചെ യ്യുന്നില്ലേ (ചെയ്യുന്നില്ലേ)

ജാനേ ത്വാം ജഗതീധരേന്ദ്രതനയേ! ജാനാമി ഭേദാംശ്ച തേ,
ഭേദോപാധിനി മന്ത്രമൌ, സ്ഥഗിതങ്ങളൈമനാകമപ്രിയം
ജ്ഞാതാന്തരനേകശാസ്ത്ര, സത്യമുദിതം, വസ്തുക്യന്നിർവ്യത്യം-
മസ്മിന്നാമന്തലോലനീലനയനേ! കിന്ത്വിൽപ്രപഞ്ചോദരേ (൨൭)

അന്വയം—ഹേ ജഗതീധരേന്ദ്രതനയേ! അഹം ത്വാം ജാനേ, തേ-ഭേദാൻ-ച-ജാനാമി, ഹേ ഭേദോപാധിനി-മന്ത്രമൌ-സ്ഥഗിതങ്ങളൈ-മനാകം-അപ്രിയം-ജാനാമി, ഹേ ആമന്ത ലോലനീലനയ നേ! അസ്മിൻ-പ്രപഞ്ചോദരേ-അനേകശാസ്ത്രം-വസ്തു-കിന്ത്വിത്-അ ന്യ-ന-അസ്തി-ഇതി-നിർവ്യത്യം, സത്യം-ഉദിതം,

അർത്ഥം—അല്ലയോ ജഗതീധരേന്ദ്രതനയേ (ഹിമവൽപുത്രി) ഞാൻ നിന്നെ അറിയുന്നു; നിന്റെ ഭേദങ്ങളേയും (അവസ്ഥകളേയും) അറി യുന്നു അല്ലയോ ഭേദോപാധിയോടു കൂടിയവളേ സ്ഥഗിതങ്ങൾ (സ ങ്കോചങ്ങൾ) ഒട്ടും മനസ്സിനു് അപ്രിയമെന്നും അറിയുന്നു, അല്ലയോ ആമന്തങ്ങളും (തീർച്ചകളും) ലോലങ്ങളും (ചഞ്ചലങ്ങളും)ആ യ നീലനയനങ്ങളോടുകൂടിയവളേ, ഈ പ്രപഞ്ചത്തിന്റെ ഉദരത്തിൽ എന്നാൽ അനേകശാസ്ത്രം (അറിയപ്പെടാത്തത്) യാതൊരു വസ്തുവും ഇ പ്പോഴും ഒളിയ്ക്കുന്നില്ല എന്നു് അറിയപ്പെട്ടാലും! സത്യം ഉദിതമായി (പ റയപ്പെട്ടു) ഈ പ്രപഞ്ചത്തിലുള്ള സകലവസ്തുക്കളും അറിയും എന്ന ഭാവമായ സർവ്വജ്ഞനാണെന്നു് വടു—എന്നു് ഭാവിക്കുന്നു.

അദ്ഭുതാചരിതേ തേ പ്രതി മമമെമിസ്തുപാദ്യാദികൈ—
ർമാഹുറ്റൂപായ കേശമിന്നിതി കളിമിത്രാണി ശൈത്യാണിതേ,
തമാശ്രയൈം വിലോലനയനേ! താവത്താപ ശോഭമതേ,
ഐക്യസംസ്ഥാനാമസമസ്തുപുണ്ഡരീകാമിഭം സാധനം (൨൮)

അന്വയം—ഹേ വിലോലനയനേ! അദ്ഭുതാചരിതേ-അ തി പ്രതിമമമെ എന്നു്-പാദ്യാദികൈ: കേശമിന്നി-കളിമിത്രാ ണി- തേ-ശൈത്യാണി-മാ-മാ-റ്റൂപായ-താവത്ശോഭമതേ-താവൽ ത പ:-ശോഭതേ സമസ്തുപുണ്ഡരീകാനാം സ്ഥാനം-ഇതം-സംസ്ഥാനം ഐക്യം

അർത്ഥം—അല്ലയോ വിലോലനയനേ! (ചഞ്ചലാക്ഷി) അദ്ഭു

ന്താചരിതങ്ങളും (എല്ലാവരാലും അനുഷ്ഠിക്കപ്പെട്ടവ) ആയി അതിപ്രതിമയങ്ങളും (ഏറ്റവും ഭയങ്കരങ്ങളും) ആയ ഈ തപസ്യാക്രമങ്ങളെ കണ്ടു് കോമളങ്ങളും കളിമിന്നുന്നവയും (കളിമിന്നുന്നവയും) ആയനിന്റെ ഗാത്രങ്ങളെ വാട്ടുന്നത്—വാട്ടുന്നത് എത്രമാത്രം ശോഭയോടുകൂടിയ അത്രമാത്രം തപസ്സ് ശോഭിക്കുന്നു. സമസ്ത പുരുഷാർത്ഥങ്ങളുടെ സാധനമായ ഈ സംഹനനം (ശരീരം) ഗാത്രം വപുഃ സംഹനനം എന്ന് അമരം, ശക്യം (ശക്തിക്കപ്പെട്ടവന്റെ ഭാഗ്യം) ആകുന്നു.

> ഉഗ്രേണ തന്വി! തപസാ ഭൃശകർശിതാംഗീ—
> മഗ്നേർനിരീക്ഷ്യ ഭവതീമന്തർമഗ്നരൂപാം
> സത്യം ബ്രവീമി സരസീരുഹപത്രനേത്രേ!
> ചിത്തം മമാപി പരിഷിഞ്ചതി ബാഷ്പസമ്പത്. (൫൮)

അന്വയം—ഹേ സരസീരുഹപത്രനേത്രേ! തന്വി—ഉഗ്രേണ—തപസാ—ഭൃശ കർശിതാംഗീം—അന്തർമഗ്നാം—ഭവതീം—അഗ്നേർ നിരീക്ഷ്യ ബാഷ്പസമ്പത്—മമ—അപി—ചിത്തം—പരിഷിഞ്ചതി—സത്യം—ബ്രവീമി.

അർത്ഥം—അല്ലയോ സരസീരുഹപത്രനേത്രേ (താമരപ്പൂവിന്റെ ഇതളുപോലുള്ള കണ്ണുകളോടുകൂടിയവളേ) തന്വി (സുന്ദരി) ഉഗ്രം (ഭയങ്കരം) ആയ തപസ്സിനാൽ ഭൃശകർശിതാംഗിയും (ഏറ്റവും ക്ഷീണിക്കപ്പെട്ട ശരീരത്തോടുകൂടിയവളും) അന്തർമഗ്നയും (അതിന്റെ അതികഠോരതപസ്സിന്റെ ശാസ്യമല്ലാത്ത സ്വരൂപത്തോടുകൂടിയവളും) ആയ ഭവതിയെ അഗ്നേർ നിരീക്ഷിച്ചിട്ട് (കണ്ടിട്ട്) ബാഷ്പസമ്പത്ത് (ബന്ധിക്കപ്പെട്ട സമ്പത്തോടുകൂടിയത്) എന്റെ അന്തഃകരണത്തെ പോലും നനയ്ക്കുന്നതു(?) എന്നാശയം, എന്റെ ഹൃദയം പോലും നനയ്ക്കുന്നു-സത്യത്തെ പറയുന്ന ഞാൻ പറഞ്ഞതു് സത്യമാണ് എന്നാശയം.

> ജാതസ്പൃഹഃ കിമപി ത്വത്ത്രിതമാമപശ്യൻ
> ജാതിസ്വഭാവസുലഭേന വിചിന്ത്യമാനഃ
> പൃച്ഛാമി തത്കഥയ വിശ്രാന്തലോചനേ ഹി!
> വിശ്രാന്തഃ-സ്വൈരസഞ്ചാരസമ്പ്രദായഃ (൫൯)

അന്വയം—ഹേ വിശ്രാന്തലോചനേ! (അഹം) ത്വത്ത്രിത—ജാത—സ്വഭാവസുലഭേന കൗതുകേന-വിചിന്ത്യമാനഃ—ജാതസ്പൃഹഃ—കിമപി പൃച്ഛാമി—തത്- വിശ്രാന്തഃ- കഥയ സഞ്ചാരസമ്പ്രദായസ് ഖലു.

അർത്ഥം — അല്ലയോ ദേവി ശമനോഹരാംഗി (സമസ്തത്തെയും മോഹിപ്പിക്കുന്ന അവയവങ്ങളോടുകൂടിയവളേ) ഞാൻ ഇപ്പോൾ ജാതിസ്വഭാവസുലഭമായ (ജാതിസ്വഭാവത്താൽ സുലഭമായിലഭിക്കപ്പെടുന്നതായ) ബാലജാതിക്ക് സ്വാതന്ത്ര്യമായ എന്ന സാമർത്ഥ്യത്താൽ (കൂളത്താൽ) വിനമ്രമാനൻ (പ്രേരിക്കപ്പെട്ടവൻ) ആയി ജാതസ്പൃഹൻ (ഉണ്ടായ ആഗ്രഹത്തോടുകൂടിയവൻ) ആയിട്ട് നിന്നെ ചോദിക്കുന്ന അതിനെ വിശ്വാസത്തോടുപറഞ്ഞാലും താങ്ങ് (വിശ്വാസത്തോടുകൂടി പറയുന്നത്) സജ്ജനസ്വഭാവമാകുന്നതാണ് എന്തെങ്കിലും കാര്യം ഒരാൾ ചോദിച്ചാൽ വിശ്വസിച്ചു പറയുന്നതു സജ്ജനസ്വഭാവമാണല്ലോ അതിനാൽ ഞാൻ ചോദിക്കുന്നതിനു വിശ്വാസത്തോടുകൂടി ഉത്തരം പറയണം എന്നാശയം.

കിം ദേവമുദ്ദിശ്യ തപഃ കരോഷി,
കിം വാ ഫലം ബ്രൂഹി ന ചേദ്രഹസ്യം।
പശ്യാമി വിശ്വാന്തരരൂപശീലേ!
സംപ്രാർത്ഥനീയാനിഹ തേ പദാർത്ഥാൻ॥ (൨൮)

അന്വയം — വിശ്വാന്തരരൂപശീലേ (ത്വം) കം-ദേവം-ഉദ്ദിശ്യ-തപഃ-കരോഷി, ഫലം-കിം വാ, രഹസ്യം ന-ചേത് ബ്രൂഹി, ഇഹ-തേ-പ്രാർത്ഥനീയാൻ-പദാർത്ഥാൻ (അഹം) ന പശ്യാമി.

അർത്ഥം — അല്ലയോ വിശ്വാന്തരരൂപശീലേ (ലോകോത്കൃഷ്ടമായ സൗന്ദര്യത്തോടും സ്വഭാവത്തോടും കൂടിയവളേ) നീ ഏതൊരു ദേവനെ ഉദ്ദേശിച്ചു തപസ്സിനെ ചെയ്യുന്നു. ഫലം എന്താകുന്നു. രഹസ്യം അല്ലെങ്കിൽ പറഞ്ഞാലും ഇവിടെ (ഈ ലോകത്തിൽ) നിനക്കു പ്രാർത്ഥനീയങ്ങളായ (പ്രാർത്ഥിക്കപ്പെടേണ്ടുന്ന യോഗ്യങ്ങളായ) ആയ പദാർത്ഥങ്ങളെ ഞാൻ കാണുന്നില്ല.

കാംക്ഷാ ചേത്തവ നാകലോകവിഹൃതൗ തന്നൈവ യുക്തം യതോ
ദിവ്യാനാം വിഹൃതിസ്ഥലീ നനു പിതുസ്തേ ശൈലരാജ്യസ്ഥലം।
കസ്മിന്നപ്യതിമാംഗല്യശാലിനി ജനേ ബദ്ധാശയാ ചേത്തദാ,
വ്യാകൃഷ്ടസ്തവ വിഭ്രമൈഃ പരമസൗ സന്താപമാലംബതാം॥ (൨൯)

അന്വയം — തവ-നാകലോകവിഹൃതൗ-കാംക്ഷാ-ചേത്, തത്-ന-ഏവ-യുക്തം-യതഃ-തേ-പിതുഃ-ശൈലരാജ്യസ്ഥലം-ദിവ്യാനാം-വിഹൃതിസ്ഥലീ-നനു, ചേത്- അതിമാംഗല്യശാലിനി-കസ്മിൻ-അപി-ജനേ-ബദ്ധാശയാ, തദാ-അസൗ-തവ-വിഭ്രമൈഃ-പരം-വ്യാകൃഷ്ടഃ- സന്താപം-ആലംബതാം!

അൎത്ഥം—നിനക്കു നാകലോകവിഹൃതിയിൽ (സ്വൎഗ്ഗത്തിലുള്ള കളിയിൽ) കൌതുകം—(ആഗ്രഹം) ഉണ്ടാകുന്നു—എങ്കിൽ ശ്രമം വേണ്ടിയില്ലതന്നെ. ശ്രമം കഴിയുമല്ല എന്നു സാരം. പിതാവായ ശൈലത്തിന്റെ (ഹിമവാൻ പൎവ്വതത്തിന്റെ സാനുക്കൾ (താഴ്വര പ്രദേശം) ദിവ്യന്മാരുടെ വിഹൃതിസ്ഥലി (ക്രീഡാപ്രദേശം) അല്ലേ?—ദേവന്മാരുംകൂടി ഹിമവാന്റെ താഴ്വരയിൽ വന്നു ക്രീഡിക്കുന്നുണ്ടു് അതിനാൽ സ്വൎഗ്ഗത്തെ കാംക്ഷിച്ചു് ഇപ്രകാരം കഠിനതപസ്സു ചെയ്യേണ്ട എന്നു സാരം. അല്ലെങ്കിൽ അതിസൌന്ദൎയ്യശാലിയായ വല്ലവരും ഒരു ജനത്തിൽ നിബദ്ധമായ (ജനിച്ചിട്ടുള്ള ആളുകളോടുകൂടിയവൻ) ആകുന്നു. എന്നാൽ ഇവൻ (നിനക്കു് ആഗ്രഹം ഉള്ളവൻ) നിന്റെ വിഭ്രമങ്ങളാൽ (വിചാരങ്ങളാൽ) വ്യാകൃഷ്ടൻ (വശീകരിക്കപ്പെട്ടവൻ) ആയിട്ടു് മനസ്സിനെ (മനസ്സുവ്യ എന്നതിനെ) ആകൎഷിക്കുന്ന (പ്രാപിക്കുന്ന) നിനക്കു് എന്തെങ്കിലും ഒരുവനിൽ ആഗ്രഹം നിമിത്തം തപസ്സു ചെയ്യുകയാണെങ്കിൽ ആ പുരുഷൻ നിനക്കു് അധീനനാകും അതിനാലും തപസ്സു് കഴിയുമല്ല എന്നു സാരം. നിനക്കു് ആഗ്രഹമുള്ളവനും ഇതാ ഇവിടെ നിന്റെ വിലാസങ്ങളാൽ ആകൃഷ്ടനായിട്ടു് അടിമപ്പെട്ടു വന്നിരിക്കുന്നു എന്നും ക്രിയാപദിക്കുന്നു.

> വ്യപേതപാരമ്യ സുന്ദരാംഗി! മനോവ്യാപാരഗൂഢമിമാ
> മാലോകയ വയസാ തവ നവീനമേതൈരന്യൈശ്ച പിഹിതാന്തരൈഃ।
> കസ്യചിത്തമുപാശ്രിതഃ സുകൃതിനാമഗ്രേസരഃ പൂരുഷഃ,
> സത്യം തമപി സംശയേയമലമലം മനോ ഭയമന്യജനാഃ॥ ൩൦॥

അന്വയം—അയി-സുന്ദരാംഗി! അഹം-ഇമാം-തവ-നവീന-വയസാ-അന്യൈഃ-പിഹിതാന്തരൈഃ-ച-വ്യക്തം- മനോവ്യാപാരഗൂഢാം-ആലോകേ, സുകൃതിനാം-അഗ്രേസരഃ-കഃ-പൂരുഷഃ-തവ-ചിത്തം-ഉപാശ്രിതഃ, തൽ-സത്യം-വദ, സംശയേയ അലം-അലം, അയം-അന്യൈഃ-ജനാഃ-ന-ഏവ,

അൎത്ഥം—അല്ലയോ സുന്ദരാംഗി ഞാൻ ഈ നിന്റെ നവമായ (പുതുതായുള്ള) വയസ്സു (യൌവനം)കൊണ്ടും വിശേഷങ്ങൾ (സ്വപ്നങ്ങൾ) ആയി അന്യങ്ങളായ ചിഹ്നാന്തരങ്ങൾ (മറ്റോരോ അടയാളങ്ങൾ) കൊണ്ടും വ്യക്തമാകുന്നു മനോവ്യാപാരങ്ങളായിട്ടു് (മനോവ്യാപാരത്താൽ മൂടിയിരിക്കുന്നവളായിട്ടു്) ആലോകനംചെയ്യുന്നു, (കണ്ടു) സുകൃതികളിൽ (പുണ്യമുള്ളവരിൽ) വെച്ചു അഗ്രേസരൻ (മുൻപിൽനടക്കുന്നവൻ) ആയ ഏതൊരു പുരുഷൻ നിന്റെ ചിത്തത്തെ (മനസ്സിനെ) ഉപാശ്രിതൻ (പ്രാപ്തൻ) ആയി? അതിനെ സത്യമായിട്ടു്

പറഞ്ഞാലും സംശയങ്ങൾകൊണ്ടുള്ളതു്. മതിമതി, അല്പവും സംശയിക്കേണ്ട. ഇവൻ അന്യമാർഗ്ഗജനം (മറ്റൊരുജനം) അല്ല എന്നൊരു ഭാവത്തോടുമായി വിചാരിക്കുന്ന അതിനാൽ സത്യം പറയാം. ഈ ഞാൻ വേറെ ആളും അല്ല നീ മനസ്സിൽ വിചാരിച്ചു തപസ്സുചെയ്യുന്ന ആൾ തന്നെ ആണെന്നു് സംശയിക്കേണ്ട എന്നുംകൂടി ധരിയ്ക്കുന്നു!!

ശ്ലോകം ൪.

ഇതിസമസ്തസന്ദേഹാക്ഷമാണേ—സമന്തപാതതിവിമലമന്ദകാന്തിസന്തതിസുധാസ്യന്ദമാധുരിമാഭിർ ധവളീക്രിയമാണഫാലിനേത്രേ സപ്രമോദം പരിഗൃഹീതവിപ്രവടുരൂപേ വിരൂപാക്ഷേ, തദാകൃതിവചനവിശേഷനിർവ്വർണ്ണനാകർണ്ണനസമയസമുദീയമാനസാദ്ധ്വസാനന്ദാ മന്ദേതരസ്വേദകണസാന്ദ്രകപോലമണ്ഡലാ നിവർത്തിതാ നിയോഗപ്രേരിതാ സഖീജനമുഖേനോത്തരം അത്യുത്തമമാചചക്ഷേ!

അർത്ഥം — സമന്തപാതതി (പരന്നുപൊങ്ങുന്നതു്) ആയി അതിവിമലമായ മന്ദകാന്തിസന്തതി (മന്ദസ്മിതസമൂഹം) ആകുന്ന സുധാസ്യന്ദത്തിന്റെ (അമൃതപൂരത്തിന്റെ) മാധുരിമകളാൽ (മധുരിമയാൽ) ധവളീക്രിയമാണഫാലിനേത്രനും (ഒരു ഇളപ്പിക്കപ്പെട്ടുനില്ക്കുന്ന കണ്ണുകളോടുകൂടിയവനും) സപ്രമോദം (സന്തോഷത്തോടുകൂടെ) പരിഗ്രഹിക്കപ്പെട്ട വിപ്രവടുരൂപത്തോടു (ബ്രാഹ്മണബ്രഹ്മചാരിവേഷത്തോടു) കൂടിയവനും ആയ വിരൂപാക്ഷൻ (പരമശിവൻ) ഇപ്രകാരം സകലസാദ്ധ്യം (എല്ലാവും ഒന്നോടുകൂടെ) ആലോചിച്ചവൻ (പറയുന്നവൻ) ആയിരിക്കുമ്പോൾ, തദാകൃതിയുടെയും (അവളുടെ ആകൃതിയുടെയും) വചനവിശേഷത്തിന്റെയും നിർവ്വർണ്ണനം (ദർശനം) ചെയ്കയും ആകർണ്ണനം (കേൾക്കയും) ചെയ്യുകയും ചെയ്ത സമയത്തിൽ ആകൃതിയെ കാണുകയും വചസ്സിനെ കേൾക്കുകയും ചെയ്തപ്പോൾ എന്നു സാരം. സമുദീയമാന (ഉണ്ടാകുന്ന) ആയ സാദ്ധ്വസാനന്ദത്തോടു (ഭയമെന്ന സന്തോഷത്തോടു) കൂടിയവളും മന്ദേതരമായ (അനല്പമായ) സ്വേദകണങ്ങൾ (വിയർപ്പുതുള്ളികൾ) കൊണ്ടു് സാന്ദ്രമായ (ഘനമായ) കപോലമണ്ഡലത്തോടു (സുന്ദരമായ മുഖപത്മത്തോടു) കൂടിയവളും ആയ അവൾ നിവർത്തിതയും (തിരിക്കപ്പെട്ടവളും) നിയോഗവും (ഗുരുജനത്താൽ ചെയ്യപ്പെട്ടതും) ആയ സന്ദേശപ്രേരണത്താൽ (കല്പനയാൽ) പ്രേരിത (നിയോഗിക്കപ്പെട്ടവൾ) ആയ സഖീജനമുഖേന ഉത്തരത്തെ (അവളുടെ അനുരാഗത്തിന്റെ (ചോദ്യത്തിന്റെ) ഉത്തരത്തെ) അത്യുത്തമമാകുംവണ്ണം ആഖ്യാനംചെയ്തു (പറഞ്ഞു)

അനാദൃത്യാശേഷാനപി ച സുമുഖി വാസവമുഖാ
നകസ്മാദാരൂഢപ്രണയപരിപാടീപരവശാ
അരൂപശ്രീഹാര്യൂർമ്മനസിജിതി ലേഖാമഹിതയാ
വ്വയസ്യാ സേയം മേ ചിരമിഹ തപസ്യാം വിതനുതേ. ൬൨

അന്വയം — സുമുഖി-മതിമതി! മേ-ഇയം-വയസ്യാ-വാസവമുഖാൻ-അശേഷാൻ-അപി-അനാദൃത്യ-മനസിജിതി അരൂപശ്രീഹാര്യൂ ർമ്മേ വ-അകസ്മാത്-ആരൂഢപ്രണയപരിപാടീപരവശാ-ചിരം-ഇഹ-തപസ്യാം-വിതനുതേ.

അർത്ഥം — സുമുഖിയും മതിമതിയും (വിശിഷ്ടബുദ്ധിയും) ആയ എന്റെ ഈ വയസ്യാ (സഖി) വാസവമുഖന്മാർ (ഇന്ദ്രൻ തുടങ്ങിയവർ) ആയ അശേഷന്മാരെയും അനാദരിച്ചിട്ട് മനസിജിത്തും അരൂപശ്രീഹാര്യനും (രൂപം എന്നതും ശ്രീ (സമ്പത്ത്) എന്നതും ഹരിക്കപ്പെട്ടവൻ അതായത് കാമനെ ജയിച്ചവനും) മനസിജിത്തും (കാമനെ ജയിച്ചവനും) ആയ ശിവനിൽ കാരണം കൂടാതെ ആരൂഢമായ (ഉറച്ച) പ്രണയത്തിന്റെ പരിപാടി (ക്രമം) കൊണ്ട് പരവശയായിട്ട് വളരെക്കാലം ഇവിടെ തപസ്യയെ (തപശ്ചര്യയെ) ചെയ്യുന്നു.

ഹുംകാരേണ തിരസ്കൃതഃ പുരജിതാ മാരസ്യ ബാണഃ പുരാ —
സംപ്രത്യേഷ പുനസ്തമേവ ചിരം ഹൃദസ്യാഃ പുരാ
അദ്യാപ്യന്യ മനോരഥം ... സമ്പ്രേക്ഷതേ
നന്വീശം തവ ... ന്തികേ ... പശ്യതി ... (൬൩)

അന്വയം — പുരാ-പതൻ-മാരസ്യ-ബാണഃ പുരജിതാ ഹുംകാരേണ-തിരസ്കൃതഃ സംപ്രത്യേഷ, ഏഷ-ബാണഃ-ഉദ്യൽ അസ്യാഃ ചിത്തം ആവിശ്യ-അദ്യാപി അമൃതനാഥ-ഏകമനോഹരം-ഈശം തനോതി-ദേഹം-അപി-അന്തികേ-അപശ്യതീ സംഭ്രമം

അർത്ഥം — പണ്ട് പതന്ത് (വരുന്നത്) ആയ-മാരന്റെ (കാമന്റെ) ബാണം പുരജിത്താൽ (പുരാരിയാൽ) ഹുംകാരം കൊണ്ട് തിരസ്കൃതം (തള്ളപ്പെട്ടത്.) ആയിട്ട് ഉദയം ചെയ്ത് ഈ ബാണം ഇവളുടെ (പാർവതിയുടെ) ചിത്തത്തെ (മനസ്സിനെ) ആവേശിച്ചു (പ്രവേശിച്ചു) ഇപ്പോഴും അമൃതനാഥനായ (ശ്രീ ശിവനായ) ഏകമനോഹരനെ കൊണ്ട് (മനോഹരനെക്കൊണ്ട്) ഈശനെ അന്തികത്തിൽ (സമീപത്തിൽ) അപശ്യന്തി യായിട്ട് (കാണാതവളായിട്ട്) ഭ്രമിക്കുന്നു.

അസ്യാ ഏവ കരാഞ്ചലോദ്ധൃതഘടീപാഥഃപ്രസേകോദിതാ-
ന്യേതാൻ പശ്യ പുരസ്ഥിതാൻ ഫലഭരൈരാനമ്രശാഖാശതാൻ
സംവൃദ്ധാ സമമേഭിരേവ സഫലൈരേതസ്യാസ്തു തപസ്യാലതാ
നോ ജാനേ ബത കാരണം സകുസുമാ നാദ്യാപി സംദൃശ്യതേ (൬൨)

(അന്വയം) അസ്യാഃ ഏവ-കരാഞ്ചലോദ്ധൃതഘടീപാഥഃ പ്രസേകോദിതാൻ-ഫലഭരൈഃ ആനമ്രശാഖാശതാൻ-പുരസ്ഥിതാൻ--പശ്യ-സഫലൈഃ-ഏഭിഃ-സമം സംവൃദ്ധാ--അസ്യാഃ തപസ്യാലത.-അദ്യാപി-സകുസുമാ ന-സംദൃശ്യതേ-ബത-കാരണം-ന-ജാനേ

അർത്ഥം—ഇവളുടെതന്നെ, കരാഞ്ചലത്തിൽ (കരാഗ്രത്തിൽ) ഉദ്ധൃതയായ (എടുക്കപ്പെട്ടതായ) ഘടിയിലെ (കുടത്തിലെ) പാഥസ്സിന്റെ (ജലത്തിന്റെ) പ്രസേകംകൊണ്ടു (സേചനംകൊണ്ടു) ഉദിതങ്ങളായി (ഉണ്ടായവയായി) ഫലഭരങ്ങൾകൊണ്ടു ആനമ്രശാഖാശതങ്ങളായ (താഴ്ന്നശാഖാസമൂഹങ്ങളോടുകൂടിയവയായ) ഈ പുരസ്ഥിതങ്ങളെ (മുൻപിൽനില്ക്കുന്നവൃക്ഷങ്ങളെ) കണ്ടാലും സഫലങ്ങളായ (കായ്ച്ചുജാതങ്ങളായ) ഇവറ്റകളോടു (ഈ വൃക്ഷങ്ങളോടു) കൂടെ സംവൃദ്ധയായ (അഭിവൃദ്ധതയായ) ഇവളുടെ (ഈ സഖിയുടെ) തപസ്യയാകുന്ന (തപശ്ചര്യയാകുന്ന) ലത (വള്ളി) ഇപ്പോഴും സകുസുമയായിട്ട് (പുഷ്പങ്ങളോടുകൂടിയതായിട്ട്) ദർശിക്കപ്പെടുന്നില്ല കഷ്ടം (കാരണം അറിയുന്നില്ല) എന്റെ സഖി വെള്ളംകോരിവളർത്തിയ ഈ വൃക്ഷങ്ങൾ ഫലവത്തുക്കളായിട്ടും ഈ വൃക്ഷങ്ങളോടൊന്നിച്ചു ഉണ്ടായിവളർന്നുവന്ന ഈ സഖിയുടെ തപസ്സാകുന്ന വള്ളിക്ക പുഷ്പവുംകൂടി ഉണ്ടായില്ല എന്നു സാരം.

ഇതി തസ്യാ വചഃ ശ്രുത്വാൻ-വർണ്ണീ കർണ്ണരസായനം
അപി സത്യമിദം തന്വീത്യദ്രിജാമാഹ സസ്മിതം। ൬൩

അന്വയം—വർണ്ണീ-ഇതി കർണ്ണരസായനം-തസ്യാഃ-വചഃ-ശ്രുത്വാൻ ഭവൻ-ഇദം-സത്യം-അപി-ഇതി അദ്രിജാം-സസ്മിതം-ആഹ

അർത്ഥം—വർണ്ണീ (ബ്രഹ്മചാരി) കർണ്ണങ്ങൾക്ക് രസായനമായ ഇവളുടെ (പാർവ്വതീസഖിയുടെ) വചസ്സിനെ ശ്രുത്വാൻ ആയിട്ട് (കേട്ടവൻ ആയിട്ട്) അല്ലയോ തന്വി ഇത് (സഖീവചനം) സത്യമല്ല എന്നിങ്ങനെ അദ്രിജയോട് (പാർവ്വതിയോട്) സസ്മിതമാകുംവണ്ണം (പുഞ്ചിരിയോടുകൂടുംവണ്ണം) പറഞ്ഞു.

അഥ പ്രകോഷ്ഠസ്ഫടികാക്ഷമാലം
[illegible] ।

മിതാക്ഷരം വാചമുദ്ഗ്രഥലജ്ജാ
കഥഞ്ചിദദ്രേസ്തനയാ ബഭാഷേ । ൬൮

അന്വയം — അഥ അദ്രേഃ തനയാ കരാഗ്രേ വിധൃതാം സ്ഫടികാക്ഷമാലാം പ്രകോഷ്ഠേ നിവേശ്യ - ഉദ്ഗ്രഥലജ്ജാ — കഥഞ്ചിത് — മിതാക്ഷരം - വാചം — ബഭാഷേ

അർത്ഥം - അനന്തരം (ശിവവചനാനന്തരം) അദ്രിയുടെ തനയ (ശ്രീപാർവ്വതി) കരാഗ്രത്തിൽ വിധൃതയായ (ധരിക്കപ്പെട്ടതായ) സ്ഫടികാക്ഷമാലയെ (സ്ഫടികങ്ങളെക്കൊണ്ടുള്ള ജപമാലയെ) പ്രകോഷ്ഠത്തിൽ (കൈക്കണങ്കിൽ) നിവേശിപ്പിച്ചിട്ട് (ഇട്ടിട്ട്) ഉദ്ഗ്രഥലജ്ജയായിട്ട് (ധരിക്കപ്പെട്ട ലജ്ജയോടുകൂടിയവളായിട്ട്) പണിപ്പെട്ട് മിതാക്ഷരയായ (അല്പങ്ങളായ അക്ഷരങ്ങളോടുകൂടിയ) വാക്കിനെ ഭാഷിച്ചു (പറഞ്ഞു)

അതഃ കഥിതം മയാ നിതാന്തം മനസാ കല്പിതമേവ വിപ്രസൂനോ
അഗതിർമ്മനോരഥാനാമിതി വാണീ ഭവതാ ന കിം ശ്രുതേയം !

അന്വയം — ഹേ വിപ്രസൂനോ അതഃ കഥിതം മയാ നിതാന്തം മനസാ കല്പിതം ഏവ മനോരഥാനാം അഗതിഃ ന (ഭവതി) ഇതി ഇയം വാണീ ഭവതാ ന ശ്രുതാ കിം

അർത്ഥം — അല്ലയോ വിപ്രസൂനോ (ബ്രാഹ്മണപുത്ര) ഇതുവരെ കഥിതം (പറയപ്പെട്ടത്) എന്നാൽ ഏറ്റവും മനസ്സുകൊണ്ട് കല്പിതമാകുന്നതുതന്നെ (വിചാരിക്കപ്പെട്ടതാകുന്നു) ഇപ്രകാരം പറഞ്ഞതുതന്നെയാണ് ഞാൻ മനസ്സുകൊണ്ട് വിചാരിച്ചിരിക്കുന്നത് എന്നു സാരം. മനോരഥങ്ങൾക്ക് (മനസ്സിലുള്ള സങ്കല്പങ്ങൾക്ക്) അഗതി (അപ്രാപ്തി) ഭവിക്കുന്നില്ല എന്നുള്ള ഈ വാണി ഭവാനാൽ ശ്രുതയല്ലയോ (കേട്ടിട്ടില്ലയോ) ആഗ്രഹങ്ങൾക്ക് വിഷയമല്ലാത്തതൊന്നും ഇല്ല അതിനാൽ ഈ ഉഗ്രമായ തപസ്സുകൊണ്ടും പരമേശ്വരനെ ലഭിക്കുക എന്ന മനോരഥവും സാധിക്കാം എന്നു സാരം

ഇതി ഗിരിതനയാഗിരം നിശമ്യ
പ്രമഥഗണാന്തരംഗിതാന്തരാത്മാ
പ്രകടിതകപടാകൃതിഃ പ്രഗത്ഭം
വചനമുവാച പുനസ്സരോജനേത്രാം । ൬൯

അന്വയം — പ്രകടിതകപടാകൃതിഃ സരോജനേത്രാം — ഇതി ഗിരിതനയാഗിരം നിശമ്യ പ്രമഥഗണാന്തരംഗിതാന്തരാത്മാ പുനഃ പ്രഗത്ഭം വചനം — ഉവാച.

അൎത്ഥം— പ്രകടിതകപടകൃതിയായ (കപടബ്രഹ്മചാരിവേഷത്തെ പ്രകടിപ്പിച്ചിട്ടുള്ളവനായ) ശശാങ്കമൌലി (ചന്ദ്രചൂഡൻ) ഇപ്രകാരം ഗിരിതനയയുടെ ഗിരിനെ (വാക്കിനെ) നിശമനംചെയ്തിട്ട് (കേട്ടിട്ട്) പ്രമദഭരങ്ങൾ (സന്തോഷാതിരേകങ്ങൾ) അപരിമിതമായ (സംഖ്യാതീതമായ) ഉളവാകുന്നതായി എന്നു സാരം. അനന്തരം മന്ദസ്മിതത്തോടു (മനസ്സോടു) കൂടിയവൻ ആയിട്ട് പിന്നെയും പ്രശസ്തമായ (പ്രൌഢമായ) വചനത്തെപ്പറഞ്ഞു.

സത്യംചേദിദമുക്തമദ്രിതനയേ സ്വസ്ത്യസ്തു തേ സാമ്പ്രതം
വക്തവ്യം ബത ഹസ്തതാളമിളിതം ഹാസം വിനാ നാപരം,
പശ്യൈതന്മനസാ സ്വയം ശാതോദരി പശ്യന്ത്യാ മദനം ഹി തേന്തികഗതം
പശ്യന്ത്യാമപി തേ ദഹൻ ഭവതി കിം വശ്യസ്തവായം ഹരഃ॥ ബാപ്യ

അന്വയം— ഹേ അദ്രിതനയേ! ഇദം ഉക്തം-സത്യം-ചേത്– സാമ്പ്രതം തേ-സ്വസ്തി-അസ്തു–ഹസ്തതാളമിളിതം-ഹാസം-വിനാ–അപരം, ന വക്തവ്യം ബത! ശാതോദരി (ത്വം) മനസാ—ഏതത്-സ്വയം പശ്യ! താപി-പശ്യന്ത്യാം-ഹി-അന്തികേ-വർത്തമാനം-മദനം-ദഹൻ-ഹരഃ-തവ-വശ്യഃ-ഭവേത്-കിം.

അൎത്ഥം — അല്ലയോ അദ്രിതനയേ ഈ ഉക്തം (വചനം) സത്യമാകുന്നുവെങ്കിൽ ഇപ്പോഴും നിനക്കായിട്ട് സ്വസ്തി (മംഗളം) ഭവിക്കട്ടെ. ഹസ്തതാളമിളിതമായിട്ട് (ഹസ്തതാളത്തോടുകൂടീട്ട്) ഹാസത്തോടുകൂടാതെ അപരം (അന്യം) വക്തവ്യമല്ല. കയ്യുംകൊട്ടി ചിരിയ്ക്കുകയല്ലാതെ മറ്റൊന്നും പറയാൻ ഇല്ല എന്നു സാരം. അല്ലയോ ശാതോദരി (കൃശഗാത്രി) നീ മനസ്സുകൊണ്ട് ഇതിനെ തന്നെ ഓർത്തു ചിന്തിച്ചാലും—ഇതിനെ പറയേൻപോകുന്നതിനെ വിചാരിച്ചാലും എന്നു താപം നീ പശ്യന്തിയായിരിക്കുമ്പോൾ (നോക്കിക്കൊണ്ടിരിക്കുമ്പോൾ) ഭവതിയുടെ അന്തികത്തിൽവച്ചു നില്ക്കുന്നവനായ (സമീപത്തുള്ള) മദനനെ (കാമനെ ദഹിപ്പിച്ചു) അവൻ (ആ ശിവൻ) നിനക്ക് വശ്യനായി (അധീനനായി) ഭവിക്കുമോ കാമനെ ദഹിപ്പിച്ച ഇദ്ദേഹം കാമുകനായിട്ടു നിനക്കു വശനായിഭവിക്കയില്ല എന്നു സാരം.

പാണിഗ്രഹോത്സവാവിഷ്ടഫണികങ്കണനെന്ന
മോദ്യന്നാഹതസ്വൎണ്ണകങ്കണാവലികളെന്നു
സംയോഗമൎഹതി കഥം ചപലാക്ഷിതന്നെയത–
ന്യൂനമായതാക്ഷിമുസലേന്ദ്രങ്ങളിൽകൂടെ। ഘൻ.

അന്വയം — ഹേ മൃഗശാവായതാക്ഷി! പാണിഗ്രഹോത്സവവിധൌ - ഹരസ്യ ഫണികങ്കണേന - ദോഷ്ണാ - തേ - മണികങ്കണവാൻ - കരഃ - മുസലേന മൃണാളികാ - ഇവ - കഥം - സംയോഗം - അർഹതി - ഇതി - ച - വിചിന്തയ, അല്ലയോ മൃഗശാവായതാക്ഷി (സുന്ദരങ്ങളും ദീർഘങ്ങളുമായ കണ്ണുകളോടുകൂടിയവളേ) പാണിഗ്രഹോത്സവ (പാണിഗ്രഹണമാകുന്ന) ഉത്സവവിധിയിൽ ഹരൻ്റെ (ശിവൻ്റെ) ഫണികങ്കണമായ (സർപ്പങ്ങളാകുന്ന വളകളോടുകൂടിയ) ദോസ്സിനോട് (കയ്യിനോട്) നിൻ്റെ മണികങ്കണവത്തായ (രത്നവളകളോടുകൂടിയ) കരം (കയ്യ്) മുസലത്തോട് (ഉലക്കയോട്) മൃണാളിക (താമരവളയം) എന്നപോലെ എങ്ങിനെ സംയോഗത്തെ (ചേർച്ചയെ) അർഹിക്കുന്നു (അനുഗ്രഹിക്കുന്നു എന്നു സാരം) ഇതിനെ ചിന്തിച്ചാലും (വിചാരിച്ചാലും) നിൻ്റെ കയ്യും ശിവൻ്റെകയ്യും തമ്മിൽ ചേരുന്നതിനു തീരെ യോഗ്യതയില്ല എന്ന് സാരം.

ചിതാഭസ്മാലേപേ ദിശ പരിധാനേഽപി ചകിതാം
കരോടീമാലാനാം തതിഭിരപി വാ മണ്ഡനവിധൌ
വിരാഗം സഞ്ചിന്ത്യ ക്ഷിതിധരകുലോത്തംസകലികേ!
വിഷാഹാരേ ചേതശ്ശിവശിവ വിഷാദം ഭജതി മേ ൪൦

അന്വയം — ഹേ ക്ഷിതിധരകുലോത്തംസകലികേ - ചിതാഭസ്മാലേപേ - അപി ചകിതാം - പരിധാനേ - കരോടീമാലാനാം - തതിഭിഃ മണ്ഡനവിധൌ - അപി വാ - വിരാഗം - സഞ്ചിന്ത്യ - ദിശ - വിഷാഹാരേ - വിരാഗം - സഞ്ചിന്ത്യ മേ ചേതഃ വിഷാദം ഭജതി - ശിവ ശിവ,

അർത്ഥം — അല്ലയോ ക്ഷിതിധരകുലോത്തംസകലികേ (പർവ്വതകുലത്തിന് അലങ്കാരമായി ഭവിച്ചവളേ) - ചിതാഭസ്മാലേപത്തിലും (ചുടലഭസ്മം തേക്കുന്നതിലും) അത്രതന്നെയുമല്ല ദിക്കുകളുടെ പരിധാനത്തിലും (ദിക്കുകളെ വസ്ത്രമാക്കുന്നതിലും) കരോടീമാലകളുടെ (അസ്ഥിമാലകളുടെ) തതികൾ (സമൂഹങ്ങൾ) കൊണ്ടു മണ്ഡനവിധിയിങ്കലും (അലങ്കരിക്കുന്നതിലും) വിരാഗത്തെ വിചാരിച്ചിട്ടുള്ളത് ഇരിക്കട്ടെ, വിഷാഹാരത്തിൽ (വിഷഭക്ഷണത്തിൽ) വിരാഗത്തെ വിചാരിച്ചിട്ട് എൻ്റെ ചേതസ്സ് (മനസ്സ്) വിഷാദത്തെ ഭജിക്കുന്നു (പ്രാപിക്കുന്നു) കഷ്ടം-കഷ്ടം അല്ലയോ പാർവ്വതി നീ വിവാഹം കഴിഞ്ഞ് ശിവൻ്റെ ഗൃഹത്തിൽ ചെന്നാൽ ചുടലഭസ്മം തേക്കുക അസ്ഥിമാല അണിയുക-വസ്ത്രം ഇല്ലാതെ നടക്കുക എന്നവയെ ഓർത്തിട്ട് എനിക്കു ദുഃഖമില്ല, ശിവൻ വിഷഭക്ഷകൻ ആകയാൽ നീയും വിഷം ഭക്ഷിക്കുന്നതായി വരുമെന്നുള്ളതിനെ വിചാരിച്ചിട്ട് എനിക്ക് വളരെ ദുഃഖമുണ്ട് എന്നു സാരം.

ആരൂഢഗംഗാജടം ഗവൃഷാധിരൂഢം
മാതംഗചർമ്മവസനം ഭസിതാംഗരാഗം
ആസംഗിനീം സ്മരഹരേ ഭവതീം നിരീക്ഷ്യ
ഹാസം കരിഷ്യതി പരം പ്രമദാസമാജഃ ൪൭

അന്വയം — ആരൂഢഗംഗാജടം-ഗവൃഷാധിരൂഢം-മാതംഗചർമ്മവസനം-ഭസിതാംഗരാഗം - സ്മരഹരേ-ആസംഗിനീം ഭവതീം-നിരീക്ഷ്യ പരഃ-പ്രമദാസമാജഃ-ഹാസം-കരിഷ്യതി.

അർത്ഥം—ആരൂഢഗംഗാജടം (കയറിയിരിക്കുന്നതായ ഗംഗയോടുകൂടിയ ജടകളോടുകൂടിയവനും) ഗവൃഷം (വൃദ്ധനായ) ആ വൃഷത്തിൽ (കാളയിൽ) അധിരൂഢനും (കയറിയവനും) മാതംഗചർമ്മവസനനും (ആനത്തോലുടുത്തവനും) ഭസിതാംഗരാഗനും (ഭസ്മമാകുന്ന കുറിക്കൂട്ടോടുകൂടിയവനും) സ്മരഹരനിൽ (കാമനെ നശിപ്പിച്ചവനിൽ) ആസംഗിനിയും (ചേർന്നവളും) ആയ ഭവതിയെ (നിന്നെ) നിരീക്ഷിച്ചിട്ട് പരമായ പ്രമദാസമാജം (മറ്റുള്ളസ്ത്രീസമൂഹം) ഹാസത്തെ ചെയ്യും (ചിരിക്കും)

ഖലുതവാസൗ മംഗലഗാത്രി! യുജ്യതേ
സപിംഗലാക്ഷഃ സുതരാമമംഗലഃ
തദേതദല്പ്പാപതിതം സുമധ്യമേ!
യദാരനാളേന പയോവിമേളനം ൪൮.

അന്വയം—ഹേ മംഗലഗാത്രി! സുമധ്യമേ! പിംഗലാക്ഷഃ-സുതരാം-അമംഗലഃ-അസൗ-തവ-യുജ്യതേ--ഖലു-ആരനാളേന-പയോവിമേളനം-യത്--തത്-ഏതത്-അല്പ-ആപതിതം.

അർത്ഥം—അല്ലയോ മംഗലാംഗി-സുമദ്ധ്യമേ (കൃശമദ്ധ്യേ) പിംഗലാക്ഷനായേറ്റവും അമംഗലനാ(അശുഭനേത്രനാം മംഗലമല്ലാത്തവനാം) ആയ അവൻ (ശിവൻ) നിന്നോടു യോജിക്കുന്നു എങ്കിൽ ആരനാളത്തോടു (കാടിയോടു) പയോവിമേളനം (പാലിന്റെ ചേർച്ച) യാതൊന്നോ അതു ഇതു ഇപ്രകാരം ആപതിതം (ആയി) വന്നുചേർന്നു) അമംഗലനായ ശിവൻ നിന്നോട് ചേർന്നാൽ കാടിയും പാലും ഒന്നിച്ചു ചേരുന്നതുപോലെ ഉപയോഗഹീനമായിത്തീരും.

തത്തദിത്ഥംവദത്യസ്മി-ന്നുദ്ധതേ കപടാർഷകേ
അദ്രിജായാഃപരം ചലേ-രക്തിമാ നയനാഞ്ചലേ. ൪൯

അന്വയം—അസ്മിൻ-കപടാർഷകേ-ഉദ്ധതേ-ഇത്ഥം—തത്-തത്-വദതി-അദ്രിജായാഃ-നയനാഞ്ചലേ-രക്തിമാ-പരം-ചലേ.

അർത്ഥം—ഈ കപടാർഷകൻ (വ്യാജശിഷ്യൻ) ഉദ്ധതൻ (അഹങ്കാരി) ആയിട്ട് ഇപ്രകാരം അതിനെ അതിനെ (ഓരോന്നിനെ) വ

ങ്ങനായിരിക്കുമ്പോഴും (പറയുമ്പോഴും) അദ്രിജയുടെ നയനാഞ്ചലത്തിൽ (നേത്രത്തിന്റെ അഗ്രത്തിൽ) രക്തിമാവ് (ചുകപ്പ്) പദത്തെ ചെയ്തു (കാലു വച്ചു) ശിവനിന്ദ കേട്ടിട്ട് പാർവ്വതിയുടെ കടക്കണ്ണു ചുകന്നു എന്നു സാരം.

യഥായഥാപാടലിമാജഗൃംഭേ-ക്രുധാദൃഗന്തേഗിരികന്യകായാഃ
തഥാതഥാഹർഷഭരോഹൃദന്തേ-പദംദധൗ-പങ്കജവൈരിമൗലേഃ ൪൮

അന്വയം--ഗിരികന്യകായാഃ-ദൃഗന്തേ-ക്രുധാ--യഥാ--യഥാ പാടലിമാ ജഗൃംഭേ-തഥാ-തഥാ-പങ്കജവൈരിമൗലേഃ-ഹൃദന്തേ--ഹർഷഭരഃ-പദം-ദധൗ.

(അർത്ഥം) ഗിരികന്യകയുടെ ദൃഗന്തത്തിൽ (കടക്കണ്ണിൽ) ക്രുത്തിനാൽ (കോപത്താൽ) യാതൊരുപ്രകാരം യാതൊരുപ്രകാരം പാടലിമാവ് (ചുവപ്പ്) ജൃംഭിച്ചു (വർദ്ധിച്ചു) അപ്രകാരം അപ്രകാരം പങ്കജവൈരിമൗലിയുടെ (ചന്ദ്രചൂഡന്റെ) ഹൃദന്തത്തിൽ (മനസ്സിൽ) ഹർഷഭരം (സന്തോഷാധിക്യം) പദത്തെ ധരിച്ചു. പാർവ്വതിയ്ക്കു് കോപം വർദ്ധിച്ചുവരുംതോറും ശിവനു സന്തോഷവും വർദ്ധിച്ചുവന്നു എന്നു സാരം.

നിന്ദാപരാണിവചനാന്യുപകല്പയന്തീ
ചന്ദ്രാവതംസചരിതേഷു നിർമ്മലേഷു
ആപൂർണ്ണകോപവിസരസ്ഫുരിതാധരശ്രീഃ
സാബാലികാകപടമാണവകംബഭാഷേ. ൪൯

അന്വയം -- അഥ-സാബാലികാ--നിർമ്മലേഷു ചന്ദ്രാവതംസചരിതേഷു-നിന്ദാപരാണി-വചനാനി-ഉപകല്പയന്തീ--ആപൂർണ്ണകോപ വിസരസ്ഫുരിതാധരശ്രീഃ കപടമാണവകം ബഭാഷേ.

അർത്ഥം—അനന്തരം ആ ബാലികാ നിർമ്മലങ്ങളായ ചന്ദ്രാവതംസചരിതങ്ങളിൽ (ശിവന്റെ ചരിതങ്ങളിൽ) നിന്ദാപരങ്ങളായ (നിന്ദാപ്രധാനങ്ങളായ) വചനങ്ങളെ ഉപകല്പയന്തിയായി (കേൾക്കുന്നവളായി) ആപൂർണ്ണമായ കോപത്തിന്റെ വിസരത്താൽ (വ്യാപ്തിയാൽ) സ്ഫുരിതാധരശ്രീയായിട്ട് (വിറയ്ക്കുന്ന അധരകാന്തിയോടുകൂടിയവളായിട്ട്) കപടമാണവകനോട് (മായാശിശുവിനോട്) ഭാഷിച്ചു (പറഞ്ഞു)

ആശാന്താത്മാതപുതം,ജചസമുചിതാരാശ്രമന്യാസ്യവൃത്തിം,
നിഷാനിഭമൈന്ദ്രീഷേവ്യാന്യപനായചപുണ്ഡരമണ്ഡലീം ചൌമ്പരീ
ണാം
യാചേതാമപ്രശസ്താവചസിപുനരഥം,ധൃഷ്ട! കഷ്ടംബതൈതൽ-
ഭോചാരസ്യാസ്യകിംവാതവഫലമനയാനിന്ദയാചന്ദ്രമൗലേഃ ൫൦

അന്വയം — അയി - ത്വം - ശാന്തോത്തമാ - ഭവ - അസ്യ ആശ്രമസ്യ - സമുചിതാം - വൃത്തിം - ച - ഭജ - നീചാം - നീചൈഃ - നിഷേവ്യാം - പുനഃ പുനഃ വൈഖരീണാം - വൈഖരീം - ച - വ്യപനയ - ഹേ ധൃഷ്ട! വാചസി - അപ്രശസ്താ - അഹം - പുനഃ - ത്വാം - യാചേ - ഏതത് - കഷ്ടം - ബത - വാചാലസ്യ - അസ്യ - തവ ചന്ദ്രമൗലേഃ - അനയാ - നിന്ദയാ - ഫലം - കിം വാ.

അർത്ഥം — അയി നീ ശാന്തോത്തമനായിട്ട് (ശാന്തശീലനായിട്ട്) ഭവിച്ചാലും അയി എന്നതു കോപസൂചകമാകുന്നു. ഈ ആശ്രമത്തിന് (ബ്രഹ്മചര്യാശ്രമത്തിന്) സമുചിതയായ (യോഗ്യയായ) വൃത്തിയെ ഭജിച്ചാലും ബ്രഹ്മചാരിക്കനുസാരം യോഗ്യമല്ലാത്തതിനാൽ ശാന്തനായി ഭവിച്ചാലും എന്ന സാരം. നീചയും നീചന്മാരാൽ നിഷേവ്യയും (സേവിക്കപ്പെടുവാൻ യോഗ്യയും) ആയ പിന്നെയും പിന്നെയും ഉള്ള വൈഖരികളുടെ (വാക്കുകളുടെ) വൈഖരിയെ (പുറപ്പാടിനെ) യും വ്യപനയിച്ചാലും (കളഞ്ഞാലും) നീചന്മാരെപ്പോലെ നിന്ദ്യവാക്കിനെ പറയരുത് എന്ന സാരം. അല്ലയോ ധൃഷ്ട! (ധൈര്യശാലിൻ) ഇതു (ശിവനിന്ദ) ഏററവും കഷ്ടമാകുന്നു. വാചാലനായ (ബഹുനിന്ദവക്താവായ) ഈ നിനക്കു് ചന്ദ്രമൗലിയുടെ ഈ നിന്ദകൊണ്ട് ഫലം എന്താകുന്നു. ഒരു ഫലവും ഇല്ല.

ഭസ്മാലേപം നിന്ദ്യമാണ് എന്നു പറഞ്ഞതിന് പാർവ്വതി ഉത്തരം പറയുന്നു.

നൃത്തക്രീഡാവസാനേ നിപതിതമവനൗ ത്രസ്തമംഗാത്തദീയാ—
ന്നിത്യം യത്തേ നിജാംഗേ ധൃതമിഹ മുരഹരഃ ശ്രദ്ധയാ ശ്ലാഘിഹേതോഃ
അസ്ത്വേതത്ഭസ്മ നിത്യാശുചി തവ വചസാ നിത്യകൈവല്യമൂർത്തേ
ന്തത്ത്വം ജാനാസി ത്വം തരളമുനിവടോ! തസ്യ പത്യുഃ പശൂനാം. ൪൦

അന്വയം — നൃത്തക്രീഡാവസാനേ - തദീയാത് - അംഗാത് - ത്രസ്തം - അവനൗ - നിപതിതം - യത് ഇഹ മുരഹരഃ - ശ്ലാഘിഹേതോഃ - ശ്രദ്ധയാ - നിജാംഗേ - നിത്യം - ധത്തേ - ഏതത് ഭസ്മ - തവ - വചസാ - നിത്യാശുചി - അസ്തു - ഹേ തരളമുനിവടോ - നിത്യകൈവല്യമൂർത്തേഃ - തസ്യ - പശൂനാം - പത്യുഃ - തത്ത്വം (ത്വം) ന ജാനാസി.

അർത്ഥം നൃത്തമാകുന്ന ക്രീഡയുടെ അവസാനത്തിൽ തദീയമായ (ശിവനെ സംബന്ധിച്ചതായ) അംഗത്തിൽനിന്ന് ത്രസ്തമായി (പൊഴിഞ്ഞതായി) അവനിയിൽ നിപതിതമായ അംഗത്തിൽ നിന്നും പൊഴിഞ്ഞു ഭൂമിയിൽ വീണതായ എന്ന സാരം യാതൊന്നിനെ (ഭസ്മത്തെ) ഇവിടെ മുരഹരൻ (മഹാവിഷ്ണു) ശ്ലാഘിച്ചായിട്ട് ശ്രദ്ധയോടു നിജാംഗത്തിൽ ധരിക്കുന്നു. ഈ ഭസ്മം നി

ന്റെ വചസ്സുകൊണ്ടു നിത്യസ്തുതി ചെയ്യപ്പെട്ട മഹാവിഷ്ണുവും കൂടിയുണ്ടായിട്ടു ധരിക്കുന്ന ഒന്നും അശുചിയാകുന്നത് നിയമ പറയുള്ള എന്നു സാരം. അല്ലയോ ചപലനായ മുനിവരാ (മുനി ബാലക) നിത്യനായ വലിയമൂർത്തിയായ (ശശാങ്കചൂഡസ്വരൂപ നായ) ആ പുരുഷന്റെ പതിവുകളെ (പത്ഥ്യപതിവുകളെ) തത്വത്തെ (പരമാർത്ഥത്തെ) നീ അറിയുന്നില്ല.

വൃദ്ധവൃഷഭമൊന്നാണു വാഹനമെന്നതിന്നും സമാധാനം പറയുന്നു:—

ഉക്ഷാ വൃദ്ധോऽസ്തു വാഹോ നഹി പൂർണ്ണിയതാ ഹാനിരസ്തീന്ദുമൌലേഃ
സുത്രാമാ യൽ പദാഗ്രേ പ്രണമതി സഹസൈവാവരുഹ്യ സ്വനാഗാ- (ൽ
മാതംഗത്വക് ച വാസോ ഭവതു ഭഗവതസ്തസ്യ കിം താവതാ വാ?
സേവന്തേ യം സമന്താൽ ധൃതമൃദുലദുകൂലാ ജ്വലന്നിർജ്ജരൌഘാഃ (ർവ്വ

അന്വയം വൃദ്ധഃ–ഉക്ഷാ–വാഹഃ–അസ്തു–ഇയതാ പൂർണ്ണഃ– ഇന്ദുമൌലേഃ ഹാനിഃ–ന–അസ്തി–ഹി, സുത്രാമാ– സഹസാ–ഏവ– സ്വനാഗാൽ– അവരുഹ്യ യൽ പദാഗ്രേ പ്രണമതി, മാതംഗത്വക്– വാസഃ– ച–ഭവതു– ഭഗവതഃ–തസ്യ– താവതാ– കിം വാ, ധൃതമൃദുല ദുകൂലാഃ ജ്വലന്നിർജ്ജരൌഘാഃ സമന്താൽ–യം–സേവന്തേ.

അർത്ഥം—വൃദ്ധനായ ഉക്ഷാവു (കാള) വാഹം (വാഹനം) ആയിട്ടു ഭവിച്ചോട്ടെ. ഇത്രമാത്രം കൊണ്ടാകട്ടെ ഇന്ദുമൌലിക്ക് (ശിവന്) ഹാനി (കുറവു) ഭവിക്കുന്നില്ല. സുത്രാമാവ് (ഇന്ദ്രൻ) വേഗേന തന്നെ സ്വനാഗത്തിൽനിന്നു (തന്റെ വാഹനമായ ഐരാവതത്തിൽനിന്ന്) അവരോഹണം ചെയ്തിട്ട് (ഇറങ്ങീട്ട്) യാതൊരു ശിവന്റെ പാദാഗ്രത്തിൽ പ്രണമിക്കുന്നു (നമസ്കരിക്കുന്നു) ഇന്ദ്രൻ ആനയാണു വാഹനം എങ്കിലും വൃഷഭവാഹനനായ ശിവനെ കാണുമ്പോഴേ വേഗത്തിൽ നമസ്കരിക്കുന്നു. അതിനാൽ ശിവന്നു യാതൊരു കുറവും ഇല്ല എന്നു സാരം. മാതംഗത്വക്ക് (ആനത്തോൽ) വാസസ്സായിട്ടു (വസ്ത്രമായിട്ടു) ഭവിച്ചോട്ടെ. ഭഗവാനായ അദ്ദേഹത്തിന് (ഐശ്വര്യാദിഷഡ്ഗുണപൂർണ്ണനായ ശിവന്) അത്രമാത്രം കൊണ്ട് എന്തു? ധൃതമായ (ധരിക്കപ്പെട്ടതായ) മൃദുലദുകൂലംകൊണ്ടു (മാർദ്ദവമുള്ള വസ്ത്രംകൊണ്ടു) ഉജ്ജ്വലന്മാരായ നിർജ്ജരൌഘങ്ങൾ (ദേവസംഘങ്ങൾ) ചുറ്റിലും യാതൊരാളിനെ (ശിവനെ) സേവിക്കുന്നു. ശിവൻ ആനത്തോലാണു ധരിക്കുന്നതു് എങ്കിലും പട്ടു മുതലായ മൃദുവസ്ത്രം ധരിച്ച ദേവന്മാരും അദ്ദേഹത്തെ സേവിക്കുന്നുണ്ട്. അതിനാൽ ആനത്തോലും മാഹാത്മ്യമുള്ളതാണ് എന്നു സാരം.

ദുർവ്വിജ്ഞേയസ്വരൂപേ പരചിതി പുരജിത്യന്യഥാഭ്രാന്തിഭാജഃ
കേചിന്നിന്ദന്തി മന്ദാസ്ത്രിഭുവനമഹിതം മത്സരാത്തത്സ്വരൂപം.
യദ്വാനൈതദ്വിചിത്രം പ്രമുഷിതഹൃദയോ നിത്യയാസ്യൈവ ശക്ത്യാ
തത്ത്വം നോ വേത്തി സാക്ഷാൽ സരസിജവസതിസ്തത്ര നാരായണോപി
(൪൯)

അന്വയം കേചിൽ മന്ദാഃ_ദുർവ്വിജ്ഞേയസ്വരൂപേ-പരചിതി-പുരജിതി_അന്യഥാഭ്രാന്തിഭാജഃ മത്സരാൽ-തത്സ്വരൂപം-നിന്ദന്തി_യദ്വാ-ഏതൽ-ന-വിചിത്രം-സാക്ഷാൽ സരസിജവസതിഃ-നിത്യയാ-അസ്യ-ശക്ത്യാ ഏവ-പ്രമുഷിതഹൃദയഃ-തത്ര-തത്ത്വം-ന-വേത്തി-നാരായണഃ_അപി-നവേത്തി.

അർത്ഥം ചില മന്ദന്മാർ (മൂഢന്മാർ) ദുർവ്വിജ്ഞേയസ്വരൂപനും (ആരാലും അറിയപ്പെടാൻ കഴിയാത്ത ആകൃതിയോടുകൂടിയവനും) പരചിത്തും (പരചിൽസ്വരൂപനും) ആയ പുരജിത്തിൽ [പുരാന്തകനിൽ] അന്യഥാ ഭ്രാന്തിഭാക്കുകളായിട്ട് (അന്യവിധത്തിലുള്ള ഭ്രമത്തെ ഭജിക്കുന്നവരായിട്ട്) മത്സരം ഹേതുവായിട്ട് തൽസ്വരൂപത്തെ (അദ്ദേഹത്തിന്റെ സ്വരൂപത്തെ) നിന്ദിക്കുന്നു. അല്ലെങ്കിൽ ഇത് (നിന്ദിക്കുന്നത്) വിചിത്രം അല്ല (ആശ്ചര്യം അല്ല) സാക്ഷാൽ സരസിജവസതിയും (ബ്രഹ്മാവും) നിത്യയായ (നാശമില്ലാത്തതായ) ഇദ്ദേഹത്തിന്റെ ശക്തിയാൽ പ്രമുഷിതഹൃദയനായിട്ട് (അപഹരിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ട്) അവരുടെ തത്ത്വത്തെ അറിയുന്നില്ല നാരായണനും (മഹാവിഷ്ണുവും) അറിയുന്നില്ല. ബ്രഹ്മാവിനും മഹാവിഷ്ണുവിനുംകൂടി പരമശിവന്റെ പരമാർത്ഥമറിയാൻ അശക്യമാണെ പിന്നെ നീ എങ്ങിനെയാണ് അറിയുന്നത് എന്ന സാരം.

ഗച്ഛസാഫല്യമസ്മാൽ ചപലതരവടോ! യാസിനോ ചേദിതോഹം
ഗച്ഛാമീച്ഛാമി നാഗ്രേ വദനമനുചിതാലാപമാലോകിതും തേ
ഇത്യുക്ത്വായാവദേഷാ വ്യചലദതിരുഷാ താവദന്തർഹിതോഭൂ-
ദ്വർണ്ണീ നിഷ്ണിതഭ്രൂഃ സ ച പരമശിവഃ പ്രാദുരാസീൽ പ്രസീദൻ ൫൦

അന്വയം- ഹേ ചപലതര-വടോ! അസ്മാൽ-സാഫല്യം-ഗച്ഛ-(ത്വം)നോ-യാസി-ചേൽ-(അഹം)ഇതഃ ഗച്ഛാമി- അനുചിതാലാപം-തേ-മുഖം-അഗ്രേ-ആലോകിതും-നഇച്ഛാമി-ഇതി- ഉക്ത്വാ ഏഷാ- അതിരുഷാ-യാവൽ-വ്യചലൽ താവൽ-വർണ്ണീ-അന്തർഹിതഃ അഭൂൽ-നിഷ്ണിതഭൂഃ- സഃ-പരമശിവഃ ച, പ്രസീദൻ-പ്രാദുരാസീൽ-

അർത്ഥം-അല്ലയോ ചപലതരനായ (ഏററവും ചപലനായ) വടോ!(ബ്രഹ്മചാരി) ഇതിങ്കൽ നിന്ന് (ഈ ദേശത്തുനിന്ന്) സ

ഷ്ടുന്മാകുംവണ്ണം (തന്റെ ഇഷ്ടംപോലെ) പോയാലും—നീയാനാം ചെയ്യുന്നില്ല എങ്കിൽ ഞാൻ ഇവിടെനിന്നു പോകുന്നു അനാചിതാലാപയായ (ഉചിതമല്ലാത്ത പറയുന്ന) നിന്റെ മുഖത്തെ മുൻപിൽ ആലോകനം ചെയ്യാൻ ഇച്ഛിക്കുന്നില്ല എന്നിങ്ങനെ പറഞ്ഞിട്ട് ഇവൾ (പാർവ്വതി) അതിരുട്ടിനാൽ (അതികോപത്താൽ) എപ്പോഴും വിചലിച്ചു (പുറപ്പെട്ടു) അപ്പോൾ—വർണ്ണി (കപടബ്രഹ്മചാരി) അന്തർഹിതനായി ഭവിച്ചു (മറഞ്ഞു) നാസ്തിതിഗ്ഗുണനായ (ആർക്കും നിരൂപിക്കുന്നതിന് വിഷയമല്ലാത്തവനായ) ആ പരമശിവനും പ്രസീദനായിട്ട് (സന്തോഷിപ്പിക്കുന്നവനായിട്ട്) പ്രാദുർഭവിച്ചു (പ്രത്യക്ഷനായി)

> ദാസം വിലോകയ പുരഃ പുരവൈരിണം മാം
> ക്രീതം തപോഭിരയി സുമുഖി! സാധുതരൈരശേഷൈഃ
> കാന്തം വചോഭിരിതി സാപ്യവലോകയന്തീ
> ക്ലാന്തിം ജഹൌ വചോഭിരുജ്ഝിതാമഖിലാം ജഹാസിത് ൬൭

അന്വയം ഹേ സുമുഖി സാധുതരൈഃ—തപോഭിഃ—ത്വയാ—ക്രീതം—പുരവൈരിണം മാം—ദാസം—പുരഃ—വിലോകയ ഇതി—വചനം കാന്തം—അവലോകയന്തീ—സാ—അപി—വചോഭിഃ—ഉജ്ഝിതാം അഖിലാം—ക്ലാന്തിം—ജഹാസിൽ—

അർത്ഥം അല്ലയോ സുമുഖി സാധുതരങ്ങളായ (ഏറ്റവും വിശിഷ്ടങ്ങളായ) തപസ്സുകൾ കൊണ്ടു നിന്നാൽ ക്രീതനായ (വിലയ്ക്കു വാങ്ങപ്പെട്ടവനായ) എന്നെ ദാസനായിട്ട് പുരോഭാഗത്തിൽ (മുമ്പിൽ) അവലോകനം ചെയ്താലും (കണ്ടാലും) ഇങ്ങനെ വദനായ (പറയുന്നവനായ) കാന്തനെ അവലോകയന്തിയായിട്ട് (കാണുന്നവളായിട്ട്) അവളും വചസ്സുകൾകൊണ്ടു (മുൻ പറഞ്ഞവചനങ്ങൾകൊണ്ടു) ഉജ്ഝിതയായ (ഉപേക്ഷിതയായ) അഖിലയായ ക്ലാന്തിയെ (ക്ഷീണത്തെ) കളഞ്ഞു.

> ആസനാവർത്തിനീ ചൈവ വിവൃതാഖിലാക്ഷ
> മംഗാവമർദ്ദനവിധൌ കലിതാല്പഹാസേ,
> വ്രീഡാവിനീതി മനോവൃതിമിശ്രിതാഭ്യാം
> ഗൗരീസഖീമുഖമലോകത ലോചനാഭ്യാം (൬൮

അന്വയം അംഗാവമർദ്ദനവിധൌ—കലിതാല്പഹാസേ—ആസനാവർത്തിനി ഹരേ വിവൃതാഖിലാക്ഷം—ഗൗരി—വ്രീഡാവിനീതി മനോവൃതിമിശ്രിതാഭ്യാം ലോചനാഭ്യാം-സഖീമുഖം അവലോകത.

അർത്ഥം അംഗാവമർദ്ദനവിധിയിൽ (ദേഹസ്പർശനമാകുന്ന കർമ്മത്തിൽ) കലിതാല്പഹാസനായി (ചെയ്യപ്പെട്ടതായ അല്പം ചിരി

യോടുകൂടിയവനായി) ആസന്നവർത്തിയായ (അടുത്തുനിൽക്കുന്നവനായ) ഹരങ്കൽ പാർവ്വതിയുടെ ദേഹത്തെ സ്പർശിക്കുന്നതിനായി മന്ദഹാസത്തോടുകൂടെ അടുത്തുനിൽക്കുന്നവിധത്തിൽ എന്നസാരം വിവൃതാഭിലാഷമാകുംവണ്ണം (പ്രകാശിപ്പിക്കപ്പെട്ട ആഗ്രഹത്തോടുകൂടുംവണ്ണം) ഗൗരീ (പാർവ്വതി) വ്രീഡയോടും (ലജ്ജയോടും) വിനീതിയോടും (വണക്കത്തോടും) മദനനോടും (കാമനോടും) വ്യതിമിശ്രിതങ്ങളായ (ഇടകലർന്നവയായ) ലോചനാഞ്ചലംകൊണ്ട് (കണ്ണ് കടംകൊണ്ട്) സഖീമുഖത്തെ ആലോകനം ചെയ്തു (നോക്കി)

സാ ചൈവമാഹ, വിദിതം തദിദം തഥൈവ,
നൈവ സ്വതന്ത്രചരിതാ കുലകന്യകേയം
ക്ഷോണീധരോ ജനയിതാ ഹിമവാനമുഷ്യാഃ
പാണിഗ്രഹേ പ്രണയിനാ ക്രിയതാം പ്രമാണം (൩൩

അന്വയം സാ ച-ഏവം-ആഹ-തത്-ഇദം-തഥാ-വിദിതം-ഏവ-കുലകന്യകാ-ഇയം-ന-സ്വതന്ത്രചരിതാ-ഏവ- അമുഷ്യാഃ ജനയിതാ-ഹിമവാൻ-ക്ഷോണീധരഃ പ്രണയിനാ-പാണിഗ്രഹേ-പ്രമാണം-ക്രിയതാം.

അർത്ഥം അവളും ഇപ്രകാരം പറഞ്ഞു, ആ ഇത് (പറയാൻപോകുന്നത്), നിന്നാൽ വിദിതം ആകുന്നു, (അറിയപ്പെട്ടതാകുന്നു) തന്നെ. കുലകന്യകയായ ഇവൾ സ്വതന്ത്രചരിതയല്ല. ഇവളുടെ ജനയിതാവായ (അച്ഛനായ) ഹിമവാനാകുന്ന ക്ഷോണീധരം (ഹിമവാൻ പർവ്വതം) പ്രണയിയാൽ (സ്നേഹമുള്ള അങ്ങയാൽ) പാണിഗ്രഹത്തിൽ പ്രമാണമാക്കി ചെയ്യപ്പെട്ടാലും ഞാൻ കുലകന്യകയാകയാൽ വിവാഹം സ്വേച്ഛപോലെ ചെയ്യാൻ നിവൃത്തിയില്ലാത്തതിനാൽ അച്ഛന്റെ അനുമതി വാങ്ങണം എന്നസാരം.

ഇതി വചനമമുഷ്യാഃ ശൃണ്വതാ തേന മുക്താ
കഥമിവ ഗിരികന്യാ പ്രാപ ഗേഹം പ്രസന്നാ
അഭിമതവരലാഭം വ്യക്തമാവേദയന്ത്യാ
വദനവിമലകാന്ത്യാ താതമാപ്ലാവയന്തീ (൩൪

അന്വയം ഇതി-അമുഷ്യാഃ-വചനം-ശൃണ്വതാ-തേന-കഥമിവ-മുക്താ-ഗിരികന്യാ-പ്രസന്നാ-അഭിമത വരലാഭം-വ്യക്തം-ആവേദയന്ത്യാ-വദനവിമലകാന്ത്യാ-താതം-ആപ്ലാവയന്തീ ഗേഹം-പ്രാപ-

അർത്ഥം ഇപ്രകാരം ഇവളുടെ (പാർവ്വതിയുടെ) വചനത്തെ ശൃണ്വാൻ ആയ (കേൾക്കുന്നവൻ ആയ) അദ്ദേഹത്താൽ (ശിവനാൽ) പണിപ്പെട്ട് മുക്തയായ (മോചിപ്പിക്കപ്പെട്ടവളായ) ഗിരികന്യാ

പ്രസന്നയായി (സന്തുഷ്ടയായി) അഭിമതവരലാഭത്തെ (അഭിമതമായ വരന്റെ ലബ്ധിയെ) വ്യക്തം (സ്പഷ്ടം) ആകണ്ഠപൂർണ്ണം ആവേദയന്തിയായ (അറിയിപ്പിക്കുന്നതായ) വദനവിമലകാന്തികൊണ്ട് (മുഖത്തിന്റെ നിർമ്മലമായ ശോഭകൊണ്ട്) താതനെ (അച്ഛനെ) ആനന്ദയന്തിയായിട്ട് ഗേഹത്തെ പ്രാപിച്ചു (സ്വഭവനത്തിൽവന്നു)

മൃഗാങ്കമൗലിരഥബദ്ധകൗതുകഫലശ്രീ
രദ്രീന്ദ്രജാപരിണയം വിധിവദ്വിധാതും
തത്താദൃശേന തപസാ ദിവി ഭാസമാനം
സസ്മാര സപ്തകമസൗ മനസാ മുനീനാം (൫൩

അന്വയം അഥ അസൗ മൃഗാങ്കമൗലിഃ ബദ്ധകൗതുകഫലശ്രീഃ അദ്രീന്ദ്രജാപരിണയം-വിധിവത്-വിധാതും-തത്താദൃശേന-തപസാ-ദിവി-ഭാസമാനം-മുനീനാം-സപ്തകം-മനസാ-സസ്മാര-

അർത്ഥം അനന്തരം ഈ മൃഗാങ്കമൗലി (ചന്ദ്രമൗലി) ബദ്ധകൗതുകഫലശ്രീയായിട്ട് (ബന്ധിക്കപ്പെട്ട കൗതുകകലശശ്രീയോടുകൂടിയവനായിട്ട്) അദ്രീന്ദ്രജാപരിണയത്തെ (പാർവ്വതിയുടെ വിവാഹത്തെ) വിധിപോലെ ചെയ്യാനായിട്ട് തത്താദൃശമായ (വിശിഷ്ടമായ) തപസ്സുകൊണ്ട് ദ്യോവിൽ (ആകാശത്തിൽ) ഭാസമാനമായ (ശോഭിക്കുന്നതായ) മുനികളുടെ സപ്തകത്തെ (സപ്തർഷികളെ) മനസ്സുകൊണ്ട് സ്മരിച്ചു (വിചാരിച്ചു)

യേ സംസ്മൃതാ ഹൃദയപങ്കജകർണ്ണികായാം
തേനസ്മൃതാ ഭഗവതാ സ്മരശാസനേന
തേ ച പ്രകാശവികസജ്ജടാവിതാനാഃ
പ്രാപുഃ പ്രഭോഃ സവിനയാ മുനയസ്സമീപം ([illegible]

അന്വയം യേ ഹൃദയപങ്കജകർണ്ണികായാം സംസ്മൃതാഃ-സ്മരശാസനേന തേന-ഭഗവതാ-സ്മൃതാഃ തേ-മുനയഃ ചവികസജ്ജടാവിതാനാഃ സവിനയാഃ പ്രഭോഃ സമീപം-പ്രാപുഃ

അർത്ഥം- യാവനൊരുത്തന്റെ ഹൃദയപങ്കജകർണ്ണികയിൽ (മനസ്സാകുന്ന താമരപ്പൂവിന്റെ ഉള്ളിൽ) സ്മരിക്കപ്പെടുന്ന യാതൊരു ശിവനെ ആണോ സപ്തമഹർഷികളും വിചാരിക്കുന്നതു് ആ സ്മരശാസനനായ ഭഗവാനാൽ സ്മൃതന്മാരായ (വിചാരിക്കപ്പെട്ടവരായ) ആ മുനികളും (സപ്തർഷികളും) വികസജ്ജടാവിതാനന്മാരായി (വികസിച്ചിരിക്കുന്ന ജടാപടലത്തോടുകൂടിയവരായി) സവിനയന്മാരായിട്ട് (വിനയത്തോടുകൂടിയവരായിട്ട്) പ്രഭുവിന്റെ (ശിവന്റെ) സമീപത്തെ പ്രാപിച്ചു.

ആയാതാനഥതാൻമുനീനതിമുദാസംഭാവ്യസംഭാവിത-
സ്തൈരപ്യാദരമേദുരാണി കുശലപ്രശ്നാനി കുർവ്വന്നസൗ
അസ്മാംസ്തൽസ്മരണാഗതാനയി വിഭോ! ശാധീതി തൈരർത്ഥിതഃ
സ്മേരാനനപങ്കജഃ പശുപതിസ്താനൂചിവാനാദിമാൻ

അന്വയം- അഥ-അസൗ- പശുപതിഃ- ആയാതാൻ- താൻ മുനീൻ- അതിമുദാ- സംഭാവ്യ- തൈഃ- അപി സംഭാവിതഃ ആദരമേദുരാണി- കുശലപ്രശ്നാനി- കുർവ്വൻ- അയി വിഭോ- തൽസ്മരണാഗതാൻ അസ്മാൻ- ശാധി ഇതി- തൈഃ- അർത്ഥിതഃ സ്മേരാനനപങ്കജഃ- ആദിമാൻ- താൻ- ഊചിവാൻ.

അർത്ഥം—അനന്തരം ആ ഈ പശുപതി (ശിവൻ) ആയാതന്മാരായ (വന്നവരായ) ആ മുനികളെ അതിമുദത്തോടുകൂടെ (ഏറ്റവും സന്തോഷത്തോടുകൂടെ) ബഹുമാനിച്ചിട്ട് അവരാലും (മഹർഷികളാലും) സംഭാവിതനായി (ബഹുമാനിക്കപ്പെട്ടവനായി) ആദരമേദുരങ്ങളായ (ആദരപൂർണ്ണങ്ങളായ) കുശലപ്രശ്നങ്ങളെ കുർവ്വന്നായി (ചെയ്യുന്നവനായി) അല്ലയോ വിഭോ, തൽസ്മരണാഗതന്മാരായ (അങ്ങ് വിചാരിക്കയാൽ വന്നവരായ) ഞങ്ങളെ ശാസിച്ചാലും (ഞങ്ങളെ വിചാരിച്ചതിനുള്ള കാര്യം അരുളിച്ചെയ്താലും) എന്നിങ്ങനെ അവരാൽ അർത്ഥിതനായി (പ്രാർത്ഥിക്കപ്പെട്ടവനായി) സ്മേരാനനപങ്കജനായിട്ട് (പുഞ്ചിരിയോടുകൂടിയ മുഖപങ്കജത്തോടുകൂടിയവനായിട്ട്) ആദിമന്മാരായ (ആദിഭൂതന്മാരായ) അവരോട് (സപ്തർഷികളോട്) ഊചിവാനായി (പറഞ്ഞു)

പാർവ്വത്യാഃ പരിചര്യയാ പ്രഥമതഃ പശ്ചാത്തപശ്ചര്യയാ
പ്രീതിഃ കാപ്യുദിതാ ഹൃദി പ്രണയതാമാപാദ്യതേ സാമ്പ്രതം
സുത്രാമപ്രമുഖാശ്ച തൽപരിണയം സമ്പ്രാർത്ഥയന്തേ സുരാ
സ്താൾക്കഃ താരകമാരകസ്യ തനയസ്യാവാപ്തയേ സന്തപാഃ

അന്വയം — പ്രഥമതഃ പാർവ്വത്യാഃ- പരിചര്യയാ- പശ്ചാൽ- തപശ്ചര്യയാ- ഹൃദി- ഉദിതാ- കാപി- പ്രീതിഃ- സാമ്പ്രതം- പ്രണയതാം- ആപാദ്യതേ, സുത്രാമപ്രമുഖാഃ- സുരാഃ- ച- സന്തപാഃ- താൾക്കഃ താരകമാരകസ്യ- തനയസ്യ- അവാപ്തയേ- തൽപരിണയം- പ്രാർത്ഥയന്തേ.

അർത്ഥം—പ്രഥമം പാർവ്വതിയുടെ പരിചര്യകൊണ്ടും (ശുശ്രൂഷകൊണ്ടും) പിന്നീട് തപശ്ചര്യകൊണ്ടും ഹൃദയത്തിൽ ഉദിതമായ (ഉണ്ടായ) ഏതോ ഒരു പ്രീതി (സന്തോഷം) ഇപ്പോൾ പ്രണയതയെ (സ്നേഹഭാവത്തെ) പ്രാപിക്കുന്നു- എനിക്ക് പാർവ്വതിയിൽ അത്യന്തം സ്നേഹം ഉദിച്ചിരിക്കുന്നു എന്നു സാരം. സുത്രാമപ്രമുഖന്മാരായ (ഇന്ദ്രൻ മുതലായ) സുരന്മാരും സന്തപ്തന്മാരായിട്ട് (സങ്കടത്തോടുകൂ

ടിയവരായിട്ട്)താദൃക്ക് താരകമാരകനായ (അപ്രകാരമുള്ള താരകാസുരനെക്കൊല്ലുന്നവനായ) തനയന്റെ പുത്രന്റെ (അവാപ്ത്യൈ ലഭിക്കാനായിട്ട്) (പ്രാപ്തിക്കായിട്ട്)തൽ പരിണയത്തെ(അവളുടെ=പാർവ്വതിയുടെ) വിവാഹത്തെ പ്രാർത്ഥിക്കുന്നു.

വിപന്നായാംസത്യാം വിഷയസുഖവാർത്താപിചമയാ
പരിത്യക്താസമ്പ്രത്യപരമിവചാസീദ്ധൃദയം
പ്രിയാസൈവോത്ഭൂതാഹിമഗിരിനികേതേധ്രുവമിയം
തദേതൽസുവ്യക്തം സ്ഫുരതിചസമാധൌമനസിമേ (൩൬)

അന്വയം—സത്യാം-വിപന്നായാം-വിഷയസുഖവാർത്താ-അപിച-മയാ-പരിത്യക്താ-സമ്പ്രതി-ഹൃദയം-അപരം-ഇവ-ആസീൽ-ച സാപ്രിയാ-ഏവ-ഹിമഗിരിനികേതേ-ഇയം. ഉൽഭൂതാ ധ്രുവം തൽ ഏതൽ സമാധൌ മേ മനസി സുവ്യക്തം സ്ഫുരതി ച

അർത്ഥം—സതി (സതീദേവി) വിപന്നയായിരിക്കുമ്പോൾ (മരിച്ചപ്പോൾ) യോഗാഗ്നിയിൽ ദഹിച്ചപ്പോൾ എന്നസാരം. വിഷയസുഖവാർത്തയും(വിഷയസുഖത്തിന്റെവാർത്തയുംകൂടി) എന്നാൽപരിത്യക്തയായി (ഉപേക്ഷിക്കപ്പെട്ടതായി) ഇപ്പോൾ ഹൃദയം (മനസ്സ്) അപരമെന്നപോലെ തോന്നുകയും ചെയ്യുന്നു. ആ പ്രിയതന്നെ (സതീദേവിതന്നെ) ഹിമഗിരിനികേതത്തിൽ (ഹിമവാന്റെ ഭവനത്തിൽ) ഇവളായിട്ട് (പാർവ്വതിയായിട്ട്) ഉൽഭൂതയായി (ഉണ്ടായി) നിശ്ചയം ആ ഇത് എന്റെ മനസ്സിൽ വ്യക്തമായിട്ട് തോന്നുകയും ചെയ്യുന്നു.

ഗത്വാതദദ്യഗൃഹമദ്രിപതേസ്തദീയാം
പുത്രീംയഥാവിധിവൃണോതമമുംമദർത്ഥേ
കർത്തവ്യമന്യദപികൃത്യമിഹാസ്തിയത്തൽ
സ്നിഗ്ദ്ധോപബന്ധുഷുഭവത്സുസമർപ്പിതോയം. (൩൭)

അന്വയം തൽ (സ്വയം) അദ്യ-അദ്രിപതേഃ- ഗൃഹം- ഗത്വാ-മദർത്ഥേ-അമും-തദീയാം-പുത്രിം-യഥാവിധി-വൃണോതു-ഇഹ-യൽ-കർത്തവ്യം- അന്യൽ-കൃത്യം—അപി- അസ്തി—തൽ--സ്നിഗ്ദ്ധോപബന്ധുഷു—ഭവത്സു—അയം-ഭരഃ അർപ്പിതഃ

അർത്ഥം അതുഹേതുവായിട്ട നിങ്ങൾ അദ്രിപതിയുടെ (ഹിമവാന്റെ) ഗൃഹത്തെ പ്രാപിച്ചിട്ട് എനിക്കുവേണ്ടി ഇവനോട് (ഹിമവാനോട്) തദീയയായ പുത്രിയെ (പാർവ്വതിയെ) വരിച്ചാലും (അപേക്ഷിച്ചാലും) ഇതിങ്കൽ യാതൊന്നിനാൽ കർത്തവ്യമായി (ചെയ്യേണ്ടതായി) അന്യമായ കൃത്യവും(മറ്റുകാര്യവും) ഭവിക്കുന്നു. അതിനാൽ സ്നിഗ്ദ്ധന്മാരായും(ഇഷ്ടന്മാരു

ള്ളവരും, ബന്ധുക്കളും ആയ ഭവാന്മാരിൽ(നിങ്ങളിൽ) ഈ മഹത്താ ഷ്ഠിതമായി(വശ്ശപ്പെട്ട)വേറെയും കാര്യ്യംസാധിക്കേണ്ടതായിട്ട് ഉ ള്ളതിനാൽ ഹിമവാനോടുപുത്രിയെ യാചിക്കുക എന്നകാര്യ്യം നിങ്ങ ളിൽ ചുമതലപ്പെടുത്തി എന്നസാരം.

ദൃഷ്ടപാതമഥാദ്രിമവഗമ്യസമസ്തമർത്ഥ-
മത്രൈവയാസ്യന്നചിരേണസമാഗമോവഃ
ഇത്യാപ്യവൻപ്രഥമമാപനിവാസമീശ-
സ്തേ ചാപിജഗ്മുരഥഹൈമവതംനികേതം. ൩൪

അന്വയം — തം - അദ്രിം - ദൃഷ്ടപാതസമസ്തം- അർത്ഥം-അവഗമ്യ -അത്ര - ഏവ വ:അചിരേണവ:സമാഗമ:ച-അസ്തു-ഇതി- ഈശ്വരൻ് പ്രഥമം-നിവാസം- ആപ- തേ-അപി - ച-ഹൈമവതം-നികേ തം-ജഗ്മു:.

അർത്ഥം — ആ അദ്രിയെ (ഹിമവാനെ)കണ്ട സമസ്തമായ അർത്ഥത്തെ (കാര്യ്യത്തെ)അറിഞ്ഞിട്ട് ഇവിടെതന്നെ വേഗത്തിൽ നിങ്ങളുടെ-സമാഗമം (ചേർച്ച) ഭവിക്കട്ടെ (സകലകാര്യ്യവും അറിഞ്ഞ് ഇവിടെ വരണം) എന്ന് ഈശ്വരൻ (ശിവൻ) പറഞ്ഞിട്ട്(പറയുന്നവനായിട്ട) പ്രഥമനിവാസത്തെ (സ്വഭവനത്തെ) ഗമിച്ചു. അവരും (സപ്തർഷികളും)ഹൈമവതമായ (ഹിമവാനെ സംബന്ധിച്ചതായ) നികേതത്തെ (ഭവനത്തെ) ഗമിച്ചു.

ജ്യോതിർമ്മയംമുനിഗണം പുരതോവലോക്യ
ചേതഃപ്രമോദപരതന്ത്രമനന്യധാമാ
അർഘ്യാദിഭാനാകൃതമാനനമാനതാത്മാ
ബദ്ധാഞ്ജലിർവ്വചനമദ്രിപതിർബ്ബഭാഷേ. ൩൫

അന്വയം — ജ്യോതിർമ്മയം-മുനിഗണം-പുരതഃ അവലോക്യ പ്രമോദപരതന്ത്രം-ചേതഃ-ധാമാ- അനന്യ-അദ്രിപതിഃ- ആന താത്മാ- ബദ്ധാഞ്ജലിഃ-അർഘ്യാദിഭാനാകൃതമാനനം -വചനം-ബ ഭാഷേ॥

അർത്ഥം — ജ്യോതിർമ്മയമായ(തേജോരൂപമായ)മുനിഗണത്തെ പുരോഭാഗത്തിൽ കണ്ടിട്ട പ്രമോദപരതന്ത്രമായ (സന്തോഷാധീനമായ) ചേതസ്സിനെ (മനസ്സിനെ) ധാനനായ (ധരിക്കുന്നവനായ) ഈ അദ്രിപതി (ഹിമവാൻ ആനതാത്മാവായി (നമ്രശരീരനായി ബദ്ധാഞ്ജലിയായിട്ട് (ബന്ധിക്കപ്പെട്ട കൂപ്പുകൈയോടുകൂടിയവനായിട്ട്) അർഘ്യാദിഭാനാകൃതമാനനമാകുംവണ്ണം (അർഘ്യാദിയുടെ മാനംകൊണ്ട് ചെയ്യപ്പെട്ട പൂജയോടുകൂടുംവണ്ണം) അർഘ്യാദികൊണ്ടു പൂജിച്ചിട്ട് എന്നസാരം, വചനത്തെ പറഞ്ഞു.

അദ്യപ്രജ്വലതിപ്രദക്ഷിണശിഖോ വൈശ്വാനരോ മേ ചിരാ-
ദദ്യപ്രാക്തനജന്മജാ മമ തപോവല്ലീപ്രസൂതേ ഫലം
അദ്യസ്വസ്തടിനീപ്രവാഹപതനസ്യാരബ്ധമേ മംഗലം
യദ്യുഷ്മൽപദരേണുസംഗമവശാൽപൂതം മമൈതൽഗൃഹം. ന്നവ

അന്വയം — അദ്യ മേ വൈശ്വാനരഃ - പ്രദക്ഷിണശിഖഃ ചിരാൽ പ്രജ്വലതി - അദ്യ - പ്രാക്തനജന്മജാ മമ - തപോവല്ലീ - ഫലം - പ്രസൂതേ - അദ്യ - സ്വസ്തടിനീപ്രവാഹപതനസ്യ മംഗലം - ആരബ്ധം - യൽ - ഏതൽ - മമ ഗൃഹം - യുഷ്മൽപാദരേണുസംഗമവശാൽ - പൂതം

അർത്ഥം — ഇപ്പോൾ എന്റെ വൈശ്വാനരൻ (ഹോമാഗ്നി) പ്രദക്ഷിണശിഖനായിട്ട് (പ്രദക്ഷിണമായ ജ്വാലയോടുകൂടിയവനായിട്ടു) വളരെക്കാലം ജ്വലിക്കുന്നു. ഇപ്പോൾ പ്രാക്തനജന്മജയായ (പൂർവ്വജന്മത്തിൽ ജനിച്ചതായ) തപോവല്ലി (തപസ്സാകുന്ന വല്ലി) ഫലത്തെ പ്രസവിക്കുന്നു (ഫലിക്കുന്നു). ഇപ്പോൾ സ്വസ്തടിനീപ്രവാഹപതനത്തിന്റെ (ആകാശഗംഗയുടെ പ്രവാഹം പതിച്ചതിന്റെ) മംഗലം ആരംഭിക്കപ്പെട്ടു: — ആകാശഗംഗ പതിച്ചതുപോലെ മംഗലമുണ്ടാകുന്നു എന്നു സാരം. എന്തെന്നിനാൽ എന്റെ ഈ ഗൃഹം യുഷ്മൽപാദരേണുസംഗമവശം ഹേതുവായിട്ടു (നിങ്ങളുടെ കാലുകളിലെ പൊടി പോകയാൽ) പൂതങ്ങളായി (ശുദ്ധങ്ങളായി) നിങ്ങൾ ആഗമിക്കുകനിമിത്തം അഗ്നി ജ്വലനമംഗലങ്ങൾ ഉണ്ടാകുന്നു എന്നു സാരം.

ആഗമോ ഭവതാം ന്യൂനം മാദൃശൈഃ പുണ്യസഞ്ചയൈഃ
ആചാര ഇതി പൃച്ഛാമി കേവലം കാരണാന്തരം. ന്നത്.
അന്വയം — ഭവതാം - ആഗമഃ - മാദൃശൈഃ പുണ്യസഞ്ചയൈഃ
ന്യൂനം ആചാരഃ - ഇതി കേവലം - കാരണാന്തരം - പൃച്ഛാമി.

അർത്ഥം — ഭവാന്മാരുടെ ആഗമം (വരവ്) മാദൃശങ്ങളായ (എന്നെ സംബന്ധിച്ചവയായ) പുണ്യസഞ്ചയങ്ങൾ (പുണ്യസമൂഹങ്ങൾ) കൊണ്ടാകുന്നു നിശ്ചയം. ആചാരമാകുന്നു എന്നതിനാൽ കേവലമായ (മുഖ്യമായ) കാരണാന്തരത്തെ (അന്യകാരണത്തെ) പൃച്ഛിക്കുന്നു (ചോദിക്കുന്നു). നിങ്ങൾ വന്നതു് എന്റെ പുണ്യംകൊണ്ടാണെങ്കിലും പ്രധാനമായ കാരണം വല്ലതും ഉണ്ടോ എന്നു ചോദിക്കുന്നതു ലോകസ്വഭാവമാകയാൽ നിങ്ങൾ വന്നകാരണം എന്താണെന്നു് അറിയാൻ ആഗ്രഹിക്കുന്നു എന്നു സാരം.

ഇത്ഥംഗിരീന്ദ്രസ്യഗിരാംവിരാമേ
വക്തുംനിയുക്താ നയനോപരേഷാം.
ഈഷൽസ്മിതാലംകൃതവക്ത്രപദ്മാ
വാചംവസിഷ്ഠോജഗദേവാഗ്മിശാലീ ന്നതി

അന്വയം... ഇത്ഥം ഗിരീന്ദ്രസ്യ - ഗിരാം വിരാമേ - പരേഷാം - നയനൈഃ വക്ത്രം - നിയുക്തഃ വസിഷ്ഠഃ - ഭഗവാൻ - ഈഷൽസ്മിതാലംകൃതവക്ത്രചന്ദ്രഃ - വാചം - ന്യഗാദീൽ.

അർത്ഥം — ഇപ്രകാരമുള്ള ഗിരീന്ദ്രന്റെ ഗീരുകളുടെ (വാക്കുകളുടെ) വിരാമത്തിൽ (അവസാനത്തിൽ) പരന്മാരുടെ (അന്യന്മാരുടെ) നയനങ്ങളാൽ (കണ്ണുകളാൽ) നിയുക്തനായിട്ട് (പ്രേരിക്കപ്പെട്ടവനായിട്ട്) കണ്ണിന്റെ സംജ്ഞകൊണ്ട് അന്യന്മാർ സൂചിപ്പിച്ചിട്ട് എന്നുസാരം. വസിഷ്ഠനായ ഭഗവാൻ ഈഷൽസ്മിതത്താൽ അലങ്കരിക്കപ്പെട്ട മുഖചന്ദ്രനോടുകൂടിയവനായിട്ട് വാക്കിനെ പറഞ്ഞു.

ആഗന്തവ്യൈർഹുതഹുതഭുജാമാലയഃ പുണ്യഭാജാ-
മാഗോരാശിക്ഷപണവിധയേ കേവലം താദൃശാനാം।
അപ്യസ്മാകം പുനരുപഗതൌ വിദ്യതേന്യച്ച കാര്യം
തത്തസ്മാൽത്വം ശൃണു കുലഗിരേ പ്രാർത്ഥനീയം തഥാപി ന്ന

അന്വയം — ഹുതഹുതഭുജാം - പുണ്യഭാജാം - താദൃശാനാം - ആലയഃ - ആഗോരാശി - ക്ഷപണവിധയേ - ആഗന്തവ്യഃ - കേവലം - അപി - അസ്മാകം - ഉപഗതൌ - പുനഃ അന്യൽ - കാര്യം - ച - വിദ്യതേ - ഹേ കുലഗിരേ! തഥാ - അപി - പ്രാർത്ഥനീയം - തൽ - (ത്വം) മത്തഃ - ശൃണു.

അർത്ഥം... ഹുതഹുതഭുക്കുകളും (ആജ്യാദികൊണ്ടു അഗ്നിയെ പ്രീണിപ്പിച്ചവരും) പുണ്യഭാക്കുകളും (പുണ്യവാന്മാരും) ആയ താദൃശന്മാരുടെ (നിന്നെപ്പോലെയുള്ളവരുടെ) ആലയം - ആഗോരാശിക്ഷപണവിധിക്കായിട്ടു (അപരാധസമൂഹത്തിന്റെ നാശകർമ്മത്തിനായിട്ടു) ആഗന്തവ്യമാകുന്നതന്നെ (ആഗമിക്കപ്പെടുവാൻ യോഗ്യമാകുന്നു) പുണ്യവാന്മാരായ നിങ്ങളെപ്പോലുള്ളവരുടെ ഭവനത്തിൽ വരാതെ ഇരുന്നാൽ അതുതന്നെ അപരാധമാണ്. അതുകൊണ്ടു കാര്യമില്ലെങ്കിലും നിങ്ങളുടെ ഭവനത്തിൽ വന്നുചേരണമെന്നു് അത്യാവശ്യമാണ് എന്നുസാരം. അപ്രകാരമെങ്കിലും ഞങ്ങളുടെ ഉപഗതിയിൽ ഞങ്ങടെ (വരവിൽ ഞങ്ങടെ) അന്യമായകാര്യവും അറിയപ്പെടുന്നു. (ഞങ്ങൾ വന്നതിനു വിശേഷാൽ കാര്യമുണ്ട് എന്നു സാരം. അല്ലയോ കുലഗിരേ! നിന്നാലും പ്രാർത്ഥനീയമായ (പ്രാർത്ഥിക്കാൻ യോഗ്യമായ) അതിനെ (ആ കാര്യത്തെ) അങ്ങ് എങ്കൽനിന്നു ശ്രവിച്ചാലും. ഞങ്ങൾ പറയാൻ പോകുന്ന കാര്യം അങ്ങും ആഗ്രഹിക്കേണ്ടതുതന്നെ ആകുന്നു എന്നു സാരം.

യസ്മിന്നീശഃ പരനാമശരാപേതമനന്യാപാശ്രയം വർത്തതേ ത
ത്വർത്ഥം പ്രാണാന്ധ്യതമപ്രഹാരാജ്ഞിതധ്യാനസാപിണ്ഡ്യായധഃ

യൽസ്മൃതിർന്നിഹന്തി ബാൽസരോരുഹഭൂവസ്സോമാൎദ്ധചൂഡാമണി
ർജ്ജാമാതൃത്വമപേക്ഷതേ ജഗൽസ്വാമീസ ദേവസ്സ്വയം ൬൭

അന്വയം — യസ്മിൻ—ശാശ്വതം—ഈശ്വരനാമ—അനന്യാപേക്ഷ്യം—വർത്തതേ ചണ്ഡഃ—അപി—അന്തകഃ—യൽപാദാംബുരുഹപ്രഹാരാൽ—ഗളിതഃ—സരോരുഹഭൂവഃ—നിടിലാൽ—യൽസ്മൃതിഃ—ബഭൂവ—സോമാൎദ്ധചൂഡാമണിഃ—ജഗൽസ്വാമീ—സഃ—ദേവഃ—സ്വയം—തവ—ജാമാതൃത്വം അപേക്ഷതേ.

അൎത്ഥം — യാതൊരാളിൽ ശാശ്വതമായ (നശിക്കാത്തതായ) ഈശ്വരനാമം (ഈശ്വരനെന്നുള്ള നാമം) അനന്യാപേക്ഷ്യമായിട്ട് (മറ്റൊരാളിന്റെ ആശ്രയമില്ലാതെ) സ്വാഭാവികമായി എന്നു സാരം. വർത്തിക്കുന്നു (സ്ഥിതിചെയ്യുന്നു) ചണ്ഡനാണെങ്കിലും (ക്രൂരനാണെങ്കിലും) അന്തകൻ (അന്തകൻ) യാതൊരാളിന്റെ താമരപ്പൂപോലിരിക്കുന്ന പാദത്തിന്റെ പ്രഹരത്താൽ (അടിയാൽ) ഗളിതനായി (നശിപ്പിക്കപ്പെട്ടവനായി) സരോരുഹഭൂവിന്റെ (ബ്രഹ്മാവിന്റെ) നിടിലത്തിൽനിന്നു (നെറ്റിയിൽനിന്നു) യൽസ്മൃതി (യാതൊരാളിന്റെ ജനനം) ഭവിച്ചു. സോമാൎദ്ധചൂഡാമണിയും (ചന്ദ്രകലാഭരണനും) ജഗൽസ്വാമിയും ആയ ദേവൻ (പരമശിവൻ) താനേ അങ്ങയുടെ ജാമാതൃത്വത്തെ (പുത്രിയുടെ ഭർത്തൃഭാവത്തെ) അപേക്ഷിക്കുന്നു. ശാശ്വതബ്രഹ്മമൂൎത്തിയും അന്തകന്റെ അന്തകനും ബ്രഹ്മാവിന്റെ നെറ്റിയിൽനിന്നു ജാതനും സകലലോകസ്വാമിയുമായ ശിവൻ അങ്ങയുടെ പുത്രിയെ വിവാഹംചെയ്യണമെന്ന് ആഗ്രഹിക്കുന്നു എന്നു സാരം.

കൈലാസാചലശൃംഗമംഗലമഹാമാണിക്യസിംഹാസനേ
ഗീൎവ്വാണേശ്വരകിരീടകോടിലിഖിതശ്രീപാദപീഠാഞ്ചിതേ
ആസീനാമനുരാഗരൂഷിതഹൃദം ശൈലജസ്യാംകമോഭിമാ—
മങ്കേ വിശ്വസുതാമവാപ്യ പിതൃഭോരാനന്ദമവ്യാഹതം ൬൮

അന്വയം — ഗീൎവ്വാണേശ്വരകിരീടകോടിലിഖിതശ്രീപാദപീഠാഞ്ചിതേ — കൈലാസാചലശൃംഗമംഗലമഹാമാണിക്യസിംഹാസനേ — അനുരാഗരൂഷിതഹൃദം—ശൈലജസ്യ—ശംഭോഃ—അങ്കേ—ആസീനാം—ഇമാം—സുതാം—വിലോക്യ—ആനന്ദം—അവാപ്നുഹി

അൎത്ഥം — ഗീൎവ്വാണേശ്വരന്മാരുടെ (ദേവശ്രേഷ്ഠന്മാരുടെ) കിരീടകോടികളാൽ (കിരീടാഗ്രങ്ങളാൽ ലിഖിതമായ (ഉരസ്സപ്പെട്ട) ശ്രീപാദപീഠംകൊണ്ട് അഞ്ചിതമായ (മനോഹരമായ) ദേവേന്ദ്രന്മാരുടെ കിരീടങ്ങൾ ഉരസ്സപ്പെട്ട പാദപീഠത്തോടുകൂടിയ എന്നു സാരം. കൈലാസാചലശൃംഗമംഗലമഹാമാണിക്യസിംഹാസനത്തിൽ (കൈലാസപൎവ്വതശൃംഗത്തിലെ മംഗലമായ മഹാമാണിക്യസിംഹാസനത്തിൽ

ത്തിൽ) അന്തൎഗ്ഗതഭൂഷിതഹൃദംഭോജനായ (അനുരാഗത്താൽ വ്യാപ്തമായ ചിത്തപത്മത്തോടുകൂടിയ (മനസ്സിൽ അനുരാഗമുള്ളവനായ എന്നൎത്ഥം. ശംഭുവിന്റെ (ശിവന്റെ) അങ്കത്തിൽ (മടിയിൽ ആരൂഢയായ (ഇരിക്കുന്നവളായ) ഈ സുതയെക്കണ്ടിട്ട് ദൃക്കുകൾക്ക് (കണ്ണുകൾക്ക്) അവ്യാഹതമായ (സമ്പൂൎണ്ണമായ) ആനന്ദത്തെ പ്രാപിച്ചാലും.

ദാതാ ത്വം കുലഭൂധരസ്സുരകുലാലങ്കാരഹീരാങ്കുരോ,
ദേയാ വിശ്വവധൂവിഭൂഷണമണിഃ പുത്രീ ച തേ പാൎവ്വതീ,
ആദാതാ സ്വയമീശ്വരസ്ത്രിജഗതാം സോമാൎദ്ധചൂഡാമണിഃ,
സംബന്ധേ ച വയം പുനഃ പ്രതിഭുവഃ കിംവാത്ര നശ്ലാഘ്യതേ. (ശാ)

അന്വയം — സുരകുലാലങ്കാരഹീരാങ്കുരഃ - കുലഭൂധരഃ - ത്വം - ദാതാ, വിശ്വവധൂവിഭൂഷണമണിഃ - തേ - പുത്രീ ച പാൎവ്വതീ - ദേയാ - ത്രിജഗതാം ഈശ്വരഃ സോമാൎദ്ധചൂഡാമണിഃ സ്വയം ആദാതാ - ഏതേ വയം-സംബന്ധേ-ച-പുനഃ-പ്രതിഭുവഃ-അത്ര-കിംവാ-ന-ശ്ലാഘ്യതേ.

അൎത്ഥം — സുരകുലങ്ങൾക്ക് അലങ്കാരമായ വജ്രമുളയും കുലഭൂധരവും (കുലപൎവ്വതവും) ആയ നീ ദാതാവാകുന്നു (കൊടുക്കുന്നവനാകുന്നു). വിശ്വവധുക്കൾക്ക് (ലോകത്തിലുള്ള സ്ത്രീകൾക്ക്) ഭൂഷണരത്നവും നിങ്ങളുടെ പുത്രിയും ആയ പാൎവ്വതി ദേയയാകുന്നു (കൊടുക്കപ്പെടുവാൻ യോഗ്യയാകുന്നു) ത്രിജഗത്തുകൾക്ക് (മൂന്നുലോകങ്ങൾക്ക്) ഈശ്വരനായ സോമാൎദ്ധചൂഡാമണി (ചന്ദ്രചൂഡൻ) താനേ ആദാതാവാകുന്നു (സ്വീകരിക്കുന്നവൻ ആകുന്നു) ഈ ഞങ്ങൾ ഏഴുപേരും പിന്നിട് പ്രതിഭുക്കളാകുന്നു (മദ്ധ്യസ്ഥന്മാരാകുന്നു) ഇതിൽ എന്തു ശ്ലാഘിക്കപ്പെടുന്നില്ല. കൊടുക്കുന്ന ആൾക്ക് വംശശുദ്ധിയും വധുവിന് അനല്പസൌന്ദൎയ്യവും സ്വീകരിക്കുന്ന ആൾക്ക സൎവ്വലോകാധിപത്യവും ഞങ്ങളുടെ മദ്ധ്യസ്ഥതയും ഉള്ളപ്പോൾ നിങ്ങളുടെ പുത്രിയെ ശിവനു കൊടുക്കുന്നതായാൽ എല്ലാം ശ്ലാഘ്യമാണെന്ന് എന്നൎത്ഥം.

വാണീമിമാമഥ നിശമ്യ മുനേരുദാരാം
ക്ഷോണീധരഃ സപദി മേദുരമോദഭാരഃ
കോപ്യൂഢമാം പദമലേഖ്യമവാപ്യ പ്രസാദം
വ്യാജൂംഭമാണപുളകോ വപുഷാ ബഭാസേ. (൧൦)

അന്വയം — അഥ ക്ഷോണീധരഃ-മുനേഃ ഉദാരാം ഇമാം-വാണീം നിശമ്യ സപദി മേദുരമോദഭാരഃ-സൻ [illegible] കോപ്യൂഢമാം-ച-[illegible]-ലേഖ്യ-വ്യാജൂംഭമാണപുളകഃ-വപുഷാ ബഭാസേ-

അൎത്ഥം — അനന്തരം ക്ഷോണീധരൻ (ഹിമവാൻ) മുനിയു

ടെ ഉദാരമായ (മഹത്തായ) ഈ വാണിയെ (വാക്കിനെ) നിശമനം ചെയ്തിട്ട് (കേട്ടിട്ട്) മോദമാനൻ (സന്തുഷ്ടനായി) മോദഭരത്തോട് (സന്തോഷാധിക്യത്തോടു) കൂടിയവനായി, സപ്രമോദമായ (സന്തോഷത്തോടുകൂടിയ) മേനാമുഖത്തെയും അവലോകനം ചെയ്തിട്ട് (നോക്കീട്ട്) വ്യാനമ്രമൌലിയായിട്ട് (ശിരസ്സു കുനിച്ചിട്ട്) ഇപ്രകാരം വാക്കിനെ ഉദാഹരിച്ചു (പറഞ്ഞു)

ഉദ്വോഢുമിച്ഛതി ജഗത്പതിരിന്ദുചൂഡഃ
പുത്രീ ച മേ സമുചിതനവയൌവനേയം।
സപ്താപി യൂയമൃഷയഃ സമുപാഗതാസ്തൽ
സംയോജനായ ച കിമത്ര വിചാരണീയം॥ ൭൨

അന്വയം — ജഗത്പതിഃ ഇന്ദുചൂഡഃ- ഉദ്വോഢും- ഇച്ഛതി- മേ-ഇയം-പുത്രീ-ച-സമുചിതനവയൌവനാ-, സപ്ത- ഋഷയഃ-യൂയം- സമുപാഗതാഃ-, തൽ-അത്ര -സംയോജനായ -കിം-വിചാരണീയം,

അർത്ഥം — ജഗത്പതിയായ (ലോകനാഥനായ) ഇന്ദുചൂഡൻ (ചന്ദ്രകലാഭരണനായ ശിവൻ) ഉദ്വാഹം ചെയ്യുന്നവനായിട്ട് (വിവാഹം ചെയ്യുവാനായിട്ട്) ഇച്ഛിക്കുന്നു (ആഗ്രഹിക്കുന്നു) എന്റെ ഈ പുത്രിയും (പാർവ്വതിയും) സമുചിതമായ (ഉചിതമായ) നവയൌവനത്തോടുകൂടിയവളാകുന്നു) സപ്തർഷികളായ നിങ്ങളും സമുപാഗതന്മാരായി (പ്രാപ്തന്മാരായി); അതിനാൽ ഇതിൽ (ഈ വിവാഹകാര്യത്തിൽ (സംയോജനത്തിനായി എന്തു വിചാരണീയമാകുന്നു (വിചാരിക്കാൻ യോഗ്യമാകുന്നു) വരന്റെ യോഗ്യതയും പുത്രിയുടെ യൌവനാവസ്ഥയും ഘടകന്മാരായ നിങ്ങൾ വന്നതുകൊണ്ടും ഈ വിവാഹകാര്യത്തിൽ വിചാരിക്കേണ്ടതായിട്ട് ഒന്നും ഇല്ല എന്നു സാരം,

ഏതാവദേവ സ വദൻ മുദിതഃ കുമാരീ-
മാഹൂയ താവദനഘാം വിനയാനതാങ്ഗീം-
ഏഷാ മഹേശചരണം പ്രണമതീതി തേഷാ-
മഗ്രാഹയച്ചരണപങ്കജമഗ്രിമാണാം ൭൩

അന്വയം — ഏതാവൽ-ഏവ-വദൻ-സഃ മുദിതഃ-താവൽ കുമാരീം-ആഹൂയ-ഏഷാ-മഹേശചരണൗ-പ്രണമതി-ഇതി അഗ്രിമാണാം- തേഷാം- ചരണപങ്കജം-അഗ്രാഹയൽ

അർത്ഥം — ഇത്രമാത്രംതന്നെ വദൻ (പറയുന്നവൻ) ആയ അവൻ (ഹിമവാൻ) മുദിതനായിട്ട് (സന്തുഷ്ടനായിട്ട്) അപ്പോൾ കുമാരിയെ വിളിച്ചിട്ട് വിനയാനതാങ്ഗിയായ (വണക്കംകൊണ്ടു നമ്രമായ ശരീരത്തോടുകൂടിയ) ഇവളെക്കൊണ്ട് (പാർവ്വതിയെക്കൊണ്ടു)

* സു.

ഇതാ മഹേശ്വരവധൂ നമിക്കുന്നു എന്നിങ്ങനെ അഗ്രിമന്മാരായ(ശ്രേഷ്ഠന്മാരായ) അവരുടെ (സപ്തർഷികളുടെ) ചരണപങ്കജത്തെ (പാദപത്മത്തെ) ഗ്രഹിപ്പിച്ചു (പിടിപ്പിച്ചു) പാർവ്വതിയെക്കൊണ്ടു സപ്തർഷികളെ അഭിവാദ്യംചെയ്യിച്ചു എന്നു സാരം. ഇവിടെ മഹേശ്വരവധൂ നമിക്കുന്നു എന്നു പറകയാൽ തന്റെ പുത്രി ശിവന്റെ വധുവായി എന്നു ഹിമവാൻ നിശ്ചയിച്ചു എന്നു ധ്വനിക്കുന്നു.

> ഭർത്തുർന്നിത്യം ഭവ ബഹുമതേത്യാശിഷാ യോജയിത്വാ-
> സപ്താപ്യേതേ തദനു മുനയോ മാനനീയാം കുമാരീം
> സദ്യോനിർഗ്ഗതനയനസലിലാം മാതരം വീതശോകാം
> തസ്യാശ്ചക്രുസ്ത്രിനയനഗുണൈർവ്വർണ്ണിതൈഃ കർണ്ണലേഹ്യൈഃ

അന്വയം — തദനു- ഏതേ-സപ്ത-മുനയഃ അപി-(ത്വം- നിത്യം-ഭർത്തുഃ-ബഹുമതാ-ഭവ ഇതി- ആശിഷാ- യോജയിത്വാ-മാനനീയാം-കുമാരീം- സദ്യോനിർഗ്ഗതനയനസലിലാം-തസ്യാഃ മാതരം വർണ്ണിതൈഃ-കർണ്ണലേഹ്യൈഃ ത്രിനയനഗുണൈഃ-വീതശോകാം- ചക്രുഃ

അർത്ഥം — അനന്തരം ഈ സപ്തർഷികളും നീ നിത്യം ഭർത്താവിനു "ബഹുമതയായിട്ടു ഭവിച്ചാലും" എന്നിങ്ങനെ ആശിസ്സിനോടു (ആശീർവ്വാദത്തോടു) യോജിപ്പിച്ചിട്ടു (ചേർത്തിട്ടു്) ആശീർവ്വാദംകൊടുത്തിട്ടു് എന്നു സാരം. മാനനീയയായ (പൂജ്യയായ) കുമാരിയേയും സദ്യോനിർഗ്ഗതനയനസലിലയായ (തൽക്ഷണം പുത്രിയുടെ വേർപാടിനാൽ പുറപ്പെടുന്ന കണ്ണുനീരോടുകൂടിയവളായ) അവളുടെ മാതാവിനെയും (മേനയേയും) വർണ്ണിതങ്ങളായി (വർണ്ണിക്കപ്പെട്ടവയായി) കർണ്ണലേഹ്യങ്ങളായ (ചെവികൾക്കു് ആസ്വദിക്കപ്പെടുവാൻ യോഗ്യങ്ങളായ) ത്രിനയനഗുണങ്ങളെക്കൊണ്ടു വീതശോകയാക്കി (ശോകമില്ലാത്തവളാക്കി) ചെയ്തു.

ശ്ലോകം (൯)

തദനന്തരം വിപശ്ചിതാം വരാഃ കുളകവിലോലഹൃദന്തരേണ-കലാധരപുരാരേണ പർവ്വതാധിരാജതനയാനക്ഷത്രാഃ സമ്യഗാലോച്യ- ഷൾമോദചിതം ഭഗവന്മൃത്യുഞ്ജയാൽ സപ്തമദിനാവധിതേന-സിതതിഥിസംയോഗവിശേഷമഹിതാന്യുത്തരാസു ഫൽഗ്ഗുനീഷു-മൈത്രേ നാമയോഗേ മുഹൂർത്തസമസ്തഗുണോപേതേ ഇത്യഭിധാനാഃ സമസ്തലോകഗുരുപദേശിതം തദാ ശമ്പിത്വ-തൽപ്രത്യാഗമനപ്രതീക്ഷമാണായ ത്രിക്ഷണായ സമസ്തമഹിമാവധാനാരേണ്യ തേന ച-പരിതുഷ്ടേന വിസൃഷ്ടാഃ പ്രകൃഷ്ടതമയോഗമാനാഃ സ്വധാമാന്യസേദുഃ

അർത്ഥം — അനന്തരം വിപശ്ചിത്തുകളിൽവച്ചു (വിദ്വാന്മാരിൽവച്ചു) വരന്മാരായി (ശ്രേഷ്ഠന്മാരായി) പ്രകൃഷ്ടതമയോഗമാനന്മാരായ

(ഏററവും ഉൽകൃഷ്ടമായ തേജസ്സോടുകൂടിയവരായ)താപസരും (സപ്ത
ർഷികളും) കുതുകംകൊണ്ടു വിലോലമായ (ഇളകുന്ന) നയനത്തോ
ടുകൂടിയവരായി അചലപതിനാൽ (പർവ്വതേന്ദ്രനായ ഹി
മവാനാൽ) പത്നീയുക്തപാണിഗ്രഹണനക്ഷത്രന്മാരായി(പത്നീയുക്ത
മായും ചോദിക്കപ്പെട്ട വിവാഹനക്ഷത്രത്തോടുകൂടിയവരായി (വിവാ
ഹത്തിനുള്ള നക്ഷത്രം ഏന്നാണ് എന്നു ചോദിച്ചിട്ട് എന്നർത്ഥം)
കർമ്മോചിതമായ (കർമ്മങ്ങൾക്കു യോഗ്യമായ) സമയത്തെ വഴി
പോലെ ആലോചിച്ചിട്ട് അത്യതനമായ ദിനത്തിൽനിന്ന് (ഇന്നേ
ദിവസംമുതൽ) സപ്തമദിനാവസതിയിൽ (ഏഴാമത്തെ ദിനത്തി
ന്റെ അവസാനത്തിൽ) സിതതിഥിയുതെ (വെളുത്തപക്ഷത്തി
ന്റെ) സംയോഗംകൊണ്ടു വിശേഷമധിതകളായ (ഏററവും വിശി
ഷ്ടകളായ) ഉത്തരഫൽഗുനികളിൽ (ഉത്രംനക്ഷത്രത്തിൽ) "ഫൽഗു
നീപ്രോഷ്ഠപദാനാം ച നക്ഷത്രേ-എന്നതിനാൽ ബഹുവചനം വന്നു.
മൈത്രം എന്നു പേരോടുകൂടിയതും മൈത്രവും (ഉയർച്ചയും)ആയ
മുഹൂർത്തം സമസ്തഗുണോപപന്നമാകുന്നു (സകലഗുണത്തോടുകൂടിയ
താകുന്നു)എന്ന് അഭിദധാനന്മാരായി (പറയുന്നവരായി)സന്തോ
ഷനായ (മനസ്സന്തോഷത്തോടു കൂടിയവനായ) തുഷാരശിഖരിയാൽ
(ഹിമവാൻപർവ്വതത്താൽ) മതയായ (കൊടുക്കപ്പെട്ടതായ) യാ
ത്രാനുജ്ഞയോടു(യാത്രയ്ക്കുള്ള അനുവാദത്തോടു) കൂടിയവരായി സ
ത്വരം (സംഭ്രമത്തോടുകൂടെ) അഭിപതിച്ചിട്ടു (പുറപ്പെട്ടിട്ടു) തൽപ്ര
ത്യാഗതിയെ (അവരുടെ തിരിച്ചുള്ള വരവിനെ) പ്രതീക്ഷ
മാണനായ(നോക്കിക്കൊണ്ടിരിക്കുന്ന) ത്രീക്ഷണനായിട്ടു (ശിവനാ
യിട്ട്) ഈ അവസ്ഥയെ അറിയിപ്പിച്ചിട്ടു പരിതുഷ്ടനായ അദ്ദേഹ
ത്താലും വിസൃഷ്ടന്മാരായിട്ടു (മോചിക്കപ്പെട്ടവരായിട്ടു) സ്വധാമങ്ങ
ളെ (സ്വഭവനങ്ങളെ) അനുസരിച്ചു (പ്രാപിച്ചു.)

പശുപതിരപി ചിരേണ പാർവ്വതീമേവ പശ്യ-
ന്നശിഥിലകുതുകശ്രീഃ പ്രാപ്യ കൈലാസശൈലം
കഥമപി ധൃതചേതാസ്സപ്തകം വാസരാണാം
ശതകമിവ യുഗാനാമേകമേകം വ്യനൈഷീൽ ൯൮

അന്വയം—പശുപതിഃ-അപി-ചിരേണ-പാർവ്വതീം-ഏവ പ
ശ്യൻ അശിഥിലകുതുകശ്രീഃ-കൈലാസശൈലം പ്രാപ്യ-കഥംഅപി
ധൃതചേതാഃ-വാസരാണാം-സപ്തകം-ഏകം ഏകം- യുഗാനാം- ശത
കം-ഇവ വ്യനൈഷീൽ

അർത്ഥം —പശുപതിയും (ശിവനും) ചിത്തത്തിൽ പാർവ്വതിയെ
ത്തന്നെ പശ്യനായി (കാണുന്നവനായി) പാർവ്വതിയെന്നുള്ള ഏക
വിചാരത്തോടുകൂടിട്ട് എന്നർത്ഥം. അശിഥില കുതുകശ്രീയായി

(അനല്പമായ കൌതുകത്തോടുകൂടിയവനായി) കൈലാസശൈലത്തെ (കൈലാസപർവ്വതത്തെ) പ്രാപിച്ചിട്ടു പരിക്ലിഷ്ടധൃതചേതസ്സായിട്ടു (ധരിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ടു) മനസ്സ് അടക്കീട്ടു എന്നുസാരം വാസരങ്ങളുടെ സപ്തകത്തെ (ഏഴുദിവസത്തെ) ഓരോന്നിനെ യുഗങ്ങളുടെ ശതകം പോലെ (ഒരുദിവസം നൂറുയുഗം പോലെ) നയിച്ചു (കഴിച്ചുകൂട്ടി) ഏഴുദിവസം കഴിഞ്ഞതാണ് വിവാഹമുഹൂർത്തം നിശ്ചയിച്ചിരിക്കുന്നതു് എന്നു് മഹർഷിമാർ പറകയാൽ ആ ഏഴുദിവസം പാർവ്വതീചിന്തയാൽ വളരെ വിഷമിച്ചു കഴിച്ചു എന്നു സാരം.

അദ്രീശ്വരോ മുനിവരേഷു ഗതേഷു തേഷു
മുഗ്ദ്ധാതിരിക്രകൗതുകം ഹൃദയം ദധാനഃ
ഉദ്വാഹമാത്മദുഹിതുർവിധിവദ്വിധാതു-
മുദ്യോഗവാനഭവദുന്നതസത്വധാമാ ॥ ൭൭.

അന്വയം — ഉന്നതസത്വധാമാ - അദ്രീശ്വരഃ - തേഷു - മുനിവരേഷു - ഗതേഷു - മുഗ്ദ്ധാതിരിക്രകൗതുകം ഹൃദയം - ദധാനഃ - ആത്മദുഹിതുഃ - ഉദ്വാഹം - വിധിവത് - വിധാതും - ഉദ്യോഗവാൻ - അഭവത്.

അർത്ഥം — ഉന്നതസത്വധാമാവായ (ഉന്നതമായ സത്വഗുണത്തിന്റെ ആശ്രയസ്ഥാനമായ) അദ്രീശ്വരൻ, ആ മുനിവരന്മാർ (ഋഷിശ്രേഷ്ഠന്മാർ) ഗതന്മാരായപ്പോൾ (പോയപ്പോൾ) മുഗ്ദ്ധാതിരിക്രകൗതുകമായ (മുഗ്ദ്ധാധീനമായ കൌതുകത്തോടുകൂടിയ) ഹൃദയത്തെ (മനസ്സിനെ) ദധാനനായി (ധരിക്കുന്നവനായി) ആത്മദുഹിതാവിന്റെ (തന്റെ പുത്രിയുടെ) ഉദ്വാഹത്തെ (വിവാഹത്തെ) വിധിപോലെ (ശാസ്ത്രാനുസാരേണ) എന്നു സാരം. ചെയ്യുവാനായിട്ട് ഉദ്യോഗവാനായി ഭവിച്ചു (ഉത്സാഹമുള്ളവനായിത്തീർന്നു.)

സത്രാ മന്ത്രിഗണേന സമ്മദവതാ സമ്മന്ത്ര്യ കൃത്യാന്തരം
തത്തൽസാധനസഞ്ചയം സമുചിതേഷ്വാരോപ്യ കൃത്സ്നം ധുരം
സന്ദ്വാര സ്ഥപതിം ഗിരിർവ്വിവിധമാം കർത്തും കമപ്യാലയം
കല്യാണോചിതമാഗതസ്സ മനസാ ചക്രേ ച ഹൃദ്യം ഗൃഹം. ൭൮

അന്വയം — ഗിരിഃ - സമ്മദവതാ - മന്ത്രിഗണേന - സത്രാ - കൃത്യാന്തരം - സമ്മന്ത്ര്യ - തത്തൽസാധനസഞ്ചയം - സമുചിതേഷു കൃത്സ്നം ധുരം - ആരോപ്യ - കല്യാണോചിതം - കമപി - ആലയം - കർത്തും - വിവിധാം - സ്ഥപതിം - സന്ദ്വാര - സഃ - ആഗതഃ - മനസാ - ഹൃദ്യം - ഗൃഹം - ചക്രേ - ച -

അർത്ഥം — ഗിരി (ഹിമവാൻ) സമ്മദവത്തായ (സന്തോഷത്തോടുകൂടിയതായ) മന്ത്രിഗണത്തോടുകൂടെ കൃത്യാന്തരത്തെ (അ

ന്യകാര്യത്തെ) സമന്ത്രിച്ചിട്ട് (ആലോചിച്ചിട്ട്) തത്തൽസാധന സംഭൃതയിങ്കൽ (അതതു് സാധനങ്ങളെ ഒരുക്കുന്നതിൽ) സമുചിതന്മാരിൽ (യോഗ്യന്മാരിൽ) ന്യസ്തയായ (സമർപ്പിതയായ) ധുരിനെ (ഭാരത്തെ) ആലോചിച്ചിട്ട് (വെച്ചിട്ട്) കല്യാണോചിതമായ (മംഗളക്രിയയ്ക്കു യോഗ്യമായ) ഒരു ആലയത്തെ (വിവാഹമണ്ഡപത്തെ എന്ന സാരം) ഉണ്ടാക്കുന്നതിനായിട്ട് ദിവിഷത്തുകളുടെ സ്ഥപതിയെ (ദേവന്മാരുടെ ശില്പിയെ) വിശ്വകർമ്മാവിനെ എന്ന സാരം. സ്മരിച്ചു (വിചാരിച്ചു) അവൻ (വിശ്വകർമ്മാവ്) ആഗതനായിട്ടു മനസ്സുകൊണ്ടു് ഹൃദ്യമായ (മനോഹരമായ) ഗൃഹത്തെ ഉണ്ടാക്കുകയും ചെയ്തു. ക്ഷണമാത്രയിൽതന്നെ ഗൃഹം നിർമ്മിച്ചു എന്ന സാരം.

മാണിക്യസ്തംഭജൃംഭന്നിരുപമഹരിനീലോത്തരം ഭിത്തിഭാഗ
പ്രത്യുപ്താനർഘനാനാമണികിരണഗണോൽക്ഷിപ്തവൃത്രാരിചാപം।
മൗലിവ്യാസക്തമുക്താപടലഘടിതഘടീക്ലൃപ്തമാർത്താണ്ഡബിംബം
വിശ്വോൽകൃഷ്ടം വിതേനേ പരിണയനമഹാമണ്ഡപം വിശ്വകർമ്മാ
രൈ.

അന്വയം—വിശ്വകർമ്മാ മാണിക്യസ്തംഭജൃംഭന്നിരുപമഹരിനീലോത്തരം- ഭിത്തിഭാഗപ്രത്യുപ്താനർഘനാനാമണികിരണഗണോൽക്ഷിപ്തവൃത്രാരിചാപം- മൗലിവ്യാസക്തമുക്താപടലഘടിതഘടീക്ലൃപ്തമാർത്താണ്ഡബിംബം- വിശ്വോൽകൃഷ്ടം- പരിണയനമഹാമണ്ഡപം വിതേനേ.

അർത്ഥം— വിശ്വകർമ്മാവ് മാണിക്യസ്തംഭങ്ങളെക്കൊണ്ട് ജൃംഭന്തുകളായി (ശോഭിക്കുന്നവയായി) നിരുപമങ്ങളായ (സാദൃശ്യമില്ലാത്തവയായ) ഹരിനീലങ്ങളെ (ഇന്ദ്രനീലരത്നങ്ങളെ) കൊണ്ട് ഉത്തരവും (ഉത്തരങ്ങളും) ഭിത്തിഭാഗങ്ങളിൽ പ്രത്യുപ്തങ്ങളും (പതിച്ചവ) ആയ നാനാമണികളുടെ കിരണഗണങ്ങളാൽ (രശ്മിക്കൂട്ടങ്ങളാൽ) ഉൽക്ഷിപ്തമായ (ഉണ്ടാക്കപ്പെട്ട) വൃത്രാരിചാപത്തോടു (ഇന്ദ്രചാപത്തിന്റെ ശോഭയോടു) കൂടിയതും മൗലിയിൽ (ശിരസ്സിൽ) വ്യാസക്തമായ (ചേർത്തിരിക്കുന്നതായ) മുക്താപടലഘടിതഘടിയാൽ (മുത്തുകൾകൊണ്ടുണ്ടാക്കിയ താഴികക്കുടങ്ങളാൽ) ക്ലൃപ്തമായ (ഉണ്ടാക്കപ്പെട്ട) മാർത്താണ്ഡബിംബത്തോടു (ആദിത്യബിംബത്തോടു) കൂടിയതും വിശ്വോൽകൃഷ്ടവും ആയ പരിണയനമഹാമണ്ഡപത്തെ (വിവാഹമണ്ഡപത്തെ) ഉണ്ടാക്കി.

ഭേദ്യാം ചത്വരമണ്ഡിതാങ്കണഭുവഃ സംശ്ലിഷ്ടസീതാഃ സ്ഫുടം
ചാരുസ്തോരണമാലികാലിതരതാ ലോലാളിരാസ്ത്രോളിതാഃ
ആലീലാമരമണ്ഡിതൈർന്നിബിഡതാ കേതുവ്രജൈ
ർവ്വപ്രപ്രാകാരഗോപുരം നഗരം ജാതം തദാദ്യപ്ഭുതം.   റവ്യ

അന്വയം—ഹർമ്മ്യാമൃതപരമന്ദിരാങ്കണഭുവഃ - സ്ഫുടം-സമ്യ
ക്സംസിക്താഃ ചാരുഃ ലോലാളി-തോരണമാലികാഭിഃ - അലങ്കൃതാഃ- ആ
ന്ദോളിതാഃ-കേതവഃ- ആലീഢാമരമന്ദിരാഃ-നിജപാളൈഃ-ആഭാസു
രാ-പാർവ്വതീപുംഗവസ്യ തൽ-നഗരം-സർവ്വം-അന്യാദൃശം-ജാതം

അർത്ഥം—ഹർമ്മ്യാമൃതപരമന്ദിരാങ്കണങ്ങൾ (രാജവീഥിയുടെ
യും നാൽക്കവലവീഥിയുടെയും ഗൃഹങ്ങളുടെയും അങ്കണങ്ങളുടെയും മു
റ്റം) സ്ഫുടമാകുംവണ്ണം സംസിക്തങ്ങളായി (അധികമായി തളിച്ചു
ശുദ്ധങ്ങളാക്കപ്പെട്ടു) ചാരുക്കളും (മനോഹരങ്ങളും) ലോലകളുമായ (ഇളകു
ന്നവയായ) തോരണമാലികകളാൽ (തോരണമാലകളാൽ) ആന്ദോ
ളിതകളായി (വീശപ്പെട്ടവയായി) അലംകൃതങ്ങളായി എന്നർത്ഥം.
കേതുക്കൾ (കൊടിമരങ്ങൾ) ആലീഢാമരമന്ദിരങ്ങളായ (ആസ്വാദി
ക്കപ്പെട്ട ദേവഗൃഹങ്ങളോടുകൂടിയവയായ) ദേവഗൃഹങ്ങളിൽ സ്പർശിക്കു
ന്നവയായ എന്നർത്ഥം. നിജപാളങ്ങളാൽ (തന്റെ കൂറകളാൽ) ആ
ഭാസുരങ്ങളായി (ശോഭിക്കുന്നവയായി) പാർവ്വതീപുംഗവന്റെ (പാർവ്വ
തീശ്വരന്റെ) ആ നഗരം സർവ്വം അന്യാദൃശമായിട്ട് (മറ്റൊരു
പ്രകാരത്തിലായിട്ട്) ജാതമായി (തീർന്നു)

ഗദ്യം. ൯.

ക്രമേണ ച സമാസന്നേ മുഹൂർത്തദിവസേ സമാഗതപ്രഭൃതിപരി
ശിഖരിനികരനിവേശ്യമാനനിജനിജസാന്ത്വസ്ഥലഃ പുരോഹിതാത്മപ്ര
തിപൂർണ്ണമാണവനോദരഃ സതതവിധീയമാനാഗതാഗതജനകദംബ
സംബാധപിഷ്ട കടകപട്ടനികരപരിഗളിതകനകചൂർണ്ണധൂസരിതക്ഷി
തിമാന ചതുർഭൂമി ശ്രമിതനിഹിതവസ്തുജാതസമ്മേളികാ
പുഷ്പിമളിത ഹൃദയവസ്ത്രാദിഭോജ്യ ഘുഷ്യമാണ വിവിധാശീർവ്വാദഃ
സമാഹിതപുരോഹിത സമാരബ്ധശാന്തികപൌഷ്ടികാ മാഗധ
കലഗീയമാനമംഗലസ്തോത്രപാഠികാപ്രപാഠകഃ കർണ്ണാനന്ദകനക
കോണ്ട്രംഗസമാഹന്യമാന പടഹമൃദംഗമദ്ദളമദ്ധ്യകാദിവി
വിധവാദ്യനിനാദപ്രതിധ്വനിപൂരിതഹരിന്മണ്ഡലഃ പുരന്ദ്രീപുരന്ദ
രീപൂർണ്ണനിർവ്വർത്ത്യമാന മംഗലാനുഷ്ഠാനഃ ജേഗീയമാനകന്യകാ ഗോ
മുഹൂർത്തമാനവിഭ്രായമഃ പ്രപഞ്ചിതമനോഹരമന്ദിരോ ബോദ്ധ്യമാനാ
തിഥിഃ ഘോഷ്യമാണകോലാഹലഃ സർവ്വമംഗളദേവീവിവാഹമ
ഹോത്സവസമാരംഭസംഭ്രമോ ജൃംഭതേ സ്മ.

അർത്ഥം—ക്രമേണ മുഹൂർത്തദിവസം സമാസന്നമായിരിക്കു
മ്പോൾ (അടുത്തിരിക്കുമ്പോൾ) സമാഗതങ്ങളായ (വന്നവരാ
യ അപരശിഖരികളുടെ (അന്യപർവ്വതങ്ങളുടെ) നികരത്താൽ (സ
മൂഹത്താൽ) നിവേശ്യമാനമായ (അധിഷ്ഠിക്കപ്പെട്ടതായ) കാഴ്ചയാ

യി കൊണ്ടലങ്കരിക്കപ്പെട്ട എന്നു സാരം. തന്റെ തന്റെ സ്ഥാനങ്ങ ളിൽ സുലഭമായ പദാർത്ഥജാതത്താൽ (പദാർത്ഥസമൂഹത്താൽ) പരിപൂര്യമാണമായ (നിറയപ്പെട്ടതായ) ഭവനോദരത്തോടു (ഭവനാന്തർഭാഗത്തോടു)കൂടിയതും, എല്ലായ്പ്പോഴും വിധീയമാന ഗതാഗതമായ (ചെയ്യപ്പെടുന്ന പോക്കുവരവോടുകൂടിയ) ജന കദംബത്തിന്റെ (ജനസമൂഹത്തിന്റെ) സംബാധംകൊണ്ടു (സങ്കടംകൊണ്ടു) പിഷ്ടമായ (ചൂർണ്ണിതമായ) കടകപട്ടനി കരത്തിൽ നിന്നു (നിതംബത്തിലുള്ള ശിലാസംഘത്തിൽ നി ന്നു) പരിഗളിതമായ (പൊഴിഞ്ഞുവീഴുന്നതായ) കനകധൂ ളിയാൽ (സ്വർണ്ണപ്പൊടിയാൽ) ധൂസരീക്രിയമാണമായ (കൈതവർണ്ണ മാക്കിച്ചെയ്യപ്പെട്ട) ചത്വരപാരമ്പര്യത്തോടു (നാലു ചാരപ്രദേശങ്ങ ളോടു) കൂടിയതും ചിന്തനിഹിതവസ്തുജാതത്തെക്കാൾ (മനസ്സിൽ നിശ്ചയിക്കപ്പെട്ട വസ്തുസംഘത്തെക്കാൾ) സമധികാപ്തികൊണ്ട് (അധികം ലഭിച്ചതുകൊണ്ട്) മുദിതഹൃദയന്മാരായ (സന്തുഷ്ടചിത്ത ന്മാരായ) വസുധാമരന്മാരുടെ (ഭൂദേവന്മാരുടെ) ജാലത്താൽ ശ്ലാ ഘ്യമാനങ്ങളായ (ഏറ്റവും ശ്ലാഘിക്കപ്പെടുന്നവയായ) വിവി ധശില്പരചനകളോടുകൂടിയതും, സമാഹിതന്മാരായ (കർമ്മദക്ഷന്മാരായ) പുരോഹിതന്മാരാൽ സമാരബ്ധമായ (ആരംഭിക്കപ്പെട്ടതായ) ശാ ന്തികത്തോടും പൗഷ്ടികത്തോടുംകൂടിയതും, ശാന്തികവും പൗ ഷ്ടികവും ഹോമവിശേഷങ്ങളാകുന്നു. മാഗധകുലത്താൽ (സ്തു തിപാഠകസമൂഹത്താൽ) ഗീയമാനമായ (ഗാനം ചെയ്യപ്പെടുന്ന തായ) മംഗലസ്തോത്രപങ്ക്തികളുടെ (സ്തോത്രമാലകളുടെ) പ്രപഞ്ച ത്തോടു (വിസ്താരത്തോടു) കൂടിയതും കലിതവും ആനതവും (വളഞ്ഞ തും) ആയ കനകകോണംകൊണ്ട് (അഗ്രത്തിൽ സ്വർണ്ണംകെട്ടിയ ദണ്ഡംകൊണ്ടു എന്നു സാരം) ഉദ്ഘോഷ്യമാനങ്ങളായി (ഉറക്കെ അടിക്കപ്പെട്ടവയായ) പടഹങ്ങളായ പടഹം മുരവം മർദ്ദളം മഡ്ഡു കം മുതലായ വിവിധവാദ്യങ്ങളുടെ നിനാദത്താൽ (ശബ്ദത്താൽ) നിർവ്വിവരീകൃതമായ (സുഷിരമില്ലാത്തതാക്കി ചെയ്യപ്പെട്ടതായ) മുഴക്കപ്പെട്ടതായ എന്നുസാരം. ഹരിദന്തരാളത്തോട് (ദി ക്കുകളുടെ അന്തർഭാഗത്തോട്) കൂടിയതും പുരന്ദരപുരസുന്ദരി കളുടെ (ഇന്ദ്രപുരത്തിലെ സ്ത്രീകളുടെ) ദേവസ്ത്രീകളുടെ എന്നുസാരം വൃന്ദത്താൽ (സംഘത്താൽ) നിർവ്വർത്ത്യമാനമായ (ചെയ്യപ്പെടുന്ന തായ) മംഗളനൃത്തത്തോടുകൂടിയതും- ജേഗീയമാനന്മാരായ (ഏററ വും പാടുന്നവരായ) കിന്നരന്മാരോടുകൂടിയതും മോമുഹ്യമാനന്മാരാ യ (ഏററവും മോഹിപ്പിക്കുന്നവരായ) വിദ്യാധരന്മാരോടുകൂടിയ തും- പാപഠ്യമാനമായ (ഏററവും പഠിക്കുന്നതായ) ചാരണ ഗണത്തോടു (പാട്ടുകാരോട്) കൂടിയതും ബോബുദ്ധ്യമാനന്മാരായ (ബുദ്ധി

ക്കുന്നവരായ) അതിഥികളോടുകൂടിയതും പ്രൌഢപുഷ്യമാണമായ (ഏറ്റവും വൎദ്ധിച്ചിരിക്കുന്ന) കോലാഹലത്തോടുകൂടിയതും ആയ സൎവ്വമംഗലയുടെ (പാൎവ്വതിയുടെ) ശർവ്വാണീസർവ്വമംഗലാഎന്ന് അമരം- വിവാഹമംഗലോത്സവത്തിന്റെ സമാരംഭസംഭ്രമം ഏറ്റവും ജൃംഭിച്ചു (വൎദ്ധിച്ചു)

> സാകം മുനീന്ദ്രൈരപരൈശ്ച ഷഡ്ഭിഃ
> സാരുന്ധതീകോ ഭഗവാൻ വസിഷ്ഠഃ
> കൈലാസമഭ്യേത്യ വിഭോഃ പ്രയാണാൽ
> പ്രാഗേവ ഭേജേ ഗിരിരാജഗേഹം. ൫൬

അന്വയം—ഭഗവാൻ-വസിഷ്ഠഃ-സാരുന്ധതീകഃ അപരൈഃ-ഷഡ്ഭിഃ മുനീന്ദ്രൈഃ-ച-സാകം-കൈലാസം- അഭ്യേത്യ-വിഭോഃ-പ്രയാണാൽ-പ്രാക്-ഏവ-ഗിരിരാജഗേഹം- ഭേജേ-

അൎത്ഥം—ഭഗവാനായ (ഐശ്വൎയ്യാദി ഷഡ്ഗുണപൂൎണ്ണനായ) വസിഷ്ഠൻ-സാരുന്ധതീകനായിട്ട് (അരുന്ധതിയോടുകൂടിയവനായിട്ട്) അപരന്മാരായ (അന്യന്മാരായ) ആറുമുനീന്ദ്രന്മാരോടുകൂടെ (മരീച്യാദികളോടുകൂടെ) കൈലാസത്തെപ്രാപിച്ചിട്ട് വിഭുവിന്റെ പ്രയാണത്തിങ്കൽനിന്ന് മുൻപുതന്നെ (ശിവന്റെ വരവിനു മുൻപുതന്നെ) ഗിരിരാജഗേഹത്തെ (ഹിമവാന്റെ പുരത്തെ) ഭജിച്ചു (പ്രാപിച്ചു.)

> അഥാചലസ്സാകമഗസ്ത്യമുഖ്യൈ-
> രന്യൈരുപേതൈൎമ്മുനിഭിസ്സമേതൈഃ
> ശൎവ്വാഗമനം പരിപാലയ്യ തസ്ഥൗ
> സൎവ്വം സമാസാദ്യ സമിത്കലാപം ൫൭

അന്വയം — അഥ-അചലഃ-സമേതൈഃ-ഉപേതൈഃ-അഗസ്ത്യപ്രമുഖ്യൈഃ-അന്യൈഃ- മുനിഭിഃ-സാകം- സമിത്കലാപം- സൎവ്വം-സമാസാദ്യ ശൎവ്വാഗമനം-പരിപാലയ്യ-തസ്ഥൗ.

അൎത്ഥം—അനന്തരം-അചലം (ഹിമവാൻ) സമേതന്മാരായി (ഒത്തുചേൎന്നവരായി) ഉപേതന്മാരായി(വന്നവരായി)അഗസ്ത്യപ്രമുഖ്യന്മാരായി അന്യന്മാരായ (വേറെയുള്ള) മുനികളോടുകൂടെ സമിത്കലാപമായ (സമിത്ത്=ചമത മുതലായ) സൎവ്വത്തെയും സമാസാദിച്ചിട്ട് (എടുത്തിട്ട്) ശൎവ്വാഗമനത്തെ (ശിവന്റെ വരവിനെ പരിപാലിച്ചിട്ട് (നോക്കിക്കൊണ്ട്) സ്ഥിതിചെയ്തു (നിന്നു)

> പ്രതികൎമ്മതത്രബദ്ധൈഃ പതിപുത്രവതീഭിസ്ത്രീഭിഃ
> അത്രിപുത്ര്യാ വിവാഹോചിതവിധിനാ-വിധികോവിദഃ ൫൮

അന്വയം—തതഃ-പതിപുത്രയുതാഃ- വിധിജ്ഞാ വിദിതാഃ- സ്ത്രീയഃ അദ്രിപുത്ര്യാഃ-വിവാഹോക്തവിധിനാ-പ്രതികർമ്മ- ചക്രുഃ.

അർത്ഥം—അനന്തരം പതിപുത്രയുതകളും (ഭർത്താവിനോടും പുത്രന്മാരോടുംകൂടിയവരും) വിധിജ്ഞവിദിതകളും (ശാസ്ത്രമറിയാവുന്നവരും) ആയ സ്ത്രീകൾ അദ്രിപുത്രിയ്ക്ക് വിവാഹോക്തവിധിപോലെ (വിവാഹത്തിനുവേണ്ടപോലെ) പ്രതികർമ്മത്തെ (അംഗസംസ്കാരത്തെ-അലങ്കാരാദികളെ എന്നു സാരം) ചെയ്തു.

അലക്തകാമപരിതരതൈലസുഭഗാം ഭൂഷാം ശിരീഷാദിനാ
പ്രക്ഷിപ്തൗഷധിനാഭിഷിച്യവിധിവത്താം-ഭാവിതേനാംഭസാ
വാസോഗ്രാഹ്യമനോഹരാംഗലതികാമാർദ്രം വിഹായാംബരം
ബിഭ്രാണാമപരം വിനിന്യുരഥതാം തന്വ്യോ ഗൃഹാഭ്യന്തരം.വ്യാ

അന്വയം — അഥ— അലക്തകാം താം-ശിരീഷാദിനാ-അപരി തരതൈലസുഭഗാം- ഭൂഷാം പ്രക്ഷിപ്തൗഷധിനാ—വിധിവത്-ഭാവിതേന അംഭസാ- അഭിഷിച്യ- വാസോഗ്രാഹ്യമനോഹരാംഗലതികാം- ആർദ്രം-അംബരം [illegible] അപരം-അംബരം-ബിഭ്രാണാം താം-തന്വ്യഃ ഗൃഹാഭ്യന്തരം വിനിന്യുഃ

അർത്ഥം—അനന്തരം അലക്തയായ (എണ്ണതേപ്പിയ്ക്കപ്പെട്ടവളായ) അവളെ (പാർവ്വതിയെ) ശിരീഷാദികൊണ്ട് (വാകപ്പൊടിമുതലായതുകൊണ്ട്) അപരിതതൈലസുഭഗയാക്കി (അപരിതതൈലയാക്കിയും കളയപ്പെട്ട തൈലത്തോടുകൂടിയവളാക്കിയും സുഭഗയാക്കിയും) ചെയ്തിട്ട് പ്രക്ഷിപ്തൗഷധിയായി (മരുന്നുകൾ ഇട്ടതായി) വിധിപോലെ ഭാവിതമായ (തിളപ്പിയ്ക്കപ്പെട്ടതായ) അംഭസ്സ്കൊണ്ട് (ജലംകൊണ്ട്) അഭിഷേകംചെയ്തിട്ട് (കുളിപ്പിച്ചിട്ട്) വാസസ്സ് (വസ്ത്രം)കൊണ്ട് ഗ്രാഹ്യയായി (തൊടത്തക്കതായി) മനോഹരയായ അംഗലതയോടുകൂടിയവളായി ആർദ്രമായ അംബരത്തെ (നനഞ്ഞ വസ്ത്രത്തെ) കളഞ്ഞിട്ട് അപരമായ അംബരത്തെ (അന്യവസ്ത്രത്തെ) ബിഭ്രാണയായ (ധരിച്ചിരിക്കുന്നവളായ) അവളെ (പാർവ്വതിയെ) തന്വികൾ(സ്ത്രീകൾ) ഗൃഹാഭ്യന്തരത്തെ (ഗൃഹാന്തർഭാഗത്തെ) നയിച്ചു. അലങ്കാരത്തിനായിട്ട് ഗൃഹത്തിന്റെ അകത്തു കൊണ്ടുപോയി എന്നു സാരം.

പ്രാഗാനനാം മംഗലപീഠികായാ-
മേനാം നവോത്ഭൂഷിതവധ്വം വയസ്യാഃ
ആസനമാധായ്യ പലായി ഗാത്രാ-
ണ്യൂ തൈലഭിഷേകമലായ താനാ.

അന്വയം—അഥവയസ്യാഃ- എനാം വധൂം- മംഗലപീഠികാ

യാം- പ്രാഗാനനാം- നിവേശ്യ- ആസന്നലാവണ്യഫലാനി-ഗാത്രാണി- മണ്ഡനമണ്ഡിതാനി-ആതേനിരേ-

അർത്ഥം — അനന്തരം വയസ്യകൾ (സഖിമാർ) ഈ വധൂവിനെ (പാർവ്വതിയെ എന്നു സാരം) മംഗലപീഠികയിൽ (മംഗലപീഠത്തിൽ) പ്രാഗാനനയാക്കി (കിഴക്കോട്ടുമുഖത്തോടുകൂടി) നിവേശിപ്പിച്ചിട്ട് (ഇരുത്തീട്ട്) ആസന്നലാവണ്യഫലങ്ങളായ (ലാവണ്യഫലം അടുത്തിരിക്കുന്നവയായ) ഗാത്രങ്ങളെ (ശരീരങ്ങളെ) മണ്ഡനമണ്ഡിതങ്ങളാക്കി (ഓരോ അലങ്കാരങ്ങൾകൊണ്ട് (അലങ്കരിക്കപ്പെട്ടവയാക്കി) ചെയ്തു.

കാദംബിനീവിഭ്രമമുദ്വഹന്തീ–
യാ നീലകണ്ഠസ്യ മുദം വിധത്തേ
വേണീമിമാം കാചന കോമളാംഗ്യാഃ
പാണിദ്വയേനോല്ലുളയാംചകാര

അന്വയം – യാ- കാദംബിനീവിഭ്രമം- ഉദ്വഹന്തീ- നീലകണ്ഠസ്യ–മുദം-വിധത്തേ കോമളാംഗ്യാഃ-ഇമാം- വേണീം-കാചന-പാണിദ്വയേന ഉല്ലുളയാംചകാര.

അർത്ഥം — യാതൊന്ന് (വേണി) കാദംബിനീവിഭ്രമത്തെ (മേഘമാലയുടെ വിഭ്രമത്തെ) ഉദ്വഹന്തിയായിട്ട് (ധരിക്കുന്നതായിട്ട്) നീലകണ്ഠത്തിന്റെ (മയിലിന്റെ) മുദത്തിനെ (സന്തോഷത്തെ) ചെയ്യുന്നു. നീലകണ്ഠന്റെ (ശിവന്റെ) സന്തോഷത്തെ ചെയ്യുന്നു എന്നും അർത്ഥമുണ്ട്. കോമളാംഗിയുടെ ഈ വേണിയെ (തലമുടിയെ) ഒരുത്തി പാണിദ്വയംകൊണ്ട് (രണ്ടുകൈകൊണ്ട്) ഉല്ലുളനം ചെയ്തു (വിടർത്തി)

സുഗന്ധിനാ കാപി മധൂകദാമ്നാ
ബബന്ധ തസ്യാശ്ചികുരം വരാംഗ്യാഃ
നിനിന്ദ കാന്തിം നവവാംബുദാനാം
നിരന്തരോല്ലിഖിതബലാകികാനാം വൃ

അന്വയം — കാപി- സുഗന്ധിനാ-മധൂകദാമ്നാ-വരാംഗ്യാഃ- തസ്യാഃ- ചികുരം- ബബന്ധ-സഃ- നിരന്തരോല്ലിഖിതബലാകികാനാം- നവാംബുദാനാം-കാന്തിം-നിനിന്ദ-

അർത്ഥം — ഒരുത്തി സുഗന്ധിയായ മധൂകദാമംകൊണ്ട് (ഇരിപ്പപ്പൂമാലകൊണ്ട്) വരാംഗിയായ (ശ്രേഷ്ഠശരീരിയായ) അവളുടെ (പാർവ്വതിയുടെ) ചികുരത്തെ (തലമുടിയെ) ബന്ധിച്ചു (കെട്ടി) അത് (കേശം) നിരന്തരോല്ലിഖിതബലാകികങ്ങളായ (ഇടവിടാതെ ഉള്ള വൃ

പിച്ചിരിക്കുന്നവലാകകളോടു (വെള്ളിപ്പക്ഷികളോട്) കൂടിയ നവാംബുദങ്ങളുടെ (കാർമേഘങ്ങളുടെ) കാന്തിയെ നിന്ദിച്ചു.

ഗൌരീലലാടഫലകേ രചിതം കദാചിൽ
ഗോരോചനാതിലകമുജ്ജ്വലമാചകാശേ
ദൂരീകൃതോദയകഥേവ നവപ്രരോഹാ-
മാരസ്യ ഭസ്മവപുഷോ ഭുജവൈജയന്തീ വസന്ത

അന്വയം:— കദാചിൽ-ഗൌരീലലാടഫലകേ രചിതം-ഉജ്ജ്വലം-ഗോരോചനാതിലകം-ഭസ്മവപുഷഃ-മാരസ്യ-ദൂരീകൃതോദയകഥാ-നവപ്രരോഹാ-ഭുജവൈജയന്തീ ഇവ-ആചകാശേ

അർത്ഥം:— ഒരിക്കൽ ഗൌരിയുടെ ലലാടഫലകത്തിൽ (നെറ്റിത്തടത്തിൽ) രചിതമായ (നിർമ്മിക്കപ്പെട്ടതായ) ഗോരോചനാതിലകം (ഗോരോചനകൊണ്ടുള്ള പൊട്ട്) ഭസ്മവപുസ്സായ (ദഹിക്കപ്പെട്ട ശരീരത്തോടുകൂടിയ) കാമന്റെ ദൂരീകൃതോദയകഥയായി (നശിക്കപ്പെട്ട ഉദയത്തിന്റെ കഥയോടുകൂടിയതായി) നവപ്രരോഹയായി (പുതുതായിട്ടു മുളച്ചതായ) ഭുജവൈജയന്തിയോ എന്നു തോന്നുമാറു ശോഭിച്ചു. പാർവ്വതിയുടെ നെറ്റിയിലെ ഗോരോചനാതിലകം കണ്ടാൽ കാമന്റെ ദേഹം ദഹിച്ചതിനോടുകൂടി നശിച്ചതായി ഉദയത്തിന്റെ കഥപോലും ഇല്ലാത്തതായ കൈക്കൊടി പുതുതായിട്ടു ഉണ്ടായിവന്നതോ എന്നു തോന്നും എന്നു സാരം.

അനേന നേത്രേണ നിരീക്ഷ്യ കാന്തം
മനോഭവം ജീവയ ഭസ്മശേഷം,
കാചിദ്വദന്തീ സ്മിതപൂർവ്വമേവം
കാളാഞ്ജനേനാക്തദൃശം വ്യതാനീൽ വൃ.

അന്വയം:—(ത്വം) അനേന-നേത്രേണ-കാന്തം-നിരീക്ഷ്യ-ഭസ്മശേഷം-മനോഭവം-ജീവയ; ഏവം-കാചിൽ-സ്മിതപൂർവ്വം വദന്തി (താം) കാളാഞ്ജനേന-അക്തദൃശം-വ്യതാനീൽ.

അർത്ഥം:— നീ ഈ നേത്രംകൊണ്ട് കാന്തനെ നിരീക്ഷിച്ചിട്ട് (നോക്കീട്ട്) ഭസ്മശേഷനായ (ദഹിക്കപ്പെട്ട ശരീരത്തോടുകൂടിയവനായ) മനോഭവനെ (കാമനെ) ജീവിപ്പിച്ചാലും. ഇപ്രകാരത്തെ സ്മിതപൂർവ്വകം വണ്ണം (പുഞ്ചിരിയോടുകൂടെ) വദന്തിയായിട്ട് (പറയുന്നവളായിട്ട്) അവളെ (പാർവ്വതിയെ) കാളാഞ്ജനത്താൽ (അഞ്ജനവിശേഷത്താൽ) അക്തദൃക്കാക്കി (അക്തമായവ്യാപ്തമായ കണ്ണോടുകൂടിയവളാക്കി) ചെയ്തു. പാർവ്വതിയുടെ കണ്ണിൽ മഷി എഴുതി എന്നു സാരം.

പയോധരേ പാണ്ഡുനി കാപി തസ്യാ
മനോഹരാംഗ്യാ മകരീം ലിലേഖ
ആവേദയന്തീവ പദം പുരസ്താ-
ദാഗാമിനാം കാന്തനഖക്ഷതാനാം. ൨൨

അന്വയം:—കാചിൽ-മനോഹരാംഗ്യാഃ-അസ്യാഃ-പാണ്ഡുനി-പയോധരേ-ആഗാമിനാം-കാന്തനഖക്ഷതാനാം--പദം-പുരസ്താൽ-ആവേദയന്തീ-ഇവ-മകരീം-ലിലേഖ.

അർത്ഥം:—ഒരുത്തി മനോഹരാംഗിയായ ഇവളുടെ (പാർവ്വതിയുടെ) പാണ്ഡുവായ (യൌവനത്താൽ വെളുത്തതായ) പയോധരത്തിങ്കൽ ആഗാമികളായ (വരാൻപോകുന്ന) കാന്തനഖക്ഷതങ്ങളുടെ (ഭർത്താവിന്റെ നഖവ്രണങ്ങളുടെ) പദത്തെ (സ്ഥാനത്തെ) ആവേദയന്തിയോ എന്നു തോന്നുമാറ് (അറിയിപ്പിക്കുന്നവളോ എന്നു തോന്നുമാറ്) മകരിയെ (മകരമത്സ്യത്തെ) ലേഖനം ചെയ്തു (എഴുതി) ഒരുത്തി വരാൻപോകുന്ന ഭർത്തൃനഖവ്രണങ്ങളെ സൂചിപ്പിക്കുമാറ് പാർവതിയുടെ സ്തനത്തിൽ മകരമത്സ്യത്തിന്റെ സ്വരൂപത്തെ എഴുതി എന്നു സാരം.

രക്ഷാകരം തദിദമസ്തു തവാഗ്രഹസ്തേ
കാന്തസ്യ കങ്കണവതഃ കരപത്മയോഗേ.
ഉക്ത്വേതി കാചിത് സുമുഖീ തദനാമികായാ
മാമുക്തഗാരുഡമണിം നിദധേഽംഗുലീയം ൨൩

അന്വയം:—കങ്കണവതഃ-കാന്തസ്യ-കരപത്മയോഗേ-തൽ-ഇദം-തവ അഗ്രഹസ്തേ-രക്ഷാകരം-അസ്തു-ഇതി-ഉക്ത്വാ-കാചിൽ-സുമുഖീ--തദനാമികായാം--ആമുക്തഗാരുഡമണിം--അംഗുലീയം--നിദധേ.

അർത്ഥം:—കങ്കണവാനായ (സർപ്പങ്ങളാകുന്ന വളകളോടുകൂടിയ) കാന്തന്റെ (ഭർത്താവായ ശിവന്റെ) കരപത്മയോഗത്തിൽ (താമരപ്പൂപോലിരിക്കുന്ന കയ്യിന്റെ ചേർച്ചയിൽ) ആ ഇത് (അംഗുലീയകം) നിന്റെ അഗ്രഹസ്തത്തിൽ (കരാഗ്രത്തിൽ) രക്ഷാകരമായിട്ട് (രക്ഷയെ ചെയ്യുന്നതായിട്ട്) ഭവിക്കട്ടെ എന്നു പറഞ്ഞിട്ട് ഒരു സുമുഖി (സുന്ദരി) തദനാമികയിൽ (അവളുടെ അനാമികയിൽ—അണിവിരലിൽ) ആമുക്തഗാരുഡമണിയായ (ബന്ധിക്കപ്പെട്ട ഗാരുഡമണിയോടുകൂടിയതായ) അംഗുലീയത്തെ (മോതിരത്തെ) നിധാനംചെയ്തു (ചേർത്തു) ഗരുഡൻ സർപ്പങ്ങൾക്കു ശത്രുവാകയാൽ സർപ്പവളയുള്ള ശിവന്റെ കയ്യോടുചേരുമ്പോൾ പാർവ്വതിയ്ക്കു രക്ഷയായിട്ടിരിക്കട്ടെ എന്നു വിചാരിച്ചിട്ടോ എന്നു തോന്നു

മാറു ഒരുത്തി മരതകരത്നം പതിച്ച മോതിരം അണിയിച്ചു എന്നസാരം.

> കാചിന്നിതംബഫലകേ വിപുലേ തദീയേ
> കാഞ്ചീലതാം പ്രിയസഖീ കലയാംചകാര
> ഈശാനചിത്തഹരിണഗ്രഹണായ ഗൂഢം
> തന്മാർഗ്ഗസീമ്നി ഘടിതാമിവ പാശവല്ലീം ൯൦

അന്വയം:—കാചിത്-പ്രിയസഖീ-വിപുലേ-തദീയേ-നിതംബഫലകേ-ഈശാനചിത്തഹരിണഗ്രഹണായ-തന്മാർഗ്ഗസീമ്നി-ഗൂഢം-ഘടിതാം-പാശവല്ലീം-ഇവ കാഞ്ചീലതാം-കലയാംചകാര.

അർത്ഥം:—ഒരു പ്രിയസഖി വിപുലമായി (മഹത്തായി) തദീയമായ (അവളെ-പാർവ്വതിയെ സംബന്ധിച്ചതായ) നിതംബഫലകത്തിൽ (നിതംബപ്രദേശത്തിൽ) ഈശാനന്റെ (ശിവന്റെ) ചിത്തമാകുന്ന ഹരിണത്തിന്റെ (മാനിന്റെ) ഗ്രഹണത്തിനായിട്ട് തന്മാർഗ്ഗസീമാവിൽ അതിന്റെ (ചിത്തഹരിണത്തിന്റെ) വഴിമദ്ധ്യത്തിൽ ഗൂഢമായിട്ട് ഘടിതയായ (വയ്ക്കപ്പെട്ടതായ) പാശവല്ലിയോ എന്നതോന്നുമാറ് കാഞ്ചീലതയെ (പ്രശസ്തമായ അരഞ്ഞാണിനെ) കലനംചെയ്തു (ബന്ധിച്ചു) ഒരുത്തി ശിവന്റെ മനസ്സാകുന്ന മാനിനെ പിടിക്കുന്നതിനായിട്ട് മനസ്സാകുന്ന മാൻ വരുന്നവഴിയിൽ ഗൂഢമായി വച്ചിരിക്കുന്ന കയറോ എന്നതോന്നുമാറ് അരഞ്ഞാണിനെ അലങ്കരിപ്പിച്ചു-എന്നസാരം.

> ഗാഢപ്രഹാരസമയേഽപി ച തേ വരസ്യ
> പ്രീതിപ്രദം ഭവതു ശിഞ്ജിതമേതദീയം
> കാചിത് സഖീ സരസമാശിഷമിത്യുദീര്യ
> പാദാബ്ജയോഃ കനകനൂപുരമാമുമോച. ൯൧

അന്വയം—ഗാഢപ്രഹാരസമയേ-അപി-ച-തേ-വരസ്യ-ഏതദീയം-ശിഞ്ജിതം-പ്രീതിപ്രദം-ഭവതു-ഇതി-ആശിഷം-സരസം-ഉദീര്യ-കാചിത്-സഖീ-പാദാബ്ജയോഃ-കനകനൂപുരം-ആമുമോച.

അർത്ഥം—ഗാഢപ്രഹാരസമയത്തിലും (പ്രണയകലഹത്തിൽ പാദംകൊണ്ടു ഗാഢമായി പ്രഹരിക്കുന്ന സമയത്തിലും എന്നസാരം) അവിടുത്തെ വരന് (ഭർത്താവിന്) ഏതദീയമായ (നൂപുരസംബന്ധിയായ) ശിഞ്ജിതം (ശബ്ദം) പ്രീതിപ്രദമായിട്ട് (സന്തോഷത്തെകൊടുക്കുന്നതായിട്ട്) ഭവിക്കട്ടെ എന്നിങ്ങനെ ആശിസ്സിനെ സരസമാകുംവണ്ണം ഉദീരണം ചെയ്തിട്ട് (പറഞ്ഞിട്ട്) ഒരു സഖി പാദാബ്ജയത്തിൽ (രണ്ടുകാലിലും) കനകനൂപുരത്തെ (പൊന്നിൻ കാലാഴിയെ) ആമോചിച്ചു (ബന്ധിച്ചു)

സമുദ്യതാ കർത്തുമലക്തകാർദ്രം
പാദദ്വയം പല്ലവപേലവാംഘ്ര്യാഃ
നിസർഗ്ഗരക്തം തദവേക്ഷ്യ കാചിൽ
പരിശ്രമം നൈവ വൃഥാ ചകാര। ൯൦

അന്വയം — കാചിൽ-പല്ലവപേലവാംഘ്ര്യാഃ-പാദദ്വയം-അലക്തകാർദ്രം-കർത്തും-സമുദ്യതാ-നിസർഗ്ഗരക്തം-തത്-അവേക്ഷ്യ-വൃഥാ-പരിശ്രമം ന- ചകാര-ഏവ-

അർത്ഥം — ഒരുത്തി പല്ലവപേലവാംഘ്രിയുടെ (തളിരുപോലെ മനോഹരശരീരയായ പാർവ്വതിയുടെ) പാദദ്വയത്തെ അലക്തകാർദ്രമാക്കി (ചെമ്പഞ്ഞിച്ചാറുകൊണ്ട് നനച്ചതാക്കി) ചെയ്വാനായിട്ട് സമുദ്യതയായിട്ട് (ഒരുമ്പെട്ടവളായിട്ട്) നിസർഗ്ഗരക്തമായ (സ്വതേ ചുവന്നതായ) അതിനെ (പാദദ്വയത്തെ) അവേക്ഷിച്ചിട്ട് പരിശ്രമത്തെ (അലങ്കാരശ്രമത്തെ) വെറുതേ ചെയ്തില്ല- പാർവ്വതിയുടെ പാദദ്വയം സ്വതേ ചുവന്നതാകയാൽ നിഷ്ഫലമായിത്തീരും എന്നുവിചാരിച്ച് ചെമ്പഞ്ഞിച്ചാറ് അണിഞ്ഞതില്ല എന്നു സാരം।

ഇത്ഥം പ്രസാധനപരിഷ്ക്രിയമാണഗാത്രീ
സ്നിഗ്ദ്ധേന മുഗ്ദ്ധനയനാ സഖീജനേന
ഉൽഭിദ്യമാനകുസുമോൽകരപല്ലവാഢ്യാ
സപത്നീചകാര സുഷമാം നവകല്പവല്ല്യാഃ। ൯൧

അന്വയം — മുഗ്ദ്ധനയനാ-ഇത്ഥം- സ്നിഗ്ദ്ധേന സഖീജനേന- പ്രസാധനപരിഷ്ക്രിയമാണഗാത്രീ- ഉൽഭിദ്യമാനകുസുമോൽകരപല്ലവാഢ്യാഃ-നവകല്പവല്ല്യാഃ സുഷമാം- സപത്നീചകാര-

അർത്ഥം — മുഗ്ദ്ധനയനാ (മനോഹരാക്ഷിയായ പാർവ്വതി) ഈപ്രകാരം സ്നിഗ്ദ്ധമായ (സ്നേഹമുള്ള) സഖീജനത്താൽ പ്രസാധനം (അലങ്കാരം) കൊണ്ട് പരിഷ്കരിക്കപ്പെട്ട ശരീരത്തോടു കൂടിയവളായിട്ട് ഉൽഭിദ്യമാനകുസുമോൽകരപല്ലവായ (ഉണ്ടായിരിക്കുന്ന പുഷ്പസമൂഹത്തോടും തളിരിനോടും കൂടിയ) നവകല്പവല്ലിയുടെ (പുതുതായ കല്പകവല്ലിയുടെ) സുഷമയെ (പരമമായ ശോഭയെ) സപത്നിയാക്കിച്ചെയ്തു.

ആദായാഥ കരേണ കാഞ്ചനമയം കല്യാണിനീ ദർപ്പണം
പശ്യന്തീപ്രതിബിംബമുജ്ജ്വലതരാം തസ്മിൻ നിജാമാകൃതിം।
ആസീദംഗനയാ വയസ്യനിതരാമൌത്സുക്യമുഗ്ദ്ധാകുലാ
രൂപശ്രീഫലമേതദേവ സുദൃശാം യദ്വല്ലഭാലോകനം॥ (൯൨)

അന്വയം-- കല്യാണിനീ-സാ-കരേണ-കാഞ്ചനമയം-ദർപ്പണം-ആദായ. തസ്മിൻ-ധൃതഭൂഷണോജ്ജ്വലതരാം-നിജാം-ആകൃതിം-പശ്യന്തീ-വരസ്യ-ആഗമനേ-നിതരാം-ഔത്സുക്യപൂർണ്ണാകുലാ-ആസീൽ-സുദൃശാം-വല്ലഭാലോകനം-യൽ-ഏതൽ-ഏവ-രൂപശ്രീഫലം.

അന്വയം —കല്യാണിനിയായ (മംഗലമൂർത്തിയായ) അവൾ കരംകൊണ്ട് കാഞ്ചനമയമായ ദർപ്പണത്തെ (കണ്ണാടിയെ) ആദാനംചെയ്തിട്ട് (എടുത്തിട്ട്) അതിൽ (കണ്ണാടിയിൽ) ധൃതഭൂഷണോജ്ജ്വലതരയായി (ധൃതഭൂഷണയും (അലങ്കാരങ്ങളെ ധരിച്ചവളും) അതിനാൽ ഏറ്റവും പ്രകാശിക്കുന്നവളും ആയി) നിജയായ (തന്നെ സംബന്ധിച്ചതായ) ആകൃതിയെ പശ്യന്തിയായിട്ട് (കാണുന്നവളായിട്ട്) വരന്റെ ആഗമനത്തിൽ (വരവിൽ) ഏറ്റവും ഔത്സുക്യപൂർണ്ണാകുലയായി (ഔത്സുക്യംകൊണ്ടു പരവശയായി) ഭവിച്ചു. പാർവ്വതിക്ക് അലങ്കാരവിശിഷ്ടയായ തന്റെ ആകൃതികണ്ടപ്പോൾ ഭർത്താവു വരുന്നതിന് ഏറ്റവും താല്പര്യം വന്നതു് എന്താണ് എന്നതിനെ അർത്ഥാന്തരന്യാസംകൊണ്ടു സമർത്ഥിക്കുന്നു- സുദൃക്കുകൾക്ക (സ്ത്രീകൾക്ക്) വല്ലഭാലോകനം (ഭർത്തൃദർശനം) യാതൊന്നോ ഇതുതന്നെ രൂപശ്രീഫലമാകുന്നു (സൌന്ദര്യലക്ഷ്മിയുടെ ഫലമാകുന്നു) സ്ത്രീകൾക്ക തന്റെ അലങ്കാരമാഹാത്മ്യത്തെ ഭർത്താക്കന്മാർ കണ്ടു സന്തോഷിക്കുകയാണ സൌന്ദര്യസമ്പത്തിന്റെ ഫലം എന്നു സാരം.

ശ്ലോകം ൯.

തദനന്തരം ച നിഖിലജനമഹനീയമഹിമാ ഹിമാലയഃ നിജദുഹിതൃവാത്സല്യവിഹിതസദൃശീം സദ്യഃ സകലാമപി ക്രിയാം നിർവ്വർത്ത്യ പരമേശപരിഗമനപരമോത്സവമേവപരിപാലയൻ പ്രതിനവസുധാലേപസമുദിതവിഭവായാം സഭായാം വസിഷ്ഠാദിമുനിവരിഷ്ഠാധിഷ്ഠിതായാമതിഷ്ഠൽ.

അത്രതന്നെയുമല്ല തദനന്തരം (അതിന്റെശേഷം) നിഖിലജനങ്ങളാലും പൂജിക്കപ്പെടുവാൻ യോഗ്യമായ മഹിമാവോടുകൂടിയ ഹിമാലയൻ തന്റെ പുത്രിയുടെ വാത്സല്യവിഹിതിക്ക സദൃശിയായി സകലയായ ക്രിയയേയും നിർവ്വർത്തിച്ചിട്ട (കഴിച്ചിട്ട്) പരമേശപരിഗമനമാകുന്ന പരമോത്സവത്തെതന്നെ പരിപാലയൻ ആയിട്ട (കാത്തുനില്ക്കുന്നവൻ ആയിട്ട) പ്രതിനവസുധാലേപംകൊണ്ടു (പുതുതായി കുമ്മായം തേയ്ക്കുകകൊണ്ട്) സമുദിതവിഭവയായി) (ഉണ്ടായ വിശിഷ്ടശോഭയോടു കൂടിയതായി) വസിഷ്ഠാദിമുനിവരിഷ്ഠന്മാരാൽ (മുനിശ്രേഷ്ഠന്മാരാൽ) അധിഷ്ഠിതയായ (സ്ഥിതിചെയ്യപ്പെട്ടതായ) സഭയിൽ സ്ഥിതിചെയ്തു.

ഭദ്രസ്സാദ്രിസുതാമയേന മനസാ സ്വാസ്ഥ്യിൻ വസന്നദ്രിപേ
തത്തൽകൃത്യവിചിന്തയാ യുഗസമാ നിസ്തീര്യ സപ്ത ക്ഷപാഃ
പ്രാപ്തേ പാണിനിപീഡനോത്സവദിനേ പ്രസ്ഥാതുമുദ്യോഗവാൻ
സസ്മാരത്രിദശാൻവിധാതൃമുരജിച്ഛക്രമിത്രാദികാൻ ൯൭

അന്വയം—അഥ ഈശഃ- അദ്രിസുതാമയേന-മനസാ-സ്വാസ്ഥ്യിൻ-അദ്രിപേ-വസൻ-തത്തൽകൃത്യവിചിന്തയാ- യുഗസമാഃ- സപ്ത-ക്ഷപാഃ നിസ്തീര്യ-പാണിനിപീഡനോത്സവദിനേ-പ്രാപ്തേ- പ്രസ്ഥാതും-ഉദ്യോഗവാൻ- വിധാതൃമുരജിച്ഛക്രമിത്രാദികാൻ- ത്രിദശാൻ സസ്മാര

അർത്ഥം—ഭദ്രനാകട്ടെ അദ്രിസുതാമയമായ മനസ്സിനോടുകൂടെ സുഖമായ അദ്രിപതിയിൽ (കൈലാസത്തിൽ) വസിക്കുന്നവനായി (പാർക്കുന്നവനായി) തത്തൽ കൃത്യവിചിന്താഹേതുവായിട്ട് (ഓരോരോ കാര്യങ്ങളുടെ വിചാരം ഹേതുവായിട്ട്) ഏഴ് ക്ഷപകളെ (രാത്രികളെ) നിസ്തരണം ചെയ്തിട്ട് (കഴിച്ചിട്ട്) പാണിനിപീഡനോത്സവദിനം (വിവാഹോത്സവദിവസം) പ്രാപ്തമായപ്പോൾ (വന്നപ്പോൾ) പ്രസ്ഥാനം ചെയ്യാനായിട്ട് (പുറപ്പെടാനായിട്ട്) ഉദ്യോഗവാനായിട്ട് (ഉത്സാഹത്തോടുകൂടിയവനായിട്ട്) വിധാതൃമുരജിച്ഛക്രമിത്രാദികന്മാരായ (ബ്രഹ്മാവ് വിഷ്ണു ഇന്ദ്രൻ മിത്രൻ മുതലായ) ത്രിദശന്മാരെ (ദേവന്മാരെ) സ്മരിച്ചു

സ്മൃതമാത്രാസ്തതസ്തേന സ്മൃതിഗമ്യേന ശംഭുനാ
ത്രിദശാസ്തൽപദം പ്രാപുർധൃതദിവ്യവിഭൂഷണാഃ ൯൮

അന്വയം—തതഃ ത്രിദശാഃ-സ്മൃതിഗമ്യേന-തേന – ശംഭുനാ സ്മൃതമാത്രാഃ ധൃതദിവ്യവിഭൂഷണാഃ തൽപദം പ്രാപുഃ

അർത്ഥം—അനന്തരം ത്രിദശന്മാർ (ദേവന്മാർ) സ്മൃതിഗമ്യനായ (വേദാന്തവേദ്യനായ) ശംഭുവിനാൽ സ്മൃതമാത്രന്മാരായി (സ്മരിക്കപ്പെട്ട മാത്രയിൽതന്നെ എന്ന സാരം) ധൃതദിവ്യവിഭൂഷണന്മാരായിട്ട് (ധരിക്കപ്പെട്ട ദിവ്യാഭരണത്തോടുകൂടിയവരായിട്ട്) തൽപദത്തെ (ശിവന്റെ സ്ഥാനത്തെ) പ്രാപിച്ചു.

ആരുഹ്യ ഹംസമതിസുന്ദരമന്ദയാനം
സാകം ചതുസ്സനമുഖൈർമഹിതൈർമുനീന്ദ്രൈഃ
കാലാരിമാധികരപീഡനമാനനായ
കൈലാസശൈലമഗമത് കമലാധിവാസഃ ൯൯

അന്വയം — കമലാധിവാസഃ-അതിസുന്ദരമന്ദയാനം- ഹംസം-ആരുഹ്യ-മഹിതൈഃ ചതുസ്സനമുഖൈഃ – മുനീന്ദ്രൈഃ-സാകം-കാലാരിമാധികരപീഡനമാനനായ- കൈലാസശൈലം-അഗമത്.

അർത്ഥം—കമലാധിവാസൻ (ബ്രഹ്മാവ്) അതിസുന്ദരമായ (ഏറ്റവും മനോഹരമായ) മന്ദയാനത്തോടുകൂടിയ) ഹംസത്തെ (സ്വവാഹനത്തെ) ആരോഹണംചെയ്തിട്ട് (കയറിയിട്ട്) മഹിതന്മാരായി ചതുസ്സനമുഖന്മാരായ (ചതുസ്സനൻ മുതലായ) മുനീന്ദ്രന്മാരോടുകൂടെ കാലാരിമഹിതകരപീഡനമാനനത്തിനായിട്ട് (കാലാന്തകന്റെ വിവാഹത്തെ ബഹുമാനിപ്പാനായിട്ട്) കൈലാസശൈലത്തെ പ്രാപിച്ചു.

പക്ഷപ്രക്ഷോഭവേലാപ്രസൃമരപവനാധൂതനിസ്തുലനൃത്യൽ-
സപ്താംഭോരാശിവീചീഘുമുഘുമിതസമാക്രാന്തദിക്ചക്രവാളം
ആരൂഢഃ പക്ഷിരാജം ജയവിജയമുഖൈഃ പാർഷദൈരന്വിതഃ പ്രാക്
ത്ര്യക്ഷാവാസം പ്രപേദേ ശിഖരിവരമഹോ തൽക്ഷണം ചക്ര-
പാണിഃ ൯൪

അന്വയം—അഹോ—ചക്രപാണിഃ—പക്ഷപ്രക്ഷോഭവേലാപ്രസൃമരപവനാധൂതനിസ്തുലനൃത്യൽസപ്താംഭോരാശിവീചീഘുമുഘുമിതസമാക്രാന്തദിക്ചക്രവാളം-പക്ഷിരാജം-ആരൂഢഃ-ജയവിജയമുഖൈഃ പാർഷദൈഃ-അന്വിതഃ-തൽക്ഷണം-ത്ര്യക്ഷാവാസം ശിഖരിവരം-പ്രപേദേ-

അർത്ഥം—പക്ഷപ്രക്ഷോഭമാകുന്ന (ചിറക് അടിയ്ക്കുന്ന) വേലയാൽ (കളിയാൽ) പ്രസൃമരമായ (വ്യാപിച്ചതായ) പവനനാൽ (വായുവിനാൽ) ഉദ്ധൂതങ്ങളായി (ഇളക്കപ്പെട്ടവയായി) നിസ്തുല അതുലം (മടികൂടാതെ) വളരെ എന്നർത്ഥം നൃത്യങ്ങളായ (നൃത്തംചെയ്യുന്നവയായ) സപ്താംഭോരാശികളുടെ (ഏഴ് സമുദ്രങ്ങളുടെ) വീചികളുടെ (തിരമാലകളുടെ) ഘുമുഘുമിതത്താൽ (ഘുമുഘുമ എന്നുള്ള ശബ്ദത്താൽ) സമാക്രാന്തമായ (വ്യാപിക്കപ്പെട്ടതായ) ദിക്ചക്രവാളത്തോട് (ദിങ്മണ്ഡലത്തോട്) കൂടിയവനായ—ചിറകടിയുടെ കാറ്റിനാൽ ഏഴ് സമുദ്രങ്ങളേയും ഇളക്കിയവനായ എന്നർത്ഥം—പക്ഷിരാജനെ (ഗരുഡനെ) ആരൂഢനായി (കയറിയവനായി) ജയവിജയമുഖന്മാരായ (ജയൻ വിജയൻ ഇടങ്ങിയ) പാർഷദന്മാരോട് (ഭൃത്യസംഘങ്ങളോടു) അന്വിതനായിട്ട് (കൂടിയവനായിട്ട്) തൽക്ഷണം ത്ര്യക്ഷാവാസമായ (ശിവന്റെ വാസസ്ഥാനമായ) ശിഖരിവരനെ (പർവ്വതശ്രേഷ്ഠനെ) കൈലാസത്തെ എന്നർത്ഥം, പ്രാപിച്ചു.

ആരൂഢൈരാവതാഗ്ര്യം നവകനകപ്രഭാലം കൃതാന്തേന്ദ്രിരാജം
ക്ഷുഭ്യന്മത്ഗാംഗേയബന്ധം ശശധരധവളം വാഹയന്നാതപത്രം

സമൈസ്സുപർവ്വാസിസംഘൈരപി മുദിതമനാഃ പ്രാപ ദുഗ്ദ്ധാബ്ധിശൈലം
ശർവ്വോദ്വാഹോത്സവശ്രീസമുചിതമണിഭൂഷോജ്ജ്വലോ വജ്രപാണിഃ
൯൯

അന്വയം — വജ്രപാണിഃ നവകനകകൃതാലംകൃതം- ഐരാവതാഖ്യം- മന്തിരാജം- ആരുഹ്യ- ഉദഞ്ചൽഗാംഗേയഖണ്ഡം- ശശധരധവളം- ആതപത്രം- വാഹയൻ- മുദിതമനാഃ- ശർവ്വോദ്വാഹോത്സവശ്രീസമുചിതമണിഭൂഷോജ്ജ്വലഃ- സമൈഃ- സുപർവ്വാസിസംഘൈഃ അപി- ദുഗ്ദ്ധാബ്ധിശൈലം- പ്രാപ.

അർത്ഥം — വജ്രപാണി (ഇന്ദ്രൻ) നവകനകകൃതാലംകൃതമായി (പുതിയതായ സ്വർണ്ണംകൊണ്ടുള്ള മേൽവിരിപ്പിനാൽ അലങ്കരിക്കപ്പെട്ടതായി) ഐരാവതാഖ്യനായ മന്തിരാജനെ (ഗജശ്രേഷ്ഠനെ) ആരോഹണം ചെയ്തിട്ട് (കയറീട്ട്) ഉദഞ്ചൽ ഗാംഗേയഖണ്ഡവും (ശോഭിച്ചിരിക്കുന്ന സ്വർണ്ണഖണ്ഡത്തോടുകൂടിയതും) ശശധരധവളവും (ചന്ദ്രനെപ്പോലെ വെളുത്തതും) ആയ ആതപത്രത്തെ (വെൺകൊറ്റക്കുടയെ എന്നു സാരം) വാഹയനായി (പിടിപ്പിക്കുന്നവനായി) മുദിതമനസ്സായി (സന്തുഷ്ടചിത്തനായി) ശർവ്വോദ്വാഹമാകുന്ന (ശിവന്റെ വിവാഹമാകുന്ന) ഉത്സവശ്രീക്ക് സമുചിതമായ (യോഗ്യമായ) മണിഭൂഷകൊണ്ട് (സ്വർണ്ണാലംകാരംകൊണ്ട്) ഉജ്ജ്വലനായിട്ട് സമന്മാരായ സുപർവ്വാസിസംഘങ്ങളോടും കൂടെ (ദേവസമൂഹങ്ങളോടുംകൂടെ) ദുഗ്ദ്ധാബ്ധിശൈലത്തെ (വെള്ളിക്കുന്നിനെ) ദുഗ്ദ്ധം ശുഭ്രം എന്നർത്ഥം പ്രാപിച്ചു.

അന്യേ ച വഹ്നിവരുണാരുണവായുദണ്ഡി
വിത്തേശപാശ്യശ്വിവസുവിശ്വമുഖാ മഹാശാഃ
ഗന്ധർവ്വസിദ്ധഗണകിന്നരചാരണാശ്ച
ചന്ദ്രാവതംസനിലയം കലധൌതമാപുഃ ൧൦൦

അന്വയം — വഹ്നി- വരുണ- അരുണ- വായു- ദണ്ഡി- വിത്തേശ- പാശി- അശ്വി- വസു- വിശ്വമുഖാഃ- അന്യേ- മഹാശാഃ- ച- ഗന്ധർവ്വസിദ്ധഗണകിന്നരചാരണാഃ- ച- ചന്ദ്രാവതംസനിലയം- കലധൌതശൈലം- ആപുഃ

അർത്ഥം — വഹ്നി വരുണൻ- അരുണൻ- വായു കാലൻ വിത്തേശൻ അശ്വിനീദേവന്മാർ- വസുക്കൾ- വിശ്വന്മാർ മുതലായി അന്യന്മാരായ മഹാശന്മാരും (മഹദ്ദേവന്മാരും) ഗന്ധർവ്വസിദ്ധഗണകിന്നരചാരണന്മാരും ചന്ദ്രാവതംസനിലയമായ (ശിവൻ വസിക്കുന്നതായ) കലധൌതത്തെ (കലധൌതത്തെ) കൈലാസത്തെ എന്നു സാരം പ്രാപിച്ചു"

അഥ താനാഗതാനീശഃ സ്വാഗതോക്തിപുരസ്സരം
യഥാർഹമർഹയാമാസ വിധാതൃഹരിപൂർവ്വകാൻ ൨൦

അന്വയം — അഥ ഈശഃ ആഗതാൻവിധാതൃഹരിപൂർവ്വകാൻ താൻ- സ്വാഗതോക്തിപുരസ്സരം- യഥാർഹം_ അർഹയാമാസ

അർത്ഥം — അനന്തരം ഈശൻ ആഗതന്മാരായി (വന്നവരായി)വിധാതൃഹരിപൂർവ്വകന്മാരായ (ബ്രഹ്മാവിഷ്ണു മുതലായ) അവരെ (ദേവന്മാരെ) സ്വാഗതോക്തിപുരസ്സരമാകുംവണ്ണം (സ്വാഗതവചനത്തോടുകൂടുംവണ്ണം) യഥാർഹം (യോഗ്യതയ്ക്കനുസരിച്ച്) പൂജിച്ചു.

അഥ പ്രതിഷ്ഠാസുമുമാവിവാഹ
മഹോത്സവായേന്ദുകലാകലാപഃ
പ്രസാധയാമാസ തദുദ്ധശോഭം
പ്രസാധനാന്യേവ പുരാതനാനി. ൨൧

അന്വയം — അഥ-ഉമാ-വിവാഹമഹോത്സവായ- പ്രതിഷ്ഠാസുഃ ഇന്ദുകലാകലാപഃ-പുരാതനാനി- പ്രസാധനാനി- ഏവ-ഉദ്ധശോഭം പ്രസാധയാമാസഃ

അർത്ഥം — അനന്തരം (പൂജാനന്തരം) ഉമാവിവാഹമാകുന്ന മഹോത്സവത്തിനായിട്ട പ്രതിഷ്ഠാസുവായ (പുറപ്പെടാൻ ഇച്ഛിക്കുന്നവനായ) ഇന്ദുകലാകലാപനെ (ചന്ദ്രകലാധരനെ) പുരാതനങ്ങളായ (മുൻപുള്ളവയായ)പ്രസാധനങ്ങൾ തന്നെ (ആഭരണങ്ങൾ തന്നെ) ഉദ്ധശോഭമാകുംവണ്ണം (ഉല്പാദിക്കപ്പെട്ട ശോഭയോടുകൂടുംവണ്ണം) അലംകരിപ്പിച്ചു. ശിവന്റെ മുമ്പുള്ള ചന്ദ്രകലമുതലായ ആഭരണങ്ങൾ തന്നെ ശോഭയെ ഉണ്ടാക്കിയെന്നു സാരം.

ഉരരീചകാര ചികുരസ്യ രുചിം കപർദ്ദോ
ഭോഗീന്ദ്രമാല നവഹേമലതാ ച ജാതാ
ഉത്തംസചന്ദ്രകലികാ തപനീയപത്രപാ
ഭസ്മാംഗരാഗമുദിതാ ചിഹ്നണം വ്യലാസീൽ ൨൨

അന്വയം — കപർദ്ദഃ- ചികുരസ്യ- രുചിം- ഉരരീചകാര-ഭോഗീന്ദ്രമാല-നവഹേമലതാ- ച-ജാതാ-ഉത്തംസചന്ദ്രകലികാ- ഭ -സ്മാംഗരാഗമുദിതാ- തപനീയപത്രപാ- ചിഹ്നണം വ്യലാസീൽ.

അർത്ഥം — കപർദ്ദം (ജടാസമൂഹം) ചികുരത്തിന്റെ (കേശത്തിന്റെ) രുചിയെ (കാന്തിയെ) ഉരരീകരിച്ചു (അംഗീകരിച്ചു) കപർദ്ദം (തലമുടിയായി തീർന്നു എന്നു സാരം. ഭോഗീന്ദ്രമാലം (സർപ്പശ്രേഷ്ഠനാകുന്ന മാല) നവഹേമലതയായിട്ട (പുതിയതായ സ്വ

ണ്ണാഭരണമായിട്ടു) ജാതയായി. ഉത്തംസചന്ദ്രകലികാ (ശിരോലങ്കാരമായ ചന്ദ്രകല) ഉത്സംഗസംഗമുദിതയായി ഉത്സംഗത്തിൻെറ (കപർദ്ദം മുതലായ ഉച്ചസ്ഥലത്തിൻെറ) സംഗംകൊണ്ട് (സ്പർശംകൊണ്ട്) മുദിതയായി അനാകുലാത്മപ്രഭയായിട്ടു (സുഖമായ സൌന്ദൎയ്യത്തോടുകൂടിയതായിട്ട്) ചിന്നമാകുംവണ്ണം വിലസിച്ചു (ഏററവും ശോഭിച്ചു.

നിഖിലതനിലീനം പാടലം ലോചനം തൽ
ഘുസൃണരചിതമാസീൽ ചിത്രകം ചിത്രരമ്യം
വിഹിതവസതിരസ്മിൻ വിഷ്ഫുരന്നേവ ശശ്വൽ
പരിഹൃതസഹജോഷ്മാ പാവകശ്ശീതളോഭൂൽ. ൧൮൪

അന്വയം — നിഖിലതനിലീനം-പാടലം തൽ-ലോചനം ചിത്രരമ്യം-ഘുസൃണരചിതം-ചിത്രകം-ആസീൽ- അസ്മിൻ-വിഹിതവസതിഃ ശശ്വൽ-വിഷ്ഫുരൻ-ഏവ-പാവകഃ പരിഹൃതസഹജോഷ്മാ-ശീതളഃ-അഭൂൽ.

അർത്ഥം — നിഖിലതനിലീനവും (നെററിത്തടത്തിൽ ലയിച്ചതും) പാടലവും (ചെങ്കവർണ്ണവും) ആയ ആ ലോചനം (മൂന്നാംതൃക്കണ്ണ്) ചിത്രരമ്യമായി (അത്ഭുതവും മനോഹരവും ആയി) ഘുസൃണരചിതമായ (കുങ്കുമംകൊണ്ടു ഉണ്ടാക്കപ്പെട്ടതായ) ചിത്രകമായിട്ടു (പൊട്ടായിട്ടു) ഭവിച്ചു. ഇതിങ്കൽ (ഈ കണ്ണിൽ) വിഹിതവസതിയായി (ചെയ്യപ്പെട്ട വാസത്തോടുകൂടിയതായി) വസിക്കുന്നതായി എന്നസാരം. എല്ലായ്പ്പോഴും വിഷ്ഫുരന്നായി (പ്രകാശിക്കുന്നവനായി) തന്നെ ഇരിക്കുന്ന പാവകൻ (അഗ്നി) പരിഹൃതസഹജോഷ്മാവായി (കളയപ്പെട്ട സ്വാഭാവികമായ ചൂടോടുകൂടിയതായി) സ്വതേയുള്ള ചൂട കളഞ്ഞിട്ട് എന്ന സാരം. ശീതളനായിട്ടു (തണുപ്പുള്ളവനായിട്ടു) ഭവിച്ചു.

തത്തൽഭൂഷണതാം ഝടിതി ഫണഭൃതസ്തത്തൽപ്രദേശാശ്രിതാഃ
മുക്താഹാരലതാകലാപപദവീമസ്ഥിസ്രജോ ലംഭിതാഃ
അംഗേ കുങ്കുമപങ്കതാമുപഗതം ഭസ്മൈവ തസ്മിൻ ക്ഷണേ
ചിത്രം പീതദുകൂലതാമഗമൽ ചർമ്മാപി താരക്ഷവം. ൧൮൫

അന്വയം — തസ്മിൻക്ഷണേ- ഏവ-തത്തൽപ്രദേശാശ്രിതാഃ ഫണഭൃതഃ-തത്തൽഭൂഷണതാം- ഝടിതി- അസ്ഥിസ്രജഃ-മുക്താഹാരലതാകലാപപദവീം- ലംഭിതാഃ- ഭസ്മ- അംഗേ കുങ്കുമപങ്കതാം- ഉപഗതം -താരക്ഷവം- ചർമ്മ- അപി- ചിത്രം-പീതദുകൂലതാം- അഗമൽ.

അർത്ഥം — ആ ക്ഷണത്തിൽതന്നെ തത്തൽ പ്രദേശാശ്രിതങ്ങളായ (ഓരോരോ പ്രദേശങ്ങളെ ആശ്രയിച്ചുവരായ) ഫണഭൃ

ത്തുകഠം (സമ്പ്രഭം) തന്നാൽ ഭൂഷണത്തെയ (അണിയു് അലങ്കാരമാവതെന്ന) ധാരണംചെയ്ത (പ്രാപിച്ച) കണ്ഠ്കണ്ഠം മുതലായ പ്രദേശങ്ങളിലുള്ള സർപ്പങ്ങൾ വള്ള കണ്ഠാഭരണം തുടങ്ങിയ അലങ്കാരങ്ങളായിട്ട തിന്ന എന്ന സാരം. അന്ധഗിസ്ത്രകകം (അന്ധഗിമാലകരം) മുക്താഹാരലതാകലാപം പാരമിതയ (മുത്തുമാലയാകുന്ന അലങ്കാരത്തിന്റെ മാറ്റത്തെ) ലംബിതങ്ങളായി (പ്രാപ്തങ്ങളായി) അന്ധഗിമാലകരം മുത്തുമാലകളായിട്ട തിന്ന എന്ന സാരം. മസ്തം അംഗത്തിൽ കങ്കമപങ്കത്തെയ (കങ്കമപ്പൂശിന്റെ ഭാവത്തെ) ഉപഗതമായി (പ്രാപ്തമായി) ഭസ്മം കങ്കമം തേച്ചതുപോലെ ആയി എന്ന സാരം. താരക്ഷ്വാമയ (തരക്ഷ്വവിന്നെ-പുലിയെ-സംബന്ധിച്ചതായ) ചർമ്മവും (പുലിത്തോലും) ചിത്രമായ ചിത്രക്കൂലമാവതെ (മഞ്ഞ വസ്ത്രമാവതെ) ഭജിച്ചു (പ്രാപിച്ചു)

സർവ്വാങ്ഗാർപ്പിതചാരുഭൂഷണഗണപ്രത്യുപ്തനാനാമണി
ശ്രേണിനിർമ്മലകാന്തിപൂരലഹരീവിദ്യോതമാനാകൃതിഃ
സംവീതാമലദിവ്യവസ്ത്രവസനഃ സോയം പ്രസൂനായുധം
ഗാത്രേണാപ്യപനീതദർപ്പമകരോന്നേത്രേണ നോ കേവലം ൧൦൨

അന്വയം—സഃ-അയം-സർവ്വാങ്ഗാർപ്പിതചാരുഭൂഷണഗണപ്രത്യുപ്തനാനാമണി ശ്രേണിനിർമ്മലകാന്തിപൂരലഹരീവിദ്യോതമാനാകൃതിഃ-സംവീതാമലദിവ്യവസ്ത്രവസനഃ-പ്രസൂനായുധം-നേത്രേണ-കേവലം-നോ-ഗാത്രേണ-അപി അപനീതദർപ്പം അകരോത്.

അർത്ഥം—ആ ഇവൻ സർവാംഗങ്ങളിൽ അർപ്പിതങ്ങളായ (അലംകൃതങ്ങളായ) ചാരുഭൂഷണഗണങ്ങളിൽ (മനോഹരങ്ങളായ അലംകാരസമൂഹങ്ങളിൽ) പ്രത്യുപ്തങ്ങളായ (പതിച്ചിട്ടുള്ളതായ) നാനാമണിശ്രേണികളുടെ (നാനാരത്നസമൂഹങ്ങളുടെ) നിർമ്മലമായ കാന്തിപൂരലഹരിയാൽ (കാന്തിപ്രവാഹാധിക്യത്താൽ) വിദ്യോതമാനമായ (ശോഭിക്കുന്ന) ആകൃതിയോട് (ശരീരത്തോട്) കൂടിയവനായി, സംവീതമായ (ഉടുക്കപ്പെട്ടതായ) നിർമ്മലവും ദിവ്യവും ആയ വസനത്തോടു (വസ്ത്രത്തോടു) കൂടിയവനായിട്ട പ്രസൂനായുധനെ നേത്രംകൊണ്ടുതന്നെ അല്ല, ഗാത്രം കൊണ്ടും (ശരീരംകൊണ്ടും) അപനീതദർപ്പനാക്കി (കളയപ്പെട്ട അഹംകാരത്തോടുകൂടിയവനാക്കി) അഹംകാരമില്ലാത്തവനാക്കി എന്ന സാരം ചെയ്തു. കാമനേക്കാളും അതിസുന്ദരശരീരനായിതീൎന്ന എന്ന സാരം.

സംകല്പമാനോവ സദ്യൈ തന്നെ ഭഗവതശ്ചിത്രവൃത്യംഗരാഗ
വ്യാലിപ്തോരോഗാത്രഃ പരിധൃതവിമലാനർഘനാനാദുകൂലഃ
സദ്യോഽഗ്രഥ്യന്ത നവീപ്രസവഗണമയാപീഡകാ ലോല മാല്യാ-
കല്പാലങ്കാരകാഞ്ചീകടകമുഖമഹാകല്പവിഭ്രാജമാനഃ ൧൦൩

അന്വയം — തതഃ സദ്യഃ നന്ദിപ്രമുഖഗണചമൂപാലകാഃ ഭഗവതഃ സങ്കല്പേന ഏവ ചിത്രഹൃദ്യാങ്ഗരാഗവ്യാലിപ്തോദാരഗാത്രാഃ പരിധൃതവിമലാനൎഘനാനാദുകൂലാഃ ലോലമാലാകണ്ഠാലങ്കാരകാഞ്ചീകടകമുഖമഹാകല്പവിഭ്രാജമാനാഃ സദ്യഃ അദൃശ്യന്ത.

അൎത്ഥം — അനന്തരം ഭഗവാൻ അലങ്കരിച്ചതിനുശേഷം) സദ്യന്മാരായ നന്ദിപ്രമുഖഗണചമൂപാലകന്മാർ (നന്ദി തുടങ്ങിയ പ്രമഥഗണസേനാനായകന്മാർ) ഭഗവാന്റെ സങ്കല്പംകൊണ്ടുതന്നെ (വിചാരംകൊണ്ടുതന്നെ) ചിത്രവും ഹൃദ്യവും (ഹൃദയപ്രിയവും) ആയ അംഗരാഗത്താൽ (കുറിക്കൂട്ടിനാൽ) വ്യാലിപ്തമായ (തേക്കപ്പെട്ട) ഉദാരഗാത്രത്തോടു (മഹത്തായ ശരീരത്തോടു) കൂടിയവരായി പരിധൃതമായ (ധരിക്കപ്പെട്ട) വിമലവും അനൎഘവും (അമൂല്യവും) ആയ നാനാദുകൂലത്തോടു (പല വിധത്തിലുള്ള വസ്ത്രത്തോടു) കൂടിയവരായി. പല പ്രകാരത്തിലുള്ള വസ്ത്രങ്ങളും ഉടുത്തവരായിട്ട് എന്നു സാരം. ലോലങ്ങളായ (ഇളകുന്നവയായ) മാലകളും കണ്ഠാലങ്കാരങ്ങളും (കണ്ഠാഭരണങ്ങളും) കാഞ്ചി (അരഞ്ഞാണം) കടകങ്ങളും (വളകളും) മുതലായ മഹാകല്പങ്ങൾ കൊണ്ട് (മഹാലങ്കാരങ്ങൾ കൊണ്ടു) വിഭ്രാജമാനന്മാരായിട്ടു (ശോഭിക്കുന്നവരായിട്ടു) തൽക്ഷണം കാണപ്പെട്ടു.

ഗദ്യം ൧.

അഥച സമുപസ്ഥിതേ പ്രസ്ഥാനമുഹൂൎത്തേ പ്രഭാതനൎത്സ്യ ശംഖപടഹാദ്യേഷു മംഗലതൂൎയ്യേഷു വിസരത്സു ജയവചനേഷു പഠ്യമാനേഷു മംഗലസ്തോത്രേഷു ലഭ്യമാനേഷു ചൎമ്മജാലേഷു സസംഭ്രമസരോജസംഭവപ്രേൎയ്യമാണ തതാളീഗ്രസ്ഥാനമവാനന്ദിനാ നന്ദിനാ സമാനീതം കാഞ്ചനപടഹഘോഷ്ടിത്വവിസ്തൃതപൃഷ്ഠഭാഗം കണ്ഠതലലംബമാനകനകഘണ്ടികാഘണഘണാരവമുഖരിതഹരിന്തരാളം ഉൽഗളിതതുംഗശൃംഗസ്ഥലസംഗളിതജലധരകദംബം ഉന്നതപ്രഫുല്ലളിതധവളഗാത്രം മംഗളമഹാവാഹനം ഋഷഭം കാൺ ജംഗമതമിവ ശാരദമഹാപ്രഭവം കൈലാസം ധവളവൎണ്ണകരാവലംബി ശോഭിതം ശാകപാവമാധവ്യ സ്വൎണ്ണവിഭൂഷിതമുഖതലൈഃ ചത്രിവരഹംസപത്രാഭ്യാം ചക്രധരകമലാസനാഭ്യാമവിരതമമൃതപാൎശ്വാഭ്യാമുഭയപാൎശ്വവിന്യസ്തവിമലചാമരസമീരസമാധൂതകൎണ്ണൈഃ കണ്ഠീരവദേഹസിതവൎണ്ണമവലോക്യന്നദികേശപരകരകലിതകനകവേത്രനിവാൎയ്യമാണസംബാധനാ സ്വാന്തസമുജ്ജ്വലമാണ സൎവ്വോത്തമാ വീരഭദ്രകപ്ലീമഹാകാളകംഭോദരനികരപ്രമുഖമായ പ്രമഥസേനയാ പരിമണ്ഡലാനാം പരിസരഃ പരസ്പരവിമൎദ്ദസമ്പൂൎണ്ണ നന്ദ്യനിദാചതപിദാ ചമൂചമൂധാരവിസ്തൃതപര വിമിളിതഘന

ധ്വനിചമൽകൃതജഗത്ത്രയഃ ജഗത്ത്രയപ്രീതപദപ്രതിഷ്ഠിതാപി പക്ഷിഗ്രഹാഗ്രാദി മഹേശ്വരഃ പല്ലവിതമല്ലികാശരജീവനൗഷധി മോഷധിപ്രസ്ഥം പ്രതി പ്രതസ്ഥേ.

അർത്ഥം—അനന്തരം പ്രസ്ഥാനമുഹൂർത്തവും (പുറപ്പാടിനുള്ള മുഹൂർത്തവും) സമുപസ്ഥിതമായപ്പോൾ (അടുത്തുവന്നസമയത്തിൽ) ശംഖപടഹാദ്യങ്ങളായ മംഗലതൂര്യങ്ങൾ (മംഗലവാദ്യങ്ങൾ) പ്രധ്വനന്ത്യുകളായിരിക്കുമ്പോഴും (ശബ്ദിക്കുന്ന സമയത്തിലും) ജയവചനങ്ങൾ (ജയിച്ചാലും എന്നുള്ള വാക്യങ്ങൾ) വിസരന്തുകൾ (വ്യാപിച്ചിരിക്കുന്നവ) ആയിരിക്കുമ്പോഴും മംഗലസ്തോത്രങ്ങൾ പഠ്യമാനങ്ങളായിരിക്കുമ്പോഴും (പഠിക്കുന്നസമയത്തിലും) ചർമ്മങ്ങങ്ങൾ ഘട്ട്യമാനങ്ങളായിരിക്കുമ്പോഴും മഹേശ്വരൻ സംഭ്രമത്തോടുകൂടിയ സരോജസംഭവനാൽ (ബ്രഹ്മാവിനാൽ) പ്രേര്യമാണനും (പ്രേരിപ്പിക്കപ്പെട്ടവനും) തത്താൽക്കാലികമായ (താവൽക്കാലികമായ) ഉത്സവാനന്ദംകൊണ്ട് ആനന്ദിക്കുന്നവനും ആയ നന്ദിയാൽ സമാനീതവും (കൊണ്ടുവരപ്പെട്ടതും) കാന്തസ്വർണ്ണഛദത്താൽ (സ്വർണ്ണംകൊണ്ടുള്ള മേൽവിരിപ്പിനാൽ) ആസ്തീർണ്ണമായ (മൂടപ്പെട്ടതായ) വിസ്തൃതപൃഷ്ഠഭാഗത്തോടുകൂടിയതും കണ്ഠതടത്തിൽ ലംബമാനകളായ (തൂങ്ങിക്കിടക്കുന്ന) കനകഘണ്ടികകളുടെ (സ്വർണ്ണമണികളുടെ) ഘണഘണാരവത്താൽ (ശബ്ദവിശേഷത്താൽ) ഭരിതമായ (പൂരിതമായ) ഹരിദന്തരാളത്തോട് (ദിക്കുകളുടെ അഭ്യന്തരത്തോട്) കൂടിയതും, കഴുത്തിലെ മണികളുടെ ശബ്ദത്താൽ സകലദിക്കുകളേയും മുഴക്കുന്നത് എന്നുസാരം തുംഗവും (ഉന്നതവും) ശിതവും (മൂർച്ചയുള്ളതും) ആയ ശൃംഗയുഗളത്തിന്റെ (രണ്ടുകൊമ്പിന്റെ) സംഗംകൊണ്ട് മിളിതമായ (പിളർക്കപ്പെട്ടതായ) ഘനകദംബത്തോട് (മേഘസമൂഹത്തോട്) കൂടിയതും ഉന്നതമായി പൃഥുവായി (മഹത്തായി) ലളിതമായ (മോഹനമായ) ധവളഗാത്രത്തോട് (വെളുത്തശരീരത്തോടു) കൂടിയതും, അംഗജമഥനന്റെ (ശിവന്റെ) വാഹനത്തിലുള്ള കൌതുകംകൊണ്ടുവായിട്ട് സംഗമനായ (ഇളകിനടക്കുക എന്നതിനെ) ഉപഗതനായ (പ്രാപ്തനായ) അചലപുംഗവനായ (പർവതശ്രേഷ്ഠനായ) കൈലാസമോ എന്നുതോന്നുന്നതും ശാശ്വതവുമായ ശാക്കരവരനെ (വൃഷഭശ്രേഷ്ഠനെ) വൈശ്രവണകരാവലംബിയായിട്ട് (വൈശ്രവണന്റെ കയ്യുപിടിക്കുന്നവനായിട്ട്) ആരോഹിച്ചിട്ട് (കരേറീട്ട്) സുത്രാമാവിനാൽ (ഇന്ദ്രനാൽ) വിധൃതമായ (പിടിക്കപ്പെട്ട) മുക്താതപത്രത്തോടു (മുത്തുക്കുടയോട്) കൂടിയവനായി, പതത്രിവരനും (ഗരുഡനും) ഹംസവുമാകുന്ന പത്രങ്ങളോട് (വാഹനങ്ങളോടു) കൂടിയവരും എല്ലാപ്പോഴും അമുക്തമായ (മോചിക്കപ്പെടാത്ത) പാർശ്വത്തോടു (ഇരുപുറത്തോടു) കൂടിയവരും ആയ എല്ലാപ്പോഴും

ഭാഗത്തുനിൽക്കുന്നവരായ എന്നർത്ഥം- ചക്രധരകമലാസനന്മാരാൽ (വിഷ്ണുവിനാലും ബ്രഹ്മാവിനാലും) വീജ്യമാനങ്ങളായ (വീശപ്പെടുന്ന) വിമലചാമരങ്ങളുടെ സമീരണനാൽ (വായുവിനാൽ) സമാധൂതങ്ങളായ (ഇളക്കപ്പെട്ടവയായ) കുന്തളങ്ങളോടു (കേശങ്ങളോടു) കൂടിയവനായി, കന്ദളിതമായ (ഉണ്ടായതായ) മന്ദഹസിതംകൊണ്ടു സുന്ദരമായ വദനേന്ദുവിനോടു (മുഖചന്ദ്രനോടു) കൂടിയവനായി, നന്ദികേശ്വരന്റെ കരത്തിൽ കലിതമായ (ധരിക്കപ്പെട്ട) കനകവേത്രംകൊണ്ടു് (സ്വർണ്ണച്ചൂരൽവടികൊണ്ടു) നിയമ്യമാനമായ (തടുക്കപ്പെടുന്ന) സംബാധത്തോടു (തിരക്കിനോടു) കൂടിയവനും, സ്വാന്തത്തിൽ (മനസ്സിൽ) സമുജ്ജൃംഭമാണമായ (വർദ്ധിച്ചതായ) സന്തോഷത്തോടുകൂടിയവനും വീരഭദ്രൻ ഭദ്രകാളി മഹാകാളൻ കുംഭോദരൻ നികുംഭൻതുടങ്ങിയവരും ആയ പ്രമഥസേനയാൽ (ശിവപാർഷദസൈന്യത്താൽ) പരിഭാസമാനമായ (ശോഭിക്കുന്നതായ) പരിസരത്തോടു (സമീപപ്രദേശത്തോടു) കൂടിയവനായി, പരസ്പരം മത്സരപുരസ്സരന്മാരായ (മത്സരത്തോടുകൂടിയ) അസുരനിശാചരപിശാചാദികളുടെ മുഖാന്തർഭാഗത്തിൽനിന്നു വിസൃത്വരവും (വ്യാപിച്ചതും) വിമിശ്രിതവും (ഇടകലർന്നതും) ആയ ജയനാദധ്വനിയാൽ (മഹാശബ്ദത്താൽ) ചമൽകൃതമായ (അലംകൃതമായ) മുഴക്കപ്പെട്ടതായ എന്നർത്ഥം, ജഗത്ത്രയത്തോടുകൂടിയവനായി ജഗത്ത്രയത്തിന്റെ (മൂന്നുലോകത്തിന്റെ) പിതൃപദത്തിൽ (പിതാവെന്നുള്ള സ്ഥാനത്തിൽ) പ്രതിഷ്ഠിതനെങ്കിലും (സ്ഥിതിചെയ്യുന്നവനെങ്കിലും) പരിഗ്രഹാഗ്രഹിയായിട്ടു (ഭാര്യയെ ആഗ്രഹിക്കുന്നവനായിട്ടു) സകലലോകങ്ങളുടേയും പിതാവായപ്പോഴും ഒരാളെ ഭാര്യയാക്കി സ്വീകരിക്കണമെന്നുവിചാരിച്ചതു വിരോധം പല്ലവിതയായ (തളിർത്തതായ) മല്ലികാശരന്റെ (കാമന്റെ) ജീവനൌഷധിയായ കാമനെ പുനർജ്ജീവിപ്പിക്കുന്നതായ എന്നർത്ഥം ഓഷധിപ്രസ്ഥത്തെക്കുറിച്ചു് (ഹിമവാന്റെ പുരത്തെക്കുറിച്ചു) പ്രസ്ഥാനംചെയ്തു (പുറപ്പെട്ടു-)

കൈലാസാൽ കാലശത്രൗ വിചലതി ചലിതാ
തൽപുരസ്സ്ഥാദനല്പാ
ജാതസ്ഫീതപ്രഘോഷാ ജനതതിരവിശ-
ദ്രാജധാനീം ഹിമാദ്രേഃ
പശ്ചാദുച്ചണ്ഡവാതവ്യതികരവിചലൽ
സപ്തപാഥോധിവീചീ-
നിസ്സന്ദോപാനശങ്കാകരഘനവിസര-
ശംഖഭേരിപ്രണാദഃ ൧൦൬

അന്വയം — കാലശത്രൗ- കൈലാസാൽ- വിചലതി-തൽപുര

സ്ഥാൽ- ചലിതാ- ജാതസ്ഫീതപ്രഘോഷാ- ജനതതിഃ- ഹിമാദ്രേഃ
രാജധാനീം- അവിശൽ- പശ്ചാൽ- ഉച്ചണ്ഡവാതവ്യതികരവിചലൽ
സപ്തപാഥോധിവീചീനിസ്സാന്ദ്രധ്വാനശങ്കാകരഘനവിസരഃ- ശംഖ
ഭേരീപ്രരാവഃ- അവിശൽ

അർത്ഥം — കാമാരൌ (ശിവൻ) കൈലാസത്തിൽനിന്നു വിചലന്നായിരിക്കുമ്പോൾ (പുറപ്പെട്ടസമയത്തിൽ) അതിനുമുൻപെ ചലിതയായി (പുറപ്പെട്ടതായി) ജാതസ്ഫീതപ്രഘോഷയായ (ഉണ്ടായതായ മഹാഘോഷത്തോടുകൂടിയ) ജനതതി (ജനക്കൂട്ടം) ഹിമാദ്രിയുടെ (ഹിമവാന്റെ) രാജധാനിയെ പ്രവേശിച്ചു പിന്നീടു ഉച്ചണ്ഡമായ (ഭയങ്കരമായ) വാതത്തിന്റെ (വായുവിന്റെ) വ്യതികരംകൊണ്ടു (ചേർച്ചകൊണ്ട്) വിചലന്തികളായ (ഇളകുന്നവയായ) സപ്തപാഥോധിവീചികളുടെ (ഏഴുസമുദ്രങ്ങളുടെ തിരമാലകളുടെ) നിസ്സാന്ദ്രമായ (ഏററവും വൎദ്ധിച്ചതായ എന്നൎത്ഥം) ധ്വാനത്തിന്റെ ശങ്കാകരമായ (ശബ്ദമെന്നുള്ള ശങ്കയെ ചെയ്യുന്നതായ) ഘനവിസരത്തോടു (ഇടതിങ്ങിയ വ്യാപ്തിയോടു) കൂടിയതായ ഏഴു സമുദ്രങ്ങളും കൂടെ ഒന്നിച്ചു ഇളകിയാലത്തെപ്പോലുള്ള ശബ്ദത്തോടു കൂടിയ എന്നൎത്ഥം. ശംഖഭേരീപ്രരാവം (ശംഖങ്ങളുടേയും ഭേരികളുടേയും ശബ്ദം) പ്രവേശിച്ചു-ശിവൻ ഹിമവൽപുരത്തിൽ ചെല്ലുന്നതിന്നു മുൻപുതന്നെ വളരെ ജനസംഘം ചെന്നുചേരുകയും ശംഖങ്ങളും പെരുമ്പറകളും മുഴക്കുകയും ചെയ്തു എന്നൎത്ഥം.

ശ്രോത്രാന്തരം വിശതി വാദ്യരവേ ഽഥ തസ്മി-
ന്നാസ്ഥാനഗഃ സബഹിരേത്യ പുരാൽ ഗിരീന്ദ്രഃ
സാൎദ്ധം സുഹൃൽഭിരതിമേദുരതൂൎയ്യഘോഷഃ
പ്രാപ്തിം പ്രഭോഃ പ്രമദവാൻ പരിപാല്യ തസ്ഥൌ ൧൦൮

അന്വയം — അഥ തസ്മിൻ-വാദ്യരവേ ശ്രോത്രാന്തരം വിശതി- ആസ്ഥാനഗഃ-സഃ- ഗിരീന്ദ്രഃ- പുരാൽ- ബഹിഃ- ഏത്യ- സുഹൃൽഭിഃ- സാൎദ്ധം- അതിമേദുരതൂൎയ്യഘോഷഃ- പ്രമദവാൻ-പ്രഭോഃ- പ്രാപ്തിം- പരിപാല്യ- തസ്ഥൌ.

അർത്ഥം — അനന്തരം (ശിവന്റെ വരവിനെ സംബന്ധിച്ചു പെരുമ്പറ മുഴക്കിയ സമയം) ആ വാദ്യരവം ശ്രോത്രാന്തരത്തെ (ശ്രവണാന്തർഭാഗത്തെ) പ്രവിശത്തായപ്പോൾ (പ്രവേശിച്ചപ്പോൾ) ആസ്ഥാനഗനായ (ആസ്ഥാനമണ്ഡപത്തിൽ ഇരിക്കുന്ന) ആ ഗിരീന്ദ്രൻ പുരത്തിൽ നിന്നു വെളിയിൽ വന്നിട്ടു സുഹൃത്തുക്കളോടു (ബന്ധുക്കളോടു) കൂടെ അതിമേദുരതൂൎയ്യഘോഷനായി (ഏററവും വൎദ്ധിച്ച പെരുമ്പറകളുടെ ശബ്ദത്തോടുകൂടിയവനായി) പ്രമ

മാനനായിട്ടു (സന്തോഷത്തോടുകൂടിയവനായിട്ടു) ഭൂതപതിന്റെ (ശിവന്റെ) പ്രാപ്തിയെ (വരവിനെ) പരിപാലിച്ചിട്ടു (നോക്കിക്കൊണ്ടു്) സ്ഥിതിചെയ്തു.

അതിലംഘ്യ വർത്മ വിധിവിഷ്ണുവാസവാ-
ദ്യമരോത്തമൈസ്സഹ സമഗ്രഭൂഷണൈഃ
അധികശ്രിയാ സ്വവപുഷാ പരിസ്ഫുര-
ന്നചലേന്ദ്രഗേഹമഖിലേശ്വരോ യയൌ ൧൧൦

അന്വയം — അഖിലേശ്വരഃ വിധിവിഷ്ണുവാസവാദ്യമരോത്തമൈഃ സഹ-വർത്മ-അതിലംഘ്യ സമഗ്രഭൂഷണൈഃ അധികശ്രിയാ-സ്വവപുഷാ-പരിസ്ഫുരൻ-അചലേന്ദ്രഗേഹം-യയൌ

അർത്ഥം — അഖിലേശ്വരൻ വിധിവിഷ്ണുവാസവാദ്യമരോത്തമന്മാരോടുകൂടെ (ബ്രഹ്മാവു് വിഷ്ണു ഇന്ദ്രൻ മുതലായ ദേവശ്രേഷ്ഠന്മാരോടുകൂടെ) വർത്മത്തെ അതിലംഘിച്ചിട്ടു് (വഴിയെ കടന്നിട്ടു്) സമഗ്രഭൂഷണങ്ങൾകൊണ്ടു (സമ്പൂർണ്ണാലങ്കാരങ്ങൾകൊണ്ടു്) അധികശ്രീയായ (ഏററവും ശോഭയോടുകൂടിയതായ) സ്വവപുസ്സുകൊണ്ടു (തന്റെ ശരീരംകൊണ്ടു) പരിസ്ഫുരൻ ആയിട്ടു (ശോഭിക്കുന്നവൻ ആയിട്ടു) അചലേന്ദ്രഗേഹത്തെ യാനംചെയ്തു (ഹിമവാങ്കൽ വന്നു എന്നു സാരം)

ഗിരിശയോർദ്വയോർവ്വർഗ്ഗയോസ്സംസർഗ്ഗമേയുഷി
സമുദ്രയോർദ്വയോർയ്യോഗസ്സമുദ്രത്വമുപായയൌ ൧൧൧

അന്വയം — തയോഃ ദ്വയോഃ ഗിരിശയോഃ വർഗ്ഗേ–സംസർഗ്ഗം-ഏയുഷി–ദ്വയോഃ-സമുദ്രയോഃ-യോഗഃ-സമുദ്രത്വം-ഉപായയൌ

അർത്ഥം — ആ രണ്ടു ഗിരിശന്മാരുടെ (ശിവന്റെയും ഹിമവാന്റെയും) വർഗ്ഗം (സമൂഹം) സംസർഗ്ഗത്തെ (ചേർച്ചയെ) ഏയിവത്തായപ്പോൾ (പ്രാപിച്ചിരിക്കുമ്പോൾ) രണ്ടു സമുദ്രങ്ങളുടെ യോഗം സമുദ്രത്വത്തെ പ്രാപിച്ചു. രണ്ടു ഗിരിശന്മാർ ചേർന്നപ്പോൾ രണ്ടു സമുദ്രങ്ങൾ ചേർന്നതുപോലെയായി എന്നു സാരം.

അഥാധിരൂഢോ വൃഷഭാധിരാജം
വിധാതൃവൈകുണ്ഠകരാവലംബീ
പുരസ്സരേണാദ്രിവരേണ സാകം
പുരപ്രവേശം പുരജിദ്വിതേനേ. ൧൧൨

അന്വയം — അഥ-പുരജിൽ. വൃഷഭാധിരാജം–അധിരൂഢഃ വിധാതൃവൈകുണ്ഠകരാവലംബീ-പുരസ്സരേണ–അദ്രിവരേണ-സാകം പുരപ്രവേശം-വിതേനേ.

അർത്ഥം—അനന്തരം പുരജിത്തു (ശിവൻ) വൃഷഭാധിരാജങ്കൽനിന്ന് അവരൂഢനായി (ഇറങ്ങിയവനായി) വിധാതൃവൈകുണ്ഠകരാവലംബിയായിട്ടു (ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും കയ്യു പിടിച്ചിട്ടു) പുരസ്സരനായ (മുമ്പിൽ നടക്കുന്നവനായ) അദ്രിവരനോടുകൂടെ (ഹിമവാനോടുകൂടെ) പുരപ്രവേശത്തെ ചെയ്തു (പുരത്തിൽ പ്രവേശിച്ചു.)

പ്രവിശതി ശശിശേഖരേ രാജവീഥീം
നഗരപുരന്ധ്ര്യസ്തദ്ദിദൃക്ഷാതിരേകാൽ,
ഹൃദി സമുദിതമോദാ തുംഗസൌധാനി ഭേജു
സ്ത്വരിതഗമനശിഞ്ജന്മഞ്ജുഭൂഷാവിശേഷാഃ ൨൨

അന്വയം—ശശിശേഖരേ-രാജവീഥീം-പ്രവിശതി-നഗരപുരന്ധ്ര്യഃ-തദ്ദിദൃക്ഷാതിരേകാൽ-ഹൃദി സമുദിതമോദാഃ-ത്വരിതഗമനശിഞ്ജന്മഞ്ജുഭൂഷാവിശേഷാഃ-തുംഗസൌധാനി-ഭേജുഃ

അർത്ഥം—ശശിശേഖരൻ (ചന്ദ്രക്കലാധരനായ ശിവൻ) രാജവീഥിയിൽ പ്രവിശനായപ്പോൾ (പ്രവേശിച്ചിരിക്കുമ്പോൾ) നഗരപുരന്ധ്രികൾ (ഹിമവാന്റെ പുരസ്ത്രീകൾ) തദ്ദിദൃക്ഷാതിരേകം ഹേതുവായിട്ട് (അദ്ദേഹത്തെ കാണ്മാനുള്ള ആഗ്രഹത്തിന്റെ ആധിക്യത്താൽ) ഹൃദിയിൽ (മനസ്സിൽ) സമുദിതമായ (ഉണ്ടായതായ) മോദത്തോടുകൂടിയവരായി ത്വരിതഗമനംകൊണ്ടു (വേഗത്തിലുള്ള നടപ്പിനാൽ) ശിഞ്ജത്തുകളായ (ശബ്ദിക്കുന്നവയായ) മഞ്ജുഭൂഷാവിശേഷത്തോടു (മനോഹരാലങ്കാരവിശേഷത്തോടു) കൂടിയവരായിട്ടു തുംഗസൌധങ്ങളെ ഭജിച്ചു (പ്രാപിച്ചു) പുരസ്ത്രീകൾ ശ്രീപരമേശ്വരനെക്കാണ്മാനായി രാജവീഥിയുടെ രണ്ടു വശത്തുമുള്ള തുംഗസൌധങ്ങളിൽ കേറി നിന്നു എന്നു സാരം.

ചതുരമധുരവേഷം ചന്ദ്രലേഖാകലാപം
സവിധഭുവി ചരന്തം ലോചനൈരാപിബന്ത്യഃ
ഗളിതധൃതി ഹൃദന്തേ ചിന്തയാമാസുരേവം
മദനകുതുകഭാരവ്യാകുലാ വാരയോഷാഃ ൨൩

അന്വയം— ചതുരമധുരവേഷം-സവിധഭുവി-ചരന്തം-ചന്ദ്രലേഖാകലാപം-ലോചനൈഃ-ആപിബന്ത്യഃ-വാരയോഷാഃ-മദനകുതുകഭാരവ്യാകുലാഃ-ഗളിതധൃതി-ഹൃദന്തേ-ഏവം-ചിന്തയാമാസുഃ

അർത്ഥം—ചതുരമധുരവേഷനായ സവിധഭുവിൽ (സമീപദേശത്തിൽ) ചരന്തം (സഞ്ചരിക്കുന്നവനായ) ആയ ചന്ദ്രലേഖാകലാപനെ (ചന്ദ്രചൂഡനെ) ലോചനങ്ങൾകൊണ്ടു (കണ്ണുകൾകൊണ്ടു) ആപിബന്തികളായ (കുടിക്കുന്നവരായ, കാണുന്നവരായ എന്നു സാരം)

വാരയോഷകൾ (വേശ്യാസ്ത്രീകൾ) മദനനാലും (കാമനാലും) കൌതുകത്താലും വ്യാകുലകളായിട്ട് (പരവശകളായിട്ട്) ഗളിതധൃതിയാകുംവണ്ണം (പോയിരിക്കുന്ന ധൈര്യത്തോടുകൂടുംവണ്ണം) ധൈര്യം ഇല്ലാതവരായിട്ട് എന്നു സാരം, ഹൃദന്തത്തിൽ (മനസ്സിൽ) ഇപ്രകാരം ചിന്തിച്ചു (വിചാരിച്ചു)

അമുമനുപമഗാത്രം വല്ലഭം ലബ്ധുകാമാ
ചിരമകൃത തപസ്യാം യൽ സതീ പാർവ്വതീ സാ
ഇദമുചിത,മനല്പൈരാർജ്ജിതൈരേവ പുണ്യൈഃ
സദൃശതരുണലാഭഃ സർവ്വസീമന്തിനീനാം. ൧൧൮

അന്വയം — സതീ-സാ-പാർവ്വതീ-അനുപമഗാത്രം അമും വല്ലഭം ലബ്ധുകാമാ-ചിരം-തപസ്യാം-അകൃത-യൽ-ഇദം-ഉചിതം, സർവ്വസീമന്തിനീനാം-സദൃശതരുണലാഭഃ-അനല്പൈഃ-ആർജ്ജിതൈഃ പുണ്യൈഃ-ഏവ

അർത്ഥം — സതിയായ (പതിവ്രതയായ) ആ പാർവ്വതി അനുപമഗാത്രനായ (സദൃശമില്ലാത്ത ശരീരത്തോടുകൂടിയവനായ) ഇദ്ദേഹത്തെ ഭർത്താവായി ലബ്ധുകാമയായിട്ട് (ലഭിപ്പാൻ ആഗ്രഹിക്കുന്നവളായിട്ട്) വളരെക്കാലം തപസ്യയെ (തപശ്ചര്യയെ) ചെയ്തു എന്നുള്ളത് യാതൊന്ന് ഇത് (തപസ്സുചെയ്തത്) ഉചിതമാകുന്നു (യോഗ്യമാകുന്നു) സർവ്വസീമന്തിനികൾക്ക് (സകല സുന്ദരിമാർക്ക്) സദൃശതരുണലാഭം (തനിക്കു തുല്യനായ യുവാവിനെ ലഭിക്കുക) അനല്പങ്ങളായി (വളരെകളായി) ആർജ്ജിതങ്ങളായ (സമ്പാദിക്കപ്പെട്ട) പുണ്യങ്ങൾകൊണ്ടുതന്നെ ആകുന്നു സ്ത്രീകൾക്ക് സദൃശനായ വരന്റെ ലാഭം പുണ്യസാദ്ധ്യമാണ്. അതിനാൽ വളരെക്കാലം തപസ്സുചെയ്തത് യുക്തമാകുന്നു എന്നു സാരം.

അദ്ഭുതമദ്ഭുതമേതൽ ദഗ്ധവാൻ പുഷ്പചാപം
പുനരയമിതി ലോകൈരുക്തമാകർണ്ണിതം ച
വപുരിദമനപശ്യന്നസ്യ വിശ്വാഭിരാമം
സ ഹി നിയതമഹാസീദീർഷ്യയൈവാത്മദേഹം (൧൧൯)

അന്വയം — അയം-പുഷ്പചാപം-ദഗ്ധവാൻ-ഇതി ലോകൈഃ പുനഃ-ഉക്തം ആകർണ്ണിതം-യൽ-ഏതൽ-അദ്ഭുതം-അദ്ഭുതം ഹി സഃ-വിശ്വാഭിരാമം അസ്യ-ഇദം-വപുഃ അനാപശ്യൻ-ഈർഷ്യയാ-ഏവ-ആത്മദേഹം-അഹാസീൽ-നിയതം.

അർത്ഥം — ഇദ്ദേഹം (ശിവൻ) പുഷ്പചാപനെ (കാമനെ) ദഗ്ധവാനായി (ദഹിപ്പിച്ചു) എന്നിങ്ങനെ ലോകങ്ങളാൽ (ജനങ്ങ

ളാൽ) പിന്നെയും പിന്നെയും ഉക്തവും (പറയപ്പെട്ടതും) ആകർണ്ണി തവും (കേൾക്കപ്പെട്ടതും) ആയിരിക്കുന്നത് യാതൊന്ന് ഇത് (ഈ പറയുന്നത്) അനൃതമാകുന്ന അനൃതമാകുന്ന (ഏറ്റവും അസത്യമാകുന്ന) യാതൊന്നിനാൽ അവൻ (കാമൻ) വിശ്വാഭിരാമമായ (സർവ്വോൽകൃഷ്ടമായ) ഇന്ദുശേഖരന്റെ (ശിവന്റെ) ഈ വപുസ്സിനെ (ദേഹത്തെ) അനാപൃച്ഛ്യനായിട്ട് (കാണാത്തവനായിട്ട്) ഈർഷ്യയാൽ (അസൂയയാൽ) തന്നെ ആത്മദേഹത്തെ (തന്റെ ദേഹത്തെ) ഉപേക്ഷിച്ചു നിശ്ചയം. കാമൻ വിശേഷാൽകൃഷ്ടമായ ഇന്ദുശേഖരന്റെ ഈ ദേഹത്തെക്കണ്ടിട്ട് താനെ ആത്മത്യാഗം ചെയ്തതാണ്. അല്ലാതെ പരമശിവൻ ദഹിപ്പിച്ചു കാമനെ എന്നു പറയുന്നത് അസത്യമാണ്. കാമനെക്കാളും അതിമനോഹരമാണ് ഇന്ദുശേഖരന്റെ ദേഹം എന്നു സാരം.

അമുമുപവനമല്ലീവല്ലരീകുഞ്ജഗേഹേ
കൃതസമയമവാപ്യ ദ്വാരി വിന്യസ്യ ശാടീം
രഹസി രഹിതശങ്കം കുങ്കുമാകല്പഭാജൌ
സഫലയതി കുചൌ യാ സൈവ ധന്യാ വധൂനാം. (൧൧൭)

അന്വയം — അമും-ഉപവനമല്ലീവല്ലരീകുഞ്ജഗേഹേ-കൃതസമയം-അവാപ്യ-ദ്വാരി-ശാടീം-വിന്യസ്യ-രഹസി-രഹിതശങ്കം-കുങ്കുമാകല്പഭാജൌ-കുചൌ-യാ-സഫലയതി-സാ-ഏവ-വധൂനാം-ധന്യാ

അർത്ഥം — ഇന്ദുശേഖരനെ ഉപവനത്തിലെ മല്ലീവല്ലരികൾകൊണ്ടുള്ള (മുല്ലപ്പൂവള്ളികൾകൊണ്ടുള്ള) കുഞ്ജഗേഹത്തിൽ (വള്ളിക്കുടിലിൽ) മുല്ലപ്പൂക്കൾ നിറഞ്ഞിട്ടുള്ള വള്ളിക്കുടിലിൽ എന്നു സാരം കൃതസമയനായിട്ട് (ചെയ്യപ്പെട്ട നിശ്ചയത്തോടുകൂടിയവനായിട്ട്) ഒരു നിശ്ചിതകാലത്തിൽ എന്നു സാരം-അവാപിച്ചിട്ട് (ലഭിച്ചിട്ട്) ദ്വാരിൽ (വാതലിൽ) ശാടിയെ (വസ്ത്രത്തെ) വിന്യസിച്ചിട്ട് (വച്ചിട്ട്) രഹസ്സിൽ (വിജനസ്ഥലത്തിൽ) രഹിതശങ്കമാംവണ്ണം (ശങ്കകൂടാതെ) കുങ്കുമാകല്പഭാക്കുകളായ (കുങ്കുമമാകുന്ന അലങ്കാരത്തെ പ്രാപിച്ചവയായ) കുങ്കുമം തേച്ച സ്തനങ്ങൾ എന്നു പറകയാൽ ചൂടിനെ സൂചിപ്പിച്ചിരിക്കുന്നു. കുചങ്ങളെ (സ്തനങ്ങളെ) യാവളൊരുത്തി സഫലങ്ങളാക്കിച്ചെയ്യുന്നു. ഇന്ദുശേഖരനെ നിശ്ശങ്കമാംവണ്ണം ആലിംഗനം ചെയ്യുന്നവൾ അതിധന്യയാകുന്നു എന്നു സാരം.

പ്രണയകലഹരോഷാമെത്യ കാന്തേ പ്രണാമേ
പ്രണതിമുപഗതേഽസ്മിൻ കോപവേഗാന്മൃഗാക്ഷീ
ശിരസി ശിശിരരോചിർല്ലേഖരേ പാതയേദ്യാ
നിജപദമതിധന്യാ സൈവ മന്യേ ത്രിലോക്യാം (൧൧൮)

അന്വയം — പ്രാണനാഥഃ-കാതരഃ പ്രണയകലഹശാന്ത്യൈ പ്രണതിം ഉപഗതേ-യാ-കോപവേഗാത്താമ്രാക്ഷീ ശിശിരരോചിശ്ചൂഡേ ശിരസി-നിജപദം പാതയേൽ- സാ ഏവ- ത്രിലോക്യാം-അതിധന്യാ മന്യേ.

അർത്ഥം — പ്രാണനാഥൻ (ഭർത്താവ്) കാതരനായിട്ട് (ഭയത്തോടുകൂടിയവനായിട്ട്) പ്രണയകലഹശാന്തിയ്ക്കായിട്ട് (സ്നേഹം കൊണ്ടുള്ള കലഹത്തെ ശമിപ്പിയ്ക്കുന്നതിനായിട്ട്) പ്രണതിയെ (നമസ്കാരത്തെ) ഉപഗതനായിരിക്കുമ്പോൾ (പ്രാപ്തനാകുമ്പോൾ) നമസ്കരിക്കുമ്പോൾ എന്നു സാരം. യാവളൊരുത്തി കോപാവേഗത്താൽ താമ്രങ്ങളായ (രക്തവർണ്ണങ്ങളായ) അക്ഷികളോടു (കണ്ണുകളോടു) കൂടിയവളായിട്ട് ശിശിരരോചിശ്ചൂഡമായ (ചന്ദ്രനാകുന്ന ശിരോലങ്കാരത്തോടുകൂടിയ) ശിരസ്സിൽ — ചന്ദ്രചൂഡന്റെ ശിരസ്സിൽ എന്നു സാരം നിജപദത്തെ (തന്റെ കാലിനെ) പതിപ്പിക്കും അവൾതന്നെ ത്രിലോകിയിൽ (ത്രൈലോക്യവാസിജനത്തിൽ) അതിധന്യ എന്ന് മനനംചെയ്യുന്നു. ഏതൊരുസ്ത്രീയാണ് പ്രണയകോപത്താൽ ശിവന്റെ ശിരസ്സിൽ പദംവയ്ക്കുന്നത് അവൾതന്നെ മൂന്നു ലോകത്തിലുമുള്ള സ്ത്രീകളിൽവെച്ചു അതിധന്യയാകുന്നു എന്നു സാരം.

> ഇതി ബഹുവിധചിന്താസന്തതിക്രാന്തചിത്താഃ
> പരമശിവമമും ലോചനൈരാപിബന്ത്യഃ
> ക്ഷണമുദിതവിമോഹാസ്തത്ര താഃ കൃത്രിമാണാ
> മനുകൃതിമനുചക്രുഃ പുത്തളീനാം പുരന്ധ്ര്യഃ (൧൫൯)

അന്വയം — ഇതി ബഹുവിധചിന്താസന്തതിക്രാന്തചിത്താഃ താഃ പുരന്ധ്ര്യഃ- പരമശിവമമും ലോചനൈഃ- ആപിബന്ത്യഃ- ക്ഷണം ഉദിതവിമോഹാഃ- തത്ര കൃത്രിമാണാം പുത്തളീനാം-അനുകൃതിം അനുചക്രുഃ

അർത്ഥം — ഇപ്രകാരം ബഹുവിധകളായ ചിന്താസന്തതികളാൽ (വിചാരസമൂഹങ്ങളാൽ) ആക്രാന്തചിത്തകളായ (വ്യാപിച്ച മനസ്സോടുകൂടിയവരായ) ഇപ്രകാരം വിചാരിക്കുന്നവരായ എന്നു സാരം- ആ പുരന്ധ്രികൾ (പൌരസ്ത്രീകൾ) പരമശിവമൂർത്തിയെ (പരമശിവനാകുന്ന ശ്രീവിഗ്രഹത്തെ) ലോചനങ്ങൾകൊണ്ടു ആപിബന്തികളായി (കുടിക്കുന്നവരായി) കാണുന്നവരായി എന്നുസാരം ക്ഷണം ഉദിതവിമോഹകളായിട്ട് (ഉണ്ടായതായ മോഹാലസ്യത്തോടുകൂടിയവരായിട്ട്) അവിടെ കൃത്രിമകളായ പുത്തളികളുടെ (പാവകളുടെ) അനുകൃതിയെ (സാദൃശ്യത്തെ) അനുകരിച്ചു

(പ്രാപിച്ചു) പാവകൾപോലെ അനങ്ങാതെ നിന്നു എന്നസാരം.

അഥ കഥമപി ചിത്തം, ധാരയന്ത്യോ നതാംഗ്യഃ
സ്മിതലവപരിഭിന്നാം ലാജവൃഷ്ടിം കിരന്ത്യഃ
ഭുവനപതിമപാംഗൈസ്സന്ദധുരാരാധയന്ത്യോ
നവകുവലയമാലാജാലസൌഭാഗ്യചോരൈഃ (൧൧൦)

(അന്വയം)—അഥ നതാംഗ്യഃ കഥമപി-ചിത്തം ധാരയന്ത്യഃ-സ്മിതലവപരിഭിന്നാം-ലാജവൃഷ്ടിം-കിരന്ത്യഃ-നവകുവലയമാലാജാലസൌഭാഗ്യചോരൈഃ-- അപാംഗൈഃ--ഭുവനപതിം---ആരാധയന്ത്യഃ സന്ദധുഃ

അർത്ഥം—അനന്തരം നതാംഗികൾ (സ്ത്രീകൾ) പണിപ്പെട്ടു ചിത്തത്തെ ധാരയന്തികളായി (ശിവനിൽ ഉണ്ടായ അനുരാഗത്തെ അടക്കുന്നവരായി എന്നസാരം) സ്മിതലവപരിഭിന്നയായ (മന്ദഹാസത്തിന്റെ ലേശത്തോടു് ഇടകലർന്നതായ) ലാജവൃഷ്ടിയെ കിരന്തികളായി (മലര് വർഷിക്കുന്നവരായി) നവങ്ങളായ കുവലയമാലാജാലത്തിന്റെ സൌഭാഗ്യചോരങ്ങളായ (സൌന്ദര്യത്തെ മോഷ്ടിക്കുന്നവയായ) അപാംഗങ്ങൾകൊണ്ടു് (കടക്കണ്ണുകൾകൊണ്ടു) ഭുവനപതിയെ ആരാധിക്കുന്നവരായിട്ടു (ശിവനെ കടാക്ഷിക്കുന്നവരായിട്ടു് എന്നസാരം) സ്ഥിതിചെയ്തു.

തതഃ പുരസ്കൃത്യ വിധിം ഹരിം ച വിധാനവേത്താ വിധുഖ-
ണ്ഡചൂഡഃ
സപ്തർഷിഭിഃ സംഭൃതസാധനൌഘമദ്രീശപുരസ്യാലയമാസസാദ

അന്വയം—തതഃ-വിധാനവേത്താ--വിധുഖണ്ഡചൂഡഃ-വിധിം-ഹരിം-ച-പുരസ്കൃത്യ-സപ്തർഷിഭിഃ- സംഭൃതസാധനൌഘം -അദ്രീശപുരസ്യ-ആലയം-ആസസാദ-

(അർത്ഥം)—അനന്തരം വിധാനവേത്താവായ (വിധിജ്ഞനായ) വിധുഖണ്ഡചൂഡൻ (ചന്ദ്രകലാധരൻ) വിധിയേയും (ബ്രഹ്മാവിനേയും) ഹരിയേയും പുരസ്കരിച്ചിട്ടു (മുൻപിൽനടത്തിട്ടു) സപ്തർഷികളാൽ സംഭൃതസാധനൌഘമായ (ഒരുക്കപ്പെട്ടസാധനസമൂഹങ്ങളോടുകൂടിയതായ) അദ്രീശപുരത്തിന്റെ (ഹിമവാന്റെ) ആലയത്തെ ആസസാദിച്ചു (പ്രാപിച്ചു.)

തമഥോപഗമന്മുനയസ്സമേതാസ്സുരാസുരാള്യാശ്ച യഥാപ്രഭാവം
മന്ദോച്ചലദ്ഭോഗമനോജ്ഞകണ്ഠാ നന്ദീശ്വരേണാനുമതപ്ര
വേശാഃ ൧൨൨

അന്വയം — അഥ-തം-മുനയഃ-മന്ദോച്ചലദ്ഭോഗമനോജ്ഞക
ണ്ഠാ നന്ദീശ്വരേണ-അനുമതപ്രവേശാഃ-ഉപാഗമൻ-സുരാസുരാള്യാശ്ച
യഥാപ്രഭാവം-സമേതാഃ—

(അർത്ഥം)—അപ്പോൾ അവരുടെ മുനികളും മന്ദംതുകംപിതങ്ങളും
ഉജ്ജ്വലങ്ങളായ (ഇളകുന്നവയായ) ഭോഗങ്ങളാൽ (ഉടലിനാൽ) മനോ
ജ്ഞമനസ്സായ (മനോഹരമായ കഴുത്തോടുകൂടിയവനായ) കഴുത്തിൽ ചു
റ്റിപ്പിടി ധരിച്ചവനായ എന്നു സാരം. നന്ദികേശ്വരനാൽ അനു
മതപ്രവേശന്മാരായിട്ടു (അനുവദിക്കപ്പെട്ട പ്രവേശനത്തോടുകൂടിയ
വരായിട്ടു) നന്ദികേശ്വരന്റെ അനുവാദപ്രകാരം എന്നു സാരം. ഗ
മിച്ചു (വന്നു) സുരാസുരശ്രേഷ്ഠന്മാരും യഥാപ്രഭാവം (പ്രഭാവത്തിനനു
സരിച്ചും) സമേതന്മാരായി (വന്നുചേർന്നു) നന്ദികേശ്വരേണ അനുമത
പ്രവേശാഃ എന്നതു സുരാസുരശ്രേഷ്ഠന്മാരോടുകൂടി ചേർത്തുകൊള്ള
ണം.

മഹിതകനകപീഠേ ശൈലരാജോപനീതേ
വിധിവദുപനിവിഷ്ടസ്സുസ്ഥധീരഷ്ടമൂർത്തിഃ
നിഖിലമവികലശ്രീരക്ഷതാരോപണാദ്യം
വിരചിതമനുമേനേ പാർവ്വതീ തത്സഖീഭിഃ (൧൨൩)

അന്വയം—അഷ്ടമൂർത്തിഃ-വിധിവത്-ശൈലരാജോപനീതേ
മഹിതകനകപീഠേ-സുസ്ഥധീഃ-ഉപനിവിഷ്ടഃ-അവികലശ്രീഃ- പാർവ്വ
തീതത്സഖീഭിഃ വിരചിതം-നിഖിലം-അക്ഷതാരോപണാദ്യം-അനു
മേനേ

അർത്ഥം—അഷ്ടമൂർത്തി (ശിവൻ) വിധിപോലെ ശൈലരാ
ജനാൽ ഉപനീതമായ (കൊണ്ടുവരപ്പെട്ടതായ) മഹിതകനകപീഠ
ത്തിൽ സുസ്ഥധീയായിട്ടു (സ്വസ്ഥമായ മനസ്സോടുകൂടിയവനായിട്ടു)
ഉപവിഷ്ടനായി (ഇരുന്നു) അവികലശ്രീയായ (സംപൂർണ്ണയായ
ശോഭയോടുകൂടിയ) പാർവ്വതി തത്സഖികളാൽ വിരചിതമായി
(ചെയ്യപ്പെട്ടതായി) നിഖിലമായ (സർവ്വമായ) അക്ഷതാരോപണാ
ദ്യത്തെ (അക്ഷതം) ഇടുക മുതലായതിനെ അനുമാനംചെയ്തു (സ്വീ
കരിച്ചു) പാർവ്വതിയെ സഖിമാർ അക്ഷതമിട്ട് അനുഗ്രഹം മുത
ലായതിനെ ചെയ്തു എന്നു സാരം.

ഉൽഫുല്ലതന്തുമയം വഹൻ പ്രതിസരം പാണൌ ലസൽകങ്കണേ
പൂർണ്ണേന്ദുപ്രതിമപ്രകാശമഹിതം വസ്ത്രം വസാനോ നവം
ഉദ്വാഹോചിതവേഷഭൂഷിതതനുഃ സത്രാ വിധാത്രാദിഭി-
ർവ്വിന്യസ്താമലരത്നദീപമജദ്ദേവോ വിവാഹാലയം ൧൨൪

അന്വയം—ദേവഃ-ഉൽഫുല്ലതന്തുമയം- പ്രതിസരം- ലസൽക ങ്കണേ-പാണൌ- വഹൻ- പൂർണ്ണേന്ദുപ്രതിമപ്രകാശമഹിതം-നവം- വസ്ത്രം-വസാനഃ- ഉദ്വാഹോചിതവേഷഭൂഷിതതനുഃ-വിധാത്രാദിഭിഃ സത്രാ-വിന്യസ്താമലരത്നദീപം-വിവാഹാലയം- അജഗൽ

അർത്ഥം—ദേവൻ (ശിവൻ) ഉൽഫുല്ലതന്തുമയമായ (അത്യുജ്ജ്വലമായതിന്റെ രോമങ്ങളാലുള്ള നൂലുകളാൽ ഉണ്ടാക്കിയതായ) പ്രതിസരത്തെ (വിവാഹസൂത്രത്തെ) ലസൽകങ്കണമായ (ലസത്തുകളായ)ശോഭിച്ചിരിക്കുന്ന വളകളോടുകൂടിയ)പാണിയിൽ (കയ്യിൽ) വഹന്നായി (ധരിക്കുന്നവനായി) പൂർണ്ണേന്ദുപ്രതിമപ്രകാശമഹിതമായി (പൂർണ്ണചന്ദ്രനെപ്പോലെ ധവളമായ) എന്നാശയം. നവമായ (പുത്തനായ)വസ്ത്രത്തെ വസാനനായി(ഉടുക്കുന്നവനായി)ഉദ്വാഹോചിതങ്ങളായ (വിവാഹയോഗ്യങ്ങളായ) വേഷങ്ങളാൽ (അലങ്കാരങ്ങ ൾ)കൊണ്ടു അലങ്കരിക്കപ്പെട്ട ശരീരത്തോടുകൂടിയവനായിട്ട വിധാത്രാദികളോടു(ബ്രഹ്മാദികളോടു) കൂടെ "സാകം-സത്രാ-സമം-സഹ"-എന്നർത്ഥം. വിന്യസ്തങ്ങളായ(വെയ്ക്കപ്പെട്ടവയായ) നിർമ്മലരത്നങ്ങളോടുദീപങ്ങളോടുംകൂടിയ വിവാഹാലയത്തെ പ്രാപിച്ചു.

ഗദ്യം.

തദനന്തരമന്തഃപുരജരതീകദംബകോപദിഷ്ടാവർത്തനാ വിധിതത്ത്വകൃത്യാ പരിഗൃഹീതരീതിപട്ടവസനാ സമാരാധിതഗൃഹദേവതാ യഥാവിധി പിനദ്ധമംഗലാലങ്കാരാ നിജാവലോകമാത്രേണ നിഖിലമമംഗലകുലം നിരസ്യന്തീ അരുന്ധത്യാ വിമുദ്രിതാനസമുദ്രയാ ലോപാമുദ്രയാ പ്രാരബ്ധപിതാമഹാർഷപ്രതീതിരാശചിതാശീർവ്വചനാശതാമോദകാരണികാരേണ കേനാപി കൗതുകേന വികസ്വരീഭൂതമാസ്യമാദധാനാ കരകലിതകനകദർപ്പണാ നിവർത്തിതനീരാജനാ തത്രാദ്ഭുതമഹിതസ്നേഹവിപാകേന വിദളദാനന്ദാശ്രുണാം-ഗിരികലേശേഖരേണ നീയമാനാ സമാലക്ഷിതസർവ്വമംഗലാ സർവ്വമംഗലാ വിവാഹമണ്ഡപമാസസാദ

അർത്ഥം—അതിന്റെശേഷം (ശിവൻ വിവാഹാലയത്തിൽ വന്നതിന്റെശേഷം) സർവ്വമംഗലാ (പാർവ്വതി) അന്തഃപുരത്തിലെ ജരതീകദംബകത്താൽ (വൃദ്ധസ്ത്രീസമൂഹത്താൽ) വിവാഹത്തിന്റെ ചടങ്ങുകളൊക്കെയും വ്യക്തമാക്കപ്പെട്ടവളായിട്ടാകുന്നു. അതിനാലാണ് ഇവിടെ വൃദ്ധസ്ത്രീകളാൽ എന്നു പറഞ്ഞതു്. ഉപദിഷ്ടമായ

(ഉപദേശിക്കപ്പെട്ട) വർത്മാവിലൂടെ (വഴിയിൽക്കൂടെ) വിഹിതമായ(ചെയ്യപ്പെട്ടതായ) അതാത് കൃത്യത്തോടുകൂടിയവളായി പരിഗൃഹീതമായ (ധരിക്കപ്പെട്ടതായ) ഹരിതപട്ടവസനത്തോട (സൂക്ഷ്മപടത്തോടു) കൂടിയവളായി, സമാരാധിക്കപ്പെട്ട സൌഭാഗ്യദേവതയോടു കൂടിയവളായി, വിധിയുക്തങ്ങളും പിനദ്ധങ്ങളായ (കെട്ടപ്പെട്ട) മംഗലാലങ്കാരങ്ങളോടു കൂടിയവളായി തന്റെ മർമ്മംകൊണ്ടു തന്നെ നിഖിലമായ അമംഗലകലത്തെ സകലമായ അമംഗലസമൂഹത്തെ നിരസ്യന്തിയായ (തടുക്കുന്നവളായ) അതന്ദ്രിതയാലും വിമുഗ്ദ്ധയായ (അളവില്ലാത്തതായ) മഹേശ്വ് സമുഗ്ദ്ധമായ ലോപാമുദ്രയാലും (അഗസ്ത്യധർമ്മപത്നിയാലും) പാരകളായ (അന്യകളായ (ശ്രേഷ്ഠമഹർഷിപത്നികളാലും) ആരചിതങ്ങളാം(ചെയ്യപ്പെട്ടവ) ആയ ആശീർവ്വചനങ്ങളോടു കൂടിയവളായി, ശാരദാകാശത്തോട് (ശരത്കാലത്തിലെ ആകാശത്തോടു) സദൃശമായ-ശുഭ്രമായ കൌശേയത്താൽ (പട്ടുവിശേഷത്താൽ) അലങ്കരിതശരീരയായി (മറയ്ക്കപ്പെട്ട ശരീരത്തോടുകൂടിയവളായി) കരത്തിൽ കലിതമായ (ധരിക്കപ്പെട്ടതായ) കനകദർപ്പണത്തോടു(സ്വർണ്ണക്കണ്ണാടിയോടു)കൂടിയവളായി നിവർത്തിതമായ (ചെയ്യപ്പെട്ട) നീരാജനത്തോടു (തീ ഴിഞ്ഞതോടു) കൂടിയവളായി ജനനീരൂപമായ (അമ്മയുടെ)രതി ഗുണസ്നേഹത്താൽ (പുത്രിയിലുള്ള സ്നേഹത്താൽ) വിഹ്വലനായി (പരവശനായി)വിഗളിതമായ (ഒഴുകുന്നതായ) ആനന്ദാശ്രുവോടുകൂടിയവനായ ഗിരികുലേശ്വരനാൽ നീതമാനയായി (കൊണ്ടുവരപ്പെട്ടവളായി) സമസ്ഥിതമായ സർവ്വമംഗലത്തോടുകൂടിയവളായിട്ടു വിവാഹരംഗത്തെ (വിവാഹത്തിനുള്ള സദസ്സിനെ) ആസാദിച്ചു (പ്രാപിച്ചു)

> മഥുരേക്ഷണേ തൗ മിഥോ മുഖാബ്ജം
> വിധിവദൂഢകൗതുകലക്ഷണാനനം
> നിരവധിവിസരപിനീതിലജ്ജാവൃതി-
> കരവാരതചാരുഹാസലേശം ൧൫൭

അന്വയം — അഥ-തൗ-വിധിവത്- ഉദൂഢകൗതുകലക്ഷണാനനം- നിരവധിവിസരപിനീതിലജ്ജാവൃതികരവാരിതചാരുഹാസലേശം മിഥഃ-മുഖാബ്ജം-ഐക്ഷേതാം

അർത്ഥം — അനന്തരം (രംഗപ്രാപ്തിക്കുശേഷം) അവർ(പാർവ്വതീപരമേശ്വരന്മാർ) വിധിപോലെ ഉദൂഢമായ (വഹിക്കപ്പെട്ട) കൗതുകത്തോടും (കൌതുകസൂത്രത്തോടും) ലക്ഷണാനനത്തോടും (അപാംഗത്തിന്റെ ആഹ്ലാദനത്തോടും) കൂടിയതായുള്ളതും നിരവധി

യാകംവണ്ണം (അവധിയില്ലാതെ) വിസൃത്വരിയായ (വ്യാപിച്ചതായ) വിനീതിയുടേയും (വണക്കത്തിന്റേയും) ലജ്ജയുടേയും വ്യതികരത്താൽ (ചേർച്ചയാൽ) വാരിതമായ (തടുക്കപ്പെട്ട) ചാരുഹാസലേശത്തോടു (മനോഹരമായ മന്ദഹാസത്തിന്റെ ലേശത്തോടു) കൂടുംവണ്ണവും വിനീതിയാലും ലജ്ജയാലും മന്ദഹാസലേശത്തെ തടുത്തിട്ട് എന്നു സാരം. അന്യോന്യമുഖാവേക്ഷണം ദർശിച്ചു(പരസ്പരം മുഖത്തുനോക്കി)ഹസ്തസൂത്രത്തെ വരനും ആപാംഗസൂക്ഷ്മാലോകനത്തെ വധുവും അന്യോന്യദർശനത്തിൽ ചെയ്യണം എന്നാണു വിധി.

വിധിവിദാഭിഹിതം സപുരോധസാ
മഹിതധീരഥ മന്ത്രമുദീരയൻ
അദിത ശോഭകമദ്രിപതിഃ സുതാം
അനുപമായ വരായ പിനാകിനേ ൧൮

അന്വയം—അഥ- മഹിതധീഃ- അദ്രിപതിഃ – വിധിവിദാ-സപുരോധസാ-അഭിഹിതം-മന്ത്രം- ഉദീരയൻ-അനുപമായ-വരായ പിനാകിനേ-സുതാം-ശോഭകം-അദിത-

അർത്ഥം — അനന്തരം (പരസ്പരം മുഖംനോക്കിയതിനു ശേഷം) മഹിതധീയായ അദ്രിപതി (ഹിമവാൻ) വിധിവിത്തായ (വിധിയെ അറിയുന്നവനായ) സപുരോധസ്സിനാൽ (തന്റെ പുരോഹിതനാൽ) അഭിഹിതമായ (പറയപ്പെട്ടതായ) മന്ത്രത്തെ ഉദീരയൻ (ഉച്ചരിക്കുന്നവൻ) ആയിട്ട് അനുപമനും (സാദൃശ്യമില്ലാത്തവനും) വരനും (ശ്രേഷ്ഠനും) ആയ പിനാകിക്കായിട്ട് (പരമേശ്വരനായിട്ട്) സുതയെ (പാർവ്വതിയെ എന്നു സാരം) ശോഭകപൂർവ്വം ദാനം ചെയ്തു.

(തതശ്ച) വിന്യസ്യ മന്ത്രപൂർവ്വം ജ്വലതി ഹുതവഹേ
സാക്ഷിണി ശ്രീതേ പുരസ്താ-
ദഗ്രേ സാകം സമന്ത്യസ്സുമുനിനിവഹൈഃ
ഹസ്തിതസ്യാബ്ജയോദനാ
ദോഹശ്രീമാധുരീണാം നിജകരകമലേനാദയൻ
ശോഭലേഖാം
ജ്യോതീന്ദ്രപുത്ര്യാഃ കിസലയമൃദുലം
പാണിമേണാങ്കചൂഡഃ ൧൯

അന്വയം മന്ത്രപൂർവ്വം വിന്യസ്യ-ഹുതവഹേ-സാക്ഷിണി ശ്രീതേ-

പുരസ്സാൽ-ജ്വലതി-സമസ്തൈഃ-സുരമുനിനിവഹൈഃ-സാകം ആസ്ഥിതസ്യ-അംബുജയോനേഃ-അഗ്രേ-ഏണാങ്കചൂഡഃ-രോമോദ്ഗമാഞ്ചിതാഭ്യാം- നിജകരകമലേന- ഉദയൽസ്വേദലേശം- കിസലയമൃദുലം അദ്രീന്ദ്രപുത്ര്യാഃ-പാണിം-ജഗ്രാഹ.

അർത്ഥം—മന്ത്രപൂർവ്വം വിന്യസ്തനായ (ആധാനം ചെയ്യപ്പെട്ടവനായ) ഹുതവാഹൻ (അഗ്നി) സാക്ഷിഭൂതനായിട്ട് പുരോഭാഗത്തിൽ (മുൻപിൽ) ജ്വലൻ ആയിരിക്കുമ്പോൾ, സമസ്തങ്ങളായ സുരമുനിനിവഹങ്ങളോടുകൂടെ (ദേവന്മാരുടെയും മഹർഷിമാരുടെയും സംഘങ്ങളോടുകൂടെ) ആസ്ഥിതനായ (ഇരിക്കുന്നവനായ) അബ്ജയോനിയുടെ (ബ്രഹ്മാവിന്റെ) അഗ്രത്തിൽവച്ചു രോമോദ്ഗമാഞ്ചിതമാകായ (ഉണ്ടായ രോമാഞ്ചത്തെ ഒളിപ്പിക്കുന്നതായ (രോമാഞ്ചത്തോടുകൂടിയ എന്നു സാരം) നിജകരകമലം കൊണ്ട് (തന്റെ പാണിപത്മം കൊണ്ടു) ഉദയൽസ്വേദലേശമാകുംവണ്ണം (ഉണ്ടായതായ വിയർപ്പിന്റെ ലേശത്തോടുകൂടുംവണ്ണം) കിസലയമൃദുലമായ (തളിരുപോലെ മാർദ്ദവമുള്ളതായ) അദ്രീന്ദ്രപുത്രിയുടെ (പാർവ്വതിയുടെ) പാണി ഗ്രഹിച്ചു. അഗ്നിസാക്ഷിയായിട്ട് ശിവൻ പാണിഗ്രഹണം ചെയ്തു എന്നു സാരം.

ആരക്താംഗുലിപല്ലവാതിലളിതാ കാമപ്യഭിഖ്യാം യയൗ
പാർവ്വത്യാഃ പരമേശ്വരസ്യ ച തദാ പാണിദ്വയീ സംഗതാ।
ഗൂഢസ്യാദിത ഏവ മന്മഥതരോർഗ്ഗൂഢം മനസ്യേതയോ-
രുൽഭിന്നാ ബഹിരുല്ലസൽകിസലയശ്രേണീവ ശാഖാദ്വയീ- ൧൨൭

അന്വയം—ആരക്താംഗുലിപല്ലവാതിലളിതാ-സംഗതാ- പാർവ്വത്യാഃ പരമേശ്വരസ്യ-ച-പാണിദ്വയീ- തദാ-ഏതയോഃ- മനസി-ഗൂഢം-ആദിതഃ-ഏവ-ഉദ്ഗതസ്യ-മന്മഥതരോഃ- ബഹിഃ-ഉൽഭിന്നാ- ഉല്ലസൽ- കിസലയശ്രേണീ- ശാഖാദ്വയീ-ഇവ കാമപി- അഭിഖ്യാം- യയൗ.

അർത്ഥം—ആരക്തങ്ങളായ (രക്തവർണ്ണങ്ങളായ) അംഗുലിപല്ലവങ്ങളാൽ (തളിരുകൾപോലെ ഇരിക്കുന്ന വിരലുകളാൽ) അതിലളിതമായി (അതികോമളമായി) സംഗതയായ (തമ്മിൽ ചേർന്നതായ) പാർവ്വതിയുടെയും പരമേശ്വരന്റെയും പാണിദ്വയി (രണ്ടു കൈകൾ) അപ്പോൾ ഇവരുടെ (പാർവ്വതീപരമേശ്വരന്മാരുടെ) മനസ്സിൽ ഗൂഢമായിട്ടുതന്നെ ആദ്യംതന്നെ ഉദ്ഗതമായ (മുളച്ചതായ) മന്മഥതരുവിന്റെ (കാമനാകുന്ന വൃക്ഷത്തിന്റെ) ബഹിർഭാഗത്തിൽ

(വെളിയിൽ) ഉൽഭിന്നയായി (പുറപ്പെട്ടതായി) ഉല്ലസൽകിസലയാ
ഢ്യയായ (ശോഭിച്ചിരിക്കുന്ന തളിരുകളാൽ വ്യാപ്തയായ) ശാഖാദ്വ
യിയോ (രണ്ടു ശാഖയോ) എന്നു തോന്നുമാറു് ഒരു അഭിഖ്യയേ
(ശോഭയെ) ധരിച്ചു. പാർവ്വതീപരമേശ്വരന്മാരുടെ പരസ്പരംചേ
ന്ന രണ്ടു കൈയ് കണ്ടാൽ ആദ്യം ഇവരുടെ മനസ്സിൽ മുളച്ചു കാ
മനാകുന്ന വൃക്ഷത്തിന്റെ വെളിയിലേക്കു പുറപ്പെട്ട രണ്ടു ശാഖ
യോ എന്നു തോന്നും എന്നു സാരം.

പ്രദക്ഷിണീകൃത്യ സമിത്സമിദ്ധം പ്രദക്ഷിണാവർത്തശിഖം കൃശാനും
വധൂവരാവാസതുരാസനേ തൌ വിധാതുകാമാവഥ ലാജഹോമം
൧൧൯

അന്വയം—തൌ-വധൂവരൌ-സമിത്സമിദ്ധം- പ്രദക്ഷിണാ
വർത്തശിഖം-കൃശാനും-പ്രദക്ഷിണീകൃത്യ-അഥ ലാജഹോമം- വിധാ
തുകാമൌ-ആസനേ-ആസതുഃ

അർത്ഥം—ആ വധൂവരന്മാർ (ഭാര്യാഭർത്താക്കന്മാർ) സമിത്
സമിദ്ധമായി (സമിത്തുകൾ/ ചമതകൾ) കൊണ്ടു് (വർദ്ധിപ്പിച്ചതാ
യി) പ്രദക്ഷിണാവർത്തശിഖമായി (പ്രദക്ഷിണമായി ചുറ്റുന്ന ജ്വാല
യോടുകൂടിയ) കൃശാനുവിനെ-(അഗ്നിയെ) അഗ്നി, പ്രദക്ഷിണമായി
ച്ചുറ്റുന്നതു് ശുഭസൂചകമാകുന്നു—പ്രദക്ഷിണംവെച്ചിട്ട് അനന്തരം
ലാജഹോമത്തെ വിധാതുകാമന്മാരായിട്ടു (മലര ഹോമിക്കാൻ ആ
ഗ്രഹിക്കുന്നവരായിട്ടു്) ആസനത്തിൽ ആസിച്ചു (പീഠത്തിൽ
ഇരുന്നു.)

നിത്യസ്സന്തതൈപഃ പാർവ്വതൈവ പ്രഗലിതമഹിമാ
ചിത്സ്വരൂപശ്ശിവോയം
ഗാത്രാദ്വാമാത്തദീയാൽ സമജനി ഗിരിജാ
ശക്തിരസ്യൈവ നിത്യാ
തസ്മാദേവാസ്യ വിഷ്ണോരപി ജനിരഭവ-
സ്യാപി തൽ ഭ്രാതൃകൃത്യം
കർത്തവ്യം ചക്രിണേതി ക്ഷണമവഹിതധീഃ
പ്രാഹ നാളീകജന്മാ ൧൨൦

അന്വയം—അയം-ശിവഃ-നിത്യഃ-തദൈതപഃ,-പാർവ്വതൈവ-പ്ര
ഗലിതമഹിമാ ചിൽസ്വരൂപഃ അസ്യ-ഏവ-നിത്യാ-ശക്തിഃ-ഗിരിജ-
തദീയാൽ-വാമാൽ-ഗാത്രാൽ സമജനി- അഭവസ്യ-അപി- അസ്യ വി
ഷ്ണോഃ- അപി-തസ്മാൽ-ഏവ ജനിഃ- അഭവൽ-തൽ ചക്രിണാ-ഭ്രാതൃകൃ
ത്യം-കർത്തവ്യം-ഇതി അവഹിതധീഃ നാളീകജന്മാ-പ്രാഹ.

അർത്ഥം—ഈ ശിവൻ നിത്യനും (നാശരഹിതനും) തപോമ

മായ പദാർത്ഥങ്ങളാൽ (പരമാർത്ഥവസ്തുക്കളാൽ) പ്രാഗല്ഭിതമഹിമാവും (പറയപ്പെട്ട മാഹാത്മ്യത്തോടു കൂടിയവനും) വേദങ്ങളാൽ വർണ്ണിക്കപ്പെട്ടവനും എന്നു സാരം. ചിൽസ്വരൂപനും (ജ്ഞാനമൂർത്തിയും) ആകുന്ന ഈശ്വരന്റെ നിത്യയായ ശക്തിയാകുന്ന ഗിരിജ (പാർവ്വതി) തദീയമായി (അദ്ദേഹത്തെ സംബന്ധിച്ചതായി) വാമമായിരിക്കുന്ന (ഇടത്തേതായ) ഗാത്രത്തിൽനിന്നു (അംഗത്തിൽനിന്നു) ജനിച്ചു. അജനാണെങ്കിലും (ജനനമില്ലാത്തവനാണെങ്കിലും) ഈ വിഷ്ണുവിനും അതിങ്കൽനിന്നു (ശിവന്റെ ശരീരത്തിൽനിന്നു) ജനി (ജനനം) ഭവിച്ചു. അതിനാൽ ചക്രിയാൽ ഭ്രാതൃകൃത്യം-കർത്തവ്യമാണ് (ശ്രീമഹാവിഷ്ണുവിനാൽ ഭ്രാതാവിന്റെ കാര്യം ചെയ്യപ്പെടുവാൻ യോഗ്യമാണ്) എന്ന് അവധരിതധീയായ (നിശ്ചിതബുദ്ധിയായ) നാളീകജന്മാവ് (ബ്രഹ്മാവ്) പറഞ്ഞു. ഈ ശിവൻ സാക്ഷാൽ ശാശ്വതബ്രഹ്മമൂർത്തിയാണ് ഇദ്ദേഹത്തിന്റെ ശക്തിയായ പാർവ്വതി ആ ശിവന്റെ വാമാംഗത്തിൽ നിന്നാണ് ഉണ്ടായത്. ഈ വിഷ്ണുവും അദ്ദേഹത്തിന്റെ അംഗത്തിൽനിന്ന് ഉൽഭവിച്ചവനാണ് അതിൽ പാർവ്വതിക്കും വിഷ്ണുവിനും തമ്മിൽ സോദരഭാവമുള്ളതിനാൽ വിവാഹത്തിൽ ലാജഹോമം ചെയ്യുന്നത് സോദരകൃത്യമാകയാൽ ആ ലാജഹോമകൃത്യം വിഷ്ണുവാണു ചെയ്യേണ്ടത് എന്നു ബ്രഹ്മാവു പറഞ്ഞു എന്നു സാരം.

പ്രാചീനസംബന്ധമുദാഹരന്ത്യാ
വാചാ വിധാതുഃ പ്രതിബോധിതാത്മാ
ആജാനരക്തേന കരാംബുജേന
ലാജാവദാനം മുരജിദ്വിതേനേ ൧൩.൧

അന്വയം — മുരജിൽ-പ്രാചീനസംബന്ധം- ഉദാഹരന്ത്യാ-വിധാതുഃ-വാചാ- പ്രതിബോധിതാത്മാ-ആജാനരക്തേന-കരാംബുജേന-ലാജാവദാനം- വിതേനേ.

അർത്ഥം — മുരജിത്ത് (മഹാവിഷ്ണു) പ്രാചീനസംബന്ധത്തെ (പൂർവ്വസംബന്ധത്തെ) ഉദാഹരന്തിയായ (ഉദാഹരിക്കുന്നതായ) വിധാതാവിന്റെ (ബ്രഹ്മാവിന്റെ) വാക്കിനാൽ പ്രതിബോധിതാത്മാവായിട്ട് (അറിയിക്കപ്പെട്ട തന്റെ സ്വരൂപത്തോടുകൂടിയവനായിട്ട്) ബ്രഹ്മാവിന്റെ വാക്കിനാൽ പാർവ്വതിയുടെ സോദരനാണ് എന്ന് അറിഞ്ഞിട്ട് എന്നു സാരം, ആജാനരക്തമായ (മുട്ടുവരെ തൂങ്ങിക്കിടക്കുന്ന) കരാംബുജംകൊണ്ട് ലാജാവദാനത്തെ (ലാജഹോമത്തെ) ചെയ്തു.

ലാജാഞ്ജലിർഗിരിജയാ പരിമുച്യമാനോ
ഭേജേ രുചിം സ നിപതൻ ജ്വലിതേ കൃശാനൗ
വേഗോത്തരേ രതിരണേ ഗളിതച്യുതാനാം
സ്വാഹാകുചാന്തധൃതഹാരലതാമണീനാം ൧൩൨.

അന്വയം — ഗിരിജയാ-പരിമുച്യമാനഃ-ജ്വലിതേ-കൃശാനൗ-നിപതൻ-സഃ-ലാജാഞ്ജലിഃ-വേഗോത്തരേ-രതിരണേ-ഗളിതച്യുതാനാം-സ്വാഹാകുചാന്തധൃതഹാരലതാമണീനാം-രുചിം ഭേജേ.

അർത്ഥം — ഗിരിജയാൽ പരിമുച്യമാനമായി (മോചിക്കപ്പെട്ടതായി) ജ്വലിതമായ (കത്തുന്നതായ) കൃശാനുവിൽ (അഗ്നിയിൽ) നിപതന്തമായ (വീഴുന്നതായ) ആ ലാജാഞ്ജലി (മലർമുഷ്ടി) വേഗോത്തരമായ (വേഗത്തോടുകൂടിയ) രതിരണത്തിൽ (സുരതയുദ്ധത്തിൽ) ഗളിതച്യുതങ്ങളായ (പൊട്ടിവീണവയായ) സ്വാഹയുടെ (അഗ്നിഭാര്യയുടെ) കുചാന്തത്തിൽ (മുലകളുടെ മദ്ധ്യത്തിൽ) ധൃതങ്ങളായ (ധരിക്കപ്പെട്ട) ഹാരലതാമണികളുടെ (മുത്തുമാലയിലെ രത്നങ്ങളുടെ) രുചിയെ (കാന്തിയെ) ഭജിച്ചു (പ്രാപിച്ചു). സഹോദരൻ ലാജങ്ങളെ സോദരിയുടെ കയ്യിൽ ഇടുകയും അതിനെ അവൾ അഗ്നിയിലേക്ക് ഹോമിക്കയും ചെയ്യണമെന്നുള്ള വിധിപ്രകാരം വിഷ്ണു പാർവ്വതിയുടെ കൈയിലിട്ട മലരുകളെ പാർവ്വതി അഗ്നിയിലേക്ക് ഹോമിച്ചപ്പോൾ ആ മലരുകൾ അഗ്നിയിൽ കിടക്കുന്ന കണ്ടാൽ അഗ്നി ഏറ്റവും വേഗത്തിൽ നടത്തിയ സുരതയുദ്ധത്തിൽ സ്വഭാര്യയായ സ്വാഹയുടെ കുചങ്ങളുടെ മദ്ധ്യത്തിലുള്ള മുത്തുമാല പൊട്ടിച്ചിതറി കിടക്കുമാറു ശോഭിച്ചു എന്നു സാരം.

ഹർമ്മ്യോദരേ സകുസുമാസ്തരണേഽപി യാനാൽ
ദൂയേത ചരണപങ്കജമായതാക്ഷ്യാഃ
ആരോപയന്മൃദുതരം മയി തസ്സമേത-
മശ്മാനമാർദ്രഹൃദയസ്സ കഥംബി ദേവ. ൧൩൩.

അന്വയം — സകുസുമാസ്തരണേ - ഹർമ്മ്യോദരേ-യാനാൽ-അപി-ആയതാക്ഷ്യാഃ-യൽ ചരണപങ്കജം-ദൂയതേ-മൃദുതരം-തൽ ഏതൽ-ആർദ്രഹൃദയഃ-സഃ- മയിതഃ- കഥംബിൽ-ഏവ- അശ്മാനം- ആരോപയൽ.

അർത്ഥം — സകുസുമാസ്തരണമായ (പുഷ്പമാകുന്ന മേൽവിരിപ്പോടുകൂടിയ) ഹർമ്മ്യോദരത്തിൽ (മാളികയുടെ ഉള്ളിൽ) യാനം ഹേതുവായിട്ടും ആയതാക്ഷിയുടെ ദീർഘങ്ങളായ കണ്ണുകളോടുകൂടിയ പാർവ്വതിയുടെ യാതൊരു ചരണപങ്കജം (താമരപ്പൂപോലുള്ള കാല്) ദുഃഖിക്കുന്നു. മൃദുതരമായ (ഏറ്റവും മാർദ്ദവമുള്ള) ആ ഇ

ത് (കാല്) ആർദ്രഹൃദയനായ (അലിഞ്ഞ മനസ്സോടു കൂടിയവനായ) ആ ദയിതൻ (ഭർത്താവ്) പാണിപ്പെട്ടുതന്നെ അശ്മത്തെ (കല്ലിന്മേൽ) ആരോപിപ്പിച്ച് (കയററി) വിവാഹാനന്തരം അമ്മി ചവിട്ടി ഇറക്കുക എന്നുള്ള ക്രിയയ്ക്കായിട്ട് ശിവൻ പാർവ്വതിയുടെ കാലിനെ അമ്മിക്കല്ലേൽ കയററി എന്ന സാരം.

ഹന്താമും ത്വം ഹരിണനയനേ! വിദ്ധി മാസം തപസ്യം
സന്ദേഹോऽസ്മിൻ ന ഖലു വചനേ സാക്ഷിണഃ സർവ്വദേവാഃ
മന്ത്രവ്യാജാദ് ധ്രുവമിതി വദന്നദ്രിരാജാത്മജായാ-
ശ്ചന്ദ്രാപീഡശ്ചരണകമലം ലോലധീരാലലംബേ ൧൩൪

അന്വയം — ഹേ ഹരിണനയനേ! ത്വം-അമും-തപസ്യം-മാസം വിദ്ധി-ഹന്ത അസ്മിൻ വചനേ-സന്ദേഹഃ-ന ഖലു-സർവ്വദേവാഃ-സാക്ഷിണഃ-ഇതി-മന്ത്രവ്യാജാൽ-വദൻ-ധ്രുവം-ചന്ദ്രാപീഡഃ-ലോലധീ അദ്രിരാജാത്മജായാഃ-ചരണകമലം ആലലംബേ.

അർത്ഥം — അല്ലയോ-ഹരിണനയനേ! (മൃഗാക്ഷി) നീ ഇത് എന്നെ തപസ്യനായ (നിന്നെസംബന്ധിച്ച) മാസമെന്ന് അറിഞ്ഞാലും. ഈ വചനത്തിൽ സന്ദേഹം (സംശയം) ഇല്ല. സർവ്വദേവന്മാർ സാക്ഷികളാകുന്നു എന്നിങ്ങനെ മന്ത്രം ഉച്ചരിക്കുക എന്നുള്ള വ്യാജേന വദന്നോ (പറയുന്നവനോ) എന്ന തോന്നുമാറ് ചന്ദ്രാപീഡൻ (ചന്ദ്രശേഖരൻ) ലോലധീയായിട്ട് (ചഞ്ചലബുദ്ധിയായിട്ട്) അദ്രിരാജാത്മജയുടെ (പാർവ്വതിയുടെ) ചരണകമലത്തെ ആലംബിച്ചു (പിടിച്ചു) എല്ലാവരേയും മുൻപിൽവച്ച് കാലുപിടിക്കുന്നതിൽ മനസ്സിന് ചഞ്ചലത്വം ഉണ്ടായി എന്ന സാരം.

ധ്രുവേണ ഭർത്രാ ധ്രുവദർശനായ-
പ്രയുജ്യമാനാ പ്രിയദർശനേന-
സാ ദൃഷ്ട ഇത്യാനനമുന്നമയ്യ ഹ്രീ
സന്നകണ്ഠീ കഥമപ്യവാദീൽ ൧൩൫

അന്വയം — സാ-ധ്രുവേണ-പ്രിയദർശനേന- പ്രിയേണ-ധ്രുവദർശനായ-പ്രയുജ്യമാനാ-ദൃഷ്ട ഇതി- ആനനം- ഉന്നമയ്യ- ഹ്രീസന്നകണ്ഠീ-കഥം-അപി-അവാദീൽ-

അർത്ഥം — അവൾ (പാർവ്വതി) ധ്രുവനും (ശാശ്വതനും) പ്രിയദർശനനും (ദർശിക്കപ്പെടുവാൻയോഗ്യനും) ആയ പ്രിയനാൽ (ഭർത്താവിനാൽ) ധ്രുവദർശനത്തിനായിട്ട് (ധ്രുവനെന്ന നക്ഷത്രത്തെ കാണുന്നതിനായിട്ട്) വിവാഹത്തിന്നശേഷം വധൂവരന്മാർ ഒന്നിച്ചു ധ്രുവനക്ഷത്രത്തെ കാണണമെന്നുള്ളതിനാൽ എന്ന സാരം-പ്രയുജ്യമാനയാ

യിട്ട് (പ്രേരിപ്പിക്കപ്പെട്ടവളായിട്ട്) ദൃഷ്ടനായി എന്നിങ്ങനെ (ധ്രുവനക്ഷത്രം കാണപ്പെട്ടു എന്നിങ്ങനെ) ആനനത്തെ (മുഖത്തെ) ഉയർത്തീട്ട് ഹ്രീസന്നകണ്ഠിയായിട്ട് (ലജ്ജയാൽ ക്ഷീണിച്ചകണ്ഠത്തോടുകൂടിയവളായിട്ട്) പണിപ്പെട്ടു പറഞ്ഞു.

ദേവാസ്തദന്തേ ഹരമൂഢഭാര്യം
കിരീടബദ്ധാഞ്ജലയോ നിപത്യ-
ശാപാവസാനപ്രതിലബ്ധമൂർത്തേ-
ര്യയാചിരേ പഞ്ചശരസ്യ സേവാം। ൯൨

അന്വയം — തതഃ- തേ ദേവാഃ-ഊഢഭാര്യം-ഹരം- കിരീടബദ്ധാഞ്ജലയഃ-നിപത്യ- ശാപാവസാനപ്രതിലബ്ധമൂർത്തേഃ- പഞ്ചശരസ്യസേവാം-യയാചിരേ.

അർത്ഥം — അനന്തരം ആ ദേവന്മാർ ഊഢഭാര്യനായ (ഭരിക്കപ്പെട്ടഭാര്യയോടുകൂടിയ) ഹരനെ (ശിവനെ) കിരീടബദ്ധാഞ്ജലികളായിട്ട് (കിരീടത്തിൽ ചേർക്കപ്പെട്ടകൂപ്പുകയ്യോടുകൂടിയവരായിട്ട്) തൊഴുതുപിടിച്ചിട്ട് എന്നർത്ഥം, ശാപാവസാനത്തിൽ പ്രതിലബ്ധമൂർത്തിയായ (ശരീരം ലഭിച്ചവനായ) പഞ്ചശരന്റെ (കാമന്റെ) സേവയെ യാചിച്ചു അവിടുന്ന് വിവാഹംചെയ്യുന്നതിന്റെ ശേഷമെ കാമൻ ഉണ്ടാകയുള്ളു എന്നുള്ള ശാപം തീർന്നതിനാൽ കാമന് ഇപ്പോൾ ശരീരം ലഭിച്ചു. അതിനാൽ അവിടുന്ന് ഇനിയും കാമനെ സ്വീകരിയ്ക്കണം" എന്നിങ്ങനെ ദേവന്മാർ ശിവനോടു യാചിച്ചു. പരിണേഷ്യതി പാർവ്വതീം യദാ-എന്നുള്ളതിനാൽ പാർവ്വതി വിവാഹാവസാനത്തിൽ കാമന്റെശാപംതീർന്നിരിക്കുന്നു എന്ന സാരം.

തസ്യാനുമേനേ ഭഗവാൻവിമന്യു-
ർവ്യാപാരമാത്മന്യപി സായകാനാം
കാലപ്രയുക്താഖലുകാര്യവിദ്ഭി-
ർവ്വിജ്ഞാപനാഭർതൃഷുസിദ്ധിമേതി। ൯൩

അന്വയം — ഭഗവാൻ-വിമന്യുഃ-ആത്മനി-അപി-തസ്യ-സായകാനാം-വ്യാപാരം-അനുമേനേ-കാലവിദ്ഭിഃ-കാലേ-ഭർതൃഷു- പ്രയുക്താ-വിജ്ഞാപനാ-സിദ്ധിം ഏതി-

അർത്ഥം — ഭഗവാൻ വിമന്യുവായിട്ട് (കോപമില്ലാത്തവനായിട്ട്) ആത്മാവിങ്കലും (തന്നിലും) അവന്റെ സായകങ്ങളുടെ വ്യാപാരത്തെ (കാമശരപ്രയോഗത്തെ) അനുവദിച്ചു. ശിവൻ അതികോപത്താൽ ദഹിപ്പിച്ച കാമനെ തിരിയെ സ്വീകരിക്കുമോ എന്നുള്ളതിനെ അർത്ഥാന്തരംകൊണ്ടു പരിഹരിയ്ക്കുന്നു. കാലവിത്തുക

ളാൽ (സമയമെന്തെന്നറിയാവുന്നവരാൽ) കാലത്തിൽ (സമയത്തിൽ) ഭർത്താക്കന്മാരിൽ (സ്വാമികളിൽ) പ്രയുക്തമായ (പ്രയോഗിക്കപ്പെട്ടതായ) വിജ്ഞാപന (അറിയിപ്പിക്കൽ) സിദ്ധിയെ പ്രാപിക്കുന്നു. കാലം അറിഞ്ഞു പ്രയോഗിക്കുന്നതു ഫലവത്താകും എന്നു സാരം. ശിവൻ വിവാഹം കഴിഞ്ഞിരിക്കയാൽ കാമനെ സ്വീകരിക്കുന്നതിന് കാലമാണ്. അതിനാൽ ദേവന്മാരുടെ പ്രാർത്ഥന സഫലമായിത്തീരും.

> അഥ വിബുധഗണാംസ്താനിന്ദുമൌലിർവ്വിസൃജ്യ
> ക്ഷിതിധരപതികന്യാമാദദാനഃ കരേണ-
> കനകകലശയുക്തം ഭക്തിശോഭാസനാഥം
> ക്ഷിതിവിരചിതശയ്യം കൌതുകാഗാരമാഗാൽ ॥ ൧൩൨

പാർവ്വതീസ്വയംവരം പ്രബന്ധം സമാപ്തം.

അന്വയം — അഥ ഇന്ദുമൌലിഃ-താൻ-വിബുധഗണാൻ-വിസൃജ്യ-ക്ഷിതിധരപതികന്യാം-കരേണ-ആദദാനഃ-കനകകലശയുക്തം-ഭക്തിശോഭാസനാഥം-ക്ഷിതിവിരചിതശയ്യം- കൌതുകാഗാരം- ആഗാൽ-

അർത്ഥം — അനന്തരം ഇന്ദുമൌലി (ശിവൻ) ആ വിബുധഗണങ്ങളെ (ദേവസംഘങ്ങളെ) വിസർജ്ജിച്ചിട്ട് (വിട്ടിട്ട്) ക്ഷിതിധരപതി കന്യയെ (പാർവ്വതിയെ) കരംകൊണ്ട് ആദദാനനായിട്ട് (സ്വീകരിക്കുന്നവനായിട്ട്) കനകകലശയുക്തവും (മംഗലത്തിനായിട്ട് ഉള്ളിൽ വച്ചിരിക്കുന്ന സ്വർണ്ണകലശങ്ങളോടുകൂടിയതും) ഭക്തിശോഭാസനാഥവും (ഭക്തികളുടെ) (പുഷ്പാദ്യലങ്കാരങ്ങളുടെ ശോഭയോടുകൂടിയതും) ക്ഷിതിവിരചിതശയ്യവും (ഭൂമിയിൽ വിരിക്കപ്പെട്ട ശയ്യയോടുകൂടിയതും) ആയ കൌതുകാഗാരത്തെ (ശയനഗൃഹത്തെ) പ്രാപിച്ചു-വിവാഹംകഴിഞ്ഞാൽ ക്ഷാരലവണാദികളല്ലാതെ നിലത്തു ശയിച്ചു ബ്രഹ്മചാരികളായിട്ട് മൂന്നുരാത്രികഴിയുന്നതുവരെ കഴിക്കണം എന്നു ശാസ്ത്രമുണ്ട്.

പാർവ്വതീസ്വയംവരപ്രബന്ധവ്യാഖ്യാനം സമ്പൂർണ്ണമായി.

ത്രിപുരദഹനം പ്രബന്ധം.

നീതേ പാവകിനാഥ ദാനവവരേ കാലാലയം താരകേ
തൽപുത്രാസ്തപസാന്യദുർദ്ധരതരേണാരാദ്ധ്യ ഗൌരീപതിം
ഹേമായോരജതാത്മികാമപി തതോ ഗേഹത്രയീം കാമഗാം
ലബ്ധ്വാഹന്ത ചതുർദ്ദശാനി ഭുവനാന്യാലോളയാംചക്രിരേ॥ ൨

അന്വയം—പാവകിനാ- ദാനവവരേ- താരകേ- കാലാലയം- നീതേ- അഥ- തൽപുത്രാഃ- അന്യദുർദ്ധരതരേണ- തപസാ- ഗൌരീപതിം- ആരാദ്ധ്യ- തതഃ- ഹേമായോരജതാത്മികാം- കാമഗാം ഗേഹത്രയീം- അപി- ലബ്ധ്വാ- ഹന്ത- ചതുർദ്ദശ- ഭുവനാനി- അപി- ആലോളയാംചക്രിരേ.

അർത്ഥം—പാവകിയാൽ (അഗ്നിപുത്രനായ സുബ്രഹ്മണ്യനാൽ) ദാനവവരനായ (അസുരശ്രേഷ്ഠനായ) താരകൻ- കാലാലയത്തെ (കാലപുരിയെ) നീതനായിരിക്കുമ്പോൾ (പ്രാപിപ്പിക്കപ്പെട്ടപ്പോൾ) അനന്തരം തൽപുത്രന്മാർ (താരകന്റെ പുത്രന്മാരായ താരകാക്ഷൻ കമലാക്ഷൻ വിദ്യുന്മാലി ഇവർ) അന്യദുർദ്ധരതരമായ (അന്യന്മാരാൽ അനുഷ്ഠിക്കാൻ അശക്യമായ) തപസ്സുകൊണ്ടു ഗൌരീപതിയെ (ശിവനെ) ആരാധിച്ചിട്ട് അദ്ദേഹത്തിങ്കൽ നിന്ന (ശിവങ്കൽ നിന്ന്) ഹേമായോരജതാത്മികയും (സ്വർണ്ണം ഇരുമ്പ് വെള്ളി ഇവകൊണ്ട് ഉണ്ടാക്കപ്പെട്ടതും) കാമഗയും (ഇച്ഛപോലെ ഗമിക്കുന്നതും) ആയ ഗേഹത്രയിയേയും (മൂന്നു ഭവനത്തേയും) ലഭിച്ചിട്ട് (വാങ്ങിയിട്ട്) കഷ്ടം!! പതിന്നാലു ലോകങ്ങളേയും ആലോളനം ചെയ്തു (ഇളക്കി)

വിധിം സാധിം ശംഭും ഭ്രമിണമലസം ചാനലമപാം
പതിം ഭീതം രക്ഷശ്ശമനമപി സംജാതശമനം
സഹസ്രാക്ഷം സാസ്രം മരുതമുരുതാപം ഫണിപതിം
ഗുണൈരൂനം ചക്രുർദ്ധനദമധനഞ്ചാപി ദനുജാഃ ൩

അന്വയം—ദനുജാഃ- വിധിം- സാധിം- ശംഭും- ഭ്രമിണം- അനലം- അലസം- ച- അപാംപതിം- ഭീതം- രക്ഷഃ- ശമനം- അപി സംജാതശമനം- സഹസ്രാക്ഷം- സാസ്രം- മരുതം- ഉരുതാപം- ഫണിപതിം- ഗുണൈഃ- ഊനം- ധനദം- അധനം- അപി ച- ചക്രുഃ

അർത്ഥം—ദനുജന്മാർ (അസുരന്മാർ) വിധിയെ (ബ്രഹ്മാവിനെ) സാധിയാക്കിയും (ആധിയോടുകൂടിയവനാക്കിയും) ശംഭുവിനെ (ശിവനെ) ഭ്രമിയാക്കിയും (സംഭ്രമത്തോടുകൂടിയവനാക്കിയും) അന

ലനെ (അഗ്നിയെ) അലസനാക്കിയും (മന്ദതേജസ്സാക്കിയും) അപ്പു
കളുടെ പതിയെ (വരുണനെ) ഭീതനാക്കിയും (ഭയത്തോടുകൂടിയവ
നാക്കിയും) രക്ഷസ്സിനേയും (നിരൃതിയേയും) ശമനനെയും (കാലനെ
യും) സംജാതശമനന്മാരാക്കിയും (ഉണ്ടായ അടക്കത്തോടു കൂടിയവ
രാക്കിയും) സഹസ്രാക്ഷനെ (ഇന്ദ്രനെ) സഹസ്രനാക്കിയും (അസ്ര
ത്തോടു് കണ്ണുനീരോടുകൂടിയവനാക്കിയും) മരുത്തിനെ (വായുവിനെ)
ഉരുതാപനാക്കിയും (മഹത്തായ സന്താപത്തോടു കൂടിയവനാക്കി
യും) ഫണിപതിയെ (അനന്തനെ) ഗുണങ്ങളോടു് ഉദ്ഗുണനാക്കിയും
(ഗുണങ്ങളോടു ചേർപ്പെട്ടവനാക്കിയും) ധനദനെ (കുബേരനെ) അ
ധനനാക്കിയും (ധനമില്ലാത്തവനാക്കിയും) ചെയ്തു.

ചക്രേ സ്വസ്സുന്ദരീണാം ഘനകുടിലമനോഹാരിധമ്മില്ലഭാര-
പ്രധ്വംസഃ; കല്പശാഖിപ്രമുഖവിടപിമൂലാതിഭംഗോ വിതേനേ
ഭേദേ! പ്രത്യുപ്തനാനാവിധമണിനികരപ്രോദ്യദുസ്രാംശുജാല-
ഗ്രസ്താശാമണ്ഡലീകാ ദിതിജപരിവൃഢൈർഗ്ഗേഹപാളീ സുരാണാം॥

അന്വയം — ദിതിജപരിവൃഢൈഃ-സ്വസ്സുന്ദരീണാം- ഘനകുടിലമനോഹാരിധമ്മില്ലഭാരപ്രധ്വംസഃ-ചക്രേ-കല്പശാഖിപ്രമുഖവിടപിമൂലാതിഭംഗഃ-വിതേനേ-പ്രത്യുപ്തനാനാവിധമണിനികരപ്രോദ്യദുസ്രാംശുജാലഗ്രസ്താശാമണ്ഡലീകാ- സുരാണാം ഗേഹപാളീ- ഭേദേ.

അർത്ഥം — ദിതിജപരിവൃഢന്മാരാൽ (അസുരശ്രേഷ്ഠന്മാരാൽ) സ്വസ്സുന്ദരികളുടെ (സ്വർഗ്ഗത്തിലെ സുന്ദരികളുടെ) ഘനവും (ഇടതിങ്ങിയതും) കുടിലവും (വളഞ്ഞതും) മനോഹാരിയും (മനോഹരവും) ആയ ധമ്മില്ലഭാരത്തിന്റെ (കെട്ടിവച്ചിരിക്കുന്ന കേശഭാരത്തിന്റെ) പ്രധ്വംസം (വിച്ഛേദം) ചെയ്യപ്പെട്ടു. കല്പശാഖിപ്രമുഖങ്ങളായ (കല്പവൃക്ഷം തുടങ്ങിയ) വിടപികളുടെ (വൃക്ഷങ്ങളുടെ) കല്പവൃക്ഷം,മന്ദാരം തുടങ്ങിയ വൃക്ഷങ്ങളുടെ എന്നു സാരം. മൂലത്തിന്റെ (ചുവടിന്റെ) അതിഭംഗം (അത്യന്തനാശം) ചെയ്യപ്പെട്ടു. പ്രത്യുപ്തങ്ങളായ (പതിക്കപ്പെട്ടവയായ) നാനാവിധമണികളുടെ (പലതരത്തിലുള്ള രത്നങ്ങളുടെ) നികരത്തിൽ (സമൂഹത്തിൽ) നിന്നു് പ്രോദ്യത്തുകളും (പുറപ്പെടുന്നവയും) അസ്രങ്ങളും നിർമ്മലങ്ങളും) ആയ അംശുജാലങ്ങളാൽ (രശ്മിസമൂഹങ്ങളാൽ) ഗ്രസ്തയായ (വിഴുങ്ങപ്പെട്ടതായ) ആശാമണ്ഡലിയോടു് (ദിങ്മണ്ഡലത്തോടു) കൂടിയ സുരന്മാരുടെ (ദേവന്മാരുടെ) ഗേഹപാളി (ഭവനസമൂഹം) ഭേദിപ്പിക്കപ്പെട്ടു (ഭിന്നമാക്കപ്പെട്ടു)

ഗദ്യം — തദാനീം ച യുദ്ധധാവനാധികൈഃ പൌരൈരായോധിതാ വിബുധാ വസുന്ധരായാം ധാരിതദാരാസ്വരൂപാഃ പ്രക്ഷീണമന്യുമപി

പ്രവർദ്ധിതമന്യും ശതമന്യും പുരോധസം ച പുരോധായ നിന്ദിതനാകനികരമദൃഷ്ടപൂർവം കലികാലേനാപ്രദർശിതമനംഗേനാശ്രുതപൂർവമധർമ്മേണാദൃതഭക്തവർഗ്ഗമനല്പവിബുധകുലമനാലീഢവേദബാഹ്യമാസ്പാദിതവിശപ്രവേശം മഹത്സമാജമിവ സജ്ജനോപശോഭിതം ഗ്രഹഗണമിവ ബുധോപേതം സത്യാസ്ഥാനം സത്യസ്ഥലമുപേത്യ ആഗമനിഗമനിസ്സരണനിർഘോഷബധിരിതദിങ്മുഖായ ചതുർമ്മുഖായ നിജമാപാതമാവേദയാംചക്രുഃ

അന്വയം — അപ്പോഴാകട്ടെ ധാതുധനാധിപന്മാരാൽ (അസുരശ്രേഷ്ഠന്മാരാൽ) ബാധിതന്മാരായ വിബുധന്മാർ (ദേവന്മാർ) വസുന്ധരയിങ്കൽ (ഭൂമിയിങ്കൽ) ധാരിതധരാസുരരൂപന്മാരായിട്ട് (ധരിക്കപ്പെട്ട ബ്രാഹ്മണവേഷത്തോടുകൂടിയവരായിട്ട്) പ്രക്ഷീണമന്യുവാണെങ്കിലും (ക്ഷയിച്ച കോപത്തോടുകൂടിയവനാണെങ്കിലും) പ്രവർദ്ധിതമന്യുവായ (വർദ്ധിച്ചിരിക്കുന്ന മന്യുവോടു=കോപത്തോടുകൂടിയവനെന്ന-വിരോധം-ദീനതയോടുകൂടിയവനെന്ന പരിഹാരം) ശതമന്യുവിനെയും (ഇന്ദ്രനെയും) പുരോധസ്സിനെയും (പുരോഹിതനെയും) പുരോധാനം ചെയ്തിട്ട് (മുമ്പിൽ നടത്തിയിട്ട്) നിന്ദിതനാകനികരമായി (നിന്ദിക്കപ്പെട്ട നാകസമൂഹത്തോടുകൂടിയതായി) കലികാലത്താൽ അദൃഷ്ടപൂർവമായി (ഒരിക്കലും കാണപ്പെടാത്തതായി) അനംഗനാൽ (കാമനാൽ) അപ്രദർശിതമായി (ദർശിക്കപ്പെടാത്തതായി) അധർമ്മത്താൽ അശ്രുതപൂർവമായി (ഒരിക്കലും കേൾക്കപ്പെടാത്തതായി) ആദൃതഭക്തവർഗ്ഗമായി (ആദരിക്കപ്പെട്ട ഭക്തവർഗ്ഗത്തോടുകൂടിയതായി) അനല്പവിബുധകുലമായി (നമിക്കപ്പെടുന്ന ദേവകുലത്തോടുകൂടിയതായി) അനാലീഢവേദബാഹ്യമായി (വേദത്തെ ആസ്പദിക്കാത്തവരിൽനിന്ന ബഹിർഭൂതമായി) ആസ്പാദിതവിശപ്രവേശമായി (സമസ്തവേദത്തെ ആസ്പദിച്ചതായി) മഹാത്മാക്കളുടെ സമാജംപോലെ സജ്ജനങ്ങളെക്കൊണ്ട് ഉപശോഭിതമായി ഗ്രഹഗണംപോലെ (നവഗ്രഹസമൂഹംപോലെ) ബുധോപേതമായി (ബുധന്മാരോട്=ദേവന്മാരോട് കൂടിയതായി-ചന്ദ്രപുത്രനായ ബുധനോടു കൂടിയതായി എന്നും) സത്യത്തിന്റെ ആസ്ഥാനമായ (സത്യത്തിന്റെ ഇരിപ്പിടമായ) സത്യസ്ഥലത്തെ=സത്യലോകത്തെ പ്രാപിച്ചിട്ട് ആഗമങ്ങളുടെയും (ശാസ്ത്രങ്ങളുടെയും) നിഗമങ്ങളുടെയും (വേദങ്ങളുടെയും) നിസ്സരണനിർഘോഷത്താൽ (പുറപ്പെടുന്ന ശബ്ദത്താൽ) ബധിരിതമായ (ചെവികേൾക്കാൻവയ്യാത്തതാക്കിച്ചെയ്യപ്പെട്ടതായ) ദിങ്മുഖത്തോട് (ദിഗ്‌മുഖത്തോട്) കൂടിയവനായ ചതുർമ്മുഖനായിട്ട് (ബ്രഹ്മാവിനായിട്ട്) നിജമായ (തന്നെ സംബന്ധിച്ചതായ) ആപാതത്തിനെ ആവേദിപ്പിച്ചു (അറിയിച്ചു).

തതോ ധാതാ സുരൈസ്സാകം പ്രാപ്യ വിഷ്ണുമവേദയത്।
സോഽപി സർവ്വൈർവൃതോ ദേവൈഃ കൈലാസം സമുപാഗമത്॥

അന്വയം — തതഃ-ധാതാ-സുരൈഃ-സാകം-പ്രാപ്യ-വിഷ്ണും-അവേദയത്-സഃ-അപി-സർവ്വൈഃ-ദേവൈഃ-വൃതഃ- കൈലാസം-സമുപാഗമത്.

അർത്ഥം — അനന്തരം ധാതാവ് (ബ്രഹ്മാവ്) സുരന്മാരോടുകൂടെ പ്രാപിച്ചിട്ട് വിഷ്ണുവിനെ ആവേദിപ്പിച്ചു (അറിയിച്ചു) അദ്ദേഹവും സർവ്വന്മാരായ ദേവന്മാരാൽ വൃതനായിട്ട് (ചുറ്റപ്പെട്ടവനായിട്ട്) കൈലാസത്തെ സമുപാഗമിച്ചു (പ്രാപിച്ചു)

കമ്പേന മൂർദ്ധ്നശ്ശതപത്രയോനിം
വാചാ ഹരിം വൃത്രഹണം സ്മിതേന।
ആലോകമാത്രേണ സുരാനശേഷാൻ
സംഭാവയാമാസ യഥാപ്രധാനം ॥൫॥

അന്വയം —(സഃ) മൂർദ്ധ്നഃ-കമ്പേന-ശതപത്രയോനിം-വാചാ-ഹരിം-സ്മിതേന-വൃത്രഹണം-ആലോകമാത്രേണ-അശേഷാൻ-സുരാൻ-യഥാപ്രധാനം-സംഭാവയാമാസ-

അർത്ഥം — അദ്ദേഹം (ശിവൻ) മൂർദ്ധാവിന്റെ കമ്പം (ഇളക്കം) കൊണ്ട് ശതപത്രയോനിയെയും (ബ്രഹ്മാവിനെയും) വാക്കുകൊണ്ട്, ഹരിയെയും (വിഷ്ണുവിനെയും) സ്മിതം (പുഞ്ചിരി) കൊണ്ട് വൃത്രഹാവിനെ (ഇന്ദ്രനെ) യും ആലോകമാത്രം (ദർശനമാത്രം) കൊണ്ട്, അശേഷന്മാരായിരിക്കുന്ന സുരന്മാരെയും (നിഖിലദേവന്മാരെയും) യഥാപ്രധാനം (യോഗ്യതയ്ക്കു തക്കവണ്ണം) സംഭാവനചെയ്തു (സൽക്കരിച്ചു.)

വിഷ്ണു വ്യാജമായി ത്രിപുരന്മാരെ സ്തുതിക്കുന്നു.

കീർത്തിശ്ശാരദപൂർണ്ണചന്ദ്രസദൃശീ സത്യംകഥോദിതപരം
വീര്യം കാമഗമഞ്ച മന്ദിരവരം ജന്മാപി വംശേഽമലേ
ഭക്തിശ്ശൂലഭൃത്യനപായിനീ ച സകലം തത്സാധ്യു ഭവതാം പുന
ന്നോ ചേദ്ധാക്ഷ്യതി മാമകീനവചനോപന്യാസസംഭാവനാൻ ന്നു

അന്വയം. — മാമകീയവചനോപന്യാസ ഭാവനാമ്-നോ-ധാക്ഷ്യതി-ചേൽ-ശാരദപൂർണ്ണചന്ദ്രസദൃശീ-കീർത്തിഃ- സത്യംകഥോദിതപരം-വീര്യം-കാമഗമം- മന്ദിരവരം- ച-അമലേ- വംശേ-ജന്മ. അപി-തഥാ- അനപായിനി-ഭക്തിഃ- ച-തത് സകലം- ഭവതാം- പുനഃ സാധ്യം.

അർത്ഥം — മാമകീനവചനോപന്യാസ സംഭാവനങ്ങൾ (മാമകീനങ്ങളായിരിക്കുന്ന സംബന്ധിച്ചവരുടെ വചനോപന്യാ

സമാകുന്ന കാട്ടതിസ്സ്) മഹിപ്പിക്കയില്ലെങ്കിൽ ശാരദപൂർണ്ണചന്ദ്രസ ദൃശീയായ (ശരൽക്കാലത്തിലെ പൂർണ്ണചന്ദ്രനോടു തുല്യയായ) കീർത്തി യും സർവ്വംകഷോജ്ജിതപരമായ (സർവ്വത്തെയും അതിക്രമിച്ചിട്ടുള്ളതായ) വീര്യവും കാമഗമമായ (സ്വേച്ഛപോലെ ഗമിക്കുന്നതായ) മന്ദിരവരവും (ശ്രേഷ്ഠമന്ദിരവും) അമലമായ വംശത്തിൽ ജന്മവും അങ്ങിൽ അനപായിനിയായ (നാശമില്ലാത്തതായ) ഭക്തിയും എ ന്നതു് സകലം അവക്കുകട്ടെ സാധുവാകുന്ന (യോഗ്യമാകുന്നു.)

സാരം.—എന്റെ ഭൃത്യരുടെ ഏഷണികേട്ട് അവിടുന്നു ത്രിപുരന്മാരെ മഹിപ്പിച്ചില്ലെങ്കിൽ അവക്ക് പ്രസന്നനായ പൂ ർണ്ണചന്ദ്രനെപ്പോലെയുള്ള കീർത്തിയും എല്ലാവരെയും അതിശയിക്കുന്ന വീര്യ വും സ്വേച്ഛപോലെ പോകുന്ന ഗൃഹവും നിർമ്മലമായ വംശത്തി ലുള്ള ജന്മവും അങ്ങിൽ ഒരിക്കലും അപായം വരാത്തതായ ഭക്തി യും എന്നതു സകലവും പ്രശംസനീയമാകുന്നു. ഇവിടെ പൂർണ്ണച ന്ദ്രൻ കളങ്കിയാകയാൽ കീർത്തിക്കു കളങ്കമുണ്ടെന്നും സാധുജനങ്ങളെ ഉപദ്രവിക്കുന്നതാണ് അവരുടെ വീര്യം എന്നും വംശേമലേ എ ന്നതുകൊണ്ടു ചീത്തവംശത്തിലാണ് ജനനമെന്നും ഉള്ള നിന്ദയും തോന്നുന്നുണ്ട്.

ഹേ! ഗീർവ്വാണാ വിഷാദം വിജഹിത പരിജാനീത
കാര്യം കൃതം വോ
ധന്വാഢ്യശ്ശംഭുരദ്രിർദ്ധനുരപരഃ കോപി
മൌർവ്വീ ഫണീന്ദ്രഃ
വേദാ വാഹാ വിധിസ്സാരഥിരപി ധരണീ
സ്യന്ദനസ്സൂത്രകാര്യ്യ
ശ്ചക്രേ പീയൂഷധാമാ ദ്യുമണിരഥ തതോ
യൂയമഗ്രേസരാശ്ച ൧

അന്വയം—ഹേ! ഗീർവ്വാണാഃ (യൂയം) വിഷാദം-വിജഹിത-വഃ-കാര്യം-കൃതം-പരിജാനീത-തത്ര-ശംഭുഃ-ധന്വാഢ്യഃ (കാര്യ്യഃ) അദ്രിഃ ധനുഃ (കാര്യ്യഃ) അപരഃ-കോപി.ഇഷുഃ- (കാര്യ്യഃ) ഫണീന്ദ്രഃ-മൌർവ്വീ- (കാര്യ്യഃ) വേദാഃ വാഹാഃ (കാര്യ്യാ) വിധിഃ സാരഥിഃ അപി- (കാ ര്യ്യഃ) ധരണീ സ്യന്ദനഃ- (കാര്യ്യാ) അഥ പീയൂഷധാമാ-ദ്യുമണിഃ ച ക്രേ (കാര്യ്യൌ) തതഃ-യൂയം-അഗ്രേസരാഃ ച- (കാര്യ്യാഃ)

അർത്ഥം.— അല്ലയോ ഗീർവ്വാണന്മാരെ! നിങ്ങൾ വിഷാദ ത്തെ കളഞ്ഞാലും. നിങ്ങളുടെ കാര്യം കൃതമായി എന്നറിഞ്ഞാലും. അതിങ്കൽ ശംഭു-ധന്വാഢ്യൻ (വില്ലാളി) ആക്കികാര്യമാകുന്നു (ചെയ്യ പ്പെടാൻ യോഗ്യമാകുന്നു) അദ്രി-ധനുസ്സാക്കിയും കാര്യമാകുന്നു.

അപരനായ ശൌരിതൻ ഇഷു (ബാണം) ആക്കി കാര്യമാകുന്നു. ഫണീന്ദ്രൻ മൌർവ്വി (ഞാൺ) ആക്കി കാര്യമാകുന്നു. വേദങ്ങളും വാഹങ്ങളും (കുതിരകൾ) ആക്കി കാര്യങ്ങളാകുന്നു. വിധി (ബ്രഹ്മാവ്) സാരഥിയാക്കിയും (തേരാളിയാക്കിയും) കാര്യമാകുന്നു. ധരണി (ഭൂമി) സ്യന്ദനമാക്കിയും (രഥമാക്കിയും) കാര്യമാകുന്നു. അനന്തരം പീയൂഷധാമാവും (ചന്ദ്രനും) ദ്യുമണിയും (സൂര്യനും) ചക്രങ്ങളാക്കിയും കാര്യങ്ങളാകുന്നു. പിന്നീട് നിഗമം അഗ്രേസരന്മാരാക്കിയും കാര്യങ്ങളാകുന്നു.

വിഷ്ണു ത്രിപുരന്മാരെ മോഹിപ്പിക്കുന്നതിന്
ബൌദ്ധശാസ്ത്രം ഉണ്ടാക്കുന്നു.

മായീ മായാമയം ശാസ്ത്രം ഗ്രന്ഥം ഷോഡശലക്ഷകം।
ശ്രൌതസ്മാർത്തവിരുദ്ധഞ്ച വർണ്ണാശ്രമവിവർജ്ജിതം॥ ൯॥

അന്വയം—മായീ (സഃ) ശ്രൌതസ്മാർത്തവിരുദ്ധം-വർണ്ണാശ്രമവിവർജ്ജിതം ച ഷോഡശലക്ഷകം-ഗ്രന്ഥം-മായാമയം-ശാസ്ത്രം- (നിർമ്മമൌ)

അർത്ഥം—മായിയായ അദ്ദേഹം (വിഷ്ണു) ശ്രൌതസ്മാർത്തവിരുദ്ധവും (ശ്രുതിസ്മൃതിധർമ്മവിരുദ്ധവും) വർണ്ണാശ്രമവിവർജ്ജിതവും (ബ്രാഹ്മണാദിവർണ്ണങ്ങളോടും ബ്രഹ്മചര്യാദ്യാശ്രമങ്ങളോടും വേർപെട്ടതും) ആയ ഷോഡശലക്ഷകം ഗ്രന്ഥമായ (പതിനാറുലക്ഷം ഗ്രന്ഥമായ) മായാമയമായ ശാസ്ത്രത്തെ (മായാശാസ്ത്രത്തെ) നിർമ്മിച്ചു.

നാരദൻ ത്രിപുരന്മാരുടെ അവസ്ഥയെ ശിവനോട് അറിയിക്കുന്നു.

ഭഗവൻ പാർവ്വതീകാന്ത! ദൈത്യാസ്ത്രിപുരവാസിനഃ।
ത്യക്ത്വാ ത്രൈലോക്യനാഥം ത്വാം പാഷണ്ഡാഃ പര്യവസ്ഥിതാഃ

അന്വയം—ഹേ ഭഗവൻ! പാർവ്വതീകാന്ത! ത്രിപുരവാസിനഃ- ദൈത്യാഃ- ത്രൈലോക്യനാഥം- ത്വാം- ത്യക്ത്വാ- പാഷണ്ഡാഃ- പര്യവസ്ഥിതാഃ-

അർത്ഥം—അല്ലയോ ഭഗവാനായ പാർവ്വതീകാന്ത! ത്രിപുരവാസികളായ ദൈത്യന്മാർ) (ത്രിപുരാസുരന്മാർ) ത്രൈലോക്യനാഥനായ അങ്ങയെ ഉപേക്ഷിച്ചിട്ട് പാഷണ്ഡന്മാരായിട്ട് (വേദവിരുദ്ധാചാരതൽപരന്മാരായിട്ട്) നാസ്തികന്മാരായിട്ട് എന്ന സാരം പര്യവസ്ഥിതന്മാരായി (തീർന്നിരിക്കുന്നു)

സുമേരുരഭവച്ചാപം ജ്യാ ബഭൂവാഥ വാസുകിഃ।
പത്രം വായുർമ്മുഖം വഹ്നിസ്സാരകാണ്ഡം ജനാർദ്ദനഃ॥ ൧൦॥

അന്വയം — അഥ- സുമേരുഃ- ചാപം- അഭവൽ- വാസുകിഃ- ജ്യാ

ബഭൂവ-വായു-പത്രം-(ബഭൂവ) വഹ്നിഃ-മുഖം (ബഭൂവ) ജനാർദ്ദനഃ ശരകാണ്ഡം-(ബഭൂവ)

അർത്ഥം — അനന്തരം സുമേരു (മഹാമേരുപർവ്വതം) ചാപമായിട്ട് (വില്ലായിട്ട്) ഭവിച്ചു-വാസുകി-ജ്യാവായിട്ട് (ഞാണായിട്ട്) ഭവിച്ചു-വായു-പത്രമായിട്ട് (ശരത്തിന്റെ തൂവലായിട്ട്) ഭവിച്ചു-വഹ്നി (അഗ്നി) മുഖമായിട്ട് (അഗ്രമായിട്ട) ഭവിച്ചു-ജനാർദ്ദനൻ (വിഷ്ണു) ശരകാണ്ഡമായിട്ട് (ബാണദണ്ഡമായിട്ട) ഭവിച്ചു.

ഏകബാണേന തം വീരസ്ത്രിപുരം പരമേശ്വരഃ
നിജഘ്നേ സാസുരഗണം ദേവദേവോ മഹേശ്വരഃ ॥ ൧൭.

അന്വയം — വീരഃ-ദേവദേവഃ മഹേശ്വരഃ-പരമേശ്വരഃ-തം-ത്രിപുരം-സാസുരഗണം-ഏകബാണേന-നിജഘ്നേ.

അർത്ഥം — വീരനായി ദേവദേവനായി മഹേശ്വരനായിരിക്കുന്ന പരമേശ്വരൻ ആ ത്രിപുരത്തെ അസുരഗണത്തോടുകൂടെ ഏകബാണംകൊണ്ടു നിഹനിച്ചു (കൊന്നു)

ശ്ലോകം.

യസ്യ ചക്രീകൃതേ ചാപേ
സ്വർഗ്ഗപാതാളവാസിനഃ
ചക്രുരന്യോന്യസല്ലാപം
നമസ്തസ്മൈ പുരദ്വിഷേ.

അന്വയം — യസ്യ-ചാപേ-ചക്രീകൃതേ-സ്വർഗ്ഗപാതാളവാസിനഃ-അന്യോന്യസല്ലാപം-ചക്രുഃ-തസ്മൈ-പുരദ്വിഷേ-നമഃ

അർത്ഥം — യാതൊരുത്തന്റെ ചാപം ചക്രീകൃതമായപ്പോൾ (മണ്ഡലീകൃതമായപ്പോൾ) സ്വർഗ്ഗപാതാളവാസികൾ അന്യോന്യസല്ലാപത്തെ ചെയ്തു. ആ പുരദ്വിട്ടിനായി (പരമേശ്വരനായി)ക്കൊണ്ടു നമസ്കാരം.

സാരം — യാവനൊരുത്തന്റെ വില്ലു വളച്ചപ്പോഴാണ സ്വർഗ്ഗത്തിലും പാതാളത്തിലും വസിക്കുന്നവർ അന്യോന്യസംഭാഷണം ചെയ്തത്. ആ അതിവിശിഷ്ടനായ ത്രിപുരാന്തകനെ നമസ്കരിക്കുന്നു. മഹാമേരുവിന്റെ ചുവട് പാതാളവും അഗ്രം സ്വർഗ്ഗവുമാകയാൽ വളച്ചു സമാഗ്രങ്ങളാകയാൽ മൂലാഗ്രവാസികൾ ഒന്നിച്ചു ചേരുക നിമിത്തം അന്യോന്യസംഭാഷണം ചെയ്തു എന്നസാരം.

ത്രിപുരദഹനം പ്രബന്ധത്തിന്റെ

വ്യാഖ്യാനം സമ്പൂർണ്ണമായി.

സ്വാഹാസുധാകരം

പ്രബന്ധം.

മംഗല്യം വഃ കരോതു ജ്വലനദയിതയാ
  സംഗമേ ഭൎത്തൃഭീത്യാ
ഗ്രസ്താംശോ ഹന്ത തസ്യാമപി ച ഹുതഭുജാ
  ഗ്രസ്തതാം പ്രാപിതായാം
നിശ്ശബ്ദേ വ്യോമമാൎഗ്ഗേ സദസി ച ഹരിണാ
  കൌശലാദ്ദൎശിതാത്മാ
വാസോഭിഃ സോപഹാസം സകലസുരഗണൈ-
  രച്ഛിതോഽയം മൃഗാങ്കഃ ൧

അന്വയം — ജ്വലനദയിതയാ-സംഗമേ- ഭൎത്തൃഭീത്യാ ഗ്രസ്താംശഃ-ഹന്ത-തസ്യാം- അപി-ച-ഹുതഭുജാ- ഗ്രസ്തതാം-പ്രാപിതായാം- വ്യോമമാൎഗ്ഗേ-നിശ്ശബ്ദേ-സദസി- ഹരിണാ-കൌശലാൽ- ദൎശിതാത്മാ-ച- വാസോഭിഃ-സോപഹാസം-സകലസുരഗണൈഃ- -അച്ഛിതഃ അയം- -മൃഗാങ്കഃ-വഃ-മംഗല്യം-കരോതു.

അൎത്ഥം — ജ്വലനദയിതയാൽ (അഗ്നിഭാൎയ്യയാൽ—സ്വാഹയാൽ) സംഗമത്തിൽ ഭൎത്തൃഭീതിയാൽ (ഭൎത്താവു വന്നെങ്കിലോ എന്നുള്ള ഭയത്താൽ) ഗ്രസ്താംശനായും, (വിഴുങ്ങപ്പെട്ട ശരീരത്തോടു കൂടിയവനായും) ഭൎത്താവിനെ ഭയന്നു സ്വാഹ തന്റെ വയറ്റിലാക്കിയവൻ എന്നു സാരം. അവളും (സ്വാഹയും) ഹുതഭുക്കിനാൽ (അഗ്നിയാൽ) ഗ്രസ്തതയെ (ഗ്രസിക്കപ്പെട്ടവളായി എന്നുള്ളതിനെ) പ്രാപിതയായിരിക്കുമ്പോഴും അഗ്നി സ്വാഹയെയും വിഴുങ്ങിയപ്പോഴും എന്നു സാരം. വ്യോമമാൎഗ്ഗം (ആകാശം) നിശ്ശബ്ദമായിരിക്കുമ്പോഴും (ചന്ദ്രനോടുകൂടാത്തതായപ്പോഴും) ചന്ദ്രൻ സ്വാഹയുടെ ഉദരത്തിലാകയാൽ എന്നു സാരം. സദസ്സിൽ (ചന്ദ്രാഭാവത്തിനു കാരണമെന്താണെന്നു് ഉള്ളതിനു ദേവാദികൾ കൂടിയ സഭയിൽ) കൌശലത്താൽ ദൎശിതാത്മാവായും (കാണിക്കപ്പെട്ട സ്വരൂപത്തോടുകൂടിയവനായും) അഗ്നി, വിഷ്ണുവിന്റെ നിൎദ്ദേശത്താൽ ഒരു മന്ത്രം പഠിക്കുന്നതിനായി സ്വാഹയെ ഒരു സ്ഥലത്തു വച്ചിട്ടു വിഷ്ണുവിന്റെ അടുക്കൽ വരികയും അപ്പോൾ സ്വാഹ തന്റെ ഉദരത്തിൽ നിന്നു ചന്ദ്രനെ വെളിയിൽ ആക്കുകയും ഉടനെ ചന്ദ്രൻ ആകാശത്തിൽ പ്രത്യക്ഷമാകയും ചെയ്തു എന്നു പുരാണകഥയുണ്ടു്. വാസസ്സുകൾ

കൊണ്ടു (വസ്ത്രങ്ങൾകൊണ്ടു) സകല സുരഗണങ്ങളാൽ അർച്ചിതനാ യും (പൂജിക്കപ്പെട്ടവനായും) ഇരിക്കുന്ന ചന്ദ്രൻ സ്വാഹയുടെ വയ റ്റിൽനിന്നും വെളിക്കു പുറപ്പെട്ടപ്പോഴും വസ്ത്രം ഇല്ലാതെ ഇരുന്ന തിനാൽ ദേവന്മാർ വസ്ത്രം കൊടുത്തു എന്നും അതു് അനുസരിച്ചാ ണു ലോകർ ഇപ്പോഴും പ്രതിപദത്തിലെ ചന്ദ്രനെക്കാണുമ്പോൾ വസ്ത്രത്തിലെ നൂലു പറിച്ചിട്ടു് ആരാധിക്കുന്നതു് എന്നും സാരം. ഈ മൃഗാങ്കൻ (ചന്ദ്രൻ) നിങ്ങൾക്കു (ശ്രോതാക്കൾക്കു) മംഗല്യത്തെ ചെയ്യട്ടെ.

ജിഹ്വാഗ്രയാം കമലോത്ഭവഃ സ്വാഗ്രഹണീം വാണീം ദധത്യാദരാൽ
കൃഷ്ണോ വക്ഷസി സിന്ധുരാജതനയാമാദായ ധത്തേ മുദം
ദേഹാർദ്ധേ ഗിരികന്യകാം ച ഗിരിശോ ഗൃഹ്ണാതി മോഹാദ്യഥാ
സ്വാഹാം ഹവ്യഭുഗാദധാതി ജഠരേ കാമാതുരോഽയം തഥാ. ൨

അന്വയം—കമലോത്ഭവഃ-മോഹാൽ-യഥാ-സ്വാഗ്രഹിണീം-വാണീം ജിഹ്വാഗ്രയാം ആദരാൽ-ദധാതി-കൃഷ്ണഃ-വക്ഷസി-സിന്ധുരാ ജതനയാം ആദായ-മുദം-ധത്തേ-ഗിരിശഃ-ഗിരികന്യകാം ച-ദേഹാ ർദ്ധേ ഗൃഹ്ണാതി-തഥാ അയം-ഹവ്യഭുക്-കാമാതുരഃ-സ്വാഹാം-ജഠ രേ-ആദധാതി.

അർത്ഥം—കമലോത്ഭവൻ (ബ്രഹ്മാവ്) മോഹത്താൽ യാ തൊരു പ്രകാരം സ്വാഗ്രഹണിയായ (സ്വഭാര്യയായ) വാണിയെ ജി ഹ്വയിൽ (നാക്കിൽ) ആദരം ഹേതുവായിട്ടു ധരിക്കുന്നു. കൃഷ്ണൻ വ ക്ഷസ്സിൽ (മാറിടത്തിൽ) സിന്ധുരാജതനയയെ (ലക്ഷ്മിയെ) ആദാ നം ചെയ്തിട്ടു് (സ്വീകരിച്ചിട്ടു) മുദത്തിനെ ധരിക്കുന്നു. ഗിരിശൻ (ശി വൻ) ഗിരികന്യകയെയും (പാർവ്വതിയെയും) ദേഹാർദ്ധത്തിൽ (പാതിഭാഗത്തിൽ എന്നു സാരം) ഗ്രഹിക്കുന്നു - അപ്രകാരം ഈ ഹവ്യഭുക് (അഗ്നി) കാമാതുരനായിട്ടു് (കാമപരവശനാ യിട്ടു) സ്വാഹയെ (സ്വഭാര്യയെ) ജഠരത്തിൽ (വയറ്റിൽ) ആധാനം ചെയ്യുന്നു (സ്വീകരിക്കുന്നു) ബ്രഹ്മാവു നാക്കിൽ വാണിയെയും, വിഷ്ണു വക്ഷസ്സിൽ ലക്ഷ്മിയെയും, ശിവൻ വാമാർദ്ധത്തിൽ പാർവ്വതിയെയും മോഹത്താൽ ഏതുവിധം ധരിക്കുന്നോ അപ്രകാരം അഗ്നി സ്വാഹ യെ വയറ്റിൽ ധരിക്കുന്നു എന്നു സാരം.

എതാവാനസ്തിവിശേഷഃ (ഇത്രമാത്രം വിശേഷം ഉണ്ടു്) അ ഗ്നി സ്വഭാര്യയെ ധരിക്കുന്നതിൽ ബ്രഹ്മാദികളെക്കാൾ ഇത്രയും വി ശേഷം ഉണ്ടു് എന്നു സാരം.

വിശേഷം എന്താണു് എന്നു താഴെ പറയുന്നു.
ബ്രഹ്മാദയസ്ത്രയോ ദോഷ്ണാ ദധതി വല്ലഭാം
ദധാതി യന്മാത്രം ന പാവകഃ സന്ധ്യയോർപ്പർവ്വയോഃ ൩,

അന്വയം — ബ്രഹ്മാദയഃ ത്രയഃ-ദേവാഃ-സദാ വല്ലഭാം-ദധതി- പാവകഃ-തു-ഉഭയോഃ-സന്ധ്യയോഃ-യാമമാത്രം-ന-ദധാതി.

അർത്ഥം — ബ്രഹ്മാദികളായ മൂന്നു ദേവന്മാർ (ബ്രഹ്മാവിഷ്ണുമഹേശന്മാർ) എല്ലായ്പോഴും വല്ലഭയെ ധരിക്കുന്നു. പാവകൻ (അഗ്നി) രണ്ടു സന്ധ്യകളിൽ (രാവിലെയും വൈകിട്ടും എന്നു സാരം) യാമമാത്രം വല്ലഭയെ ധരിക്കുന്നില്ല. അഗ്നി നിത്യകർമ്മത്തിനായിട്ടു രണ്ടു സന്ധ്യകളിലും സ്വാഹയെ ശരീരത്തിൽ നിന്നും വെളിക്കു വച്ചിട്ടാണു പോകുന്നതു് എന്നു സാരം.

അഥ കദാചിൽ (അനന്തരം ഒരിക്കൽ)

സന്ധ്യോപാസനകർമ്മണേ സപദി താം നിക്ഷിപ്യ കാന്തേ ഗതേ
ചന്ദ്രസ്താമവലോക്യ മന്മഥശരൈസ്സന്താപിതാത്മാ ചിരം
മല്ലീചന്ദനമന്ദമാരുതരസേഷ്വാഹന്ത നിന്ദാപരഃ
കഷ്ടം കാംശ്ചന വാസരാനഗമയൽ പ്രത്യേകമബ്ദോപമാൻ. ൪

അന്വയം — കാന്തേ- സന്ധ്യോപാസനകർമ്മണേ- സപദി- താം- നിക്ഷിപ്യ- ഗതേ- ചന്ദ്രഃ- താം- അവലോക്യ- മന്മഥശരൈഃ- ചിരം സന്താപിതാത്മാ- ആഹന്ത- കഷ്ടം- മല്ലീചന്ദനമന്ദമാരുതരസേഷു നിന്ദാപരഃ- കാംശ്ചന- വാസരാൻ- പ്രത്യേകം- അബ്ദോപമാൻ- അഗമയൽ.

അർത്ഥം — കാന്തൻ (ഭർത്താവു് = അഗ്നി എന്നു സാരം) സന്ധ്യോപാസനകർമ്മത്തിനായിട്ടു് (സന്ധ്യാവന്ദനാദികർമ്മത്തിനു) തൽക്ഷണം അവളെ നിക്ഷേപിച്ചിട്ടു് (ഒരിടത്തു് ഇരുത്തിയിട്ടു്) ഗതനായപ്പോൾ (പോയപ്പോൾ) ചന്ദ്രൻ അവളെ (സ്വാഹയെ) കണ്ടിട്ടു മന്മഥശരങ്ങളാൽ (കാമബാണങ്ങളാൽ) സന്താപിതാത്മാവായിട്ടു (ചുടീക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ടു്) കഷ്ടം-കഷ്ടം! മല്ലീചന്ദനമന്ദമാരുതരസങ്ങളിൽ (മുല്ല ചന്ദനം മന്ദവായു മുതലായവയിൽ) നിന്ദാപരനായിട്ടു (നിന്ദാതല്പരനായിട്ടു) ചില വാസരങ്ങളെ പ്രത്യേകം അബ്ദോപമങ്ങളാക്കി (വത്സരതുല്യങ്ങളാക്കി) കഴിച്ചു. ഒരു ദിവസം ഒരു വർഷംപോലെ കഴിച്ചു എന്നു സാരം.

ഗദ്യം ൧.

തതഃ-കദാചന-ദിവസാവസാനവേലായാം-മന്ദമന്ദമായാതി-ച മലയശിഖരിശിഖരശേഖരിതസുന്ദരതരചന്ദനതരുമണ്ഡലത്തുംഗശൃംഗവിസൃമരകരന്ദബിന്ദുഭരണമന്ദഗമനേ മന്ദപവനേ, ഗതം കുർവാണേ ച സന്ധ്യാസമയവിനമന്നമതികോമളകമലകുലകലവധൂതമകരന്ദസൗരഭ്യകാലസമാസ്വാദന ജനിതാനന്ദകന്ദളിതവിരചിതചിത്രവല്ലികേ ചഞ്ചരീകാ വിഘൂർണ്ണമാനേ

ച വിരഹവേദനാവിദീർണ്ണഹൃദയേ സമാക്രന്ദവാചാലിതാശാചക്ര
വാളേ ചക്രവാകേ, സംപ്രയാതേ ച കമലബന്ധൗ സഹചരീം നിക്ഷി
പ്യ വിക്ഷേപാദികർമ്മകൃതാദരേ സ്വാഹാസഹചരേ പുഷ്പായുധനി
ഷ്ഠാലിതപീഡാകുല ഏഷ ദോഷാകരഃ കമുദിനീമോദിനീഭ്രാന്ത്യാ
വിഭ്രമതൃഷ്ണാതാം സ്വാഹയാ സംഭാവിതമൂലജഗണമഭിസ
ന്ധത്തേ.

അർത്ഥം:- അനന്തരം രവിക്കർ ദിവസാവസാനവേലയിൽ (സന്ധ്യാ സമയത്തിൽ) മലയശിഖരിയുടെ (മലയപർവ്വതത്തിൻെറ (ശിഖരങ്ങളിൽ ശോഭിതങ്ങളും (അലംകൃതങ്ങളും=നില്ക്കുന്നവയും എന്നു സാരം) സുന്ദരതരങ്ങളുമായ ചന്ദനതരുക്കളുടെ മഞ്ജുളതരകളായ (ഏററവും മനോഹരകളായ) മഞ്ജരികളിൽ (പൂങ്കുലകളിൽ) വിസൃമരങ്ങളായ (വ്യാപ്തങ്ങളായ) മകരന്ദബിന്ദുക്കളുടെ (തേൻതുള്ളികളുടെ) ഭരണത്തോടുകൂടിയവനും മന്ദഗമനനും ആയ മന്ദപവനൻ (മന്ദവായു) മന്ദംമന്ദം ആയാൻ (വരുന്നവൻ=വീശുന്നവൻ എന്ന സാരം) ആയിരിക്കുമ്പോഴും, സന്ധ്യാസമയത്തിൽ വിനമജ്ജുകളും (കൂമ്പുന്നവയും) ഉന്നമജ്ജുകളും (വികസിക്കുന്നവയും) അതിരമണീയങ്ങളും ആയ ... സുന്ദരങ്ങളായ (സുന്ദരങ്ങളായ) സകലകമലങ്ങളുടെയും കുമുദങ്ങളുടെയും (ആമ്പൽപൂക്കളുടെയും) കുലത്തിൻെറ മധുരതരമായ മകരന്ദരസത്തിൻെറ തുല്യകാലത്തിലുള്ള നിർഗ്ഗമനത്താൽ (താമരപ്പൂക്കൾ സന്ധ്യയിൽ കൂമ്പാൻ ഭാവിക്കയാലും ആമ്പൽപൂക്കൾ വിടരാൻ ഭാവിക്കയാലും ഒരു സമയത്തിൽ തേൻ ആസ്വദിപ്പൂ എന്ന സാരം) ജനിതാനന്ദരായും (ജനിപ്പിക്കപ്പെട്ട ആനന്ദത്തോടു) കൂടിയതും കലിതവിരഹവിവർത്തവ്യഥികവും (വിരഹവ്യഥയെ അപ്രിയത്തെ ഉണ്ടാക്കിയതും) ആയ ചഞ്ചരീകം (വണ്ട്) ഇന്ദിന്ദിരശ്ചഞ്ചരീകഃ എന്ന് അമരം, ധ്വംകൃതപൂർണ്ണമായിരിക്കുമ്പോഴും (ധ്വം എന്ന ശബ്ദിക്കുമ്പോഴും) വിരഹവേദന കൊണ്ട് വിദീർണ്ണഹൃദയമായും (പിളർന്ന മനസ്സോടുകൂടിയതും) സൂര്യൻ അസ്തമിച്ചാൽ പിന്നീട് ചക്രവാകങ്ങൾ വേർപെടുകയാൽ വിരഹമായതിനാൽ എന്നു സാരം, സമാക്രന്ദനത്താൽ (കരച്ചിലിനാൽ) വാചാലിതമായ (ശബ്ദായമാനമായ) ആശാചക്രവാളത്തോടു (ദിങ്മണ്ഡലത്തോടു) കൂടിയതും ആയ ചക്രവാകം വിയുജ്യമാനമായിരിക്കുമ്പോഴും (വേർപെടുന്ന സമയത്തിലും) ഒരിടത്ത് സഹചരിയെ (ഭാര്യയെ) നിക്ഷേപിച്ചിട്ട് (വച്ചിട്ട്) വിക്ഷേപാദി കർമ്മത്തിൽ (ജലപ്രക്ഷേപാദിസന്ധ്യാവന്ദനകർമ്മത്തിൽ) കൃതാദരനായ (ചെയ്യപ്പെട്ട ആദരവോടുകൂടിയവനായ) സ്വാഹാസഹചരൻ (സ്വാഹാപ്രിയൻ=അഗ്നി) സംപ്രയാതനായിരിക്കുമ്പോഴും (പോയപ്പോഴും) ഈ ദോഷാകരൻ (ചന്ദ്രൻ) ഇവിടെ ദോഷാകര

ൻ എന്നു പ്രയോഗിക്കയാൽ ചന്ദ്രൻ മോഹത്തിനു ഇരിപ്പിടമാണെന്നു ധ്വനിക്കുന്നുണ്ട്; പുഷ്പായുധനാൽ (കാമനാൽ) നിഷ്പാദിതയായ (ചെയ്യപ്പെട്ടതായ) പീഡയാൽ ആകുലനായിട്ട് (പരവശനായിട്ട്) കുമുദിനീമോഹിനികളാലും അവിജ്ഞാതവൃത്താന്തമാകുംവണ്ണം (അറിയപ്പെടാത്ത വൃത്താന്തത്തോടു കൂടുംവണ്ണം) കുമുദിനിയെന്നും മോഹിനിയെന്നും ഉള്ള ഭാര്യമാരുംകൂടെ അറിയാതെ എന്നു സാരം. സ്വാഹയാൽ സനാഥീകൃതമായ (നാഥനോടുകൂടിയതാക്കി ചെയ്യപ്പെട്ട) "സ്വാഹയോടു ചേർന്നതായ എന്നു സാരം" ഉടജാങ്കണത്തെ (പർണ്ണശാലയുടെ മുറ്റപ്രദേശത്തെ) അഭിസരിച്ചു (പ്രാപിച്ചു)

ദൃഷ്ട്വാ സാ കാമസേനാപതിമതിസുകുമാരാംഗമാരാദകാണ്ഡേ
ചന്ദ്രം നാരീജനാനാമതിശയസുലഭാമാകുലാ ചിത്തലൗല്യാൽ
തസ്ഥൗ ഗത്വാ ഗൃഹാഭ്യന്തരമരമുഖേനാസ്യ സഞ്ചാരയന്തീ
വക്ത്രേ മന്ദസ്മിതാർദ്രാനതിമധുരസുധാശീതപാതാൻ കടാക്ഷാൻ

അന്വയം — സാ — കാമസേനാപതിം — അതിസുകുമാരാംഗം — ചന്ദ്രം — അകാണ്ഡേ — ആരാൽ — ദൃഷ്ട്വാ — നാരീജനാനാം — അതിശയസുലഭാൽ — ചിത്തലൗല്യാൽ — ആകുലാ — ഗൃഹാഭ്യന്തരം — ഗത്വാ — അരമുഖേന — അസ്യ. വക്ത്രേ — മന്ദസ്മിതാർദ്രാൻ — അതിമധുരസുധാശീതപാതാൻ — കടാക്ഷാൻ — സഞ്ചാരയന്തീ — തസ്ഥൗ

അർത്ഥം — അവൾ (സ്വാഹാ) കാമസേനാപതിയായി അതിസുകുമാരാംഗനായ ചന്ദ്രനെ അകാണ്ഡത്തിൽ (സമയമല്ലാത്തപ്പോൾ) സമീപത്തിൽ കണ്ടിട്ട് നാരീജനങ്ങൾക്ക് അതിശയസുലഭമായ (ഏറ്റവും സുലഭമായ) സ്വാതന്ത്ര്യമായ എന്നു സാരം. ചിത്തലൗല്യം ഹേതുവായിട്ട് (മനശ്ചാഞ്ചല്യത്താൽ) ആകുലയായി (പരവശയായി) ഗൃഹാഭ്യന്തരത്തെ (ഗൃഹത്തിന്റെ ഉള്ളിൽ) ഗമിച്ചിട്ട്. ഇവന്റെ (ചന്ദ്രന്റെ) വക്ത്രത്തിൽ (മുഖത്തിൽ) മന്ദസ്മിതാർദ്രങ്ങളായി അതിമധുരമായ സുധപോലെ ശീതമായ പാതത്തോടുകൂടിയ കടാക്ഷങ്ങളെ സഞ്ചാരയന്തിയായിട്ട് (സഞ്ചരിപ്പിക്കുന്നവളായിട്ട്) ചന്ദ്രന്റെ മുഖത്തെ നോക്കി പുഞ്ചിരിയോടുകൂടി കടാക്ഷിച്ചിട്ട് എന്നു സാരം സ്ഥിതിചെയ്തു (നിന്നു)

കിമിഹ ബഹുഭിരുക്തൈഃ പ്രക്രമൈഃ പക്ഷ്മലാക്ഷ്യാഃ
സകലഭുവനബന്ധോശ്ചാതിമുഗ്ധാഃ കടാക്ഷാഃ
ഹൃദയഹരണദക്ഷാഃ പ്രോച്ചരന്ത്യന്യമന്യ
പ്രണയഗതിമശേഷാം ദൂതികാതുല്യരൂപാഃ ൬൭

അന്വയം — ഇഹ — ബഹുഭിഃ — ഉക്തപ്രക്രമൈഃ — കിം — പക്ഷ്മലാക്ഷ്യാഃ സകലഭുവനബന്ധോഃ — ച — അതിമുഗ്ധാഃ — ഹൃദയഹരണ

ക്ഷാഃ-കടാക്ഷാഃ-ദൂതികാതുല്യരൂപാഃ- അന്യോന്യം- എത്യ- അശേഷാം- പ്രണയഗതിം- പ്രോചുഃ।

ഇവിടെ ബഹുക്കളായ ഉക്തിപ്രക്രമങ്ങൾകൊണ്ട് (വചനപ്രാരംഭങ്ങൾകൊണ്ട്) എന്തു് വളരെ പറഞ്ഞിട്ടു കാര്യമില്ല എന്നു സാരം. പക്ഷ്മളാക്ഷിയുടേയും (മനോഹരാക്ഷിയായ സ്വാഹയുടേയും) സകലഭുവനബന്ധുവിന്റേയും (ചന്ദ്രന്റേയും എന്നു സാരം) അതിമുഗ്ദ്ധങ്ങളും (ഏററവും സുന്ദരങ്ങളും) ഹൃദയഹരണക്ഷമങ്ങളും (മനസ്സിനെ ഹരിക്കുന്നതിൽ സമർത്ഥങ്ങളും) ആയ കടാക്ഷങ്ങൾ ദൂതികാതുല്യരൂപങ്ങളായിട്ട് (ദൂതിയോടുതുല്യമായ ആകാരത്തോടുകൂടിയിട്ട്) ദൂതികളെപ്പോലെ എന്നു സാരം. അന്യോന്യം പ്രാപിച്ചിട്ട് അശേഷമായ പ്രണയഗതിയെ (സ്നേഹത്തിന്റെ പോക്കിനെ) പറഞ്ഞു, പരസ്പരം കടാക്ഷിക്കുകയാൽ തമ്മിൽ സ്നേഹമുള്ളവരായിത്തീർന്നു എന്നു സാരം।

ഗദ്യം — അനന്തരമമൃതഗുരേവമവാദീൽ (അനന്തരം അമൃതഗു (അമൃതമയികളായ ഗോക്കളോടു-രശ്മികളോടുകൂടിയവൻ-ചന്ദ്രൻ ഇപ്രകാരം പറഞ്ഞു.)

പശ്യ ത്വം ഭൃംഗപോതം കമപി കുമുദിനീതീരഭാഗേ ചരന്തം
സൌരഭ്യം മന്ദവാതൈരുപഹൃതമതുലം കിഞ്ചിദാസ്വാദയന്തം
ഏതസ്യാ ഹന്ത മാധ്വീരസമതിമധുരം ജാതു പാതും നിതാന്തം
മുഗ്ദ്ധേ വക്ത്രേ വികാസം ദിവസപരിണതിപ്രാപ്തമാകാംക്ഷമാണം। ൧

അന്വയം — ത്വം-കുമുദിനീതീരഭാഗേ-ചരന്തം-മന്ദവാതൈഃ-ഉപഹൃതം-അതുലം- സൌരഭ്യം-കിഞ്ചിൽ- ആസ്വാദയന്തം-ഹന്ത- അതിമധുരം-ഏതസ്യാഃ- മാധ്വീരസം- ജാതു- നിതാന്തം -പാതും- മുഗ്ദ്ധേ-വക്ത്രേ- ദിവസപരിണതിപ്രാപ്തം- വികാസം- ആകാംക്ഷമാണം-കമപി-ഭൃംഗപോതം പശ്യ-

അർത്ഥം — നീ കുമുദിനീതീരഭാഗത്തിൽ (കുമുദിനിയുടെ കരയിൽ) ചരന്നായി (സഞ്ചരിക്കുന്നവനായി) മന്ദവാതങ്ങളാൽ ഉപഹൃതമായി (കൊണ്ടുവരപ്പെട്ടതായി) അതുലമായ (അസദൃശമായ) സൌരഭ്യത്തെ കുറഞ്ഞൊന്നു ആസ്വാദയന്നായി (രസിക്കുന്നവൻ ആയി) ആശ്ചര്യം അതിമധുരമായ ഇവളുടെ മാധ്വീരസത്തെ (ഇൗ കുമുദിനിയുടെ മധുരസത്തെ) ഒരിക്കൽ ഏററവും പാനം ചെയ്യാനായിട്ട് മുഗ്ദ്ധമായ (സുന്ദരമായ) വക്ത്രത്തിൽ (കുമുദിനീപക്ഷത്തിൽ ആമ്പൽപ്പൂവിൽ എന്നു സാരം) ദിവസപരിണതി പ്രാപ്തമായ (സന്ധ്യാകാലത്തിൽ ഉണ്ടാകുന്നതായ വികാസത്തെ ആകാംക്ഷമാണനായ (ആഗ്രഹിക്കുന്നവനായ) ഒരു ഭൃംഗപോതത്തെ (വ

ണ്ടിൻ കുട്ടിയെ) കണ്ടാലും ഇവിടെ ഈ ഭൃംഗപോതകത്തെ നിർദ്ദേശിച്ചുള്ള പ്രസ്തുതമല്ലാത്തതിനാൽ നിന്റെ അധരമധുവിനെ പാനം ചെയ്യുന്നതിന് സന്ധ്യയാകുമ്പോൾ മുഖത്തിൽ ഉണ്ടാകുന്ന പ്രസാദത്തെ അനുഗ്രഹിച്ചുവന്നിരിക്കുന്ന എന്നെക്കണ്ടാലും എന്ന് പ്രകൃതമായ അർത്ഥം തോന്നുന്നു.

ഗദ്യം—അഥ സ്വാഹയാപ്യേവമഭിഹിതം (അനന്തരം=ചന്ദ്രവചനാനന്തരം) സ്വാഹയാലും ഇപ്രകാരം (ഇനിയും പറയാൻ പോകുന്നത്) അഭിഹിതമായി പറയപ്പെട്ടു.

രവിരയമസ്തം യാതഃ സമാഗതോ ഹന്ത ഹന്ത ചന്ദ്രോഽയം
യാതി വികാസമയീയം കുമുദ്വതീ കിം വിളംബസേ ഭൃംഗ!

അന്വയം—അയം രവിഃ-അസ്തം-യാതഃ-അയം-ചന്ദ്രഃ-സമാഗതഃ-ഹന്ത ഹന്ത-ഇയം-കുമുദ്വതീ-അപി-വികാസംയാതി-ഹേ ഭൃംഗ! (ത്വം) കിംവിളംബസേ.

അർത്ഥം—ഇതാ രവി അസ്തമനത്തെ പ്രാപിച്ചു. ഇതാ ചന്ദ്രൻ സമാഗതനായി (വന്നു) ആശ്ചര്യം ഇതാ കുമുദ്വതിയും വികാസത്തെ പ്രാപിക്കുന്നു. അല്ലയോ ഭൃംഗമേ! നീ എന്തിന് വിളംബിക്കുന്നു. (താമസിക്കുന്നു) സൂര്യൻ അസ്തമിച്ചു സർവ്വജനാഹ്ലാദകനായ ഞങ്ങളും വന്നിരിക്കുന്നു. എന്നിട്ടും അത്യന്തസന്തോഷവും ഉണ്ടാകുന്നു. ഇനിയും താമസം വേണ്ട എന്നു സാരം.

(ഗദ്യം) അന്യോന്യമാലിഭിഃ സല്ലാപൈരുല്ലസിതമല്ലികായുധവിലാസയോഃ സപദിപരസ്പരഗ്രഹീതഹസ്താംബുജയോരാലിംഗനചുംബനാധരബിംബദംശോദ്ഭൂതാനന്ദയോരതിമധുരമധരബിംബമാസ്വാദയതോരതികോമളവദനകമലസമവലോകനവിധുതവിരഹവേദനയോരന്തരാന്തരാ സസംഭ്രമചലനസമാഗമനാവലോകനവ്യാപൃതതൈകൈകനേത്രയോഃ സ്വാഹാചന്ദ്രമസോർമ്മന്ദമന്ദനിശ്ശബ്ദമാരമത് ഉജ്ജൃംഭിതസ്മിതകാമമനോഹരമണിശ്രുതിജനാവലയശോഭമേഖലാഗുണാ ശോഭിപാതവിഗളിതസകലാവയവാ പ്രസ്വേദഗർമ്മലേശകിളിതനിഖിലശരീരാ ശനൈർമ്മീലിതാക്ഷസ്വതസകലാവയവാ സുരതോത്സവഃ സംവൃത്തഃ തതശ്ച

അർത്ഥം ഏവമാലികളായ (ഇപ്രകാരമുള്ള) സല്ലാപങ്ങൾ കൊണ്ട് ഉല്ലസിതമായ (പ്രകാശിച്ച) മല്ലികായുധവിലാസത്തോടു (കാമവിലാസത്തോടു) കൂടിയവരും, തൽക്ഷണം പരസ്പരം ഗ്രഹീതമായ ഹസ്താംബുജത്തോടു കൂടിയവരും ആലിംഗനചുംബനാധരംശങ്ങൾകൊണ്ടു സംജാതാനന്ദന്മാരും (വർദ്ധിക്കപ്പെട്ട ആനന്ദത്തോടുകൂടിയവരും) അതിമധുരമായ അധരബിംബത്തെ ആസ്വാദ

യന്ത്രങ്ങളും (ഉച്ഛ്വസിക്കുന്നവയും) അതികോമളമായ വദനകമല
ങ്ങളുടെ സമവലോകനത്താൽ വിധൂതമായ (കളയപ്പെട്ട) വിര
ഹവേദനയോടുകൂടിയവയും ഇടയ്ക്കിടയ്ക്കു സസംഭ്രമം (സംഭ്രമത്തോ
ടുകൂടെ) ജ്വലനാഗമനത്തിന്റെ (അഗ്നിയുടെ വരവിന്റെ, അ
വലോകനത്തിൽ (ദർശനത്തിൽ) വ്യാപൃതമായ (പ്രേരിപ്പിക്കപ്പെട്ട)
ഓരോരോ നേത്രത്തോടുകൂടിയവയും ആയ. ക്രമക്രമമേ അഗ്നിവരു
ന്നോ എന്നു നോക്കുന്നവയും എന്നു സാരം. സ്വാഹാചന്ദ്രമസ്സുക
ൾക്ക് (സ്വാഹയുടേയും ചന്ദ്രന്റേയും) മന്ദമന്ദം നിഃശ്വസിതമാനങ്ങളും (ഉച്ഛ്വസി
ക്കുന്നവയും) മഞ്ജുളതരമാകുംവണ്ണം മിളിതങ്ങളും (ചേർന്നവയും)
ആയ സീൽകാരങ്ങളാൽ (സീൽകാരശബ്ദങ്ങളാൽ) മനോഹരങ്ങളും
മഞ്ജുവാകുംവണ്ണം ശിഞ്ജാനങ്ങളായ (ശബ്ദിക്കുന്നവയായ) വല
യങ്ങളോടും (വളകളോടും) നൂപുരങ്ങളോടും (കാൽചിലമ്പുകളോടും)
മേഖലാഗുണങ്ങളോടും (അരഞ്ഞാണുകളോടും) കൂടിയവയും ദശനനി
പാതത്താൽ (പല്ലുകളുടെ പതനത്താൽ) വിദളിതങ്ങളായ (മുറിഞ്ഞ)
സകലാവയവങ്ങളോടുകൂടിയവയും, പ്രസൃമരമായ (വ്യാപിച്ചതാ
യ) ഘർമ്മലേശത്തോടു (വിയർപ്പുതുള്ളികളുടെ ലേശത്തോടു) മി
ളിതമായ (ഇടകലർന്ന) നിഖിലശരീരത്തോടുകൂടിയവയും, ശരീര
ത്തിലാസകലം വിയർപ്പുതുള്ളി വ്യാപിച്ചവയായ എന്നു സാരം. മന്ദ
മന്ദം ക്ലാമ്യമാനങ്ങളായ (വാടിയവയായ) സകലാവയവങ്ങളോടുകൂ
ടിയവയും ആയ സുരതോത്സവങ്ങൾ സംഭവിച്ചു അനന്തരമാകുന്ന

ശ്രിയാദേവം പ്രഭാതേ ദിവസപരിണതൗ
    ചാവയോരംഗജന്മ-
ക്രീഡാക്ഷേമോ നിസർഗ്ഗോ മുഹുരിതി സമയം
    സസ്പൃഹം സപ്രമോദം
സംശോഷന്തൗ യുവാനൗ വിഷമഹുതവഹ-
    ഗ്രസ്തദേഹാവഭൂതാം
സ്വാഹാ ഹാ ഹന്ത പശ്ചാദപി ച ഹുതവഹ-
    ഗ്രസ്തദേഹാ ബഭൂവ. ൯

അന്വയം — ഏവം-പ്രഭാതേ-ദിവസപരിണതൗ-ച-ആവ
യോഃ അംഗജന്മക്രീഡാക്ഷേമ-നിസ്സർഗ്ഗഃ-ശ്രിയാത്-ഇതി-മുഹുഃ-സമയം-
സസ്പൃഹം-സപ്രമോദം-സംശോഷന്തൗ-യുവാനൗ-വിഷമഹുതവ
ഹഗ്രസ്തദേഹൗ-അഭൂതാം-സ്വാഹാ-പശ്ചാത്-അപി-ച-ഹുതവഹ
ഗ്രസ്തദേഹാ-ബഭൂവ-ഹാ-ഹന്ത.

അർത്ഥം — ഇപ്രകാരം പ്രഭാതത്തിലും ദിവസപരിണതിയി
ലും (സന്ധ്യാസമയത്തിലും) നമ്മളുടെ അംഗജന്മക്രീഡാക്ഷേമം (കഷ

മക്രീഡാരമേദം) നിഗ്രഹമായിട്ട് (അസ്പൃഷ്ടമായിട്ട്) അന്യരും അറിയാ
ത്ത എന്നു സാരം. ഭവിക്കട്ടെ എന്നിങ്ങനെ പിന്നെയും പിന്നെ
യും സഭയവും (ഭയത്തോടും) സസ്പൃഹവും (ആഗ്രഹത്തോടും) സ
പ്രമോദവും (സന്തോഷത്തോടും) അന്യോന്യം സംഭാഷിക്കുന്നവ
ളായിട്ട് (പറയുന്നവരായിട്ട്) ദമ്പതികൾ(സ്വാഹാചന്ദ്രന്മാർ) വിര
ഹഹുതവഹഗ്രസ്തദേഹന്മാരായിട്ട (വിരഹാഗ്നിയാൽ ഗ്രസിക്കപ്പെട്ട
ശരീരത്തോട് കൂടിയവരായിട്ട) ഭവിച്ചു. സ്വാഹാ പിന്നീടും ഹുതവ
ഹഗ്രസ്തദേഹയായിട്ട ഭവിച്ചു (അഗ്നിയാൽ വിഴുങ്ങപ്പെട്ട ശരീരത്തോ
ടുകൂടിയവളായിട്ട തീർന്നു) ആശ്ചര്യം! സ്വാഹയും ചന്ദ്രനും വിരഹാ
ഗ്നിയാൽ ഗ്രസിക്കപ്പെട്ടവരാണെങ്കിലും സ്വാഹ പിന്നീടും അഗ്നിയാ
ൽ വിഴുങ്ങപ്പെട്ടത് ആശ്ചര്യമാണ്. സ്വാഹാചന്ദ്രന്മാർക്ക് വേർ
പാട് ഉണ്ടായി സ്വാഹയെ അഗ്നിവിഴുങ്ങുകയും ചെയ്തു എന്നു
സാരം.

ഗദ്യം — തതസ്തയോരേവമചൈത്ര്യസുരതമനാസേവതോ
രനുക്ഷണവിജൃംഭിതാഭിലാഷയോഃ കദാപിദപ്യപരിപൂർണ്ണമനോര
ഥയോഃ സ്വാഹാസുധാകരയോ രാജ്യധാരയേവ മഹാനലോ മനോ
നലഃ പ്രതിക്ഷണം സമജൃംഭത.

അർത്ഥം — അനന്തരം ഈപ്രകാരം തന്നെ ചൈത്ര്യസുരതത്തെ
അനാസേവിക്കുന്നവരും (അനുഭവിക്കാത്തവരും) അനുക്ഷണവിജൃംഭിതാ
ഭിലാഷന്മാരും (ക്ഷണംതോറും വർദ്ധിച്ചതായ ആഗ്രഹത്തോടുകൂ
ടിയവരും) ഒരിക്കലും അപരിപൂർണ്ണ മനോരഥന്മാരും (അഗ്നിയുടെ
വരവിനാൽ സമ്പൂർണ്ണമല്ലാത്ത ആഗ്രഹത്തോടുകൂടിയവരും) ആയ
ആ സ്വാഹാസുധാകരന്മാർക്ക് (സ്വാഹയ്ക്കും ചന്ദ്രനും) ആജ്യധാര
യാൽ (നെയ്യ് ഒഴിക്കുകയാൽ) മഹാനലൻ (മഹാഗ്നി) എന്നപോ
ലെ മനോനലൻ (കാമാഗ്നി) ക്ഷണംതോറും വർദ്ധിച്ചു.

അഥ നിപുണമതീനാമഗ്രണീരുഗ്രതാപഃ
സ്മരശരപരിതാപവ്യാകുലാംഗോ മൃഗാങ്കഃ
പ്രതിദിനമവിയോഗേ കല്പയന്നഭ്യുപായം
പ്രണയപരവശാം താം വല്ലഭാമേവമൂചേ ൧൦

അന്വയം — അഥ- നിപുണമതീനാം അഗ്രണീഃ- ഉഗ്രതാപഃ-മൃ
ഗാങ്കഃ-സ്മരശരപരിതാപവ്യാകുലാംഗഃ പ്രതിദിനം-അവിയോഗേ-
അഭ്യുപായം- കല്പയൻ-പ്രണയപരവശാം-താം-വല്ലഭാം-ഏവം-
ഊചെ.

അർത്ഥം — അനന്തരം നിപുണമതികളിൽവച്ച് (കുശലബു
ദ്ധികളിൽ വച്ച്) അഗ്രണിയും (മുൻപിൽ നടക്കുന്നവനും) ഉഗ്ര
താപനും ആയ മൃഗാങ്കൻ (ചന്ദ്രൻ) കാമശരസന്താപത്താൽ വ്യാകു

ലശരീരനായി ദിവസംതോറും അവിയോഗത്തിൽ (വേർപെടാതെ ഇരിക്കുന്നതിൽ) അഭിപ്രായത്തെ (കൌശലത്തെ) കല്പയന്നായിട്ട് (വിചാരിക്കുന്നവനായിട്ട്) സ്വാഹയോട് സദാസമാഗമവും ചേർന്നിരിക്കുന്നതിനുള്ള കൌശലത്തെ മനസ്സിൽ നിശ്ചയിച്ചിട്ട് എന്നു സാരം. പ്രണയപരവശയായ ആ വല്ലഭയോട് (സ്വാഹയോട്) ഇപ്രകാരം (ഇനിയും പറയുന്നവിധം) പറഞ്ഞു.

ചന്ദ്രന്റെ വാക്കിനെ പറയുന്നു.

ഹൃദ്യാം വിദ്യാമധീഷേ ത്വമിഹ സഹചരാത്പാവകാദ്വ്യാജപൂർവ്വം
ധത്തേ സോയം യഥാ ത്വാമനിശമുദരേ സാദരം ഹന്ത പശ്ചാൽ
ഭുക്ത്വാ മാം യാഹി നിത്യം ജഠരകുഹരമേതസ്യ ജാതാനന്ദമോദാ-
വാവാം തസ്മിൻ വസന്തൌ തനവ വിഹരണം കുർവ്വഹേ സർവ്വകാ
[ലം ॥൧൮॥

അന്വയം — ത്വം ഇഹ - സഹചരാൽ - പാവകാൽ - വ്യാജപൂർവ്വം - ഹൃദ്യാം - വിദ്യാം അധീഷേ സഃ - അയം - യഥാ - ത്വാം - അനിശം - ഉദരേ - സാദരം - ധത്തേ - ഹന്ത - പശ്ചാൽ - മാം - ഭുക്ത്വാ - നിത്യം - ഏതസ്യ ജഠരകുഹരം - യാഹി - തനവ - ആവാം - ജാതാനന്ദമോദൌ - തസ്മിൻ - വസന്തൌ - സർവ്വകാലം - വിഹരണം - കുർവ്വഹേ -

അർത്ഥം — നീ ഇവിടെ സഹചരനായ (പ്രിയനായ) പാവകന്റെ നിന്ന് (അഗ്നിയിൽനിന്നു) വ്യാജപൂർവ്വം (കപടമായി) ഹൃദ്യയായ (മനോഹരയായ) വിദ്യയെ (പറയാൻപോകുന്ന വിദ്യയെ) പഠിച്ചാലും. ആ ഇവൻ (അഗ്നി) യാതൊരു പ്രകാരം നിന്നെ ഉദരത്തിൽ സാദരമാകുംവണ്ണം (ആദരത്തോടുകൂടെ) ധരിക്കുന്നു. അത്ഭുതം, പിന്നീട് എന്നെ ധരിച്ചിട്ട് നിത്യം ഇവന്റെ (അഗ്നിയുടെ) ജഠരകുഹരത്തെ (ഉദരാന്തർഭാഗത്തെ) യാനംചെയ്താലും (പ്രാപിച്ചാലും) അനന്തരം നമ്മൾ ജാതാനന്ദമോദന്മാരായി (ഉണ്ടായ സന്തോഷത്തോടുകൂടിയവരായി) അവിടെ (അഗ്നിയുടെ വയററിൽ) വസന്തുകളായിട്ട് (പാർക്കുന്നവരായിട്ട്) സർവ്വകാലം വിഹരണത്തെ ചെയ്യാം (ക്രീഡിക്കാം) അഗ്നി നിന്നെ ഏതു വിധമാണ് ഉദരത്തിൽ ധരിക്കയും വെളിയിൽ ഉദ്വമിക്കുകയും ചെയ്യുന്നതു്. ആ വിദ്യയെ നിന്റെ പ്രിയന്റെ അടുക്കൽനിന്നു ഏതെങ്കിലും വ്യാജം പ്രയോഗിച്ച് പഠിക്കണം. എന്നാൽ അതുപോലെ നിനക്കും എന്നെ ഉദരത്തിൽ ധരിക്കാം. അതിനുശേഷം അഗ്നിയുടെ വയററിൽ വെച്ച് സന്തോഷത്തോടുകൂടി നമുക്കു ക്രീഡിക്കാം എന്നു സാരം.

ഗദ്യം — അഥ സാ ഹുതവഹസഹചരീ മധുരാം ജാരഭാരതീം തഥേതി പ്രതിഗൃഹ്യ സ്ത്രീജനസുലഭേന നിർബന്ധേന നിർബന്ധ്യ

സുദുർല്ലഭാമപി താം വിദ്യാം ജഡാത്മനോ ഹുതവഹാദധിജഗാമ.

അർത്ഥം — അനന്തരം (ചന്ദ്രവചനത്തിനുശേഷം) ആ ഹുതവഹസഹചരി (സ്വാഹ) മധുരയായ ജാരഭാരതിയെ (ജാരന്റെ വാക്കിനെ) അപ്രകാരം എന്ന് പ്രതിഗ്രഹിച്ചിട്ട് (സ്വീകരിച്ചിട്ട്) സ്ത്രീജനസുലഭമായ (സ്ത്രീകൾക്ക് സ്വാഭാവികമായ) നിർബന്ധം കൊണ്ട് നിർബന്ധിച്ചിട്ട് സുദുർല്ലഭയാണെങ്കിലും (അത്യന്തദുർല്ലഭയാണെങ്കിലും) ആ വിദ്യയെ ജഡാത്മാവായ ഹുതാശനനിൽനിന്ന് (അഗ്നിയിങ്കൽനിന്ന്) അധിഗമിച്ചു (പഠിച്ചു)

സന്ധ്യായാമഥ നിർഗതേ പുനരഹോ കാമാഹവം കുർവ്വതോഃ
സ്വാഹാചന്ദ്രമസോഃ ക്ഷണേന സ ഗതോ യാമോ(അ)യമാമോദിനോഃ
സംപ്രാപ്തേ പരിണേതരി ക്ഷണമിവ സ്വാഹാന്ത വിദ്യാവശാത്
സംജഗ്രാഹ നിജോദരേ ശശധരം താമപ്യഹോ പാവകഃ ൧൮

അന്വയം — അഥ സന്ധ്യായാം പാവകേ നിർഗതേ-പുനഃ-കാമാഹവം-കുർവ്വതോഃ-ആമോദിനോഃ-സ്വാഹാചന്ദ്രമസോഃ-അയം യാമഃ ക്ഷണേനാഗതഃ-ഹന്ത പരിണേതരി-സംപ്രാപ്തേ-സ്വാഹാന്ത-വിദ്യാവശാത്-നിജോദരേ-ശശധരം-സംജഗ്രാഹ-അഹോ-പാവകഃ-താം-അപി സംജഗ്രാഹ-

അർത്ഥം — അനന്തരം സന്ധ്യയിൽ പാവകൻ (അഗ്നി) നിർഗ്ഗതനായിരിക്കുമ്പോൾ (സന്ധ്യാവന്ദനത്തിനായി പുറപ്പെട്ടപ്പോൾ) പിന്നെയും കാമാഹവത്തെ (കാമയുദ്ധത്തെ) കുർവ്വാണകളായി (ചെയ്യുന്നവരായി) ആമോദികളായ (സന്തോഷത്തോടുകൂടിയവരായ) സ്വാഹാചന്ദ്രന്മാർക്ക് ഈ യാമം (അഗ്നിവരുന്നതിനിടയ്ക്കുള്ളയാമം) ക്ഷണേന-ഗതമായി (പോയി) ആശ്ചര്യം, പരിണേതാവ് (ഭർത്താവ്) സംപ്രാപ്തനായപ്പോൾ (വന്നസമയത്തിൽ) സ്വാഹയുടെ വിദ്യാവശംഹേതുവായിട്ട് (അഗ്നിയിൽനിന്നും പഠിച്ച വിദ്യയുടെ ശക്തിയാൽ എന്ന സാരം) നിജോദരത്തിൽ (തന്റെ വയറ്റിൽ) ശശധരനെ (ചന്ദ്രനെ) ഗ്രഹിച്ചു ഈ പാവകൻ (അഗ്നി) അവളെയും (സ്വാഹയേയും) ഗ്രഹിച്ചു. അത്ഭുതം (ആശ്ചര്യമാകട്ടെ.)

കദാ വാ രാകായാമിഹ നഹി സമായാതി ഗഗനേ
ശശാങ്കോ രാത്ര്യർദ്ധം ഗതമിതി മിഥോ ഹന്ത ഗദതാം
നിതാന്തം തീവ്രർക്ഷഗ്രഹണഗണനാവ്യാകുലധിയാം
ജനാനാം സംജാതാഃ കതിചന മഹാന്തഃ കലകലാഃ ൧൯

അന്വയഃ — ഇഹ-രാകായാം-ഗഗനേ-ശശാങ്കഃ കദാ വാ-ന ഹി-സമായാതി-രാത്ര്യർദ്ധം-ഗതം-ഹന്ത-ഇതി മിഥഃ ഗദതാം-നിതാ

നതം- തിഥ്യർക്ഷഗ്രഹണഗണനവ്യാകുലധിയാം ജനാനാം-മഹാന്തഃ
കതിചന- കളകളാഃ- സംജാതാഃ

അർത്ഥം:— ഇവിടെ രാകയിൽ (വെളുത്തവാവിൽ) ഗഗനത്തിൽ (ആകാശത്തിൽ) ശശാങ്കൻ എന്തുകൊണ്ട് സമാഗമനം ചെയ്യുന്നില്ല (പ്രകാശിക്കുന്നില്ല) രാത്ര്യർദ്ധം ഗതമായി (അർദ്ധരാത്രി കഴിഞ്ഞു) കഷ്ടം എന്നിങ്ങനെ തമ്മിൽ ശബ്ദിക്കുന്നവരായി (പറയുന്നവരായി) ഏററം തിഥ്യർക്ഷഗ്രഹണങ്ങളുടെ (തിഥികളുടേയും ഋക്ഷങ്ങളുടെയും (നക്ഷത്രങ്ങളുടേയും) ഗ്രഹണത്തിൻെറയും ഗണനംകൊണ്ടു (എണ്ണുകകൊണ്ട്) വ്യാകുലധീകളായ (സംഭ്രാന്തബുദ്ധികളായ) ജനങ്ങളുടെ മഹത്തുകളായ ചില കളകളങ്ങൾ (കോലാഹലങ്ങൾ) സംജാതങ്ങളായി (ഉണ്ടായി)

ഹാ ഹാ നഃ പ്രാണനാഥഃ ക്വനു ഖലു വിഗതഃ
സന്ത്യജൻ കഷ്ടമസ്മാ-
ന്നിത്ഥം താരാവലീനാം ക്വനു മമ ജനകോ ഹന്ത
ഹന്തേതി ചാന്ദ്രേഃ
ആഹാരോ ഹന്ത ഹാഹാ ഗത ഇതി ച സുരാണാം
നിതാന്താതുരാണാം
വാക്യൈരശ്രുപ്രവാഹൈരപി ച സുരകുലം
വ്യാകുലം സംബഭൂവ. ൯൪

അന്വയം — ഹാഹാ നഃ പ്രാണനാഥഃ- അസ്മാൻ-സന്ത്യജൻ കഷ്ടം-ക്വനു- വിഗതഃഖലു-ഇത്ഥം-താരാവലീനാം, ഹന്ത ഹന്ത-മമ ജനകഃ-ക്വനു-ഇതി ചാന്ദ്രേഃ, ഹാഹാ ഹന്ത- ആഹാരഃ-ഗതഃഇതി- നിതാന്താതുരാണാം സുരാണാം- ച,- വാക്യൈഃ- അശ്രുപ്രവാഹൈഃ അപി ച- സുരകുലം-വ്യാകുലം- സംബഭൂവ

അർത്ഥം.— ഹാഹാ ഞങ്ങളുടെ പ്രാണനാഥൻ ഞങ്ങളെ സന്ത്യജൻ ആയിട്ട് (ഉപേക്ഷിക്കുന്നവൻആയിട്ട്) കഷ്ടം എവിടെ വിഗതനായി (പോയി) എന്നിങ്ങനെ താരാവലികളുടേയും (നക്ഷത്രസമൂഹങ്ങളുടേയും) കഷ്ടം കഷ്ടം എൻെറ ജനകൻ (അച്ഛൻ) എവിടെയാണ് എന്നിങ്ങനെ ചാന്ദ്രിയുടേയും (ചന്ദ്രപുത്രനായ ബുധൻെറയും) ഹാഹാ കഷ്ടം ഞങ്ങളുടെ ആഹാരം എവിടെ ഗതമായി (പോയി) എന്നിങ്ങനെ നിതാന്താതുരന്മാരായ (ഏററവും പരവശന്മാരായ) സുരന്മാരുടേയും [ദേവന്മാരുടേയും) വാക്യങ്ങൾ കൊണ്ടും അശ്രുപ്രവാഹങ്ങൾകൊണ്ടും സുരകുലം വ്യാകുലമായിട്ടു ഭവിച്ചു. ചന്ദ്രൻെറ ഓരോ കലകൾ ദേവന്മാർ ഭക്ഷിക്കയാലാണ് കലകൾ കുറയുന്നതു്. അതുകൊണ്ടാണ് ദേവന്മാർക്ക് ദുഃഖമുണ്ടായതു് എന്നു സാരം

ഗദ്യം — അഥ ശതമഖചതുർമുഖപ്രമുഖൈരഖിലൈരമരൈരന്യോപന്നിവാരണപ്രവീണോ നാരായണാദന്യഃ കശ്ചിദിതി നിശ്ചിന്വാനൈരനവരതസ്തുതിരവമുഖരിതഹരിദന്തരാളൈഃ സംചിന്തിതോ ഭഗവാനംബുജാക്ഷഃ

അർത്ഥം — അനന്തരം ശതമുഖചതുർമ്മുഖപ്രമുഖന്മാരായി, (ഇന്ദ്രൻ, ബ്രഹ്മാവ് തുടങ്ങിയവരായി) അന്യോപന്നിവാരണപ്രവീണനായിട്ട് (നമ്മളുടെ ആപത്തിനെ തടുക്കുന്നതിന സമർത്ഥനായിട്ട്) നാരായണങ്കൽനിന്ന് അന്യനായ ഒരുത്തൻ (മറ്റൊരാൾ) ഇല്ല എന്നിങ്ങനെ നിശ്ചിന്വാനന്മാരായി (നിശ്ചയിക്കുന്നവരായി), അനവരതസ്തുതിരവങ്ങൾകൊണ്ട് (എല്ലായ്പോഴുമുള്ള സ്തുതികളുടെ ശബ്ദങ്ങൾകൊണ്ട്) മുഖരിതഹരിദന്തരാളന്മാരായി (ശബ്ദായമാനമാക്കി ചെയ്യപ്പെട്ട ദിങ്മധ്യത്തോടുകൂടിയവരായി) സ്തുതികൊണ്ടു ദിങ്മധ്യത്തെ മുഴക്കുന്നവരായി എന്നസാരം. അഖിലന്മാരായ അമരന്മാരാൽ ഭഗവാനായ അംബുജാക്ഷൻ സംചിന്തിതനായി (വിചാരിക്കപ്പെട്ടവനായി) ദേവന്മാർ മഹാവിഷ്ണുവിനെ സ്മരിച്ചു എന്നസാരം.

വിജ്ഞായാഥ ദയാനിധിസ്സ ഭഗവാനാകാംക്ഷിതം നാകിനാം
സദ്യഃ പ്രാദുരഭൂദപാരമഹിമാ മന്ദസ്മിതാർദ്രാനനഃ
നീലാംഭോധരജാലകോമളതരൈരാനന്ദയന്നംഗകൈ
ശ്ചന്ദ്രാലോകനകൗതുകം സുമനസാം വക്ത്രേന്ദുനാ പൂരയൻ

അന്വയം — അഥ-ദയാനിധിഃ അപാരമഹിമാ-സഃ-ഭഗവാൻ നാകിനാം-ആകാംക്ഷിതം-വിജ്ഞായ-മന്ദസ്മിതാർദ്രാനനഃ - നീലാംഭോധരജാലകോമളതരൈഃ - അംഗകൈഃ-ആനന്ദയൻ-സുമനസാം-ചന്ദ്രാലോകനകൗതുകം-വക്ത്രേന്ദുനാ-പൂരയൻ സദ്യഃ-പ്രാദുരഭൂത്

അർത്ഥം — അനന്തരം (ദേവന്മാർ വിചാരിച്ചതിനുശേഷം) ദയാനിധിയായി അപാരമഹിമാവായ (ഏറ്റവും മാഹാത്മ്യത്തോടുകൂടിയവനായ) ആ ഭഗവാൻ (മഹാവിഷ്ണു) മന്ദസ്മിതാർദ്രനായി നീലാംഭോധരജാലകോമളതരങ്ങളായ (കാർമേഘക്കൂട്ടംപോലെ ഏറ്റവും മനോഹരങ്ങളായ) അംഗങ്ങൾകൊണ്ട് ആനന്ദയന്നായി (അവയവങ്ങളാൽ സന്തോഷിപ്പിക്കുന്നവനായി) സുമനസ്സുകൾക്ക് (ദേവന്മാർക്ക്) ചന്ദ്രാലോകനകൗതുകത്തെ (ചന്ദ്രദർശനത്താലുള്ള സന്തോഷത്തെ] വക്ത്രേന്ദുവിനാൽ (മുഖമാകുന്ന ചന്ദ്രനാൽ) പൂരയന്നായിട്ട് (ജനിപ്പിക്കുന്നവനായിട്ട്) തൽക്ഷണം പ്രാദുർഭവിച്ചു (പ്രത്യക്ഷനായി)

സഹാഗ്രസ്തം ഭുവനം തുലിതമഹാശൈലപാരഗാംഭീര്യ്യ ശൗര്യ
ബുദ്ധ്യാ നിർദ്ധ്യായ ദേവൻ മുകുളിതകരപാദേക്ഷഹാസാന്വേദമൂചേ

വിജ്ഞാതം വഃ സുരേന്ദ്രാസ്സകലമിദം മയാ കാരണം മൽപ്രണാമേ
സഞ്ജാതം ഘോരഘോരം വ്യസനമിദമഹം ത്വന്മുൻമൂലയാമി॥ ൧൬

അന്വയം — അസൌ - തുലിതമഹാകൃപാരഗാംഭീര്യഃ - ബുദ്ധ്യാ മൃഗാങ്കം - സ്വാഹാഗ്രസ്തം നിദ്ധ്യായ - മുകുളിത കരപങ്കേരുഹാൻ - ദേവാൻ - ഏവം - ഉച്ചൈഃ - ഹേ സുരേന്ദ്രാഃ - ഇഹ വഃ മൽപ്രണാമെ - സകലം - കാരണം - മയാ - വിജ്ഞാതം - സഞ്ജാതം - ഘോര ഘോരം - ഇദം - വ്യസനം - അഹം - ത്വനം - ഉൻമൂലയാമി

അർത്ഥം — ഇദ്ദേഹം (മഹാവിഷ്ണു) തുലിതമഹാകൃപാരഗാംഭീര്യയായ (സദൃശമാക്കപ്പെട്ട മഹത്തായ സമുദ്രത്തിന്റെ ഗാംഭീര്യത്തോടുകൂടിയ) സമുദ്രതുല്യമായ അഗാധതയുള്ള എന്നു സാരം. ബുദ്ധികൊണ്ടു മൃഗാങ്കനെ (ചന്ദ്രനെ) സ്വാഹാഗ്രസ്തനെന്നു (സ്വാഹയാൽ വിഴുങ്ങപ്പെട്ടവനെന്നു) നിദ്ധ്യാനംചെയ്തിട്ട് (കണ്ടിട്ട്) നിശ്ചയിച്ചിട്ട് എന്നു സാരം. മുകുളിതകരപങ്കേരുഹന്മാരായ (കൂമ്പിക്കപ്പെട്ടകരപത്മത്തോടുകൂടിയ) കൂപ്പുകയ്യോടുകൂടി നിൽക്കുന്ന എന്നു സാരം-ദേവന്മാരോട് ഇപ്രകാരം പറഞ്ഞു. അല്ലയോ സുരേന്ദ്രന്മാരെ (ദേവശ്രേഷ്ഠന്മാരെ) ഇവിടെ നിങ്ങളുടെ മൽപ്രണാമത്തിലുള്ള കാരണം എന്നാൽ വിജ്ഞാതമായി (നിങ്ങൾ എന്നെ നമസ്കരിച്ചതിനുള്ള കാരണം ഞാൻ അറിഞ്ഞു എന്നു സാരം) സംജാതമായി ഘോരഘോരമായ (ഏറ്റവും ഘോരമായ) ഈ വ്യസനത്തെ ഞാൻ നിശ്ചയമായിട്ടും ഉന്മൂലനംചെയ്യുന്നുണ്ട് (കളയുന്നുണ്ട്) ഉന്മൂലയാമി എന്നുള്ളത് "വർത്തമാനസാമീപ്യേ വർത്തമാനവദ്വാ" എന്നുള്ളതിനാൽ ഭാവിയായ അർത്ഥം വന്നു.

യൂയം യാത ബഹിഃ ക്ഷണം ഹുതഭുജാ സംഭാഷണം കർമ്മഹേ
നാസ്മാകം വചനം തദന്തരഗതാ സ്വാഹാപി ഗൃഹ്ണാതു സാ
ഷൾക്കർണ്ണശ്രുതമന്ത്രരക്ഷണവിധൌ കോ വാ വിദഗ്ദ്ധഃ പുമാൻ
ഇത്ഥം നീതിവിദാം വചോ ന കിമിദം യുഷ്മാഭിരാകർണ്ണിതം॥ ൧൭

അന്വയം — യൂയം - ബഹിഃ - യാത (വയം) ക്ഷണം ഹുതഭുജാം സംഭാഷണം കർമ്മഹേ - അസ്മാകം - വചനം - തദന്തരഗതാ - സാ - സ്വാഹാ - അപി - ന - ഗൃഹ്ണാതു - ഷൾക്കർണ്ണശ്രുതമന്ത്രരക്ഷണവിധൌ - കോ വാ പുമാൻ - വിദഗ്ദ്ധഃ - ഇത്ഥം - നീതിവിദാം - ഇദം - വചനം - യുഷ്മാഭിഃ - ന - ആകർണ്ണിതം - കിം।

അർത്ഥം — നിങ്ങൾ വെളിയിൽ യാനംചെയ്വിൻ. ഞങ്ങൾ അല്പനേരം ഹുതഭുക്കിനോട് (അഗ്നിയോട്) സംഭാഷണത്തെ ചെയ്യുന്നുണ്ട്. എനിയ്ക്കു അഗ്നിയോടു ഒരു കാര്യം പറയേണ്ടതായി

ട്ടുണ്ട് എന്നു സാരം। നിങ്ങളുടെ വചനത്തെ തദന്തരഗതയായ (അവന്റെ ഉള്ളിൽ ഇരിക്കുന്ന) സ്വാഹയും കൂടി ഗ്രഹിയ്ക്കരുത് (അറിയരുത്) ഷൾകർണ്ണത്തിന്മായ (ആറു കർണ്ണങ്ങൾ-(ചെവികൾ) കൊണ്ട് കേട്ടതായ മന്ത്രത്തിന്റെ രക്ഷണവിധിയിൽ ഏതൊരു പുമാൻ (പുരുഷൻ) വിശേഷമനാകുന്നു (സമർത്ഥനാകുന്നു) മന്ത്രം രണ്ടുപേരല്ലാതെ ആറുചെവികേൾക്കാൻ പാടില്ലാത്തതിനാൽ എന്നു സാരം. ഇപ്രകാരമുള്ള നീതിവിത്തുകളുടെ (നീതിശാസ്ത്രജ്ഞന്മാരുടെ) ഈ വചസ്സ് (വചനം) നിങ്ങളാൽ ശ്രുതങ്ങളല്ലയോ (നിങ്ങൾ കേട്ടിട്ടില്ലയോ)

നാരായണേന ഗദിതാമുദിതാനുഭാവാ-
മേവംവിധാമഥ ഗിരം വിബുധാ വിചര്യ്യ।
സ്വാഹാഗതം നിഖിലചാപലമാകലയ്യ
വ്രീഡാപരാ നതമുരാരിപദാഃ പ്രയാതാഃ॥ ൧൮

അന്വയം — അഥ- നാരായണേന- ഗദിതാം- ഉദിതാനുഭാവാം- ഏവംവിധാം-ഗിരം-വിചര്യ്യ-വിബുധാഃ- സ്വാഹാഗതം-നിഖിലചാപലം ആകലയ്യ-വ്രീഡാപരാഃ-നതമുരാരിപദാഃ-പ്രയാതാഃ॥

അർത്ഥം — അനന്തരം നാരായണനാൽ ഗദിതയായി (പറയപ്പെട്ടതായി) ഉദിതാനുഭാവയായി (ഉദിച്ചതായ മാഹാത്മ്യത്തോടുകൂടിയതായി) ഏവംവിധയായ (ഇപ്രകാരമുള്ള) ഗിരിനെ (വാക്കിനെ) വിചാരിച്ചിട്ട് വിബുധന്മാർ (ദേവന്മാർ) സ്വാഹാഗതമായ (സ്വാഹയെ പ്രാപിച്ചതായ) നിഖിലചാപലത്തെ ആകലനംചെയ്തിട്ട് (അറിഞ്ഞിട്ട്) ചന്ദ്രനെക്കാണാത്തതിനുള്ള കാരണം സ്വാഹാനിമിത്തമാണെന്നു വിചാരിച്ചിട്ട് എന്നു സാരം. വ്രീഡാപരന്മാരായി (ലജ്ജയോടുകൂടിയവരായി എന്നു സാരം) നതമുരാരിപദന്മാരായിട്ട് (മഹാവിഷ്ണുവിന്റെ പാദത്തെ നമസ്കരിച്ചിട്ട്) പ്രയാതന്മാരായി (പോയി.)

സ്വാഹാം വിന്യസ്യ യാതേ കഥകനമദനേ പാർശ്വഭാഗം മുരാരേ-
ർദ്ദേവാഃ സ്വാഹാസമീപം നിഭൃതമുപഗതാസ്തത്ര ത്യക്തഗർവ്വാഃ-
സാപി പ്രീതാ സമന്താൽ പ്രതിമുഹുരവലോക്യാശു ലബ്ധാവ-
[കാശാ
വാസോലേശേന ഹീനം ഗഗനപഥമഥോ യാപയാമാസ ചന്ദ്രം॥

അന്വയം — മദനേ- കഥകന- സ്വാഹാം- വിന്യസ്യ- മുരാരേഃ- പാർശ്വം യാതേ- ദേവാഃ- സ്വാഹാസമീപം- നിഭൃതം- ഉപഗതാഃ- അത്യുഗ്രഗർവ്വാഃ- തത്ര- അഥോ- സാ- അപി- പ്രീതാ- സമന്താൽ- പ്ര

തിമുഹുഃ അവലോക്യ ലബ്ധാവകാശാ- അത്രപ- വാസോലേശേന- ഹീനം- ചന്ദ്രം ഗഗനപഥം യാപയാമാസ.

അർത്ഥം — ദഹനൻ (അഗ്നി) ഭരിതുഷ് സ്വാഹയെ വിന്യസിച്ചിട്ട് (വച്ചിട്ട്) മുരാരിയുടെ പാർശ്വത്തെ യാതനായിരിക്കുമ്പോൾ (വിഷ്ണുവിന്റെ അടുക്കലേക്കു ചെന്നപ്പോൾ) ദേവന്മാർ സ്വാഹാസമീപത്തെ നിസ്സംഭ്രമമാകുംവണ്ണം ഉപഗതന്മാരായി (പ്രാപ്തന്മാരായി) അത്യന്തഗൂഢന്മാരായിട്ട് സ്ഥിതിചെയ്തു (മറഞ്ഞു നിന്നു) അനന്തരം അവളും (സ്വാഹയും) പ്രീതയായി മുഹുർമുഹുഃ പിന്നെയും പിന്നെയും അവലോകനം ചെയ്തിട്ട് (നോക്കീട്ട്) ലബ്ധാവകാശയായിട്ട് (സൌകര്യം ലഭിച്ചിട്ട്) വേഗത്തിൽ വാസോലേശത്തോളം ഹീനനായ (വസ്ത്രത്തിന്റെ ലേശംപോലും ഇല്ലാത്തവനായ എന്നു സാരം) ചന്ദ്രനെ ഗഗനപഥത്തെ (ആകാശമാർഗ്ഗത്തെ) പ്രാപിപ്പിച്ചു.

അഥ നിഭൃതമവസ്ഥിതാസ്സുരേന്ദ്രാഃ
പരിഹസനാഭിമുഖാസ്സഹസ്തതാളം
വസനമുത്തരം സമുൽക്ഷിപന്തോ
വിവിധതരാം ഗിരമേവമൂചിരേ തേ ॥൨൦॥

അന്വയം — അഥ- നിഭൃതം- അവസ്ഥിതാഃ- തേ- സുരേന്ദ്രാഃ- സഹസ്തതാളം- പരിഹസനാഭിമുഖാഃ- ഉത്തരം- വസനം- സമുൽക്ഷിപന്തഃ വിവിധതരാം- ഗിരം- ഏവം- ഊചിരേ.

അർത്ഥം — അനന്തരം (ചന്ദ്രനെ ആകാശത്തിൽ പ്രാപിപ്പിച്ചതിനുശേഷം) നിഭൃതം (അനങ്ങാതെ) അവസ്ഥിതന്മാരായ (നിൽക്കുന്നവരായ) ആ സുരേന്ദ്രന്മാർ സഹസ്തതാളം പരിഹസനാഭിമുഖന്മാരായി (കൈകൊട്ടിച്ചിരിക്കുന്നതിനു ഒരുമ്പെട്ടവരായി) ഉത്തരമായ (ബാഹ്യമായ) വസനത്തെ (വസ്ത്രത്തെ) സമുൽക്ഷിപന്തുകളായിട്ട് (മേൽപോട്ടു എറിയുന്നവരായിട്ട്) വിവിധതരയായ ഗിരിനെ (പലപ്രകാരത്തിലുള്ള വാക്കിനെ) ഇപ്രകാരം വചിച്ചു—(പറഞ്ഞു)

തവ ഹന്ത വിയോഗപീഡിതം ജനമേനം പ്രവിഹായ കിം ഭവാൻ
ഗമനം വിദധാതി ഗൃഹ്യതാം വസനം ചേതി ച കേചിദൂചിരേ ൨൧

അന്വയം. ഭവാൻ തവ വിയോഗപീഡിതം ഏനം- ജനം- പ്രവിഹായ കിം ഗമനം വിദധാതി- വസനം- ച- ഗൃഹ്യതാം- ഇതി- ച- കേചിത്- ഊചിരേ

അർത്ഥം — ഭവാൻ അങ്ങയുടെ വിയോഗപീഡിതമായ (വേർപാടിനാൽ ദുഃഖിക്കുന്ന) ഈ ജനത്തെ പ്രവിഹാനം ചെയ്തിട്ട് (ഉപേ

ക്ഷിച്ചിട്ടുള്ളതായിട്ട് ഗമനത്തെ വിധാനം ചെയ്യുന്ന (പോകുന്ന) വസനവും ഗ്രഹിക്കപ്പെട്ടാലും (വസ്ത്രംകൂടെ, സ്വീകരിച്ചാലും) എന്നിങ്ങനെ ചിലർപറഞ്ഞു.

നിഹിതം വസനം ക്വ താവകം രചയാമോഽസ്യ ഗവേഷണം വയം।
അഥവാ വസനം പ്രഗൃഹ്യതാമിദമേവേതി ച കേചിദൂചിരേ ॥22॥

അന്വയം — താവകം വസനം ക്വ നിഹിതം വയം അസ്യ ഗവേഷണം രചയാമഃ, അഥവാ ഇദം വസനം ഏവ പ്രഗൃഹ്യതാം ഇതി ച കേചിൽ ഊചിരേ।

അർത്ഥം — താവകമായ വസനം (അങ്ങയുടെ വസ്ത്രം) എവിടെ നിഹിതമായി (വയ്ക്കപ്പെട്ടു) ഞങ്ങൾ ഇതിന്റെ (വസ്ത്രത്തിന്റെ) ഗവേഷണത്തെ (അന്വേഷണത്തെ) രചിയ്ക്കാം (ചെയ്യാം) അല്ലെങ്കിൽ ഈ വസനത്തെത്തന്നെ ഗ്രഹിക്കപ്പെട്ടാലും (സ്വീകരിക്കപ്പെട്ടാലും) എന്നിങ്ങനെ ചിലർ വചിച്ചു.

വ്യസനം വസനാപഹാരജം കഥമേതൽ ഭവതഃ സമാഗതം।
തരിതം ച മദീയമംശുകം പരിധേഹീതി ച കേചിദൂചിരേ ॥23॥

അന്വയം — ഭവതഃ വസനാപഹാരജം ഏതൽ വ്യസനം കഥം സമാഗതം, തരിതം മദീയം അംശുകം ച പരിധേഹി ഇതി ച കേചിൽ ഊചിരേ।

അർത്ഥം — ഭവാന് വസനാപഹാരജമായ (വസ്ത്രാപഹാരത്തിൽനിന്ന് ഉണ്ടായതായ) ഈ വ്യസനം എങ്ങനെ സമാഗതമായി (വന്നുചേർന്നു) വേഗത്തിൽ മദീയമായ അംശുകത്തെയും (വസ്ത്രത്തെയും) പരിധാനം ചെയ്താലും (ഉടുത്താലും) എന്നിങ്ങനെയും ചിലർ പറഞ്ഞു.

ദേവം നാരായണോഽഥ ജലനമുപാഗതം മന്ദമന്ദം ബഭാഷേ
ചന്ദ്രാലോകാൾപ്രായം കഥയിത്വമധുനാ ബുദ്ധികൌശല്യശാലീ।
ആനീതഃ സ്വം സമീപം സ കില ശേഖരോ ലക്ഷിതോ ദേവവൃന്ദൈ-
സ്തസ്മാദ്യാഹീതി യാതേ തദനു ച ഭഗവാൻ ദേവവൃന്ദേ തിരോഽഭൂൽ ॥24॥

അന്വയം — അഥ, ബുദ്ധികൌശല്യശാലീ-നാരായണഃ-ദേവം-ഉപാഗതം-ജലനം-ചന്ദ്രാലോകാൾപ്രായം കഥയിത്വാ-അധുനാ-(ഭവാൻ) സ്വം സമീപം ആനീതഃ। സഃ-ശേഖരഃ-ദേവവൃന്ദൈഃ- ലക്ഷിതഃ കില-തസ്മാൽ യാഹി-ഇതി-മന്ദമന്ദം ബഭാഷേ, തദനു-ഭഗവാൻ-ച-യാതേ-ദേവവൃന്ദേ-തിരോഽഭൂൽ.

അർത്ഥം — അനന്തരം ബുദ്ധികൌശല്യശാലിയായ (ബുദ്ധിസാമർത്ഥ്യത്തോടു കൂടിയവനായ) നാരായണനാകുന്ന ദേവൻ (മഹാവിഷ്ണു) ഉപഗതനായ (സമീപപ്രാപ്തനായ) ജ്വലനനോടു് (അഗ്നിയോട്) ചന്ദ്രാലോകനോപായത്തെ (ചന്ദ്രനെക്കാണുന്നതിനുള്ള കൌശലത്തെ) കഥയിതുകാമനായിട്ട് (പറയുന്നതിന്) ഇപ്രകാരം ദേവൻ സ്വാഹയുടെ സമീപത്തെ അനുനീതനായി (പ്രാപിക്കപ്പെട്ടവനായി) ചന്ദ്രനെക്കാണുന്നതിനുള്ള ഉപായമെന്തു പറയേണ്ടു് അങ്ങേ എന്റെ അടുക്കലേക്കു വരുത്തിയതു് എന്ന സാരം. അത്ര ശശധരനും (കാണാതെയിരുന്ന ചന്ദ്രനും) ദേവവൃന്ദങ്ങളാൽ ലക്ഷിതനായി (കാണപ്പെട്ടവനായി)പോൽ. അതിനാൽ അങ്ങു് യഥാവിധം ചെയ്താലും എന്നിങ്ങനെ മന്ദംമന്ദം പറഞ്ഞു. അനന്തരം ദഹനനും (അഗ്നിയും) യഥാവസരപ്രാപ്തം (പ്രാപ്തസമയത്തിൽ) ദേവദേവൻ (മഹാവിഷ്ണു) തിരോദധിച്ചു (മറഞ്ഞു.)

നിന്ദന്തഃ കേചിദിന്ദും കതിചന ദയിതാം പാവകസ്യ ക്ഷിപന്തഃ
സ്വാഹാനാഥസ്യ ജാഡ്യം മഹദിതി ച പരേ നിർവിശങ്കം വദന്തഃ
ചിത്രം ചിത്രം ചരിത്രം സകലസുരപതേർമ്മാധവസ്യേതി ഭക്ത്യാ
വൈകുണ്ഠം സംസ്തുവന്തോ നിജമഥ വിബുധാ മന്ദിരം ഭേജിരേ തേ

അന്വയം — അഥ-കേചിത്-ഇന്ദും-നിന്ദന്തഃ-കതിചന-പാവകസ്യ-ദയിതാം-ക്ഷിപന്തഃ-പരേ-സ്വാഹാനാഥസ്യ-ജാഡ്യം-മഹത്-ഇതി-ച-നിർവ്വിശങ്കം-വദന്തഃ-സകലസുരപതേഃ-മാധവസ്യ-ചരിത്രം-ചിത്രം ചിത്രം ഇതി-ഭക്ത്യാ-വൈകുണ്ഠം-സംസ്തുവന്തഃ-തേ-വിബുധാഃ നിജം-മന്ദിരം-ഭേജിരേ

അർത്ഥം — അനന്തരം ചിലർ ഇന്ദുവിനെ (ചന്ദ്രനെ) നിന്ദന്തുകളായിട്ടും (നിന്ദിക്കുന്നവരായിട്ടും) ചിലർ പാവകന്റെ ദയിതയെ (സ്വാഹയെ) ക്ഷിപന്തുകളായിട്ടും (ആക്ഷേപിക്കുന്നവരായിട്ടും) പരന്മാർ (അന്യന്മാർ) സ്വാഹാനാഥന്റെ (അഗ്നിയുടെ) ജാഡ്യം (മന്ദത്വം) മഹത്താകുന്നു എന്നിങ്ങനെയും നിർവിശങ്കമാകുംവണ്ണം (സംശയംകൂടാതെ) വദന്തുകളായിട്ടും സകലസുരപതിയായ (സകലദേവന്മാരുടെ അധിപനായ) മാധവന്റെ ചരിത്രം അത്യത്ഭുതമാകുന്നു എന്നിങ്ങനെ ഭക്തിയാൽ വൈകുണ്ഠനെ (മഹാവിഷ്ണുവിനെ) സംസ്തുവന്തുകളായിട്ടും (സ്തുതിക്കുന്നവരായിട്ടും) ആ വിബുധന്മാർ നിജമായ മന്ദിരത്തെ ഭജിച്ചു (തന്റെ ഭവനത്തെ പ്രാപിച്ചു.)

സ്വാഹാസുധാകരം നാമ പ്രബന്ധമതികോമളം
അകരോദചിരേണൈവ നാരായണമഹീസുരഃ

സ്വാഹാസുധാകരം പ്രബന്ധം സമാപ്തം.

സാരം — നാരായണൻ എന്ന മഹീസുരൻ അതികോമളമായ സ്വാഹാസുധാകരമെന്ന പേരോടുകൂടിയ പ്രബന്ധത്തെ ക്ഷണത്തിൽത്തന്നെ ഉണ്ടാക്കി.

സ്വാഹാസുധാകരമെന്ന പ്രബന്ധത്തിന്റെ
വ്യാഖ്യാനം സമാപ്തമായി.

കുചേലവൃത്തം പ്രബന്ധം.

ആസീദസ്തരജസ്തമോഗുണകഥഃ ശാന്താന്തരാത്മാ വശീ
ശിഷ്യഃ പുണ്യഉദാരകീർത്തിതപസഃ കാശ്യസ്യ സാന്ദീപനേഃ
വ്യുൽപന്നോപനിഷദ്വിചാരസരണിഃ സബ്രഹ്മചാരീ ഹരേഃ
വിപ്രഃ കോപി നിവൃത്തിമാർഗ്ഗകുശലോ ധീമാൻ കുചേലാഭിധഃ ॥൧॥

അന്വയം — അസ്തരജസ്തമോഗുണകഥഃ- ശാന്താന്തരാത്മാ- വശീ- പുണ്യഉദാരകീർത്തിതപസഃ- കാശ്യസ്യ- സാന്ദീപനേഃ- ശിഷ്യഃ- വ്യുൽപന്നോപനിഷദ്വിചാരസരണിഃ- ഹരേഃ- സബ്രഹ്മചാരീ- നിവൃത്തിമാർഗ്ഗകുശലഃ ധീമാൻ കുചേലാഭിധഃ- കോപി- വിപ്രഃ- ആസീൽ॥

അർത്ഥം — അസ്തരജസ്തമോഗുണകഥനും, (അസ്തമയമടഞ്ഞ രജോഗുണത്തിന്റെയും തമോഗുണത്തിന്റെയും കഥയോടുകൂടിയവനും) സത്വഗുണപ്രധാനനും എന്ന സാരം!, ശാന്താന്തരാത്മാവും, (ശാന്തമനസ്സും) ഉദാരയായ (മഹതിയായ) കീർത്തിയോടും തപസ്സോടും കൂടിയവനായി) കാശ്യനായ (കാശീദേശത്തിൽ വസിക്കുന്നവനായ) സാന്ദീപനിയുടെ (സാന്ദീപനി എന്ന മഹർഷിയുടെ) ശിഷ്യനും, വ്യുൽപന്നയായ (ഉണ്ടായതായ) ഉപനിഷത്തുകളുടെ വിചാരസരണിയോടു (വിചാരമാർഗ്ഗത്തോടു) കൂടിയവനും, വേദാന്തജ്ഞനും എന്ന സാരം. ഹരിയുടെ (ശ്രീകൃഷ്ണന്റെ) സബ്രഹ്മചാരിയും, (സഹപാഠിയും) നിവൃത്തിമാർഗ്ഗകുശലനും, (നിവൃത്തിലക്ഷണയായ ഭക്തിമാർഗ്ഗത്തിൽ സമർത്ഥനും) ധീമാനും, കുചേലാഭിധനും, ആയ ഒരു വിപ്രൻ, (കുചേലൻ എന്ന പേരോടുകൂടിയ ഒരു ബ്രാഹ്മണൻ) ഭവിച്ചു.

ഭക്തോ മുകുന്ദചരണാംബുജയോർവ്വിനീതസ്സൻ
നിത്യാന്തി നിർമ്മലമതിഃ ഫലനിർവ്യപേക്ഷം
യത്നം വിനാ സമുദിതേന ധനേന തുഷ്യൻ
പത്ന്യാ സമം സ്വനിലയേ സ ചിരം ന്യവാത്സീൽ ॥൨॥

അന്വയം — മുകുന്ദചരണാംബുജയോഃ—ഭക്തഃ-നിർമ്മലമതിഃ-സഃ ഫലനിരപേക്ഷം-നിത്യാനി വിതന്വൻ-യത്നംവിനാ-സമുദിതേന-ധനേന തുഷ്യൻ- -പത്ന്യാ-സമം- സ്വനിലയേ- ചിരം- -ന്യവാത്സീൽ.

അർത്ഥം — മുകുന്ദചരണാംബുജങ്ങളിൽ ഭക്തനും, നിർമ്മലമതിയും ആയ അവൻ (കുചേലൻ) ഫലാപേക്ഷയോടുകൂടാതെ നിത്യങ്ങളെ (നിത്യകർമ്മങ്ങളെ) വിതന്വാനായി, (ചെയ്യുന്നവനായി) യത്നത്തോടുകൂടാതെ സമുദിതമായ (ഉണ്ടായതായ) ധനത്താൽ തുഷ്ടനായിട്ട് (സന്തോഷിക്കുന്നവനായിട്ട്) പത്നിയോടുകൂടെ സ്വനിലയത്തിൽ (തന്റെ ഭവനത്തിൽ) വളരെക്കാലം നിവസിച്ചു (പാർത്തു.)

ഐശ്വര്യസംഭവാൽ സോഽയമീശപരസ്മൃതിരോധകാൽ।
ദരിദ്രതാം വരം മേനേ ഹരിസ്മൃതിവിധായിനീം॥ ൩॥

അന്വയം — സഃ-അയം ഈശപരസ്മൃതിരോധകാൽ-ഐശ്വര്യസംഭവാൽ-ഹരിസ്മൃതിവിധായിനീം- ദരിദ്രതാം-വരം-മേനേ-।

അർത്ഥം — ആ ഇവൻ (കുചേലൻ) ഈശപരസ്മൃതിരോധകമായ (ദൈവവിചാരത്തെ തടുക്കുന്നതായ) ഐശ്വര്യസംഭവത്തെക്കാളും ഹരിസ്മൃതിവിധായിനിയായ (ശ്രീകൃഷ്ണന്റെ സ്മരണയെ ചെയ്യുന്നതായ) ദരിദ്രതയെ (ദാരിദ്ര്യത്തെ) വരമായിട്ട് (ഇഷ്ടപ്രിയമായിട്ട്) മനനംചെയ്തു (വിചാരിച്ചു) ധനമുണ്ടായാൽ മദിച്ച് ഈശ്വരസ്മരണയില്ലാതായിത്തീരും എന്നുവച്ച് കുചേലൻ ദാരിദ്ര്യത്തെ സ്വീകരിച്ചു എന്നു സാരം.

തം കദാചന തപോജ്ജ്വലം വരം-
ഗേഹിനീ പുനരവൃത്തിഖേദിനീ।
വിശ്ലഥദ്യുതിരസൗ വചോഽബ്രവീ-
ദശ്രുപൂരകലുഷീകൃതേക്ഷണാ- ൪॥

അന്വയം — കദാചന-ഗേഹിനീ- പുനഃ-അവൃത്തിഖേദിനീ- വിശ്ലഥദ്യുതിഃ-അസൗ- അശ്രുപൂരകലുഷീകൃതേക്ഷണാ, തപോജ്ജ്വലം- വരം- തം- വചഃ-അബ്രവീൽ.

അർത്ഥം — ഒരിക്കൽ ഗേഹിനി (കുചേലധർമ്മപത്നി) പിന്നെയും പിന്നെയും അവൃത്തിഖേദിനിയായി (ഉപജീവനമാർഗ്ഗമില്ലാതെ ദുഃഖിക്കുന്നവളായി) വിശ്ലഥദ്യുതിയായി (വിശ്ലഥമായ (നശിച്ചതായ) ശോഭയോടുകൂടിയവളായി) അശ്രുപൂരത്താൽ (കണ്ണുനീർപ്രവാഹത്താൽ) കാലുഷീകൃതേക്ഷണയായിട്ട് (കലക്കപ്പെട്ട കണ്ണുകളോടുകൂടിയവളായിട്ട്) കരഞ്ഞുംകൊണ്ട് എന്നു സാരം। തപോജ്ജ്വ

ഋഷികളിൽവച്ച് (താപസന്മാരിൽവച്ച്) വരനായ (ശ്രേഷ്ഠനായ) അദ്ദേഹത്തോട് (കുചേലനോടു) വചസ്സിനെ (വാക്കിനെ) ബ്രുവിച്ചു (പറഞ്ഞു)

> അംഗനാസ്മ്യവിദിതാഗമാ സതീ
> നാഥ ദുർവ്വിധതയാ സമാകുലാ।
> ഗേഹയാപനവിധൌ സമുത്സുകാ-
> വച്മി യത്തദധുനാ നിശമ്യതാം॥ ൪൯

അന്വയം—ഹേ നാഥ! (അഹം) അവിദിതാഗമാ-സതീ-അംഗനാ-അസ്മി-ദുർവ്വിധതയാ-സമാകുലാ-ഗേഹയാപനവിധൌ-സമുൽസുകാ-യൽ-വച്മി-തൽ-അധുനാ-നിശമ്യതാം.

അർത്ഥം—അല്ലയോ നാഥ ഞാൻ അവിദിതാഗമയായ (അറിയപ്പെടാത്ത ശാസ്ത്രത്തോടുകൂടിയവളായി) സതിയായ അംഗനയായിട്ടു ഭവിക്കുന്നു. ശാസ്ത്രാദി അറിയാത്ത പതിവ്രതയായിത്തീരുന്നു എന്നു സാരം. ദുർവ്വിധതയാൽ (ദാരിദ്ര്യത്താൽ) നിസ്വ ദുർവ്വിധോ ദരിദ്രോ എന്ന് അമരം; സമാകുലയായി (സംഭ്രാന്തയായി) ഗേഹയാപനവിധിയിങ്കൽ (ഗൃഹവൃത്തികഴിക്കുന്നതിൽ) സമുൽസുകയായിട്ട് (ഉത്സാഹത്തോടുകൂടിയവളായിട്ട്) യാതൊന്നിനെ വചിക്കുന്നു; അത് ഇപ്പോൾ നിശമനംചെയ്യപ്പെടണം (കേൾക്കപ്പെടണം)

> സാധ്വീജനസ്യ പതിരേവ പരം ഹി ദൈവം
> പ്രാർത്ഥ്യോ മമ ത്വദപരോ ന തതോ ദയാബ്ധേ!
> മാമുദ്ധരോദ്ധര ക്ഷുദാധിശൂലാർദ്ദിതാം
> ദാരിദ്ര്യനാമ്നി നരകാംബുനിധൌ നിമഗ്നാം॥ ൫൦

അന്വയം—ഹേ ദയാബ്ധേ-ഹി-സാധ്വീജനസ്യ പതിഃ ഏവ-പരം-ദൈവം-തതഃ-മമ-ത്വൽ-അപരഃ-ന-പ്രാർത്ഥ്യഃ-ക്ഷുദാധിശൂലാർദ്ദിതാം ദാരിദ്ര്യനാമ്നി-നരകാംബുനിധൌ നിമഗ്നാം-മാം-ഉദ്ധര-ഉദ്ധര।

അർത്ഥം—അല്ലയോ ദയാബ്ധേ! യാതൊന്നിനാൽ സാധ്വീജനത്തിനു (പതിവ്രതാജനത്തിനു) പതിതന്നെ പരമായ ദൈവമാകുന്നു. അതിനാൽ എനിക്ക് അങ്ങയിൽനിന്ന് അപരൻ (അന്യൻ) പ്രാർത്ഥ്യനല്ല-പതിവ്രതമാർക്ക് ഭർത്താവാണു പ്രധാനദൈവം. അതിനാൽ എന്റെസങ്കടം അങ്ങയോടല്ലാതെ അന്യനോടു പറവാൻ നിവൃത്തിയില്ല എന്നു സാരം. ക്ഷുദാധിശൂലത്താൽ അർദ്ദിതയും (പരിപീഡിപ്പിക്കപ്പെട്ടവളും) ദാരിദ്ര്യനാമാവായ (ദാരിദ്ര്യമെന്ന പേരോടു

കൂടിയ) നരകമാകുന്ന അംബുനിധിയിൽ (സമുദ്രത്തിൽ) നിമഗ്നയും (മുങ്ങിയവളും) ആയ എന്നെ ഉദ്ധരിച്ചാലും-ഉദ്ധരിച്ചാലും. ദാരിദ്ര്യസമുദ്രത്തിൽനിന്ന കരേററിയാലും എന്നസാരം.

> അയി ബ്രഹ്മൻ! ബ്രഹ്മാദിഭിരപി നതോ ദൈവതഗണൈഃ
> സ്വയം ലക്ഷ്മീജാനിർന്നനു തവ വയസ്യോ യദുപതിഃ
> സകൃൽ ഗത്വാ പശ്യ പ്രണതജനവശ്യം തമചിരാ-
> ദവശ്യം വിശ്വാത്മാ ദ്രവിണമതുലം ദാസ്യതി സ തേ॥ [illegible]

അന്വയം—അയി ബ്രഹ്മൻ! ബ്രഹ്മാദിഭിഃ-ദൈവതഗണൈഃ അപി-സ്വയം-നതഃ ലക്ഷ്മീജാനിഃ-യദുപതിഃ-തവ വയസ്യഃ-നനു, (ത്വം) അചിരാൽ-പ്രണതജനവശ്യം-തം-സകൃൽ-ഗത്വാ-പശ്യ-വിശ്വാത്മാ-സഃ-അതുലം ദ്രവിണം അവശ്യം-തേ-ദാസ്യതി

അർത്ഥം—അല്ലയോ ബ്രഹ്മൻ (ബ്രാഹ്മണ) ബ്രഹ്മാദികളായ ദൈവതഗണങ്ങളാലും (ദേവസമൂഹങ്ങളാലും) തന്നെത്താനായി (സ്തുതിക്കപ്പെട്ടവനായി) ലക്ഷ്മീജാനിയായ (ലക്ഷ്മിയാകുന്ന ഭാര്യയോടുകൂടിയവനായ) ലക്ഷ്മീവല്ലഭനായ എന്നസാരം. യദുപതി (ശ്രീകൃഷ്ണൻ) അങ്ങയുടെ വയസ്യനല്ലേ? അങ്ങ വേഗത്തിൽ പ്രണതജനങ്ങൾക്ക് (നമസ്കരിക്കുന്നവർക്കു) വശ്യനായ അദ്ദേഹത്തെ ക്കുന്ന പോയികണ്ടാലും. വിശ്വാത്മാവായ (സർവ്വസാക്ഷിയായ) അദ്ദേഹം (ശ്രീകൃഷ്ണൻ) അതുലമായ ദ്രവിണത്തെ (അസംഖ്യമായ ധനത്തെ) നിശ്ചയമായിട്ടും അങ്ങേക്കായിട്ടു ദാനംചെയ്യും.

ഗദ്യം—ഇതി വദന്തീമന്തരാർത്തിമാത്തീമിവ വാക്പതിം ധനാശാക്രാന്തഹൃദയാംബുജാമംബുജാക്ഷഭക്തിരേകതോ ഇങ്ങിനെ ദ്രവിണാഗ്രഹേണ ഗൃഹിണീമിത്ഥമഭ്യധാൽ

അർത്ഥം—ഇപ്രകാരം വദന്തിയും, (പറയുന്നവളും) അന്തർഭാഗത്തിൽ അമാന്തിയോ (ദുഃഖം ഉള്ളതോ) എന്നതോന്നുമാറുള്ള ആർത്തിയെ ഉദ്വഹന്തിയും, ധനാശയാൽ (ധനേച്ഛയാൽ) ക്രാന്തമായ (വ്യാപ്തമായ) ഹൃദയാംബുജത്തോടുകൂടിയവളും, ആയ ഗൃഹിണിയോടു (പത്നിയോടു) അംബുജാക്ഷന്റെ (ശ്രീകൃഷ്ണന്റെ) ഭക്തിയുടെ (ഭഗവൽഭക്തിയുടെ) അതിരേകത്താൽ (ആധിക്യത്താൽ) വർദ്ധിച്ചതായ ധനാഗ്രഹത്തോടുകൂടിയവനായിട്ട് ഇപ്രകാരം പറഞ്ഞു.

"അരണ്യാദേഗ്ദ്ധതന്ത്ര ധനാഗമോ" എന്ന സൂത്രത്താൽ ഇദ്ദ്വാർത്ഥത്തിൽ കൃൽപ്രത്യയാന്തനിപാതമാണെ ധനായയാശ്ബം

ഉക്തം ത്വയാ യദധുനാ മനസാ തദേത-
ദുൽക്കണ്ഠിതം സതതമേവ മയാ ഽപി കാന്തേ!।
കിന്തു പ്രഭോരപി മിതാമുപദാമവിന്ദൻ
മന്ദോദ്യമോഽസ്മി മധുസൂദനദർശനായ॥ വൃ

അന്വയം—ഹേ കാന്തേ! അധുനാ-ത്വയാ-യത്-ഉക്തം തത് ഏതത് ഏവ-സതതം-മയാ- അപി-മനസാ- ഉൽക്കണ്ഠിതം, കിന്തു പ്രഭോഃ-മിതാം-അപി- ഉപദാം- അവിന്ദൻ- മധുസൂദനദർശനായ-മന്ദോദ്യമഃ-അസ്മി-

അർത്ഥം—അല്ലയോ കാന്തേ! ഇപ്പോൾ നിന്നാൽ യാതൊന്ന് ഉക്തമായി (പറയപ്പെട്ട) ആ ഇതുതന്നെ (ശ്രീകൃഷ്ണനെക്കാണാൻ പോകണമെന്നു) എല്ലായ്പോഴും എന്നാലും മനസ്സുകൊണ്ട് ഉൽക്കണ്ഠിതമാകുന്ന (ആഗ്രഹിക്കപ്പെട്ടതാകുന്ന) നീ പറഞ്ഞതുതന്നെയാണ് ഞാനും വിചാരിച്ചിരിക്കുന്നതു എന്നു സാരം. എന്നു പിന്നെ-പിന്നെ എന്താണ് ശ്രീകൃഷ്ണനെക്കാണാൻ പോകാത്തതു് എന്നാണെങ്കിൽ) പ്രഭുവിന് (ശ്രീകൃഷ്ണന്) മിതയെങ്കിലും (അല്പമെങ്കിലും) ഉപദയെ (കാഴ്ചയെ) അവിന്ദനായിട്ട് (ലഭിക്കാത്തവനായിട്ട്) മധുസൂദനദർശനത്തിനായിട്ട് (ശ്രീകൃഷ്ണനെ കാണുന്നതിനായിട്ട്) മന്ദോദ്യമനായി (ഉദ്യമം കുറഞ്ഞവനായി) ഭവിക്കുന്നു. കുറച്ചെങ്കിലും കാഴ്ചയ്ക്കുള്ള പദാർത്ഥമില്ലാതെ പോകുവാൻ എനിക്കു മടിയുണ്ട്. അതിനാൽ എന്തെങ്കിലും അല്പം കാഴ്ചദ്രവ്യം കിട്ടിയാൽ പോയി ശ്രീകൃഷ്ണനെ കണ്ടുവരാം എന്നു സാരം.

ഗദ്യം—ഇതി വദതി വല്ലഭായ സാ യാചിതോപഗതശാലികലിതം പാടിതമലിനചേലഖണ്ഡബദ്ധം പൃഥുകാഞ്ജലിം പ്രപന്നാർത്തിഹരിണേ പുംസേ പ്രാഭൃതീകർത്തും പ്രാദിത

അർത്ഥം—ഇപ്രകാരം വദനായ (പറയുന്ന) വല്ലഭനായിട്ട്- അവൾ യാചിതമായി ഉപഗതമായ ശാലികൊണ്ട് (യാചിച്ചുകിട്ടിയ നെല്ലുകൊണ്ടു) കലിതവും, (ഉണ്ടാക്കിയതും) പാടിതമായി (കീറിയതായി) മലിനമായ (മുഷിഞ്ഞ) ചേലഖണ്ഡത്തിൽ (വസ്ത്രഖണ്ഡത്തിൽ) ബദ്ധവും, (കെട്ടിയതും) ആയ പൃഥുകാഞ്ജലിയെ (ഒരു പിടി അവലിനെ) പ്രപന്നാർത്തിഹരിനായ (ആപത്തിലുൾപ്പെട്ടവരുടെ ദുഃഖത്തെ ഹരിക്കുന്നവനായ) പുമാനായിട്ട് (ശ്രീകൃഷ്ണനായിട്ട് എന്നു സാരം) പ്രാഭൃതമാക്കിച്ചെയ്യുന്നതിനായിട്ട് (കാഴ്ചവയ്ക്കുന്നതിനായിട്ടു) പ്രദാനം ചെയ്തു (കൊടുത്തു).

തതോ ബിഭ്രദ്വിപ്രഃ പൃഥുകമുപസംവ്യാനശകലേ
നിബദ്ധം നിസ്തന്ദ്രപ്രമദഭരമാപൃച്ഛ്യ ഗൃഹിണീം
പ്രതസ്ഥേ വിശേഷം മനസി പരിപശ്യൻ മധുരിപും
സതീർത്ഥ്യം സംരോഹൽപുളകമുകുളാലംകൃതതനുഃ ൯

അന്വയം—തതഃ-വിപ്രഃ- ഉപസംവ്യാനശകലേ-നിബദ്ധം-പൃഥുകം-ബിഭ്രൽ- നിസ്തന്ദ്രപ്രമദഭരം-ഗൃഹിണീം- ആപൃച്ഛ്യ-വിശേഷം-സതീർത്ഥ്യം-മധുരിപും മനസി പരിപശ്യൻ-സംരോഹൽപുളകമുകുളാലംകൃതതനുഃ-പ്രതസ്ഥേ.

അർത്ഥം—അനന്തരം വിപ്രൻ(ബ്രാഹ്മണൻ) ഉപസംവ്യാനശകലത്തിൽ (ഉത്തരീയവസ്ത്രഖണ്ഡത്തിൽ) നിബദ്ധമായ (കെട്ടപ്പെട്ടതായ) പൃഥുകത്തെ (അവലിനെ) ബിഭ്രത്തായി (ധരിച്ചുകൊണ്ടവനായി) നിസ്തന്ദ്രപ്രമദഭരമാകുംവണ്ണം (വർദ്ധിച്ചിരിക്കുന്ന സന്തോഷഭരത്തോടുകൂടുംവണ്ണം) ഗൃഹിണിയോടു ആപൃച്ഛിച്ചിട്ടു (യാത്രചോദിച്ചിട്ടു) വിശേഷേണ, സതീർത്ഥ്യനും, (സഹപാഠിയും) ആയ മധുരിപുവിനെ (ശ്രീകൃഷ്ണനെ) മനസ്സിൽ പരിപശ്യനായി (കാണുന്നവനായി) സംരോഹത്തുക്കളായ (ഉണ്ടായവരായ) പുളകമുകുളങ്ങളാൽ (രോമാഞ്ചാങ്കുരങ്ങളാൽ) അലംകൃതതനുവായിട്ടു (അലങ്കരിക്കപ്പെട്ട ശരീരത്തോടുകൂടിയവനായിട്ടു) രോമാഞ്ചത്തോടുകൂടിയവനായിട്ടു എന്നസാരം. പ്രസ്ഥാനംചെയ്തു (പുറപ്പെട്ടു.)

ഗുരുനിലയനിവാസേ പ്രാക് നിവൃത്താനി സർവ്വാ-
ണ്യപി കൃതിനവാനീവാന്തരുദീക്ഷമാണഃ
പ്രണയഗളിതതാദൃങ്മാർഗ്ഗദൈർഘ്യഃ പ്രപേദേ
സപദി സുകൃതിഗമ്യാം ദ്വാരകാദ്വാരഭൂമിം ൧൦

അന്വയം—(സഃ) ഗുരുനിലയനിവാസേ-പ്രാക്-നിവൃത്താനി-സർവ്വാണി അപി-നവാനി- ഇവ-അന്തഃ-ഉദീക്ഷമാണഃ പ്രണയഗളിതതാദൃങ്മാർഗ്ഗദൈർഘ്യഃ- സപദി-സുകൃതിഗമ്യാം-ദ്വാരകാദ്വാരഭൂമിം-പ്രപേദേ.

അർത്ഥം—അവൻ (കുചേലൻ) ഗുരുനിലയനിവാസത്തിൽ (ഗുരുഭവനത്തിൽ പാർത്ത സമയത്തിൽ) മുൻപിൽ നിവൃത്തങ്ങളായ (ചെയ്തിട്ടുള്ള) സർവ്വങ്ങളെ (സകല കർമ്മങ്ങളെ) അഭിനവങ്ങളോ (നൂതനങ്ങളോ) എന്നു തോന്നുമാറു പല പ്രാവശ്യം അന്തർഭാഗത്തിൽ (ഉള്ളിൽ) ഉദീക്ഷമാണനായി (കാണുന്നവനായി) പ്രണയത്താൽ (സ്നേഹത്താൽ) ഗളിതമായ (പോയതായ) താദൃങ്മാർഗ്ഗദൈർഘ്യത്തോടു (അപ്രകാരമുള്ള വഴിയുടെ ദീർഘതയോടു) കൂടിയവനായിട്ടു—ശ്രീകൃഷ്ണനിലുള്ള സ്നേഹത്താൽ അതിദീർഘമായ വഴി പോയതു് അറിയാതെ എന്നു സാരം. തൽക്ഷണം സുകൃതിഗമ്യ

യായ (പുണ്യവാന്മാരാൽ പ്രാപിക്കപ്പെടുവാൻ യോഗ്യയായ) ദ്വാരകാ ദ്വാരഭൂമിയെ (ദ്വാരകയുടെ ദ്വാരഭാഗത്തെ) പ്രാപിച്ചു.

വിനിവേദിതോഽഥ പുരുഷേണ കേനചിൽ
പുനരാഗതേന സഹ തേന സാദരം
മനുജോപലഭ്യസുരശില്പികൗശലം
പ്രവിവേശ കേശവനിവേശനാന്തരം. ൧൧

അന്വയം — അഥ (സഃ) കേനചിൽ- പുരുഷേണ-വിനിവേദിതഃ-പുനഃ-ആഗതേന- തേന-സഹ-സാദരം- മനുജോപലഭ്യസുരശില്പികൗശലം- കേശവനിവേശനാന്തരം-പ്രവിവേശ॥

അർത്ഥം — അനന്തരം (ദ്വാരഭൂമിയിൽ ചെന്നതിനുശേഷം) അവൻ (കുചേലൻ) ഒരു പുരുഷനാൽ വിനിവേദിതനായിട്ട് (അറിയിക്കപ്പെട്ടവനായിട്ട്) പിന്നീട് ആഗതനായ (വന്നവനായ) അവനോടുകൂടെ (കുചേലൻ) ദ്വാരത്തിൽ നിൽക്കുന്നു എന്ന് അറിയിച്ചു പ്രവേശിപ്പിക്കാം എന്നുള്ള ഭഗവാന്റെ അനുമതി വാങ്ങി വന്ന ആ പുരുഷനോടുകൂടെ എന്നു സാരം. സാദരമാകുംവണ്ണം (ബഹുമാനപുരസ്സരം) മനുജോപലഭ്യസുരശില്പികൗശലമായ (മനുഷ്യർക്ക് കാണപ്പെടുവാൻ യോഗ്യമായ വിശ്വകർമ്മാവിന്റെ കരകൗശലത്തോടുകൂടിയ) കേശവനിവേശനാന്തരത്തെ (ശ്രീകൃഷ്ണന്റെ ഭവനത്തിന്റെ അന്തർഭാഗത്തെ) പ്രവേശിച്ചു.

ഗദ്യം — തത്ര ച പ്രതിനവശാതകുംഭസ്തംഭസംഘാതസംഘടിതവാമലമണി മരീചിജാലബാലാതപ സന്തതോദ്യോതസുന്ദരേ മന്ദിരേ നിജ്ഞാപനിർമ്മലീഭവദ്വപുഷാ കലിതപരിചര്യയാ ലളിതകളഹംസകാമിനീമുഖമുഖരജാലമഞ്ജീരേണ പ്രസ്ഫുടപടനിസ്സരൽസ്ഫുരൽസ്ഫുവിവിസ്ഫുരദ്വിച്ഛുരിതഭവനാന്തരേണ സാധികാരവിഭൂഷിതാ ഭുവനഗതേനേവ ഭോഗിരാജേന മഹനീയേന ശയനീയേന കമനീയേ വിമലവിതാനവിലംബമാനവിബുധതരുസുമമാല്യസൗരഭലോഭസമാപതൽഭൃംഗകുലവിഗളതിഝംകാരകളകളാരമ്പത്തേന പര്യങ്കേ സമുപവിശന്തം, നിഖിലദിഗന്തരാണി നീലിമാമലൈരതമദ്ധ്യാപയന്തീം കാമപി കാന്തികന്ദളീമുദ്വമയന്തം കൗമാരകാലികചാതിരേക സമുപചിതകൗതുകയാ സവിത്രകന്യകയേവ നിശേഷാദൃമാണം നിർമ്മലകനകനിർമ്മിതകടകമകുടകുണ്ഡലകാരകാഞ്ചീമുഖനിഖിലാകല്പജാലകല്പിതനിരതിശയശോഭാവിശേഷം, തരളേതരതടിൽഖണ്ഡമണ്ഡിതമിവ വർഷാസമയവാരിവാഹം അത്യർത്ഥവികസിതാമ്ലാനാരവിന്ദസമ്പത്തികാസുന്ദരാഭ്യാം കരുണാമൃതരസേന്ദുരാഭ്യാം മുഗ്ദ്ധഹസിതചന്ദ്രികാസ്യന്ദസന്ദേഹന സവിശേഷശീതളാഭ്യാം മക്ഷിയുഗളാഭ്യാം ഭവനാന്തരമനാ

സ്ഥാപമവനമധ്യഗതം, വിതങ്കകള്ളഗാന്തരളവിഭ്രമചലാചലമാനാമൃതാ ഹാരതതരംഗഭംഗമഹോന്നിഷ്യന്ദമന്ദാകിനീസലിലപൂരേണ പാവനീ ക്രിയമാണപുരോഭാഗം പരിണദ്ധമൃഗമഹാപീതാംബരപിഹിതമഹി തോരകാണ്ഡം മഞ്ജുളമഞ്ജീരഘടിതമണികാന്തിമഞ്ജരീപുഞ്ജപി ഞ്ജരീക്രിയമാണപാദപീഠമുപപാദപീഠമുപവിഷ്ടാ ഭക്തിമതാമു ത്തമമനോരഥവേന പദയോരപേശലത്വം പാണിതലത്വം പരിഭൂ ഷണം വാഹ്യമാനപാദകമലം, മാതൃത്തരൈരക്രൂരസാത്യകി പ്രമുഖൈഃ സാത്വതചക്രൈശ്വര്യസന്നിഷേവ്യമാണം സമന്തേളന്നസ്വാസ്ഥ്യ സ്രുപരിശോഭിതപാർശ്വയാ പ്രതിക്ഷണവിസ്രംസമാനാഘനാകുലി ചികുരബന്ധസന്ധാരണസംഭ്രാന്തകരാഗ്രേണ ലോലദോലാലോലിനീ കപോലതലമസൃണസ്വേദകണവിഭ്രമാ സ്വഭാവകുശലതരസ തിലകയാ വിസ്രമരതരകാമരസാവേശപേശലായമാനയാ വി മലകപോലബിംബപ്രതിബിംബിത വിചലന്മണികുണ്ഡലമണ്ഡല യാ കിങ്കിണീഗണകങ്കണബന്ധുരതരകരപങ്കജയാ നി ർമ്മലകനകസൂത്രനിബദ്ധമനോഹരചീനാംബരനിവീതബന്ധയാ ദു ഗ്ധഹസിതസ്വച്ഛപാത മൗക്തികഹാരപൂരപൂരിതകുചയുഗളാഭോഗയാ സമയസമുദയത്ത്രപാമന്ദമന്ദമണിവിഭ്രമാതിരേകവിഭ്രമപാതവി ഭ്രമയാ നിസർഗ്ഗരമണീയവിഭ്രമയാ ഭഗവത്യാ പ്രി യതമയാ ച പരിചര്യമാണം, അനന്തരം സർവ്വ സമ്പാദനസമർത്ഥതയാ സംപ്രാർത്ഥിതമാത്രദാതാരം സംക്രന്ദ നതരുനികരാണാം അനന്തരഭൂമിമഹാരത്നമനോഹരമവിന്ദാ കലമദ്രാക്ഷീത്.

അർത്ഥം—അത്യന്തം ഉജ്ജ്വലങ്ങളായ പ്രതിബിംബങ്ങളായ (ഘട്ട ങ്ങളായ) ശാതകുംഭസ്തംഭങ്ങളുടെ (സ്വർണ്ണത്തൂണുകളുടെ) സം ഘാതങ്ങളിൽ (സമൂഹങ്ങളിൽ) സംഘടിതങ്ങളായ (ചേർത്തവയാ യ) വിമലമണികളുടെ മരീചിജാലമാകുന്ന (രശ്മിസമൂഹമാകുന്ന) ബാലാതപത്തിന്റെ (ഇളവെയിലിന്റെ) സന്തതാവിർഭാവത്താൽ (എല്ലായ്പോഴും ഉള്ള പ്രകാശത്താൽ) സുന്ദരമായ മന്ദിരത്തിൽ—നി ഷ്താപംകൊണ്ടു (ഏററവും തപിപ്പിച്ചുകൊണ്ടു്) സ്പഷ്ടം വെയ്യു ന്നതൽ എന്നു സാരം. നിർമ്മലീഭവിച്ചതായ (നിർമ്മലമായിത്തീർന്ന) അംഗ്വാപത്താൽ (സ്പർശത്താൽ) കലിതമായ (ഉണ്ടാക്കപ്പെട്ടതാ യ) പരിമളത്തോടു (നാലു കാലോടു) കൂടിയതായി, ലളിതയാ യ കളഹംസകാമിനിയെപ്പോലെ മുഗ്ദ്ധമായ (മൃദുവായ) ഗമനത്താൽ (പഞ്ചിക്കപ്പെട്ടതാൽ) ഭരിതമായ (പൂരിതമായ) ഉദരത്തോടു കൂടിയതും) പ്രഥമോപടത്തിൽനിന്നു (വെള്ളയുടെ മൂടുപടത്തിൽനി ന്നു) നിസ്സരന്തിയായ (പുറപ്പെട്ടുനില്ക്കുന്ന) അച്ഛതരച്ഛവിയുടെ (നിർമ്മലകാന്തിയുടെ) വിച്ഛർദ്ദത്താൽ (അങ്കുരത്താൽ) വിച്ഛുരിത

മായ (വ്യാപ്തമായ) ഭവനാന്തരത്തോടു (ഗൃഹാന്തർഭാഗത്തോടു) കൂടിയ
തും, സ്വാധികാരവിദ്ധ്വംസിയാൽ (തന്റെ അധികാരം നശിപ്പിച്ചുകി
ലോ എന്നുള്ള പേടിയാൽ) ദ്രുവിനെ (ഭൂമിയെ) അന്തർഗതനായ
(പ്രാപിച്ചവനായ) ഭോഗിരാജനോ (അനന്തനോ) എന്നു തോന്നുന്നതും
മഹനീയവും (പൂജ്യവും) ആയ ശയനീയത്താൽ (മെത്തയാൽ) ക
മനീയമായി, വിമലവിതാനത്തിൽ (നിർമ്മലമായ മേൽക്കെട്ടി
യിൽ) വിലംബമാനങ്ങളായ (തൂങ്ങിക്കിടക്കുന്ന) വിബുധതരുസുമമാ
ല്യങ്ങളുടെ (കല്പവൃക്ഷപ്പൂക്കൾ കൊണ്ടുള്ള മാലകളുടെ) സൗരഭ്യത്താ
ലുള്ള (സൗരഭ്യത്തിലുള്ള) ലോഭത്താൽ (ആഗ്രഹത്താൽ) സമനുപ
തന്തുകളായ (വന്നുവീഴുന്ന) അളികളുടെ (ഭ്രമരങ്ങളുടെ) ഗളത്തിൽ
നിന്ന് (കഴുത്തിൽനിന്ന്) കളം (മധുരം) ആകുംവണ്ണം വിഗളത്തുക
ളായി (പുറപ്പെടുന്നവയായി) അതിബഹുളങ്ങളായ കളകളങ്ങളാൽ
(കോലാഹലങ്ങളാൽ) അന്തമായ (മനോഹരമായ) പര്യന്തത്തോടു
(സമീപപ്രദേശത്തോടു) കൂടിയതായിരിക്കുന്ന പര്യങ്കത്തിൽ (കട്ടി
ലിൽ) സമുപവിഷ്ടനായും, (ഇരിക്കുന്നവനായും, നിഖിലദിഗന്തരങ്ങ
ളെ സച്ചിദ്മയങ്ങളെ) നീലിമാമേദുരതയെ (കറുപ്പാകുന്ന മനി
നെ) അത്യുപചിതമായ (വർദ്ധിപ്പിക്കുന്നതായ) ഒരു കാന്തികന്ദളി
യെ (ശോഭാങ്കുരത്തെ) ഉദ്വമയനായും, (പുറപ്പെടുവിക്കുന്നവനായും)
സകലദിക്കുകളിലും തന്റെ നീലകാന്തിയെ വ്യാപിപ്പിക്കുന്നവനാ
യും എന്നു സാരം. കൈശോരപരിചയാതിരേകത്താൽ (ബാല്യകാല
ത്തിലുള്ള പരിചയത്തിന്റെ ആധിക്യത്താൽ) സമുപചിതകൗതു
കയായ (വർദ്ധിച്ച കൗതുകത്തോടുകൂടിയ) സവിതൃകന്യയാൽ (കാളി
ന്ദിയാൽ) നിഷേവ്യമാണനോ (സേവിക്കപ്പെടുന്നവനോ) എന്നു
തോന്നുമാറ് ഇരിക്കുന്നവനായും, നിർമ്മലകനകനിർമ്മിതങ്ങളായ
കടകങ്ങളും (വളകളും) മകുടവും (കിരീടവും) കുണ്ഡലയുഗങ്ങളും കാ
ഞ്ചിയും ഇടങ്ങിയ നിഖിലാകല്പജാലത്താൽ (സർവ്വാഭരണസമൂഹ
ത്താൽ) കല്പിതനിരതിശയശോഭാവിശേഷനായും, (ചെയ്യപ്പെട്ട അ
തിശയമായ കാന്തിവിശേഷത്തോടുകൂടിയവനായും) തരളതരങ്ങ
ളായ (ഇളകുന്നവയായ) തടിൽഖണ്ഡമണ്ഡലങ്ങളാൽ (മിന്നൽഖ
ണ്ഡങ്ങളുടെ സമൂഹങ്ങളാൽ) കരംബിതമായ (അലംകൃതമായ) വ
ർഷാസമയവാരിവാഹമോ എന്നു തോന്നുമാറ് ഇരിക്കുന്നവനായും,
ഏറ്റവും വികസിതങ്ങളും ആയ അരുണാരവിന്ദങ്ങളുടെ (ചെന്താമരപ്പൂ
ക്കളുടെ) സംവർത്തികകളെപ്പോലെ (നവദളങ്ങളെപ്പോലെ) സുന്ദരങ്ങ
ളും കരുണയാകുന്ന അമൃതരസത്താൽ തുന്ദിലങ്ങളും (വർദ്ധിച്ചവയും)
മന്ദഹസിതമാകുന്ന (പുഞ്ചിരിയാകുന്ന) ചന്ദ്രികാസ്യന്ദത്തിന്റെ
(ചന്ദ്രികയുടെ പ്രവാഹത്തിന്റെ) സമ്മേളനത്താൽ (ചേർച്ചയാൽ)
സവിശേഷശീതളങ്ങളും (ഏറ്റവും തണുത്തവയും) ആയ അക്ഷിയു

ഗളങ്ങളാൽ (രണ്ടു കണ്ണുകൾകൊണ്ടു്) അവനതജനങ്ങളുടെ (നമ
സ്കരിക്കുന്നവരുടെ) മനസ്താപത്തെ അപനോദയന്നായും, (കളയുന്ന
വനായും) വിശങ്കടമായ (മഹത്തായ) ഉരോന്തരാളത്തിൽ (മാർവ്വിട
ത്തിൽ) വിശൃംഖലം (തടവില്ലാതെ) വലമാനങ്ങളായ (ഇളകുന്ന)
മുക്താഹാരങ്ങളുടെ (മുത്തുമാലകളുടെ) തരളതരമായ (അപ്രകാര
മിരിക്കുന്ന) മഹോനിഷ്യന്ദമാകുന്ന (കാന്തിയുടെ പുറപ്പാടാകുന്ന)
മന്ദാകിനീസലിലപൂരത്താൽ (ഗംഗാജലപ്രവാഹത്താൽ) പാവനീ
ക്രിയമാണമായ (ശുദ്ധമാക്കി ചെയ്യപ്പെട്ട) പുരോഭാഗത്തോടു കൂടി
യവനായും പരിണദ്ധമായ (ഉടുക്കപ്പെട്ടതായ) രുചിരപീതാംബര
ത്താൽ (സുന്ദരമായ മഞ്ഞവസ്ത്രത്താൽ) പിഹിതങ്ങളായ (മറയ്ക്ക
പ്പെട്ട) മഹിതോരുകാണ്ഡങ്ങളോടു (ശ്രേഷ്ഠങ്ങളായ ഊരുദണ്ഡങ്ങ
ളോടു) കൂടിയവനായും, മഞ്ജുളമഞ്ജീരങ്ങളിൽ (മനോഹരങ്ങളായ
കാൽച്ചിലമ്പുകളിൽ) ഘടിതങ്ങളായ (ചേർക്കപ്പെട്ടവയായ) മണിക
ളുടെ (രത്നങ്ങളുടെ) കാന്തിമഞ്ജരീപുഞ്ജത്താൽ (ശോഭയാകുന്ന മ
ഞ്ജരിക്കൂട്ടത്താൽ) പിഞ്ജരീക്രിയമാണമായ (പിംഗലവർണ്ണമാക്കി
ച്ചെയ്യപ്പെട്ട) പാദപീഠത്തോടു കൂടിയവനായും, ഉപപാദപീഠം (പാ
ദപീഠസമീപത്തിൽ) ഉപവിശന്നായി (ഇരിക്കുന്നവനായി) ഭക്തിമ
ത്തുകളിൽ വച്ചു് ഉത്തമനായ ഉദ്ധവനാൽ പാഥോജപേശലങ്ങളായ
(താമരപ്പൂപോലെ മനോഹരങ്ങളായ) പാണിതലങ്ങൾകൊണ്ടു് (ക
രതലങ്ങൾകൊണ്ടു്) പരിമൃദുകംവണ്ണം (പതുക്കെ) സംവാഹ്യമാ
നപാദകമലനായും; (മർദ്ദിക്കപ്പെടുന്നവയായ പാദപത്മങ്ങളോടുകൂ
ടിയവനായും) ആഭ്യന്തരന്മാരായി (ഉള്ളിലുള്ളവരായി) അക്രൂരസാ
ത്യകി പ്രമുഖന്മാരായ (അക്രൂരൻ സാത്യകി തുടങ്ങിയ) സാത്വത
ചക്രങ്ങളാലും (യാദവസംഘങ്ങളാലും) സന്നിഷേവ്യമാണനായും,
(സേവിക്കപ്പെടുന്നവനായും) സമാനഗുണസഖീസഹസ്രപരിശോ
ഭിതപാർശ്വവും (തന്നോടു തുല്യഗുണമുള്ള സഖീസഹസ്രത്താൽ
ശോഭിച്ച ഇരുപുറത്തോടുകൂടിയവളും) പ്രതിക്ഷണം (ക്ഷണം
തോറും) വിസ്രംസമാനമായ (അഴിയുന്ന) ഘനകുടിലചികുര
ബന്ധത്താൽ (ഇടതിങ്ങിയും വളഞ്ഞും ആയ കേശബന്ധ
ത്താൽ) സംപാദ്യമാനമായ (സമ്പാദിക്കപ്പെടുന്നതായ) സാന്ദ്രസ
ന്തമസത്തോടു (നിബിഡാന്ധകാരത്തോടു) കൂടിയവളും, ബാലശ
ശിയെപ്പോലെ (ബാലചന്ദ്രനെപ്പോലെ) ലോഭനീയമായ (മനോഹ
രമായ) ഫാലതലത്തിൽ (നെററിത്തടത്തിൽ) ഭാസമാനങ്ങളായ
(ശോഭിക്കുന്നവയായ) സ്വേദകണങ്ങളാൽ (വിയർപ്പുതുള്ളികളാൽ) മൃ
ജ്യമാനമായ (കളയപ്പെട്ടതായ) സുഭഗതരഘുസൃണരസതിലകത്തോ
ടു (സുന്ദരതരമായ കുങ്കുമച്ചാറുകൊണ്ടുള്ള പൊട്ടോടു) കൂടിയവളും,
വിസൃമരതരമായ (വ്യാപിച്ചതായ) കാമരസാവേശത്താൽ പേശല

ങ്ങളായ (സുന്ദരങ്ങളായ) നയനതാമരസങ്ങളോടു (താമരപ്പൂവിന്റെ ഇതളുകൾ പോലുള്ള കണ്ണുകളോടു) കൂടിയവളും, വിമലങ്ങളായ (നിർമ്മലങ്ങളായ) കപോലബിംബങ്ങളിൽ (കവിൾത്തടങ്ങളിൽ) ബിംബിതങ്ങളായ (പ്രതിബിംബിച്ചവയായ) വിചലമണികുണ്ഡലങ്ങളുടെ (ഇളകുന്നരത്നമയകർണ്ണാഭരണങ്ങളുടെ) മഹോമണ്ഡലത്തോടു (തേജസ്സമൂഹത്തോടു) കൂടിയവളും, [illegible] ആഗളിതമായ (അഴിഞ്ഞതായ) കഞ്ചുകബന്ധംകൊണ്ട് (ചട്ടയുടെ ബന്ധനംകൊണ്ട്) ബന്ധുരതരങ്ങളായ (അതിസുന്ദരങ്ങളായ) കുചകലശങ്ങളോടുകൂടിയവളും, നിർമ്മലമായ കനകസൂത്രത്താൽ (പൊന്നരിഞ്ഞാണത്താൽ) നിബദ്ധ്യമാനമായി (കെട്ടപ്പെട്ടതായി) നിചീളവത്തായ (താന്നതായ) അഭിനവനീവീബന്ധത്തോട് (പുതനായ മടിക്കുത്തോടു) കൂടിയവളും, പൊന്നരിഞ്ഞാണം ഇട്ടിട്ടും മടിക്കുത്ത് താന്നിരിക്കുന്നവളും എന്നു സാരം, മൃദുഹസിതമാകുന്ന (പുഞ്ചിരിയാകുന്ന) സുഹൃത്തിന്റെ (ബന്ധുവിന്റെ) ആപാതത്താൽ (വരവിനാൽ) മേദുരതരമായ (ഏറ്റവും വർദ്ധിച്ചതായ) കാന്തിപൂരത്തോടു (കാന്തിപ്രവാഹത്തോടു) കൂടിയ ചാമരയുഗളത്തിന്റെ (രണ്ടു ചാമരങ്ങളുടെ) ആന്ദോളനസമയത്തിൽ (വീശുമ്പോൾ) സമുദയത്തായ (ഉദിച്ചതായ) ഉദ്ദാമമുദ്രമണിവിദ്യോതത്താൽ (വർദ്ധിച്ചമുദ്രരത്നപ്രകാശത്താൽ) ഉത്ഥാപിതമായ (ഉണ്ടാക്കപ്പെട്ടതായ) വിദ്യുദാപാതവിഭ്രമത്തോടു (മിന്നലുവരുന്ന എന്നുള്ള ഭ്രമത്തോടു) കൂടിയവളും നിസർഗ്ഗരമണീയവിഭ്രമയും, (സ്വതേ മനോഹരമായ വിലാസത്തോടുകൂടിയവളും) തന്റെ ജീവിതത്തേക്കാളും ഗരീയസിയും ആയ (അതിമഹതിയും ആയ) പ്രേയസിയാലും (പ്രിയതമയായ ലക്ഷ്മീദേവിയാലും) പര്യുപാസ്യമാനനായും, സേവിക്കപ്പെടുന്നവനായും) സന്നതജനങ്ങളുടെ (നമ്രന്മാരുടെ) മനോഗതങ്ങളേക്കാൾ ആധിക്യമായ സമ്പത്തിന്റെ സമ്പാദനത്തിലുള്ള സമർത്ഥതയാൽ (സാമർത്ഥ്യത്താൽ) സംപ്രാർത്ഥിതമാത്രദാനങ്ങളായ (പ്രാർത്ഥിച്ചതിനെ മാത്രം ദാനംചെയ്യുന്നവയായ) സംക്രന്ദനതരുനികരങ്ങൾക്കു (കല്പകവൃക്ഷസമൂഹങ്ങൾക്ക്) സന്തതസന്ദീയമാനമന്ദേതരമന്ദാക്ഷനായും, (എല്ലായ്പോഴും വളരെ ലജ്ജയെ കൊടുക്കുന്നവനായും) ഇരിക്കുന്ന അരവിന്ദാക്ഷനെ (അംബുജാക്ഷനെ-ശ്രീകൃഷ്ണനെ) ദർശിച്ചു॥

പശ്യൻ പുരാ പരിചിതം ഇത്ഥഗേഹവാസം-
സഞ്ചിന്തയൻ പുരുഷമച്യുതമഗ്ര്യചേതാഃ।
ഉൽഭിന്നസാന്ദ്രപുളകോൽഗളദശ്രുധാരോ-
വിപ്രോ ബഭൂവ ഭൃശമേതിവശംവദാത്മാ॥ ൧൭॥

അന്വയം — അഗ്ര്യചേതാഃ-വിപ്രഃ-പുരാ-ഇത്ഥഗേഹവാസം-ം।

രിചിതം-സച്ചിന്മയം-പുരുഷം-അച്യുതം-പശ്യൻ- ഉന്മിഷ്യമാണപുളകോൽഗളദശ്രുധാരഃ-ഭൃശഭക്തിവശംവദാത്മാ-ബഭൂവ॥

അർത്ഥം—അച്ഛചേതസ്സായ (നിർമ്മലമനസ്സായ) വിപ്രൻ (കുചേലബ്രാഹ്മണൻ) പണ്ട് ഗുരുഗേഹവാസത്തിൽ പരിചിതനും സച്ചിന്മയനായ പുരുഷനും ആയ അച്യുതനെ പശ്യനായി (കാണുന്നവനായി) ഉന്മിഷ്യമാണമായ (പുറപ്പെടുന്നതായ) പുളകത്തോട് (രോമാഞ്ചത്തോട്) കൂടിയവനും ഉൽഗളന്തിയായ (ഒഴുകുന്ന) അശ്രുധാരയോടുകൂടിയവനും ആയി-ഭൃശഭക്തിവശംവദാത്മാവായിട്ട് (ഏററവും ഭക്തിയ്ക്ക് അധീനമായമനസ്സോടുകൂടിയവനായിട്ട്) ഭവിച്ചു, ഭക്തിപരവശനായിത്തീർന്നു എന്നു സാരം।

(തദവധി) അത്ഭുതമെന്നായും അല്ല അനന്തരം)

ത്വരയാ വരയാ വിമുച്യ ശയ്യാം
പരിപശ്യൻ പുരതോ വയസ്യമേനം।
ഉരസാ രഭസാ സമേത്യ ഗാഢം
പരിരേഭേ പരമഃ പുമാൻ പ്രമോദീ॥ ൧൩॥

അന്വയം—പരമഃ-പുമാൻ-പുരതഃ-വയസ്യം ഏനം പരിപശ്യൻ-വരയാ-ത്വരയാ-ശയ്യാം-വിമുച്യ-രഭസാ-സമേത്യ-പ്രമോദീ-ഉരസാ-ഗാഢം-പരിരേഭേ-

അർത്ഥം—പരമനായ പുമാൻ (പരപുരുഷൻ) പുരോഭാഗത്തിൽ വയസ്യനായ ഇദ്ദേഹത്തെ (കുചേലനെ) പരിപശ്യനായിട്ട് (കാണുന്നവനായിട്ട്) വരയായ ത്വരയോടെ (അതിസംഭ്രമത്തോട്) ശയ്യയെ മോചിച്ചിട്ട് (ഉപേക്ഷിച്ചിട്ട്) വേഗത്തിൽവന്ന് പ്രമോദിയായിട്ട് (മതിമറന്നവനായിട്ട്) പരിരംഭണംചെയ്തു (ആലിംഗനം ചെയ്തു.)

മലിനം കൃശഗാത്രമേവമേനം
പരിരബ്ധം ഹരിണാ വിലോകയന്തഃ
വിസരൽകുതുകാ ബഭൂവുരുച്ചൈ-
രവിദന്തസ്തത്ത്വമന്ധകേന്ദ്രാഃ ॥൧൪॥

അന്വയം— അന്ധകേന്ദ്രാഃ-മലിനം-കൃശഗാത്രം-ഏനം-ഏവം-ഹരിണാ-പരിരബ്ധം-വിലോകയന്തഃ-തത്ത്വം-അവിദന്തഃ- ഉച്ചൈഃ-വിസരൽകുതുകാഃ-ബഭൂവുഃ

അർത്ഥം—അന്ധകേന്ദ്രന്മാർ, (യാദവസമൂഹങ്ങൾ) മലിനനായി (മുഷിഞ്ഞ വസ്ത്രത്തോടുകൂടിയവനായി) കൃശഗാത്രനായ ഇവനെ (കുചേലനെ) ഇപ്രകാരം ഹരിയാൽ (കൃഷ്ണനാൽ) പരിരബ്ധ

നായിട്ട് (ആലിംഗനം ചെയ്യപ്പെട്ടവനായിട്ട്) വിലോകയന്തുകളാ
യി (കാണുന്നവരായി) തത്തന്തേ (അതിന്റെ=ആലിംഗനത്തി
ന്റെ വൃത്താന്തത്തെ) അവിദന്തകളായിട്ട് (അറിയാത്തവരായിട്ട്)
എല്ലാരും വിസ്മയകുതുകന്മാരായി (വ്യാപിച്ചിരിക്കുന്ന കൌതുക
ത്തോടുകൂടിയവരായി) ഭവിച്ചു. ഇവിടെ അന്ധകൌഘാ എന്നശ
ബ്ദം പ്രയോഗിച്ചതാൽ അന്ധന്മാരായതിനാലാണ് ശ്രീകൃഷ്ണൻ കു
ചേലനെ ആലിംഗനം ചെയ്തതിനുള്ള കാരണം അറിയാഞ്ഞത്
എന്നും ധ്വനിക്കുന്നു.

അഭ്യർച്ചിതം വിധിവദപ്രതിമാനഭാഗ്യ-
മല്പാസനേ സമുപവേശ്യ പുരസ്സമേഷാം।
അസ്തോകമോദപരവാനരവിന്ദനേത്രോ
ഹസ്തേന ഹസ്തമവലംബ്യ ഹസൻ ബഭാഷേ ॥൧൪॥

അന്വയം—അരവിന്ദനേത്രഃ വിധിവൽ-അഭ്യർച്ചിതം-അപ്ര
തിമാനഭാഗ്യം (തം) സമേഷാം-പുരഃ-അല്പാസനേ-ഉപവേശ്യ-
അസ്തോകമോദപരവാൻ-ഹസ്തേന ഹസ്തം-അവലംബ്യ-ഹസൻ-
ബഭാഷേ.

അർത്ഥം—അരവിന്ദനേത്രൻ വിധിപോലെ അഭ്യർച്ചിതനാ
യി (പൂജിക്കപ്പെട്ടവനായി) അപ്രതിമാനഭാഗ്യനായ (അസദൃശമാ
യ ഭാഗ്യത്തോടുകൂടിയവനായ) അവനെ (കുചേലനെ) സമന്മാരു
ടെ (സർവന്മാരുടെ) പുരോഭാഗത്തിൽ അല്പാസനത്തിൽ ഉപവേ
ശിപ്പിച്ചിട്ട് (ഇരുത്തിയിട്ട്) അസ്തോകമായ (അനല്പമായ) മോദ
ത്താൽ പരവാനായി (പരാധീനനായി) ഹസ്തംകൊണ്ട് ഹസ്തത്തെ
അവലംബിച്ചിട്ട് (കയ്യുകൊണ്ട് കൈ പിടിച്ചിട്ട്) ഹസനായിട്ട് (ചിരി
ച്ചുകൊണ്ടവനായിട്ട്) ഭാഷിച്ചു (പറഞ്ഞു) ഇവിടെ സമേഷാം എന്ന
ഉള്ളത് സർവനാമമാണ് സർവന്മാരുടെ എന്ന് അർത്ഥവുമാണ്. തു
ല്യാർത്ഥം സമശബ്ദത്തിന് സർവ്വനാമത്വം വരികയില്ല.

സഖേ! ദിഷ്ട്യാ ദൃഷ്ടഃ കിമപരമയം മേ സുദിവസോ
ഭവാദൃഗ്ഭിഃ സദ്ഭിർന്ന ഖലു സുലഭം സംഗമസുഖം
പരാധീനാ യൂയം പ്രതിദിനമനുഷ്ഠാനനിയമൈ-
രമീ തന്ത്രാവാപൈരപി ച പരതന്ത്രാ ബത വയം॥ ൧൫

അന്വയം—ഹേ സഖേ! (ഭവാൻ) ദിഷ്ട്യാ-ദൃഷ്ടഃ-അപരം-
കിം-അയം-മേ-സുദിവസഃ-ഭവാദൃഗ്ഭിഃ-സദ്ഭിഃ-സംഗമസുഖം-ന-
സുലഭം-ഖലു-യൂയം-പ്രതിദിനം-അനുഷ്ഠാനനിയമൈഃ-പരാധീനാഃ
അമീ-വയം-തന്ത്രാവാപൈഃ-അപി-ച-പരതന്ത്രാഃ-ബത.

അർത്ഥം—അല്ലയോ സഖേ ഭവാൻ ദിഷ്ട്യാ (ഭാഗ്യത്താൽ) ദൃ
ഷ്ടനായി (കാണപ്പെട്ടു) അങ്ങേ ഭാഗ്യം കൊണ്ടാണ് കണ്ടത് എ

ന്ന സാരം. അപ്പോൾ എന്താകുന്നു (പോരാ എന്താണു വേണ്ടതു്) ഇതു് എനിക്ക സുദിനമാകുന്നു, ഭാഗ്യശാലികളായ (നിങ്ങളെപ്പോലുള്ള) സത്തുക്കളോടുള്ള സംഗമസുഖം സുലഭമല്ലതന്നെ, (ലഭിക്കാൻ പ്രയാസമാണു്) എന്തുകൊണ്ടെന്നാൽ നിങ്ങൾ പ്രതിദിനം (ദിവസംതോറും) അനുഷ്ഠാനനിയമങ്ങളാൽ (കർമ്മനിയമങ്ങളാൽ) പരാധീനന്മാരാണു്, ഇതു ഞങ്ങൾ തന്ത്രാവാപങ്ങൾകൊണ്ടും (തന്ത്രങ്ങളും=സ്വരാജ്യചിന്തനങ്ങളും ആവാപങ്ങളും=പരരാജ്യചിന്തനങ്ങളുംകൊണ്ടു) പരതന്ത്രന്മാരാകുന്നു കഷ്ടം!!

കച്ചിത് സഖേ! സ്മരസി തം ഗുരുഗേഹവൃത്തിം
ശുശ്രൂഷയൈവ നയതോ ദിവസാനശേഷാൻ।
യച്ഛക്തിരപ്രതിഹതാ സ്വയമേവ പുംസാ-
മിച്ഛാനുരൂപമചിരേണ ഫലം പ്രസൂതേ. ൧൭)

അന്വയം—ഹേ സഖേ! (ത്വം) തം-ഗുരുഗേഹവൃത്തിം-സ്മരസി-കച്ചിത്-ശുശ്രൂഷയാ-ഏവ-നയതഃ-അശേഷാൻ-ദിവസാൻ സ്മരസി_കച്ചിത്-അപ്രതിഹതാ-യച്ഛക്തിഃ-സ്വയം-ഏവ-പുംസാം അചിരേണ-ഇച്ഛാനുരൂപം-ഫലം-പ്രസൂതേ

അർത്ഥം—അല്ലയോ സഖേ അങ്ങു് ആ ഗുരുഗേഹവൃത്തിയെ (ഗുരുഭവനത്തിലുള്ള വർത്തനത്തെ) സ്മരിക്കുന്നില്ലേ, ശുശ്രൂഷയോടുകൂടെത്തന്നെ (ഗുരുവിന്റെ പരിചര്യയോടുകൂടത്തന്നെ) നയന്നുകളായി (കഴിച്ചിട്ടുള്ളവയായി) അശേഷങ്ങളായ ദിവസങ്ങളെയും സ്മരിക്കുന്നില്ലേ, അപ്രതിഹതയായ (തടവില്ലാത്തതായ) യാതൊരുവന്റെ ശക്തിതന്നെ പുമാന്മാൎക്ക ക്ഷണത്തിൽ ഇച്ഛാനുരൂപമായ (ആഗ്രഹത്തിനു് അനുസരണമായ) ഫലത്തെ പ്രസവിക്കുന്നു.

ശരണാഗതലോകപാരിജാതാൻ
പരിണാമസ്മരണീയവാഗ്വിലാസാൻ।
നിരുപാധികൃപാരസാനുപാസേ
ഗുരുപാദാനുഭയതാപവാരിവാഹാൻ. ൧൮

അന്വയം—(അഹം) ശരണാഗതലോകപാരിജാതാൻ-പരിണാമസ്മരണീയവാഗ്വിലാസാൻ-നിരുപാധികൃപാരസാൻ-ഉഭയതാപവാരിവാഹാൻ-ഗുരുപാദാൻ ഉപാസേ.

അർത്ഥം—ഞാൻ ശരണാഗതലോകപാരിജാതങ്ങളും (ശരണം പ്രാപിക്കുന്ന ജനങ്ങൾക്ക കല്പകവൃക്ഷങ്ങളും) പരിണാമത്താൽ (പരിപാകത്താൽ) സ്മരണീയമായ (വിചാരിക്കപ്പെടാൻ യോഗ്യമായ) വാഗ്വിലാസത്തോടുകൂടിയവയും നിരുപാധിയായ (അകൈതവ

മായ) കൃപാരസത്തോടുകൂടിയവരും ഉരുതാപത്തിന്നു വാരിവാഹങ്ങളും (മേഘങ്ങളും) ആയ ഗുരുപാദങ്ങളെ (പൂജ്യനായ ഗുരുവിനെ എന്നു സാരം) ഉപാസിക്കുന്ന (സേവിക്കുന്ന) ഗുരുപാദൻ എന്നുള്ളടത്തെ പാദശബ്ദം താതപാദൻ എന്നുള്ളതുപോലെ പൂജ്യവാചിയാകുന്നു.

> സ്മരസി നനു ഹൃദന്തരിന്ധനാർത്ഥം
> ഗുരുഗൃഹിണീവചസാ ഗതേഷ്വരണ്യം
> അസമയജനിതാമമന്ദവാതവ്യതി-
> കരധൂതഘനാമതീവ വൃഷ്ടിം. ൧൯

അന്വയം—(അസ്മാസു) ഇന്ധനാർത്ഥം-ഗുരുഗൃഹിണീവചസാ-അരണ്യം-ഗതേഷു- അസമയജനിതാം- അമന്ദവാതവ്യതികരധൂതഘനാം-അതീവ-വൃഷ്ടിം-(ത്വം) ഹൃദന്തേ-സ്മരസി-നനു-

അർത്ഥം—നമ്മൾ ഇന്ധനത്തിനായിട്ടു (വിറകുകൊണ്ടു വരാനായിട്ടു) ഗുരുഗൃഹിണീവചസ്സിനാൽ (ഗുരുധർമ്മപത്നിയുടെ വാക്കിനാൽ) അരണ്യത്തെ (വനത്തെ) ഗതന്മാരായിരിക്കുമ്പോൾ (പ്രാപ്തന്മാരായപ്പോൾ) അസമയജനിതയും (സമയമല്ലാത്തപ്പോൾ ഉണ്ടായതും) അമന്ദവാതവ്യതികരധൂതഘനയും (മഹത്തായ വായുവിന്റെ വ്യതികരത്താൽ-ചേർച്ചയാൽ ഇളക്കപ്പെട്ട മേഘങ്ങളോടു കൂടിയതും) ആയ ഏററവും ഉള്ള വൃഷ്ടിയെ അങ്ങു ഹൃദന്തർഭാഗത്തിൽ (മനസ്സിൽ) സ്മരിക്കുന്നില്ലേ.

> അസ്തംഗതേഥ സവിതര്യനിവാര്യവീര്യേ
> വിസ്താരമേയുഷി നിരന്തരമന്ധകാരേ
> തത്രൈവ താം നനു നിശാമതിവാഹ്യ കൃച്ഛ്രാ-
> ദസ്മാൻ വിചിന്വതി ഗുരൗ പുനരാഗതാഃ സ്മഃ ൨൦

അന്വയം — അഥ-അനിവാര്യവീര്യേ-സവിതരി-അസ്തംഗതേ-അന്ധകാരേ-നിരന്തരം-വിസ്താരം-ഏയുഷി-തത്ര-ഏവ-താം-നിശാം-കൃച്ഛ്രാൽ-അതിവാഹ്യ-ഗുരൗ-അസ്മാൻ-വിചിന്വതി-പുനഃ ആഗതാഃ സ്മഃ-നനു-

അർത്ഥം—അനന്തരം അനിവാര്യവീര്യനായ (തടുക്കപ്പെടാൻ വയ്യാത്ത വീര്യത്തോടുകൂടിയവനായ) സവിതാവു് (സൂര്യൻ) അസ്തമനത്തെ ഗതനായിരിക്കുമ്പോഴും (അസ്തമിച്ചപ്പോഴും) അന്ധകാരം (ഇരുട്ടു്) നിരന്തരമാകുംവണ്ണവും (സാന്ദ്രമാകുംവണ്ണവും) വിസ്താരത്തെ ഏയിവത്തായിരിക്കുമ്പോഴും (പ്രാപിച്ചിരിക്കുമ്പോഴും) അവിടെത്തന്നെ (വനത്തിൽ തന്നെ) ആ നിശയെ (രാത്രിയെ) പണിപ്പെട്ടു് കഴിച്ചിട്ടു ഗുരു, നമ്മളെ വിചിന്വനായിരിക്കുമ്പോൾ (അ

ഭാഷിക്കുന്ന സമയത്തിൽ) പിന്നീട് ആഗതന്മാരായി ഭവിച്ചില്ലേ (വന്നു ചേർന്നില്ലേ)

വിഹിതദക്ഷിണമക്ഷതചേതസാ-
പ്രവസതാ ഭവതാ ഗുരുമന്ദിരാൽ
അധിഗതാ കിമു സൌമ്യ! സഖേ! വധൂ-
രഭിമതാ ഗൃഹപോഷണദക്ഷിണാ. ൨൯

അന്വയം — അക്ഷതചേതസാ-വിഹിതദക്ഷിണം- ഗുരുമന്ദിരാൽ-പ്രവസതാ- ഭവതാ- ഹേസൌമ്യ- സഖേ!- അഭിമതാ- ഗൃഹപോഷണദക്ഷിണാ- വധൂഃ- അധിഗതാ-കിമു-

അർത്ഥം — അക്ഷതചേതസ്സായി (അക്ഷീണമനസ്സായി) വിഹിതദക്ഷിണമാകുംവണ്ണം (ചെയ്യപ്പെട്ട ഗുരുദക്ഷിണയോടുകൂടുംവണ്ണം) ഗുരുമന്ദിരത്തിൽനിന്ന പ്രവസന്നായ (പിരിഞ്ഞുവന്നായ) ഭവാനാൽ അഭിമതയും ഗൃഹപോഷണദക്ഷിണയും (ഗൃഹഭരണത്തിൽ സമർത്ഥയും) ആയ വധു (ധർമ്മപത്നി) അധിഗതയായില്ലേ (ലഭിക്കപ്പെട്ടില്ലേ)

ഇതി തദോദീരയത്യുപേന്ദ്രേ
സ തു വിപ്രശ്ചരിതാർത്ഥതാം ഗതോപി
ഉപദാർപ്പണചിന്തയാ കിഞ്ചി-
ദ്വിവശാക്രാന്തമനാസ്സമാകുലോഽഭൂൽ

അന്വയം — ഉപേന്ദ്രേ- ഇതി- തദാ- ഉദീരയതി- സഃ- വിപ്രഃ- തു- ചരിതാർത്ഥതാം ഗതഃ- അപി- ഉപദാർപ്പണചിന്തനേന- കിഞ്ചിൽ- വിവശാക്രാന്തമനാഃ- സമാകുലഃ- അഭൂൽ

അർത്ഥം — ഉപേന്ദ്രൻ (ശ്രീകൃഷ്ണൻ) ഇപ്രകാരം അതിനെ അതിനെ (ഓരോന്നിനെ) ഉദീരയന്നായിരിക്കുമ്പോൾ (പറയുന്നസമയത്തിൽ) ആ വിപ്രനാകട്ടെ (കുചേലനാകട്ടെ) ചരിതാർത്ഥതയെ (ജന്മസാഫല്യത്തെ) ഗതനാണെങ്കിലും (പ്രാപ്തനാണെങ്കിലും) ഉപദാർപ്പണചിന്തനത്താൽ) കാഴ്ചദ്രവ്യംകൊടുക്കുന്നതിനുള്ള വിചാരത്താൽ) വിവശാക്രാന്തമനസ്സായി (പരവശത്താൽ വ്യാപ്തമായ മനസ്സോടുകൂടിയവനായി) സമാകുലനായിട്ടു ഭവിച്ചു. കാഴ്ചകൊടുക്കുന്നതിനുള്ള വഴി എന്താണ് എന്നുവിചാരിച്ചു പരവശചിത്തനായിട്ടുതീർന്നു എന്നസാരം.

തമഥ മന്ദഹാസാമൃതകാന്തിപ്രരോഹൈഃ
വിജിതവികചകൈരവൈരനന്തരംഗം
വിനതവദനമേനം വീക്ഷമാണോ വയസ്യം
വിദിതതദഭിലാഷോ വിശ്വസാക്ഷീ ബഭാഷേ ൩൦

അന്വയം — തദനു-വിശ്വസാക്ഷീ- ദനുജാരാതി-വിജിതവികചകുന്ദകുഡ്മല-മന്ദകാന്തിപ്രരോഹൈഃ-അന്തരംഗം-നന്ദയൻ-വിനതവദനം-വയസ്യം-ഏനം-വീക്ഷമാണഃ-വിദിതതദഭിലാഷഃ- ബഭാഷേ

അർത്ഥം — അനന്തരം വിശ്വസാക്ഷിയായ (സർവ്വസാക്ഷിയായ) ദനുജാരാതി (ശ്രീകൃഷ്ണൻ) വിജിതങ്ങളായ (ജയിക്കപ്പെട്ടവയായ) വികചകുന്ദങ്ങളോട് (വിടർന്നമുല്ലമൊട്ടുകളോട്) കൂടിയവയായ വിടർന്ന മുല്ലമൊട്ടുകളെ ജയിച്ചവയായ എന്നസാരം. മന്ദകാന്തിപ്രരോഹങ്ങൾകൊണ്ട് (മന്ദകാന്തികളുടെ മുളകൾകൊണ്ട്) അന്തരംഗത്തെ (മനസ്സിനെ) നന്ദയനായി (സന്തോഷിപ്പിക്കുന്നവനായി) വിനതവദനനായി (താഴ്ത്തിയ മുഖത്തോടുകൂടിയവനായി) വയസ്യനായ ഇവനെ വീക്ഷമാണനായി (കാണുന്നവനായി) വിദിതതദഭിലാഷനായിട്ട് (അറിയപ്പെട്ട അവന്റെ ആഗ്രഹത്തോടു കൂടിയവനായിട്ട്) ഭാഷിച്ചു (പറഞ്ഞു)

കിമിദം വിനിബദ്ധമന്തരസ്മിൻ
പടഖണ്ഡേ നിഹിതം തവാംഗദേശേ
ഉപദാ യദി ദീയതാമിദാനീമപരേ
കിം ത്രപയാ സമാകുലോഽസി ൨൪

അന്വയം — അന്തരസ്മിൻ-പടഖണ്ഡേ-വിനിബദ്ധം-തവ-അംഗദേശേ-നിഹിതം-ഇദം-കിം, ഉപദാ-യദി-ഇദാനീം-ദീയതാം, അപരേ-കിം-ത്രപയാ-സമാകുലഃ-അസി.

അർത്ഥം — അന്തരമായ പടഖണ്ഡത്തിൽ (ഉത്തരീയവസ്ത്രത്തിൽ) നിബദ്ധമായി നിന്റെ അംഗദേശത്തിൽ (മടിയിൽ) നിഹിതമായ (വച്ചിരിക്കുന്ന) ഇത് എന്താണ്. ഉപദ (കാഴ്ചദ്രവ്യം) ആണെങ്കിൽ ഇപ്പോൾ ദാനംചെയ്യപ്പെട്ടാലും (തന്നാലും) അപരത്തിൽ (അസ്ഥാനത്തിൽ) എന്തിന് ലജ്ജയാൽ സമാകുലനായിട്ടു ഭവിക്കുന്നു. അന്തരസ്മിൻ എന്നുള്ളടത്തെ അന്തരശബ്ദത്തിന് ഉത്തരീയം എന്ന അർത്ഥമാകയാൽ സർവ്വനാമത്വം വന്നു. സൂത്രം "അന്തരം ബഹിര്യോഗോപസംവ്യാനയോഃ"

മിതമപ്യമിതം മുദേ മമ സ്യാ-
ന്മയി ഭക്തേന ഭവാദൃശേന ദത്തം
അമിതഞ്ച സഖേ ജഗത്യഭക്തൈ-
രുപനീതം ന ധിനോതി മാനസം മേ ൨൫

അന്വയം — ഹേ സഖേ! മയി-ഭക്തേന-ഭവാദൃശേന-ദത്തം മിതം-അമിതം-അപി- മമ-മുദേ സ്യാൽ-, ജഗതി-അഭക്തൈഃ-ഉപനീതം-അമിതം ച-മേ മാനസം ന-ധിനോതി.

അർത്ഥം — അല്പശോ സഖേ! എങ്കൽ ഭക്തനായ ഭാഗവത നാൽ (അങ്ങേപ്പ്രേമമുള്ളവനാൽ) ദത്തം (ദാനംചെയ്യപ്പെട്ടത്) മിത മായാലും അമിതമായാലും (കുറച്ചാണെങ്കിലും വളരെയാണെങ്കിലും) എനിക്ക മുതിനായിട്ട് (സന്തോഷത്തിനായിട്ട്) ഭവിക്കും. ജഗ ത്തിൽ (ലോകത്തിൽ) അഭക്തന്മാരാൽ (ഭക്തന്മാരല്ലാത്തവരാൽ) ഉപനീതം (കൊണ്ടുവരപ്പെട്ടത്) അമിതമായാലും (വളരെയാണെ ങ്കിലും) എന്റെ മാനസത്തെ (മനസ്സിനെ) സന്തോഷിപ്പിക്കുന്നില്ല. "ധിവി-പ്രീണനേ" എന്നതിൽനിന്ന "ധിന്വികൃണ്വ്യോരച" എ ന്ന സൂത്രത്താൽ അവസാനത്തിൽ അകാരവും ഉ പ്രത്യയവും വ ന്നിട്ട ധിനോതി എന്ന സിദ്ധിച്ചു.

ഇത്ഥം വദൻ മുദിതധീരുദിതത്രപസ്യ
തസ്യാങ്കദേശനിഹിതാദഥ ചേലഖണ്ഡാൽ
ആദായ മുഷ്ടിമിതം പൃഥുകം കരേണ
ദേവോ ദയാനിധിരസൗ കബളീചകാര ൨൩

അന്വയം — ഇത്ഥം-വദൻ-ദയാനിധിഃ-അസൗ-ദേവഃ- മുദിത ധീഃ-അഥ-ഉദിതത്രപസ്യ-തസ്യ-അങ്കദേശനിഹിതാൽ-ചേലഖണ്ഡാ ൽ-മുഷ്ടിമിതം-പൃഥുകം-കരേണ-ആദായ-കബളീചകാര

അർത്ഥം — ഇപ്രകാരം വദന്നായി ദയാനിധിയായ ഈ ദേവ ൻ മുദിതധീയായിട്ട് (സന്തുഷ്ടചിത്തനായിട്ട്) അനന്തരം ഉദിതത്രപ നായ (ഉണ്ടായതായ ലജ്ജയോടുകൂടിയവനായ) അവന്റെ (കുചേ ലന്റെ) അങ്കദേശനിഹിതമായ (മടിയിൽ വെയ്ക്കപ്പെട്ടതായ) ചേല ഖണ്ഡത്തിൽനിന്ന് (വസ്ത്രഖണ്ഡത്തിൽനിന്ന്) മുഷ്ടിമിതമായ (മുഷ്ടികൊണ്ട് അളക്കപ്പെട്ടതായ) പൃഥുകത്തെ (അവലിനെ) ഒരു പിടി അവലിനെ എന്നർത്ഥം. കരംകൊണ്ട് ആദാനം ചെയ്തി ട്ട് (എടുത്തിട്ട്) കബളമാക്കിച്ചെയ്തു (ഭക്ഷിച്ചു)

അമൃതാദപി മധ്യമാഹൃതാൽ പ്രാക്
നവനീതാദപി നന്ദഗോപലബ്ധാൽ
പൃഥുകം പ്രഥമോ യദൂനാം
പൃഥുമോദം പ്രജഗാല വാസുദേവഃ ൨൪

അന്വയം — യദൂനാം-പ്രഥമഃ-വാസുദേവഃ- പ്രാക്- ആ ഹൃതാൽ- അമൃതാൽ- അപി- നന്ദഗോപലബ്ധാൽ, നവനീതാൽ- അപി- മധ്യം-പൃഥുകം-പൃഥുമോദം-പ്രജഗാല

അർത്ഥം — യാദവന്മാരിൽവെച്ചു പ്രഥമനായ (മുൻപനായ) വാസുദേവൻ മുമ്പ് ആഹൃതമായ (കൊണ്ടുവരപ്പെട്ടതായ) പാ ലാഴിമഥിച്ചു ലബ്ധമായ എന്നർത്ഥം. അമൃതത്തേക്കാളും നന്ദ

ഗോപാലബദ്ധമായ (നന്ദഗോപൻ്റെ ഭവനത്തിൽവച്ചു ലഭിക്കപ്പെട്ടതായ) നവനീതത്തെക്കാട്ടിലും (പുതുവെണ്ണയെക്കാളും) അധികമായ രുചിയുള്ളതായ) പൃഥുകത്തെ (അവലിനെ) പൃഥുമോദമാകുംവണ്ണം (മഹത്തായ സന്തോഷത്തോടുകൂടുംവണ്ണം) ഭക്ഷിച്ചു.

കമിതരി പൃഥുകാർമ്മാദദാനേ
പുനരപി ഭക്ഷിതുമക്ഷതാനുകമ്പേ
അലമലമിതി സംഭ്രമാദ്വദന്തീ
കരകമലം കമലാലയാ ന്യരൌത്സീൽ॥ ൨൮

അന്വയം — അക്ഷതാനുകമ്പേ-കമിതരി-പുനഃ- അപി-ഭക്ഷിതും-പൃഥുകാൻ-ആദദാനേ-കമലാലയാ-അലം അലം- ഇതി സംഭ്രമാത്-വദന്തീ-കരകമലം-ന്യരൌത്സീൽ

അർത്ഥം — അക്ഷതാനുകമ്പനായ (അഖണ്ഡമായ ദയയോടു കൂടിയവനായ) കമിതാവ് (ഭർത്താവ്-ശ്രീകൃഷ്ണൻ) പിന്നെയും ഭക്ഷിപ്പാനായിട്ട് പൃഥുകങ്ങളെ (പകുതി അവലിനെ) ആദ്യം ഭക്ഷിച്ചതിൽനിന്നും ശേഷിച്ച അവലിനെ എന്നസാരം॥ ആദദാനനായിരിക്കുമ്പോൾ (എടുത്തസമയത്തിൽ) കമലാലയ— (ലക്ഷ്മീദേവി) മതി-മതി- എന്നിങ്ങനെ സംഭ്രമംപൂണ്ടവളായിട്ട് വദന്തിയായിട്ട് (പറയുന്നവളായിട്ട്) കരകമലത്തെ (കൃഷ്ണൻ്റെ താമരപ്പൂപോലുള്ള കയ്യിനെ) നിരോധിച്ചു (തടുത്തു) സകലസമ്പത്തും കുചേലനുകൊടുക്കത്തക്കിലോ എന്നുള്ള സംഭ്രമത്താൽ കയ്യു കടന്നുപിടിച്ചു എന്നസാരം॥

സവിതര്യഥ യാതി പശ്ചിമാദ്രിം-
സവയസ്യഃ സകലം വിധായ കൃത്യം।
കഥയൻ വിവിധാഃ കഥാം നിശാം-താം-
മധുഹാന്നാ സ്വനിശാന്ത ഏവ നിന്യേ ൨൯

അന്വയം — അഥ- സവിതരി- പശ്ചിമാദ്രിം-യാതി- മധുഹാ-സവയസ്യഃ-സകലം കൃത്യം വിധായ വിവിധാം-കഥാം-കഥയൻ താം-നിശാം സ്വനിശാന്തേ-ഏവ-നിന്യേ-

അർത്ഥം — അനന്തരം-സവിതാവ് (സൂര്യൻ) പശ്ചിമാദ്രിയെ (അസ്തമനപർവ്വതത്തെ) യാനനായിരിക്കുമ്പോൾ (പ്രാപിച്ചിരിക്കുമ്പോൾ) മധുഹന്താവ് (മധു എന്ന അസുരൻ്റെ ശത്രു-കൃഷ്ണൻ) സവയസ്യനായി (വയസ്യനോടുകൂടിയവനായി) സകലമായ കൃത്യത്തെ (സന്ധ്യാവന്ദനാദിസകലകർമ്മത്തെ) വിധാനംചെയ്തിട്ട് (ചെയ്തിട്ട്) വിവിധയായ (പലവിധത്തിലുള്ള) കഥയെ കഥയനായിട്ട് (പറയുന്നവനായിട്ട്) ആ നിശയെ (രാത്രിയെ) സ്വനിശാന്ത

ത്തിൽതന്നെ (സ്വഭവനത്തിൽതന്നെ) “നിശാന്തപസ്ത്യസദനം”എന്ന് അമരം, നയിച്ചു (കഴിച്ചുകൂട്ടി)

സംഫുല്ലമോദവികസന്മുഖോ ജനൌഘൈഃ
സംഭാവിതശ്ച നിവസൻ യദുരാജധാന്യാം।
അംഭോരുഹേക്ഷണമനുക്ഷണമീക്ഷമാണോ-
ജംഭാരിവേശ്മവസതിം സ തൃണായ മേനേ॥ ൩൭

അന്വയം — സഃ-സംഫുല്ലമോദവികസന്മുഖഃ- ജനൌഘൈശ്ച-സംഭാവിതഃ- യദുരാജധാന്യാം- നിവസൻ- അംഭോരുഹേക്ഷണം-അനുക്ഷണം- ഈക്ഷമാണഃ- ജംഭാരിവേശ്മവസതിം- തൃണായ-മേനേ-

അർത്ഥം — അവൻ (കുചേലൻ) സംഫുല്ലമോദവികസന്മുഖനായി (വർദ്ധിച്ചതായ സന്തോഷത്താൽ വികസിച്ച മുഖത്തോടുകൂടിയവനായി) ജനൌഘങ്ങളാലും (സംഭാവിതനായി (ബഹുമാനിക്കപ്പെട്ടവനായി) യദുരാജധാനിയിൽ (ദ്വാരകയിൽ) നിവസനായി (പാർക്കുന്നവനായി) അംഭോരുഹേക്ഷണനെ (പങ്കജാക്ഷനായ ശ്രീകൃഷ്ണനെ) ക്ഷണംതോറും ഈക്ഷമാണനായിട്ട് (കാണുന്നവനായിട്ട്) ജംഭാരിവേശ്മവസതിയെ (സ്വർഗ്ഗവാസത്തെ) തൃണംപോലെ വിചാരിച്ചു॥ മനധാതുവിന് ദ്വിതീയയ്ക്കുപകരം 'ചതുർത്ഥിയുംവരാം-എന്നുള്ളതിനാൽ തൃണായ എന്നു ഇവിടെ ചതുർത്ഥിവന്നു॥ സൂ=“മന്യകർമ്മണ്യനാദരെ വിഭാഷാപ്രാണിഷു”

നിവസന്നപി താം നിശാംദ്വിജന്മാ-
നിജമർത്ഥം ന ജഗത്പതിം യയാചേ।
വിതതാര ന കിഞ്ചിദപ്യമുഷ്മൈ-
യദുനാഥഃ സ്വഹൃദാ വിദന്നശേഷം॥ ൩൮

അന്വയഃ--ദ്വിജന്മാ-താം-നിശാം-നിവസൻ-അപി--ജഗത്പതിം-നിജം അർത്ഥം-ന-യയാചേ, യദുനാഥഃ-സ്വഹൃദാ - അശേഷം വിദൻ- അമുഷ്മൈ-കിഞ്ചിത്-അപി-ന-വിതതാര-

അർത്ഥം — ദ്വിജന്മാവ് (ബ്രാഹ്മണൻ) കുചേലൻ എന്നു സാരം-ആ നിശ മുഴുവൻ(ആ രാത്രിമുഴുവൻ)നിവസന്നാണെങ്കിലും (ദ്വാരകയിൽ കൃഷ്ണനുമൊന്നിച്ച് താമസിച്ചു എങ്കിലും) നിജമായ അർത്ഥത്തെ (ധനത്തെ) ജഗത്പതിയോടു (സകലലോകനായകനായ ശ്രീകൃഷ്ണനോട്) യാചിച്ചില്ല. യദുനാഥൻ (യാദവേശ്വരനാവ്) സ്വഹൃത്തുകൊണ്ട് (തന്റെമനസ്സുകൊണ്ട്) അശേഷത്തെ വിദന്നായിട്ടും (അറിഞ്ഞിട്ടും) ഇവനായിട്ട് (കുചേലനായിട്ട്) ഒന്നും വിതരണം ചെയ്തില്ല (കൊടുത്തില്ല)

കുചേലൻ യാതൊന്നും ചോദിക്കാത്തതും ഭഗവാൻ കൊടുക്കാത്തതും എന്താണ് എന്നുള്ളതിനെ ഇനിയും പറയുന്ന ശ്ലോകത്താൽ സമർത്ഥിക്കുന്നു-

യാചന്തേ കമപി ന സാധവഃ സ്വമർത്ഥം,
വാചാ താൻ ന ച വിഭവഃ പ്രസാദയന്തി.
സമ്പത്തിഭിസ്സമമുചിതാഭിരാശ്രിതാനാ
മാസേവാഫലമനുമേയമേവ ലോകേ, ൧൧ .

അന്വയം—സാധവഃ-കമപി-സ്വം-അർത്ഥം-ന-യാചന്തേ വിഭവഃ-താൻ-വാചാ-ന-പ്രസാദയന്തി-ച-ലോകേ-ആശ്രിതാനാം-ആസേവാഫലം-ഉചിതാഭിഃ-സമ്പത്തിഭിഃ-സമം-അനുമേയം-ഏവ-

അർത്ഥം സാധുക്കൾ (സജ്ജനങ്ങൾ) ആരോടും സ്വന്തമായ അർത്ഥത്തെ യാചിക്കുന്നില്ല, വിഭുക്കൾ അവരെ (സാധുക്കളെ) വാക്കുകൊണ്ട് പ്രസാദിപ്പിക്കുന്നതും ഇല്ല, ലോകത്തിൽ ആശ്രിതന്മാർക്ക് ആസേവാഫലം (സേവിച്ചതിന്റെ ഫലം) ഉചിതങ്ങളായ (യോഗ്യങ്ങളായ) സമ്പത്തുകളോടുകൂടെ അനുമേയമാകുന്നു തന്നെ (ഊഹിക്കപ്പെടുവാൻ യോഗ്യമാകുന്നു തന്നെ) സജ്ജനങ്ങൾ ആരോടും ചോദിക്കാറില്ല പ്രഭുക്കൾ വാഗാഡംബരം കൊണ്ട് മോഹിപ്പിക്കാറും ഇല്ല സമ്പത്തു താനേ വരുമ്പോൾ ഇതു് താൻ സേവിച്ചതിന്റെ ഫലമാണ് എന്ന് ഊഹിച്ചറിയുകയാണ് ലോകരീതി എന്നു സാരം.

അപരേദ്യുരഹർമ്മുഖേ ദ്വിജന്മാ
നിജമാപൃച്ഛ്യ വയസ്യമംബുജാക്ഷം,
അഖിലൈരപി മാനിതോ ജനൌഘൈ
രനുയാതഃ സുഹൃദാ ച സംപ്രതസ്ഥേ ൧൨

(അന്വയം)—ദ്വിജന്മാ-അപരേദ്യുഃ-അഹർമ്മുഖേ-നിജം വയസ്യം-അംബുജാക്ഷം-ആപൃച്ഛ്യ-അഖിലൈഃ ജനൌഘൈഃ-അപി മാനിതഃ-സുഹൃദാ ച-അനുയാതഃ-സംപ്രതസ്ഥേ॥

അർത്ഥം—ദ്വിജന്മാവു് (ബ്രാഹ്മണൻ) പിറ്റേദിവസം-അഹർമ്മുഖത്തിൽ (പ്രഭാതത്തിൽ) നിജനായ വയസ്യനാകുന്ന (തന്റെ സ്നേഹിതനായ) അംബുജാക്ഷനോടു ആപൃച്ഛിച്ചിട്ടു് (ചോദിച്ചിട്ടു്) അഖിലങ്ങളായ (സർവ്വന്മാരായ) ജനൌഘങ്ങളാലും മാനിതനായി (മാനിക്കപ്പെട്ടവനായി) സുഹൃത്തിനാലും (മിത്രമായ കൃഷ്ണനാലും) അനുയാതനായിട്ടു് പിന്നാലെ യാനം ചെയ്യപ്പെട്ടവനായിട്ടു്) പ്രസ്ഥാനംചെയ്തു. (പുറപ്പെട്ടു)

ഗച്ഛൻ പഥി ഏവം തത്തൽ ചിന്തയൻ വാണീസുരഃ
അന്തരസ്ഥാം മുദാം കാഞ്ചിദവിന്ദന്മോദഖേദയോഃ॥

അന്വയം — പഥി-ഏവം-തൽതൽ-ചിന്തയൻ-ഗച്ഛൻ!വാണീസുരഃ-മോദഖേദയോഃ-അന്തരസ്ഥാം-കാഞ്ചിൽ-മുദാം-അവിന്ദൽ॥

അർത്ഥം — പന്ഥാവിൽ (വഴിയിൽ) ഏവത്തിനാൽ അതിനെ-അതിനെ-ചിന്തയന്നായി ഗച്ഛന്നായ (ഓരോന്ന് വിചാരിച്ചു പോകുന്നവനായ) വാണീസുരൻ (കുചേലൻ) മോദഖേദങ്ങളുടെ (സന്തോഷസന്താപങ്ങളുടെ) അന്തരസ്ഥയായ (മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്നതായ) ഒരു മുദയെ (അവസ്ഥയെ) അനുഭവിച്ചു-ശ്രീകൃഷ്ണദർശനം കിട്ടിയാൽ സന്തോഷവും ദാരിദ്ര്യനിവൃത്തിക്ക് കഴിവുണ്ടാകാഞ്ഞതിനാൽ ഖേദവും ഇടയ്ക്കിടയ്ക്ക് ഉണ്ടായി എന്നസാരം.

ആലോകിതോ യദധുനാ സുഹൃദംബുജാക്ഷ-
സ്തേന പ്രസാദപരതന്ത്രമിദം മനോ മേ-
വക്ഷ്യാമി കിന്നു ഗൃഹിണീം ദ്രവിണൈകലോലാ-
മിത്യാകലയ്യ ച പുനഃ പരിഖിദ്യതേ സ്മ॥ ൩൭॥

അന്വയം — യൽ-അധുനാ-(മയാ)സുഹൃൽ-അംബുജാക്ഷഃ-ആലോകിതഃ-തേന-മേ-ഇദം-മനഃ-പ്രസാദപരതന്ത്രം-ദ്രവിണൈകലോലാം-ഗൃഹിണീം-കിന്നു-വക്ഷ്യാമി-ഇതി-ആകലയ്യ-പുനഃ പരിഖിദ്യതേ-ച-സ്മ॥

അർത്ഥം — യാതൊന്നിനാൽ ഇപ്രകാരം എന്നാൽ സുഹൃത്തായ (ബന്ധുവായ) അംബുജാക്ഷൻ ആലോകിതനായി (ദർശിക്കപ്പെട്ടു) അതിനാൽ എന്റെ മനസ്സ് പ്രസാദപരതന്ത്രമായി (സന്തോഷാധീനമായി) ദ്രവിണൈകലോലയായ (ധനമാകുന്ന ഒന്നിൽ ആഗ്രഹമുള്ളവളായ) ഗൃഹിണിയോട് (ധർമ്മപത്നിയോട്) എന്തിനെ പറയും എന്നിങ്ങനെ ആകലനം ചെയ്തിട്ട് പിന്നെയും പിന്നെയും ഖേദിക്കയും ചെയ്തു സ്മ എന്ന പാദപൂരണമാണ്.

അനല്പൈഃ പുണ്യൗഘൈരനുപതിതമാലോകനപഥം
ജഗന്നാഥം സാക്ഷാജ്ജനിമരണരോഗൈകഭിഷജം।
കഥം യാചേ കാമാൻ കലുഷമതിസേവ്യാനതിചലാൻ
ഫലീകാരാനാരാദിവ സുരപുരീമേത്യ സുരഭിം॥ ൩൮॥

അന്വയം — അനല്പൈഃ-പുണ്യൗഘൈഃ-ആലോകനപഥം-അനുപതിതം-ജനിമരണരോഗൈകഭിഷജം-സാക്ഷാൽ — ജഗന്നാഥം-സുരപുരീം-ഏത്യ-സുരഭിം-ഫലീകാരാൻ-ഇവ-കലുഷമതിസേവ്യാൻ-അതിചലാൻ-കാമാൻ-ആരാൽ-കഥം-യാചേ.

അർത്ഥം—അനല്പങ്ങളായ (വളരെകളായ) പുണ്യൗഘങ്ങളാൽ (പുണ്യസമൂഹങ്ങളാൽ) ആലോകനപഥത്തിൽ (ദർശനമാർഗ്ഗത്തിൽ) അനുപതിതനായി (പ്രാപ്തനായി) "വളരെ പുണ്യംചെയ്തതിനാൽ കണ്ണുകിട്ടിയവനായി" എന്നു സാരം. ജനിമരണാമയങ്ങളാകുന്ന (ജനനമരണങ്ങളാകുന്ന രോഗങ്ങൾക്ക്) ഏകഭിഷക്കായ (മുഖ്യവൈദ്യനായ) സാക്ഷാൽ ജഗന്നാഥനോട് (ലോകനായകനായ ഭഗവാനോട്) സുരപുരിയെ പ്രാപിച്ചിട്ട് (സ്വർഗ്ഗത്തുചെന്നിട്ട്) സുരതരുവോട്ട ഫലീകാരങ്ങളെ (ഉമികളെ) എന്നപോലെ കലുഷമതികളാൽ (നിർമ്മലമല്ലാത്ത മനസ്സോടുകൂടിയവരാൽ) സേവ്യങ്ങളായി (സേവിക്കപ്പെടുവാൻ യോഗ്യങ്ങളായി) അതിചപലങ്ങളായ (ഏറ്റവും ഇളകുന്നവയായ) കാമങ്ങളെ സമീപത്തിൽ എങ്ങിനെ യാചിക്കുന്നു. സ്വർഗ്ഗത്തുചെന്നു കാമധേനുവിനോട് പതിരുകളെ പ്രാർത്ഥിക്കുന്നതുപോലെ മോക്ഷപ്രദനായ ഭഗവാനോട് എങ്ങിനെയാണ് കാമങ്ങളെ ഭഗവാനെക്കണ്ടതിന്റെ ഫലമായിട്ട് യാചിക്കുന്നത് അതിനാലാണ് ഒന്നും ചോദിക്കാഞ്ഞത് എന്നു സാരം.

അധനോ ധനസംഗമേന മർത്ത്യൻ
വിധുനീയാന്മമ ഭക്തിമേധമാനാം
ഇതി നൂനമസൌ വിചിന്ത്യ നാഥോ
ദ്രവിണം മേ ഭഗവാൻ ദയാപയോധിഃ ൬൮

അന്വയം—അധനഃ-ധനസംഗമേന-മർത്ത്യൻ-ഏധമാനാം-മമ-ഭക്തിം-വിധുനീയാൽ-ഇതി-വിചിന്ത്യ-നൂനം, ദയാപയോധിഃ-അസൌ-ഭഗവാൻ-മേ ദ്രവിണം-ന-അദാൽ.

അർത്ഥം—അധനൻ (ധനമില്ലാത്തവൻ) ധനസംഗമത്താൽ (ധനത്തിന്റെ ചേർച്ചയാൽ) മത്തനായിട്ട് (മദിക്കുന്നവനായിട്ട്) ഏധമാനയായ (വർദ്ധിച്ചിരിക്കുന്നതായ) എന്റെ ഭക്തിയെ ധുനനംചെയ്യും (കളയും) എന്ന് വിചാരിച്ചാണോ എന്നു തോന്നും ദയാപയോധിയായ (ദയയ്ക്കു സമുദ്രമായ) ഈ ഭഗവാൻ എനിയ്ക്കായിട്ട് ദ്രവിണത്തെ (ധനത്തെ) ദാനം ചെയ്തില്ല. ധനമുണ്ടായാൽ മദിച്ചുകളും എന്നുവച്ചാണോ ധനം തരാഞ്ഞതു് എന്നു സാരം.

ഇതി ധ്യാനപ്രമദഭരോ വിചിന്ത്യകൃത്സ്നം
പിദ്ധ്യാനോ നിജഗൃഹിണീം വിചിന്ത്യ ദീനാം
വിപ്രോ ഽസൌ വിവശമനാ വിളംബ്യഗച്ഛ-
ന്നത്യാതോ നിജനിലയസ്യ സംപ്രദേശേ ൬൯

അന്വയം—വിവശമനാഃ-വിളംബ്യ-ഗച്ഛൻ, അസൌ-വിപ്രഃ-ഇതി-വിചിന്ത്യ - ധ്യാനപ്രമദഭരഃ ദീനാം - നിജഗൃഹിണീം-, വിചി

ന്ത്യ ഖിന്നാന്തഃ നിജനിലയസ്യ അഭ്യാശം സംപ്രാപ॥

(അർത്ഥം — വിവശമനസ്സായി (ധനം ലഭിയ്ക്കാഞ്ഞതിനാൽ പരവശമായ മനസ്സോടുകൂടിയവനായി) വിളംബിച്ചിട്ട് ഗച്ഛന്നായ [താമസിച്ചുപോകുന്ന) ഈ വിപ്രൻ-കൃഷ്ണനെ വിചിന്തിച്ചിട്ട് (വിചാരിച്ചിട്ട്) ഇന്ധാനപ്രമോദനായിട്ടും (വർദ്ധിച്ചതായ സന്തോഷത്തോടുകൂടിയവനായിട്ടും) ദീനയായ നിജഗൃഹിണിയെ വിചാരിച്ചിട്ട് ഖിന്നാന്തനായിട്ടും (ഖേദിക്കുന്നവനായിട്ടും) നിജനിലയത്തിന്റെ അഭ്യാശത്തെ (സ്വഭവനത്തിന്റെ സമീപത്തെ) പ്രാപിച്ചു.

പ്രാംശുപ്രാസാദപാളീശിഖരപരിലസത്തുംഗതൂപീശിഖാഗ്ര-
പ്രത്യുപ്താനർഘരത്നപ്രസരരുചിഘൃണിശ്രേണിശോണീകൃതാശം
അശ്രാന്താശ്ചര്യമക്ഷ്ണാം കിമപരമപരം ഭോഗികാകാരമാരാ-
ദാത്മാഗാരം പ്രപശ്യൻ കിമിദമിതി പരാമാപ ചിന്താം ദ്വിജന്മാ
ന്മൻ

അന്വയം — ദ്വിജന്മാ- പ്രാംശുപ്രാസാദപാളീശിഖരപരിലസത്തുംഗതൂപീശിഖാഗ്രപ്രത്യുപ്താനർഘരത്നപ്രസരരുചിഘൃണിശ്രേണിശോണീകൃതാശം- അക്ഷ്ണാം- അശ്രാന്താശ്ചര്യം- അപരം-കിം അപരഭോഗികാകാരം-ആത്മാഗാരം-ആരാൽ- പ്രപശ്യൻ-ഇദം-കിം ഇതി-പരാം-ചിന്താം-ആപ.

അർത്ഥം — ദ്വിജന്മാവ് (കുചേലബ്രാഹ്മണൻ) പ്രാംശുക്കളായ (ഉന്നതകളായ) പ്രാസാദപാളികളുടെ (മാളികക്കൂട്ടങ്ങളുടെ) ശിഖരങ്ങളിൽ (ശൃംഗങ്ങളിൽ) പരിലസന്തികളായി (ശോഭിക്കുന്നവയായി) തുംഗകളായ (ഉന്നതകളായ) തൂപികളുടെ (താഴികക്കുടങ്ങളുടെ) ശിഖാഗ്രത്തിൽ (അഗ്രഭാഗത്തിൽ) പ്രത്യുപ്തങ്ങളായ (പതിച്ചവയായ) അനർഘരത്നങ്ങളിൽനിന്ന് (അമൂല്യരത്നങ്ങളിൽനിന്ന്) പ്രസരന്തിയായ രുചിഘൃണിശ്രേണിയാൽ (മഹത്തായ രശ്മിസമൂഹത്താൽ) ശോണീകൃതങ്ങളായ (രക്തമാക്കിച്ചെയ്യപ്പെട്ടവയായ) ആശകളോടുകൂടിയതും) മാളികകളിലുള്ള താഴികക്കുടങ്ങളുടെ അഗ്രത്തിൽ പതിച്ചിരിക്കുന്ന രത്നങ്ങളുടെ കാന്തിയാൽ സകല ദിക്കുകളെയും ചുവപ്പിച്ചതും എന്നു സാരം. അക്ഷികൾക്ക് അശ്രാന്താശ്ചര്യവും (കണ്ണുകൾക്ക് ആശ്ചര്യത്തിൽനിന്നു ഒഴിവില്ലാത്തതും) ആശ്ചര്യമയവും എന്നു സാരം. അപരം എന്ത് (വേറെ എന്താണു പറയേണ്ടത്) അപരഭോഗികാകാരവും (വേറൊരു ഭോഗകയുടെ ആകൃതിയുള്ളതും) ആയ ആത്മാഗാരത്തെ (തന്റെ ഭവനത്തെ) സമീപത്തിൽ പ്രപശ്യനായിട്ട് (കാണുന്നവനായിട്ട്) ഇത് എന്താകുന്നു എന്നിങ്ങനെ പരയായ ചിന്തയെ (ഏററവും വിചാരത്തെ) പ്രാപിച്ചു.

ആമീലദക്ഷിയുഗളഃ ക്ഷണമേഷ ഭക്ത്യാ
ധ്യായൻ ജഗൽപതിമനൽപ്പധീർമ്മുകുന്ദം
ലക്ഷ്മീപതേർന്നിജസഖസ്യ ദയാപയോധേ
രേതന്നിമിത്തമവലോകനമിത്യജാനാൽ. ൮൦

അന്വയം — അനൽപ്പധീഃ-ഏഷഃ-ക്ഷണം--ആമീലദക്ഷിയുഗളഃ-ഭക്ത്യാ-ജഗൽപതിം-മുകുന്ദം-ധ്യായൻ-ഏതത്--അവലോകനം-നിജസഖസ്യ-ദയാപയോധേഃ-ലക്ഷ്മീപതേഃ-നിമിത്തം,-ഇതി-അജാനാൽ॥

അർത്ഥം — അനൽപ്പധിയായ (അഹങ്കാരബുദ്ധിയില്ലാത്തവനായ) ഇവൻ (കുചേലൻ) അല്പനേരം ആമീലദക്ഷിയുഗളനായി (ആമീലത്തായ=അടച്ചിരിക്കുന്ന രണ്ടു കണ്ണോടുകൂടിയവനായി) "രണ്ടുകണ്ണും അടച്ചിട്ട്" എന്നു സാരം. ഭക്തിയോടുകൂടെ ജഗൽപതിയായ മുകുന്ദനെ ധ്യായന്നായിട്ട് (ധ്യാനിക്കുന്നവനായിട്ട്) ഈ അവലോകനം (അത്ഭുതദർശനം) നിജസഖനായി (തന്റെ ബന്ധുവായി) ദയാപയോധിയായ ലക്ഷ്മീപതിയുടെ (ശ്രീകൃഷ്ണഭഗവാന്റെ) നിമിത്തമാണ് (കാരണമാകുന്നു) എന്നിങ്ങനെ അറിഞ്ഞു "ഇതെല്ലാംകണ്ടതു ശ്രീകൃഷ്ണൻ കാരണമാണ് എന്നു വിചാരിച്ചു" എന്നു സാരം "നിമിത്തപര്യായപ്രയോഗേ സർവ്വാസാം പ്രായദർശനം" (നിമിത്തം എന്ന ശബ്ദം പ്രയോഗിക്കുന്നേടത്തു എല്ലാ വിഭക്തിയും മിക്കവാറും വരാം എന്നുള്ളതിനാൽ) ലക്ഷ്മീപതേഃ-എന്നു ഷഷ്ഠി വന്നു॥

മലിനം വസനം ബഭൂവ ഹൃദ്യം
ധൃതതാരുണ്യമഭൂച്ച ജീർണ്ണമംഗം।
ഹൃദയം തു പരം പുരേവ തസ്യ
സ്ഥിതമാസീൽ സ്ഥിരഭക്തി പത്മനാഭേ ॥൮൧॥

അന്വയം മലിനം-വസനം-ഹൃദ്യം-ബഭൂവ-ജീർണ്ണം-അംഗം ധൃതതാരുണ്യം-ച-അഭൂൽ പത്മനാഭേ-സ്ഥിരഭക്തി-തസ്യ-ഹൃദയം-തു-പുരാവൽ-പരം-സ്ഥിതം ആസീൽ.

അർത്ഥം — മലിനമായ (മുഷിഞ്ഞതായ) വസനം (വസ്ത്രം) ഹൃദ്യമായിട്ട് (മനോഹരമായിട്ട്) ഭവിച്ചു. ജീർണ്ണമായ അംഗം (വയസ്സായ ശരീരം) ധൃതതാരുണ്യമായും (യൗവനം ധരിച്ചതായും) ഭവിച്ചു. പത്മനാഭങ്കൽസ്ഥിരഭക്തിയായ ഇവന്റെ (കുചേലന്റെ) ഹൃദയമാകട്ടെ മുമ്പിലത്തെപ്പോലെ തന്നെ സ്ഥിതമായിട്ട് (ഇരിക്കുന്നതായിട്ട്) ഭവിച്ചു. കുചേലന്റെ വസ്ത്രം അംഗം മുതലായതിന് ഭേദം വന്നു എങ്കിലും മുമ്പിൽ ഉള്ളതായ വിഷ്ണുഭക്തിക്ക് യാതൊരു വ്യത്യാസവും വന്നില്ല" എന്നുസാരം॥

സ നമസ്കൃത്വ ഭക്ത്യാ നതജനവിധേയം ത്രിജഗതീ-
വിനേതാരം ദേവം തമന നിരവദ്യേന മനസാ
വിവേശാന്തസ്സാന്തഃ പരിജനസഹസ്രൈഃ പരിവൃത
സ്തഥാഭൂതം പശ്യൻ ഭവനമപി വീതസ്മയലവഃ ॥൪൮॥

അന്വയം—തമന-(അസൌ) ഭക്ത്യാ നതജനവിധേയം-ത്രിജഗതീവിനേതാരം ദേവം നിരവദ്യേന-മനസാ, നമസ്കൃത്വ-പരിജനസഹസ്രൈഃ പരിവൃതഃ-തഥാഭൂതം-ഭവനം-പശ്യൻ-അപി-വീതസ്മയലവഃ-ശാന്തഃ-അന്തഃ-വിവിശ

അർത്ഥം—അനന്തരം ഇവൻ (കുചേലൻ) ഭക്തിയോടുകൂടെ നതജനവിധേയനും (നമിക്കുന്ന ജനത്തിന് അധീനനും) ത്രിജഗതിയുടെ (മൂന്നുലോകങ്ങളുടെ സമാഹാരത്തിന്റെ) വിനേതാവും (ശിക്ഷയിതാവും) ആയ ദേവനെ (ശ്രീകൃഷ്ണനെ) നിരവദ്യമായ (നിർദ്ദോഷമായ) മനസ്സുകൊണ്ടു നമസ്കരിച്ചിട്ടു (നമസ്കരിക്കുന്നവനായി) പരിജനപരിവൃതനായി (പരിചാരകന്മാരാൽ ചുററപ്പെട്ടവനായി) തഥാഭൂതമായ (അപ്രകാരം ഇരിക്കുന്നതായ) "ഏററവും സമ്പൽസമൃദ്ധമായ" എന്നു സാരം. ഭവനത്തെ പശ്യനാണെങ്കിലും(കാണുന്നവനാണെങ്കിലും) വീതസ്മയലവനായി (വീതമായ=പോയതായ) സ്മയത്തിന്റെ=ഗർവ്വത്തിന്റെ ലേശത്തോടുകൂടിയവനായി (ലേശവും അഹങ്കാരമില്ലാത്തവനായി) എന്നു സാരം॥ ശാന്തനായിട്ട് (അടക്കം ഉള്ളവനായിട്ട്) ഭവനത്തിന്റെ അന്തർഭാഗത്തിൽ പ്രവേശിച്ചു॥

പ്രത്യഗ്രകാന്തിലഹരീമഹനീയഗാത്രീ
ദുഗ്ദ്ധാംബുരാശിതനയേവ പരിസ്ഫുരന്തീ।
പ്രത്യുദ്യയൌ പ്രമുദിതാ പതിദേവതാ തം
സത്രാ വിനീതിഭരനമ്രമുഖീ സഖീഭിഃ ॥൪൯॥

അന്വയം—പ്രത്യഗ്രകാന്തിലഹരീമഹനീയഗാത്രീ—ദുഗ്ദ്ധാംബുരാശിതനയാ-ഇവ-പരിസ്ഫുരന്തീ-പതിദേവതാ-പ്രമുദിതാ-വിനീതിഭരനമ്രമുഖീ-സഖീഭിഃ-സത്രാ-പ്രത്യുദ്യയൌ.

അർത്ഥം—പ്രത്യഗ്രയായ (പുതതായ) കാന്തിലഹരിയാൽ (കാന്തിപ്രവാഹത്താൽ) മഹനീയഗാത്രിയായി (മനോഹരമായ ദേഹത്തോടുകൂടിയവളായി) ദുഗ്ദ്ധാംബുരാശിതനയ എന്നപോലെ (ലക്ഷ്മീ എന്നപോലെ) പരിസ്ഫുരന്തിയായ (പ്രകാശിക്കുന്നവളായ) പതിദേവത (പതിവ്രതയായ കുചേലപത്നി) പ്രമുദിതയായി (സന്തുഷ്ടയായി) വിനീതിഭരത്താൽ (വിനയാധിക്യത്താൽ)ന

നമ്രമുഖിയായിട്ട് (താഴ്ത്തിയ മുഖത്തോടുകൂടിയവളായിട്ട്) സഖികളോടു(സത്രാ-കൂടെ) പ്രത്യുൽഗമിച്ചു (എതിരേററു)

തദനു നിജനികേതം പ്രാപ്യ പത്നീസഹായഃ
പരിജനപരിക്ലപ്തം മജ്ജനാദ്യം വിധായ।
അഭജത ഹൃദി പശ്യന്നച്യുതം വിശ്വനാഥം
സുരഭികുസുമമാലാവാസിതം വാസഗേഹം॥

അന്വയം—തദനു-സഃ-പത്നീസഹായഃ നിജനികേതം-പ്രാപ്യ-പരിജനപരിക്ലപ്തം മജ്ജനാദ്യം-വിധായ-വിശ്വനാഥം-അച്യുതം-ഹൃദി-പശ്യൻ- സുരഭികുസുമമാലാവാസിതം-വാസഗേഹം-അഭജത.

അർത്ഥം—അനന്തരം (പത്നി എതിരേററതിനുശേഷം) അവൻ (കുചേലൻ) പത്നീസഹായനായി (പത്നിയോടുകൂടിയവനായി) നിജനികേതത്തെ (തന്റെ ഭവനത്തെ) പ്രാപിച്ചിട്ട് പരിജനപരിക്ലപ്തമായ (പരിജനങ്ങളാൽ ഒരുക്കപ്പെട്ടതായ) മജ്ജനാദ്യത്തെ (കുളി ഭോജനം മുതലായതിനെ) ചെയ്തിട്ട് വിശ്വനാഥനായ അച്യുതനെ ഹൃദയത്തിൽ (മനസ്സിൽ) പശ്യന്നായിട്ട് (കാണുന്നവനായിട്ട്) സുരഭികളായ (സുഗന്ധികളായ) കുസുമമാലകളാൽ വാസിതമായ (സുരഭിതമായ) വാസഗേഹത്തെ (കിടക്കമുറിയെ) ഭജിച്ചു (പ്രാപിച്ചു)

സഹമുക്താമയൈർദ്ദാരൈർഗൃഹേ മുക്താമയേ സുഖം।
വസതസ്തസ്യ നചിരാ—ദാസീന്മുക്താത്മതാ മുനേഃ॥

അന്വയം—മുക്താമയൈഃ - ദാരൈഃ-സഹ- മുക്താമയേ-ഗൃഹേ-വസതഃ-തസ്യ-മുനേഃ നചിരാൽ-മുക്താത്മതാ-ആസീൽ.

അർത്ഥം— മുക്താമയങ്ങളായ (മോചിക്കപ്പെട്ടവയായ ദുഃഖങ്ങളോടുകൂടിയ ദാരങ്ങളോടു (ദുഃഖമൊഴിഞ്ഞിരിക്കുന്നഭാര്യയോടുകൂടെ എന്നർത്ഥം.) ദാരശബ്ദം ബഹുവചനമായിട്ടുമാത്രമെ വരികയുള്ളു. അതിനാലാണ് ഇവിടെ "ദാരൈഃ" എന്ന ബഹുവചനം പ്രയോഗിച്ചതു് എന്ന് അറിഞ്ഞുകൊള്ളണം। മുക്താമയമായ (മുത്തുകൊണ്ടുള്ളതായ) ഗൃഹത്തിൽ സുഖമാകുംവണ്ണം വസന്നായി വസിക്കുന്നവനായ ആ മുനിയ്ക്കു (കുചേലന്) മുക്താത്മത (സർവ്വസംഗപരിത്യാഗിത്വം) ഭവിച്ചു.

ഇത്ഥം വസന്നപി ഗൃഹേ ഹരിപാദഭക്ത്യാ
നിർദ്ധൂതവിശ്വവിഷയാഭിരതിഃ ക്രമേണ।
പ്രത്യഗ്ദൃശഃ കിമപി ധാമ ജനാർദ്ദനാഖ്യം
തത്വം പരാത്മപരമാത്മമയം പ്രപേദേ॥ ൪൨

അന്വയം — പൃഥുദീസുരഃ-ഇത്ഥം- ഹരിപാദഭക്ത്യാ-ഗൃഹേ-വസൻ അപി ക്രമേണ-നിർദ്ധൂതവിശേഷവിഷയാഭിരതിഃ- തത്വം-പരാർത്ഥപരമാർത്ഥമയം- ജനാർദ്ദനാഖ്യം-കിമപി-ധാമ-പ്രപേദേ.

അർത്ഥം — പൃഥുദീസുരൻ (കുചേലബ്രാഹ്മണൻ) ഇപ്രകാരം ഹരിപാദഭക്തിയോടുകൂടെ-ഗൃഹത്തിൽ (സ്വഭവനത്തിൽ) വസന്നാണെങ്കിലും (പാർക്കുന്നവനാണെങ്കിലും) ക്രമേണ നിർദ്ധൂതയായ (കളയപ്പെട്ടതായ) വിശേഷവിഷയങ്ങളിലുള്ള (സമസ്തവിഷയങ്ങളിലുള്ള) അഭിരതിയോടു (ആഗ്രഹത്തോടുകൂടിയവനായിട്ടു) തത്വവും പരാർത്ഥപരമാർത്ഥമായും (പരാർത്ഥമായും പരമാർത്ഥമായും ഇരിക്കുന്നതും) ജനാർദ്ദനാഖ്യവും (മഹാവിഷ്ണുവെന്ന പേരോടുകൂടിയതും) ആയ ഒരു ധാമത്തെ (തേജസ്സിനെ) പ്രാപിച്ചു: കുചേലന്നു മോക്ഷം സിദ്ധിച്ചു എന്നു സാരം.

കുചേലവൃത്തം എന്ന പ്രബന്ധത്തിന്റെ വ്യാഖ്യാനം സമ്പൂർണ്ണമായി.

കുചേലവൃത്തനാമാഖ്യം പ്രബന്ധം സർവ്വസമ്മതം
അശേഷമവധിം പ്രാപ സുബന്ധരസോല്ലസൽ.

സർവ്വസമ്മതവും മനോഹരമായ രസംകൊണ്ടു ശോഭിക്കുന്നതും ആയ കുചേലവൃത്തം എന്ന പ്രബന്ധം അശേഷവും അവധിയെ പ്രാപിച്ചു (അവസാനിച്ചു)

അജാമിളമോക്ഷം

പ്രബന്ധം.

നാരായണേതി ചതുരക്ഷരമേവ പുംസാം
കൈവല്യമാകലയതേ ഽതിവിധൂയ പാപാൻ
സങ്കീർത്തിതം നിജസുതേ ഽപ്യവശോ യദുക്ത്വാ
ലേഭേ പരാം ഗതിമജാമിളഭൂമിദേവഃ ॥ ൧

അന്വയം — പുംസാം-നാരായണ- ഇതി- ചതുരക്ഷരം-ഏവ- പാപാൻ- അതിവിധൂയ-കൈവല്യം- ആകലയതേ; അജാമിളഭൂമിദേവഃ- അവശഃ- നിജസുതേ-സങ്കീർത്തിതം- അപി-യത്- ഉക്ത്വാ -പരാം-ഗതിം ലേഭേ.

അർത്ഥം—പുമാൻമാർ (പുരുഷന്മാർ) നാരായണ എന്നുള്ള ചതുരക്ഷരം (നാലക്ഷരം) തന്നെ പാപങ്ങളെ ഏറ്റവും വിധൂനനം ചെയ്തിട്ട് (കളഞ്ഞിട്ട്) കൈവല്യത്തെ (മോക്ഷത്തെ) ചെയ്യുന്നു. അജാമിളഭൂമിദേവൻ (അജാമിളൻ എന്ന ബ്രാഹ്മണൻ) അവശനായിട്ട് (പരവശനായിട്ട്) നിജസുതങ്കൽ (തന്റെ പുത്രങ്കൽ) സങ്കേതിതമാണെങ്കിലും (നിശ്ചിതമാണെങ്കിലും) തന്റെ പുത്രനെ ഉദ്ദേശിച്ചാണെങ്കിലും എന്നുസാരം. യദക്ഷരമിദം (നാരായണാക്ഷരത്തെ) വഹിച്ചിട്ട് പരമായഗതിയെ (മോക്ഷഗതിയെ) ലഭിച്ചു (പ്രാപിച്ചു) തന്റെ പുത്രനെ ഉദ്ദേശിച്ചു നാരായണ എന്നു ജപിച്ചിട്ടും അജാമിളനു മോക്ഷം സിദ്ധിച്ചു. പിന്നെ ഭക്തിയോടു സാക്ഷാൽ നാരായണനെ ഉദ്ദേശിച്ചു ജപിച്ചാൽ മോക്ഷം സിദ്ധിക്കുമെന്നുള്ളതു സംശയമില്ല എന്നുസാരം.

> അമാനുഷതപോബലോ ഹരിപാദാംബുജേ ഭക്തിമാൻ
> യമാദിപരിശീലനാദ് നിതാന്തശാന്താന്തരഃ
> അജാമിള ഇതി ശ്രുതസ്സകലവേദശാസ്ത്രാർത്ഥവിൽ
> ദ്വിജാതികടിമണിസ്സമുദഭൂദഭൂതോപമഃ ॥ ൨ ॥

അന്വയം—ഇഹ- അമാനുഷതപോബലഃ- ഹരിപാദാംബുജേ- ഭക്തിമാൻ- യമാദിപരിശീലനാൽ നിതാന്തശാന്താന്തരഃ- സകലവേദശാസ്ത്രാർത്ഥവിൽ- അഭൂതോപമഃ- അജാമിളഃ ഇതി ശ്രുതഃ- ദ്വിജാതികടിമണിഃ- സമുദഭൂൽ.

അർത്ഥം—ഇവിടെ അമാനുഷതപോബലനും (മനുഷ്യരെ അതിക്രമിച്ച തപോബലത്തോടുകൂടിയവനും) ഹരിപാദാംബുജത്തിൽ (വിഷ്ണുവിന്റെ താമരപ്പൂപോലെ ഇരിക്കുന്ന പാദത്തിൽ) ഭക്തിമാനും യമാദിപരിശീലനം ഹേതുവായിട്ട് (യമനിയമപ്രാണായാമാദികളെ ശീലിയ്ക്കുകയാൽ) നിതാന്തശാന്താന്തരനും (ഏറ്റവും ശാന്തമനസ്സും) സകലവേദശാസ്ത്രാർത്ഥവിത്തും (സകലവേദശാസ്ത്രങ്ങളുടെ അർത്ഥത്തെ അറിയുന്നവനും) അഭൂതോപമനും (സാദൃശ്യമില്ലാത്തവനും) അജാമിളൻ എന്നു ശ്രുതനും (പ്രസിദ്ധനും) ആയ ദ്വിജാതികടിമണി (ബ്രാഹ്മണശ്രേഷ്ഠൻ) സമുൽഭവിച്ചു (ഉണ്ടായി.)

> വേദേഷു പ്രഥിതാൻ വിധായ വിധിവൽ-
> ധർമ്മാൻ ഗൃഹസ്ഥാശ്രമീ
> നീതഃ കഞ്ചന കാലമഞ്ചിതസുഖം-
> ശ്ശുശ്രൂഷമാണോ ഗുരൂൻ।

ഏകസ്മിൻ ദിവസേ സ താതവചസാ-
കർമ്മോചിതാനാദരാ-
ദാനേതും സ സമിൽകുശാൻ-
വനമുദ്ഭടോത്സാഹമാപ കൃതീ ൮.

അന്വയം — സഃ - വേദേഷു - പ്രഥിതാൻ ധർമ്മാൻ - വിധിവൽ-വിധായ - ഗൃഹസ്ഥാശ്രമീ - ഗുരൂൻ - ശുശ്രൂഷമാണഃ അഭ്യേതസുഖം-കഞ്ചന കാലം - നിനായ - ഏകസ്മിൻ ദിവസേ - സ താത വചസാ - കർമ്മോചിതാൻ സമിൽകുശാൻ - ആദരാൽ - ആനേതും - ഉദ്ഭടോത്സാഹം - വനം - ആപ കൃതീ.

അർത്ഥം — അവൻ (അജാമിളൻ) വേദങ്ങളിൽ പ്രഥിതങ്ങളായ (പ്രസിദ്ധങ്ങളായ) ധർമ്മങ്ങളെ വിധിപ്രകാരം ചെയ്തിട്ട് ഗൃഹസ്ഥാശ്രമിയായി ഗുരുക്കളെ (പിതാദികളെ) ശുശ്രൂഷമാണനായിട്ട് (ശുശ്രൂഷിക്കുന്നവനായിട്ട്) അഭ്യേതസുഖമാകുംവണ്ണം (മനോഹരമായ സുഖത്തോടുകൂടിയവണ്ണം) കുറെ കാലത്തെ നയിച്ചിട്ട് (കഴിച്ചുകൂട്ടീട്ട്) ഒരു ദിവസത്തിൽ സ്വതാതവചസ്സിനാൽ (തന്റെ അച്ഛന്റെ വാക്കിനാൽ) കർമ്മോചിതങ്ങളായ (ഹോമാദികർമ്മങ്ങൾക്ക് യോഗ്യങ്ങളായ) സമിൽകുശങ്ങളെ (ചമതകളേയും ദർഭപ്പുല്ലുകളേയും) ആനയിക്കാനായിട്ട് (കൊണ്ടുവരാനായിട്ട്), ഉദ്ഭടോത്സാഹമാകുംവണ്ണം ഉദ്ബോധിതപ്പെട്ട (ഉത്സാഹത്തോടുകൂടിയവണ്ണം) വനത്തെ പ്രാപിച്ചു.

ഗദ്യം — തത്ര ച വിചിത്രതരതരുലതാനികരനിരന്തരമധുരമധുകരനികരമുഖരിതദിഗന്തരവനാന്തരേ സ്വല്പമപി നിമിത്തമുദ്ദിശ്യ ക്രമമഹിതമനല്പം അല്പതാ വിനിദ്രസ്യ ... ശുശ്രൂഷമപി നിദ്രാപഗമനായ ... പരിചിതബഹുതരവിലാസമകരന്ദമേവ ... പ്രസാരമുൽഗായതാ ... പ്രിയതമയാവഞ്ചിതായ മന്ഥരതരഗമനശാലിന്യാ ... മദിരാമദോന്മാദിത ... പരിശീലിതകരതലാം ... മകലിതഗാനബന്ധുരാം വിവർത്തിതയുവജനഹൃദയാം പ്രേയസീസമുപജാതസ്പർശരാഗം ... ദിഗ്ഗജാതകപോലമദമദിരാമോദിതമധുകരനികരാം ... കാമപി ഗുരുതരാം സമദ്രാക്ഷീൽ

അർത്ഥം — അവിടത്തന്നെ (ആ വനത്തിൽത്തന്നെ) അവൻ (അജാമിളൻ) വിചിത്രതരങ്ങളായ (ഏററവും ആശ്ചര്യതരങ്ങളായ) തരു

ങ്ങളുടെയും (വൃക്ഷങ്ങളുടേയും) ലതകളുടേയും നികരത്താൽ (സമൂഹത്താൽ) നിരന്തരവും (സമ്പൂർണ്ണവും) മധുരങ്ങളായ മധുകരധ്വംകാരങ്ങളാൽ (വണ്ടുകളുടെ ധ്വം എന്നുള്ള ശബ്ദങ്ങളാൽ) മുഖരിതമായ (ശബ്ദിപ്പിയ്ക്കപ്പെട്ടതായ) ദിഗന്തരത്തോടുകൂടിയതും, വണ്ടുകളുടെ ധ്വംകാരങ്ങളാൽ ദിക്കുകളെ മുഴക്കുന്നതും, എന്നു സാരം, ആയ വനാഭ്യന്തരത്തിൽ (വനത്തിന്റെ ഉള്ളിൽ) സ്വല്പമാണെങ്കിലും നിമിത്തത്തെ (കാരണത്തെ) ഉദ്ദേശിച്ചിട്ട് ക്രമരഹിതമാകുംവണ്ണം (ക്രമമില്ലാതെ) അനല്പം (വളരെ) ജല്പനായി (പറയുന്നവനായി) വനിസ്രസ്തമായ (ഏററവും അഴിഞ്ഞതായ) വസ്ത്രത്തെയും നിസ്ത്രപം (ലജ്ജയോട്ടുകൂടാതെ) അഗണയന്നായി (വിചാരിക്കാത്തവനായി), ആകലിതബഹുതരദോഷം (വളരെ ദോഷത്തെ ചെയ്തിട്ട്) കാരണംകൂടാതെതന്നെ ഹസനനായി, പ്രപഞ്ചം (ഉച്ചസ്വരത്തിൽ ഉൽഗായന്നായി (പാടുന്നവനായി) ഇടയ്ക്കിടയ്ക്ക് പ്രിയതമാവർണ്ണനതത്പരനായിട്ട് (പ്രിയയുടെ മനസ്സിനെ ആകർഷിയ്ക്കുന്നതിനായിട്ട്) മനോഹരതരം (അതിമനോഹരം) ആലപന്നാ (പറയുന്നവനോ) എന്നു തോന്നുന്നവനായി ലീലയിൽ അധികലോലനായി (ഏററവും ആഗ്രഹത്തോടുകൂടിയവനായി) ലോലായമാനാംഗനായ (ഇളകുന്ന അംഗങ്ങളോടുകൂടിയവനായ) മധുപാനാൽ (മദ്യപാനത്താൽ) ഉദ്ധതതരം (ഏററവും ഉദ്ധതനായി) ആലിംഗനത്തെയും (ആലിംഗനം ചെയ്യപ്പെടുന്നവളും) പരിശിഥിലകുന്തളഭാരയും (അഴിഞ്ഞ കേശഭാരത്തോടുകൂടിയവളും) മദത്താൽ വിഘൂർണ്ണിതലോചനയും (കറക്കപ്പെടുന്ന കണ്ണുകളോടുകൂടിയവളും) കലിതമായ (ചെയ്യപ്പെട്ടതായ) ഗാനംകൊണ്ട് ബന്ധുരയും (മനോഹരയും) വിവശീകൃതയുവജനഹൃദയയും (പരവശമാക്കിച്ചെയ്യപ്പെട്ട യുവജനങ്ങളുടെ ഹൃദയത്തോടുകൂടിയവളും) പ്രയോജനങ്ങളോടുള്ള (ഇഷ്ടജനങ്ങളോടുള്ള) സഹപീതിയാൽ (തുല്യപാനത്താൽ) "സഹപീതിസ്ത്രീ തുല്യപാനം എന്നു അമരം." സമുപജാതമായ (ഉണ്ടായതായ) സുധാമധുരത്വത്തോട് (അമൃതപാനംപോലുള്ള മാധുര്യത്തോട്) കൂടിയവളും, മധുമദത്താൽ (മദ്യപാനമദത്താൽ) വിഘൂർണ്ണിതയായ (വർദ്ധിപ്പിക്കപ്പെട്ടതായ) മദനവേഗംകൊണ്ട് സമുദഞ്ചിതങ്ങളായ (ഉൽഭവിച്ചവയായ) ഘർമ്മകണങ്ങളാൽ (വിയർപ്പുതുള്ളികളാൽ) അഞ്ചിതമായ (മനോഹരമായ) രോമാഞ്ചത്താൽ കഞ്ചുകിതമായ (മറയ്ക്കപ്പെട്ടതായ) സകലാവയവത്തോടുകൂടിയവളും, അതുലമായ (അളവില്ലാത്തതായ) അനംഗ സമുദ്രത്തിൽ മഗ്നയും (മുങ്ങിയവളും) അമന്ദമന്ദമായ് അമംഗലമായ് ഘൂർണ്ണിതയും (ഇളകപ്പെട്ട മന്ദിച്ചവളും) ആയ ഒരു ശൂദ്രയെ (ശൂദ്രജാതിസ്ത്രീയായ വർഷലിയെ) കണ്ടു (കണ്ടു)

സദാചാരാസക്തഃ സതതമപി ധർമ്മൈകനിരതഃ
പ്രകൃത്യാ നിർദ്ദോഷഃ പ്രചുരതരവൈദഗ്ദ്ധ്യമപി തദാ സാ,
സ താം ദൃഷ്ട്വൈവാരാൽ സ്മരശരപരീപാകവിഷമാ-
മവസ്ഥാമാപേദേ, കഥമിഹ ഖലു കാമോ ന ബലവാൻ- ൪

അന്വയം — സദാചാരാസക്തഃ- സതതം- അപി- ധർമ്മൈകനിരതഃ- പ്രകൃത്യാ- നിർദ്ദോഷഃ- പ്രചുരതരവൈദഗ്ദ്ധ്യഃ- അപി- സഃ- താം- ആരാൽ- ദൃഷ്ട്വാ- ഏവ- സ്മരശരപരീപാകവിഷമാം- അവസ്ഥാം- ആപേദേ, ഇഹ- ഖലു- കാമഃ- കഥം- ന- ബലവാൻ

അർത്ഥം — സദാചാരാസക്തനും എല്ലായ്പോഴും ധർമ്മൈകനിരതനും (ധർമ്മമാകുന്നതൊന്നിൽ തൽപരനും) പ്രകൃത്യാ-നിർദ്ദോഷനും പ്രചുരതരവൈദഗ്ദ്ധ്യനും (വർദ്ധിച്ചിരിക്കുന്ന വൈദഗ്ദ്ധ്യത്തോടുകൂടിയവനും) ആണെങ്കിലും-അവൻ (അജാമിളൻ) വേഗേന അവളെ (ആ ശൂദ്രയെ) സമീപത്തിൽകണ്ടിട്ടുതന്നെ സ്മരശരപരിപാകവിഷമയായ (കാമബാണത്തിന്റെ പരിപാകം ഹേതുവായി വിഷമമായ) അവസ്ഥയെ പ്രാപിച്ചു. സദാചാരാദിഗുണങ്ങൾ ഉള്ള ഒരുവൻ കാമന് അധീനനാകയാൽ എന്നുള്ള ചാപല്യത്തിന്റെ അർത്ഥാന്തരം കാണിക്കുന്നു. ഈ ഭുവനങ്ങൾ കാമൻ ആരാലും ജയിക്കപ്പെടില്ല. എല്ലാവരെയും അതിക്രമിക്കും കാമനെ വശപ്പെടുത്തുന്നവൻ ഇല്ല എന്നു സാരം.

ചിത്തം തസ്യാം പ്രസക്തം വശയിതുമഖിലൈ-
    രേഷ യത്നൈരശക്തഃ
സ്മൃത്വാ താമേവ ഭൂയഃ സമജനി വിരതഃ
    സ്വസ്യ ധർമ്മാൽ ദ്വിജന്മാ
പിത്ര്യൈരന്യായലബ്ധൈരപി ധനനിവഹൈ-
    സ്തോഷയിത്വാ നിതാന്തം
ചക്രേ തസ്യാസ്സകാശേ വിഹരണരസികഃ
    സന്തതം മന്മഥാന്ധഃ ൫

അന്വയം — തസ്യാം- പ്രസക്തം- ചിത്തം- അഖിലൈഃ- യത്നൈഃ- വശയിതും- അശക്തഃ- ഏഷഃ- ദ്വിജന്മാ- താം- ഏവ- ഭൂയഃ- സ്മൃത്വാ- സ്വസ്യ- ധർമ്മാൽ വിരതഃ- സമജനി,- പിത്ര്യൈഃ- അന്യായലബ്ധൈഃ- അപി- ധനനിവഹൈഃ- തോഷയിത്വാ- മന്മഥാന്ധഃ- സന്തതം- വിഹരണരസികഃ- തസ്യാഃ- സകാശേ- നിവാസം- ചക്രേ॥

അർത്ഥം — അവളിൽ (ആ ശൂദ്രയിൽ) പ്രസക്തമായ (ഏററവും സക്തമായ) ചിത്തത്തെ (മനസ്സിനെ) അഖിലങ്ങളായ യത്നങ്ങളെക്കൊണ്ട് വശമാക്കിവെച്ചുകൊള്ളുവാനായിട്ട് (തനിയ്ക്കു് അധീനമാക്കി

ച്ചേയ്യാനായിട്ട്) അശക്തനായ (അസമർത്ഥനായ) ഈ ദ്വിജന്മാ
വ് (ബ്രാഹ്മണൻ) അവളെത്തന്നെ പിന്നെയും പിന്നെയും സ്മരിച്ചിട്ട് ത
ന്റെ ധൎമ്മത്തിൽനിന്നും വിച്യുതനായിട്ട് (മതിഭ്രംശിച്ചവനായിട്ട്) ജ
നിച്ച (തിന്ന) പിതൃക്കളും (പിതാവിനെ സംബന്ധിച്ചവയും)
അന്യായലബ്ധങ്ങളും (ചൌര്യാദികർമ്മങ്ങളാൽ ന്യായമല്ലാതെ ല
ഭിച്ചവയും) ആയ ധനവിഭവങ്ങൾകൊണ്ടു സന്തോഷിപ്പിച്ചിട്ട്
മന്മഥാന്ധനായി (കാമപരവശനായി) എല്ലായ്പ്പോഴും വിഹരണര
സികനായിട്ട് (ക്രീഡയിൽ രസമുള്ളവനായിട്ട്) അവളുടെ സകാശ
ത്തിൽ (ശൂദ്രയുടെ അടുക്കൽ) നിവാസത്തെച്ചെയ്തു (പാൎത്തു)

സാധ്വീം ഭാര്യാം, സ്വതാതം പ്രവയസ, മനപേ-
താവലംബാമഥാംബാം
ത്യക്ത്വാ തൽപ്രീതിഹേതോരനുചിതമപി ചൌ-
ര്യാദികം കർമ്മ കൃത്വാ।
ലബ്ധൈരർത്ഥൈരജസ്രം പ്രണയവിവശധീ
സ്തൽകുടുംബം പ്രപുഷ്ണൻ
നിർല്ലജ്ജോഽസാവനൈഷീൽ ബഹുസമയമഹോ,
സ്സുചിരാചി മതിഭ്ജ്ജീ ॥൧൮॥

അന്വയം — അഥ അസൌ - സാധ്വീം - ഭാര്യാം - പ്രവയസം-
സ്വതാതം, അനപേതാവലംബാം-അംബാം - ത്യക്ത്വാ, തൽപ്രീതി
ഹേതോഃ- അനുചിതം-അപി ചൌര്യാദികം കർമ്മ-കൃത്വാ ലബ്ധൈഃ-
അർത്ഥൈഃ- അജസ്രം - പ്രണയവിവശധീഃ- തൽകുടുംബം-പ്രപു
ഷ്ണൻ-നിർല്ലജ്ജഃ-ബഹുസമയം-അനൈഷീത്,-അഹോ, സ്സുചിരാ
ചി-മതിഭ്ജ്ജീ॥

അർത്ഥം — അനന്തരം (ശൂദ്രയുടെ അടുക്കൽ പാർത്തതിനുശേ
ഷം) ഇവൻ (അജാമിളൻ) സാധ്വിയായ (പതിവ്രതയായ) ഭാര്യ
യേയും പ്രവയസ്സായ (വൃദ്ധനായ) സ്വ താതനേയും അനപേതാവ
ലംബയായ (അനപേതമായ (ഇല്ലാത്തതായ) അവലംബത്തോടു
(ആശ്രയത്തോടു കൂടിയവളായ അമ്മയേയും (മാതാവിനേയും)
ത്യജിച്ചിട്ട് (ഉപേക്ഷിച്ചിട്ട്) തൽപ്രീതിക്കായിട്ട് (അവളു
ടെ സന്തോഷത്തിനായിട്ട്) അനുചിതമായതെങ്കിലും (ബ്രാഹ്മണ
ന് യോഗ്യമല്ലെങ്കിലും) ചൌര്യാദികമായ (മോഷണം തുടങ്ങിയ)
കർമ്മത്തെ ചെയ്തിട്ട് ലബ്ധങ്ങളായ (ലഭിക്കപ്പെട്ടവയായ) അ
ർത്ഥങ്ങൾകൊണ്ട് (ധനങ്ങൾകൊണ്ട്) എല്ലായ്പ്പോഴും പ്രണയവിവ
ശധീയായി (സ്നേഹത്താൽ പരവശയായ ബുദ്ധിയോടുകൂടിയവനാ
യി) തൽകുടുംബത്തെ-പ്രപുഷ്ണൻ ആയി (പോഷിപ്പിക്കുന്നവനാ

യി) നിർല്ലജ്ജനായിട്ടു് (ലജ്ജയില്ലാത്തവനായിട്ടു്) ബഹുസമയത്തെ നയിച്ചു (വളരെക്കാലം കഴിച്ചുകൂട്ടി) ആശ്ചര്യം, സ്ത്രീപിശാചി (സ്ത്രീയാകുന്ന പിശാചി) മതിഭ്രമിയാകുന്നു (ബുദ്ധിയെ ഹനിക്കുന്നതാകുന്നു) സ്ത്രീയ്ക്കു് വശനായതിനാലാണു് അജാമിളൻ ദുഷ്കർമ്മംചെയ്തതു് എന്നു സാരം॥

തസ്യാമാസന്നഥ ദശ സുതാ ഭൂസുരസ്യാസ്യ, ശൈവാ-
ദന്ത്യസ്തേഷാമഗമദഭിഖ്യാം ഹരേ! നാരായണേതി।
പൂർവ്വാദൃഷ്ടൈരിഹ കിമു തദീയൈർമ്മുകുന്ദസ്യ യദ്വാ
നാമ്നാമേവം പ്രഥയിതുമിദം ദുഷ്കൃതേന്നിഷ്കൃതിത്വം ॥൨॥

അന്വയം — അഥ- അസ്യ-ഭൂസുരസ്യ-തസ്യാം-ദശ- സുതാഃ- ആസൻ- തേഷാം- അന്ത്യഃ-ശൈവാൽ-നാരായണ-ഇതി- അഭിഖ്യാം- അഗമൽ.- ഇദം-ഇഹ- തദീയൈഃ പൂർവ്വാദൃഷ്ടൈഃ, കിമു - യദ്വാ-മുകുന്ദസ്യ-നാമ്നാം-ഏവം-ദുഷ്കൃതേ-നിഷ്കൃതിത്വം-പ്രഥയിതും-കിമു

അർത്ഥം – അനന്തരം ഈ ഭൂസുരന്റെ (അജാമിളന്റെ) അവളിൽ (ശൂദ്രയിൽ) പത്തു സുതന്മാർ ഭവിച്ചു. അവരിൽവച്ചു് (ആ പുത്രന്മാരിൽവച്ചു്) അന്ത്യൻ (ഒടുക്കത്തെ പുത്രൻ) ശൈശവത്തിൽ നാരായണൻ എന്നുള്ള അഭിഖ്യയെ (പേരിനെ) ഗമിച്ചു (പ്രാപിച്ചു) ഇതു് (നാരായണൻ എന്നുള്ള അഭിഖ്യയെ പ്രാപിച്ചതു്) തദീയങ്ങളായ (അവനോടു് ബ്രാഹ്മണനെ സംബന്ധിച്ചവയായ) പൂർവ്വാദൃഷ്ടങ്ങൾ കൊണ്ടോ (പൂർവ്വജന്മത്തിലെ അദൃഷ്ടങ്ങളായ പുണ്യഫലങ്ങൾകൊണ്ടോ), അല്ലെങ്കിൽ മുകുന്ദന്റെ (മഹാവിഷ്ണുവിന്റെ) നാമങ്ങൾക്കു് ഇപ്രകാരം ദുഷ്കൃതിയുടെ (ദുഷ്കർമ്മത്തിന്റെ) നിഷ്കൃതിത്വത്തെ (പ്രായശ്ചിത്തമാവു എന്നതിനെ) പ്രഥിപ്പിക്കാൻ (പ്രകാശിപ്പിക്കാൻ) ആയിട്ടോ ആകുന്നു. അജാമിളന്റെ അന്ത്യപുത്രനു നാരായണൻ എന്ന പേരിട്ടതു് അവന്റെ പൂർവ്വജന്മസുകൃതംകൊണ്ടോ അല്ലെങ്കിൽ മഹാവിഷ്ണുവിന്റെ നാമങ്ങളെ ഉച്ചരിച്ചാൽ ദുഷ്കർമ്മം ചെയ്തതിനു പ്രായശ്ചിത്തമായിത്തീരും എന്നുള്ളതു്, അജാമിളനു് നാരായണ എന്നുള്ള നാമം പുറപ്പെട്ടതിനാലുണ്ടായ ഫലത്താൽ ജനങ്ങളെ ബോധിപ്പിക്കുന്നതിനാണോ എന്നു സാരം.

തദനു ജരഠിമതാം പ്രാപ്യ നാരായണാഖ്യേ-
രതിമകരോത തസ്മിൻ ബാലകേ കേളിലോലേ।
അനുദിനമപി പശ്യന്നസ്യ ലീലാവിശേഷാ-
നയമഹഹ ജഡാത്മാ മോഹസിന്ധും ജഗാഹേ ॥൩॥

അന്വയം —തദനു- സഃ-ജരഠിമതാം-പ്രാപ്യ, കേളിലോലേ-നാരായണാഖ്യേ-തസ്മിൻ-ബാലകേ രതിം-അകരോത- ജഡാത്മാ-അയം-

അവിരതം-അസ്യ-ലീലാവിശേഷാൻ പശ്യൻ-അഗാധ--മോഹസി ന്ധും-ജഗാഹ-

അർത്ഥം—അനന്തരം അവൻ (അജാമിളൻ) ശലിതപദത്തെ (വൃദ്ധതപദത്തെ) പ്രാപിച്ചിട്ട് കേളീലോലനായി (കളിയിൽ തല്പരനായി), നാരായണാഖ്യനായ ആ ബാലകനിൽ (കുട്ടിയിൽ) രതിയെ ചെയ്തു (നാരായണൻ എന്ന പുത്രനിൽ ഏററവും താല്പര്യമുള്ളവനായിത്തീർന്നു) ജഡാത്മാവായ (ജഡചിത്തനായ) ഇവൻ (അജാമിളൻ) എല്ലായ്പ്പോഴും ഇവന്റെ (നാരായണൻ എന്ന പുത്രന്റെ) ലീലാവിശേഷങ്ങളെ (ക്രീഡാഭേദങ്ങളെ) പശ്യന്നായിട്ട് (കാണുന്നവനായിട്ട്) കഷ്ടംകഷ്ടം, മോഹസിന്ധുവിനെ (മോഹമാകുന്ന സമുദ്രത്തെ) പ്രാപിച്ചു.

ഗദ്യം—തതശ്ചാന്ത്യകാലേ സംപ്രാപ്തേ, സോപി ഉഗ്രസ്സഹാമർഷാതി ഭീഷണാത്യന്തരക്തവൃത്താംബരീഷസദൃക്ഷേക്ഷണോദിതാശുശുക്ഷണിസ്ഫുലിംഗപിശംഗിതപുരോഭാഗാൻ അതിപരുഷതാമ്രോർദ്ധ്വപ്രസാരിതനിശിതതരശിരോരുഹകലിത ജീമൂതജാലാൻ ചണ്ഡതരഭുജദണ്ഡമണ്ഡിതമഹത്തമദണ്ഡാത് ഭ്രമണനിപുണാൻ, നാതിനിഷ്ഠുരാട്ടഹാസഭയോൽസ്ഫുടദ്ദശദിശാന്താരാളവികട ദംഷ്ട്രാകരാളാൻ അന്തരാന്തരാ സമുദീര്യമാണാത്മകൃതദുഷ്കൃതവ്രാതാൻ അസിതവർണ്ണാനതിഭയങ്കരാനന്തകകിങ്കരാനന്തികേ സമാലോക്യ നിർഭരഭയാവേശവിവശീകൃതാശയഃ പുരാകിഞ്ചിദച്യുതസ്മൃതിവാസനാബലാൽ ക്രീഡാലോലുപം ബാലകമുദ്ദിശ്യ നിജഗളാർപ്പിതപാശാപകർഷണനിരവശേഷാസം വിക്ലിന്നാക്ഷരം നാരായണേത്യഭാണീത്"

അർത്ഥം—അതുതന്നെയുമല്ല അനന്തരം അന്ത്യകാലം (അവസാനസമയം) സംപ്രാപ്തമായിരിക്കുമ്പോൾ (അടുത്തുവന്നപ്പോൾ) അവനും (അജാമിളനും) ഉഗ്രമായ അമർഷത്താൽ (കോപത്താൽ) അതിഭീഷണങ്ങളും (അത്യന്തഭയങ്കരങ്ങളും) അത്യന്തരക്തങ്ങളും വൃത്തങ്ങളും (വൃത്താകാരങ്ങളും) അംബരീഷസദൃക്ഷങ്ങളും (ഞെരിപ്പോടിനോട് തുല്യങ്ങളും) ആയ ഈക്ഷണങ്ങളിൽനിന്ന് (കണ്ണുകളിൽനിന്നു) ഉദിതങ്ങളായ (പുറപ്പെട്ടതായ) ആശുശുക്ഷണിയുടെ (അഗ്നിയുടെ) "ശിഖാവാനാശുശുക്ഷണി" എന്നു അമരം. സ്ഫുലിംഗങ്ങളാൽ (തീപ്പൊരികളാൽ) പിശംഗിതങ്ങളായ (പിംഗലവർണ്ണങ്ങളും രക്തവർണ്ണങ്ങളും) ആക്കിച്ചെയ്യപ്പെട്ട പുരോഭാഗങ്ങളോടു (മുൻഭാഗങ്ങളോടു) കൂടിയവരായി, അതിപരുഷങ്ങളും (ഏററവും കഠിനങ്ങളും) താമ്രങ്ങളും (ചെമ്പിച്ചവയും) ഊർദ്ധ്വപ്രസാരിതങ്ങളും (മേൽപ്പോട്ടു നിൽക്കുന്നവയും) നിശിതതരങ്ങളും (ഏററവും തീക്ഷ്ണങ്ങളും) ആയ ശിരോരുഹങ്ങളാൽ (തലമുടികളാൽ

ശകലിതങ്ങളായ (ഖണ്ഡിതങ്ങളായ) ജീമൂതങ്ങളോട് (മേഘങ്ങളോട്) കൂടിയവരായി) ചണ്ഡതരങ്ങളായ (അതിപരുഷങ്ങളായ) ഉദ്ദണ്ഡങ്ങളിൽ മണ്ഡിതങ്ങളും (അലംകൃതങ്ങളും) മഹത്തമങ്ങളും (ഏറ്റവും മഹത്തുക്കളും) ആയ ദണ്ഡങ്ങളുടെ ഉൽഭ്രമണത്തിൽ (ദണ്ഡങ്ങളെ കറക്കുന്നതിൽ) നിപുണന്മാരായി (സമർത്ഥന്മാരായി), അതിനിഷ്ഠുരമായ (അതിഭയങ്കരമായ) അട്ടഹാസാരോപത്താൽ സ്ഫുടം ദൃശ്യമാനകങ്ങളും (കാണപ്പെടുന്നവയും) കരാളങ്ങളും (വളഞ്ഞവയും) വികടങ്ങളും (നീണ്ടവയും) ആയ ദംഷ്ട്രാങ്കുരം കൊണ്ട് (ദംഷ്ട്രാഗ്രങ്ങൾകൊണ്ട്) കരാളന്മാരായി (ഭയങ്കരന്മാരായി), ഇടയ്ക്കിടയ്ക്ക് സമുദീര്യമാണമായ (പറയപ്പെടുന്നതായ) ആത്മകൃതദുഷ്കൃതവ്രാതത്തോട് (അജാമിളനാൽ ചെയ്യപ്പെട്ട പാപസമൂഹത്തോട്) കൂടിയവരായി, അസിതവർണ്ണന്മാരായി (കറുത്തനിറത്തോടുകൂടിയവരായി) അതിഭയങ്കരന്മാരായ അന്തകകിങ്കരന്മാരെ (കാലകിങ്കരന്മാരെ) സമാലോകനം ചെയ്തിട്ട് (കണ്ടിട്ട്) നിർഭരഭയവേശത്താൽ (ഏറ്റവും ഉള്ള ഭയപ്രാപ്തിയാൽ) വിവശീഭൂതാശയനായിട്ട് പരവശമായിത്തീർന്നമനസ്സോടുകൂടിയവനായിട്ട് (മുൻപിൽ കറങ്ങുന്ന അച്യുതസ്മൃതിവാസനാബലം ഹേതുവായിട്ട് (ശ്രീകൃഷ്ണസ്മരണയിലുള്ള വാസനാശക്തിയാൽ) ക്രീഡാലോലുപനായ (ക്രീഡയിൽ മനസ്സോടുകൂടിയവനായ) ബാലകനെ ഉദ്ദേശിച്ച് നികടതലത്തിൽ അർപ്പിതമായ (തന്റെ കഴുത്തിൽ ഇട്ടതായ) പാശത്തിന്റെ ആകർഷണത്താൽ (ആകർഷണത്താൽ) നിരുദ്ധശ്വാസനായും (തടഞ്ഞശ്വാസത്തോടുകൂടിയും) വിച്ഛിന്നാക്ഷരമായും (ഗദ്ഗദാക്ഷരമായും) അക്ഷരം വ്യക്തമായി അറിയാതെയും എന്ന സാരം. നാരായണ എന്നിങ്ങനെ ജപിച്ചു (പറഞ്ഞു)

> ഇത്ഥം വ്യർത്ഥീകൃതായുഃ സമു-
> ത്ക്രാന്തിസമയേ നേതുമായാതമാരാ-
> ദായാതാൻ വീക്ഷ്യ ലോകത്രിതയഭയകരാൻ-
> പ്രേതരാജസ്യ ദൂതാൻ।
> പൂർവ്വസ്യാ വാസനായാ ബലത ഇഹ-
> കൃതാനേകപാപോപി ഭൂയ-
> ശ്ചോച്ചൈർന്നാരായണേതി സ്വസുതമതി-
> ഭയാദാജുഹാവാകുലാത്മാ॥ ൩]

അന്വയം — ഇത്ഥം - വ്യർത്ഥീകൃതായുഃ - സമു-ത്ക്രാന്തിസമയേ - ആരാത്-നേതും-ആയാതാൻ - ആയാതാൻ ലോകത്രിതയഭയകരാൻ- പ്രേതരാജസ്യ - ദൂതാൻ - വീക്ഷ്യ - ഇഹ - കൃതാനേകപാപഃ - അപി ഭൂയ

ൽ-ആകുലാത്മാ- പൂർവ്വാഭ്യാസ- വാസനാനാം- ബലതഃ ഭൂയഃ-ച-ഉച്ചൈഃ നാരായണ ഇതി സ്വസുതം-ആജുഹാവ-

അർത്ഥം— ഇപ്രകാരം വ്യർത്ഥീകൃതായുസ്സായ ഏഷണങ്ങളാൽ നിഷ്ഫലമാക്കി ചെയ്യപ്പെട്ട ആയുസ്സോടു (ജീവിതകാലത്തോട്) കൂടിയവനായ അവനാകട്ടെ (അജാമിളനാകട്ടെ) മൃതിസമയത്തിൽ (മരണകാലത്തിൽ) ആത്മാവിനെ നയിക്കാനായിട്ട് (കൊണ്ടുപോകാനായിട്ട്) സമീപത്തിൽ ആയാതന്മാരായി (വന്നവരായി) ലോകത്രിതയഭയങ്കരന്മാരായ (മൂന്നുലോകത്തിനും ഭയത്തെ ചെയ്യുന്നവരായ) പ്രേതരാജന്റെ ദൂതന്മാരെ (കാലദൂതന്മാരെ) വീക്ഷിച്ചിട്ട് (കണ്ടിട്ട്) ഇവിടെ (ഈ ഭൂലോകത്തിൽ) കൃതാനേകപാപനെങ്കിലും (വളരെ പാപം ചെയ്യപ്പെട്ടവനെങ്കിലും) ഭയത്താൽ ആകുലാത്മാവായിട്ട് (സംഭ്രമിച്ച മനസ്സോടുകൂടിയവനായിട്ട്) പൂർവ്വമായ വാസനയുടെ (മുൻപേയുള്ള വാസനയുടെ) ബലം ഹേതുവായിട്ട് പിന്നെയും ഉറക്കെ നാരായണൻ എന്ന സ്വസുതനെ (തന്റെ പുത്രനെ) ആഹ്വാനം ചെയ്തു (വിളിച്ചു)

(ഗദ്യം) താവദേവംവിധനാമകീർത്തനമേവംവിധാമവസ്ഥാം ഗതസ്യ തസ്യ മുഖതസ്സമുപാകർണ്യ പരികല്പിതപാലനവിധയോ മഹിതസുഷമാഭരണരമണീയവിലോകനാഃ കരകലിതശംഖചക്രഗദാപങ്കേരുഹാ മഹാമേഘാ ഇവ സമുല്ലസിതചാമീകരദ്യുതിപീതാംബരാഃ സത്കാവ്യസന്ദർഭാ ഇവ മഹിതഗുണാലങ്കാരപരിഭാസുരാ വാരയോഷാജനാ ഇവ മനോഹരാംഗരാഗാ രുചികരതരാ ഇവ ദോഷാവസാനദൃശ്യമാനാ മാ ഭൈഷീരിതി മാ ഭൈഷീരിതി ജലദഘോഷഗഭീരയാ ഗിരാ കരുണാതരംഗിതൈരപാംഗപാതൈരപി തമതിവ ഹർഷയന്തഃ പരമപുരുഷപാർഷദാസ്സപദി തമഭിപേതുഃ॥

(അർത്ഥം) അപ്പോൾതന്നെ ഏവംവിധനാമകീർത്തനത്തെ ഏവംവിധയായ (ഇപ്രകാരമുള്ള) അവസ്ഥയെ ഗതനായ (പ്രാപിച്ചവനായ) അവന്റെ (അജാമിളന്റെ) മുഖത്തിൽ നിന്ന് ആകർണ്ണനം ചെയ്തിട്ട് (കേട്ടിട്ട്) പരികല്പിതപാലനവിധികളായി (വിചാരിക്കപ്പെട്ട രക്ഷിക്കണമെന്നുള്ള ബുദ്ധിയോടുകൂടിയവരായി) മഹിതസുഷമങ്ങളായ (വിശിഷ്ടശോഭയോടുകൂടിയവയായ) ആഭരണങ്ങളെക്കൊണ്ട് രമണീയവിലോകനന്മാരായി (മനോഹരമായ ദർശനത്തോടുകൂടിയവരായി) കരകലിതശംഖചക്രഗദാപങ്കേരുഹന്മാരായി (കയ്യിൽധരിക്കപ്പെട്ട ശംഖചക്രഗദാപത്മങ്ങളോടുകൂടിയവരായി) മഹാമേഘങ്ങൾപോലെ സമുല്ലസിതമായ ചാമീകരദ്യുതിപോലെ (സ്വർണ്ണകാന്തിപോലെ) പീതമായ അംബരത്തോട് (വസ്ത്രത്തോടുകൂടിയവ

രായി) മഹാരജതപക്ഷത്തിൽ സ്വർണ്ണ ശോഭകൊണ്ട് പീതമായ ആകാരത്തോടു കൂടിയവ എന്ന് അർത്ഥമാകുന്നു) സൽകാവ്യസന്ദർഭങ്ങൾ പോലെ മഹിതഗുണങ്ങളായ (വിശിഷ്ടഗുണങ്ങളോടുകൂടിയ) ആഭരണങ്ങൾ കൊണ്ടു പരിഭാസുരന്മാരായി (ശോഭിക്കുന്നവരായി) കാവ്യപക്ഷത്തിൽ മഹിതങ്ങളായ ഗുണങ്ങൾ കൊണ്ടും അലങ്കാരങ്ങൾ (ഉപമാദികൾ) കൊണ്ടും ശോഭിക്കുന്നവ എന്ന് അർത്ഥം) വാരയോഷാജനങ്ങൾപോലെ (വേശ്യസ്ത്രീകൾപോലെ) മനോഹരാംഗരാഗന്മാരായി (മനോഹരമായ അംഗരാഗത്തോടു (കുറിക്കൂട്ടിനോടു കൂടിയവരായി) വേശ്യാപക്ഷത്തിൽ മനോഹരമായ അംഗത്തോടും അനുരാഗത്തോടും കൂടിയവർ എന്നർത്ഥം. രവികരനിവഹങ്ങൾ പോലെ (സൂര്യരശ്മിസമൂഹങ്ങൾപോലെ) ദോഷാവസാനത്തിൽ (ദോഷങ്ങളുടെ അവസാനത്തിൽ) ദൃശ്യമാനന്മാരായി (കാണപ്പെടുവാൻ യോഗ്യന്മാരായി) സൂര്യരശ്മിപക്ഷത്തിൽ രാത്രിയുടെ അവസാനത്തിൽ കാണപ്പെടുവാൻ യോഗ്യങ്ങളായ എന്ന് അർത്ഥം; പേടിക്കണ്ടാ, പേടിക്കണ്ടാ എന്നിങ്ങനെ ജലദഘോഷഗംഭീരയായ (ഇടിനാദം പോലെ ഗംഭീരയായ) ഗീരകൊണ്ടും (വാക്കുകൊണ്ടും) കരുണാതരംഗിതങ്ങളായ (കൃപയാൽ ഇളകുന്നവയായ) അപാംഗപാതങ്ങൾ കൊണ്ടും (കടാക്ഷങ്ങൾ കൊണ്ടും) അവനെ (അജാമിളനെ) ഏറ്റവും ഹർഷയുക്തനാക്കുമാറായ (സന്തോഷിപ്പിക്കുന്നവരായ) പരമപുരുഷപാർഷദന്മാർ (വിഷ്ണുദൂതന്മാർ) അതിവേഗത്തിൽ അഭിപതിച്ചു (വന്നുചേർന്നു)

താവദേവ ചതുരഃ പുരോഭുവി ചതുർഭുജാനുരുകൃപാമൃത-
സ്യന്ദിമഞ്ജുതരമന്ദഹാസശിശിരീകൃതാഖിലദിഗന്തരാൻ।
മീനകുണ്ഡലകിരീടഹാരവനമാല്യപീതവസനോജ്ജ്വലാൻ
നീലനീരദവിലോഭനീയസുഷമാൻ ദദർശ ഹരിപാർഷദാൻ ൧൦॥

അന്വയം (സഃ) താവത്-ഏവ- പുരോഭുവി- ചതുർഭുജാൻ- ഉരുകൃപാമൃത സ്യന്ദിമഞ്ജുതരമന്ദഹാസശിശിരീകൃതാഖിലദിഗന്തരാൻ- മീനകുണ്ഡലകിരീടഹാരവനമാല്യപീതവസനോജ്ജ്വലാൻ- നീലനീരദവിലോഭനീയസുഷമാൻ-- ചതുരഃ- ഹരിപാർഷദാൻ ദദർശ॥

അർത്ഥം അവൻ (അജാമിളൻ) പുരോഭുവിൽ (മുൻപിൽ) ചതുർഭുജന്മാരായി ഉരുകൃപാമൃതത്താൽ സ്യന്ദിയും (പുറപ്പെടുന്നതും) മഞ്ജുതരവും (ഏറ്റവും മനോഹരവും) ആയ മന്ദഹാസത്താൽ ശിശിരീകൃതാഖിലദിഗന്തരന്മാരായി, (ശീതളമാക്കി ചെയ്യപ്പെട്ട ദിങ്മദ്ധ്യത്തോടുകൂടിയവരായി) മീനകുണ്ഡലങ്ങളാലും കിരീടങ്ങളാലും ഹാരങ്ങളാലും (മുത്തുമാലകളാലും) വനമാല്യങ്ങളാലും (വനമാലകളാലും) പീതവസനങ്ങളാലും (മഞ്ഞവസ്ത്രങ്ങളാലും) ഉജ്ജ്വലന്മാ

രായി, നീലനീരദങ്ങൾപോലെ (കാർമേഘങ്ങൾപോലെ) വി ലോഭനീയരായ (മനോഹരന്മാരായ) സുഷമയോടു (പരമമായശോഭ യോടു) കൂടിയവരായ നാലു ഹരിപാർഷദന്മാരെ (വിഷ്ണുദൂതന്മാരെ) ദർശിച്ചു (കണ്ടു)

> വികർഷതസ്തതസ്താംസ്തു സംപാശ്യാജാമിളം ഗളേ।
> വിമുഞ്ചതേതി ഊചു-സ്തരസാ വിഷ്ണുപാർഷദാഃ ॥൧൭॥

അന്വയം — തതഃ-തേ-വിഷ്ണുപാർഷദാഃ-അജാമിളം--ഗളേ--സം പാശ്യ-വികർഷതഃ-താൻ-തരസാ-വിമുഞ്ചത, ഇതി, ഊചുഃ॥

അർത്ഥം — അനന്തരം ആ വിഷ്ണുപാർഷദന്മാർ അജാമിളനെ ഗളത്തിൽ (കഴുത്തിൽ) പാശംകൊണ്ടു ബന്ധിച്ചിട്ട് വികർഷത്തുക ളായ (പിടിച്ചുവലിക്കുന്നവരായ) അവരെ (യമദൂതന്മാരെ) വേഗ ത്തിൽ മോചിച്ചാലും എന്നിങ്ങനെ രോധിച്ചു (തടുത്തു)।

> അഥ തഡിതാ ഹരിദൂതൈർയ്യമഭൃത്യാഃ കലിതവിസ്മയാസ്തരസാ।
> വിരളേതരബഹുമാനാ ഏവമവോചൻ ഗഭീരയാ വാചാ॥൧൮॥

അന്വയം — അഥ-ഹരിദൂതൈഃ-തഡിതാഃ-യമഭൃത്യാഃ-തരസാ-ക ലിതവിസ്മയാഃ-വിരളേതരബഹുമാനാഃ ഗഭീരയാ-വാചാ-ഏവം അ വോചൻ॥

അർത്ഥം — അനന്തരം ഹരിദൂതന്മാരാൽ തഡിതരായ (ത ടുക്കപ്പെട്ടവരായ) യമഭൃത്യന്മാർ (കാലദൂതന്മാർ) വേഗത്തിൽ കലി തവിസ്മയന്മാരായിട്ട് (ചെയ്യപ്പെട്ട ആശ്ചര്യത്തോടുകൂടിയവരായിട്ട്) വിരളേതരമായ (അനല്പമായ) ബഹുമാനത്താൽ ഗഭീരയായ (ഗംഭീ രയായ) വാക്കുകൊണ്ട് ഇപ്രകാരം വചിച്ചു (പറഞ്ഞു)

> കേ വാ യൂയം ന ദേവാഃ, കിമു പുനരുപദേ-
> വാഃ, കിമന്യേ മഹാന്തോ-
> വേഷാകാരപ്രകാരാഃ കഥയതി ഭവതാം
> ഭവ്യതാം ദിവ്യതാം ച।
> പ്രാണാനേതസ്യ നാനാവിധദുരിതവതോ
> യാതനാം നേതുകാമാ-
> നസ്മാൻ കസ്മാദിദാനീമരയത ച വിഭോർദ്ധ-
> ർമ്മരാജസ്യ ദൂതാൻ ॥൧൯॥

അന്വയം — യൂയം-കേ-വാ, ദേവാഃ ന,-പുനഃ-- ഉപദേവാഃ-കി മു,-അന്യേ മഹാന്തഃ-കിം, വേഷാകാരപ്രകാരാഃ-ഭവതാം-ഭവ്യതാം ദി വ്യതാം-ച-കഥയതി-നാനാവിധദുരിതവതഃ--ഏതസ്യ--പ്രാണാൻ- യാതനാം നേതുകാമാൻ-വിഭോഃ-ധർമ്മരാജസ്യ--ദൂതാൻ-അസ്മാൻ കസ്മാത്-അരയത-ച-

അർത്ഥം — നിങ്ങൾ ആരാണ്, ദേവന്മാരോ- അല്ലെങ്കിൽ പിന്നെ ഉപദേവന്മാരോ, അന്യന്മാരായ മഹാത്മാക്കളോ (മറ്റുമഹാത്മാക്കളോ) വേഷാകാരപ്രകാരം (വേഷത്തിന്റെയും ആകൃതിയുടെയും സ്വഭാവം) ഭവാന്മാരുടെ (നിങ്ങളുടെ) ഭവ്യതയേയും (മംഗലമൂർത്തിത്വത്തെയും) ദിവ്യതയേയും കാണിക്കുന്നു (നിങ്ങളുടെ വേഷവും ആകൃതിയും കണ്ടാൽ മംഗലന്മാരും ദിവ്യന്മാരും ആണെന്ന് എന്ന് അറിയാം എന്നർത്ഥം) നാനാവിധാർത്തിയോടായ (പലവിധമുള്ള ദുഃഖത്തോടുകൂടിയ) ഇവന്റെ (അജാമിളന്റെ) പ്രാണങ്ങളെ യാതനയെ (അതിവേദനയെ) നേതുകാമന്മാരും (പ്രാപിപ്പിക്കാൻ ഇച്ഛിക്കുന്നവരും) വിദ്വാന്മാരായ ധർമ്മരാജന്റെ ഭൃത്യന്മാരും ആയ ഞങ്ങളെ എന്ത് ഹേതുവായിട്ട് തടുക്കയും ചെയ്തു॥

വൈവസ്വതസ്യ ഭൃത്യാനാമേവം വാചം നിശമ്യ തേ।
ഇത്ഥമൂചുഃ ഹരേർദ്ദൂതാ മുഗ്ദ്ധസ്മേരമുഖാംബുജാഃ ॥൩൪॥

അന്വയം — തേ-ഹരേഃ-ദൂതാഃ-വൈവസ്വതസ്യ-ഭൃത്യാനാം-ഏവം-വാചം-നിശമ്യ-മുഗ്ദ്ധസ്മേരമുഖാംബുജാഃ-ഇത്ഥം-ഊചുഃ॥

അർത്ഥം — ഹരിയുടെ ദൂതന്മാർ (വിഷ്ണുദൂതന്മാർ) വൈവസ്വതന്റെ (സൂര്യപുത്രന്റെ-കാലന്റെ) ഭൃത്യന്മാരുടെ ഇപ്രകാരമുള്ള വാക്കിനെ നിശമനംചെയ്തിട്ട് (കേട്ടിട്ട്) മുഗ്ദ്ധസ്മേരമുഖാംബുജന്മാരായിട്ട് (സുന്ദരമായും മന്ദഹാസത്തോടുകൂടിയതായും ഇരിക്കുന്ന മുഖാംബുജത്തോടുകൂടിയവരായിട്ട്) ഇപ്രകാരം പറഞ്ഞു॥

പൃച്ഛാമസ്സാധു യുഷ്മാനിദമഖിലവിദോ
ധർമ്മരാജസ്യ ദൂതാഃ
കീദൃഗ്ധർമ്മസ്വരൂപഃ കഥയത വിഷയഃ
കോപി ദണ്ഡസ്യ ലോകേ।
സർവേ കിന്നാസ്യ ദണ്ഡ്യാ ജഗതി യദപരേ
കിന്നധർമ്മൈകനിഷ്ഠാ
യദ്വാ കിന്തേ ന സമ്യഗ്ഭരിതമഘഹരം
യേ വിതന്വന്ത്യധർമ്മം ॥൩൫॥

അന്വയം — അഖിലവിദഃ- ധർമ്മരാജസ്യദൂതാഃ- യുഷ്മാൻ (വയം) ഇദം- സാധു- പൃച്ഛാമഃ, ധർമ്മസ്വരൂപഃ - കീദൃക്- ലോകേ-കോപി-ദണ്ഡസ്യവിഷയഃ-കഥയത-യത്-ജഗതി-അസ്യ- സർവേ-ദണ്ഡ്യാഃ കിന്നധർമ്മൈകനിഷ്ഠാഃ അപരേ-ദണ്ഡ്യാഃ-കിന്നു- യദ്വാ- യേ-സമ്യക്-അഘഹരം-ഭരിതം-അധർമ്മം-വിതന്വന്തി- തേ-കിം-ന।

അർത്ഥം — അഖിലവിത്തുകളും (സർവ്വത്തെയും അറിയാവുന്നവരും) ധർമ്മരാജന്റെ ദൂതന്മാരും ആയ നിങ്ങളോട് ഇതിനെ (പറ

നെൻ പോകുന്നതിനെ) വഴിപോലെ ചോദിക്കുന്നു. കഥിച്ചാലും (പറഞ്ഞാലും) യാതൊന്നിനാൽ ജഗത്തിൽ ഇവന്നു് (കാലന്നു്) എല്ലാവരും ദണ്ഡ്യന്മാരാണോ (ദണ്ഡിക്കപ്പെടുവാൻ യോഗ്യന്മാരാണോ) അല്ലെങ്കിൽ ധർമ്മൈകനിഷ്ഠന്മാർ (ധർമ്മനിഷ്ഠയോടുകൂടിയവർ) ആയ അപരന്മാർ (മറ്റുള്ളവർ) ദണ്ഡ്യന്മാരോ, അല്ലെങ്കിൽ യാവചിലർ വഴിപോലെ ദിവസംതോറും ദുരിതത്തെയും (ദുഷ്കർമ്മത്തെയും) അധർമ്മത്തെയും ചെയ്യുന്നു, അവർ ആകുന്നോ, ലോകത്തിൽ എല്ലാരും ദണ്ഡ്യന്മാരോ-അല്ലെങ്കിൽ ധർമ്മം ചെയ്യുന്നവരോ അതോ അധർമ്മം ചെയ്യുന്നവരോ ആരാണു് നിങ്ങൾ പറഞ്ഞാലും എന്നു സാരം।

ഗദ്യം—അഥ തേ യഥാശ്രുതം പ്രത്യവദൻ (അനന്തരം അവർ =കാലദൂതന്മാർ) ശാസ്ത്രമനുസരിച്ചു് ഉത്തരം പറഞ്ഞു॥

ധർമ്മാധർമ്മവിവേചനംചെയ്തു ദണ്ഡാർഹന്മാരു് ആരാണു് എന്നു കാണിക്കുന്നു॥

ആമ്നായൈർവിഹിതോയമത്ര ഭുവനേ
ധർമ്മോ നിഷിദ്ധോƒ പരോ
വേദാസ്തേപി ജഗത്രയീമയ ത
നുർദ്ദേവസ്സ നാരായണഃ।
തസ്മിൻ ധർമ്മപഥേ ചരന്നവിഷയോ
ദണ്ഡസ്യ പുണ്യപ്രദോ-
ഽന്യസ്മിൻ നിരതഃ പുമാൻ സ തു ബുധൈർ
ദണ്ഡ്യോƒത്ര നിർണ്ണീയതാം ॥൧॥

അന്വയം—അത്ര ഭുവനേ- ആമ്നായൈഃ-വിഹിതഃ- അയം ധർമ്മഃ,-അപരഃ-നിഷിദ്ധഃ,-തേ-വേദാഃ- അപി--ജഗത്രയീമയതനുഃ- നാരായണഃ-സഃ-ദേവഃ,-തസ്മിൻ,- ധർമ്മപഥേ- ചരൻ- -പുണ്യപ്രദഃ- (പുമാൻ) ദണ്ഡസ്യ-അവിഷയഃ,യഃ അന്യസ്മിൻ-നിരതഃ,സഃ- പുമാൻ-തു-അത്ര ബുധൈഃ-ദണ്ഡ്യഃ- ഇതി-നിർണ്ണീയതാം-

അർത്ഥം—ഈ ഭുവനത്തിൽ (ലോകത്തിൽ) ആമ്നായങ്ങളാൽ (വേദങ്ങളാൽ) യാതൊന്നു് വിഹിതമായി (വിധിക്കപ്പെട്ടു) ഇതു ധർമ്മമാകുന്നു, അപരം (വേദവിരുദ്ധമായുള്ളതു്) നിഷിദ്ധമാകുന്നു (അധർമ്മമാകുന്നു) ആ വേദങ്ങളും ജഗത്രയീമയതനുവായ (ജഗത്രയീമയമായ ദേഹത്തോടുകൂടിയ) സകലചരാചരസ്വരൂപനായ എന്നു സാരം, നാരായണനാകുന്ന ആ ദേവനാകുന്നു (മഹാവിഷ്ണുവാകുന്നു) ആ ധർമ്മപഥത്തിൽ (ധർമ്മമാർഗ്ഗത്തിൽ) ചരന്നായി (സഞ്ചരിക്കുന്നവനായി) പുണ്യപ്രദനായ (പുണ്യത്തെ തരുന്നവനായ) പുണ്യവാനായ എന്നു സാരം, പുമാൻ ദണ്ഡത്തിന്നു് അവിഷയമാ

കുന്നു (ശ്ലാഘ്യനല്ല എന്നു സാരം) യാവനനാരതത്തൻ അന്ത്യത്തിൽ അധർമ്മമാർഗ്ഗത്തിൽ) നിരതനാകുന്നു (തല്പരനാകുന്നു) ആ പുമാൻ (പുരുഷൻ) ബുധന്മാരാൽ ശ്ലാഘ്യനാകുന്നു എന്നു നിർണ്ണയിക്കപ്പെട്ടാലും (നിശ്ചയിക്കപ്പെട്ടാലും) വേദങ്ങളിൽ വിധിച്ചതു് ധർമ്മവും വേദവിരുദ്ധം അധർമ്മവും ആണു് വേദങ്ങൾ തന്നെയും സാക്ഷാൽ മഹാവിഷ്ണുവാകുന്നു അതിനാൽ വിഷ്ണുകേതിയായ ധർമ്മമാർഗ്ഗത്തിൽ ചരിക്കുന്നവൻ ശ്ലാഘ്യനും, അധർമ്മചാരി അശ്ലാഘ്യനും, ആകുന്നു എന്നു സാരം.

അയം ച പിതരൌ ത്യജ, സ്വഗൃഹി
ണീം ച സാധ്വീം പുനാ-
രമസ്വ കുലടായുതോ വിരമ
ധർമ്മതഃ സ്വീയതഃ
പുപോഷയ, കുടുംബകം, പരധ
നംമുഷാണനാഹം
വിനിന്ദ്യമിതി നാകരോൽ കിമിഹ
കർമ്മ കാമാതുരഃ ॥൧൭॥

അന്വയം—അയം പിതരൌ-ച-ത്യജ-സാധ്വീം-സ്വഗൃഹിണീം-ച-ത്യജ-കുലടായുതഃ-പുനഃ-രമസ്വ, സ്വീയതഃ-ധർമ്മതഃ-വിരമ, കുടുംബകം-പുപോഷയ, അനാഹം-പരധനം-മുഷാണ, ഇതി-കാമാതുരഃ- ഇഹ-വിനിന്ദ്യം-കിം-കർമ്മ-ന-അകരോൽ.

അർത്ഥം—ഇവൻ (അജാമിളൻ) പിതാക്കന്മാരെയും (മാതാപിതാക്കന്മാരെയും) ത്യജിച്ചു, സാധ്വിയായ (പതിവ്രതയായ) സ്വഗൃഹിണിയേയും (തന്റെ ധർമ്മപത്നിയേയും) ത്യജിച്ചു കുലടായുതനായിട്ട് (വേശ്യയോടുകൂടിയവനായിട്ട്) പിന്നെയും പിന്നെയും രമിച്ചു. സ്വീയമായ (തന്നെ സംബന്ധിച്ചതായ) ധർമ്മത്തിൽനിന്നും വിരമിച്ചു (മതിയാക്കി) കുടുംബകത്തെ (നിന്ദ്യമായ കുടുംബത്തെ) പോഷിപ്പിച്ചു, ദിവസംതോറും പരധനത്തെ മോഷ്ടിച്ചു. ഇങ്ങനെ കാമാതുരനായിട്ട് ഇവിടെ വിനിന്ദ്യമായ എന്തു കർമ്മത്തെ ചെയ്തില്ല. പല കർമ്മവും ചെയ്തു എന്നു സാരം। ഇവിടെ-ത്യജ-രമസ്വ- ഇത്യാദിപ്രയോഗങ്ങൾ 'സമുച്ചയേഽന്യതരസ്യാം' എന്നുള്ളതിനാൽ സമുച്ചയത്തിലെ ക്രിയാസമഭിഹാരത്തിൽ ലോട്ടാണ്-അതിനാൽ സാമാന്യവചനമായ-അകരോൽ എന്ന ക്രിയയുടെ കാലവും പുരുഷവചനങ്ങളും വരണം എന്നതുകൊണ്ട് പ്രഥമപുരുഷൈകവചനവും ഭൂതകാലവും വന്നു എന്ന് അറിഞ്ഞുകൊള്ളണം-പുനര് രമസ്വ എന്നുള്ളേടത്ത് "രോരി" എന്നു രകാരലോപവും "ഢ്രലോപേപൂർവ്വസ്യദീർഘോഽണഃ" എന്ന ദീർഘവും വന്നിട്ട് പുനാരമസ്വ എന്നു സിദ്ധിച്ചു.

പുനരപി ഹരിദൂതാ യാമ്യദൂതാനവോചൻ
ജനനശതസഹസ്രൈർദുഷ്കൃതൌഘേ കൃതേപി।
യദിഹ സകൃദനേന വ്യാഹൃതം നാമ വിഷ്ണോ-
ർവിദിതമഹഹ കിം നോ നിഷ്കൃതിസ്തൽ കൃതാ വഃ॥൧൮

(അന്വയം) ഹരിദൂതാഃ- പുനഃ- അപി യാമ്യദൂതാൻ- അവോചൻ, ജനനശതസഹസ്രൈഃ-ദുഷ്കൃതൌഘേ- കൃതേ- അപി- യൽ- അനേന- ഇഹ- വിഷ്ണോഃ നാമ- സകൃൽ- വ്യാഹൃതം, തൽ- നിഷ്കൃതിഃ കൃതാ- (ഇതി) വഃ- നോ- വിദിതം- കിം- അഹഹ-

അർത്ഥം — ഹരിദൂതന്മാർ പിന്നെയും യാമ്യദൂതന്മാരോട് (യമസംബന്ധികളായ ദൂതന്മാരോട്) അവോചൻ (പറഞ്ഞു) ജനനശതസഹസ്രങ്ങൾകൊണ്ട് (അനേകായിരം ജന്മങ്ങൾകൊണ്ട്) ദുഷ്കൃതൗഘം (പാപസമൂഹം) കൃതമായിരിക്കുമ്പോഴും ചെയ്യപ്പെട്ട എങ്കിലും യാതൊന്നിനാൽ ഇവനാൽ (അജാമിളനാൽ) ഇവിടെ വിഷ്ണുവിന്റെ നാമം (നാരായണനാമം) ഒരുതവണ വ്യാഹൃതമായി (പറയപ്പെട്ടു) അതിനാൽ നിഷ്കൃതി (പ്രായശ്ചിത്തം) കൃതയായി (ചെയ്യപ്പെട്ടു) എന്നിങ്ങനെ നിങ്ങൾക്ക വിദിതമല്ലയോ (അറിയപ്പെട്ടിട്ടില്ലേ- ഇവൻ വളരെ പാപകർമ്മങ്ങൾ ചെയ്തു എങ്കിലും ഭഗവന്നാമത്തെ ഒരുതവണ ഉച്ചരിക്കയാൽ പാപത്തിന്റെ പ്രായശ്ചിത്തമായി എന്നുള്ളത് നിങ്ങൾക്ക അറിയാമല്ലോ പിന്നെ എങ്ങനെയാണ് ദണ്ഡ്യനാകുന്നു എന്നു സാരം.

ഇവൻ തന്റെ പുത്രനെ ഉദ്ദേശിച്ചാണല്ലോ നാരായണ എന്നു വിളിച്ചത് അല്ലാതെ ഭഗവന്നാമത്തെ ഉച്ചരിക്കയല്ലല്ലോ ചെയ്തത് അതിനാൽ ദണ്ഡ്യനാണ് എന്നുള്ളതിനു സമാധാനം പറയുന്നു.

നൃണാമഘം ദഹതി നാമ ഹരേരബുദ്ധ്യാ-
പ്യാഖ്യാതമാമയമിവൌഷധമഗ്നിരേധഃ।
ആമ്നായകൃത്യമഖിലം ശമലം പുനാതി
സേവാ ഹരേസ്തു സഹ വാസനയാ ലുനാതി॥ ൧൯

(അന്വയം) ഹരേഃ- നാമ- അബുദ്ധ്യാ- ആഖ്യാതം- അപി ഔഷധം ആമയം- ഇവ- അഗ്നിഃ- ഏധഃ- ഇവ നൃണാം- അഘം ദഹതി, ആമ്നായ കൃത്യം- അഖിലം- ശമലം- പുനാതി- ഹരേഃ- സേവാ- തു- വാസനയാ- സഹ- ലുനാതി

(അർത്ഥം) ഹരിയുടെ നാമം അബുദ്ധ്യാ (ബുദ്ധിപൂർവ്വമല്ലാതെ) ആഖ്യാതമാണെങ്കിലും (പറയപ്പെട്ടത് ആയാലും) ഔഷധം- ആമയത്തെ (രോഗത്തെ) എന്നപോലെയും, അഗ്നി ഏധസ്സി

നൊക്കുന്നപോലെയും (വിറകിനെ എരിക്കുന്നപോലെയും) നരന്മാരുടെ അഘത്തെ (പാപത്തെ) ഒഴിപ്പിക്കുന്നു ബുദ്ധിപൂർവം ജപിച്ചാലത്തെക്കു പ്രയോജനമില്ലെന്ന സാരം) ആമ്നായകൃത്യം (വേദവിഹിതകർമ്മം അഖിലമായ ശമലത്തെ (പാപത്തെ) ശുദ്ധമാക്കുന്നു ഹരിയുടെ സേവയാകട്ടെ വാസനയോടുകൂടെ ലൂനനം ചെയ്യുന്നു (കളയുന്നു) വേദത്തിലുള്ള കർമ്മങ്ങളെ ചെയ്താൽ പാപമേ നശിക്കയുള്ളു വിഷ്ണുവിനെ സേവിച്ചാലാകട്ടെ പാപവും പാപകൃത്യത്തിലുള്ള വാസനയും കൂടി ഇല്ലാതാകും എന്നു സാരം.

ഇത്ഥം ത്വദ്ഭക്തവചനം ഗളിതമധുരം
    ധർമ്മ്യം നിശമ്യാകുലാ
സ്തേ വൈവസ്വതകിങ്കരാസ്സരഭസം
    ജഗ്മുസ്സ്വതാതാന്തികം।
ശ്രീനാരായണപാർഷദേഷു ച ഗതേ-
    ഷ്വംഭോജനേത്രാന്തിക
സ്വാന്തഃ സോപി തപശ്ചരന്നിഹപുന-
    ശ്ചാഗാൽ സ്വരൂപം ഹരേഃ ॥൨൦॥

അജാമിളമോക്ഷം പ്രബന്ധം സമാപ്തം॥

അന്വയം — ഇത്ഥം-ഗളിതമധുരം-ധർമ്മ്യം-ത്വദ്ഭക്തവചനം-നിശമ്യ ആകുലാഃ-തേ-വൈവസ്വതകിങ്കരാഃ സരഭസം-സ്വതാതാന്തികം-ജഗ്മുഃ-ശ്രീനാരായണപാർഷദേഷു-ച-ഗതേഷു-അംഭോജനേത്രാന്തിക സ്വാന്തഃ-സഃ-അപി-ച-ഇഹ-പുനഃ-ച-തപഃ-ചരൻ ഹരേഃ സ്വരൂപം-അഗാൽ.

അർത്ഥം — ഇപ്രകാരം ഗളിതമധുരവും (ശാന്തിയോടും മാധുര്യത്തോടുംകൂടിയതും) ധർമ്മ്യവും (ധർമ്മത്തോടുകൂടിയതും) ആയ ത്വദ്ഭക്തവചനത്തെ (അവരുടെ=(വിഷ്ണുദൂതന്മാരുടെ) വചനത്തെ) നിശമനംചെയ്തിട്ട് (കേട്ടിട്ട്) ആകുലന്മാരായ ആ വൈവസ്വതകിങ്കരന്മാർ (കാലദൂതന്മാർ) സ്വതാതാന്തികത്തെ (തന്റെ താതന്റെ സമീപത്തെ പ്രാപിച്ചു. ശ്രീനാരായണപാർഷദന്മാരും ഗതന്മാരായപ്പോൾ (വിഷ്ണുദൂതന്മാരും പോയപ്പോൾ) അംഭോജനേത്രാന്തസ്വാന്തനായ അവനും (അജാമിളനും) ഇവിടെ പിന്നെയും തപസ്സിനെ ചരൻ (അനുഷ്ഠിക്കുന്നവൻ) ആയിട്ട് ഹരിയുടെ സ്വരൂപത്തെ പ്രാപിച്ചു (വിഷ്ണുലോകത്തെ പ്രാപിച്ചു.)

അജാമിളമോക്ഷം പ്രബന്ധത്തിന്റെ വ്യാഖ്യാനം സംവൃത്തമായി.

സന്താനഗോപാലം

പ്രബന്ധം.

പുഷ്യൽസൌരഭപാരിജാതകുസുമദ്വാരസ്തോരണസ്രഗാപിണീം
ദ്യാമേവ പ്രതിബിംബിതാം ജലനിധൌ യാമാശശങ്കേ ജനഃ
സാകം നിഷ്പ്രതിമപ്രതാപഗരിമഭ്രാജിഷ്ണുഭിർവൃഷ്ണിഭിഃ
ശ്രീകൃഷ്ണസ്സസുഖം സഗർഭ്യസഹിതസ്താമധ്യവാത്സീൽ പുരീം. ൧

(അന്വയം) ജനഃ-പുഷ്യൽസൌരഭപാരിജാതകുസുമദ്വാരസ്തോരണസ്രഗാപിണീം-യാം-ജലനിധൌ-പ്രതിബിംബിതാം-ദ്യാം-ഏവ-ആശശങ്കേ-ശ്രീകൃഷ്ണഃ- നിഷ്പ്രതിമപ്രതാപഗരിമഭ്രാജിഷ്ണുഭിഃ-വൃഷ്ണിഭിഃ സാകം-സഗർഭ്യസഹിതഃ-സസുഖം-താം-പുരീം-അധ്യവാത്സീൽ.

അർത്ഥം—ജനം പുഷ്യൽസൌരഭങ്ങളായ വർദ്ധിച്ചിരിക്കുന്ന സൌരഭ്യത്തോടുകൂടിയ പാരിജാതകുസുമങ്ങളാൽ(കല്പകവൃക്ഷപുഷ്പങ്ങളാൽ) ദ്വാരസ്തോരണസ്രഗാപിണിയായ, (ദ്വാരികലെ-വാതലിലെ) തോരണമാലകളോടുകൂടിയ,) യാതൊന്നിനെ (യാതൊരു ദ്വാരകയെ) ജലനിധിയിൽ (സമുദ്രത്തിൽ) പ്രതിബിംബിതയായ ദ്യോവ് എന്ന് (പ്രതിഫലിച്ചുകാണുന്ന സ്വർഗ്ഗമെന്ന്) ശങ്കിച്ചു. (സംശയിച്ചു), ശ്രീകൃഷ്ണൻ നിഷ്പ്രതിമമായ (അസദൃശമായ) പ്രതാപഗരിമാവിനാൽ (പ്രതാപാധിക്യത്താൽ) ഭ്രാജിഷ്ണുക്കളായ (ശോഭിക്കുന്നവരായ) വൃഷ്ണികളോടുകൂടെ (യാദവന്മാരോടുകൂടെ) സഗർഭ്യസഹിതനായിട്ട് (സോദരനായ ബലരാമനോടുകൂടി) സുഖമാകുംവണ്ണം ആ പുരിയെ (ദ്വാരകയെ) അധിവസിച്ചു (പാർത്തു) ദ്വാരകയിൽ പാർത്തു എന്നു സാരം. അധിപൂർവ്വമായവസ-എന്ന ധാതുവിന് "ഉപാന്വധ്യാങ്വസഃ" എന്ന സൂത്രത്താൽ സപ്തമ്യർത്ഥത്തിൽ ദ്വിതീയ വന്നു.

വിഹിതഭുവനഭദ്രേ വാസുഭദ്രേ ധരിത്രീ-
ഭരഹരണവിനിദ്രേ ഭൂരികാരുണ്യസാന്ദ്രേ!
ന പരമഖിലലോകാ ദ്വാരവത്യാം, ജഗത്യാ-
മുദധിവലയവത്യാം ഹൃഷ്ടപുഷ്ടാ ബഭൂവുഃ॥ ൨

(അന്വയം) ഭൂരികാരുണ്യസാന്ദ്രേ-വിഹിതഭുവനഭദ്രേ-വാസുഭദ്രേ-ധരിത്രീഭരഹരണവിനിദ്രേ-അഖിലലോകാഃ-ദ്വാരവത്യാം-പരം-ന, ഉദധിവലയവത്യാം- ജഗത്യാം-ഹൃഷ്ടപുഷ്ടാഃ-ബഭൂവുഃ

അർത്ഥം — ഭൂരികാരുണ്യസാന്ദ്രനാം (വളരെ കരുണയുള്ളവനാം) വിഹിതഭുവനഭദ്രനാം (ലോകങ്ങൾക്ക് മംഗളം ചെയ്യപ്പെട്ടവനാം) ആയ വാസുദേവൻ (ദയാമയനായ ശ്രീകൃഷ്ണൻ) ധരിത്രിയുടെ ഭരത്തിൻെറ ഹരണത്തിൽ (ഭാരമെടുക്കുന്നതിൽ) വിനിദ്രനായിരിക്കുമ്പോൾ (ജാഗരൂകനായിരിക്കുമ്പോൾ) അഖിലലോകങ്ങൾ (സർവ്വജനങ്ങൾ) ദ്വാരവതിയിങ്കൽതന്നെ അല്ല, ഉദധിവലയവതിയായ ജഗതിയിങ്കലും (സമുദ്രത്താൽ ചുററപ്പെട്ട ലോകത്തിലും) ഹൃഷ്ടപുഷ്ടന്മാരായി (സന്തുഷ്ടന്മാരായും പോഷിച്ചവരായും) ഭവിച്ചു. ശ്രീകൃഷ്ണൻ ലോകഭാരത്തെ കളയുവാൻ ജാഗ്രതയുള്ളവനായിരിക്കുമ്പോൾ ദ്വാരകയിലും സർവ്വലോകങ്ങളിലും ഉള്ള ജനങ്ങൾ സന്തുഷ്ടന്മാരായിത്തീർന്നു എന്ന സാരം.)

ഗദ്യം ൧൭:— ഏവമേവ സുഖമേധമാനേഷു സകലലോകേഷു ദ്വാരവത്യാം തു ദ്വിജന്മനഃ കസ്യചിദപത്യാഷ്ടകം ജാതമാത്രനഷ്ടമജനിഷ്ട॥

അർത്ഥം — ഇപ്രകാരംതന്നെ സകല ലോകങ്ങളും (സർവ്വജനങ്ങളും) സുഖമാകുംവണ്ണം ഏധമാനന്മാരായിരിക്കുമ്പോൾ (വർദ്ധിച്ചിരിക്കുന്ന സമയത്തിൽ) ദ്വാരവതിയിലാകട്ടെ (ദ്വാരകയിലാകട്ടെ) കസ്യചിൽ-ദ്വിജന്മനഃ ഒരു ദ്വിജന്മാവിൻെറ (ബ്രാഹ്മണൻെറ) അപത്യാഷ്ടകം (എട്ടു പുത്രന്മാർ) ജാതമാത്രനഷ്ടമായിട്ട് ജനിച്ചു (ജനിച്ച ഉടൻതന്നെ മരിച്ചുതായിത്തീർന്നു.)

രാജദ്വാരി മൃതം നിധായ തനയം, ക്വാസ്തേ നിരസ്തത്രപഃ
കൃഷ്ണഃ സ്ത്രീജനലമ്പടഃ ക്വ ഹലീ ഹാലാമദാന്ധാശയഃ
ഇത്യുച്ചൈർഗിരമുൽഗിരൻ ദ്വിജവരഃ ക്ഷിപ്രം പ്രപേദേ സഭാം
നീരന്ധ്രാന്ധകവൃഷ്ണിവീരമകുടീരത്നാങ്കരോദ്യൽപ്രഭാം॥ ൯.

അന്വയം — ദ്വിജവരഃ- രാജദ്വാരി- മൃതം- തനയം- നിധായ; നിരസ്തത്രപഃ സ്ത്രീജനലമ്പടഃ- കൃഷ്ണഃ- ക്വ- ആസ്തേ, ഹാലാമദാന്ധാശയഃ- ഹലീ ക്വ- ഇതി, ഉച്ചൈഃ- ഗിരം- ഉൽഗിരൻ -നീരന്ധ്രാന്ധകവൃഷ്ണിവീരമകുടീരത്നാങ്കരോദ്യൽപ്രഭാം- സഭാം-, ക്ഷിപ്രം- പ്രപേദേ-

അർത്ഥം — ദ്വിജവരൻ (ഒരു ബ്രാഹ്മണൻ) രാജദ്വാരിങ്കൽ (രാജാവിൻെറ പടിവാതുക്കൽ) മൃതനായ തനയനെ വിധാനം ചെയ്തിട്ട് (മരിച്ച പുത്രനെ ഇട്ടിട്ട്) നിരസ്തത്രപനും (ലജ്ജയില്ലാത്തവനും) സ്ത്രീജനലമ്പടനും (പെൺകൊതിയനും) ആയ കൃഷ്ണൻ എവിടെ ആസിക്കുന്നു (ഇരിക്കുന്നു) ഹാലാമദാന്ധാശയനായ (കള്ളിൻെറ മദത്താൽ മന്ദബുദ്ധിയായ) ഹലീ (ബലഭദ്രൻ) എവി

ടെ? എന്നിങ്ങനെ ഉച്ചൈസ്തരാംവണ്ണം (ഉറക്കെ) ഗിരിനെ ഉൽഗിരന്നായി (വാക്കുപുറപ്പെടുവിക്കുന്നവനായിട്ട്) നിരന്ധ്രന്മാരായ (ഇടതിങ്ങിയവരായ) അന്ധകവീരന്മാരുടെയും (യാദവന്മാരുടെയും) വൃഷ്ണിവീരന്മാരുടെയും (യാദവശ്രേഷ്ഠന്മാരുടെയും) മകുടികളിലെ (കിരീടങ്ങളിലെ) രത്നാംകുരങ്ങളാൽ (രത്നമുളകളാൽ) ഉദ്യൽപ്രഭയായ (ഉദിച്ചിരിക്കുന്ന കാന്തിയോടുകൂടിയ) സഭയെ പ്രാപിച്ചു.

പുത്രസന്താപസംഭ്രാന്തചിത്തം പൃഥ്വീസുരം തദാ
ആഗന്തുകോ ജനസ്സർവ്വ മാകുലഃ സമലോകത ത്

അന്വയം — പുത്രസന്താപസംഭ്രാന്തചിത്തം - ഏനം പൃഥ്വീസുരം-തദാ-ആഗന്തുകഃ ജനഃ-ഇ-ആകുലഃ സമലോകത.

അർത്ഥം — പുത്രസന്താപത്താൽ (പുത്രദുഃഖത്താൽ) സംഭ്രാന്തചിത്തനായ (പരിഭ്രമിച്ചു മനസ്സോടുകൂടിയവനായ) ഈ പൃഥ്വീസുരനെ (ഈ ബ്രാഹ്മണനെ) ആഗന്തുകമായ ജനങ്ങൾ (അവിടെ വന്നിരിക്കുന്ന ആളുകളുംകൂടി) ആകുലമായിട്ട് ആലോകനം ചെയ്തു (സംഭ്രമത്തോടുകൂടി കണ്ടു)

ഗദ്യം — വ. തത്ര ചവിചിത്രമണിവേദികാന്തരേ സമാന്തരേ സമാക്രാന്തകനകഗിരിശിഖരേഷു കേസരിപ്രവരേഷ്വിവ പരവാരണപ്രകടിതവിക്രമേഷു മഹാജനവിജ്ഞരായിഷ്ഠിതേഷു വൃഷ്ണ്യന്ധകവീരേഷു രോഹിണീനയനാനന്ദകര പൂർണ്ണിമാനിശാകര ഇവ പൂർവ്വഗിരിശിഖരം ഇംഗതരം ലസദംബരകഞ്ചുകൈർവ്വാരണ സങ്കർഷണേ സന്ധ്യാരാഗപീതാംബരപ്രസ്ഫുരൽപ്രഭാനികരംബേ നീലാംബുദകദംബേ - ഇവ - ചരമഗിരികൂടമന്ദർഘമണിപീഠമാലംബമാനേ ലോലംബമാനാംബുജനാഭപടുതരാംഗസുഷമാമേ ഭഗമോദര, ജഗതീതികശശേകരകരപ്രസര കൗമാരരൂപ മയൂഖപുഞ്ജം മണിമുദ്രാസനമധ്യമധ്യാസീനേ മഹേന്ദ്രനന്ദനേ മഹീതസ്സുരേഷ്വപരേഷ്വപി- സഭാസ്താരേഷു യഥോചിതമുപവിഷ്ടേഷു സമിദ്ധാഭിഷേബാധവസ്തബാധവപ്രവർത്തേസ്സരസ്സ്വാദിശത്രുവർണ്യമുച്ചൈരുൽഘോഷയൻ മൃതസുതമുഖാരവിന്ദസന്ദർശനക്ഷുഭിതഹൃദയശോകസാഗരതരംഗശതമവദൈ ശ്രുപ്രവാഹൈഹസ്സൂക്ഷ്മതരണി കാറിചിക്ഷത്തരണി നിരർഗ്ഗളം നിർഗ്ഗളയാമാസ

അർത്ഥം — അവിടെ വിചിത്രമണിവേദികൾക്കൊണ്ടു (അത്ഭുതങ്ങളായ രത്നത്തറകൾകൊണ്ടു) നിരന്തരമായ (സമ്പൂർണ്ണമായ) സമാന്തരത്തിൽ (സഭാമദ്ധ്യത്തിൽ) സമാക്രാന്തങ്ങളായ കനകഗിരിശിഖരങ്ങളോടുകൂടിയ (മഹാമേരുശിഖരങ്ങളിൽ കയറിയ) കേസരിപ്രവരന്മാർ (സിംഹശ്രേഷ്ഠന്മാർ) എന്നപോലെ പരവാരണ (ശ

ങ്ങളാകുന്ന) വാരണങ്ങളിൽ (ആനകളിൽ) പ്രകടിതവിക്രമന്മാരായ (പരാക്രമത്തെ പ്രദർശിപ്പിച്ചവരായ) വൃഷ്ണ്യന്ധകവീരന്മാർ—മഹാരജതവിഷ്ടരങ്ങളിൽ (സ്വർണ്ണപീഠങ്ങളിൽ) അധിഷ്ഠിതന്മാരായിരിക്കുമ്പോഴും, രോഹിണിയുടെ (രോഹിണീനക്ഷത്രത്തിന്റെ—രോഹിണീദേവിയുടെ എന്നും) നയനങ്ങൾക്ക് ആനന്ദത്തെ ചെയ്യുന്നവനായ പൂർണ്ണിമാനിശാകരൻ (പൂർണ്ണചന്ദ്രൻ) പൂർവ്വഗിരിശിഖരത്തെ (ഉദയപർവ്വതത്തിന്റെ ശൃംഗത്തെ എന്നപോലെ-സങ്കർഷണൻ (ബലഭദ്രൻ) തുംഗതരമായ (അത്യുന്നതമായ) ഭദ്രാസനവരത്തെ (ശ്രേഷ്ഠസിംഹാസനത്തെ) അലങ്കുർവ്വാണനായപ്പോഴും, (അലങ്കരിച്ചപ്പോഴും) സാന്ധ്യരാഗംകൊണ്ട് (സന്ധ്യയിലെ ചുവപ്പുകൊണ്ട്) പീതമായ അംബരത്തിൽ (ആകാശത്തിൽ) പ്രസൃമരമായ (വ്യാപ്തമായ) പ്രഭാനികുരംബത്തോടു (പ്രഭാസമൂഹത്തോടു) കൂടിയ (ശ്രീകൃഷ്ണപക്ഷത്തിൽ സാന്ധ്യരാഗംപോലെ പീതമായ അംബരത്തിൽ—വസ്ത്രത്തിൽ വ്യാപിച്ച നീലകാന്തിയോടുകൂടിയ എന്നർത്ഥം) നീലാംബുദകദംബം (നീലമേഘക്കൂട്ടം) ചരമഗിരിശൃംഗത്തെ (അസ്തമനപർവ്വതത്തെ) എന്നപോലെ—ലോലംബങ്ങളുടെ (വണ്ടുകളുടെ) മാനത്തിന്റെ അപനോദനത്തിൽ (അഹംകാരത്തെ കളയുന്നതിൽ) പടുതരമായ (ഏറ്റവും സമർത്ഥമായ) അംഗസുഷമാഭരത്തോട് (ദേഹകാന്തിയുടെ അതിശയത്തോടു) കൂടിയ ദാമോദരൻ, (ശ്രീകൃഷ്ണൻ) അനർഘമായ മണിപീഠത്തെ (അമൂല്യമായ രത്നസിംഹാസനത്തെ) ആലംബമാനനായപ്പോഴും (ആശ്രയിച്ചപ്പോഴും) ജഗത്രിതയിൽ (മൂന്നുലോകത്തിലും) നിരങ്കുശമായ (തടവില്ലാത്ത) ശക്തിപ്രസരത്തോടു (ശക്തി എന്ന ആയുധത്തിന്റെ പ്രഹരത്തോടും—അർജ്ജുനപക്ഷത്തിൽ ബലാധിക്യത്തോടു എന്നും) കൂടിയ കുമാരൻ (സുബ്രഹ്മണ്യൻ) മയൂരപൃഷ്ഠത്തെ (മയിലിന്റെ പുറത്തു) എന്നപോലെ മഹേന്ദ്രനന്ദനൻ (അർജ്ജുനൻ) മണിഭദ്രാസനമധ്യത്തെ (രത്നസിംഹാസനത്തിന്റെ മധ്യത്തെ) അധ്യാസീനനായിരിക്കുമ്പോഴും (ഇരിക്കുമ്പോഴും) മഹീയസ്സുകളായി (ഏറ്റവും മഹത്തുക്കളായ) അപരന്മാരായ സഭാസ്താരന്മാരും (മറ്റു സഭാവാസികളും) യഥോചിതം (യോഗ്യതയ്ക്കൊത്തവണ്ണം) ഉപവിഷ്ടന്മാരായപ്പോഴും (ഇരിക്കുമ്പോഴും) സമിദ്ധനായ (ജ്വലിച്ച) രോഷബാഡവനോടു (രോഷാഗ്നിയോടു) കൂടിയ ആ ബാഡവപ്രവരൻ, (ബ്രാഹ്മണശ്രേഷ്ഠൻ) "ബ്രഹ്മദേവബാന്ധവഃ" എന്ന അക്ഷരം സോപസ്കാരം (നെടുവീർപ്പോടുകൂടെ) അബ്രഹ്മണ്യത്തെ (രക്ഷിക്കണമെന്നുള്ള ശബ്ദത്തെ) - "അബ്രഹ്മണ്യമവദ്ധ്യാകൈതവ" എന്ന അക്ഷരം ഉച്ചൈസ്തരംവണ്ണം (ഉറക്കെ) ഉൽഘോഷയന്നായിട്ട് (ഘോഷിക്കുന്നവനായിട്ട്) മൃതനായ സുതന്റെ മുഖേന്ദുവി

ന്റെ (മുഖമാകുന്ന ചന്ദ്രന്റെ) സന്ദർശനത്താൽ (കാഴ്ചയാൽ) ക്ഷുഭിതമായ (ഇളകിയ) ഹൃദയശോകസാഗരത്തിന്റെ (മനസ്സാകുന്ന ദുഃഖസമുദ്രത്തിന്റെ) തരംഗങ്ങളെന്ന (തിരമാലകളെന്ന) ശങ്കയെ ചെയ്യുന്ന അശ്രുപ്രവാഹങ്ങളോടുകൂടെ രൂക്ഷതരങ്ങളായ (ഏറ്റവും പരുഷങ്ങളായ) ചില അക്ഷരങ്ങളെ നിർഗ്ഗളം അങ്കംവന്നം (തടവുകൂടാതെ) നിർഗ്ഗമിപ്പിച്ചു (പുറപ്പെടീച്ചു) കരഞ്ഞുംകൊണ്ട് പറഞ്ഞു എന്നു സാരം.

ബ്രാഹ്മണവചനത്തെ പ്രസ്താവിക്കുന്നു.

അഷ്ടൌ നഷ്ടാസ്തനൂജാഃ കിതവ! തവ ദുരാചാരതശ്ചോരവൃത്തേ!
കഷ്ടം ഭോഃ കഷ്ടമേതം നവമമപി മൃതം ബാലമാലോകയേതി॥
ഭൂയോ ഭൂയോ വചോഭിഃ ശ്രവണകടുതരൈർഭർത്സയന്തം ദ്വിജന്തം
ദൃഷ്ട്വാ ദേവസ്തദാനീമഭജത കപടമാനുഷോ മൌനമുദ്രാം॥ ൪॥

അന്വയം — ഭോഃ-കിതവ! ചോരവൃത്തേ-തവ-ദുരാചാരതഃ-അഷ്ടൌ-തനൂജാഃ-നഷ്ടാഃ കഷ്ടം-കഷ്ടം-മൃതം-നവമം-ഏതം-ബാലം-അപി-ആലോകയ-ഇതി ഭൂയഃ- ഭൂയഃ ശ്രവണകടുതരൈഃ- വചോഭിഃ- ഭർത്സയന്തം-തം- ദ്വിജം-ദൃഷ്ട്വാ-കപടമാനുഷഃ ദേവഃ-തദാനീം മൌനമുദ്രാം-അഭജത-

അർത്ഥം — ഹേ കിതവ! (ധൂർത്ത) ചോരവൃത്തിയായ (കള്ളന്റെ വ്യാപാരത്തോടുകൂടിയ) നിന്റെ ദുരാചാരത്താൽ (ദുർവൃത്തിയാൽ) എട്ടുതനൂജന്മാർ (പുത്രന്മാർ) നഷ്ടന്മാരായി, കഷ്ടം കഷ്ടം, മൃതനായ ഈ ഒൻപതാമത്തെ പുത്രനേയും അവലോകനം ചെയ്താലും (കണ്ടാലും) ഇങ്ങനെ പിന്നെയും പിന്നെയും ശ്രവണകടുതരങ്ങളായ (കർണ്ണകഠോരങ്ങളായ) വചസ്സുകൾകൊണ്ട് (വാക്കുകൾകൊണ്ട്), ഭർത്സയന്നായ (ഭർത്സിക്കുന്നവനായ) ആ ദ്വിജനെ (ബ്രാഹ്മണനെ) കണ്ടിട്ട് കപടമാനുഷനായ (വ്യാജമനുഷ്യനായ) ദേവൻ (കൃഷ്ണൻ) മൌനമുദ്രയെ (മൌനത്തിന്റെ ചിഹ്നത്തെ) ഭജിച്ചു (പ്രാപിച്ചു) മിണ്ടാതെ ഇരുന്നു എന്നു സാരം॥

ഗദ്യം — ഇ-ത്യേവമാദീനി വചനാനി മുഹുർമ്മുഹുരു ല്ലപന്തം ബഹു വിലപന്തം കരുണാസാഗരേ പതന്തം ദ്വിജന്തമു പസാന്ത്വയൻ പരന്തപസ്സ കൌന്തേയഃ ശകുന്തരാജകേതനപ്രലം ബാശനപ്രമുഖേഷു വൃഷ്ണിവീരേഷു ശൃണ്വത്സു പ്രകടിതനിജ ഗർവ്വഗരിമധുരാം മധുരാം ഗിരമഭാഷിഷ്ട॥

അർത്ഥം — അനന്തരം ഏവമാദികളായ വചനങ്ങളെ (ഇപ്രകാരമുള്ള വാക്കുകളെ) പിന്നെയും പിന്നെയും ഉല്ലപന്നായി (പുറപ്പെ

ടീക്ഷണനായവനായി) വളരെ വിലപനായി (കരയുന്നവനായി) കരുണാ
സാഗരത്തിൽ (ശോകസമുദ്രത്തിൽ) പതനനായ (വീണിരിക്കുന്ന
വനായ) ആ ദ്വിജനെ ഉപസാന്ത്വയന്നായിട്ട് (സമാധാനപ്പെടു
ത്തുന്നവനായിട്ട്) പരന്തപനായ (ശത്രുക്കളെ തപിപ്പിക്കുന്നവനാ
യ) ആ കൌന്തേയൻ (കുന്തീപുത്രൻ=അർജ്ജുനൻ) ശകുന്തരാജ
കേതനപ്രലംബശാസനപ്രമുഖന്മാരായ (ശ്രീകൃഷ്ണനും ബലരാമനും
തുടങ്ങിയ) വൃഷ്ണിവീരന്മാർ (യാദവശ്രേഷ്ഠന്മാർ) ശൃണ്വത്സുകളായിരി
ക്കുമ്പോൾ (കേൾക്കെ) പ്രകടിതനിജഗർവ്വഗരിമധുരയായി (ത
ന്റെ അഹങ്കാരാധിക്യത്തിന്റെ ധുരിമയെ പ്രകാശിപ്പിച്ചതായി മ
ധുരയായ ഗിരിനെ (വാക്കിനെ) ഭാഷിച്ചു (പറഞ്ഞു) "ഋക്" പൂരപ്
ധൂഃ" എന്ന സൂത്രത്താൽ ധൂരാ എന്നു സിദ്ധിച്ചു।

ഭോഭോ ബ്രഹ്മകുലാവതംസ! ഭവതസ്സൂനും പുനർഭാവിനം
പാതും പാകരിപോസ്സുതഃ, സുതകൃതേ ശോകം വൃഥാ മാ കൃഥാഃ।
സന്ത്രാതും ഭുജതേജസാ ത്രിഭുവനം ശൌണ്ഡസ്യ ഗാണ്ഡീവിനഃ
കസ്യാപ്യസ്യ ശിശോഃ കിമത്ര ഭവതസ്ത്രാണം ഭവേദ്ദുഷ്കരം ॥൬൨॥

അന്വയം—ഭോഭോബ്രഹ്മകുലാവതംസ!—പുനർഭാവിനം—ഭവതഃ സൂനും—പാകരിപോഃ—സുതഃ—പാതാ—സുതകൃതേ—വൃഥാ—ശോകം—മാ—കൃഥാഃ—ഭുജതേജസാ—ത്രിഭുവനം—സന്ത്രാതും—ശൌണ്ഡസ്യ—ഗാണ്ഡീവിനഃ—ഭവതഃ—അസ്യ—കസ്യാപി—ശിശോഃ—ത്രാണം—അത്ര—ദുഷ്കരം—ഭവേൽകിം.

അർത്ഥം—അല്ലയോ അല്ലയോ ബ്രാഹ്മണകുലാലങ്കാരഭൂത! പുനർഭാവിയായ (ഇനിയും ഉണ്ടാകുന്ന) ഭവാന്റെ സൂനുവിനെ (പുത്രനെ) പാകരിപുവിന്റെ സുതൻ (ഇന്ദ്രപുത്രൻ) പാലിക്കുന്നതാണ് (രക്ഷിക്കുന്നതാണ്) സുതകൃതേ (പുത്രനെ ഉദ്ദേശിച്ച്) വെറുതേ ശോകത്തെ ചെയ്യരുത് "അർജ്ജുനൻ വിചാരിച്ചാൽ ഇനിയും ഉണ്ടാകുന്ന പുത്രനെ രക്ഷിക്കാൻ സാധിക്കുമോ" എന്നുള്ളതിന് സമാധാനം പറയുന്നു. ഭുജതേജസ്സിനാൽ (കൈക്കരുത്തിനാൽ) ത്രിഭുവനത്തെ (മൂന്നു ലോകത്തെ) ത്രാണം ചെയ്യുവാനായിട്ട് (രക്ഷിക്കുവാനായിട്ട്) ശൌണ്ഡനായ (സമർത്ഥനായ) ഗാണ്ഡീവിക്ക് (ഗാണ്ഡീവം എന്ന വില്ലുള്ള അർജ്ജുനന്) ഭവാന്റെ ഈ ഒരു ശിശുവിന്റെ ത്രാണം (രക്ഷണം) ഇവിടെ ദുഷ്കരമായി ഭവിക്കുമോ (ദുസ്സാധ്യമാകുമോ) മൂന്നുലോകവും ജയിച്ച ആൾക്ക് ശിശുരക്ഷണമാകുന്ന ലഘുകാര്യം നിഷ്പ്രയാസമാണ് എന്നു സാരം.)

പൃഥുലശോകവികല്പിതവർഷ്മണാ
ബഹുവികല്പസമാകുലചേതസാ-

ദ്വിജവരേണ പൃഥാതനയഃ പുന-
ർന്നിജഗദേ ജഗദേകധനുർദ്ധരഃ ॥ ॥

അന്വയം — പൃഥുലശോകവികമ്പിതവർഷ്മണാ-ബഹുവികല്പസമാകുലചേതസാ-ദ്വിജവരേണ-ജഗദേകധനുർദ്ധരഃ-പൃഥാതനയഃ-പുനഃ-നിജഗദേ.

അർത്ഥം — പൃഥുലശോകത്താൽ (മഹാദുഃഖത്താൽ) വികമ്പിതവർഷ്മാവായി (കമ്പിക്കപ്പെട്ട ശരീരത്തോടുകൂടിയവനായി) ദുഃഖംകൊണ്ട് വിറച്ചവനായി എന്നു സാരം। "ശരീരം വർഷ്മവിഗ്രഹൗ" എന്ന് അമരം. ബഹുവികല്പങ്ങളാൽ (പലശങ്കകളാൽ) സമാകുലചേതസ്സായ (സംഭ്രാന്തമനസ്സായ) ദ്വിജവരനാൽ (ബ്രാഹ്മണശ്രേഷ്ഠനാൽ) ജഗത്തിൽ ഏകധനുർദ്ധരനായ (ഒററവില്ലാളിയായ) പൃഥാതനയൻ (അർജ്ജുനൻ) പിന്നെയും നിഗദിക്കപ്പെട്ടു (പറയപ്പെട്ടു) ബ്രാഹ്മണൻ അർജ്ജുനനോടു പറഞ്ഞു.

വൃഷ്ണിശ്രേഷ്ഠാ ഭുവനവിദിതാഃ കൃഷ്ണസംകർഷണാദ്യാ-
സ്ത്രാതും ശക്താ ന കില തനയം പ്രാണഹർത്തുഃ കൃതാന്താത്।
സോഹം രക്ഷാമ്യുപരി യദി തേ സ്യാത്തനൂജോ ദ്വിജന്മ-
ന്നിത്ഥംകാരം തവ തു വചനം കേ പുനഃ ശ്രദ്ദധീരൻ ॥൮॥

അന്വയം — ഭുവനവിദിതാഃ-കൃഷ്ണസംകർഷണാദ്യാഃ-വൃഷ്ണിശ്രേഷ്ഠാഃ-പ്രാണഹർത്തുഃ-കൃതാന്താത്-തനയം-ത്രാതും-ന-ശക്താഃ-കില ഹേ ദ്വിജന്മൻ! ഉപരി തേ-തനൂജഃ-സ്യാത്-യദി, -സഃ -അഹം-രക്ഷാമി" ഇത്ഥംകാരം-തവ-വചനം-തു-പുനഃ-കേ ശ്രദ്ദധീരൻ॥

അർത്ഥം — ഭുവനവിദിതന്മാരായി (ലോകപ്രസിദ്ധന്മാരായി) കൃഷ്ണസംകർഷണാദ്യന്മാരായ (കൃഷ്ണൻ ബലഭദ്രൻ തുടങ്ങിയ) വൃഷ്ണിശ്രേഷ്ഠന്മാർ പ്രാണഹർത്താവായ (ജീവനെ ഹരിക്കുന്നവനായ) കൃതാന്തങ്കൽനിന്നു (കാലങ്കൽനിന്നു) തനയനെ (പുത്രനെ) ത്രാണം ചെയ്യാൻ (രക്ഷിക്കാനായിട്ട്) ശക്തന്മാരല്ലതന്നെ, അല്ലയോ ദ്വിജന്മൻ (ബ്രാഹ്മണ) മേലിൽ നിനക്ക് തനൂജൻ (പുത്രൻ) ഉണ്ടാകുമെങ്കിൽ, അതു ഞാൻ രക്ഷിക്കുന്നുണ്ട്" എന്നിങ്ങനെ ഉള്ള നിന്റെ വചനത്തെ ആരുകേട്ടു പിന്നെ ആരു ശ്രദ്ധിക്കും (വിശ്വസിക്കും) ആരും വിശ്വസിക്കയില്ല എന്നു സാരം।

മുൻപറഞ്ഞ ശ്ലോകത്തിന്റെ അർത്ഥംതന്നെ ഭംഗിയിൽ പറയുന്നു.।

പൃഥുലഭുജബലാനലാവലേപ
ദ്വിജദവലാസ്ത്രനാളലപാതുവല്ലീ।

യദുപരിഷദപി പ്രഗൽഭതേ ന
സ്വാവമവിതും ബലദേവകൃഷ്ണമുഖ്യാഃ

അന്വയം—പ്രവൃദ്ധഭുജബലാനലാവലേഗ്ധ രിപുബലസ്ത്രീ
സ്തനശൈലപത്രവല്ലി- ബലദേവകൃഷ്ണമുഖ്യാ- യദുപരിഷൽ-അപി-സ്വ
യം_അവിതും-ന പ്രഗൽഭതേ-

അർത്ഥം—പ്രവൃദ്ധമായ (മഹത്തായ) ഭുജബലമാകുന്ന (കൈ
ക്കരുത്താകുന്ന) അനലനാൽ (അഗ്നിയാൽ) അവലേഗ്ധയായ (മ
റിപ്പിക്കപ്പെട്ട) രിപുബലങ്ങളുടെ (ശത്രുസ്ത്രീകളുടെ) സ്തനശൈല
ങ്ങളിലെ (പർവ്വതംപോലുള്ള മുലകളിലെ) പത്രവല്ലിയോടു (പത്തി
ക്കീററിനോടു) കൂടിയ ശത്രുക്കളെ കൈക്കരുത്തുകൊണ്ടു നശിപ്പിച്ചു
തവ എന്നു സാരം. ബലദേവകൃഷ്ണമുഖ്യയായ (ബലഭദ്രൻ ശ്രീകൃ
ഷ്ണൻ തുടങ്ങിയ) യദുപരിഷത്തും (യാദവസദസ്സും) തന്നെ അവനം
ചെയ്യുന്നതിന് (പുത്രനെ രക്ഷിക്കുന്നതിന്) പ്രഗൽഭിക്കുന്നില്ല (ശ
ക്തമാകുന്നില്ല) ബലഭദ്രാദികളുംകൂടി രക്ഷിക്കാൻ സാമർത്ഥ്യമി
ല്ലാതിരിക്കെ നീ എന്നെ രക്ഷിക്കുമെന്നു സാരം.

ബ്രാഹ്മണവചനം കേട്ടിട്ടു അർജ്ജുനൻ തന്നെ പ്രശംസി
ക്കുന്നു.

നാഹം ശൌരി, ന്ന ഖലു മുസലീ, നാനിരുദ്ധോ, ന സാംബോ
ന പ്രദ്യുമ്നോ ഭുവനവിദിതഃ പാണ്ഡവഃ ഫൽഗുനോ ƒഹം
വ്യക്തം വക്തി സ്മരഹരശിരശ്ചണ്ഡകോദണ്ഡകാണ്ഡ-
പ്രൌഢവ്രാഘാതവ്രണഗണകിണഗ്രന്ഥി ബാഹോർബ്ബലം മേ ൧൮॥

അന്വയം—അഹം ന-ശൌരിഃ,ന-മുസലീ-ഖലു, ന-അനിരു
ദ്ധഃ- നസാംബഃ നപ്രദ്യുമ്നഃ,അഹം-ഭുവനവിദിതഃ-പാണ്ഡവഃ ഫൽ
ഗുനഃ, ചണ്ഡകോദണ്ഡകാണ്ഡപ്രൌഢവ്രാഘാതവ്രണഗണകിണഗ്ര
ന്ഥി-സ്മരഹരശിരഃ-മേ- ബാഹോഃ ബലം-വ്യക്തം-വക്തി-

അർത്ഥം—ഞാൻ ശൌരിയല്ല (ശ്രീകൃഷ്ണൻ അല്ല) മുസലി
(ബലഭദ്രൻ) അല്ല,-അനിരുദ്ധൻ അല്ല, സാംബൻ അല്ല, പ്രദ്യു
മ്നൻ അല്ല, ഞാൻ ഭുവനവിദിതനാം (ലോകവിശ്രുതനാം) പാണ്ഡ
വനാം (പാണ്ഡുപുത്രനാം) അയ ഫൽഗുനൻ ആകുന്നു, ചണ്ഡമായ
(ക്രൂരമായ) കോദണ്ഡകാണ്ഡത്താൽ (ചാപദണ്ഡത്താൽ) പ്രൌഢ
വ്രാഘാതങ്ങളോടുകൂടിയ (കഠിനതാഡനങ്ങളോടുകൂടിയ) വ്രണഗണങ്ങളുടെ
(വ്രണക്കൂട്ടങ്ങളുടെ) കിണഗ്രന്ഥികളോടു (തഴമ്പിച്ചമുഴകളോടു) കൂടി
യ സ്മരഹരശിരസ്സ് (ശിവന്റെ തല) എന്റെ ബാഹുക്കളുടെ ബല
ത്തെ (കൈക്കരുത്തിനെ) വ്യക്തമായിട്ട് (സ്പഷ്ടമായിട്ട്) പറയുന്നു.

കാട്ടാളവേഷത്തെ ധരിച്ചുവന്ന ശ്രീ പരമേശ്വരൻെറ തല അടിച്ചു് പൊട്ടിച്ചതിനാൽ സന്തുഷ്ടനായ അദ്ദേഹത്തിൽ നിന്നും പാശുപതാസ്ത്രം വാങ്ങിയിരിക്കുന്നതുകൊണ്ടുതന്നെ എൻെറ വീര്യം സ്പഷ്ടമായിട്ട് സകലലോകത്തിലും അറിയാം. ആ ഞാൻ വിചാരിച്ചാൽ തനയനെ രക്ഷിക്കുന്നതു നിഷ്പ്രയാസമാണ് എന്നു അർജ്ജുനൻെറ അഭിപ്രായം॥

അർജ്ജുനൻ സകല ജനങ്ങളുടെയും മുൻപിൽ പുത്രനെ രക്ഷിച്ചു കൊടുക്കാം എന്നു സത്യം ചെയ്യുന്നു.

ശൃണുത ശൃണുത സർവ്വേ പാണ്ഡുസൂനോഃ പ്രതിജ്ഞാം।
സദസി പുനരപത്യം ഭാവി ഭൂമീസുരസ്യ–
കരധൃതശരചാപഃ പാലയിഷ്യാമി, നോ ചേൽ
സകലജനസമക്ഷം സന്നിവേക്ഷ്യേ ഹുതാശം॥ ൧൬॥

അന്വയം—ഹേ സർവ്വേ! പാണ്ഡുസൂനോഃ- സദസി- പ്രതിജ്ഞാം ശൃണുത-ശൃണുത, പുനഃ-ഭാവി-ഭൂമീസുരസ്യ-അപത്യം- കരധൃതശരചാപഃ- പാലയിഷ്യാമി- നോചേൽ- സകലജനസമക്ഷം- ഹുതാശം- സന്നിവേക്ഷ്യേ-

അർത്ഥം—അല്ലയോ സർവ്വന്മാരെ (സകലജനങ്ങളെ) പാണ്ഡുസൂനുവിൻെറ (അർജ്ജുനൻെറ) സദസ്സിലെ (സഭയിലെ) പ്രതിജ്ഞയെ (സത്യത്തെ) കേട്ടാലും കേട്ടാലും,- എനിയും ഭാവിയായ (ഉണ്ടാകുന്നതായ) ഭൂമീസുരൻെറ അപത്യത്തെ(ബ്രാഹ്മണൻെറ കുട്ടിയെ) കരധൃതശരചാപനായിട്ട് (കയ്യിൽ ധരിക്കപ്പെട്ട ശരത്തോടും ചാപത്തോടും കൂടിയവനായിട്ടു ഞാൻപാലിക്കുന്നുണ്ട്, അല്ലെങ്കിൽ സകലജന സമക്ഷം (സർവ്വജനങ്ങളുടേയും മുൻപിൽവച്ചു്) ഹുതാശനെ (അഗ്നിയെ) സന്നിവേശിക്കുന്നുണ്ട്. (പ്രാപിക്കുന്നുണ്ട്) ഇനിയുമുണ്ടാകുന്ന ബ്രാഹ്മണപുത്രനെ രക്ഷിച്ചുതരാത്തപക്ഷം അർജ്ജുനൻ അഗ്നിപ്രവേശം ചെയ്യുന്നുണ്ട് എന്നു സാരം)

അർജ്ജുനൻെറ വാക്കുകേട്ടിട്ട് ബ്രാഹ്മണനു സന്തോഷം ഉണ്ടായി എന്നുപറയുന്നു.

കൃഷ്ണപ്രണാള്യാഖിലപ്രസാരീ കൃഷ്ണാരിവാക്യാമൃതസാന്ദ്രപൂരഃ-
അമാന്നിവാന്തർബ്ബഹിരുല്പ്പപാത പ്രമോദജന്മാശ്രുമിഷാദമുഷ്യ ൧൭

അന്വയം — കൃഷ്ണപ്രണാള്യാം- അഖിലപ്രസാരീ- കൃഷ്ണാരിവാക്യാമൃതസാന്ദ്രപൂരഃ-ഇ-അമുഷ്യ- അന്തഃ- അമാൻ- ഇവ പ്രമോദജന്മാശ്രുമിഷാൽ-ബഹിഃ- ഉൽപ്പപാത-

അൎത്ഥം — കൎണ്ണപ്രണാളിയിൽകൂടെ (ചെവിയാകുന്ന ഓവിൽകൂടെ) അഖിലപ്രസാരിയായ (എല്ലായിടവും വ്യാപിച്ചതായ) ഉള്ളിൽ പ്രവേശിച്ച എന്നസാരം. കൎണ്ണാരിയുടെ (അൎജ്ജുനന്റെ) വാക്യമാകുന്ന അമൃതത്തിന്റെ സാന്ദ്രപൂരം (ഇളതിങ്ങിയ പ്രവാഹം) ഇദ്ദേഹത്തിന്റെ (ബ്രാഹ്മണന്റെ) അന്തൎഗ്ഗതത്തിൽ (ഉള്ളിൽ) അമാനോ (കൊള്ളാഞ്ഞിട്ടോ) എന്നതോന്നുമാറു് പ്രമോദജന്മമായ അശ്രുവിന്റെ വ്യാജത്താൽ (സന്തോഷാശ്രുവെന്ന കള്ളത്താൽ) വെളിയിൽ ഉത്പതിച്ചു (പുറപ്പെട്ടു) അൎജ്ജുനന്റെ വാക്കു കേട്ടിട്ടു് ബ്രാഹ്മണനു് സന്തോഷമുണ്ടായി എന്നസാരം. കൎണ്ണപ്രണാള്യാസ്ഖലിതപ്രസാരി-എന്നും-പാഠഭേദംകാണുന്നു.

ഗദ്യം-൪-അഥ പൃഥിവീസുരവരഃ പൃഥാസുതമുഖേന്ദുഗളിതവചനാമൃതൈരാത്മീയകൎണ്ണാഞ്ജലിപുടസംഭൃതൈരഭിഷിച്യ പൃഥുലപൃഥുകശോകപാവകപരിപ്ലുഷ്ടാം പ്രണയിനീമനോരഥവല്ലീം പല്ലവയാമാസ.

അൎത്ഥം — അനന്തരം പൃഥിവീസുരൻ (ബ്രാഹ്മണൻ) ആത്മീയകൎണ്ണാഞ്ജലിപുടസംഭൃതങ്ങളായ (തന്റെ കൎണ്ണങ്ങളാകുന്ന അഞ്ജലിപുടങ്ങളാൽ സംഭരിച്ചിരിക്കുന്ന) തന്റെ ചെവികളാകുന്ന കൈക്കുമ്പിളുകൊണ്ടു് എടുത്തിരിക്കുന്ന എന്നസാരം. പൃഥാസുതന്റെ (അൎജ്ജുനന്റെ) മുഖമാകുന്ന ഇന്ദുവിങ്കൽ (ചന്ദ്രങ്കൽ) നിന്നു് ഗളിതങ്ങളായ (പുറപ്പെട്ട) അമൃതങ്ങളെക്കൊണ്ടു് അഭിഷേകംചെയ്തിട്ടു് (നനച്ചിട്ടു്) പൃഥുലമായ (മഹത്തായ) പൃഥുകശോകമാകുന്ന (പുത്രദുഃഖമാകുന്ന) പാവകനാൽ (അഗ്നിയാൽ) പരിപ്ലുഷ്ടയായ (തപിപ്പിക്കപ്പെട്ടതായ) പ്രണയിനിയുടെ (സ്വഭാൎയ്യയുടെ) മനോരഥമാകുന്ന വല്ലിയെ (ലതയെ) പല്ലവിപ്പിച്ചു (തളിൎത്തുകൂടിയതാക്കിച്ചെയ്തു. കരിഞ്ഞുകിടക്കുന്ന ലതയെ വെള്ളംകോരി നനച്ചപ്പോഴത്തേപ്പോലെ ബ്രാഹ്മണൻ അൎജ്ജുനന്റെ വാക്കുപറഞ്ഞുകേൾപ്പിച്ചു് ബ്രാഹ്മണപത്നിയ്ക്കു് അത്യധികം സന്തോഷമുണ്ടാക്കി എന്നസാരം.

ദിനേ ദിനേ പുത്രജുഷാ വിനോദയം
സമൈവ മാസേഷു ഗതേഷു കേഷുചിൽ
സമം പ്രമോദേന നിജോദരേ സതി
പുനസ്സഖാ ഗൎഭം ബിഭരാംബഭൂവ സാ॥ ൧൨

അന്വയം — ദിനേ-ദിനേ-വിനോദയം-പുത്രജുഷാ-ഏവ-കേഷുചിൽ മാസേഷു-ഗതേഷു- സതി-സാ-പ്രമോദേന- സമം പുനഃ-ച-നിജോദരേ- ഗൎഭം-ബിഭരാംബഭൂവ-

അൎത്ഥം — ദിനങ്ങളുകൾ ദിനങ്ങൾ (ദിവസംതോറും) വി

* ഹൃദ്യ

സോഢയായ (വിശേഷേണ സഹിയ്ക്കപ്പെട്ട) പുത്രദുഃഖത്തിനോടു (പുത്രശോകത്തോടു) കൂടിത്തന്നെ ചില മാസങ്ങൾ ഗതങ്ങളായപ്പോൾ (കഴിഞ്ഞപ്പോൾ) സതി (പതിവ്രത)യായ അവൾ (വിപ്രപത്നി) പ്രമോദത്തോടു (സന്തോഷത്തോടു)കൂടെ-പിന്നെയും നിജോദരത്തിൽ (തന്റെ വയറ്റിൽ) ഗർഭത്തെ ധരിച്ചു (പിന്നീടും വിപ്രപത്നിയ്ക്കു പത്താമത്തെ ഗർഭം ഉണ്ടായപ്പോൾ സന്തോഷം അധികമായി എന്നു സാരം)

പ്രത്യാസന്നേ പ്രസവസമയേ വിപ്രവര്യസ്സധൈര്യഃ-
പ്രോചേ പാർത്ഥം സകലകകുഭാം ജിത്വരം സത്വരം സഃ
ആകർണ്യൈതദ് ഗദിതമുദിതാനന്ദമന്തർദ്വിജസ്യ
പ്രാപ്യാഗാരം വ്യതനുത ശരൈസ്സൂതികാപഞ്ജരം സഃ॥ ൧൪

അന്വയം—പ്രസവസമയേ-പ്രത്യാസന്നേ-സഃ വിപ്രവര്യഃ-സധൈര്യഃ-സകലകകുഭാം ജിത്വരം-പാർത്ഥം-സത്വരം പ്രോചേ-സഃ-ഏതദ്ഗദിതം ആകർണ്യ-അന്തഃ- ഉദിതാനന്ദം-ദ്വിജസ്യ-അഗാരം-പ്രാപ്യ-ശരൈഃ-സൂതികാപഞ്ജരം വ്യതനുത-

അർത്ഥം—പ്രസവസമയം പ്രത്യാസന്നമായപ്പോൾ (അടുത്തപ്പോൾ) ആ വിപ്രവര്യൻ (ബ്രാഹ്മണശ്രേഷ്ഠൻ) സധൈര്യനായിട്ടു (അർജ്ജുനവാക്യത്താൽ ധൈര്യത്തോടുകൂടിയവനായിട്ട്) സകലകകുപ്പുകളുടെ (ദിക്കുകളുടെ) ജിത്വരനായ (ജയശീലനായ) പാർത്ഥനോടു (അർജ്ജുനനോടു) സത്വരം (സംഭ്രമത്തോടുകൂടെ) പറഞ്ഞു. അദ്ദേഹം (അർജ്ജുനൻ) ഏതൽഗദിതത്തെ (ഈ ബ്രാഹ്മണന്റെ വാക്കിനെ) കേട്ടിട്ട് അന്തർഭാഗത്തിൽ (ഉള്ളിൽ) ഉദിതാനന്ദമാകുംവണ്ണം (ഉണ്ടായ സന്തോഷത്തോടുകൂടുംവണ്ണം) ദ്വിജന്റെ അഗാരത്തെ (ഭവനത്തെ) പ്രാപിച്ചിട്ടു ശരങ്ങൾകൊണ്ടു സൂതികാപഞ്ജരത്തെ ചെയ്തു (ശരകൂടമുണ്ടാക്കി)

അന്തഃ പ്രവിശ്യ പുനരസ്യ പതിവ്രതായാം
മന്ദസ്ഫുരത്പ്രസവസങ്കടതീവ്രതായാം
അശ്രാന്തമക്ഷ്യവഹിതഃ പ്രഹിതാന്തരക്ഷി-
സ്സന്ദധേ സ ഗാണ്ഡിവശരാസനമന്തരിക്ഷേ॥ ൧൫

അന്വയം—പതിവ്രതായാം-അസ്യ-അന്തഃ- പ്രവിശ്യ-മന്ദസ്ഫുരത്പ്രസവസങ്കടതീവ്രതായാം--സഃ അവഹിതഃ-അശ്രാന്തം-അക്ഷ്ണി- പ്രഹിതാന്തരക്ഷിഃ- ഗാണ്ഡിവശരാസനമന്തരിക്ഷേ- സന്ദധേ-

അർത്ഥം—പതിവ്രത (സാധ്വിയായ വിപ്രപത്നി) ഇതിന്റെ (ശരകൂടത്തിന്റെ) അന്തർഭാഗത്തിൽ (അകത്തു) പ്രവേശിച്ചി-

ട്ട് ഉള്ളിൽ സ്ഫുരന്തിയായ (പ്രകാശിച്ചിരിക്കുന്നതായ) പ്രസവസങ്കടതീവ്രതയോട് (പ്രസവവേദനയുടെ 'കാഠിന്യത്തോട്') കൂടിയിരിക്കുമ്പോൾ, അദ്ദേഹം (അർജ്ജുനൻ) അവഹിതനായി (അപ്രമത്തനായി) ധൈര്യത്തോടുകൂടിയവനായി എന്നു സാരം। എട്ടുദിക്കുകളിലും പ്രഹിതാന്തർദൃഷ്ടിയായി (പ്രേരിപ്പിക്കപ്പെട്ട ആത്മജ്ഞാനത്തോടുകൂടിയവനായി); ഗാണ്ഡീവമാകുന്ന ശരാസനത്തിൽ (വില്ലിൽ) ദത്തയായ ദൃഷ്ടിയോടുകൂടിയവനായിട്ട് സ്ഥിതിചെയ്തു. (തന്റെ ആത്മജ്ഞാനത്തെ എട്ടുദിക്കുകളിൽ വിട്ടും വില്ലിൽ നോക്കിക്കൊണ്ടും നിന്നു എന്നു സാരം) ഗാണ്ഡീവശരാസനദത്തമുഷ്ടിഃ എന്നും പാഠം ഉണ്ട് അപ്രകാരമാകുമ്പോൾ തന്റെ കണ്ണുകളെ എട്ടുദിക്കിൽ നോക്കിയും വില്ലിൽ മുഷ്ടികൊണ്ടു പിടിച്ചുകൊണ്ടും നിന്നു എന്ന് അർത്ഥം)

> ജാതം ജാതമപത്യമക്ഷിയുഗളഗ്രാഹ്യം-
>   ക്ഷണം തത് പുനഃ-
> സ്ത്വന്തർധിം ദ്രുതമഭ്രവൈദ്യുതമിവ-
>   ജ്യോതിർജ്ജഗാമ പുരഃ
> ഹാഹാ നിഷ്കരുണേന ദൈവഹത-
>   കേനൈതേ ജനാ വഞ്ചിതാ
> ഇത്യുച്ചൈഃ കരുണം പ്രലാപമശൃണോ-
>   ത്തസ്മിൻ ക്ഷണേ പാണ്ഡവഃ॥ ൭൩॥

അന്വയം — അപത്യം- ജാതം-ജാതം, തത്-പുനഃ-ക്ഷണം- അക്ഷിയുഗളഗ്രാഹ്യം-പുരഃ-അഭ്ര- വൈദ്യുതം-ജ്യോതിഃ-ഇവ-ദ്രുതം- അന്തർധിം- ജഗാമ- ഹാഹാ-നിഷ്കരുണേന- ദൈവഹതകേന- ഏതേ-ജനാഃ-വഞ്ചിതാഃ-ഇതി- തസ്മിൻ-ക്ഷണേ-പാണ്ഡവഃ- ഉച്ചൈഃ-കരുണം-വിലാപം-അശൃണോത്।

അർത്ഥം — അപത്യം-ജാതമായി ജാതമായി (കുട്ടി ഉണ്ടായി ഉണ്ടായി) അതാകട്ടെ (ആ കുട്ടിയാകട്ടെ) ക്ഷണനേരം അക്ഷിയുഗളഗ്രാഹ്യമായിട്ട് (രണ്ടുകണ്ണിനും കാണ്മാൻ യോഗ്യമായിട്ട്) പുരോഭാഗത്തിൽ (മുൻപിൽ) ഇപ്പോൾ വൈദ്യുതമായ ജ്യോതിസ്സുപോലെ (മിന്നൽപോലെ) വേഗത്തിൽ അന്തർധിയെ പ്രാപിച്ചു (മറഞ്ഞു) കഷ്ടം കഷ്ടം നിഷ്കരുണനായ (നിർദ്ദയനായ) ദൈവഹതകനാൽ (ദുഷ്ടദൈവത്താൽ) ഈ ജനങ്ങൾ വഞ്ചിതന്മാരായി (ദൈവം ഈ ജനത്തെ ചതിച്ചു) എന്നിങ്ങനെ ആ ക്ഷണത്തിൽ പാണ്ഡവൻ ഉച്ചൈസ്സുകൊണ്ടും (ഉറക്കെ) കരുണമായ വിലാപത്തെ (ദീനസ്വരത്തെ) ശ്രവിച്ചു (കേട്ടു)

ഗദ്യം— അഥ തഥാ വിതഥമനോരഥഃ പൃഥിവീസുരവരോ വിസ്രംഭലപ്രസാരിണീഭിരശ്രുധാരാഭിരനുപദം തമുദ്ഗതമന്യുപായൻ "ഹാ ധിഗമുനാ ജനേന മൂഢജനമൂർദ്ധാഭിഷിക്തേന ക്ലീബജനാഗളഗളിതഗർജ്ജിതവിസ്രബ്ധചകിതേന സരസസുധാരസതരംഗിതശിശിരതരകടാക്ഷാലോകക്ഷുസ്സരസിജഹഫാക്ഷേണാപ്യവജ്ഞാതഃ" കഥം പുനരമും കൃപണജനബന്ധും കൃപാസിന്ധും ദ്രക്ഷ്യാമി വക്ഷ്യാമി ച ദശാമിമാം? ഛലിതോഽഹമമുനാ ശഠേനേത്യപത്യലോപശതഗുണിതമന്യുശ്ശതമന്യുസൂനും സമാചഷ്ട.

അർത്ഥം— അനന്തരം (ആത്മാസ്പദത്തെ കേട്ടതിനുശേഷം) അപ്രകാരം വിതഥമനോരഥനായ (നിഷ്ഫലമായ ആഗ്രഹത്തോടുകൂടിയവനായ) പൃഥിവീസുരവരൻ (ബ്രാഹ്മണശ്രേഷ്ഠൻ) വിസ്രംഭലപ്രസാരിണികളായ (തടവില്ലാതെ ഒഴുകുന്ന) അശ്രുധാരകളെക്കൊണ്ട് (കണ്ണുനീർധാരകളെക്കൊണ്ട്) അനുപദം (പദംതോറും) ആ ഉദ്ഗതമന്യു (പ്രകടമായ) അന്യുപായനായിട്ട് (ജലപ്രായപ്രദേശമാക്കി ചെയ്യുന്നവനായിട്ട് നനയ്ക്കുന്നവനായിട്ട് എന്നു സാരം) കഷ്ടം! കഷ്ടം മൂഢജനങ്ങളുടെ മൂർദ്ധാഭിഷിക്തനും (അധിപതിയും) ഏററവും മൂഢനും എന്നു സാരം. ക്ലീബജനത്തിന്റെ (നപുംസകജനത്തിന്റെ) ഗളത്തിൽനിന്നു ഗളിതമായ ഗർജ്ജിതത്തിൽ (വൃഥാലാപത്തിൽ) വിസ്രബ്ധചകിതനും (വിശ്വസിച്ചവനും ആയ) അമുനാ ജനേന (ഈ ജനത്താൽ) സരസമായ സുധാരസംകൊണ്ടു തരംഗിതവും (വർദ്ധിച്ചതും) ശിശിരതരവും (ഏററവും തണുത്തതും) ആയ കടാക്ഷാലോകത്തോടു കൂടിയ (കടാക്ഷത്തെ വർഷിക്കുന്നവനായ) സരസീജാക്ഷനും (ശ്രീകൃഷ്ണനും) അവജ്ഞാതനായി (അവമാനിക്കപ്പെട്ടവനായി) മൂഢനായ അർജ്ജുനന്റെ വാക്ക വിശ്വസിച്ചു ശ്രീകൃഷ്ണനെയുംകൂടി അവമാനിച്ചു എന്നു സാരം) ഇനിയും എങ്ങിനെ കൃപണജനബന്ധുവും (ആർത്തബന്ധുവും) കൃപാസിന്ധുവും (ദയാസമുദ്രവും) ആയ ഇദ്ദേഹത്തെക്കാണും. ഈ ദശയെ (അവസ്ഥയെ) എങ്ങിനെ പറയും. ശഠേന അമുനാ (മൂഢനായുള്ളവനാൽ) ഞാൻ ഛലിതനായി (വഞ്ചിതനായി) എന്നിങ്ങനെ ഓരോന്നു പറഞ്ഞിട്ട് അപത്യലോപത്താൽ (പുത്രനാശത്താൽ) ശതഗുണിതമന്യുവായിട്ട് (നൂറുഗുണം കോപത്തോടുകൂടിയവനായിട്ട്) ശതമന്യുസൂനുവിനോടു (ഇന്ദ്രപുത്രനായ അർജ്ജുനനോട്) ആഖ്യാനം ചെയ്തു (പറഞ്ഞു).

സത്യവ്രതസ്യ ജഗതി പ്രഥിതസ്യ തസ്യ
ധർമ്മാത്മജസ്യ ധുരി ധർമ്മഭൃതാം സ്ഥിതസ്യ।
ചിള്ളാഭവന്തമനനമമുഷ്യ ലോക-
ന്നാലോകയിഷ്യതി കഥം തവ ശേഷമിത്രൈഃ ൧൫

അന്വയം — സത്യവ്രതസ്യ-ജഗതി-പ്രഥിതസ്യ- ധർമ്മഭൃതാം-ധുരി-സ്ഥിതസ്യ- തസ്യ- ധർമ്മാത്മജസ്യ-ആനനം-തവ-ദുശ്ചരിതൈഃ വ്രീളാഭരാവനതം- ബത- അദ്യ- ലോകഃ-കഥം-ആലോകയിഷ്യതി-

അർത്ഥം: — സത്യവ്രതനും (സത്യനിഷ്ഠനും) ജഗത്തിൽ (ലോകത്തിൽ) പ്രഥിതനും (പ്രസിദ്ധനും) ധർമ്മഭൃത്തുകളുടെ ധുരിൽ (ധർമ്മമുള്ളവരുടെ മുൻപിൽ) സ്ഥിതനും ആയ ആ ധർമ്മാത്മജന്റെ (ധർമ്മപുത്രന്റെ) ആനനത്തെ (മുഖത്തെ) നിന്റെ ദുശ്ചരിതങ്ങൾകൊണ്ട് (ദുഷ്പ്രവൃത്തികൾകൊണ്ട്) വ്രീളാഭരാവനതമായിട്ട് (ലജ്ജാതിശയത്താൽ നമ്രമായിട്ട്) ഇപ്പോൾ ലോകം (ജനം) എങ്ങിനെ ആലോകനംചെയ്യും (കാണും) നിന്റെ ദുഷ്പ്രവൃത്തിനിമിത്തം ധർമ്മനിഷ്ഠനായ ധർമ്മപുത്രർക്കുകൂടി അപകീർത്തിയുണ്ടാകുന്നതു കഷ്ടമാണ് എന്നു സാരം।

പൂർവ്വം ഗർവ്വസമന്വിതം മമ പുരഃ കിം കിം ന സംജല്പിതം
വീരമ്മന്യ! വൃഥാ ത്വയാ സശപഥം മൗഢ്യേന മദ്ധ്യേസഭം।
ആസ്താം തത് സകലം യഥേഹ വിഷഹേ പാപസ്തഥാ തേ പിതാ
പുത്രാപത്തിദുഃഖം ശചീപരിവൃഢഃ സോഢാ കഥം കഥ്യതാം॥

അന്വയം — ഹേ! വീരമ്മന്യ! പൂർവ്വം-മദ്ധ്യേസഭം-ത്വയാ മൗഢ്യേന-ഗർവ്വസമന്വിതം-മമ-പുരഃ-വൃഥാ-സശപഥം-കിംകിം ന സംജല്പിതം-തത്-സകലം- ആസ്താം, യഥാ-പാപഃ- (അഹം) ഇഹ-പുത്രാപത്തിദുഃഖം-വിഷഹേ, തഥാ-തേ-പിതാ-ശചീപരിവൃഢഃ- പുത്രാപത്തിദുഃഖം- കഥം-സോഢാ- കഥ്യതാം.

അല്ലയോ വീരമ്മന്യ! (ആത്മാവിനെ വീരനാണെന്നു തന്നെ വിചാരിക്കുന്നവനേ) മുൻപ് സഭാമദ്ധ്യത്തിൽവച്ചു നിന്നാൽ മൗഢ്യം (മൂഢത്വം) നിമിത്തം ഗർവ്വസമന്വിതമായി (ഗർവ്വോടുകൂടെ) എന്റെ പുരോഭാഗത്തിൽ വെറുതെ സശപഥം (സത്യംചെയ്തു്) എന്തു് എന്തു് സംജല്പിതമായില്ല (പറയപ്പെട്ടില്ല) "നാഹം ശൗരി:" ഇത്യാദി വളരെ ഘോഷിച്ചു എന്നു സാരം. അതു സകലം ഇരിക്കട്ടെ. (അതൊക്കെ പോകട്ടെ) യാതൊരു പ്രകാരം പാപനായ ഇജ്ജനം ഇവിടെ പുത്രാപത്തിദുഃഖത്തെ (പുത്രാപായംകൊണ്ടുള്ള ദുഃഖത്തെ) സഹിക്കുന്നു. അപ്രകാരം നിന്റെ പിതാവായ ശചീപരിവൃഢൻ (ഇന്ദ്രൻ) പുത്രാപത്തിദുഃഖത്തെ എങ്ങിനെ സഹിക്കും. കഥിക്കപ്പെട്ടാലും (പറയപ്പെട്ടാലും) ബ്രാഹ്മണൻ പുത്രദുഃഖത്തെ സഹിക്കുന്നതുപോലെ അർജ്ജുനൻ ഇപ്പോൾ അഗ്നിയിൽ ചാടി മരിക്കുമ്പോൾ ഇന്ദ്രൻ എങ്ങിനെയാണു പുത്രദുഃഖത്തെ സഹിക്കുന്നതു്. ഇനിയും ഉണ്ടാകുന്ന പുത്രനെ രക്ഷിക്കാം എന്നു പ

ത്തെപ്പോലെ ചെയ്യായ്കയാൽ അഗ്നിയിൽ ചാടാൻ താമസി ക്കണ്ട എന്ന് ബ്രാഹ്മണന്റെ അഭിപ്രായം.

വിദ്യാമാസാദ്യ സദ്യശ്ശതമഖമുഖദി-
ങ്നായകാനാം നികായ്യേ
ഷ്വന്വിഷ്യാന്വിഷ്യ സൂനും ധരണിസുമന-
സശ്ചണ്ഡകോദണ്ഡകാണ്ഡഃ
അന്തസ്സന്താപലജ്ജാഭരഭരണപരി-
മ്ലാനവക്ത്രാംബുജശ്രീർ
ഭൂയോപി ദ്വാരവത്യാം സ ഖലു നിവവൃതേ
തത്ര പാർത്ഥോഽപ്യപാർത്ഥഃ ॥൨൦॥

അന്വയം — സദ്യഃ-വിദ്യാം-ആസാദ്യ-ശതമഖമുഖദിങ്നായകാനാം നികായ്യേഷു-ചണ്ഡകോദണ്ഡകാണ്ഡഃ ധരണിസുമനസഃ-സൂനും-അന്വിഷ്യ-അന്വിഷ്യ സഃ-പാർത്ഥഃ-അപി അപാർത്ഥഃ-അന്തഃ-സന്താപലജ്ജാഭരഭരണപരിമ്ലാനവക്ത്രാംബുജശ്രീഃ. ഭൂയഃ-അപി-തത്ര-ദ്വാരവത്യാം ഖലു-നിവവൃതേ.

അർത്ഥം — തൽക്ഷണം വിദ്യയെ (യോഗവിദ്യയെ) ആസാദിച്ചിട്ട് (എടുത്തിട്ട്) ശതമഖമുഖദിങ്നായകന്മാരുടെ (ഇന്ദ്രാദിദിക്പാലകന്മാരുടെ) നികായ്യങ്ങളിൽ (ഭവനങ്ങളിൽ) ചണ്ഡകോദണ്ഡകാണ്ഡനായിട്ട് (ഭയങ്കരമായ ധനുർബ്ബാണത്തോടുകൂടിയവനായിട്ട്) ധരണിസുമനസ്സിന്റെ (ബ്രാഹ്മണന്റെ) സൂനുവിനെ (പുത്രനെ) പിന്നെയും പിന്നെയും അന്വേഷിച്ചിട്ട് ആ പാർത്ഥനും (അർജ്ജുനനും) അപാർത്ഥനായിട്ട് (പാർത്ഥനല്ലാത്തവനായിട്ട് എന്നു വിരോധം) അപഗതമായ അർത്ഥത്തോടുകൂടിയവനായിട്ട് (കാര്യം ലഭിക്കാത്തവനായിട്ട് എന്നു പരിഹാരം) ഉള്ളിലുള്ള സന്താപലജ്ജാഭരത്തിന്റെ ഭരണത്താൽ പരിമ്ലാനമായ (വാടിയ) വക്ത്രാംബുജശ്രീയോടു (മുഖപത്മത്തിന്റെ ശോഭയോടു) കൂടിയവനായിട്ട് പിന്നെയും ആ ദ്വാരവതിയിൽത്തന്നെ നിവർത്തിച്ചു (തിരിച്ചുവന്നു).

ഗദ്യം ൩-അഥച വാരിനിമഗ്ന ഇവ വാരണപതിർദ്ദീർഘനിശ്വാസപിശുനിതഹൃദയസന്താപസ്സാർദ്ധഗാമുകൈഃ----യോരസിജാത നിമജ്ജനാജ്ജനിതജഡിമതയാ ശമയിതുമിവ ധനഞ്ജയോപി ധനഞ്ജയമേധോരസ്സമേയായ മനസാ.

അർത്ഥം — അത്രതന്നെയുമല്ല അനന്തരം വാരിനിമഗ്നനായ (ഗജബന്ധനസ്ഥാനത്തിൽ അകപ്പെട്ടവനായ) വാരണപതിയെന്നപോലെ (ഗജശ്രേഷ്ഠനെന്നപോലെ) ദീർഘനിശ്വാസത്താൽ പിശുനിതമായ (സൂചിതമായ) ഹൃദയസന്താപത്തോടുകൂടിയ ധനാ

ജയനും (അർജ്ജുനനും) താദൃക്കായ അനവദ്യപയോരാശിയുടെ മാറ
ത്തിൽ ഉള്ള നിമജ്ജനത്താൽ ജനിതമായ ജഡിമാവിന്റെ ശിശി
രിമ (തണുപ്പിക്കുന്നതിനുള്ള ഇച്ഛ) ഹേതുവായിട്ടോ എന്നു തോന്നുമാ
റ് (ആപ്രകാരമുള്ള അപകീർത്തിയാകുന്ന സമുദ്രത്തിന്റെ ഉള്ളിൽ
മുങ്ങുകയാൽ ഉണ്ടായ തണുപ്പിനെ കളയാനുള്ള ആഗ്രഹത്താലോ
എന്നു തോന്നുമാറ്) വേഗത്തിൽ ഏധസ്സുകം (വിറകുകം)കൊണ്ടു
"ഇന്ധനംത്വേധഇധ്മമേധഃ" എന്ന് അമരം. ധനഞ്ജയനെ (അ
ഗ്നിയെ) "വീതിഹോത്രോ ധനഞ്ജയഃ" എന്ന് അമരം. വർദ്ധിപ്പിച്ചു
അഗ്നിയിൽച്ചാടുന്നതിന് തിടുക്കവും കൂട്ടി എന്നു സാരം.

പ്രദക്ഷിണീകൃത്യ സുരേന്ദ്രസൂനാ-
വഹ്നായ വഹ്നൌ പതിതും പ്രവൃത്തേ।
തമന്തരായം തരസാഽചിരാംശു-
പീതാംബരഃ കൃഷ്ണഘനസ്തതാന ॥൨൦॥

അന്വയം — സുരേന്ദ്രസൂനൌ - പ്രദക്ഷിണീകൃത്യ - അഹ്നായ - വ
ഹ്നൌ - പതിതും - പ്രവൃത്തേ - അചിരാംശുപീതാംബരഃ - കൃഷ്ണഘനഃ -
തരസാ - തമന്തരായം - തതാന.

അർത്ഥം — സുരേന്ദ്രസൂനു (അർജ്ജുനൻ) പ്രദക്ഷിണീകരിച്ചി
ട്ട് (അഗ്നിയെ വലത്തുവച്ചിട്ട്) വേഗേന വഹ്നിയിൽ (അഗ്നിയിൽ)
പതിപ്പാനായിട്ട് (ചാടുന്നതിനായിട്ട്) പ്രവൃത്തനായപ്പോൾ (ഒ
രുമ്പെട്ടപ്പോൾ) അചിരാംശുപോലെ (മിന്നൽപോലെ) പീതമാ
യ അംബരത്തോടു (വസ്ത്രത്തോടു)കൂടിയ മേഘപക്ഷത്തിൽ മിന്ന
ലുകൊണ്ടു പീതമായ ആകാശത്തോടുകൂടിയ എന്നർത്ഥം. കൃഷ്ണ
ഘനം (കൃഷ്ണനാകുന്ന മേഘം) വേഗത്തിൽ തമന്തരായത്തെ (അതി
ന് പതിക്കുന്നതിന് വിഘ്നത്തെ) ചെയ്തു. അർജ്ജുനൻ അഗ്നിയി
ൽ ചാടാൻ ഭാവിച്ചപ്പോൾ ശ്രീകൃഷ്ണൻ തടുത്തു എന്നു സാരം.)

ഗദ്യം ൭ — അഥ ഖലു നിഖിലസുരാസുരനരതിര്യഗാദിവിവി
ധജീവനികായഹൃദയനിവാസഃ ശ്രീനിവാസഃ സ്വകീയം ഹൃദയാ
ന്തരമിവ സകലവിസ്രംഭഭാജനം ദിവ്യയുവതിഗീതവൈഭവശാലി
നം സവ്യസാചിനം ഉഭയഥാകൃതകൃഷ്ണവർത്മാനുസരണനിശ്ചയം നി
ശ്ചിത്യ സസംഭ്രമമന്തഃപുരാദാഗത്യ സഹോദ്യതിവ്യൂഹവിഫലിതഭവ
മഹിമാവഹോളാളിർത്ഥിതോദരകേളി ഗ്രഹിളാളിർത്ഥമഹിളാളിരപ്യനാമ
ന്ത്യ സുതാമപുത്രനിസ്ഥലഭക്തിസൂത്രനിയന്ത്രിതഹൃദയതയാ ത
ദാത്വോചിതപതാകാഭിസ്സജ്ജോപാധിപ്പാവാംസയുഗളാൽ പാദിശി
ഥിലം ഗാംഗേയപിശംഗമുത്തരാസംഗമുത്സൃജ്യ ശിഞ്ജിനിഭൂഷി
തവാതാവധൂതവനമാലാപരിമളലോലുപബലമാന മധുപകദംബകോലാ
ഹലത്താനയാത്രയാ വിചിത്രയാ ഗിരാ ... സശപഥനിവാ

രിതതരീയസാഹസകർമ്മാ ഘർമ്മാംബുജാലകപ്രാലേയബിന്ദുസന്ദോഹസുന്ദരമുഖാരവിന്ദഃ ശ്ലഥമാല്യബന്ധകുന്തളകലാപകമനീയഫാലബാലശിശിരദ്യുതിന്നികളേവമതിവികടം പശ്യൻ പ്രളയകാലകഠോരകിരണദ്യുവ സകലകാഷ്ഠാവഭാസപടീയസി ബഹളരോചിഷി ബർഹിഷി പാതനം പ്രാചീനബർഹിഷഃ സുതം തം സമജ്യസ്മലക്ഷ്മീസ്തനകസ്തൂരികാപത്രമകരേണ കരേണ പ്രഗൃഹ്യ ധരിത്രീപൃഷ്ഠമധിഷ്ഠാപയാമാസ ॥

അർത്ഥം—അനന്തരം നിഖിലന്മാരായ (സർവ്വന്മാരായ) സുരന്മാർ അസുരന്മാർ നരന്മാർ തിര്യക്കുകൾ (പക്ഷിമൃഗാദികൾ) തുടങ്ങിയ വിവിധജീവനികായങ്ങളുടെ (പലവിധജീവസംഘങ്ങളുടെ) ഹൃദയത്തിൽ വസിക്കുന്ന ശ്രീനിവാസൻ (ശ്രീകൃഷ്ണൻ) സ്വകീയമായ ഹൃദയാന്തരമെന്നപോലെ (തന്റെ വേറൊരു ഹൃദയമെന്നപോലെ) സകല വിസ്രംഭങ്ങൾക്കു (സകലവിശ്വാസങ്ങൾക്കു) ഭാജനവും (പാത്രവും) ദിവ്യയുവതികളാൽ ഗീതമായ (ഗാനം ചെയ്യപ്പെട്ടുന്ന) ഭവ്യയശസ്സിനാൽ (മംഗലകീർത്തിയാൽ) ശാലിക്കുന്നവനും (ശോഭിക്കുന്നവനും) ആയ സവ്യസാചിയെ (അർജ്ജുനനെ) ഉഭയഥാ കൃതമായ (രണ്ടുപ്രകാരത്തിലും ചെയ്യപ്പെട്ട) കൃഷ്ണവർത്മാനുസരണനിശ്ചയനെന്നു നിശ്ചയിച്ചിട്ടു (കൃഷ്ണവർത്മാവിന്റെ=അഗ്നിയുടെ. ശ്രീകൃഷ്ണന്റെ വഴിയുടെ എന്നും അനുസരണത്തിൽ ഉള്ള നിശ്ചയത്തോടുകൂടിയവനെന്നു വിചാരിച്ചിട്ട്) രണ്ടു പ്രകാരത്തിലും കൃഷ്ണവർത്മാവിനെ പ്രവേശിക്കാൻ നിശ്ചയിച്ചവനെന്നു വിചാരിച്ചിട്ടു എന്ന ഭാവം. സംഭ്രമത്തോടുകൂടെ അന്തഃപുരത്തിൽ നിന്നു ഉത്ഥാനംചെയ്തിട്ടു, (എഴുന്നേററിട്ടു) ദേഹദ്യുതിവ്യൂഹത്താൽ (ദേഹകാന്തി സമൂഹത്താൽ) വിഹിതയായ ദേവമഹിളാവഹേളയോടു കൂടിയവനും, (ദേവസ്ത്രീകൾക്കു നിന്ദയെ ചെയ്യുവനും,) ദരോദരകേളിയിൽ (ചൂതുകളിയിൽ) ഗ്രഹിളകളും, (തൽപ്പരകളും) ആയ മഹിളകളോടും (തന്റെ സ്ത്രീകളോടും) ആമന്ത്രിയ്ക്കാതെ (പറയാതെ) സുത്രാമപുത്രന്റെ (അർജ്ജുനന്റെ) നിസ്തുലഭക്തിസൂത്രത്താൽ (അസദൃശഭക്തിയാകുന്ന ചരടിനാൽ) നിയന്ത്രിതഹൃദയതയാൽ, (കെട്ടപ്പെട്ട മനസ്സോടുകൂടിയവനാകയാൽ) തദാതപത്തിൽ (തൽക്കാലത്തിൽ) ഉദിതപരയായ ത്വരയുടെ അതിസാരണത്താൽ (ഉദിച്ചതായ സംഭ്രമത്തിന്റെ പ്രാപ്തിയാൽ=ഉണ്ടായ സംഭ്രമത്താൽ എന്ന സാരം) പാരിപ്ലവമായ (ഇളകുന്ന) അംസയുഗളത്തിൽനിന്ന്, (രണ്ടു തോളിൽനിന്നു) പരിശിഥിലവും (താഴ്വീണതും) ഗാംഗേയം (സ്വർണ്ണം)പോലെ പിശംഗവും (ചുവന്നതും) ആയ ഉത്തരാസംഗത്തെയും (ഉത്തരീയത്തെയും) ഉത്സൃജിച്ചിട്ട് (കളഞ്ഞിട്ട്) ദീർഘനിശ്വാ

സിതവാതത്താൽ (ദീർഘശ്വാസമാകുന്ന വായുവിനാൽ) അവധൂതയായ (ഇളക്കപ്പെട്ട) വനമാലയുടെ (വന്യമാലയുടെ) പരിമളലോഭത്താൽ (സൌരഭ്യത്തിലുള്ള ആഗ്രഹത്താൽ) വലമാനങ്ങളായ (സഞ്ചരിക്കുന്ന) മധുപകലങ്ങളുടെ (വണ്ടിൻകൂട്ടങ്ങളുടെ) കോലാഹലത്താൽ ദത്താനുയാത്രയും (അനുയാത്രചെയ്യപ്പെട്ടവനും) വനമാലയുടെ മണത്താൽ ശബ്ദിച്ചുംകൊണ്ട് വണ്ടുകൾ പിന്നാലെ വരുന്നവനും, എന്നു സാരം. വിചിത്രയും ആയ ഗീരിനാൽ (വാക്കിനാൽ) ദൂരത്തിൽനിന്നുതന്നെ സശപഥമാകുംവണ്ണം (സത്യംചെയ്ത്) നിവാരിതതദീയസാഹസകർമ്മാവായിട്ടും (അർജ്ജുനന്റെ സാഹസകർമ്മത്തെ നിരോധിച്ചും) ഘർമ്മാംബുജാലകമാകുന്ന (വിയർപ്പുതുള്ളിക്കൂട്ടമാകുന്ന) പ്രാലേയബിന്ദുസന്ദോഹത്താൽ (പനിനീർത്തുള്ളിക്കൂട്ടത്താൽ) സുന്ദരമായ മുഖാരവിന്ദത്തോടുകൂടിയവനായിട്ടും ശ്ലഥമാല്യബന്ധമായ (മാലയായുള്ള ബന്ധനം അഴിഞ്ഞ) കുന്തളകലാപത്താൽ (കേശപാശത്താൽ) കമനീയമായ (സുന്ദരമായ) ഫാലബാലശശിരത്നത്തോടുകൂടിയവനായിട്ടും, (ബാലചന്ദ്രനെപ്പോലുള്ള നെറ്റിത്തടത്തോടുകൂടിയവനായും) നികടഭുവിനെ (അർജ്ജുനന്റെ സമീപദേശത്തെ) അതിസംഭ്രമത്തോടുകൂടെ പറ്റുമവനായിട്ട് (പ്രാപിച്ചിട്ട്) പ്രളയകാലകഠോരകിരണനെപ്പോലെ (കല്പാന്തസൂര്യനെപ്പോലെ) സകലകാഷ്ഠാവലേഹനപടീയസ്സും (സകലവിദിക്കുകളേയും ദഹിപ്പിക്കുന്നതിൽ സമർത്ഥനും—പ്രളയസൂര്യപക്ഷത്തിൽ സകലദിക്കുകളേയും ദഹിപ്പിക്കുന്നതു് എന്നർത്ഥം) ബഹുളരോചിസ്സും (വളരെ തേജസ്സുള്ളതും) ആയ ബർഹിസ്സിൽ (അഗ്നിയിൽ) പതന്നായ (ചാടാൻ ഭാവിക്കുന്ന) പ്രാചീനബർഹിസ്സിന്റെ സുതനെ (ഇന്ദ്രന്റെ പുത്രനെ—അർജ്ജുനനെ) "പ്രാചീനബർഹിർഹരിഹയൃതനാഷാഢം പുലോമജിത്" എന്നു അമരം. സമൃഷ്ടമായ (പരിമൃഷ്ടപ്പെട്ട) ലക്ഷ്മീസ്തനങ്ങളിലെ കസ്തൂരികാപത്രമകരത്തോടു (കസ്തൂരികൊണ്ടുള്ള മത്സ്യാകൃതിയായ പത്തിക്കീറുകളോടു) കൂടിയ ലക്ഷ്മിയുടെ സ്തനങ്ങളിൽ പതിക്കിരിക്കുന്നതാൻ അഭ്യസിച്ച എന്നു സാരം. കരംകൊണ്ട് തട്ടത്തിട്ട ധരിത്രീപൃഷ്ഠത്തെ അധിഷ്ഠാനം ചെയ്യിപ്പിച്ചു (ഭൂമിയിൽ പിടിച്ചിരുത്തി)

> കഥാശേഷാൻ ശേഷാനപി കില പൃഥായാസ്തനഭുവഃ
> സുധാമാനോർവ്വംശം പരിമൃഷിതമുക്താഭരണിവതം।
> സഖേ ത്വം സാഫല്യേർത്ഥേ വലമഥനമന്ദ്രാർദ്രനയനം
> കഥംകാരം കർത്തും ത്രിജഗദപവിത്രം വ്യവസിതഃ॥ ൮൫

അന്വയം—ഹേ സഖേ! ത്വം-സാഫല്യേ-അർത്ഥേ- ശേഷാൻ-പൃഥായാഃ-തനഭുവഃ-അപി-കഥാശേഷാൻ, സുധാമാനോഃ-വംശം-

പരിമൃഷ്ടിതമുക്താമണിവരം - വലമഥനം- അസ്രാർദ്രനയനം- ത്രിജഗത്- അപവീരം- കർത്തും- കഥംകാരം- വ്യവസിതഃ-

അർത്ഥം — അല്ലയോ സഖേ! നീ സ്വല്പമായ അർത്ഥത്തിൽ (സ്വല്പകാര്യത്തെ ഉദ്ദേശിച്ച്) ശേഷന്മാരായ പൃഥയുടെ തനൂജകളെയും (ശേഷിച്ച ധർമ്മാദികളായ കുന്തീപുത്രന്മാരെയും) കഥാശേഷന്മാരാക്കിയും (നിന്റെ വിരഹത്താൽ കഥമാത്രം ശേഷിച്ചവരാക്കിയും) സുധാംശുവിന്റെ വംശത്തെ (ചന്ദ്രവംശത്തെ) പരിമൃഷ്ടിതമായ മുക്താമണിവരത്തോടുകൂടിയും (ശ്രേഷ്ഠമുത്ത് നശിച്ചതാക്കിയും) വലമഥനനെ (ഇന്ദ്രനെ) അസ്രത്താൽ (കണ്ണുനീരിനാൽ) ആർദ്രനയനനാക്കിയും (നനഞ്ഞകണ്ണുകളോടുകൂടിയവനാക്കിയും) ത്രിജഗത്തിനെ (മൂന്നുലോകത്തിനെ) അപവീരമാക്കിയും (വീരനോടുകൂടാത്തതാക്കിയും) ചെയ്യാനായിട്ട് എന്തിനാൽ വ്യവസിതനായി (കച്ചകെട്ടി) അല്ലയോ അർജ്ജുന! നീ അഗ്നിയിൽ ചാടിയാൽ തന്നിമിത്തം ധർമ്മപുത്രാദികൾകൂടി മരിക്കുന്നതിനും ചന്ദ്രവംശത്തിന്റെ പ്രധാനമണി നശിക്കുന്നതിനും പുത്രശോകത്താൽ ഇന്ദ്രന് വ്യസനമുണ്ടാകുന്നതിനും ലോകത്തിൽ വീരൻ ഇല്ലാതാകുന്നതിനും കാരണമാകും. അതിനാൽ എന്തിനാണ് സാഹസം തുടങ്ങാൻ ഭാവിക്കുന്നത് എന്നു സാരം.

ത്വം മേ സഖാ ത്വമസി മേ സുഹൃദംബുജാക്ഷ!
ത്വം മേ ഗുരുസ്ത്വമസി മേ പരദൈവതം ച
ഇത്യാദി മാം പ്രതി സഖേ! പ്രണിഗദ്യ പൂർവ്വം
തേന ത്വയാഹമധുനാ ന നിവേദിതഃ കിം॥ ൨൨॥

അന്വയം — ഹേ അംബുജാക്ഷ! ത്വം- മേ- സഖാ-, ത്വം- മേ- സുഹൃത്- അസി ത്വം- മേ- ഗുരുഃ- ത്വം- മേ- പരദൈവതം- ച- അസി- ഇതി- ഹേ- സഖേ- പൂർവ്വം- മാം- പ്രതി- പ്രണിഗദ്യ- തേന- ത്വയാ- അഹം- അധുനാ- കിം- ന- നിവേദിതഃ

അർത്ഥം — അല്ലയോ അംബുജാക്ഷ! (ശ്രീകൃഷ്ണ!) നീ എന്റെ സഖാവാകുന്നു. നീ എന്റെ സുഹൃത്തു(ബന്ധു)ആയി ഭവിക്കുന്നു. നീ എന്റെ ഗുരുവാകുന്നു, നീ എന്റെ പരദൈവതമായും ഭവിക്കുന്നു, എന്നിങ്ങനെ അല്ലയോ സഖേ! മുമ്പിൽ എന്നെക്കുറിച്ച് പറഞ്ഞിട്ടു ആ നിന്നാൽ ഇപ്പോൾ ഞാൻ എന്തുകൊണ്ടുവായിട്ട് നിവേദിതനായില്ല (അല്ലയോ അർജ്ജുന! നീ എന്നെ ബന്ധുവാണെന്നും മറ്റും ഘോഷിച്ചിട്ട് ഇപ്പോൾ ഇക്കാര്യം എന്താണ് പറയാഞ്ഞത്.)

ആലംബ്യ സഖ്യുഃ കരമംബുജാക്ഷഃ
കരേണ ഭൃത്യാർത്തിഹരേണ സദ്യഃ
ആശാസ്യഭൂഃ ഗോകുലസുന്ദരീണാം
പാശായുധാശാമഭിമുഖഃ പ്രതസ്ഥേ   ൫൩॥

അന്വയം—ഗോകുലസുന്ദരീണാം-ആശാസ്യഭൂഃ-അംബുജാക്ഷഃ-സദ്യഃ-ഭൃത്യാർത്തിഹരേണ- കരേണ-സഖ്യുഃ-കരം-ആലംബ്യ- പാശായുധാശാമഭിമുഖഃ-പ്രതസ്ഥേ-

അർത്ഥം —ഗോകുലസുന്ദരികളുടെ (ഗോപസ്ത്രീകളുടെ) ആശാസ്യഭൂതനായ (ആഗ്രഹത്തിനു വിഷയഭൂതനായ) അംബുജാക്ഷൻ (ശ്രീകൃഷ്ണൻ) തൽക്ഷണം ഭൃത്യാർത്തിഹരമായ കരംകൊണ്ട് (ഭൃത്യന്മാരുടെ ദുഃഖത്തെക്കളയുന്ന കൈകൊണ്ട്) സഖാവിന്റെ (സുഹൃത്തായ അർജ്ജുനന്റെ) കരത്തെ ആലംബിച്ചിട്ട് (കയ്യുപിടിച്ചിട്ട്) പാശായുധന്റെ (വരുണന്റെ) ആശയ്ക്കു (ദിക്കിന്) അഭിമുഖനായിട്ട് പ്രസ്ഥാനംചെയ്തു (പടിഞ്ഞാറെദിക്കിലേക്ക് പുറപ്പെട്ടു) "ഭക്താർത്തിഹരേണ" എന്നു പാഠഭേദം.

ഗദ്യം —തതസ്തൗ തൗ സപ്രമോദം വിപ്രസൂനുവിലോകനവിവൃദ്ധതൃഷ്ണൗ ശൈബ്യസുഗ്രീവമേഘപുഷ്പവലാഹകനാമധേയൈരനുപമരൂപധേയൈർമ്മനഃപവമാനബാന്ധവൈസ്സൈന്ധവൈഃ സനാഥം രഥമധിഷ്ഠായ ഘോരതരപിണ്ഡിതപരിണാഹവൽഭിസ്സപ്തഭിരമ്പരൽഭിസ്സഹ ലോകലോചനമരീചിമാലാപരിചുംബിതൈകപാർശ്വതലം ലോകാലോകശൈലമുല്ലംഘ്യ ബഹുളജംബാലജാലമലീമസതമഃകബളിതസകലാവകാശം കശ്മലപ്രദേശമാലക്ഷ്യ തൽക്ഷണം വളർക്കമഹാഘനേ സഹസ്രാംശുസമം ചക്രമവലംബമാനേ കരുണാകരസ്സുദർശനാത്മാ സഹലോചനൈ ശൈവം ഹികേയകാമിനീകുചകലശപത്രാംകുരപ്രത്യൂഹകരം സാന്ദ്രതമസന്തമസംഘസ്തപ്രദാരം സപായുധപ്രവരം സസ്മാര॥

അർത്ഥം— അനന്തരം അവർ (കൃഷ്ണാർജ്ജുനന്മാർ) സപ്രമോദം (സന്തോഷത്തോടുകൂടെ) വിപ്രസൂനുക്കളുടെ വിലോകനത്തിൽ വിവൃദ്ധതൃഷ്ണന്മാരായി (വിപ്രബാലകന്മാരെക്കാണാൻ ആഗ്രഹിച്ച്) ശൈബ്യൻ-സുഗ്രീവൻ-മേഘപുഷ്പൻ-വലാഹകൻ-എന്ന നാമധേയത്തോടുകൂടിയവയും അസദൃശമായ രൂപത്തോടുകൂടിയവയും മനഃപവമാനങ്ങൾക്കു ബാന്ധവങ്ങളും (മനോവേഗത്തെയും വായുവേഗത്തെയും അതിക്രമിച്ചവയും എന്നു സാരം-) ആയ സൈന്ധവങ്ങളാൽ സനാഥമായ (കുതിരകളോടുകൂടിയ എന്നു സാരം.) രഥത്തെ അധിഷ്ഠാനംചെയ്തിട്ട് (രഥത്തിൽ കേറിട്ട്) ഘോരതരം പിണ്ഡിത

തമായ പരിണാഹത്തോടുകൂടിയ (മേൽക്കുമേൽ ഇരട്ടിച്ച വിസ്താരത്തോടുകൂടിയ (ഏഴ് ഉദന്വത്തുകളോടുകൂടെ (സമുദ്രങ്ങളോടുകൂടെ) ലോകലോചനന്റെ (സൂര്യന്റെ) മരീചിമാലകളാൽ പരിചുംബിതമായ ഏകപാർശ്വത്തോടുകൂടിയ (ഒരുവശത്ത് സൂര്യരശ്മികൾ വ്യാപിച്ചിട്ടുള്ളതായ) ലോകാലോകശൈലത്തെ ഉല്ലംഘിച്ചിട്ട് (ഏഴു സമുദ്രങ്ങളേയും ലോകാലോകപർവ്വതത്തെയും കടന്നിട്ട് എന്ന സാരം) ബഹളമായ ജംബാളജാലം (പങ്കസംഘം) പോലെ മലീമസമായ തമസ്സിനാൽ കബളിതമായ സകലാവകാശത്തോടുകൂടിയ (അനല്പമായ ചളിക്കൂട്ടംപോലെ മലിനമായ ഇരുട്ടിനാൽ സകല ഭാഗത്തെയും വിഴുങ്ങിയ) ഒരു പ്രദേശത്തെ കണ്ടിട്ട് (ലോകാലോകപർവ്വതത്തിന് അപ്പുറം സൂര്യരശ്മി ഇല്ലായ്കയാൽ എന്ന സാരം) തൽക്ഷണം വലക്ഷവാഹനൻ (ധവളാശ്വനായ അർജ്ജുനൻ ഖാണ്ഡവദാഹത്തിൽ സന്തുഷ്ടനായ അഗ്നി അർജ്ജുനനായിട്ട് വെള്ളക്കുതിരകളെ കൊടുത്തിട്ടുണ്ട് എന്നു് പുരാണപ്രസിദ്ധമാണ്) സസാധ്വസം (ഭയത്തോടുകൂടെ) മധുസൂദനനെ (ശ്രീകൃഷ്ണനെ) അവലംബമാനനായപ്പോൾ (പിടിച്ചപ്പോൾ) കരുണാകരനായ (ദയാനിധിയായ) തരുണതാമരസലോചനൻ (ശ്രീകൃഷ്ണൻ) സൈംഹികേയകാമിനിയുടെ (രാഹുസ്ത്രീയുടെ) കുചകലശങ്ങളിലെ (സ്തനഘടങ്ങളിലെ) പത്രാങ്കുരങ്ങൾക്ക് (പത്രക്കീറുകൾക്ക് എന്ന സാരം) പ്രത്യൂഹത്തെ (വിഘ്നത്തെ) ചെയ്യുന്നതും രാഹുവിന്റെ കഴുത്തു മുറിച്ചതും എന്ന സാരം) സാന്ദ്രമായ സന്തമസത്തിന്റെ (ഇരുട്ടിന്റെ) ഘസ്മരം (നാശകൃത്ത്) അയഃപ്രഭത്തോടുകൂടിയ സായുധപ്രവരത്തെ (തന്റെ ശ്രേഷ്ഠമായ ആയുധത്തെ) സുദർശനചക്രത്തെ എന്ന സാരം. സ്മരിച്ചു (വിചാരിച്ചു)

ഭാസ്വദ്ഭാസ്വരഭാസുരാരനികരപ്രോദ്ഗച്ഛദുദ്യച്ഛടാ-
സദ്യഃക്ലൃപ്തകരാളമാംസളതമോഭംഗം രഥാംഗാഭിധം।
വൈകുണ്ഠസ്യ സുരാരികണ്ഠകദളീകാണ്ഡാടവീകർത്തന-
ക്രീഡാശസ്ത്രവിനോദസാധകതമം പ്രാദുർബഭൂവായുധം॥

അന്വയം.- ഭാസ്വദ്ഭാസ്വരഭാസുരാരനികരപ്രോദ്ഗച്ഛദുദ്യച്ഛടാസദ്യഃക്ലൃപ്തകരാളമാംസളതമോഭംഗം- സുരാരികണ്ഠകദളീകാണ്ഡാടവീകർത്തനക്രീഡാശസ്ത്രവിനോദസാധകതമം- രഥാംഗാഭിധം- വൈകുണ്ഠസ്യ ആയുധം- പ്രാദുർബഭൂവ॥

അർത്ഥം — ഭാസ്വത്തായ (പ്രകാശമാനമായ) ഭാസ്വരനെ (സൂര്യനെ)പ്പോലെ ഭാസുരമായ അരനികരത്തിൽനിന്ന് (മുനകളുടെ കൂട്ടത്തിൽനിന്ന്) പ്രോദ്ഗച്ഛന്തിയായ (പുറപ്പെടുന്ന) ഉദ്യച്ഛടയാൽ (രശ്മിക്കൂട്ടത്താൽ) സദ്യഃക്ലൃപ്തമായ (തൽക്ഷണം ചെയ്യ

ഷ്പ്പട്ടു) കരാളവും (ഭയങ്കരവും) മാംസളവും (ഇടതിങ്ങിയതും) ആയ തമസ്സിന്റെ (ഇരുട്ടിന്റെ) ഭംഗത്തോടു (നാശത്തോടു) കൂടിയതായി- രശ്മികളാൽ ഇരുട്ടിനെ നശിപ്പിച്ചതായി എന്നു സാരം. സുരാരികണ്ഠങ്ങളാകുന്ന കദളീകാണ്ഡങ്ങളുടെ (കദളിത്തണ്ടുകളുടെ) അടവികളുടെ (കാടുകളുടെ) കർത്തനക്രീഡയാകുന്ന (ഛേദനലീലയാകുന്ന) അജസ്രവിനോദത്തിന്റെ (എല്ലായ്പ്പോഴും ഉള്ള വിനോദത്തിന്റെ) സാധകതമമായി (പ്രധാനസാധനമായി) അസുരന്മാരുടെ കണ്ഠങ്ങളെ മുറിക്കുന്നതായി എന്നു സാരം. ഭോഗാംഗാദിയായ വൈകുണ്ഠന്റെ (വിഷ്ണുവിന്റെ) ആയുധം (സുദർശനചക്രം) പ്രാദുർഭവിച്ചു (പ്രത്യക്ഷമായി)

ഗദ്യം — തതശ്ച തൌ പ്ലവംഗമവിഹംഗമധ്വജൌ- ജാജ്വലദ്വജ്രമണിവപ്രവലയദീപ്രപരിസരം പരിഖോദരപരിഭാസുരസരസീരുഹപരിമേദുരരസലോലുപതരമാനസമധുപാരവമുഖരീകൃതഹരിദന്തരം ഭ്രമദചിരദ്യുതിവിദ്യോതമാനമരതകമണിഗോപുരാട്ടാലശിഖരനികരനിഷണ്ണ ... ഭാഗവതോപഗീയമാനമധുരസുഷമവിവിധ ... ജനാർദ്ദനമണിഗൃഹനിധൈതകളധൗതമയസൗധശിഖരവിരാജമാനകനകവൈജയന്തി രത്നകലിതതടില്ലതാവിലാസം ചന്ദ്രകാന്തമണിശിലാതലവാലശാലി വിശാലസാലകല കലായമാനസ കലശുക സാരികാപരിപഠ്യമാനപരമപാവനനാമധേയഷം ശ്വേതദ്വീപസങ്കാശനമുഖാദിഷണ്ണപരമർഷിപരിഷദ്വിദ്യുഷ്യമാണപുരുഷസൂക്താദിവിവിധാമ്നായം സത്യലോകമിവ നിത്യമുദിതപത്മാസനം പരമഹംസകലാസേവ്യമാനം ച, വൃഷകേതനനികേതനമിവ സതതസന്നിഹിതവിനായകോപശോഭിതം സദ്ഗുണഗണോപേതം ച, ശിശിരകരമണ്ഡലമിവ ഹരിണാഹിതപ്രതിഷ്ഠകലക്ഷിതമോഹരണേ ദക്ഷം ച വാങ്മനസഗോചരാത്ഭുതവിധാനം വൈകുണ്ഠാഭിധാനം ലോകമാലോകയാം ചക്രതുഃ-

അർത്ഥം — അനന്തരമാകട്ടെ പ്ലവംഗമവിഹംഗമധ്വജന്മാർ (കപിധ്വജനും ഗരുഡധ്വജനും) ജാജ്വലത്തുകളായ (ഏറ്റവും ജ്വലിക്കുന്ന) വജ്രമണികൾകൊണ്ടുള്ള വപ്രവലയങ്ങളാൽ (വൃത്തത്തിലുള്ള മതിലുകളാൽ) ദീപ്രമായ (വിളങ്ങുന്ന) പരിസരത്തോടു് (സമീപപ്രദേശത്തോടു) കൂടിയതും, പരിഖയുടെ (കിടങ്ങിന്റെ) ഉദരത്തിൽ (ഉള്ളിൽ) പരിഭാസുരങ്ങളായ സരസീരുഹങ്ങളുടെ (താമരപ്പൂക്കളുടെ) പരിമേദുരമായ (വർദ്ധിച്ച) രസത്തിൽ (തേൻകുടിക്കുന്നതിൽ) ലോലുപതരമാനസങ്ങളായ (മനസ്സിൽ ആഗ്രഹമുള്ള) മധുപങ്ങളുടെ (വണ്ടുകളുടെ) ആരവങ്ങളാൽ (ശബ്ദങ്ങളാൽ) മുഖരീകൃതമായ ഹരിദന്തരത്തോടുകൂടിയതും (ദിക്കുകളെ മുഴക്കുന്നതും)

ഭദ്രതമങ്ങളായ (ഏററവും ശുഭങ്ങളായ) വിദ്രുമസ്തംഭങ്ങളാൽ (പവിഴത്തൂണുകളാൽ) വിദ്യോതമാനങ്ങളായ (പ്രകാശിക്കുന്ന) മരതകമണി ഗോപുരങ്ങളുടെ അട്ടാളശിഖരങ്ങളിൽ (മേൽഗൃഹങ്ങളുടെ അഗ്രങ്ങളിൽ) നിഷണ്ണന്മാരായ (ഇരിക്കുന്ന) പരമഭാഗവതന്മാരാൽ (ശ്രേഷ്ഠവിഷ്ണുഭക്തന്മാരാൽ) ഉപഗീയമാനമായ (ഗാനംചെയ്യപ്പെടുന്ന) മധുസൂദനന്റെ (ശ്രീകൃഷ്ണന്റെ) വിവിധാപദാനത്തോടു (പല അൽഭുതകർമ്മത്തോടു) കൂടിയതും, അനർഘമണികളുടെ (അമൂല്യരത്നങ്ങളുടെ) ശ്രേണികളാൽ (രശ്മികളാൽ) ധൌതങ്ങളായ (കഴുകപ്പെട്ട) കളധൌതമയസൌധങ്ങളുടെ (സ്വർണ്ണമാളികകളുടെ) ശിഖരങ്ങളിൽ (അഗ്രങ്ങളിൽ) വിരാജമാനമായ (ശോഭിയ്ക്കുന്ന) കനകവൈജയന്തീശതത്താൽ (സ്വർണ്ണക്കൊടിക്കൂട്ടത്താൽ) കലിതമായ (ചെയ്യപ്പെട്ട) തടില്ലതാവിലാസത്തോട് (മിന്നൽപ്രകാശത്തോടു) കൂടിയതും, ചന്ദ്രകാന്തമണിശിലകളാൽ ഉള്ള ആലവാലങ്ങളാൽ (ചന്ദ്രകാന്തത്തറകളാൽ) ശാലികളും (ശോഭിക്കുന്നവയും) വിശാലങ്ങളും ആയ സാലകുലങ്ങളിൽ (വൃക്ഷകുലങ്ങളിൽ) കലായമാനങ്ങളായ (കൂട്ടംകൂടിയിരിക്കുന്ന) സകലശുകങ്ങളാലും ശാരികകളാലും (പെൺകിളികളാലും) പരിപാഠ്യമാനമായ (പഠിയ്ക്കപ്പെടുന്ന) പരമവും (ഉൽകൃഷ്ടവും) പാവനവും ആയ നാമധേയത്തോടുകൂടിയതും) ശ്യാമതുളസികാവനങ്ങളുടെ (കൃഷ്ണതുളസിവനങ്ങളുടെ) മുഖങ്ങളിൽ (പ്രാരംഭങ്ങളിൽ) നിഷണ്ണന്മാരായ (ഇരിക്കുന്ന) പരമർഷികളുടെ (മഹർഷികളുടെ) പരിഷത്തിനാൽ (സഭയാൽ-സമൂഹത്താൽ എന്നു സാരം) ഉദ്ഘോഷ്യമാണങ്ങളായ പുരുഷസൂക്താദി വിവിധസൂക്തങ്ങളോടുകൂടിയതും (പുരുഷസൂക്താദി പലസൂക്തങ്ങളും ഘോഷിക്കുന്നതും എന്നുസാരം) സത്യലോകംപോലെ നിത്യമുദിതപത്മാസനവും (നിത്യമുദിതയായ ലക്ഷ്മിയുടെ നിവാസത്തോടുകൂടിയതും) പരമഹംസകുലസേവ്യമാനവും (പരമഹംസന്മാരുടെ കുലത്താൽ സേവിക്കപ്പെടുന്നതും) സത്യലോകപക്ഷത്തിൽ ഏററവും സന്തുഷ്ടനായ ബ്രഹ്മാവിനോടുകൂടിയതും ഹംസകുലങ്ങൾ സേവിക്കുന്നതും എന്നു് അർത്ഥം. വൃഷകേതനനികേതനംപോലെ (ശിവഗൃഹംപോലെ) എല്ലായ്പോഴും സന്നിഹിതനായ (സ്ഥിതനായ) വിനായകനാൽ (പക്ഷിശ്രേഷ്ഠനാൽ ഗണപതിയാൽ എന്നും) ഉപശോഭിതവും സർവ്വമംഗളോപേതവും (സർവ്വമംഗളങ്ങളോടുകൂടിയതും-സർവ്വമംഗളയോടു-പാർവ്വതിയോടുകൂടിയതു് എന്നും) ശശിമണ്ഡലംപോലെ (ചന്ദ്രമണ്ഡലംപോലെ) ഹരിണാ-(വിഷ്ണുവിനാൽ) അധിഷ്ഠിതവും (സ്ഥിതിചെയ്യപ്പെട്ടതും) ചന്ദ്രപക്ഷത്തിൽ ഹരിണത്താൽ (മാനിനാൽ) സ്ഥിതിചെയ്യപ്പെട്ടതു് എന്നു. അപ്രകാരമുള്ള മന്ദിരത്തിൽ (സർവ്വരായ അജ്ഞാനതമ-ഇ

ട്ടിന്റെ എന്നും) കല്പിക്കുന്നതിൽ വരിഷ്ഠവും (ശ്രേഷ്ഠവും) അവാങ്മനസഗോചരങ്ങളായ (വാക്കുകൾക്കും മനസ്സിനും വിഷയമല്ലാത്ത) അൽഭുതങ്ങളുടെ വിധാനവും (ആശ്ചര്യങ്ങളെച്ചെയ്യുന്നതും) വൈകുണ്ഠാഭിധാനവും ആയ ലോകത്തെ (വൈകുണ്ഠലോകത്തെ) ആലോകനം ചെയ്തു (കണ്ടു)

(ബ്രഹ്മജ്ഞന്മാർ പറയുന്നു)

മിഥ്യാഭൂതമിദം വിഭാതി ഭുവനം യൽസത്തയാ സത്യവൽ
ഭക്ത്യുല്ലീഢകഷായനിർമ്മലധിയഃ ശംസന്തി യം ശാശ്വതം।
യജ്ജ്യോതിഃ കൃതകേതരസ്യ വചസഃ പാരം പരം ഗാഹതേ
സാന്ദ്രാനന്ദമയായ തേ ഭഗവതേ തസ്മൈ പരസ്മൈ നമഃ॥

അന്വയം—മിഥ്യാഭൂതം-ഇദം-ഭുവനം-യൽസത്തയാ-സത്യവൽ-വിഭാതി,-ഭക്ത്യുല്ലീഢകഷായനിർമ്മലധിയഃ-യം-ശാശ്വതം-ശംസന്തി-യജ്ജ്യോതിഃ-കൃതകേതരസ്യ-വചസഃ-പരം-പാരം-ഗാഹതേ സാന്ദ്രാനന്ദമയായ-ഭഗവതേ പരസ്മൈ-തസ്മൈ-തേ-നമഃ,

അർത്ഥം—മിഥ്യാഭൂതമായ (അസത്യമായ) ഈ ഭുവനം യൽസത്തയാൽ (യാതൊരുത്തന്റെ സൽസ്വരൂപത്താൽ) സത്യവൽ (ഉള്ളതുപോലെ) തോന്നുന്നു. ഭക്തിയാൽ ഉല്ലീഢകഷായരും (ദോഷം കളഞ്ഞവരും) നിർമ്മലരും ആയ ധീയോടു (ബുദ്ധിയോടു) കൂടിയവർ-യാതൊരുത്തനെ (യാതൊരുത്തനെ) ശാശ്വതനെന്നു (നാശമില്ലാത്തവനെന്നു) പറയുന്നു. യജ്ജ്യോതിസ്സ് (യാതൊരാളിന്റെ തേജസ്സ്) കൃതകേതരമായ വചസ്സിന്റെ (അകൃത്രിമവചസ്സിന്റെ= വേദവാക്യത്തിന്റെ എന്നർത്ഥം) പരമമായ പാരത്തെ (മറുകരയെ) ഗാഹനം ചെയ്യുന്നു (പ്രാപിക്കുന്നു) സാന്ദ്രാനന്ദമയനും (ഇടതിങ്ങിയ ആനന്ദത്തിന്റെ രൂപമുള്ളവനും) ഭഗവാനും (ഷാഡ്ഗുണ്യപൂർണ്ണനും) പരനും (പരപുരുഷനും) ആയ അങ്ങേയ്ക്കു നമസ്കാരം (സകല ലോകവും ഉണ്ടെന്നു തോന്നിപ്പിക്കുന്നവനും നിത്യസ്വരൂപനും വേദാന്തമാർഗ്ഗതീതനും ആയ അങ്ങേയ്ക്കു നമസ്കാരം എന്നർത്ഥം.

(വിഷ്ണു പറയുന്നു)

കച്ചിൽ കൃഷ്ണകിരീടിനൌ കുശലിനൌ വിശ്വൈകവീരൌ യുവാം
യുഷ്മദ്ദർശനകൌതുകേന നനു മയാ നീതാ ദ്വിജന്യാർഭകാഃ।
ഏതൽപാതസമർപ്പണേന കൃപാലൌ ധർമ്മമാലോക്യതാം
പാതംപാതമഗാധശോകജലധൌ മഗ്നാന്തരംഗഃ ചിരം.

അന്വയം—ഹേ കൃഷ്ണകിരീടിനൌ! വിശ്വൈകവീരൌ-യുവാം-കുശലിനൌ-കച്ചിൽ- യുഷ്മദ്ദർശനകൌതുകാൽ-നനു-മയാ-ദ്വിജന്യ-അർഭകാഃ-നീതാഃ-കൃപാലൗ-ധർമ്മമാലോക്യ-സമം-അഗാധ

ശോകജലധേഃ — അന്തഃ-മജ്ജന്തം-ദ്വിജം- ഏതൽപോതസമപ്പ്ണേന
പാതം-പാതം (ലോട്ട്-പ-മ-ഏ-ദ്വിവ-)

അത്ഥം — അല്ലയോ കൃഷ്ണകിരീടികളെ (കൃഷ്ണാർജ്ജുനന്മാരേ) വിശൈഷികവീരന്മാരായ നിങ്ങൾ കൌശലികളല്ലേ (സുഖത്തോടുകൂടിയവരല്ലേ — നിങ്ങൾക്ക് സുഖമല്ലേ എന്നു സാരം) യുഷ്മദ്ദർശനത്തിലുള്ള കൌതുകത്താൽതന്നെ (നിങ്ങളെ കാണുന്നതിലുള്ള കൌതുകത്താൽ തന്നെ) എന്നാൽ ദ്വിജന്റെ അർഭകന്മാർ (കുട്ടികൾ) നീതന്മാരായി (കൊണ്ടുവരപ്പെട്ടവരായി) കൃപണങ്ങളായ തദ്ധർമ്മദാരങ്ങളോടുകൂടെ (ദീനയായ അവന്റെ ധർമ്മപത്നിയോടുംകൂടി) അഗാധമായ ശോകജലധിയുടെ (ദുഃഖസമുദ്രത്തിന്റെ) ഉള്ളിൽ മജ്ജന്തനായ (പ്രാപിച്ചിരിക്കുന്ന) ആ ദ്വിജനെ (ബ്രാഹ്മണനെ) ഏതൽപോതങ്ങളുടെ (ഈ കുട്ടികളുടെ) സമപ്പ്ണത്താൽ (ദാനത്താൽ) ഈ കുട്ടികളെക്കൊണ്ടുകൊടുത്ത് എന്നു സാരം। നിങ്ങൾ പിന്നെയും പിന്നെയും രക്ഷിച്ചാലും॥

ശ്ലോകം — തദനു യദുകുരുവീരസന്ദർശനകന്ദളിതാനന്ദജലബിന്ദുഭരിതവർഷ്മണാ ശ്രീവത്സലക്ഷ്മണാ വത്സലതയാ നിജാങ്കതലമധിരോപ്യ ദേദീപ്യമാനാൻ, ദിവ്യലോകതരുപല്ലവതല്ലജപരിവൃഢേന പാണിതലേന പരാമൃശ്യ പ്രവൃദ്ധാനുകമ്പം മൂർദ്ധ്നി സമാഘ്രായ വ്യാലോലനവമൗക്തികനിബന്ധബന്ധുരകന്ധരാൻ സിന്ധുരാജകന്യാസ്തനപാനമാംസളസുകുമാരാൻ വസുന്ധരാസുരകുമാരാനമരലോകദുർല്ലഭദിവ്യാഭരണൈഃ പുനഃപുനഃ പ്രീയമാണാനാദായ പ്രമോദഭരോദഞ്ചിതരോമാഞ്ചകഞ്ചുകിതകളേബരൗ മുകുന്ദസംക്രന്ദനനന്ദനൗ സപ്രശ്രയം പരമേശ്വരം പുംസേ വിജ്ഞാപ്യ മൂർത്തിമതാ നിജമനോരഥേനേവ രഥേന ദ്വാരകാം പ്രസ്ഥിതൌ സരഭസമന്ധ്യൂനിവ സിന്ധുമലംഘ്യ ദ്വാരവതീമാസാദിതൌ ഉത്സാഹതരളിതൈർബന്ധുലോകൈരുപേത്യ പ്രതിനന്ദ്യമാനൗ ദ്വിജദമ്പതിഭ്യാമഭിനന്ദിതൌ ഭക്തകാരുണ്യമേതേന വിലസന്തോദ്ധാമസതുഃ॥

അത്ഥം — അനന്തരം — യദുകുരുവീരന്മാരുടെ സന്ദർശനത്താൽ (യദുവീരനോടും = കൃഷ്ണനോടും കുരുവീരനോടും = അർജ്ജുനനോടും കണ്ടതിനാൽ) (കന്ദളിതങ്ങളായ (ഉണ്ടായ) ആനന്ദജലബിന്ദുക്കളാൽ (സന്തോഷക്കണ്ണുനീർത്തുള്ളികളാൽ) ഭരിതമായ (പൂർണ്ണമായ) വർഷ്മത്തോടു (ശരീരത്തോടു) കൂടിയ ശ്രീവത്സലക്ഷ്മാവിനാൽ (ശ്രീവത്സലാഞ്ഛനനാൽ = കൃഷ്ണനാൽ) വത്സലതയാൽ (വാത്സല്യത്താൽ) നിജാങ്കതലത്തെ അധിരോപിച്ചിട്ട് (തന്റെ മടിയിൽ കയറ്റീട്ട്) ദേദീപ്യമാനന്മാരും (ഏറ്റവും പ്രകാശിക്കുന്നവരും) ദിവ്യലോകതരുവിന്റെ (കല്പകവൃക്ഷത്തിന്റെ) പല്ലവതല്ലജങ്ങൾ (ശ്രേഷ്ഠങ്ങളായ ത

ളിതകം)പോലെ പരിശുദ്ധമായപാണിതലംകൊണ്ടുപരാമർശിച്ചി ട്ടും (കൈകൊണ്ടുതലോടീട്ടും) പ്രവൃദ്ധാനന്ദകമ്പം (വർദ്ധിച്ചആനന്ദത്തോടു കൂടെ) മൂർദ്ധാവിൽ (തലയിൽ) സമാഘ്രാണിച്ചിട്ടും (ചുംബിച്ചിട്ടും) വ്യാഘ്രനഖശ്രേഷ്ഠ (പുലിനഖമോതിരത്തിന്റെ)നിബന്ധം (ബന്ധനം)കൊണ്ടു ബന്ധുരയായ (മനോഹരയായ) കന്ധരയോടു (കഴുത്തോടുകൂടിയവരും=കഴുത്തിൽ പുലിനഖമോതിരംഅണിഞ്ഞവരും എന്നസാരം) സിന്ധുരാജകന്യയുടെ (അബ്ധിപുത്രിയുടെ=ലക്ഷ്മീദേവിയുടെ) സ്തനപാനത്താൽ (മുലകുടിക്കുകയാൽ) മാംസളന്മാരും (തടിച്ചവരും) സുകുമാരന്മാരും ആയിരിക്കുന്നവരും അമരലോകത്തിലും (സ്വർഗ്ഗത്തിലും) ദുർല്ലഭങ്ങളായ (അലഭ്യങ്ങളായ) അഭിമതങ്ങളുടെ (ഇഷ്ടവസ്തുക്കളുടെ) വിതരണപുരസ്സരം (ദാനത്തോടുകൂടെ) പ്രദീയമാനന്മാരും (കൊടുക്കപ്പെട്ടവരും) ആഢ്യവസുന്ധരാസുരന്റെ (ഭൂദേവന്റെ) കുമാരന്മാരെ (കുട്ടികളെ) ആദാനംചെയ്തിട്ടു് (സ്വീകരിച്ചിട്ടു്) പ്രേമഭരത്താൽ ഉദഞ്ചിതമായ (ഉണ്ടായ) രോമാഞ്ചത്താൽ കഞ്ചുകിതമായ (മറയ്ക്കപ്പെട്ട) കളേബരത്തോടു (ശരീരത്തോടു) കൂടിയവരായ മുകുന്ദസംക്രന്ദനനന്ദനന്മാർ (കൃഷ്ണാർജ്ജുനന്മാർ) സപ്രശ്രയം (വണക്കത്തോടുകൂടെ) പരനായപൂമാനായിട്ടു (പരമപുരുഷനായിട്ടു്) വിജ്ഞാപിച്ചിട്ടു് (അറിയിച്ചിട്ടു്) മൂർത്തിമത്തായ(ശരീരത്തോടുകൂടിയ) നിജമനോരഥമോ (തന്റെസങ്കല്പമോ) എന്നതോന്നുന്ന രഥത്തിലൂടെ യഥാഗതം(വന്നപോലെ) പ്രസ്ഥിതന്മാരായി (പുറപ്പെട്ടവരായി) സരഭസം (വേഗത്തിൽ) അന്ധുക്കളെപ്പോലെ (കിണറുകളെപ്പോലെ) സിന്ധുക്കളെ (സമുദ്രങ്ങളെ) ഉല്ലംഘിച്ചിട്ടു് (കടന്നിട്ടു്) ദ്വാരവതിയെ അനുസ്ഥിതന്മാരായിട്ടു് (ദ്വാരകയിൽവന്നിട്ടു്) ഉൽസ്ഫുരതരമായ (തിരത്തസഹ്യമായ) ദീർഘശോകമാകുന്ന ഉദന്വത്തിൽ (സമുദ്രത്തിൽ) പതിതന്മാരായ (വീണവരായ) ദ്വിജദമ്പതികൾക്കായിട്ടു് (ബ്രാഹ്മണനും പത്നിയ്ക്കുമായിട്ടു്) അതിത്രിദശകുമാരന്മാരായ (ദേവകുമാരന്മാരെഅതിക്രമിച്ച) തോകന്മാരെ (പുത്രപുത്രന്മാരെ) അശ്രമേണ (ശ്രമംകൂടാതെ) വിശ്രാണനംചെയ്തു (കൊടുത്തു)॥

ഗദ്യം തതശ്ചക്ഷമാസുരഃ ക്ഷണമാത്രമാനന്ദമൂർച്ഛാമന്ദ്രഃ കഥമപി ശനൈർന്നയനാരവിന്ദമുന്മീല്യ–പ്രേമഭരഗൽഗദാക്ഷരാം-(സ്വരാം) സരസ്വതീമുദസാരയാമാസ।

അത്ഥം–അത്രതന്നെയുംഅല്ല ക്ഷമാസുരൻ(ബ്രാഹ്മണൻ)ക്ഷണമാത്രം (അല്പനേരം) ആനന്ദമൂർച്ഛയെ (ആനന്ദത്താലുള്ള മോഹത്തെ) അനുഭവിച്ചിട്ടു് കഥമപി (പണിപ്പെട്ടു്) ശനൈഃ (പതുക്കെ) നയനാരവിന്ദത്തെ (താമരപ്പൂപോലുള്ള കണ്ണിനെ) ഉന്മില

നംചെയ്തിട്ട് (തുറന്നിട്ട്) പ്രമോദഭരത്താൽ (സന്തോഷാധിക്യത്താൽ) ഗൽഗദസ്വരയായ (ഇടറിയ സ്വരത്തോടുകൂടിയ) സരസ്വതിയെ (വാക്കിനെ) ഉത്സാരണംചെയ്തു (പുറപ്പെടീച്ചു) പറഞ്ഞു എന്ന സാരം.

സന്തുഷ്ടനായ വിപ്രൻ അനുഗ്രഹിക്കുന്നു।

ആശാസ്യം കിം യദുകുരുവരാവന്യദസ്മാദൃശൈർവ്വാം
ആശാരന്ധ്രാണ്യധിനവയശഃപാളയഃ ക്ഷാളയന്തു।
യാവൽകല്പം വിമതവിതതേർമ്മന്ഥിതാരഃ പ്രതാപാഃ
പൃത്ഥ്വീം വ്യർത്ഥീകൃതരവിഘൃണിശ്രേണയഃ ശോണയന്തു॥ ൨൭॥

അന്വയം — ഹേ യദുകുരുവരൌ! അസ്മാദൃശൈഃ-വാം-അന്യൽ-കിം-ആശാസ്യം; അധിനവയശഃപാളയഃ ആശാരന്ധ്രാണി-ക്ഷാളയന്തു, യാവൽകല്പം വിമതവിതതേഃ-മന്ഥിതാരഃ-പ്രതാപാഃ-വ്യർത്ഥീകൃതരവിഘൃണിശ്രേണയഃ-പൃത്ഥ്വീം-ശോണയന്തു॥

അർത്ഥം — അല്ലയോ യദുകുരുവരന്മാരെ (കൃഷ്ണാർജ്ജുനന്മാരെ) അസ്മാദൃശന്മാരാൽ (ഞങ്ങളെപ്പോലുള്ള അല്പന്മാരാൽ) നിങ്ങൾക്ക അന്യമായ ആശാസ്യം (ആശിസ്സിനാൽ സാധിക്കേണ്ടതു്) എന്താണു് (സൎവ്വഗുണസമ്പൂൎണ്ണന്മാരായ നിങ്ങൾക്ക ആശീർവ്വാദസാദ്ധ്യമായി ഒന്നുമില്ല എന്ന സാരം) അപ്രകാരമെങ്കിലും അധിനവകളായ (നൂതനങ്ങളായ) യശഃപാളികൾ (കീർത്തിസമൂഹങ്ങൾ) ആശാരന്ധ്രങ്ങളെ (ദിക്കുകളുടെ ദ്വാരങ്ങളെ) ക്ഷാളനംചെയ്യട്ടെ (കഴുകട്ടെ) യാവൽകല്പം (പ്രളയംവരെ) വിമതവിതതിയുടെ മന്ഥിതാക്കളായ (ശത്രുസംഘത്തെ മഥിക്കുന്ന) പ്രതാപങ്ങൾ വ്യർത്ഥീകൃതയായ രവിഘൃണിശ്രേണിയോടുകൂടിയവയായിട്ട് (സൂൎയ്യരശ്മിയെ വ്യർത്ഥമാക്കിയിട്ട്) പൃത്ഥ്വിയെ (ഭൂമിയെ) ശോണയാക്കിച്ചെയ്യട്ടെ (ചുവപ്പിക്കട്ടെ)

വിപ്രാശീർവ്വചനപ്രഹൃഷ്ടഹൃദയഃ കൃഷ്ണഃ സമം ജിഷ്ണുനാ-
കീർത്ത്യാ കാർത്തികചന്ദ്രികാധവളയാ ഭൂമണ്ഡലം മണ്ഡയൻ।
ഇത്ഥം ഭക്തവിധേയതാമതിജഗല്ലീലാഭിരാബോധയ
ന്നദ്ധ്യാസ്ത സ്വപുരീം പുരന്ദരപുരീവന്ദ്യാം ജനാൻ നന്ദയൻ

സന്താനഗോപാലപ്രബന്ധം സമ്പൂൎണ്ണം।

അന്വയം — വിപ്രാശീർവ്വചനപ്രഹൃഷ്ടഹൃദയഃ-കൃഷ്ണഃ-ജിഷ്ണുനാ സമം-കാർത്തികചന്ദ്രികാധവളയാ-കീർത്ത്യാ-ഭൂമണ്ഡലം-മണ്ഡയൻ

ഇത്ഥം-ഭക്തവിധേയതാം-അതിജഗല്ലീലാഭിഃ-ആബോധയൻ-ജനാൻ-നന്ദയൻ-പുരന്ദരപുരീവന്ദ്യാം-സ്വപുരീം-അദ്ധ്യാസ്ത-

അത്ഥം —വിപ്രന്റെ ആശീർവ്വചനത്താൽ പ്രഹൃഷ്ടഹൃദയനായ (സന്തുഷ്ടചിത്തനായ)കൃഷ്ണൻ ജിഷ്ണുവിനോടു (അർജ്ജുനനോടു)കൂടെ കാത്തികചന്ദ്രികപോലെ (ശരച്ചന്ദ്രികപോലേ) ധവളയായ (വെളുത്തതായ) കീത്തിയാൽ ഭൂമണ്ഡലത്തെ മണ്ഡയന്നായി (അലങ്കരിക്കുന്നവനായി) ഇപ്രകാരം ഭക്തവിധേയതയെ (ഭക്തവശ്യതയെ) അതിജഗല്ലീലകളെക്കൊണ്ടു് (ലോകത്തെ അതിക്രമിച്ചു കളികൾകൊണ്ടു്) ആബോധയന്നായി (അന്യരെ അറിക്കുന്നവനായി) ജനങ്ങളെ നന്ദയന്നായിട്ടു് (സന്തോഷിപ്പിക്കുന്നവനായിട്ടു്) പുരന്ദരപുരിയാൽ (സ്വർഗ്ഗത്താൽ) വന്ദ്യയായ സ്വപുരിയെ അധിവസിച്ചു (ദ്വാരകയിൽ പാർത്തു) അധിപൂർവ്വമായ "ആസ്" ധാതുവിന്നു "അധിശീങ്" സ്ഥാസാംകർമ്മ" എന്ന സൂത്രത്താൽ സപ്തമ്യർത്ഥത്തിൽ ദ്വിതീയവന്നു്॥

സന്താനഗോപാലം പ്രബന്ധത്തിന്റെവ്യാഖ്യാനം സമ്പൂർണ്ണമായി.

ശുഭം.

ശുദ്ധിപത്രം.

പുറം	വരി	അബദ്ധം	സുബദ്ധം
൧	൧൨	സ്ഥിതിം	സ്ഥിതിം
൨	൯	കൃപാമിഴീ	കൃപാമിഴി
൩	൧൫	നിംഘൃണ	നിർഘൃണ
൫	൨	സകല്പ	സകല്പ
൩	൫൨	കൊണ്ടു	കൊണ്ട്
൪	൧൪	ജ്യോതിഷരെകൾ	ജ്യോതിഷരൊതഃ
ടി	൨൯	മ യാലൂഃ	മയാലൂഃ
ടി	ടി	നാരമുഖാൻ	നാരദമുഖാൽ
൬	൨൭	കമ്പത	കമ്പിത
൧൧	൧	മത്താ	മത്താ
൧൫	൨൩	യുദ്ധത്തന്	യുദ്ധത്തിന്
ടി	൨൭	തസ്സിൻ	കസ്സിൻ
ടി	൫൨	തസ്സിൻ	കസ്സിൻ
൧൪	൭	പ്രയോയിച്ചു	പ്രയോഗിച്ചു
ടി	൫൨	ഗണൈരിവൃതഃ	ഗണപരിവൃതഃ
ടി	൫൫	അഭിഷ്ണം	അഭിക്ഷ്ണം
ടി	൬൪	ഗയമാന	ഗീയമാന
ടി	൫൩	യുദ്ധായ	യുദ്ധാ യ
൧൩	൫	രാജത്തി	രാജത്താം
ടി	ടി	ഛന	ഛനാ
൭	൨൩	വസതഃ	വസതിഃ
ടി	൫൩	അച്ഛിക	അച്ഛിക
൫൦	൨൦	മിതാ	മിതാ
൨൧	൧൪	തമാത്യ	തമാതപാത്യ
൨൫	൨	തതവ	തതീവ
൨൩	൪	അഭിദ്രുതി	അഭിദ്രുതഃ
൨൬	൧൫	മൂർച്ഛ	മൂർച്ഛാ
൨൭	൬	ഫാതഃ	ഫാമാതഃ
ടി	,,	ചതസ്രൂഷ്ഠ	ചതസ്രാഷ്ഠ
൫൦	൫൧	പാർവ്വതി	പാർവ്വതീ
ടി	൫൪	മുനീന്ദ്രഃ	മുനീന്ദ്രാഃ
൫൫	൨൭	നാസ്സു	നാസ്സി

ന൹	ന വ.	മങ്കിതാ	ഋങ്കിതാ
ർര്	വ.൧	സിദ്ധാർ	സിദ്ധിർ
ർര്	വ.നു	സപ്രമാദ	സപ്രമോദ
ട്ടി	വ ൧	സഗ	സാഗ
ർനു	൧നു	വലിപ്പു	വലിപ്പുച.
൰	൧	വരിഷ്ഠ	വരിഷ്ഠാ
൯൧	വ.ന.	തനസ	തനസ്സ
ട്ടി	വ.ർ	സമ	സമാഃ
൭൫	വ.ന.	തഥാതഥ	തഥാതഥാ
൭൭	വ.ർ	മഥ്യാം	മാഥ്യാം
നുർ	ൻ	ഹസം	ഹാസം
നുനു	൧	ജ ഹാസം	ജഃ ഹാസം
ൈ൧	൧ർ	വചാദി	തദ്വചാദി(പാഠാ)
വ്യം	ന.ം	സമവലോക്യ	സമവലോക്യ
വ്യനു	വ.ർ	കനക	കനകഖണ്ഡ
ൻർ	൧ ം	ഷാമിമാം	സുഷമാം
൧൦ൻ	൧ർ	ശാടി	ശാടിം
ടി	൧നു	ധന	ധന്യാം
൧൧വ്യ	വ.ർ	ഭ്ദ്ര മതെ	ഭ്രൂദ്വയതെ
൧ന.വ.	ന.ർ	ചഞ്ചള്ളികം	ചഞ്ചള്ളികേ
൧ന.നു	വ.വ.	ഡംബരെ	ഡംബരൈരി
൧൭ർ	വ.൧	വമല	വിമല
ടി	ന.ർ	വകസിത	വികസിത
൧൨ന.	വ.ന്ധ	ശിനയേവ	ശിതനയേവ
൧൭ൈ	വ.വ്യ	ലാചനാം	ലോചനാം
൧വ്യവ്യ	വ.൧	ബുമെർ	ബുമയൊർ
൧ൻനു	൧൦	നമ	നവമ

തുളസീദാസരാമായണം,

[illegible] ഒന്നാംഭാഗം.

ഗംഗാനദി, തുളസിച്ചെടി, കാശിപ്പട്ടണം ഇതുകളെപ്പോലെ ദിവ്യത്വം അനുഭവിച്ച സർവ്വോത്തമഗ്രന്ഥമായ ഒരു ഇതിഹാസമാണ് രാമായണം. ഈ ശ്രേഷ്ഠമായ രാമായണത്തെ തുളസീദാസമഹർഷി ഹിന്ദിഭാഷയിൽ പാടിയതിന്റെ ഒരു മലയാളതർജ്ജിമയത്രെ ഇത്. പണ്ഡിതവര്യനായ വ്യാഖ്യാതാവു പറയുന്നതു നോക്കുക. "സംസ്കൃതത്തിൽ വാല്മീകിയുടെയും തമിഴിൽ കമ്പരുടെയും, അദ്ധ്യാത്മരാമായണം ഞാൻ വായിച്ചിട്ടുണ്ടെങ്കിലും തുളസീരാമായണംപോലെ അവ എന്നെ വിസ്മയിപ്പിക്കയും വിമോഹിപ്പിക്കയും ചെയ്തില്ല. മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, തമിഴ് എന്നീ നാലുഭാഷകളിലെയും സാഹിത്യസമുദ്രങ്ങളിൽ നിർഭയമായി സഞ്ചരിച്ചിട്ടുള്ള എനിക്ക് തുളസിയുടെ 'രാമചരിതമാനസസരസ്സി'ൽ വഴി പിഴച്ചു പിന്മാറേണ്ടതായ ഒരു കപ്പലോട്ടൻ പോലെ ഭ്രമം നേരിട്ടു. അധികവും എന്നെ വിസ്മയിപ്പിച്ചത് ആ മഹാപുരുഷന്റെ അന്യൂനമായ ഭക്തിരസപ്രവാഹത്തിലുള്ള നീർച്ചുഴികൾപോലെ നിരന്തരമായി കാണപ്പെടുന്ന അതിമധുരങ്ങളായ വർണ്ണനങ്ങളും, അസമാന്യമായ വാക്യവക്രതയുമാണ്."

തുളസീദാസ്ജിയുടെ കവിതകളുടെ പ്രതിപാദനം ഒരു പുതിയ രീതിയാണ്. അർത്ഥഗാംഭീര്യവും, അലങ്കാരപ്രൗഢിയും മുന്തിരിപോലെ ചേർന്ന ചെറു കവിതകൾ ഉൾപ്പെട്ടതാണ്. ഉപമയും, ഉൽപ്രേക്ഷയും, രൂപകവും കൊണ്ട് കവിതാവനിതയെ സൗന്ദര്യവത്തായി അലങ്കരിച്ചിരിക്കുന്നു. അതിലെ ഉപദേശങ്ങളെക്കൊണ്ട് ഉത്തരഇന്ത്യയിൽ ഇതിനെ അതിപാവനമായ വേദപുസ്തകംപോലെ പാരായണം ചെയ്തുവരുന്നു. പണ്ഡിതന്മാർക്കു, പാമരന്മാർക്കു പഠിക്കുവാൻ മതിയായ തത്വങ്ങളും ലഭിക്കുന്നു. ഉപകഥകളും അടങ്ങിയ കല്പനകളും ഇതിൽ ധാരാളമുണ്ട്. ഉദാഹരണത്തിനു ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു.

"രാമനാമം ഒരു കല്പവൃക്ഷമാകുന്നു. കലിയുഗത്തിൽ സകല മംഗളങ്ങളും തങ്ങിപ്പാർക്കുന്ന ഭവനവും അതുതന്നെ. അതിനെ സ്മരിക്കുന്നവൻ ആരായിരുന്നാലും ഒരു വല്ലാത്തതുമ്പ തുളസിയായി തീരുന്നതുപോലെ ഉയരുന്നു എന്നു തുളസീദാസൻ പറയുന്നു. ഇതിന്റെ ത്രേതാദ്വാപരകലിയുഗങ്ങളിലും, ഇതരവിദ്യാ [illegible] ലോകങ്ങളിലും ഈ നാമത്തെ ജപിക്കുന്ന ജീവന്മാർ, വിശോകന്മാരായിരിക്കുന്നു. രാമനാമം സകല സുകൃതങ്ങളുടെയും ഫലമാകുന്നു, വേദങ്ങളും, പുരാണങ്ങളും, സജ്ജനങ്ങളും പറയുന്നത്. ഒന്നാമത്തെ യുഗത്തിൽ ധ്യാനം, രണ്ടാമത്തെ യുഗത്തിൽ യാഗം, മൂന്നാംയുഗത്തിൽ പൂജ ഇവയാണ് ഈശപ്രീതിക്കു വിധിച്ചിട്ടുള്ളത്. എന്നാൽ [illegible] ഈ കലികാലത്തിൽ, മനസ്സാക്ഷികൾ, പാപപയോധിയിൽ വിഹരിക്കുന്ന ഈ അവസരങ്ങളിൽ, രാമനാമമെന്ന കപ്പൽ, സ്മരണമാത്രത്താൽ കാലത്തിന്റെ [illegible] നാശമാകുന്നു.

"രാമകഥ മോക്ഷദായിനിയും, എന്റെ പൂജ്യയും ചന്ദ്രതുല്യയായ ചിത്രകൂടവും, കലി സിന്ധു [illegible] വിഹരിക്കുന്ന പുണ്യസ്ഥലവുമാകുന്നു. രാമചരിതചിന്താമണി, സുജനങ്ങളുടെ [illegible]. [illegible] [illegible] [illegible] ഉപദേശിക്കുന്ന സൽഗുരുവാകുന്നു. [illegible] സംസാരരോഗത്തിനു വൈദ്യനാകുന്നു. സീതാരാമന്മാരിലെ ഭക്തിയും [illegible] പരിപാലനം [illegible]. ഈ ലോകത്തിലും പരലോകത്തിലും [illegible] ഉപകരിക്കുന്നു. [illegible] [illegible] കലിയെക്കളയുന്ന [illegible]."

രാമകീർത്തിയാകുന്ന ഈ സുന്ദരമായ സരയൂനദി, രാമഭക്തിയാകുന്ന ഗംഗയുമായി സമ്മേളിക്കുന്നു. വൈരാഗ്യവും [illegible] സരയുവിന്റെയും [illegible] മദ്ധ്യത്തിൽ [illegible] മഹാപ്രവാഹം [illegible]. ഈ ഗ്രന്ഥം

[illegible] പ്രവാഹം മൂന്നുവിധത്തിലുള്ള താപങ്ങളേയും നശിപ്പിച്ചുകൊണ്ടു [illegible] മഹാസമുദ്രത്തിൽ ചെന്നുചേരുന്നു. [illegible] ഈ സരസ്വതി [illegible] ഭക്തന്മാർക്ക്, ആനന്ദമരുളിനൽകുന്നു. [illegible] പലതരത്തിലുള്ള കഥകൾ, [illegible] ഉദാഹരണങ്ങളുമാകുന്നു. [illegible] വിവരിച്ചുവച്ചിട്ടുള്ളവയും [illegible] സഞ്ചരിക്കുന്ന [illegible]."

വില ൧ രൂപാ ൮ ണ.
ലൈബ്രറി പതിപ്പിനു ൨ രൂപ.

പ്രബന്ധരത്നാവലി ൨-ാംഭാഗം

ഭാഷാവ്യാഖ്യാനസഹിതം.

മഹാകവി മേല്പുത്തൂർ നാരായണഭട്ടതിരിപ്പാട്ടിലെ കൃതികൾ അടങ്ങിയത്. വ്യാഖ്യാതാ, ചേപ്പാട്ട കെ. അച്യുതവാര്യർ.

പ്രക്രിയാസർവ്വസ്വം, നാരായണീയം, ധാതുകാവ്യം മുതലായ പ്രൗഢസംസ്കൃതഗ്രന്ഥങ്ങളുടെ നിർമ്മാതാവായ ബ്രഹ്മശ്രീ മേല്പുത്തൂർ നാരായണഭട്ടതിരിപ്പാടിനെ കേട്ടിട്ടില്ലാത്ത കേരളീയർ ഉണ്ടാകുവാൻ തരമില്ല. ചാക്യാന്മാർ കൂത്തുപറയുന്നതിനും, മറ്റു ചിലർ പാഠകം പറയുന്നതിനും ഉപയോഗിക്കുന്നവകളായ സംസ്കൃതപ്രബന്ധങ്ങൾ മിക്കവാറും ഭട്ടതിരിപ്പാട്ടിലെ കൃതികളാണ്. [illegible] അദ്ദേഹത്തിന്റെ കവിതാരീതി [illegible] ഇതിനും പുറമെ അനേക പ്രബന്ധങ്ങൾ [illegible] ഉൾക്കൊള്ളിക്കുന്ന [illegible] കവിതാതലത്തിൽ [illegible] ഉദാഹരണങ്ങളുമാണ്. ഇങ്ങനെയുള്ള പ്രബന്ധങ്ങളെ ഭാഷാവ്യാഖ്യാനസഹിതം കേരളീയരുടെ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഇതിൽ അടങ്ങിയിരിക്കുന്ന കഥകൾ,

(൧) കിരാതം. (൨) [illegible] (൩) ത്രിപുരദഹനം (൪) [illegible] (൫) [illegible] (൬) [illegible] (൭) സന്താനഗോപാലം.

വില ൧ രൂപാ. ലൈബ്രറിപതിപ്പിന് ൧ രൂ. ൪ ണ.

അരമനരഹസ്യം

[illegible] പ്രബലന്മാരായിരുന്ന [illegible] കാലത്തു് [illegible] നടന്നിരുന്ന [illegible] ചില കഥകൾ ഇതിൽ [illegible] ചേർത്തിരിക്കുന്നു. [illegible] ഈ നോവൽ [illegible] നോവൽ [illegible] എന്നു് [illegible] ചെയ്യും.

വില ൧ രൂപാമാത്രം.
ലൈബ്രറിപതിപ്പിനു ൧ രൂ. ൪ ണ.

നഷ്ടപ്രശ്നദീപിക.

കൊടുങ്ങല്ലൂർ വലിയകൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ശിഷ്യൻ ജ്യോത്സ്യൻ ഒരു. നമ്പൂതിരി ... പ്രസിദ്ധപ്പെടുത്തിയ ഏറ്റവും ഉപകാരപ്രദമായ ഒരു അപൂർവ്വ ജ്യോത്സ്യഗ്രന്ഥം. വില [illegible] മാത്രം.

മുഹമ്മദനബി.

പരിഭാഷകൻ, കമ്മനം കെ. പരമേശ്വരപ്പണിക്കർ

ബി. എ., ബി. എൽ.

മൌലനാമഹമ്മതലി, എം. എ. എൽ എൽ. ബി. അവർകൾ, വിശ്വവിഖ്യാതൻ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയതിന്റെ മലയാളവിവർത്തനമാണ് ഈ മനോഹരഗ്രന്ഥം. 'മുഹമ്മദനബി'യെ പലതും പലതരത്തിൽ ഇതിനുമുമ്പു മലയാളത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഭാഷാലാളിത്യം, പ്രതിപാദനവൈശദ്യം മുതലായ സദ്ഗുണങ്ങൾകൊണ്ട് അവയെയെല്ലാം അതിശയിക്കുന്ന ഒരു വിശിഷ്ടവിവർത്തനമാണ് ഈ മഹദ്ഗ്രന്ഥം. പ്രാചീനമതസ്ഥാപകന്മാരിൽ 'ഒന്നാമൻ'ആയി പരിലസിക്കുന്ന 'മുഹമ്മദനബി'യുടെ ജീവചരിത്രം എല്ലാ മതാവലംബികളും അവശ്യം അറിഞ്ഞിരിക്കേണ്ടതാണ്.

വില രൂപ [illegible] മാത്രം.

വിദ്യാലയവിനോദം.

ഗ്രന്ഥങ്ങളിലുള്ള തത്വങ്ങളെ എല്ലാം സംഗ്രഹിച്ച് ഹൃദ്യമായും വിശദമായും വിദ്യാർത്ഥികളുടെ ഹൃദയത്തിൽ പതിപ്പിക്കുന്നതാണ ശരിയായ അദ്ധ്യാപനപദ്ധതി. ഈ ഉത്തമാദർശമാണ് 'വിദ്യാലയവിനോദ'ത്തിൽ എവിടെയും പ്രതിഫലിച്ചുകാണുന്നത്. വിഷയങ്ങൾ സംഗ്രഹിക്കേണ്ട സമ്പ്രദായം അദ്ധ്യാപകന്മാർക്കും തത്വഗ്രഹണരീതി വിദ്യാർത്ഥികൾക്കും മനസ്സിലാക്കുന്നതിന് അധികം ഉപകരിക്കുന്നതാണ് ഈ പ്രസിദ്ധീകരണം. മനോഹരങ്ങളായ ഗദ്യപദ്യങ്ങൾ ഇടകലർത്തി എഴുതിയ ഭാഷാപഠനങ്ങളുടെ മട്ടിൽ നിബന്ധിച്ചിരിക്കുന്ന ഈ രസികപ്രബന്ധങ്ങൾ അദ്ധ്യയനാദ്ധ്യാപകന്മാർക്കുമാത്രമല്ല, മലയാള ഭാഷാപ്രണയികളായ ഏവരും ഒന്നുവായിച്ചുനോക്കേണ്ടതാണ്.

[illegible] മുതൽ [illegible] വരെ ഭാഗങ്ങൾക്കു [illegible] വീതം.
അഞ്ചിനുംകൂടി [illegible]

കിരാതാർജ്ജുനീയം (കിളിപ്പാട്ട്)

പ്രസാധകൻ.

മഹോപാദ്ധ്യായൻ കെ, പി. ശിവശങ്കരപ്പിള്ള അവർകൾ.

ഇതു പുതുതായി കണ്ടുപിടിക്കപ്പെട്ട ഒരു പുരാതനകൃതിയാകുന്നു. ഇതിൽ അനേകം അത്ഭുതങ്ങൾ അടങ്ങിയിട്ടുണ്ട്. അർത്ഥഗാംഭീര്യത്തിലും ശബ്ദസൌന്ദര്യത്തിലും ഈ

അത്യുൽകൃഷ്ടങ്ങളും യഥാതഥങ്ങളും ആകുന്നുണ്ട്. കവി, പ്രതിപാദ്യവസ്തുവിൽ രസപരിപോഷണത്തിനുവേണ്ടി മൂലത്തിൽനിന്ന് ഭേദപ്പെടുത്തിയിട്ടുള്ള മാറ്റങ്ങളെല്ലാം വളരെ ഉചിതങ്ങളായിട്ടുണ്ട്. കവിയുടെ ചില സരസസന്ദർഭവിവരണങ്ങൾ, ഭാരവിയുടെ അർത്ഥപ്രതിപാദനവൈചിത്ര്യമായ കിരാതാർജ്ജുനീയത്തെക്കൂടി പിന്നിലാക്കുന്നവയെന്നുപറയാം. കൈകേയിയുടെ രമണീയതകളിൽ അഭിനവ്യമായ ഒരു സ്ഥലവും ഈ കാവ്യത്തിലില്ലെന്നുള്ളതിനു സംശയമില്ല. പ്രാചീനകവികളുടെ ഇതുമാതിരി കവിതകൾ ആധുനികന്മാർ കണ്ടുപിടിച്ചു പ്രസിദ്ധംചെയ്യുന്നത് കേരളീയർക്ക് ആകമാനം അഭിമാനജനകമാണ്.

വില രണ്ട ണ

മഹാമനുഷ്യാലയചന്ദ്രിക

വ്യാഖ്യാതാ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ

ശിഷ്യൻ, കെ. നീലകണ്ഠൻ ജ്യോത്സ്യൻ.

കൊട്ടാരം ക്ഷേത്രം മുതലായ നിവാസസ്ഥാനങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ ലക്ഷണം, സ്ഥാനത്തും അസ്ഥാനത്തും അവ പണിയിച്ചാലുള്ള ഗുണദോഷനിരൂപണം മുതലായി ആവശ്യജ്ഞേയങ്ങളായ വിഷയങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നവ. ഈ പുസ്തകത്തെ ചില പെരുന്തച്ചന്മാർ ഈ ഗ്രന്ഥത്തെ അവലംബിച്ചാണ് ആലയനിർമ്മാണം ചെയ്യുന്നത്. എന്നാൽ, തച്ചന്മാർ തങ്ങളുടെ സമ്പ്രദായം അപ്രകാരംതന്നെ കരുതലോടും അധികാരയോഗ്യതയോടും സംശയിക്കുന്നതിനുള്ള യാഥാർത്ഥ്യം അവർ മനസ്സിലാക്കുന്നില്ല. സംസ്കൃതവ്യുൽപത്തിയില്ലാത്തവർക്കും എളുപ്പത്തിൽ കാര്യം ഗ്രഹിക്കത്തക്കവിധത്തിൽ ലളിതമായ വ്യാഖ്യാനം, എല്ലാ ഗുണദോഷങ്ങളും വിവരിച്ചു, ആലോചിതമായ പ്രധാനമായി വശമാക്കാവുന്ന ഒരു പുസ്തകമാണിത്. വില ൧ ക ണ ൪

നാഗേശ്വരൻ അഥവാ കപടരാജാവ്,

ഗ്രന്ഥകർത്താ, ടി. ആർ. കൃഷ്ണസ്വാമിഅയ്യരവർകൾ

എം. ഏ. ബി. എൽ.

കഥാസംവിധാനത്തിലും രസപുഷ്ടിയിലും കവി പ്രത്യേകം ശ്രദ്ധവെച്ചിട്ടുണ്ട്. മധുരങ്ങളും ഗംഭീരങ്ങളുമായ ലോകതത്വങ്ങളെ ചെറിയചെറിയ വാക്യങ്ങളിൽ സരസമായി സംക്ഷേപിച്ചിരിക്കുന്ന കവിയുടെ ഗദ്യരചനാസാമർത്ഥ്യം ഒന്ന് വേറെതന്നെ. ഇതിലെ കഥാപാത്രങ്ങളായ മന്ത്രിപുത്രൻ, വണിക്ക്, ഡാക്ടർ, ജ്യേഷ്ഠൻ മുതലായവരുടെ സംഭാഷണത്തിൽ അന്തർലീനമായിരിക്കുന്ന സ്വാതന്ത്ര്യവും ധർമ്മപക്ഷവും അന്യാദൃശങ്ങളാണ്. വീടും മേടവും വിട്ടു വെളിക്കിറങ്ങി സഞ്ചരിച്ചാലുണ്ടാകാവുന്ന ആപത്തുകളെയും തൽപരിഹാരങ്ങളെയും വളരെ ഫലിതമായിട്ടും പ്രതിപാദിച്ചിട്ടുണ്ട്. പുസ്തകം കയ്യിലെടുത്താൽ അവസാനംവരെ അവിടുന്നു വായിച്ചു തീരുമെന്നതു നിശ്ചയമാണ്. രസികന്മാർക്ക് ഈ പുസ്തകം ഒരു ഉത്തമരത്നമായിരിക്കും.

വില അഞ്ചു ചക്രം.

സാക്ഷാൽ കാളിദാസപ്രണീതമായ

മേഘദൂതം.

ഖണ്ഡകാവ്യം.

വിഭക്തി, അന്വയം, അന്വയാർത്ഥം, പരിഭാഷ, സാരം, ഈ ക്രമത്തിൽ വിസ്തരിച്ചു വ്യാഖ്യാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക വിശേഷിച്ചും ഉപയോഗമുള്ള ഈ സരസമായ വ്യാഖ്യാനം സാഹിത്യരസികന്മാർക്കും വായിച്ചുരസിക്കാൻ വളരെ നന്ന്. പാഠാന്തരങ്ങൾകൂടി ളും അർത്ഥഭേദം ചെയ്യപ്പെട്ടിരിക്കുന്നതുതന്നെ ഇതിന്റെ ഗുണപൗഷ്കല്യത്തിന് ഒരു തെളിവാണല്ലോ.

വില ൫ ണ

ജ്ഞാനവാസിഷ്ഠം.

(ഭാഷാഗദ്യം.)

അദ്വൈതസാരസ്വരൂപമായ ഈ ഗ്രന്ഥത്തിന്റെ മാഹാത്മ്യം എത്രമാത്രമെന്ന് കേരളീയരിൽ ചിലരെങ്കിലും അറിഞ്ഞിരിക്കും. പരമരമണീയങ്ങളായ അനേകവിധി ഉപകഥകളാൽ മധുരമാക്കി വേദവേദാന്തസാരങ്ങൾ മുഴുവൻ സുഖമായി അറിയത്തക്കവണ്ണം വായനക്കാർക്ക സൽകരിക്കുന്ന ഈ വിശിഷ്ടഗ്രന്ഥം, സന്യാസികൾക്കും സംസാരികൾക്കും ഒരുപോലെ ആത്മജ്ഞാനത്തിനും മോക്ഷലബ്ധിക്കും ഉപയോഗപ്പെടുന്നതാണ്. സാധാരണന്മാർക്കുപോലും വായിച്ചറിയത്തക്ക ലളിതമായരീതിയിൽ മൂലഗ്രന്ഥത്തിലെ ഗൂഢാർത്ഥങ്ങളെല്ലാം വെളിപ്പെടുത്തി വിസ്തരിച്ചെഴുതിയിട്ടുണ്ട്. അച്ചടിച്ചുവരുന്നു. ഏകദേശം ൬൦൦ പേജുകൾവരുന്ന ഈ വലിയ പുസ്തകത്തിന്റെ വില ൨ രൂപാ മാത്രം.

മുൻകൂട്ടി അപേക്ഷ അയച്ചു പേർ രജിസ്റ്റർചെയ്യുന്നവർക്ക ൧ രൂപ ൧൨ ണ

രുക്മാംഗദചരിതം.

പ്രസാധകൻ,

മഹോപാദ്ധ്യായൻ, കെ. പി. ശിവശങ്കരപ്പിള്ള അവർകൾ.

ഈ പുസ്തകം ഒരു പുരാതനകവിയുടേതാണ്, ഏകാദശീമാഹാത്മ്യമാണ ഇതിലെ പ്രതിപാദ്യവസ്തു. എല്ലാജനങ്ങളുടെയും മനസ്സിനെ വിഷ്ണുഭക്തിയിലേക്ക തിരിക്കുക എന്നുള്ളതാണ കവിയുടെ പ്രധാനോദ്ദേശം. അതു താഴെകാണിക്കുന്ന വരികളെക്കൊണ്ടു കവി പ്രത്യക്ഷമാക്കുന്നുണ്ട്.

നൂറായിരംപശുദാനംചെയ്തതും
ആയുസ്സംവത്സരം ചെയ്യുന്നതും
നാരായണൻതിരുനാമമതിനും
ഒരേരണ്ടുനേരമജപിക്കുന്നതും
സുകൃതഫലങ്ങളതുല്യമായിട്ടുള്ള
കണ്ടാൽതിരിയാതെ ഒക്കെയൊന്നല്ലൊ.

കവി പുരാതനനായിരുന്നെങ്കിലും, അവിടവിടെ കാണുന്ന ചില പദവിപര്യയങ്ങളെ ഒഴിച്ചാൽ ഭാഷ പ്രാചീനമാണെന്നു പറയാവുന്നതല്ല. അലങ്കാരപ്രൗഢിയും വൃത്തഭംഗവും കവിയെ അധികം ബാധിച്ചുകാണുന്നില്ല. 'പ്രൗഢിപ്പുരാതനമെങ്കിലും' പിടിപ്പിക്കാതെ പരിശുദ്ധമായ ഭാഷയിൽ ലളിതമായി കാര്യം പ്രതിപാദിച്ചിട്ടുള്ളതാണ് കവി ചെയ്തിരിക്കുന്നത്. ഇത് എഴുത്തച്ഛന്റേതെന്നു വിശ്വസിച്ചുവരുന്നു. 'ഏകാദശീമാഹാത്മ്യ'ത്തിന്റെ സ്വാരസ്യമില്ലെങ്കിലും അതിൽനിന്നു ഒട്ടും അപ്രധാനകോടിയിൽ ഗണിക്കത്തക്കതല്ല. പ്രാചീനഭാഷയുടെ ചെപ്പുകാണ്മാനാഗ്രഹിക്കുന്ന സാഹിത്യരസികന്മാരും വിദ്യാർത്ഥികളായിരിക്കുന്ന ഭക്തശിരോമണികളും ഈ പുസ്തകം പ്രത്യേകം വായിക്കേണ്ടതാണ്.

വില ൩ ച.

തിരുവിതാംകൂർ

മോട്ടാർവാഹനനിയമം.

പരിഭാഷകൻ,

എം. ആർ. മാധവവാര്യർ ബി. ഏ. എൽ എൽ. ബി.

ഇവിടെ മോട്ടാർഉടമസ്ഥന്മാരും, ഡ്രൈവർമാരും അടിക്കടി അപകടം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അതോടുസംബന്ധിച്ച നിയമങ്ങൾ തീരെ അറിവില്ലാത്തതുകൊണ്ടാണെന്നുള്ളതിനു സംശയമില്ല. നിയമം അധികംപേർക്കും പരിചയമില്ലാത്ത ഇംഗ്ലീഷുഭാഷയിലായതുകൊണ്ട് അവരെ കുറ്റപ്പെടുത്തുന്നതും ശരിയല്ല. ഈ മലയാളതർജ്ജമമൂലം ആ ദോഷം ഇതാ വാര്യരവർകൾ പരിഹരിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഓരോപ്രതി എല്ലാ മോട്ടാർഉടമസ്ഥന്മാരും ഡ്രൈവർമാരും വാങ്ങി പഠിച്ചിരിക്കേണ്ടത് അത്യാവശ്യമാണ്. അവർ ഈ പുസ്തകം വായിച്ചിരിക്കുന്നതായാൽ ഇപ്പോൾ ഭയങ്കരമാംവണ്ണം തിരുവിതാംകൂറിനെ ബാധിച്ചുകൊണ്ടിരിക്കുന്ന മോട്ടാർവാഹനാപകടം ഇനിമേൽ നിശ്ചയമായും നിശ്ശേഷം ഇല്ലാതാകും.

വില അര രൂ മാത്രം.

ജനറൽഗാർഫീൽഡ്

അഥവാ,

സാർവ്വഭൗമനായിത്തീർന്ന കൃഷകബാലൻ.

ഗ്രന്ഥകർത്താ,

എം. ആർ. രാമക്കൈമൾ, എം. ഏ. എൽ. എൽ. ബി.

അമേരിക്കയിലെ ഏറ്റവും സാധുവായ ഒരു കുടുംബത്തിൽ ജനിച്ച്, ഈശ്വരവിശ്വാസവും, ധൈര്യവും, മാതാപിതാക്കന്മാരോടുള്ള ഭക്തിബഹുമാനവാത്സല്യവും, എല്ലാറ്റിലും ഉപരിയായി അശ്രാന്തപരിശ്രമവുംകൊണ്ടു ഐക്യനാടുകളിൽ വെച്ച് എത്രയും വലുതായ ഏറ്റവും ഉന്നതമായ സ്ഥാനത്തിലെത്തിച്ചേർന്നു. സാർവ്വഭൗമനായി പ്രശോഭിച്ച ഗാർഫീൽഡിന്റെ ഈ ജീവചരിത്രം ലോകജീവിതത്തിൽ വിജയത്തെ

ശ്രീകൃഷ്ണാർച്ചന.

ഗ്രന്ഥകർത്താ, ചാക്കര ആർ. കുഞ്ഞുകൃഷ്ണപിള്ള അവർകൾ.

൧൨ ശ്ലോകങ്ങളടങ്ങിയ ഈ പുസ്തകം ശ്രീകൃഷ്ണാർച്ചകന്മാരായ എല്ലാവൎക്കും നിത്യപാരായണത്തിനു വളരെ ഉപകരിക്കുന്നതാണ്.

വില അണ ൨ മാത്രം.

മോഹനകുന്തളതൈലം.



സ്ത്രീകൾക്കും, പുരുഷന്മാൎക്കും ഉപയോഗിക്കാവുന്ന തൈലരാജൻ. തലമുടി നിബിഡമായി വളരുവാനും, ആനന്ദപ്രദവും, ആകൎഷണീയവുമായ സൗരഭ്യം നൽകുന്നതിനും ഇതുപോലെ ഒരു തൈലത്തെ കാണിക്കുവാൻ വേറൊന്നിനും സാധിക്കയില്ല എന്നതു് ഒരിക്കൽ പരീക്ഷിച്ചാൽ ബോദ്ധ്യംവരുന്നതാകുന്നു. ദിവ്യങ്ങളായ ഔഷധങ്ങളെ ചേൎത്തു് നിൎമ്മിച്ചിരിക്കുന്ന ഈ മഹത്തായ തൈലം തലമുടി കൊഴിയാതെയും, നരയ്ക്കാതെയും രക്ഷിക്കുന്നതിന് അത്ഭുതമായ ശക്തിയുള്ളതാണ്. കാർമേഘംപോലുള്ള നിറവും നല്ല മാർദ്ദവവും നൈൎമ്മല്യവും ഉള്ള കുന്തൾ (തലമുടി) വേണമെന്നാഗ്രഹിക്കുന്ന മഹാന്മാരിക്കൾ ഇതുപോലെ ഈ തൈലത്തെ ഒന്നു പരീക്ഷിക്കുവിൻ. സൌഗന്ധികപുഷ്പത്തിനു തുല്യമായ ഇതിന്റെ പരിമളം ൩ ദിവസം വിട്ടുമാറുകയില്ല. ദിവസേന നിങ്ങൾ തലയിൽ വച്ചു ചൂടുന്ന റോസ്, മുല്ല, പിച്ചി മുതലായ പുഷ്പങ്ങളെക്കാൾ ആയിരംമടങ്ങു ഗുണമേറിയതാണ് ഞങ്ങളുടെ ഈ സുഗന്ധിയായ മോഹനകുന്തളപരിമളതൈലം.

കുപ്പി ൧-ക്ക് വില ൧ രൂപ.

ഡസൻ ൧-ക്ക് ൧൧ രൂപ മാത്രം.

ഒരു സകലവിധമായ ലേഹ്യങ്ങൾക്കും പറ്റിയ നല്ല മരുന്നുകളും ഇവിടെ കിട്ടുന്നതാണ്. ആവശ്യമുള്ളവർ സ്റ്റാമ്പുസഹിതം കൃത്യമായി എഴുതിച്ചോദിക്കുക.

ബോംബെമെഡിക്കൽഹാൾ

കൊല്ലം,—തിരുവിതാംകൂർ.

കേരള സാഹിത്യ
അക്കാദമി